(ബി ആന്റ് സി) നിർവ്വഹണം പ്രാരംഭ ദശയിലാണ്. നിർവ്വഹണത്തിന്റെ മേൽനോട്ടത്തിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ ശൃംഖല വഴി പദ്ധതി മേൽനോട്ടത്തിനുള്ള 'പ്രോഗ്രാം പെർഫോർമൻസ് മാനേജ്മെന്റ് സിസ്റ്റം' തയ്യാറാക്കുന്നുണ്ട്.

സംസ്ഥാനത്ത് സന്ദർശനം നടത്തിയ വിദേശപൗരന്മാർ

15 [813] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ അതിഥികളായി എത്ര വിദേശ പൗരന്മാർ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അവർ ഏതെല്ലാം രാജ്യക്കാർ ആണെന്നും എന്തെല്ലാം ആവശ്യത്തിന് സംസ്ഥാനം സന്ദർശിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വിദേശികളെ സർക്കാർ അതിഥികളായി താമസിപ്പിച്ചതിന് എന്തു തുക ചെലവായി എന്നും ആയതിന് മുൻകൂർ അനുമതി നൽകിയിരുന്നോ എന്നും വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ അതിഥികളല്ലാതെ കേരളം സന്ദർശിച്ച ഏതെങ്കിലും വിദേശികൾ സർക്കാർ കാര്യങ്ങളുമായി ബന്ധപ്പെട്ട് മന്ത്രിമാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ അതിഥികളായി 48 വിദേശ പൗരന്മാർ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. അവരുടെ വിവരങ്ങൾ അനുബന്ധം IV-ൽ ചേർത്തിട്ടുണ്ട്. †

(സി) വിദേശികളെ സർക്കാർ അതിഥികളായി താമസിപ്പിച്ചതിന് ചെലവായ തുകയുടെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

(ഡി) ഇതു സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ നിയമിക്കാൻ നടപടി

16 [814] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭാഷാ ന്യൂനപക്ഷ പ്രദേശത്തുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ള ഓഫീസർമാരെ നിയമിക്കണമെന്നതനുസരിച്ച് യോഗ്യതയുള്ളവരില്ലെങ്കിൽ തൊട്ടു ജൂനിയർ ഓഫീസറെ പ്രമോട്ടുചെയ്ത് നിയമിക്കണമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

IV. സബ്മിഷൻ

(1) 1998 ആഗസ്റ്റ് മുതൽ 1999 ആഗസ്റ്റ് വരെ സർക്കാർ ഓഫീസുകളിൽ ജോലിചെയ്ത വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. പി. ജയരാജൻ : ലോക വികലാംഗദിനമായ 2003 ഡിസംബർ 3-നു ചേർന്ന മന്ത്രിസഭായോഗത്തിൽ സുപ്രധാനമായ ഒരു തീരുമാനമെടുക്കുകയുണ്ടായി. 15-8-1998 മുതൽ 15-8-1999 വരെ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസം ജോലി ചെയ്ത വികലാംഗ ജീവനക്കാരെ

10.00 am.]

സ്ഥിരപ്പെടുത്തണമെന്ന തീരുമാനമായിരുന്നു അത്. 7 മാസം കഴിഞ്ഞിട്ടും യാതൊരു നടപടിയും തുടർന്ന് ഉണ്ടായിട്ടില്ല. അന്വേഷിച്ചപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നത്. പി.എസ്.സി.-യുടെ അനുമതി കൂടാതെതന്നെ ഗവണ്മെന്റിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള അധികാരമുണ്ട്. നേരത്തെ എൽ.ഡി.എഫ് ഗവണ്മെന്റിന്റെ കാലത്ത് 1997 മുതൽ 1998 വരെ സർക്കാർ സർവ്വീസിലുണ്ടായിരുന്ന എംപ്ലോയ്മെന്റ് ഹാന്റ്സായ വികലാംഗ ജീവനക്കാരെ അന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റനുസരിച്ച് നിയമിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ചാണ് അന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത്. അതുപോലെ ഗവണ്മെന്റ് ഈ കാര്യത്തിൽ വികലാംഗരോട് കരുണ കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര വികാലംഗ സംരക്ഷണ നിയമമനുസരിച്ച് 3 ശതമാനം സംവരണം വികലാംഗർക്ക് സർക്കാർ സർവ്വീസിൽ നൽകണമെന്ന് ഹൈക്കോടതിയുടെ ഒരു വിധിതന്നെയുണ്ട്. ഇവിടെ 3 ശതമാനമല്ല, 1 ശതമാനംപോലും എത്തിയിട്ടില്ല. അത്തരം സാഹചര്യത്തിൽ മന്ത്രിസഭ ഇത്തരം ഒരു തീരുമാനമെടുത്തത് ആശ്വാസകരമായിരുന്നു. പക്ഷെ, 7 മാസമായിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. 179 ദിവസം പൂർത്തിയായിട്ടുള്ള ഈ പരിഗണനയിൽ വരുന്ന ജീവനക്കാരുടെ എണ്ണമെന്നു പറയുന്നത് 539 പേർ മാത്രമാണ്. 179 ദിവസം പൂർത്തിയാകാത്തവർ സംസ്ഥാനാടിസ്ഥാനത്തിൽ 511 പേരുണ്ട്. വികലാംഗരോട് കരുണ കാണിച്ചുകൊണ്ട് ഈ മന്ത്രിസഭാ തീരുമാനം എത്രയും പെട്ടെന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് അനുസരിച്ച് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള വികലാംഗരെ സ്ഥിരപ്പെടുത്താൻ ഗവണ്മെന്റ് തീരുമാനമെടുത്തിട്ടുണ്ട്. പി.എസ്.സി.-ക്ക് എഴുതിയിരിക്കുകയാണ്. കാലതാമസം കൂടാതെയാണ് എഴുതിയിരിക്കുന്നത്. ഒരു തീരുമാനം പ്രതീക്ഷിക്കുകയാണ്. കൂടാതെ 179 ദിവസം പൂർത്തിയാക്കാത്തവരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് അവർക്ക് ശക്തമായ അഭിപ്രായമുണ്ട്. അത് എത്രയാളുകൾ ഉണ്ടാകുമെന്ന് ഗവണ്മെന്റ് പരിശോധിച്ചുവരികയാണ്. എന്തായാലും ഈ കാര്യത്തിൽ കാലതാമസമൊഴിവാക്കാൻ നടപടിയുണ്ടാകും. താമസിയാതെ കാര്യങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) സ്വകാര്യ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ജോലി നോക്കുന്ന ലാബ് അസിസ്റ്റന്റുമാരുടെ നിയമനം അംഗീകരിക്കാത്തതുമൂലം ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തോമസ് ചാഴികാടൻ : കേരളത്തിലെ 500-ലധികം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 5 വർഷത്തിലേറെ ജോലി ചെയ്യുന്ന ലാബ് അസിസ്റ്റന്റുമാരുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല. ഇതുമൂലം രണ്ടായിരത്തിലധികം ലാബ് അസിസ്റ്റന്റുമാർക്ക് 5 വർഷത്തിലേറെയായി ശമ്പളവും ആനുകൂല്യവും ലഭിക്കുന്നില്ല. 1-10-1991-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) 162/91/ജനറൽ എഡ്യൂക്കേഷൻ പ്രകാരം 12-ാം ക്ലാസ് ആരംഭിക്കുന്ന വർഷംതന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സുവോളജി എന്നീ നാല് ലാബുകൾ ആരംഭിക്കണമെന്നും ഓരോന്നിലും ഓരോ ലാബ് അസിസ്റ്റന്റുമാരെ നിയമിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അപ്രകാരം 1992-93 വർഷത്തിൽ നിയമനം ലഭിച്ച മുഴുവൻ ലാബ് അസിസ്റ്റന്റ്മാർക്കും ശമ്പളവും ആനുകൂല്യവും ലഭിച്ചിട്ടുണ്ട്. 26.10.1999-ലെ ജി. ഒ. (എം.എസ്.) 260/90 ജനറൽ എഡ്യൂക്കേഷൻ പ്രകാരം ലാബ് അസിസ്റ്റന്റുമാരിൽ 3 പേരെ നേരിട്ടും, ഒരാളെ പ്രമോഷൻ വഴിയും നിയമിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ ഉത്തരവിന് വിധേയമായി എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് നടത്തിയ ലാബ് അസിസ്റ്റന്റുമാരുടെ നിയമനത്തിന് 5 വർഷമായിട്ടും തസ്തിക സൃഷ്ടിക്കുകയോ നിയമനം അംഗീകരിക്കുകയോ ചെയ്തിട്ടില്ല. 2003 മാർച്ചിലെ സർക്കാർ ഉത്തരവിൽ 2 ലാബ് അസിസ്റ്റന്റുമാരുടെ മാത്രം തസ്തിക മുൻകാല പ്രാബല്യമില്ലാതെ അനുവദിച്ചു. ഇതുമൂലം നിയമനം കിട്ടിയവരിൽ പകുതിയോളം പേർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം നിയമനം ലഭിച്ച മുഴുവൻ ലാബ് അസിസ്റ്റന്റ്മാർക്കും മുൻകാല പ്രാബല്യത്തോടുകൂടി നിയമനത്തിന് അംഗീകാരം നൽകുകയും അവരുടെ കുടിശിക ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): നമ്മുടെ സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ നിയമനം സംബന്ധിച്ച് ധാരാളം പ്രശ്നങ്ങളുണ്ട്. ഏതായാലും ആദ്യഘട്ടം ലാബ് അസിസ്റ്റന്റുമാരുടെ നിയമനം നടത്തി. 2-ാം ഘട്ടം ഇത് നടത്തുന്നതിനുള്ള ഗവണ്മെന്റിന്റെ ഫയൽ ഡിപ്പാർട്ട്മെന്റിലാണ്. 53 സ്കൂളുകളിലായി 212 ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിന്നെ അനുവദിച്ച സ്കൂളുകളിലെല്ലാം ലാബ് അസിസ്റ്റന്റുമാരെ നിയമിക്കണമെന്നായി. ഏതായാലും ഗവണ്മെന്റ് ഈ കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനത്തിന് ആലോചിക്കുന്നുണ്ട്. അടുത്തുതന്നെ തീരുമാനമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

(3) ഹോസ്ദുർഗ്ഗ് താലൂക്കിലെ റവന്യൂ ടവറിന്റെ നിർമ്മാണം

ശ്രീ. എം. കുമാരൻ : കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ റവന്യൂ ടവറിന്റെ ശിലാസ്ഥാപനം നടത്തിയത് 1995-ലാണ്. ആ മിനി സിവിൽ സ്റ്റേഷന്റെ തുടർന്നുള്ള ഒരു നടപടിക്രമവും ഇതുവരെ ആരംഭിച്ചിട്ടില്ല. അന്ന് ശിലാസ്ഥാപനം നടത്തിയ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തന്നെയാണ് ഇന്ന് റവന്യൂ വകുപ്പിന്റെ ചുമതല വഹിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ സഭയ്ക്കകത്തും പുറത്തും അനുവദിക്കപ്പെട്ട റവന്യൂ ടവ്വറിന്റെ പ്രവൃത്തി ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥയും ഹോസ്ദുർഗ്ഗ് താലൂക്കിന്റെ പ്രാധാന്യവും ഉൾക്കൊണ്ടുകൊണ്ട് ഹോസ്ദുർഗ്ഗ് താലൂക്കിൽ അനുവദിക്കപ്പെട്ട റവന്യൂ ടവ്വറിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവ്വറുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചത് 1995-ൽ പഴയ യു.ഡി.എഫ്. ഗവണ്മെന്റാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-4-1997-ലെ ഉത്തരവുപ്രകാരം പണി തുടങ്ങിയിട്ടില്ലാത്ത റവന്യൂ ടവർ പദ്ധതികൾ തുടരേണ്ടതില്ല എന്ന് അവർ തീരുമാനിക്കുകയും നിർത്തി വയ്ക്കുകയും ചെയ്തതാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കുറ്റം കൊണ്ടല്ല. എൽ.ഡി.എഫ്. ഗവണ്മെന്റാണ് നിർത്തിവച്ചത്. ഏതായാലും ഈ ഗവണ്മെന്റ് വന്നതിനുശേഷം പുതിയ നയമെടുത്തിട്ടുണ്ട്. 6-2-2004-ലെ ഉത്തരവുപ്രകാരം റവന്യൂ ടവറിന്റെ പണി ആരംഭിക്കുന്നതിനുള്ള അനുവാദം വീണ്ടും ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ സാമ്പത്തിക അഭികാമ്യതകൂടി കണക്കിലെടുത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഉടൻതന്നെ എടുക്കുന്നതാണ്.

(4) റീ-സർവ്വേമൂലം കുഞ്ചിത്തണ്ണി വില്ലേജുകളിൽ ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. ജയചന്ദ്രൻ : ദേവികുളം താലൂക്കിൽ റീ-സർവ്വെ നടന്നതുമായി ബന്ധപ്പെട്ട് കൃഷിക്കാരുടെ പട്ടയം വ്യാപകമായി നഷ്ടപ്പെട്ടിരിക്കുന്ന ഒരു സ്ഥിതി പൊതുവിൽ ഉണ്ടായിട്ടുണ്ട്. അതിൽ ഏററവും ഗൗരവമായി ചൂണ്ടിക്കാണിക്കുന്നത് കുഞ്ചിത്തണ്ണി വില്ലേജിൽ 7,000 പട്ടയമാണ് ഉണ്ടായിരുന്നത്. റീ-സർവ്വേയെല്ലാം കഴിഞ്ഞപ്പോൾ അത് 2,000 ആയി കുറഞ്ഞിരിക്കുകയാണ്. ഞാൻ താമസിക്കുന്ന ഭൂമിക്ക് എനിക്കിപ്പോൾ പട്ടയമില്ല. അതുകൊണ്ട് ഇതിന്റെ ഫലമായി 5,000 പട്ടയമാണ് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നത്. ഈ ഭൂമിയുണ്ടായിരുന്ന ആളുകൾ ദേശസാൽകൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുത്തിട്ടുള്ളതാണ്. അത് വലിയൊരു സാമൂഹ്യ പ്രശ്നമായിത്തന്നെ വളർന്നുവന്നിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാന കാരണം 2 ഏക്കർ ഭൂമിയുള്ള ആളുകൾക്ക് ഭൂമി ഇല്ലാതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1 സെന്റുപോലും ഭൂമിയില്ലാത്ത ആളുകൾക്ക് അവരുടെ പേരിലെല്ലാം പട്ടയം വന്നിട്ടുണ്ട്. ഈ രൂപത്തിലുള്ള സ്ഥിതിയുണ്ട്. ഇത് ഉദ്യോഗസ്ഥന്മാരുടെ ഗൗരവമായ അനാസ്ഥ കൊണ്ട്, മനഃപൂർവ്വമായ അനാസ്ഥകൊണ്ട് സംഭവിക്കുന്നതാണ്. റോഡ് സൈഡിലുള്ള ഭൂമിയൊഴിച്ച് ബാക്കി ഉൾപ്രദേശത്തുപോയി സർവ്വേ നടത്താൻ തയ്യാറാകാതെ ഓഫീസിലിരുന്ന് സർവ്വേ ചെയ്തതിന്റെ ഫലമായിട്ടാണ് ഈ സ്ഥിതി ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ അവർ പറയുന്നത് 5,000–ലധികം വരുന്ന കൃഷിക്കാരോടും ദേവികുളം താലൂക്കാഫീസ്, എറണാകുളം ജില്ലയിലെ തൃക്കാക്കരയിലുള്ള റീ-സർവ്വേ ഓഫീസ്, ഇവിടെയൊക്കെയുള്ള കൃഷിക്കാർതന്നെ നേരിട്ടുചെന്ന് ഭൂമിയുടെ പ്ളാൻ എടുത്തുകൊണ്ടുവന്നുവെങ്കിൽ മാത്രമേ ഈ കാര്യം പരിശോധിക്കാൻ പറ്റൂ എന്ന നിലയിലാണ് പറയുന്നത്. ആയിരക്കണക്കിന് വരുന്ന കൃഷിക്കാർ എറണാകുളം ജില്ലയുടേയും, തൊട്ടടുത്ത ജില്ലകളുടേയും വിവിധ ഭാഗങ്ങളിൽപോയി രേഖകൾ സമ്പാദിക്കേണ്ട സ്ഥിതിയുണ്ട്. ഉദ്യോഗസ്ഥന്മാരുടെ മന:പൂർവ്വമായ അനാസ്ഥയിൽനിന്ന് ഉണ്ടായിട്ടുള്ള ഈ സ്ഥിതിവിശേഷം നേരിടുന്നതിന് വിവിധ ഓഫീസുകളിലിരിക്കുന്ന രേഖകൾ ദേവികുളത്തുകൊണ്ടുവന്ന് കൃഷിക്കാർക്ക് പട്ടയം തിരികെ നൽകുന്നതിനുള്ള നടപടികൾ മന്ത്രിയുടെ ഭാഗത്തുനിന്ന് മുൻകൈയെടുത്ത് നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ദേവികുളം താലൂക്കിലെ കുഞ്ചിത്തണ്ണി വില്ലേജിലെ റീ-സർവ്വേ പൂർത്തിയാക്കുകയും റിക്കാർഡ് റവന്യൂ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില അപാകതകൾ റീ-സർവ്വേയിൽ ഉണ്ടായിട്ടുണ്ട്. ഏതായാലും അതൊക്കെ ശരിയാക്കുന്നതിന് ഏകമാസ അദാലത്ത് നടത്തുകയാണ്. അതിൽവച്ച് ഇതെല്ലാം പരിഹരിക്കാൻ കഴിയും. അതിനുപുറമെ, ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഒരു ഇൻസ്ട്രക്ഷൻ കൂടി കൊടുത്തിട്ടുണ്ട്. അങ്ങനെ അദാലത്തിൽ പരാതിപ്പെടുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ മുൻതണ്ടപ്പേർ അനുസരിച്ച് കരം ഒടുക്കുന്നതിന് അവരെ അനുവദിക്കണമെന്ന് പറയുന്നുണ്ട്. അവരുടെ സ്ഥലത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പഴയ വിസ്തൃതിയനുസരിച്ച് പഴയ തണ്ടപ്പേരനുസരിച്ച് എത്ര വിസ്തൃതി സ്ഥലം അതിലുണ്ടോ അത്രയും വിസ്തൃതി സ്ഥലത്തിന് കരമൊടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഏതായാലും അദാലത്തിൽവച്ച് വന്നിട്ടുള്ള പിശകുകൾ തിരുത്താൻ കഴിയും.

(5) ചാത്തന്നൂർ സബ് ഡിപ്പോയിൽ നിലവിലുണ്ടായിരുന്ന ബസ് സർവ്വീസുകളുടേയും റൂട്ടുകളുടേയും എണ്ണം കുറച്ചതും പുതിയ ബസ്സുകൾ അനുവദിക്കാതിരിക്കുന്നതും സംബന്ധിച്ച്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് ഒരു ശനിദശ ബാധിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി വലതുകാൽവച്ച് ഈ യു.ഡി.എഫ്. മന്ത്രിസഭയിലേയ്ക്ക് കടന്നുവന്നപ്പോൾ മന്ത്രിസഭയ്ക്ക് ശനിദശ തുടങ്ങി എന്നുപറഞ്ഞതുപോലെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അപഹാരമാണോ എന്നറിയില്ല. എന്റെ മണ്ഡലത്തിൽ ജനങ്ങൾ അഞ്ച് ഏക്കർ പുരയിടവും കെട്ടിടവും വച്ചുനൽകി. കഴിഞ്ഞ ഗവൺമെന്റ് അധികാരംവിട്ടു പോകുമ്പോൾ 44 ബസ്സുകളും 34 റൂട്ടുകളും ഉണ്ടായിരുന്നുവെന്ന് ഈ സഭയിൽ 19-6-2003-ൽ നക്ഷത്രചിഹ്നമിടാത്ത 529-ാം നമ്പർ ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുള്ളതാണ്. എനിക്ക് കഴിഞ്ഞ ദിവസംതന്ന മറുപടിയിൽ പറഞ്ഞത് ഇപ്പോൾ ഡിപ്പോയിൽ 34 സർവ്വീസുകളും 34 ബസ്സുകളും മാത്രമേയുള്ളൂവെന്നാണ്. ഹൈവേയിലുള്ള ഒരു ഡിപ്പോയാണ്. ഒരുകുട്ടിബസ് ഇതുവരെ തന്നിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരൊറ്റ ബസ്സാണ് തന്നത്. അതിനുശേഷം ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ ബസ് നിർമ്മിച്ചിറക്കുന്നതിനനുസരിച്ച് ആനുപാതികമായി ബഹുമാനപ്പെട്ട മന്ത്രി ബസ്സുകൾ തരുമെന്ന് ഈ സഭയിൽ പറഞ്ഞതാണ്. ഈ സഭയിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിക്ക് പരാതി നൽകി. 800 ബസ്സുകൾ ഇറക്കിയതായി ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. എന്റെ മണ്ഡലത്തിൽ ഈ ഡിപ്പോയ്ക്ക് തന്നത് ഒരൊറ്റ ബസ്സാണ്. ഇങ്ങനെ വൈരാഗ്യത്തോടുകൂടി പെരുമാറുന്ന യു.ഡി.എഫ്.നുതന്നെ, ജനങ്ങൾക്കുതന്നെ ഇത്രയും വെറുപ്പ് ഉണ്ടാക്കിയ പ്രവർത്തനങ്ങൾ നടത്തിയ ഒരു വകുപ്പ് എന്ന നിലയിൽ മന്ത്രിതന്നെ ഒരു ഭാരമായി മാറിയിരിക്കുകയാണ് ഈ വകുപ്പിന്. ജനങ്ങൾക്ക് മറ്റൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് ജനങ്ങളുടെ എല്ലാ വികാരവും ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അദ്ദേഹംതന്നെ പാരിപ്പള്ളി കൊടിമുട്ടിൽവന്ന് ജനസഹസ്രങ്ങളുടെ മുമ്പിൽവച്ച് ഗുരുവായൂരിലേയ്ക്ക് ഫാസ്റ്റ് പാസഞ്ചർ അനുവദിക്കുമെന്ന് പറഞ്ഞു. പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുന്നതിന് ....(ബഹളം)............. 269 കേസ് എടുത്ത ആ സ്ഥലത്ത് എത്ര ബസ് അനുവദിച്ചുവെന്ന് മനസ്സാക്ഷിയുണ്ടെങ്കിൽ മറുപടി പറയണം. അദ്ദേഹം ഇങ്ങനെ മനഃപൂർവ്വം,........... ദ്രോഹിക്കുന്നവരെ ഇങ്ങനെ മഷിയിട്ട്............... ഇടിവെട്ടിയവനെ പാമ്പ് കടിച്ചതുപോലെയാണ് സ്ഥിതി. അദ്ദേഹം അതേ അഭിപ്രായംതന്നെയാണ് പറഞ്ഞത്,............അവിടെ ആയിരം വോട്ടിന്റെ കുറവേയുള്ളൂ. ഇടിവെട്ടി,..............(ബഹളം)............. പാമ്പ് കടിച്ചു. അങ്ങനെ പറഞ്ഞതുപോലെ യഥാർത്ഥത്തിൽ ജനങ്ങൾക്ക് മുഴുവൻ,.......(ബഹളം)........... ചോറ് ഇങ്ങും കൂറ് അങ്ങും. ഇതിന് തെളിവല്ലേയിത്.......(ബഹളം)...................... അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. ....(ബഹളം)............... ജനങ്ങളുടെ പ്രശ്നമാണ്. മാർക്സിസ്റ്റ് പാർട്ടി സമരം ചെയ്ത സന്ദർഭത്തിൽ മന്ത്രിയാണ് പറഞ്ഞത് സമരം നടത്തിക്കൊള്ളാൻ തമ്പാനോട് വിരോധമുണ്ടെങ്കിൽ സമരംചെയ്യാൻ മന്ത്രി പ്രഖ്യാപിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി അവിടെ സമരത്തിന് നേതൃത്വം നൽകുകയാണ്. ....(ബഹളം)..............സി.പി.ഐ.-യുമായിട്ട് ഒത്തുചേർന്നുകൊണ്ട് സി.പി.ഐ.-യിലെ മുൻ എം.എൽ.എ. അനിരുദ്ധനോട് പറഞ്ഞു. ചെങ്ങറ സുരേന്ദ്രനെ അനുകൂലിച്ചുകൊണ്ട് മണ്ഡലത്തിൽ പോസ്റ്റർ ഒട്ടിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വർണ്ണം കായ്ക്കും മരമാണേലും പുരയ്ക്കുമീതെ ചാഞ്ഞെന്നാൽ മുറിച്ചുമാറ്റും കട്ടായം. അതിന് യു.ഡി.എഫ്. നേതൃത്വം തയ്യാറാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയുവാനുള്ളത്. എനിക്ക് ബസ് കിട്ടിയേപറ്റൂ. അല്ലെങ്കിൽ ഇനിയും സമരത്തിന് നേതൃത്വം കൊടുക്കും ....(ബഹളം).......................

മി. ഡെപ്യൂട്ടി സ്പീക്കർ : .... അത് അദ്ദേഹം തീരുമാനിച്ചുകൊള്ളും ....പ്ലീസ്,.............. അത് നിങ്ങളാണോ തീരുമാനിക്കുന്നത്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, അദ്ദേഹം പറഞ്ഞ പല രാഷ്ട്രീയ കാര്യങ്ങൾക്കും മറുപടി പറയുവാൻ എന്റെ സംസ്കാരം അനുവദിക്കുന്നില്ല. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. .... (ബഹളം) ....അദ്ദേഹം പറഞ്ഞ കാര്യം,...........

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,..............പ്ലീസ്,.................. (ബഹളം)..................... അങ്ങ് സംസാരിക്കൂ. പ്ലീസ്,............... പ്ലീസ്,................ നിങ്ങൾ അവിടെ ഇരുന്നാൽ മതി, മന്ത്രി പറയാൻ പാടില്ല എന്ന് നിങ്ങളാണോ തീരുമാനിക്കുന്നത് .... പ്ലീസ്............... പ്ലീസ്.................

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എന്റെ സംസ്കാരത്തെപ്പറ്റിയാണ് പറഞ്ഞത്. .... (ബഹളം) ....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് സംസാരിക്കണം.

ശ്രീ. റ്റി.എൻ. പ്രതാപൻ : ഒരു മന്ത്രി സംസ്കാരത്തിന്റെ കാര്യം പറയാൻ പാടില്ല. അത് പിൻവലിക്കണം. അത് രേഖയിൽനിന്നും മാറ്റണം.

മി. ഡെപ്യൂട്ടി സ്പീക്കർ : മിനിസ്റ്റർ പ്ലീസ്,......... അങ്ങ് മറുപടി പറയണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഒരു ഡിപ്പോയോടും യാതൊരു കുഴപ്പവും ഇവിടെ ആരും കാണിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ചാത്തന്നൂർ ഡിപ്പോയിൽ 34 ഷെഡ്യൂളാണുണ്ടായിരുന്നത്. ഇപ്പോഴും 34 ഷെഡ്യൂളുണ്ട്. ഒന്നും കുറച്ചിട്ടില്ല. ....(ബഹളം)..................

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,..............

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പുതിയ ബസ്സുകൾ അനുവദിച്ച കൂട്ടത്തിൽ കുറെ ബസ്സുകൾ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഫാസ്റ്റ് പാസഞ്ചറാണ് ചാത്തന്നൂർ ഉള്ളത്. നാല് ഫാസ്റ്റ് പാസഞ്ചറിൽ ഒരെണ്ണം മാറ്റിക്കഴിഞ്ഞു. മൂന്നെണ്ണം വരുന്ന മുറയ്ക്ക് രണ്ട് മാസത്തിനകം മാറ്റും. 34 ഷെഡ്യൂൾ ഉണ്ടായിരുന്നത് ഇപ്പോഴും 34 ഷെഡ്യൂളുമുണ്ട്. അങ്ങ് ഉൾപ്പെടെ സഭ ഒരുകാര്യം അറിഞ്ഞിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഏറ്റവും കുറച്ച് വരുമാനമുള്ള ഡിപ്പോകളിലൊന്നാണ് ചാത്തന്നൂർ ഡിപ്പോ. 15 രൂപയാണ് ഇ.പി.കെ.എം. 18 രൂപയെങ്കിലും ഇല്ലാത്ത ഇ.പി.കെ.എം. ഉള്ള സർവ്വീസുകൾ ഓടിയ്ക്കരുതെന്ന് ഈ ഗവൺമെന്റ് വന്നതിനുശേഷം നിയമിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ മന്ത്രി സ്ഥാനം ഏറ്റെടുക്കുന്നതിനു മുമ്പുതന്നെ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 15 രൂപ ആയിട്ടുപോലും 34 ഷെഡ്യൂളും ഓടിച്ചിട്ടുണ്ട്. ഇഷ്ടമില്ലാത്തയച്ചി തൊട്ടതെല്ലാം കുറ്റം എന്നുപറഞ്ഞതുപോലെ ന്യായങ്ങൾ കണ്ടുപിടിക്കാമെന്നല്ലാതെ അവിടെ യാതൊരു വിവേചനവും കാണിച്ചിട്ടില്ല. ഇനിയും സർവ്വീസ് നടത്താൻ സാധ്യതയുള്ള ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. തയ്യാറാകും.

ശ്രീ. രാജു എബ്രഹാം : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു പോയിന്റുമില്ല ഓർഡറുമില്ല. നോ,...നോ,....... പ്ളീസ്,..........പ്ളീസ്,............... ശ്രീ. സി. ടി. അഹമ്മദ് അലി............... (ബഹളം) .... ശ്രീ. സി. ടി. അഹമ്മദ് അലി..........

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ജില്ലാ ആസ്ഥാനമായ കാസർഗോഡ് .... (ബഹളം) ....

ശ്രീ. രാജു എബ്രഹാം : സർ, മന്ത്രിയെ കയ്യേറ്റം ചെയ്യുകയാണ്. .... (ബഹളം)...............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : ആരെങ്കിലും ഒരാൾ പറയൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചു. ആ സബ്മിഷനിൽ സാധാരണഗതിയിൽ പറയുവാൻ പാടില്ലാത്ത കാര്യം പറഞ്ഞു................(ബഹളം)..............അതിന് മന്ത്രി മറുപടി പറഞ്ഞപ്പോൾ അപ്പുറത്തുനിന്നും മന്ത്രിയെ സംസ്കാര ശൂന്യനെന്ന് ഭരണകക്ഷിയിലെ അംഗങ്ങൾ വിളിച്ചു. അങ്ങനെയുള്ള ഒരു മന്ത്രിക്ക് മന്ത്രിസഭയിൽ തുടരാൻ അവകാശമുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ : നമുക്ക് ശാന്തമായിട്ട് പോകണം. നിങ്ങളൊക്കെ ഇങ്ങനെയായാൽ..............(ബഹളം)............. ശ്രീ. അഹമ്മദ് അലി,.........

(6) കാസർഗോഡ് ജില്ലയിലെ താലൂക്കാശുപത്രിയോടനുബന്ധിച്ച് ആരംഭിച്ച കെട്ടിടത്തിന്റെ പണി പൂർത്തിയാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ജില്ലാ ആസ്ഥാനമായ കാസർഗോഡ് പാവപ്പെട്ട രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയാണ് കാസർഗോഡ് താലൂക്കാശുപത്രി. ആയിരക്കണക്കിന് രോഗികളാണ് ഇവിടെ ഓരോ ദിവസവും വരുന്നത്. ജീർണ്ണിച്ച കെട്ടിടത്തിലാണ് ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

31-7-1992-ൽ ഭരണാനുമതിയും 27-2-1993-ൽ പ്രത്യേകാനുമതിയും 29-6-1995-ന് സാങ്കേതികാനുമതിയും നൽകി പണി ആരംഭിച്ച ഏഴുനില കെട്ടിടം 12 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കുവാൻ കഴിയാതെ കിടക്കുകയാണ്. അതേയവസരത്തിൽ ഇന്ന് സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്ളാസ്റ്ററിംഗിന്റെ വർക്ക് മന്ദഗതിയിലാണ് ഇപ്പോൾ നടക്കുന്നത്. ആശുപത്രിയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത അഡീഷണൽ വർക്കുകളായ ശുചീകരണം, മാർബിളിന് പകരം മൊസൈക്ക്, ജനറേറ്ററോടുകൂടിയ ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ നടത്തണം. ഇരുമ്പ് ഫ്രെയിമായിരുന്നു എസ്റ്റിമേറ്റിൽ കാണിച്ചിരുന്നത്. തീരദേശ പ്രദേശങ്ങളായതുകൊണ്ട് തുരുമ്പ് പിടിക്കുവാൻ സാധ്യതയുള്ളതുകൊണ്ട് അതിനുപകരം അലുമിനിയം ഫ്രെയിം സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ 4 കോടി 77 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇന്നുവരെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ഇതിന്റെ പ്രവർത്തനം പൂർത്തീകരിക്കാതെ കിടക്കുകയാണ്. അടിയന്തിരമായി പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി എത്രയുംവേഗം കാസർഗോഡ് ജില്ലയിൽ 200 ബെഡ്ഡുകളുള്ള ഏഴുനില കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുവാനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി ആശുപത്രി പ്രവർത്തിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി, വിനോദസഞ്ചാരവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന താലൂക്കാശുപത്രിയുടെ കെട്ടിടം പണി ഏതാണ്ട് പൂർത്തിയായിവരികയാണ്. 2003 ഡിസംബർ വരെ ഈ കെട്ടിടത്തിന് 1,57,41,341 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ പരിശോധനയിലാണ്. കെട്ടിടം പൂർത്തിയാക്കുന്നതിനുള്ള തുക പൊതുജനങ്ങളുടെ സംഭാവനയായോ ജനപ്രതിനിധികളുടെ ഫണ്ടിൽ നിന്നോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ സമാഹരിക്കുന്നതിനുവേണ്ടി 15-3-2003-ൽ ആരോഗ്യ വകുപ്പ് സെക്രട്ടറി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. 31-12-2005-നുമുമ്പ് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെ ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ആ കാര്യവും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അവിടെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ആ കാര്യവും ഗവൺമെന്റ് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

V. ധനകാര്യം

2004-2005 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും.

ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം.

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട്ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XX	ശുദ്ധജല വിതരണവും ശുചീകരണവും	157,93,15,000	2,16,67,000	315,86,29,000	433,33,000	320,19,62,000
XXXVIII	ജലസേചനം	48,32,01,000	35,48,87,000	96,64,01,000	70,97,73,000	167,61,74,000
XXIV	തൊഴിലും തൊഴിലാളി ക്ഷേമവും	66,34,60,000	3,34,000	132,69,20,000	6,67,000	132,75,87,000

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക യഥാക്രമം 2004-05 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII - ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ഗ്രാമ പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികളിൽ ശുദ്ധീകരണത്തിന്റെ അപര്യാപ്തതമൂലം ഉണ്ടായികൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ശുദ്ധജലത്തിന് എപ്പോഴും ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ മുൻഗണന നൽകി അവിടെ ശുദ്ധജലം എത്തിച്ചുകൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(കുഴൽ കിണർ നിർമ്മാണത്തിനുള്ളതായി പറയപ്പെടുന്ന ഫണ്ടില്ലായ്മ, വിതരണം ചെയ്യുന്ന ജലത്തിനുള്ളതായി പറയപ്പെടുന്ന അശുദ്ധി, കൊല്ലം തോടിനുള്ളതായി പറയപ്പെടുന്ന ശോച്യാവസ്ഥ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രു. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രു. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ബോട്ടിലിലാക്കി വിൽപ്പന നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രു. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സ്വകാര്യ ഏജൻസികൾ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങൾ ഇല്ലാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രു. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മഴക്കുഴി നിർമ്മാണത്തിലുള്ളതായി പറയപ്പെടുന്ന അപാകതകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രു. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മഴക്കുഴി നിർമ്മാണത്തിലുള്ളതായി പറയപ്പെടുന്ന അപാകതകൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. സാജു പോൾ</u> : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തിരുവനന്തപുരം നഗരത്തിൽ ഇടയ്ക്കിടെ ഉണ്ടാകുന്നതായി പറയപ്പെടുന്ന കുടിവെള്ള വിതരണ സ്തംഭനം ചർച്ച ചെയ്യുന്നതിന്)

<u>ഡോ. തോമസ് ഐസക്</u> : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തിരുവനന്തപുരം നഗരത്തിൽ ഇടയ്ക്കിടെ ഉണ്ടാകുന്നതായി പറയപ്പെടുന്ന കുടിവെള്ള വിതരണ സ്തംഭനം ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ജലനിധി പദ്ധതിയുടെ നടത്തിപ്പിൽ ക്രമക്കേട് കാട്ടിയതായി പറയപ്പെടുന്ന ഏജൻസികളെ വീണ്ടും ചുമതല ഏൽപ്പിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം സമയബന്ധിതമായി എത്തിച്ചുകൊടുക്കുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ചെറുകിട കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും ഇവയുടെ നടത്തിപ്പിന് മതിയായ ഫണ്ട് അനുവദിക്കാത്തതുമൂലം പഞ്ചായത്തുകൾ നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. മൊയ്തീൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(കൊക്കക്കോള ഫാക്ടറി വൻതോതിൽ ഭൂഗർഭജലം ഊറ്റിയെടുത്തതുമൂലം പ്ലാച്ചിമടയിലെ ജനങ്ങൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ലോകബാങ്ക് സഹായത്തോടെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന ജലനിധി പദ്ധതി നടത്തിപ്പിന് സന്നദ്ധ സംഘടനകളെ തെരഞ്ഞെടുക്കുന്നതിലുള്ളതായി പറയപ്പെടുന്ന ക്രമക്കേട് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ജലനിധി പദ്ധതിയുടെ നടത്തിപ്പിൽ ക്രമക്കേട് കാട്ടിയതായി പറയപ്പെടുന്ന ഏജൻസികളെ വീണ്ടും ചുമതല ഏൽപ്പിക്കുന്നതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(കുടിവെള്ള വിതരണത്തിൽനിന്ന് സർക്കാർ പിന്മാറുന്നതായി പറയപ്പെടുന്ന നീക്കത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 രൂ. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ഭൂജല നിയമം നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച ചട്ടങ്ങളിലെ അവ്യക്തതമൂലം ജനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പുതിയ കിണറുകൾ കുഴിക്കുന്നതിന് രജിസ്ട്രേഷൻ ആവശ്യമാണെന്ന നിയമംമൂലം കുടിവെള്ളത്തിനായി കിണർ കുഴിക്കുന്നതിന് ജനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ചെറുകിട കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും ഇവയുടെ നടത്തിപ്പിന് മതിയായ ഫണ്ട് അനുവദിക്കാത്തതുമൂലം പഞ്ചായത്തുകൾ നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(കൊക്കക്കോള ഫാക്ടറി വൻതോതിൽ ഭൂഗർഭജലം ഊറ്റിയെടുത്തതുമൂലം പ്ലാച്ചിമടയിലെ ജനങ്ങൾക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ശുദ്ധജല വിതരണ പദ്ധതികളിൽ എൻ. സി./പി. സി. സ്കീമുകൾ നടപ്പിലാക്കാൻ തയ്യാറാകാത്തതിനാൽ കണ്ണൂരിലെ ചൊക്ളി പഞ്ചായത്തിലെ രണ്ട് ശുദ്ധജല വിതരണ പദ്ധതികൾ തുടങ്ങിയിട്ടില്ലായെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 320,19,62,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

ശ്രീ. പി. എസ്. സുപാൽ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ കർഷകർക്ക് മെച്ചപ്പെട്ട തരത്തിലുള്ള ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തിനുവേണ്ടി ഒരു ജലനയം പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ നദീജലം സംരക്ഷിക്കുന്നതിനും വെള്ളം അന്യസംസ്ഥാനങ്ങളിലേക്ക് കടത്തുന്നത് തടയുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ ചില ജലസേചന പദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തത ചൂണ്ടിക്കാണിച്ച് ഉപേക്ഷിക്കാൻ തയ്യാറായതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സർക്കാരിന്റെ സഹായം ലഭിക്കാത്ത ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്ന് ഗ്രാമപഞ്ചായത്തുകൾ തീരുമാനിച്ചിരിക്കുന്നതുകൊണ്ടുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ജലസേചനം എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ചെറുകിട ജലസേചന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും ഇവയുടെ നടത്തിപ്പിനായി പ്രത്യേക ഫണ്ട് പഞ്ചായത്തുകൾക്ക് നൽകാത്തതുമൂലം പഞ്ചായത്തുകൾ നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(മലമ്പുഴ അണക്കെട്ടിന്റെ പ്രധാന ജലസ്രോതസ്സായ ഒന്നാംപുഴയുടെ ഗതി തിരിച്ചുവിട്ട് വെള്ളം ചോർത്താനുള്ള തമിഴ്നാടിന്റെ നീക്കം തടയുന്നതിൽ സംസ്ഥാനത്തിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(മലമ്പുഴ അണക്കെട്ടിന്റെ പ്രധാന ജലസ്രോതസ്സായ ഒന്നാംപുഴയുടെ ഗതി തിരിച്ചുവിട്ട് വെള്ളം ചോർത്താനുള്ള തമിഴ്നാടിന്റെ നീക്കം തടയുന്നതിൽ സംസ്ഥാനത്തിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(മലമ്പുഴ ഡാമിൽ എത്തേണ്ട വെള്ളം അനധികൃതമായി തമിഴ്നാട് ചോർത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(മലമ്പുഴ ഡാമിൽ എത്തേണ്ട വെള്ളം അനധികൃതമായി തമിഴ്നാട് ചോർത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പറമ്പിക്കുളം-ആളിയാർ കരാർ തമിഴ്നാട് തുടർച്ചയായി ലംഘിക്കുന്നതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പറമ്പിക്കുളം-ആളിയാർ കരാർ തമിഴ്നാട് തുടർച്ചയായി ലംഘിക്കുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം സംസ്ഥാനത്തിന് ലഭിക്കാതിരിക്കുന്നതുമൂലമുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

ഡോ: തോമസ് ഐസക് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം സംസ്ഥാനത്തിന് ലഭിക്കാതിരിക്കുന്നതുമൂലമുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ജലസേചന വകുപ്പിന്റെ ചെറുകിട ജലസേചന പദ്ധതികളുടെ ഭാഗമായുള്ള വി. സി. ബി.-കം-ബ്രിഡ്ജിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ലായെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ : സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,61,74,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ—XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ശ്രീ. എ. കെ. ബാലൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തൊഴിൽനയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(15 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന വാഗ്ദാനം പാലിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ തോട്ടങ്ങൾ ഒന്നൊന്നായി പൂട്ടിക്കൊണ്ടിരിക്കുന്നതുമൂലം തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നതുമൂലം തോട്ടംതൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തൊഴിലില്ലായ്മ വേതന കുടിശ്ശിക വിതരണം ചെയ്യാത്തതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(നിർമ്മാണ തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന തൊഴിൽ പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക് : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ബാലവേല നിയന്ത്രിക്കുന്നതിന് സമഗ്രമായ ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ വ്യവസായ തകർച്ച പതിനായിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തിയിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്താൻ കഴിയാത്തതായും ക്ഷേമനിധി മുഖേനയുള്ള പെൻഷൻ കുടിശ്ശിക വരുത്തിയതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലുള്ളതായി പറയപ്പെടുന്ന തകർച്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ അടിയന്തിരമായി പുനരുദ്ധരിച്ച് തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ നെയ്ത്തുതൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(കശുവണ്ടി തൊഴിലാളികൾക്ക് പണി ലഭിക്കാത്തതുമൂലം ആ മേഖലയിലുള്ളതായി പറയപ്പെടുന്ന പട്ടിണി മരണം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാന ക്ഷേമനിധി ബോർഡുകളുടെ വർദ്ധിച്ചുവരുന്ന ചെലവ് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ ക്ഷേമനിധി നടത്തിപ്പിലുള്ളതായി പറയപ്പെടുന്ന അപാകതകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തോട്ടം മേഖലയിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തൊഴിലാളി ക്ഷേമനിധികളിലേക്കുള്ള അംശാദായം പിരിച്ചെടുക്കുന്നതിന് ശുഷ്കാന്തി കാണിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തൊഴിൽ നഷ്ടപ്പെടുന്നവർക്കുവേണ്ടി പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(തൊഴിലാളി ക്ഷേമനിധികളിൽനിന്നും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(ട്രേഡ് യൂണിയൻ അംഗീകാരത്തെ സംബന്ധിച്ച് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(വിവിധ തൊഴിലാളി ക്ഷേമനിധികളിൽനിന്നും തൊഴിലാളികൾക്ക് ലഭിക്കേണ്ട പെൻഷനും, ഇതര ആനുകൂല്യങ്ങളും അനുവദിക്കുന്നതിലുള്ളതായി പറയപ്പെടുന്ന കാലതാമസത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽരഹിതർക്ക് യാതൊരു ആശ്വാസവും എത്തിക്കാത്ത സ്ഥാപനങ്ങളാക്കി തീർത്തതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(വർഷങ്ങളായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ ലഭിക്കുന്നില്ലായെന്ന് പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക.-യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ് : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക.-യിൽനിന്ന് ഒരുനൂറു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,75,87,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

2004-2005 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നുരാവിലെ ഒരു സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് ഐക്യജനാധിപത്യമുന്നണിയിലെ *** *** *** *** *** ഐക്യജനാധിപത്യമുന്നണിയുടെ കൂട്ടുത്തരവാദിത്വത്തിന്റെ പ്രത്യക്ഷമായ തെളിവ് നമ്മൾ നേരിട്ടുകണ്ടു. ....(ബഹളം)...... ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ എതിർക്കാതിരിക്കാൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു കാര്യം ചെയർ നിർദ്ദേശിക്കുകയാണ്, അങ്ങ് ഈ ധനകാര്യത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം. മറ്റുള്ളത് ഏതു ഭാഗത്തുനിന്നായാലും ഈ സഭയ്ക്ക് യോജിച്ചതല്ല, അതൊക്കെ വെളിയിലായിക്കൊള്ളണം......(ബഹളം)..... അങ്ങ് ധനകാര്യത്തിൽ ഒതുങ്ങിനിന്ന് മാതൃക കാണിക്കണം.

ശ്രീ. വി. ചെന്താമരാക്ഷൻ: ജീവന്റെ നിലനില്പിന് ജലം അനിവാര്യമാണ്. അടുത്ത ലോകയുദ്ധം ശുദ്ധജലത്തിനുവേണ്ടിയെന്ന പ്രചരണമുണ്ടായിരിക്കുന്നു. 2025 ആകുമ്പോഴേയ്ക്കും ഈ കേരളത്തിൽ ശുദ്ധജലത്തിനുവേണ്ടിയുള്ള ആഭ്യന്തരകലാപം ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. 4 പ്രധാന നദികളും 40 ചെറുനദികളും നിരവധി ഡാമുകളും, 910 കുളങ്ങളും 24 അരുവികളും 50 ലക്ഷം കിണറുകളും.........(ബഹളം).... ആറ് മാസം ശരാശരി മഴ ....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്,.............. പ്ളീസ്,...............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചതുതന്നെ വളരെ തെറ്റിദ്ധാരണാജനകമായ ഒരു കാര്യം പറഞ്ഞുകൊണ്ടാണ്. ഈ നിയമസഭയിൽ ഒരു മന്ത്രിയേയും ആരും സംസ്ക്കാര ശൂന്യനെന്ന് വിളിച്ചിട്ടില്ല, അത് റിക്കോർഡിൽ പോകരുത്.....(ബഹളം).......

ശ്രീ. വി. ചെന്താമരാക്ഷൻ: എന്റെ ചെവികളെ എനിക്ക് അവിശ്വസിക്കേണ്ട കാര്യമില്ല. വേണമെങ്കിൽ റിക്കോർഡ് പരിശോധിച്ചോളു, വളരെ വ്യക്തമായി ഇവിടെ നടന്ന കാര്യങ്ങളാണ് ഞാൻ പറഞ്ഞത്......(ബഹളം)........

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.
[റഫ. നം. 513/ഇ.ബി./04/(ലെജി.) തീയതി 21-7-2004]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ 12 സ്ഥലത്ത് ഒരുപോലെ റിക്കോർഡുകൾ ടേപ്പ് ചെയ്യുന്നുണ്ട്. മന്ത്രിയെ കയ്യേറ്റം ചെയ്തു എന്നുപറഞ്ഞത് തെറ്റാണ്.....(ബഹളം)...... ഇത് ദയവായി രേഖയിലുണ്ടാകരുത്, ഇത് പത്രങ്ങൾ റിപ്പോർട്ട് ചെയ്യരുത്. ഈ സഭയിൽ മോശമായ ഒരു ചിത്രമുണ്ടാക്കാനുള്ള പ്രതിപക്ഷത്തിന്റെ ബോധപൂർവ്വമായ ഒരു ശ്രമമാണിത്. അതുകൊണ്ട് ഇത് രേഖയിൽ നിന്നും നീക്കം ചെയ്യണം........(ബഹളം)..........ഇത് റിക്കോർഡ് ചെയ്യരുത്, ഇത് expunge ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ അങ്ങ് പരിശോധിക്കണം. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ അടുത്ത് ശ്രീ. ടി.എൻ. പ്രതാപൻ ഓടിവന്ന് കയർക്കുകയും ശ്രീ. ആര്യാടൻ മുഹമ്മദ് പിടിച്ചുകൊണ്ടു പോവുകയും ചെയ്തത് ഇവിടെയെല്ലാവരും കണ്ടതാണ്. ബഹുമാനപ്പെട്ട ഒരു മന്ത്രിയെ ഇവിടെ സഭയ്ക്കകത്തുവച്ച് കയ്യേറ്റം ചെയ്യാനുള്ള നീക്കത്തെ, അതിന് ശ്രീ. ആർ. ബാലകൃഷ്ണപിള്ള പരാതിപ്പെടാത്തത് അദ്ദേഹത്തിന് മന്ത്രിയായിട്ട് ഇരിക്കണമെന്നുള്ളതുകൊണ്ടാണ്. ....(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: അതുകൊണ്ടൊന്നുമല്ല, അത് ബാലകൃഷ്ണപിള്ളയ്ക്ക് അറിയാം. അത് ചെയർ പരിശോധിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൂടി അനുമതിയോടെയാണ് ഇവിടെ ഇത് നടന്നിരിക്കുന്നത്. മുഖ്യമന്ത്രി മൗനം പാലിക്കുന്നത് ഇതിന്റെ ദുരൂഹത വർദ്ധിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് മുഖ്യമന്ത്രിയോട് ഇതുസംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് നടത്താൻ അങ്ങ് പറയണം.....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat.......please... ഈ സഭ നടത്തിക്കൊണ്ടുപോകാൻ നിങ്ങളെന്നെ സഹായിക്കണം....(ബഹളം).....

ശ്രീ. എം.വി. ജയരാജൻ: സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോടുവച്ച് മന്ത്രിമാരേയും ഗവൺമെന്റിനേയും പരസ്യമായി ഭരണകക്ഷിയിലെ അംഗങ്ങൾ വിമർശിക്കാൻ പാടില്ല, അത് ബന്ധപ്പെട്ടവർ വേദിയിൽ പറയണമെന്നു പറഞ്ഞതാണ്. അതുകൊണ്ടാണ് നിയമസഭാ വേദിയിൽ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ളയെ മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി, അദ്ദേഹത്തിന്റെ ആഹ്വാനമനുസരിച്ച് മുഖ്യമന്ത്രിയുടെ അനുയായികളായ എ ഗ്രൂപ്പുകാർ അടിക്കാൻ വന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. ചെന്താമരാക്ഷൻ: *** *** *** *** *** *** *** *** *** *** *** *** നമുക്ക് അറിയാവുന്നതാണല്ലോ.....(ബഹളം).....

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.
[നം. 513/ഇ.ബി./04/(ലെജി.) തീയതി 21-7-2004]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അത് റിക്കോർഡിൽ വരരുത് ....(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ചെയർ പരിശോധിക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: കേരളത്തിൽ 6 മാസക്കാലം മഴ പെയ്യും, ശരാശരി 3000 മില്ലീമീറ്റർ മഴ, എന്നിട്ടും കേരളത്തിൽ ഒരു തുള്ളി വെള്ളം പോലുമില്ല. കഴിഞ്ഞ വർഷം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടപ്പോൾ കേരളത്തിൽ അതിരൂക്ഷമായ പ്രതിസന്ധിയാണ് ഉയർന്നുവന്നത്. "വെള്ളം വെള്ളം സർവ്വത്ര വെള്ളം, ഒരു തുള്ളി കുടിക്കാനില്ലത്രേ." എന്നപഴഞ്ചൊല്ല് കേരളത്തിൽ യാഥാർത്ഥ്യമാവുകയാണ്. കഴിഞ്ഞവർഷം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടു. 2003 അന്താരാഷ്ട്ര കുടിവെള്ള വർഷമായി പ്രഖ്യാപിക്കപ്പെട്ട വർഷമാണ്. പക്ഷേ കേരളത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ടായി, അതിരൂക്ഷമായ വരൾച്ചയുണ്ടായി, നെല്ല്, കരിമ്പ്, കുരുമുളക്, വാഴ, കവുങ്ങ് തെങ്ങ് എന്നിവയെല്ലാം ഉണങ്ങി എന്തിനേറെ കരിമ്പനപോലും ഉണങ്ങുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ടായി. കടുത്ത ചൂടിനെത്തുടർന്ന് പക്ഷികൾ ചത്തു, ആട്, പശു, പോത്ത് എന്നീ മൃഗങ്ങൾ ചത്തു, സൂര്യാഘാതമേറ്റ് അട്ടപ്പാടിയിൽ ഒരു മനുഷ്യൻ മരിച്ചു വീണു. കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ കർഷകരുടെ കൂട്ട ആത്മഹത്യ അരങ്ങേറി. കൃഷിനാശമുണ്ടായതിന്റെ ഭാഗമായി ഈ പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടാൻ കഴിയാത്തതിന്റെ ഭാഗമായിട്ടാണ് കർഷകർ ആത്മഹത്യ ചെയ്തത്. കുടിവെള്ളം ഒരു തുള്ളിയില്ലാത്തതിന്റെ ഭാഗമായി അതിരൂക്ഷമായ പ്രതിസന്ധികളുണ്ടായി. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഒരു ശവം കുളിപ്പിക്കാൻ 500 രൂപക്ക് വെള്ളം കൊടുത്ത വാർത്ത കേരളത്തിൽ പത്രമാധ്യമങ്ങളുടെ തലക്കെട്ട് സൃഷ്ടിച്ചതാണ്. എന്തെങ്കിലും കൃത്യമായ ഒരു നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായോ? കേരളത്തിന്റെ മുഖ്യമന്ത്രി കാസർഗോഡു മുതൽ തിരുവനന്തപുരംവരെ തെരഞ്ഞെടുപ്പിനു മുന്നോടിയായി ഒരു റോഡ്ഷോ നടത്തി എല്ലാ ആളുകളേയും കൈകൂപ്പി. ജനങ്ങളും സ്ത്രീകളും മുഖ്യമന്ത്രിയോട് കുടിവെള്ളം വേണമെന്നു പറഞ്ഞപ്പോൾ 'ലാൽസലാം, കാണാം' എന്നുപറഞ്ഞ് മുഖ്യമന്ത്രി പോയി. സലാം പറഞ്ഞുപോയ മുഖ്യമന്ത്രി ഒരു തുള്ളിവെള്ളം എത്തിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ കേരളത്തിന്റെ സാംസ്ക്കാരിക വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയതാണ് കേരളത്തിലെ പുഴകൾ. ലോകസംസ്കൃതിയുടെ വളർച്ച പുഴകളെ കേന്ദ്രീകരിച്ചുകൊണ്ടാണ്. കേരളത്തിലും സ്ഥിതികൾ വ്യത്യസ്തമല്ല. കേരളീയ സംസ്ക്കാരത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ പുഴകൾ ഇന്ന് മരിച്ചുകൊണ്ടിരിക്കുകയാണ്. ഭാരതപ്പുഴ, പെരിയാർ, പമ്പ, ചാലിയാർ തുടങ്ങിയ പുഴകൾ മരിച്ചുകൊണ്ടിരിക്കുന്നുവെന്ന് കേരളത്തിലെ പത്രമാധ്യമങ്ങളിൽ വലിയ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നദീജല സംരക്ഷണ ബില്ലിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിന് രൂപ കേരള സംസ്ഥാന ഖജനാവിൽ കിടക്കുകയാണ്, ഏതാണ്ട് 40 കോടി രൂപ. ഇങ്ങനെ കോടിക്കണക്കിന് രൂപയുണ്ടായിട്ടും കേരളത്തിലെ പ്രധാനപ്പെട്ട നദികൾ നശിച്ചു കൊണ്ടിരിക്കുമ്പോൾ,

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചുകൊണ്ടിരിക്കുമ്പോൾ, കേരളത്തിലെ സാംസ്കാരിക നായകന്മാർ ഈ കൃഷിയുമായി ബന്ധപ്പെടുത്തിയുള്ള വിലാപം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഈ കോടിക്കണക്കിന് രൂപ ഫലപ്രദമായ രൂപത്തിൽ വിനിയോഗിക്കുന്നതിനാവശ്യമായ വിധത്തിൽ എന്തു നടപടിയാണ് ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായത് എന്ന് അറിയാനുള്ള താല്പര്യം എനിക്കുണ്ട്. ഈ രൂപ ചെലവഴിക്കുന്നതിനാവശ്യമായ എന്തെങ്കിലും ചട്ടങ്ങളുണ്ടാക്കിയിട്ടുണ്ടോ? കേരളം രൂക്ഷമായ പ്രതിസന്ധിയെ നേരിടുമ്പോൾ, അത് പരിഹരിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടിയുണ്ടോ? ഇവിടെ ഈ കാര്യം പറയുമ്പോൾ അത് ചെയ്യേണ്ടത് റവന്യൂ വകുപ്പാണെന്നു പറയും, അല്ലെങ്കിൽ ജലസേചന വകുപ്പാണെന്നു പറയും. കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക്, കേരളത്തിന്റെ ഭാവിയിൽ താല്പര്യമുള്ള ജനങ്ങൾക്ക് വകുപ്പ് ഏതെന്നുള്ളത് പ്രശ്നമല്ല. കോടിക്കണക്കിന് രൂപ ഖജനാവിൽ കിടക്കുമ്പോൾ അത് ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ എന്തു നടപടിയാണ് ഈ വകുപ്പ് സ്വീകരിച്ചതെന്ന് അറിയാനുള്ള ആകാംക്ഷ എനിക്കുണ്ട്. അതുപോലെതന്നെ കേളത്തിലെ ജലസേചന പദ്ധതികൾ, എന്താണ് നമ്മുടെ നാട്ടിലെ ജലസേചന പദ്ധതികളുടെ സ്ഥിതി? എന്തിനാണ് ഒരു വകുപ്പ് നമുക്കുള്ളത്? 25,000 ഹെക്ടർ കൃഷി ഭൂമിക്ക് വെള്ളംനൽകുന്ന ഒരു പ്രധാനപ്പെട്ട ജലസേചന പദ്ധതിയാണ് മലമ്പുഴ. മലമ്പുഴയിലേയ്ക്ക് വെള്ളമൊഴുക്കി ഗതിമാറ്റിക്കൊണ്ടുപോയി തമിഴ്നാട്ടുകാർ. കേരളം ഭരിക്കുന്ന ഗവൺമെന്റ് അക്കാര്യം അറിഞ്ഞില്ല. രണ്ടു വർഷക്കാലം ഇക്കാര്യം അറിഞ്ഞില്ല. അപ്പോഴാണ് പത്രമാദ്ധ്യമങ്ങളിൽ ഈ വിഷയം വാർത്തയായി വന്നത്. ദേശാഭിമാനിയിൽ ഇതുമായി ബന്ധപ്പെടുത്തി വലിയ വാർത്ത വന്നപ്പോൾ സർക്കാർ അതു സംബന്ധിച്ച് അന്വേഷിക്കാൻ പോയി. അന്വേഷിക്കാൻ പോയവരുടെ അന്വേഷണ റിപ്പോർട്ട് എന്താണ്? ഒരു പുഴയല്ല എട്ടു പുഴകളുടെ ഗതി മാറ്റിക്കൊണ്ടു പോയി എന്നാണ്. നിങ്ങൾ അതിനു എന്തെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചോ? പാലക്കാട് ജില്ലയിൽ 25,000 ഏക്കറോളം നെൽക്കൃഷിപ്പാടങ്ങൾ ഉണങ്ങിപ്പോയി. കർഷകർ രൂക്ഷമായ പ്രതിസന്ധിയെ നേരിട്ട ഈ അവസരത്തിലും സർക്കാർ ഫലപ്രദമായ യാതൊരു നടപടിയും ഇതിനുവേണ്ടി സ്വീകരിച്ചിട്ടില്ല എന്ന അതിദാരുണമായ സത്യം ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> പാലക്കാട് ജില്ലയിലെ കർഷകർ രണ്ടാം വിളയിറക്കിയത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്. ആ ഉറപ്പാണ് ബഹുമാനപ്പെട്ട മന്ത്രി ലംഘിച്ച് കോടിക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങൾ പാലക്കാട് കർഷകർക്ക് ഉണ്ടാക്കിയത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ആ വിഷയത്തിലേയ്ക്കാണ് ഞാൻ വരുന്നത്. പറമ്പിക്കുളം ആളിയാർ കരാറുമായി ബന്ധപ്പെട്ട വിഷയം ഞാൻ ഇവിടെ വിശദീകരിക്കുകയുണ്ടായി. ഈ വർഷവും പാലക്കാട് മലമ്പുഴ ജലസേചന പദ്ധതിയിൽ നിന്നും കൃഷിക്കാർക്ക് വെള്ളം കിട്ടുമെന്നുള്ളതിനു യാതൊരു ഉറപ്പുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

പതിനായിരക്കണക്കിനു ഹെക്ടർ കൃഷിഭൂമി ഈ വർഷവും ഉണങ്ങാൻ പോകുകയാണ്. എന്തു നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയാൻ എനിക്ക് താല്പര്യമുണ്ട്. തമിഴ്നാട് കേരളത്തിന് അർഹതപ്പെട്ട ജലം തട്ടിയെടുക്കുകയാണ്. സൂക്ഷ്മമില്ലാത്തവന്റെ മുതൽ നാണം കെട്ടവൻ തട്ടിക്കൊണ്ടു പോകുമെന്ന ഒരു സ്ഥിതി ഈ കേരളത്തിൽ ഉണ്ടായിട്ട് സർക്കാർ അനങ്ങാപ്പാറ നയം സ്വീകരിക്കുകയാണ്. പതിനൊന്നു സ്ഥലങ്ങളിൽ നിന്നാണ് കേരളത്തിന് അർഹതപ്പെട്ട വെള്ളം തട്ടിക്കൊണ്ടു പോകുന്നത്. വയനാട് ജില്ലയിലെ വെള്ളരിപ്പുഴ, ചോലടിപ്പുഴ, മലപ്പുറം ജില്ലയിലെ പുന്നപ്പുഴ, പാലക്കാട് ജില്ലയിലെ പറമ്പിക്കുളം കൊണ്ടൂർ കനാൽ, ആട്ടുമല, മടക്കടെവ്, അമ്പ്രാംവളയം, ഇടുക്കി ജില്ലയിലെ മതികെട്ടാൻ, തേക്കടി തടാകം, പത്തനംതിട്ടയിലെ യുറാനി തടാകം, ഇത്രയും കേന്ദ്രങ്ങളിൽ നിന്നും വെള്ളം തട്ടിക്കൊണ്ടു പോകുമ്പോൾ കേരളം ഭരിക്കുന്ന ഗവൺമെന്റിന് യാതൊരു അനക്കവുമില്ല. കേരളത്തിനു വലിയ നഷ്ടമുണ്ട്. മുല്ലപ്പെരിയാറിലെ വെള്ളം തമിഴ്നാട് കടത്തിക്കൊണ്ടു പോകുന്നു. അതിന്റെ ഭാഗമായി ഇടുക്കിയിൽ വെള്ളം എത്തുന്നില്ല. വൈദ്യുതിയുടെ ഉല്പാദനത്തിൽ മാത്രം കോടിക്കണക്കിനു രൂപയുടെ നഷ്ടം കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടാകുന്നുണ്ട്. കുട്ടനാട്ടിൽ ഓരുവെള്ളം കയറുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രശ്നം ഉണ്ടായിരിക്കുന്നു. കൃഷിനാശം സംഭവിച്ചിരിക്കുന്നു. ഇതിനോടൊന്നും ഗവൺമെന്റ് ശരിയായ രൂപത്തിൽ പ്രതികരിക്കാനോ നടപടികൾ സ്വീകരിക്കാനോ തയ്യാറാകുന്നില്ല. പറമ്പിക്കുളം ആളിയാർ കരാറിനെ സംബന്ധിച്ച് ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ചതാണ്. ഇരുപതിനായിരം ഹെക്ടർ കൃഷിഭൂമിയാണ് കഴിഞ്ഞ വർഷം ഉണങ്ങിപ്പോയത്. 7.5 ടി.എം.സി. വെള്ളം കേരളത്തിന് പി.എ.പി. കരാറിന്റെ അടിസ്ഥാനത്തിൽ കിട്ടണം. 2003-04 സാമ്പത്തിക വർഷത്തിൽ ആകെ കിട്ടിയത് 2.5 ടി.എം.സി. ജലം മാത്രമാണ്. 5 ടി.എം.സി. വെള്ളം പോലും കിട്ടിയില്ല. വെള്ളം കിട്ടില്ല എന്നു വന്നപ്പോൾ കൃഷിക്കാർ സർക്കാരിനേയും മന്ത്രിയേയും കണ്ടു. മന്ത്രി അവർക്ക് ഉറപ്പു കൊടുത്തു. നിങ്ങൾക്ക് വെള്ളം ഞാൻ എത്തിക്കാം. അതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർ വിളയിറക്കി. വെള്ളമില്ല. രൂക്ഷമായ പ്രക്ഷോഭസമരങ്ങൾ ഉയർന്നു വന്നു. ഈ പ്രക്ഷോഭസമരങ്ങൾക്ക് നേതൃത്വം കൊടുത്തത് ഏതെങ്കിലുമൊരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആളുകളല്ല. എല്ലാ രാഷ്ട്രീയ പാർട്ടികളിലുംപെട്ട ആളുകളുണ്ട്. ഐക്യജനാധിപത്യമുന്നണിയിലെ കോൺഗ്രസ്സിന്റെ പ്രമുഖരായ നേതാക്കന്മാരുണ്ട്. ഒരു രാഷ്ട്രീയത്തിലും ഇല്ലാത്ത നിരവധി കർഷകരുണ്ട്. പക്ഷേ ഈ സമരം ആരംഭിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെന്താണ്? രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയാണ് സമരം നടത്തുന്നതെന്ന രൂപത്തിൽ കളിയാക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചത്. 15 വർഷമായി പറമ്പിക്കുളം ആളിയാർ കരാർ കിട്ടാൻ സമയമായിട്ട്. ഇപ്പോൾ സാങ്കേതിക സമിതി ഒരു റിപ്പോർട്ടു തന്നിരിക്കുകയാണ്. സാങ്കേതിക സമിതിയുടെ റിപ്പോർട്ട് എന്താണ്? ഗൗരവമായ പഠനമില്ല. അതിനെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടില്ല. ഇപ്പോൾ ഇവർ ഒരു കമ്മിറ്റി രൂപീകരിച്ചു. അതിൽ അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ വാട്ടർ റെഗുലേഷൻ, അസിസ്റ്റന്റ് എൻജിനീയർ കെ.എസ്.ഇ.ബി. ഇവരാണുള്ളത്. അവരാണ് മൂന്നു കോടി ജനങ്ങൾ അധിവസിക്കുന്ന, ഈ കേരളത്തിനു കിട്ടേണ്ട പ്രധാനപ്പെട്ട ജല കരാറുമായി ബന്ധപ്പെട്ട കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടത്തേണ്ടത്, ഇടപെടേണ്ടത്. വളരെയേറെ ഉത്തരവാദപ്പെട്ട ആളുകൾ ഇടപെടേണ്ടതാണ്. ആ നിലയ്ക്ക് തികച്ചും നിരുത്തരവാദപരമായ സമീപനമാണ് ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. ചിറ്റൂർ താലൂക്കിനാവശ്യമായ വെള്ളം കിട്ടണം. അതിനുവേണ്ട യാതൊരു നിർദ്ദേശവുമില്ല. തമിഴ്നാട്-കാടംപാറ, ആളിയാർ, തിരുമൂർത്തി ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിന് കിട്ടേണ്ട നഷ്ടം കണക്കാക്കി കേരളത്തിന് അർഹമായ വെള്ളം ലഭ്യമാക്കുന്നതിനു ആവശ്യമായ യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഇപ്പോൾ ഈ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിൽ എഴുതി വച്ചിരിക്കുന്നത് എന്താണ്? പറമ്പിക്കുളം ആളിയാർ കരാർ തിളങ്ങുന്ന കരാർ എന്നാണ്. ഇതു അപഹാസ്യമാണ്. ചാലക്കുടിപ്പുഴ, ഭാരതപ്പുഴ, പെരിയാർ എന്നീ നദികളുടെ ചരമക്കുറിപ്പാണ് ഈ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ പാലക്കാടൻ മേഖലയിലെ ജലവൈദ്യുത പദ്ധതികൾ. 4970 കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ല. ജലവൈദ്യുത വകുപ്പ് ഒരു ഭാഗത്ത്, ജലസേചന വകുപ്പ് വേറൊരു ഭാഗത്ത്. അങ്ങോട്ടുമിങ്ങോട്ടും പരസ്പരം കൃത്യമായ ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായി ആ പദ്ധതി തന്നെ പോകുന്ന ഒരു അവസ്ഥയാണുണ്ടായിരിക്കുന്നത്. ഈയൊരു അവസ്ഥയിൽ കേരളത്തിന് അർഹമായ വെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി സൂചിപ്പിച്ചു കൊള്ളട്ടെ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> Please conclude.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ഐക്യരാഷ്ട്ര സംഘടനയുടെ ഷോക്കോസ് പ്രഖ്യാപനം. . . . (മൈക്ക് ഓഫ്) . . . . പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കേണ്ടതാണ്. ധാന്യകലവറയുടെ നിലനിൽപ്പിനുവേണ്ടി വായു, മണ്ണ്, ധാതുക്കൾ എന്നിവ മലിനമാകാതെ സൂക്ഷിക്കേണ്ടതുണ്ട്. . . . (മൈക്ക് ഓഫ്) . . . കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അമേരിക്ക പോലുള്ള വലിയ രാജ്യങ്ങൾ പൊതുമേഖലയെ പ്രോൽസാഹിപ്പിക്കുമ്പോൾ കേരളം സ്വകാര്യ മേഖലയിലേയ്ക്കു പോകുന്ന അതിദാരുണമായ സ്ഥിതിവിശേഷമാണ് കാണുന്നത്. . . . (മൈക്ക് ഓഫ്). . . കുടിവെള്ളത്തിനു നികുതിപ്പണം കൊടുക്കാൻ പാടില്ലെന്ന സമീപനം സ്വീകരിക്കുന്ന . . . . (മൈക്ക് ഓഫ്) . . . . വേൾഡ് ബാങ്കിന്റെ ഏജന്റുമാരായി കേരളം മാറിയിരിക്കുകയാണ്. ഭൂഗർഭ ജലം ചൂഷണം ചെയ്ത് വിനിയോഗിക്കുന്നതിനുള്ള എല്ലാവിധ അനുമതിയും അമേരിക്കപോലുള്ള ബഹുരാഷ്ട്രകുത്തകകൾക്കു കൊടുത്തിരിക്കുകയാണ്. പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി, കഞ്ചിക്കോട്ടെ പെപ്സി കമ്പനി ഇവർക്കൊക്കെ ലക്ഷക്കണക്കിനു ലിറ്റർ ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതിനു ഈ സർക്കാർ അനുവാദം കൊടുത്തിരിക്കുന്നു. ഈ പ്രശ്നത്തിൽ ജലസേചന വകുപ്പ് ശക്തിയായി ഇടപെടണം. കേരളത്തിന്റെ ഭൂഗർഭ ജലം ചൂഷണം ചെയ്യുന്ന ബഹുരാഷ്ട്ര കമ്പനികളെ നിയന്ത്രിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ പറഞ്ഞത് ആത്മഹത്യകൾ പെരുകുന്നു എന്നാണ്. ആത്മഹത്യകൾ പെരുകുകയാണ്. പക്ഷേ പണ്ട് പെരുകിയതിന്റെ ബാക്കിയാണ് എന്നു മാത്രമേയുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് നമ്മുടെ രാജ്യത്തെ മുഴുവൻ വർത്തമാനപ്പത്രങ്ങളിലും ദിവസവും വന്നുകൊണ്ടിരുന്ന കൂട്ട ആത്മഹത്യകളുടെ ബാക്കിയാണ് ഇപ്പോൾ നടക്കുന്നത്. എനിക്കു തോന്നുന്നത് അതു കുറഞ്ഞിട്ടേയുള്ളൂ, കൂടിയിട്ടില്ല എന്നാണ്. കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് ഉണ്ടായിരുന്ന ശുദ്ധജല പദ്ധതികളുടെ കാര്യക്ഷമതയെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. ആ കാര്യക്ഷമതയെക്കുറിച്ച് നന്നായി ഓർത്തിട്ടുവേണം ഇവിടെ വിമർശിക്കാൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 316 ശുദ്ധജല പദ്ധതികളിൽ ബഹുഭൂരിപക്ഷവും മുടങ്ങിക്കിടക്കുക യായിരുന്നു. നമ്മുടെ നാട്ടിലെ അർബൻ വാട്ടർ സപ്ലൈ സ്കീം ഉൾപ്പെടെ ഭൂരിപക്ഷവും മുടങ്ങിക്കിടക്കുകയായിരുന്നു. അതു കൈകാര്യം ചെയ്തിരുന്ന മന്ത്രിയുടെ കാര്യക്ഷമതയെക്കുറിച്ച് ആരെങ്കിലും പറയണമോ? ആരോടെങ്കിലും പറയണമോ? എന്റെ സുഹൃത്താണ് എങ്കിലും പറയാതിരിക്കുന്നതെങ്ങനെയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

ആ 316 പദ്ധതികളും അവലോകനം നടത്തി, മുടങ്ങിക്കിടന്ന ഭൂരിപക്ഷം പദ്ധതികളും കാര്യക്ഷമമാക്കാൻ ഐക്യജനാധിപത്യമുന്നണിയുടെ ഭരണ കാലത്തു കഴിഞ്ഞു. അതു വലിയ നേട്ടമല്ലേ? മൂന്നു വർഷം കൊണ്ട് 86 പദ്ധതികളുടെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞത് ഒരു റിക്കോർഡാണ്. അതു കണ്ടില്ലെന്നു നടിക്കരുത്. വെറുതെ ആക്ഷേപിക്കാൻ വേണ്ടി ആക്ഷേപിക്കരുത്. നിങ്ങൾക്ക് എല്ലാത്തിനും ആക്ഷേപമല്ലേ? നല്ലതു കണ്ടാൽ നല്ലതെന്നു തോന്നണം. അതു തോന്നാത്തതു ആരുടെയും കുറ്റമല്ല, നിങ്ങളുടെ കുറ്റമാണ്. അതോടൊപ്പം തന്നെ പുതിയ രണ്ടു പദ്ധതികൾ, അതിൽ "വർഷ" ഏറ്റവും കൂടുതൽ പ്രകീർത്തിക്കപ്പെട്ടതാണ്. പെൻഷനുവേണ്ടി സമരങ്ങളില്ലാത്ത, പ്രക്ഷോഭങ്ങളില്ലാത്ത ഒരു ഓണക്കാലംകൂടി കടന്നു പോയി. നിരവധി തൊഴിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ആ തൊഴിൽ പ്രശ്നങ്ങളിൽ ബോണസ്സിനുവേണ്ടി സമരം നടക്കാത്ത കാലഘട്ടമാണ് ഇപ്പോൾ കടന്നു പോയ വർഷം. . എങ്ങനെ സമരം നടക്കാതിരുന്നു? അതെല്ലാം സമയബന്ധിതമായി തീർക്കാൻ തൊഴിൽ വകുപ്പിനു കഴിഞ്ഞു എന്നുള്ളതു പ്രധാനപ്പെട്ട കാര്യമാണ്. തോട്ടം മേഖലയിലെ പല കാര്യങ്ങൾക്കും കേന്ദ്രത്തെ ആശ്രയിച്ചിരിക്കാം. എങ്കിലും വിലസ്ഥിരതയുടെ പദ്ധതി, തേയിലയുടെ എക്സൈസ് നികുതി ഇളവ് തുടങ്ങിയ കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചു തുടങ്ങിയത് ഈ സംസ്ഥാന ഗവൺമെന്റിന്റെ സമ്മർദ്ദങ്ങളും കാര്യങ്ങളും കൊണ്ടാണ്. അതുപോലെതന്നെ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ടിന്റെ കാര്യം. നിങ്ങൾക്കു കുറ്റപ്പെടുത്താൻ എന്തെങ്കിലും കാര്യങ്ങൾ ഉണ്ടെങ്കിൽ അതെല്ലാം നിങ്ങളുടെയും കൂടി സൃഷ്ടിയാണ് എന്നു മാത്രമേ എനിക്കു പറയാനുള്ളൂ. നല്ല തൊഴിൽ അന്തരീക്ഷം ഈ രാജ്യത്ത് സൃഷ്ടിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലത്താണെന്നുള്ള കാര്യം നിങ്ങൾ പ്രത്യേകം ഓർമ്മിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് മറ്റൊരു കാര്യം പറയുവാനുള്ളത് പ്രവാസി വകുപ്പിനെക്കുറിച്ചാണ്. നമ്മുടെ കേരളത്തിലെ ജനസംഖ്യയിലെ കാൽഭാഗത്തോളം വരുന്നവർ പ്രവാസികളാണ്. കേരളത്തിന്റെ അതിർത്തിക്കു പുറത്ത് ജീവിക്കുന്നവരും അതുപോലെ യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ജീവിക്കുന്നവരുമൊക്കെ ഇൻഡ്യയുടേയും കേരളത്തിന്റേയും സാമ്പത്തിക ഭദ്രത നിലനിർത്തുന്നവരാണ്. കേരള സംസ്ഥാനത്ത് നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ ഐശ്വര്യം പ്രദാനം ചെയ്യുന്നത് ഗൾഫ് മലയാളികളും പ്രവാസികളുമാണെന്നുള്ള കാര്യം നമ്മൾ ആലോചിക്കണം. ഇൻഡ്യയുടെ സാമ്പത്തിക ഭദ്രതയ്ക്ക് വലിയ സംഭാവന ചെയ്തിട്ടുള്ളവരാണ് നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ. ഗൾഫ് പ്രദേശങ്ങളിലുള്ള ആളുകൾ ഏറ്റവും കൂടുതൽ അധിവസിക്കുന്ന ഒരു പ്രദേശമാണ് ചാവക്കാട്. അതുപോലെ തന്നെയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന വർക്കലയും; കൂടുതൽ ഗൾഫുകാരുള്ള പ്രദേശമാണ്. ഓരോ ഗ്രാമ പ്രദേശങ്ങളിലും ഇങ്ങനെയാണ് ഐശ്വര്യം കടന്നുവന്നിട്ടുള്ളത്. ഒരുകാലത്ത് നക്സലൈറ്റ് മൂവ്മെന്റുപോലുള്ള പ്രസ്ഥാനങ്ങൾ നമ്മുടെ രാജ്യത്ത് വളർന്നു വന്നപ്പോൾ തൊഴിൽ രഹിതരായ നൂറുകണക്കിനാളുകൾ അതിൽ ആകർഷിക്കപ്പെട്ടിരുന്ന കാലത്ത് അതിന് തടയിട്ടത് നമ്മുടെ രാജ്യത്തെ ആയിരക്കണക്കിനു വരുന്ന ചെറുപ്പക്കാർ ഗൾഫ് രാജ്യങ്ങളിലേയ്ക്കും മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കും പോയി തൊഴിൽ നേടിയായിരുന്നു. ഇൻഡ്യയുടെ പ്രധാനമന്ത്രിയും കേന്ദ്ര സർക്കാരിലെ പല മന്ത്രിമാരും അവരെ അഭിനന്ദിക്കുകയുണ്ടായി. അവരെ ഇങ്ങനെ അഭിനന്ദിക്കുകയല്ലാതെ ഈ കാര്യങ്ങളിൽ ഒരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല. പാകിസ്ഥാൻ, ബംഗ്ളാദേശ് എന്നീ രാജ്യങ്ങളിലെ ഗവൺമെന്റുകൾ അവരുടെ എംബസ്സിയുമായി നടത്തിയ ഫോളോ അപ്പ് വർക്കുകൾ പോലും ഇവിടത്തെ കേന്ദ്ര സർക്കാരിന് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. പക്ഷെ ലോകത്തിന് മുഴുവൻ പ്രതീക്ഷ നൽകുന്ന തരത്തിൽ ഇൻഡ്യാ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പല തീരുമാനങ്ങൾക്കും പരിഹാരം കണ്ടെത്താൻ നമ്മുടെ "നോർക്ക" വകുപ്പിനും വകുപ്പു മന്ത്രിക്കും കഴിയുന്നുയെന്നുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. കഴിഞ്ഞ ഒരു മാസത്തിനു മുൻപ് അൽഖ്വയ്ദ തീവ്രവാദികളുടെ മർദ്ദനമേറ്റ് മരിച്ച നമ്മുടെ രണ്ട് സുഹൃത്തുക്കളുടെ ഭൗതിക ശരീരം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കൊണ്ടു വന്നപ്പോൾ ഭരണകക്ഷിയിൽപ്പെട്ടവരോ പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ.യോ ആ മൃതദേഹം ഏറ്റുവാങ്ങാൻ പോയില്ല. അതിൽ ഗൾഫുകാർക്ക് ആക്ഷേപമുണ്ട്. ഞാൻ അത് സൂചിപ്പിച്ചെന്നു മാത്രമേയുള്ളൂ. 1996-ലെ പഴയ സർക്കാർ തുടങ്ങിയതാണെങ്കിലും അതാരും അറിഞ്ഞിരുന്നില്ല. അതിനൊരു ജീവൻ വച്ചത്, കാര്യക്ഷമമായി ഈ വകുപ്പിനെ മാറ്റാൻ കഴിഞ്ഞത് ശ്രീ. എം.എം. ഹസ്സന്റെ നേതൃത്വത്തിലുള്ള പ്രവാസി വകുപ്പിനാണെന്നുള്ള കാര്യത്തെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. പക്ഷെ ഇതിനാവശ്യമായ സാമ്പത്തികം നൽകുന്നില്ല. നമ്മുടെ ജനസംഖ്യയുടെ കാൽ ഭാഗത്തോളം വരുന്ന ആളുകളുടെ, ആ പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി ഗൾഫ് രാജ്യങ്ങളിൽനിന്നും തിരിച്ചുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആയിരക്കണക്കിനാളുകളെ പുനരധിവസിപ്പിക്കാനാവശ്യമായ പദ്ധതിക്കുള്ള പണം നൽകുന്നില്ല. ഇരുപത് ലക്ഷം രൂപ കൊടുത്തുയെന്ന് പറയുന്നത് കേട്ടു. ഈ ഇരുപതുലക്ഷം രൂപയെന്നു പറയുന്നത് കടലിൽ കായം കലക്കിയതുപോലെയാണ്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ സർക്കാർ ഈ വിഭാഗത്തിന് നൽകിയ പരിഗണനയേ ഈ സർക്കാരും കൊടുക്കുന്നുള്ളൂ എന്നുള്ള പരാതി സ്വാഭാവികമായും ഉണ്ടാകും. അതുകൊണ്ട് ഗൗരവതരമായി ഈ കാര്യത്തെക്കുറിച്ച് ആലോചിക്കണം. സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുവേണ്ടി അഞ്ചാറു മാസക്കാലം ഡൽഹിയിൽ പോയി കൊടും ചൂടും തണുപ്പുമൊക്കെ സഹിച്ച് അവിടെ കാവൽ കിടക്കണമായിരുന്നു. ഇപ്പോൾ എന്തുസഹായമാണ് ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒത്തിരിക്കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. എന്നാൽ അങ്ങ് ഈ വ്യാജ റിക്രൂട്ടുമെന്റിനെതിരായി നടപടി സ്വീകരിച്ചുകൊണ്ട് ആ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഈ രണ്ടു വർഷത്തിനിടയിൽ വിമാനയാത്രാക്കൂലി അമിതമായത് കുറയ്ക്കാൻ കഴിഞ്ഞത് വളരെ നേട്ടമാണ്. അതുപോലെ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വിമാന സർവ്വീസുകൾ വർദ്ധിപ്പിക്കാനും കഴിഞ്ഞു. അദ്ദേഹത്തിന്റെതന്നെ യാത്രക്കിടയിൽ കർക്കശമായ പല തൊഴിൽ നിയമങ്ങളും ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെ വലിയ കാര്യങ്ങളാണ്. നമ്മുടെ നാട്ടിലെ ആയിരക്കണക്കിനു വരുന്ന ചെറുപ്പക്കാർ ഗൾഫുനാടുകളിൽ നിന്നു തിരിച്ചെത്തി ഒരു തൊഴിലുമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അവരുടെ രക്ഷയ്ക്കുവേണ്ടി ഒരു സമഗ്രമായ സർവെ നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. അതുപോലെതന്നെ അവരെ പുനരധിവസിപ്പിക്കാൻ വേണ്ടിയുള്ള നടപടികളാവിഷ്ക്കരിക്കണം. ഇപ്പോൾ കൺസ്ട്രക്ഷൻ പണിതന്നെ പഴയ പണിയല്ല. അതിനൊക്കെ ഒരുപാട് ടെക്നോളജിയും മറ്റുകാര്യങ്ങളുമൊക്കെ വന്നിരിക്കുന്നു. ഇതിനനുസരിച്ച് ആളുകളെ പ്രാപ്തമാക്കാനുള്ള സംവിധാനങ്ങളൊന്നും ഇവിടെയില്ല. അങ്ങനെയുള്ള വർക്കുവേണ്ടി അവരെ പ്രാപ്തമാക്കാനുള്ള അക്കാഡമിക് കോഴ്സുകൾ ആരംഭിക്കണം. അതുപോലെ നഴ്സുമാർക്ക് വിദേശത്തും മറ്റു യൂറോപ്യൻ രാജ്യങ്ങളിലുമൊക്കെ ഒരുപാട് തൊഴിൽ സാദ്ധ്യതകളുണ്ട്. അവരെ അതിന് പര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള സി.ജി.എഫ്.എൻ.എസ് കോഴ്സ്, അത് എറണാകുളത്ത് ആരംഭിച്ചിട്ടുണ്ട് അത് തിരുവനന്തപുരത്തുകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഒന്നുകൂടി ഈ വകുപ്പിനേയും, വകുപ്പുമന്ത്രിയേയും പ്രകീർത്തിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. രാജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു തൊഴിൽ നയം പ്രഖ്യാപിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലും നയപ്രഖ്യാപനത്തിലും, ബഡ്ജറ്റിലും കേരളത്തിൽ 15 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നുള്ള ഉറപ്പ് നൽകിയിരുന്നു. ഇപ്പോൾ മൂന്നു വർഷം കഴിഞ്ഞു, മൂന്നു വർഷം കഴിയുമ്പോൾ ഏതാണ്ട് ഒൻപത് ലക്ഷം ആളുകൾക്ക് സംസ്ഥാനത്ത് തൊഴിൽ കൊടുത്തിരിക്കണം. അത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് തൊഴിൽ വകുപ്പുതന്നെ

2/934/2012—17

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ബി.ജെ.പി ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളുടെ ഫലമായി നിരവധി പൊതുമേഖലാ സ്ഥാപനങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളും പൂട്ടി. നമുക്കറിയാം മാവൂരിലെ സ്ഥാപനം രണ്ടു വർഷം മുൻപ് പൂട്ടിയതാണ്. 3600 പേർക്ക് പ്രത്യക്ഷമായും 5,000 പേർക്ക് പരോക്ഷമായും തൊഴിൽ നഷ്ടപ്പെട്ട സംഭവം. മൂന്നു ഡസനിലധികം പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. ഇവിടത്തെ തൊഴിലാളികളെ സംബന്ധിച്ച് പരിശോധിച്ചു നോക്കണം. ഇവിടെ തൊഴിൽ നയത്തിനെതിരായിട്ടുള്ള ഒരു അപ്രഖ്യാപിത നയമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 93 ശതമാനം വർക്ക് ഫോഴ്സ് നമ്മുടെ പരമ്പരാഗത മേഖലയിലെ തൊഴിലാളികളും അസംഘടിത മേഖലയിലെ തൊഴിലാളികളുമാണെന്നാണ് പറയുന്നത്. നമ്മുടെ പുതിയ കേന്ദ്ര ഗവൺമെന്റിന്റെ കോമൺ മിനിമം പ്രോഗ്രാമിലും പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും വളരെയധികം ഊന്നൽ കൊടുക്കുന്ന പ്രഖ്യാപനങ്ങളുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് ഒരു വർഷത്തിൽ നൂറു ദിവസമെങ്കിലും തൊഴിലാളിക്ക് തൊഴിൽ ലഭിക്കുന്നത് ഒരവകാശമായി മാറ്റുന്നതിനുള്ള നിയമ നിർമ്മാണം നടത്താൻ തയ്യാറാകണം.

അതുപോലെ തൊഴിൽ നയത്തെ സംബന്ധിച്ച് ഒരു ട്രേഡ് യൂണിയൻ ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുമെന്ന് പറഞ്ഞതാണ്. അതിനെ സംബന്ധിച്ച് ഒരു വിവരവും ഇപ്പോഴില്ല. തൊഴിൽ നയത്തിന്റെ ഭാഗമായി ഡിസ്പ്ലെയിസ്മെന്റ് വരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. അതിനെ സംബന്ധിച്ചും ഒരു വിവരവുമില്ല. ചുമട്ടുതൊഴിലാളി നിയമം ഈ നിയമസഭയിൽ തൊഴിലാളികളുടേയും പ്രതിപക്ഷങ്ങളുടേയുമൊക്കെ പ്രതിഷേധത്തിന് ഇടനൽകിക്കൊണ്ട് പാസ്സാക്കിയതാണ്. ആ നിയമം പരിഷ്ക്കരിച്ച് ഭേദഗതികൾ വരുത്തിക്കൊണ്ട് ഈ സഭയിൽ പാസ്സാക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. അത് നടന്നിട്ടില്ല. തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിക്കാൻ കമ്മിഷനെ ചുമതലപ്പെടുത്തുമെന്നും പറഞ്ഞു. അതുപോലെ ആധുനിക വ്യവസായ രംഗത്ത് ടെക്നോ പാർക്ക്, അതുപോലെയുള്ള മൾട്ടി നാഷണൽ പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിരവധിയാണ്. അവിടെ തൊഴിൽ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാൻ തൊഴിൽ വകുപ്പിന് കഴിയുന്നില്ല. കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രാകൃതമായ തൊഴിൽ ബന്ധങ്ങളാണ് നിലനിൽക്കുന്നത്. അതിനെ നിയന്ത്രിക്കാൻ ബന്ധപ്പെട്ട തൊഴിൽ വകുപ്പിന് കഴിയുന്നില്ല. എന്നാൽ അതിൽ ഇടപെടരുതെന്ന് ഒരു നിയമത്തിലും പറയുന്നില്ല. അതിശക്തമായ നടപടികൾ എടുക്കുന്നതിനുവേണ്ടി തൊഴിൽവകുപ്പ് കരുത്താർജ്ജിക്കണം. ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.വി. ഗോവിന്ദൻ മാസ്റ്റർ ഇന്നുരാവിലെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചതാണ്. കേരളത്തിൽ 13 തൊഴിലാളിക്ഷേമ പദ്ധതികൾ നിലവിലുണ്ട്. ക്ഷേമനിധി പദ്ധതികളിൽ വിരലിലെണ്ണാവുന്നവ ഒഴിച്ച് ബാക്കിയെല്ലാം നിർജ്ജീവമായിരിക്കുന്നു. ഉദാഹരണമായി കർഷക തൊഴിലാളിക്ഷേമനിധി ബോർഡ് എടുക്കാം. കേരളത്തിലെ ഏറ്റവും വലിയ ക്ഷേമനിധി ബോർഡാണ്. 19 ലക്ഷത്തോളം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന കർഷക തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡ്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വിവിധ ആനുകൂല്യങ്ങൾക്കായി എത്ര അപേക്ഷകൾ ചീഫ് ആഫീസിൽ തീർപ്പു കല്പിക്കാൻ അവശേഷിക്കുന്നുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോയെന്ന ചോദ്യത്തിന് 95,615 പേരുടെ അതിവർഷാനുകൂല്യത്തിന്റെ അപേക്ഷകൾ ഈ ആഫീസിൽ കിടക്കുകയാണെന്നാണ് മറുപടി പറഞ്ഞത്. 60 വയസ്സുകഴിഞ്ഞ് റിട്ടയർ ചെയ്ത കർഷക തൊഴിലാളിക്ക് മൂവായിരമോ അയ്യായിരമോ രൂപയാണ് കൊടുക്കേണ്ടത്. അതിൽ ഇത്രയും അപേക്ഷകൾ കെട്ടിക്കിടക്കുന്നുവെന്നു പറഞ്ഞാൽ ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം എങ്ങനെയിരിക്കും. വിവാഹ ധനസഹായത്തിനുള്ള 45,155 അപേക്ഷകൾ ഉണ്ട്. ഈ പറയുന്ന അപേക്ഷകൾ കെട്ടിക്കിടക്കാനുള്ള സ്ഥലം മാത്രമേ ചീഫ് ആഫീസിൽ ഉള്ളൂ. ഏതാണ്ട് 1,43,880 അപേക്ഷകൾ ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടി കെട്ടിക്കിടക്കുകയാണ്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വളരെ നിശ്ചലമായിരിക്കുന്നു. ചീഫ് എക്സിക്യൂട്ടീവ് ഇല്ല, ജില്ലാ ആഫീസുകളുടെ പ്രവർത്തനമില്ല. പുതിയ രജിസ്ട്രേഷൻ നടക്കുന്നില്ല. ഇതാണ് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടക്കുന്നത്. കശുവണ്ടി തൊഴിലാളികളുടെ കാര്യത്തെ സംബന്ധിച്ച് പല ചർച്ചകളും നടന്നു. കശുവണ്ടി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് കശുവണ്ടി ഫാക്ടറികൾ തുറക്കണമെന്നുള്ളതാണ് ആവശ്യം. കാപ്പെക്സിലും കോർപ്പറേഷനിലുമായി ഏതാണ്ട് 30,000 കശുവണ്ടി തൊഴിലാളികൾക്ക് കഴിഞ്ഞ മൂന്നു വർഷമായിട്ട് പണിയില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. മന്ത്രി ഒരുപാട് ഇടപെട്ടതാണ്. പത്തോ പതിനഞ്ചോ ദിവസത്തിൽ താഴെ മാത്രമേ ഈ ഫാക്ടറികളിൽ പണി ലഭിച്ചിട്ടുള്ളൂ. എന്നാൽ ഏതാണ്ട് രണ്ടേകാൽ ലക്ഷം വരുന്ന കശുവണ്ടി തൊഴിലാളികൾ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നുണ്ട്. അവർക്ക് തൊഴിൽ സുരക്ഷിതത്വമില്ല. ഇ.എസ്.ഐ. ഇല്ല. ക്ഷേമനിധികൾ ഒന്നുമില്ല.അവിടെ 15 വയസ്സു മുതലുള്ള പെൺകുട്ടികൾ പണിയെടുക്കുന്നുണ്ട്. അവരെ സഹായിക്കുന്നതിന് പദ്ധതികളില്ല. എന്നാൽ അവിടുത്തെ മാനേജുമെന്റിനെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവുകൾ ഗവൺമെന്റ് പുറപ്പെടുവിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെ ക്ഷേമനിധി ബോർഡുകളുടെ അവസ്ഥ വളരെ നിശ്ചലമായിരിക്കുന്നു. കശുവണ്ടി വ്യവസായം നിശ്ചലമായിരിക്കുന്നു. കശുവണ്ടി ഫാക്ടറി തുറന്നില്ലെങ്കിൽ മരണംവരെ നിരാഹാരമിരിക്കുമെന്ന് ഇവിടെ ഭരണകക്ഷിയിൽപെട്ട ഒരു മെമ്പർ ഈ സഭയിൽ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. കേരളത്തിൽ പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളടക്കം 45 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അവരും അവരുടെ കുടുംബങ്ങളും തോട്ടം മേഖലയിലെ കുടുംബങ്ങൾ അടക്കം വളരെ കഷ്ടപ്പാടും പട്ടിണിയിലുമാണ്. അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ക്ഷേമ പദ്ധതികൾ നേരെ കൊണ്ടുപോകാൻ കഴിയുന്നില്ല. നേരത്തേ സൂചിപ്പിച്ച സാമൂഹിക സുരക്ഷാ പദ്ധതികളിൻകീഴിൽ തുച്ഛമായ പെൻഷനുകൾ കൊടുത്തുതീർക്കാൻ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെയേറെ പ്രതിസന്ധികളേയും പ്രയാസങ്ങളേയും അഭിമുഖീകരിച്ചു എങ്കിലും

[11.00 a.m.]

ഇന്ന് ചർച്ച ചെയ്യുന്ന വകുപ്പുകളെ സംബന്ധിച്ച് അഭിമാനകരമായ പല നടപടികളും കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിൽനിന്ന് വിദേശത്തുപോയി ജോലിചെയ്ത് ജീവിക്കുന്ന വിദേശ മലയാളികളെ സംബന്ധിച്ച് വളരെയേറെ നല്ല കാര്യങ്ങൾ ചെയ്യാൻ പ്രവാസി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വിദേശ മലയാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും വളരെയേറെ വലുതാണ്. ഇത്രയൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവരുടെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കാതെ ഇനിയും അവശേഷിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി വിമാനയാത്രാ കൂലിയുമായി ബന്ധപ്പെട്ട കാര്യമാണ്. വിമാന യാത്രാക്കൂലി മറ്റേത് ഫ്ളൈറ്റ് സർവ്വീസിനെക്കാളും അധികമുള്ള സാഹചര്യമുണ്ട്. അത് കുറയ്ക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് ഇനിയും പരിശ്രമം നടത്തേണ്ടതായിട്ടുണ്ട്. "ബഡ്ജറ്റ് എയർലൈൻസ് " എന്ന പേരിൽ ന്യായമായ ചാർജ്ജ് വാങ്ങി പ്രവാസികൾക്ക് യാത്ര ചെയ്യാൻ സൗകര്യം ഏർപ്പെടുത്താനുള്ള ഒരു പദ്ധതിയുണ്ട്. അത് എത്രയുംവേഗം നടപ്പിലാക്കണം. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട സംഗതി, ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും ജീവിക്കുന്ന മലയാളികൾക്ക് നമ്മുടെ ഇൻഡ്യൻ എംബസികളിൽനിന്ന് വേണ്ടത്ര സർവ്വീസ് ലഭിക്കുന്നില്ല എന്നുള്ള പരാതിയുണ്ട്. അവർക്ക് സർവീസ് ലഭ്യമാക്കുന്നതിന് സാധിക്കുമെങ്കിൽ മലയാളികളായ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം എംബസികളിൽ ഉറപ്പുത്താൻ നടപടി സ്വീകരിക്കണം. 24,000 കോടി രൂപയെങ്കിലും പ്രതിവർഷം കേരളത്തിൽ കൊണ്ടുവരുന്ന മലയാളികളുടെ ക്ഷേമകാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി വളരെ ചെറിയ തുക മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ചുരുങ്ങിയത് 100 കോടി രൂപയെങ്കിലും ഗൾഫ് മലയാളികൾക്കുവേണ്ടി ഈ വകുപ്പിൽ വകയിരുത്തണമെന്ന് അപേക്ഷിക്കുകയാണ്. വിദേശ ഇൻഡ്യക്കാർക്ക് വോട്ടവകാശം ലഭ്യമാക്കുന്നതിന് കേന്ദ്രത്തിൽ ഇപ്പോഴുളള ഭരണമാറ്റം പ്രയോജനപ്പെടുത്തി ജനപ്രാതിനിധ്യ നിയമത്തിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

അതുപോലെ ഇന്ന് ചർച്ച ചെയ്യുന്ന മറ്റൊരു വകുപ്പ് ജലസേചന വകുപ്പാണ്. ജലസേചന വകുപ്പിലെ നടപടികൾ പരിശോധിച്ചാൽ കഴിഞ്ഞ രണ്ടുമൂന്നു വർഷത്തിനിടയ്ക്ക് വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ 7643 വാർഡുകളിൽ പുതിയതായി കുടിവെള്ളം എത്തിക്കുവാനും സ്വജൽധാര പദ്ധതി നടപ്പിലാക്കുന്നതിനും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളെക്കുറിച്ചും സമയാസമയങ്ങളിൽ ബന്ധപ്പെട്ടവരുടെ സമ്മേളനം വിളിച്ചുകൂട്ടി പരിശോധിക്കാനും ബഹുമാനപ്പെട്ട ടി.എം. ജേക്കബിന്റെ നേതൃത്വത്തിലുള്ള ഈ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മനുഷ്യർക്ക്

LIBRARY ARCHIVES Kerala Legislative Assembly

സാധ്യമാകാത്തവിധം ഭൗതികമായ മറ്റ് കാരണങ്ങളാലും മനുഷ്യ ജീവിതത്തിലുണ്ടായ മാറ്റങ്ങളാലും വളരെയധികം പ്രയാസമുണ്ട്. അതിലൊന്നാണ് ശുദ്ധജലത്തിന്റെ പ്രശ്നം എല്ലാത്തിനും പരിഹാരം കാണാൻ സാധിക്കാത്ത സ്ഥിതി നിലവിലുണ്ട്. വളരെയേറെ പാരിസ്ഥിതികമായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കുടിവെള്ളക്ഷാമവും, രൂക്ഷമായ വരൾച്ചയും അനുഭവപ്പെടുന്ന സാഹചര്യത്തിലും ലോകത്തിൽതന്നെ വലിയ മാറ്റങ്ങൾ വന്ന സാഹചര്യത്തിലും ചിലത് ചെയ്യാൻ സാധിച്ചുവെന്നുള്ളത് ഗവൺമെന്റിന് അഭിമാനകരമായ കാര്യമാണ്.

അതുപോലെ തന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇന്ന് ഇവിടെ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം; ചെറിയ ചെറിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മനുഷ്യർക്ക് സാദ്ധ്യമല്ലാത്തവിധം മനുഷ്യ ജീവിതത്തിൽ വന്ന മാറ്റങ്ങളും പ്രയാസങ്ങളും ഉണ്ട്. എല്ലാറ്റിനും പരിഹാരം കാണാൻ സാധിക്കാത്ത നിലയിലുള്ള ഒരു സ്ഥിതിവിശേഷമുണ്ട്. എന്നാലും വളരെയേറെ പാരിസ്ഥിതികമായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കുടിവെള്ളക്ഷാമവും രൂക്ഷമായ വരൾച്ചയും അനുഭവപ്പെടുന്ന, ലോകത്തിൽ തന്നെ വലിയ മാറ്റങ്ങൾ വന്ന സാഹചര്യത്തിലും ചിലതൊക്കെ ചെയ്യാൻ സാധിച്ചു എന്നത് ഈ ഗവൺമെന്റിന് അഭിമാനകരമായ ഒരു കാര്യമാണ്. 'ഞങ്ങളുടെ യമുനയുടെ തെളിമയും ശുദ്ധിയും നിങ്ങളുടെ കയ്യാൽ നശിച്ചുവെന്ന്' ശ്രീ. ഒ.എൻ.വി. പാടിയിട്ടുണ്ട്. അതുപോലെ മനുഷ്യരുടെ കരങ്ങൾ ഏൽപ്പിച്ച പരിക്കുകൾകൊണ്ട് ഭൂമിക്ക് വലിയ നാശം ഉണ്ടായിട്ടുണ്ട്. ശുദ്ധജലക്ഷാമവും ഒരു പ്രധാനപ്പെട്ട വിഷയമാണ്. അതുപോലെ പ്രധാനപ്പെട്ട ഒരു കാര്യം, ആരംഭ കാലഘട്ടത്തിൽ വളരെ നല്ല പെർഫോമൻസ് നടത്തിയ ഒരു ഗവൺമെന്റാണ് ഇത്. എന്തുകൊണ്ടെന്നറിയില്ല ശക്തമായ ഒരു ഗൂഢാലോചന ഈ ഗവൺമെന്റിന്റെ പുരോഗമനപരമായ എല്ലാ നടപടികളേയും തകർക്കുന്നതിനുവേണ്ടി ഏതോ നിഗൂഢമായ ശക്തികൾ പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് ഞാൻ കരുതുന്നത്. കേരളത്തിൽ കഴിഞ്ഞ മൂന്ന് കൊല്ലത്തിനിടയിൽ നടന്ന സംഭവവികാസങ്ങൾ നോക്കിയാൽ മനസ്സിലാക്കാൻ കഴിയും; വ്യവസായ രംഗത്ത് ഒരു വലിയ മാറ്റം വരുത്തുന്നതിനുവേണ്ടി ഗ്ലോബൽ ഇൻവെസറ്റുമെന്റ് മീറ്റ് നടത്തി. അങ്ങനെ ലോകത്തിന്റെ വ്യാവസായിക ഭൂപടത്തിൽ തന്നെ കേരളത്തിൽ സ്ഥാനം ഉണ്ടാക്കുന്ന സാഹചര്യം വന്നു. പുതിയ ഒരു വികസന അജണ്ട ഈ കേരള ഗവൺമെന്റ് ഏറ്റെടുത്തു. കേരളത്തിന്റെ വികസന അജണ്ട ഏറ്റെടുത്ത് മുന്നോട്ട് പോയപ്പോൾ ഒരു പത്രം എഴുതി. അങ്ങനെയാണെങ്കിൽ യു.ഡി.എഫിന് 120 സീറ്റ് വരെ ഭാവിയിൽ വാങ്ങാൻ സാധിക്കും എന്ന് എഴുതുന്ന സാഹചര്യം വരെ വന്നു. അങ്ങനെ ഒരു വലിയ നിശ്ശബ്ദ വിപ്ലവം കേരളത്തിൽ നടക്കുകയും പരമ്പരാഗത ശീലത്തിന് മാറ്റം വരുകയും ചെയതുകൊണ്ടിരുന്നപ്പോഴാണ് മാറാട്, മുത്തങ്ങ തുടങ്ങിയ ഒരുപാട് സംഭവങ്ങൾ ഉണ്ടായത്. ആസൂത്രണം ചെയ്ത് നടപ്പാക്കിയതുപോലെ തോന്നിപ്പിക്കുന്നവിധം ഒരു ഗൂഢാലോചന ഉണ്ടായിട്ടുണ്ട് എന്ന് ഞാൻ കരുതുകയാണ്. അതുപോലെ തൊഴിൽ രംഗത്ത് തൊഴിലില്ലാത്ത ധാരാളം ചെറുപ്പക്കാർ ജീവിക്കുന്ന ഒരു സംസ്ഥാനമാണിത്. തൊഴിലാളികളെ സംബന്ധിച്ച്, വികസന രംഗത്ത് ഒരു പ്രവർത്തനത്തിനും തൊഴിലാളികൾ എതിരല്ല.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ കുറ്റപ്പെടുത്തുന്നതിന് ഒരു അർത്ഥവുമില്ല. അവർ ഇന്ന് പട്ടിണി കിടന്ന് കഷ്ടപ്പെടുകയാണ്. അവർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ പലതും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിമർശനം ഉൾക്കൊള്ളുമ്പോൾ തന്നെ, ഈ രംഗത്ത് ചില നല്ല കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ബാബു ദിവാകരൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ തൊഴിലാളികളുടെ ആവശ്യം വച്ച് നോക്കുമ്പോൾ പാരാവാരം പോലെ പരന്നു കിടക്കുന്ന അവരുടെ പ്രശ്നങ്ങൾക്ക് മുൻപിൽ പ്രവർത്തനങ്ങളൊന്നും വേണ്ടത്ര ഏശിയിട്ടില്ല എന്നുള്ളത് സത്യമാണ്. അതുകൊണ്ട് സാമൂഹ്യ സുരക്ഷിതത്വ നിയമങ്ങളും ക്ഷേമപദ്ധതികളും കാര്യക്ഷമമാക്കുന്ന നടപടികളും ക്ഷേമപദ്ധതികളിൽ നിന്ന് വായ്പ എടുത്ത് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിക്ക് പലിശ കുറയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികളും ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് എല്ലാ ക്ഷേമനിധി ഓഫീസുകളും കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും നടത്താൻ ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും മുന്നോട്ടു വരണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. ഇവിടെ നമുക്ക് അറിയാവുന്ന കാര്യമാണ്, കേരളത്തിലുണ്ടായ കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് ഒരു പരാജയം സംഭവിച്ചു. അത് സംബന്ധിച്ച് നമ്മൾ വാദപ്രതിവാദങ്ങൾ നടത്തുന്നതിൽ ഒരു കാര്യവുമില്ല. ഇവിടെ ഇതിനുമുമ്പ് ജില്ലാ പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിൽ 13 ജില്ലകളും ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് കിട്ടിയ സന്ദർഭങ്ങൾ ഉണ്ടായിരുന്നു. മലപ്പുറത്ത് ഒരു ജില്ല മാത്രം യു.ഡി.എഫ്.-ന് ഉണ്ടായ സംഭവം ഉണ്ടായിട്ടുണ്ട്. ഏതായാലും പിന്നെ മാറി മറിഞ്ഞു വന്നു. വീണ്ടും പാർലമെന്റ് തെരഞ്ഞെടുപ്പിൽ പതിനേഴോ പതിനെട്ടോ സീറ്റ് ഐക്യ ജനാധിപത്യ മുന്നണി വാങ്ങിയ സന്ദർഭങ്ങൾ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് കേരളത്തിൽ ഐക്യജനാധിപത്യ മുന്നണിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി. ഒരു നല്ല പെർഫോമൻസ് നടത്തി. വ്യവസായിക രംഗത്ത് ലോകഭൂപടത്തിൽ കേരളത്തിന് ഒരു സ്ഥാനം ഉണ്ടാക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയുണ്ടായി. മാറാട് പോലുള്ള സംഭവങ്ങളിൽ 8 പേർ മരണപ്പെട്ട നിർഭാഗ്യകരമായ സംഭവം ഉണ്ടായപ്പോൾ ഇടതുപക്ഷക്കാരായ നമ്മുടെ സ്നേഹിതർ ആ 8 പേരുടെ മരണം വിറ്റ് കാശാക്കാമെന്ന് കരുതിയെങ്കിൽ അതിന്റെ ഗുണം ബി.ജെ.പി.-ക്കാർ കൊണ്ടു പോകുമെന്ന് മനസ്സിലാക്കിയപ്പോൾ പിന്നെ മാറി ന്യൂനപക്ഷത്തിനുവേണ്ടി വാദിക്കുന്ന സാഹചര്യം വന്നു. അതിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് ഞാൻ കാണുകയാണ്. ഇങ്ങനെയുള്ള സംഭവം പിന്നീട് ആവർത്തിക്കാതിരിക്കുന്നതിന് മുസ്ലീം ലീഗ് പോലുള്ള പാർട്ടിയുടെ നേതൃത്വത്തിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബും ബഹുമാനപ്പെട്ട പാണക്കാട് സെയ്ദ് മുഹമ്മദലി ശിഹാബ് തങ്ങളും ഒക്കെ പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടായത്. ഞാൻ പറയുന്നു, ഇപ്പോൾ കേരള രാഷ്ട്രീയത്തിൽ ഒരു ഗ്രേഡിംഗ് സിസ്റ്റം വാസ്തവത്തിൽ ജനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുയാണ്. മുൻപൊക്കെ പരീക്ഷ എഴുതിയാൽ ആ പരീക്ഷ മാത്രം ജയിച്ചാൽ മതി. ഇപ്പോൾ മറ്റ് കാര്യങ്ങൾക്ക് മാർക്കുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ രണ്ട് ദിവസം മുൻപ് സംസാരിച്ചപ്പോൾ കേരളത്തിന്റെ ഗ്രോത്ത് റേറ്റ് 2.6-ൽ നിന്ന് 7.2 ആയി മാറിയെന്നും അതുപോലെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയുണ്ടായി എന്നും പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞപ്പോൾ എനിക്ക് ബോദ്ധ്യമായി. ഇതൊക്കെ സത്യമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് എന്താണ് മനസ്സിലാക്കേണ്ടത്? വികസനത്തിന് മാത്രമല്ല, ജനങ്ങൾ ഇപ്പോൾ മാർക്കിടുന്നത് രാഷ്ട്രീയ സംസ്കാരത്തിനും മാർക്കിടുന്ന കാലം വന്നിരിക്കുകയാണ്. അതാണ് ഗ്രേഡിംഗ് സിസ്റ്റം തന്നെ ഇപ്പോൾ നടപ്പിലാക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് വിദ്യാഭ്യാസപരമായി വളർച്ചയുണ്ടായിട്ടുണ്ട്. സ്വയം നിർണ്ണയിക്കാനുള്ള കഴിവുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ട് അവരൊക്കെ മുൻപിൽ എന്നുള്ള സാഹചര്യം വന്നിട്ടുണ്ട്. അത് നാം വളരെയധികം മനസ്സിലാക്കേണ്ട ഒരു സംഗതിയാണ്. ഇന്നത്തെ സാഹചര്യത്തിൽ ഇടതുപക്ഷക്കാരായ എന്റെ സ്നേഹിതൻമാർ ഇവിടെ ചില മുദ്രാവാക്യങ്ങൾ ഉയർത്തുകയും ചില പ്രസംഗങ്ങളൊക്കെ നടത്തുകയും ചെയ്തു. പക്ഷേ നാട്ടുകാർക്ക് പ്രസംഗം മാത്രമാണ്. പക്ഷേ അവർക്ക് അവരുടെ കുട്ടികൾ സ്വാശ്രയകോളേജിൽ പഠിക്കണം. മൾട്ടി നാഷണൽ കമ്പനികളിൽ ജോലി സ്വീകരിക്കണം. റിച്ചാഡ് ഫ്രാങ്കിയുടെ വളർത്തു പുത്രൻമാർ അല്ലെങ്കിൽ വളർത്തു നായ്ക്കൾ എന്ന് പേരിട്ട ഒരു വിഭാഗം അമേരിക്കയിലും ഇംഗ്ലണ്ടിലും ഒക്കെയായിട്ട് ബന്ധപ്പെടുകയും ചെയ്ത സാഹചര്യമാണ്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചില ഉദാഹരണങ്ങളൊക്കെ പറഞ്ഞു. വാപ്പ മരിച്ചെങ്കിൽ എന്താ ഉമ്മയ്ക്ക് വേറെ പുതിയാപ്ലയും എനിക്ക് വേറെ ഇളയാപ്പയും ഉണ്ടായി എന്ന്. വാസ്തവത്തിൽ അങ്ങനെയുള്ള ഒരുപാട് പുനർവിവാഹമൊക്കെ നടത്തിയവരാണ് അപ്പുറത്തിരിക്കുന്ന ആളുകൾ. ആ പറയുന്നതിലൊക്കെ യാതൊരു ന്യായവുമില്ല. ഐക്യ ജനാധിപത്യമുന്നണി ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടിട്ടില്ല. പരാജയപ്പെട്ടു എന്ന് പറയുന്നത് വെറുതെയാണ്. അത് ഇടതുപക്ഷക്കാരുടെ വിജയമായി വ്യാഖ്യാനിക്കുന്നതിൽ അർത്ഥമില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ ആത്മാർത്ഥമായി പിൻതുണയ്ക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. വളരെ പ്രധാനപ്പെട്ട വകുപ്പുകളുടെ ചർച്ചയാണ് നടക്കുന്നത്. ജലസേചനം, ശുദ്ധജലവിതരണവും ശുചീകരണവും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസികൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമത്തിനുള്ള ധനാഭ്യർത്ഥനകൾ നടക്കുമ്പോൾ എനിക്ക് ഏറ്റവും പ്രധാനപ്പെട്ടതായി തോന്നിയത്, കേരളത്തിലെ 650 കി.മീറ്ററോളം വരുന്ന തീരപ്രദേശത്തെ സംരക്ഷിക്കാൻ ബാദ്ധ്യതയുള്ള വളരെ പ്രധാനപ്പെട്ട വകുപ്പിന്റെ ചർച്ച കൂടി ഇന്ന് നടക്കുകയാണ്. പക്ഷേ പലപ്പോഴും അവഗണിക്കപ്പെട്ട നിലയിലാണ് ഇത് മുന്നോട്ട് പോകുന്നത്. കഴിഞ്ഞ ധനകാര്യ കമ്മീഷൻ നാം ആവശ്യപ്പെട്ട 650 കോടി രൂപയ്ക്ക് പകരം വെറും 50 കോടി രൂപയാണ് തന്നത്. സർ, ഈ കഴിഞ്ഞ മേയ് 5-ാം തീയതി, കഴിഞ്ഞ 35 വർഷത്തിനിടയ്ക്ക് കേരളത്തിൽ സംഭവിച്ച വലിയ ദുരന്തം നമ്മുടെ തീരദേശത്ത് ഉണ്ടായി. 12 അടി പൊക്കമുള്ള കടൽ ഭിത്തിയുടെ മുകളിലൂടെപോലും തിരമാലകൾ അടിച്ചു കയറി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയുടെയും അതുപോലെ കേരളത്തിൽ പല ജില്ലകളിലെയും തീരപ്രദേശത്തെ ആകെ പ്രളയമാക്കി മാറ്റിയ സംഭവം ഉണ്ടായി. ഇനിയും അത് ആവർത്തിക്കുമെങ്കിൽ എന്റെ മണ്ഡലത്തിൽ ഒരു പഞ്ചായത്ത് തന്നെ ഇല്ലാതെ പോകും. ചെല്ലാനം പഞ്ചായത്ത് 17 കി. മീറ്റർ ദൈർഘ്യമുള്ള പഞ്ചായത്താണ്. മൂന്നടിയിലധികമാണ് അവിടെ റോഡുകളിൽ വെള്ളം പൊങ്ങിയത്. 1800 ഓളം വീടുകൾ തകർന്നു. കടൽഭിത്തി ഇല്ലാത്തതു കൊണ്ടല്ല. കടൽഭിത്തി ഉള്ള പ്രദേശത്തും പ്രകൃതിക്ഷോഭംമൂലം തകർച്ചയുണ്ടാകുന്നു. അതിനെക്കുറിച്ച് ഒരു ശാസ്ത്രീയമായ പഠനം നമുക്ക് ആവശ്യമാണ്. മുൻപ് കേന്ദ്ര ഗവൺമെന്റ് നമുക്ക് കടൽഭിത്തിക്കു വേണ്ടി പകുതി പണം തരുമായിരുന്നു. അന്ന് പുലിമുട്ട് എന്ന സിദ്ധാന്തം നാം നടപ്പിലാക്കിയിരുന്നു. ഇന്ന് കേന്ദ്രം പണം തരുന്നില്ല എന്ന് മാത്രമല്ല, അവർ പുലിമുട്ടുകൾക്ക് എതിരാണ്.

കടൽഭിത്തിയുള്ള സ്ഥലത്തും കടൽക്ഷോഭംമൂലം തീരദേശം നശിക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനം വേണ്ടേ? സർ, ബഹുമാനപ്പെട്ട ശ്രീ. ടി.എം. ജേക്കബ് അങ്ങനെ ചിന്തിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇന്നലെ അദ്ദേഹം അയച്ച ഒരു കത്ത് തീരദേശം എം.എൽ.എ. മാരായ ഞങ്ങൾക്ക് കിട്ടി. ഫ്രാൻസിലും യൂറോപ്യൻ രാജ്യങ്ങളിലും കടൽക്ഷോഭം നിയന്ത്രിക്കാൻ പുതിയ ചില സാങ്കേതിക വിദ്യകൾ വന്നിരിക്കുന്നു, അതിന്റെ പേര് സ്ട്രാബി പ്ളേജ് എന്നാണ്. അതിനെക്കുറിച്ചുള്ള ഒരു വീഡിയോ പ്രദർശനം നാളെ ഇവിടെ നടത്തുമെന്ന് അദ്ദേഹം അറിയിച്ചിരിക്കുകയാണ്. പുതിയ പഠനത്തിന്റെ ഭാഗമായി ഞാൻ അതിനെ കാണുകയാണ്. നമുക്ക് നമ്മുടെ തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിന് ശാസ്ത്രീയമായ പഠനത്തോടൊപ്പം ലോകത്ത് പുതിയ ടെക്നിക്കുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഹോളണ്ട് എന്നുപറയുന്ന രാജ്യം കടലിനേക്കാൾ താഴ്ന്ന നിരപ്പിലുള്ള രാജ്യമാണ്. ആ രാജ്യം സംരക്ഷിക്കപ്പെടുന്നത് കടൽഭിത്തികൊണ്ട് മാത്രമാണ്. ആ കടൽഭിത്തിയുടെ മുകളിൽക്കൂടി വാഹനങ്ങൾ ഓടിച്ചുപോകുന്ന രീതിയിൽ അത്രയ്ക്ക് ബലം ഉള്ളതാണ്. അവർ മുന്നോട്ടുപോകുകയാണ്. നമുക്ക് അതിന് കഴിയണമെന്നുണ്ടെങ്കിൽ—നമ്മുടെ സാമ്പത്തിക നില അനുവദിക്കില്ല എന്ന് അറിയാം—പക്ഷെ എങ്കിലും ഞാൻ ആവശ്യപ്പെടുന്നു. 650 കിലോമീറ്ററോളം ദൈർഘ്യമുള്ള കേരളത്തിലെ തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ നിന്ന് കൂടുതൽ പണം ആവശ്യപ്പെടാനും, അതോടൊപ്പം നമ്മുടെ ധനാഗമ മാർഗത്തിൽപ്പെടുത്തി കൂടുതൽ പണം അനുവദിക്കേണ്ടതല്ലേ, ഇത്തവണ ഏകദേശം എട്ടോ, പത്തോ, കോടി രൂപ മാത്രമേ നമ്മുടെ ബഡ്ജറ്റിൽ കടൽ ഭിത്തി നിർമ്മാണത്തിനു വേണ്ടി മാറ്റിവച്ചിട്ടുള്ളൂ. അതുകൊണ്ട് നമ്മുടെ തീരദേശത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയെന്ന നിലയ്ക്ക്, അതുപോലെ കേന്ദ്രത്തിൽ ഒരു കാര്യം നമുക്ക് പറയാനുണ്ട്. പഞ്ചാബിലും അതുപോലെ, നമ്മുടെ അതിർത്തി സംസ്ഥാനങ്ങൾക്കും വേണ്ടി കേന്ദ്രം പതിനായിരക്കണക്കിന് കോടി രൂപ കൊടുക്കുന്നു. അതിർത്തി സംസ്ഥാനം സംരക്ഷിയ്ക്കുന്നതിനുവേണ്ടി,

പഞ്ചാബിന് കിട്ടുന്നു, ജമ്മു-കാശ്മീരിന് കിട്ടുന്നു, രാജസ്ഥാന് കിട്ടുന്നു, ഗുജറാത്തിന് കിട്ടുന്നു. കേരളവും അതിർത്തികളുള്ള സംസ്ഥാനമല്ലേ, സർ. നമ്മുടെ തീരദേശം സംരക്ഷിയ്ക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ നിന്നും കൂടുതൽ പണം വാങ്ങിയെടുക്കാൻ ഒരു ശ്രമം ഗവൺമെന്റ് നടത്തേണ്ടതുണ്ട്. ശ്രീ. ടി.എം. ജേക്കബ് മന്ത്രിയായതിനുശേഷം ബൃഹത്തായ ഒരു പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിരിക്കുകയാണ്. കേരളത്തിലുള്ള എം.പി.-മാരുടേയും അതുപോലെ എല്ലാപേരുടേയും സഹകരണത്തോടുകൂടി കേന്ദ്രത്തിൽ നിന്നും കഴിഞ്ഞകാലത്ത് നഷ്ടപ്പെട്ട ഈ കടൽഭിത്തി നിർമ്മാണത്തിനും തീരദേശം സംരക്ഷിയ്ക്കുന്നതിനുമുള്ള സാമ്പത്തികം അധികം വാങ്ങിയെടുക്കാനുള്ള ഒരു ശ്രമം ആരംഭിച്ചിട്ടുണ്ട്. അതിന് എല്ലാപേരുടേയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ തീരദ്ദേശത്തിന്റെ മറ്റൊരു ശാപമാണ് കുടിവെള്ളമില്ലായ്മ. കോടാനുകോടി ലിറ്റർ ഉപ്പുവെള്ളമുണ്ടെങ്കിലും അവിടെ കുടിക്കാൻ വെള്ളമില്ല, അതാണ് അവിടത്തെ മറ്റൊരു ദുരവസ്ഥ. നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിയ്ക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. ടി.എം. ജേക്കബ് തന്നെ 1995-ൽ മന്ത്രിയായിരിക്കുമ്പോൾ ആരംഭിച്ചതാണ് വിശാല കൊച്ചിയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി. ഹഡ്കോയുടെ സഹായത്തോടുകൂടി 54 കോടി രൂപയിൽ തുടങ്ങി ഇന്നത് 137 കോടി രൂപയിൽ നിൽക്കുകയാണ്. ഹഡ്കോയുടെ സഹായം തീർന്നതുകൊണ്ട് അദ്ദേഹം തന്നെ മുൻകയ്യെടുത്ത് ബാങ്കിൽ നിന്നും 50 കോടി രൂപ വാങ്ങി. സമയബന്ധിതമായി പദ്ധതി പൂർത്തിയായിട്ടില്ലെങ്കിൽ വരുന്ന ദുരന്തങ്ങളാണ്. പല ഡിപ്പാർട്ടുമെന്റുകളും സഹകരിക്കുന്നില്ല. പദ്ധതിയുടെ ഭാഗമായി പള്ളുരുത്തി ടാങ്കിൽ നിന്നും ഒരു 200 മീറ്റർ നമ്മുടെ മെയിൻ റോഡിൽ പൈപ്പിടണം. പോലീസ് കമ്മീഷണർ, ഉടക്കി, പൈപ്പ് ഇടൽ നിന്നു. പലപ്പോഴും പല രീതിയിയാണ് ബുദ്ധിമുട്ട്. കുടിവെള്ളത്തിനുവേണ്ടി പൈപ്പ് ഇടാൻ പോകുമ്പോൾ വീട് പോകുന്നവരുടെ സ്റ്റേ ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിവരെ എത്തുന്നു. അനന്തമായി നീളുന്ന വലിയ പദ്ധതികളോടൊപ്പം തന്നെ എന്തുകൊണ്ട് പുതിയ സാങ്കേതിക മേൻമയുള്ള ചെറിയ പദ്ധതികളെക്കുറിച്ച് ആലോചിച്ചുകൂടാ? എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽപ്പെട്ട കുമ്പളങ്ങിയിൽ ഞങ്ങൾ ഒരു ഉപ്പുവെള്ള സംസ്ക്കരണ ശുദ്ധജല പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 10 ലക്ഷം രൂപയാണ് ആ മെഷീന്റെ വില. 20,000 ലിറ്റർ വരെ വെള്ളമുണ്ടാക്കാൻ കഴിയും. ഒരു ദിവസം 500 രൂപയോളം ചെലവാകും. പഞ്ചായത്ത് അത് ഏറ്റെടുത്തിരിക്കുന്നു. ഒന്നോ രണ്ടോ വാർഡുകൾക്ക് മതിയാകും. ഫിഷറീസ് വകുപ്പ് ഇങ്ങനെ പലതും നിർമ്മിക്കാൻ പോകുന്നു. അതുപോലെ തന്നെ ബഹുമാന്യനായ ജലസേചന വകുപ്പുമന്ത്രി തന്നെ നമ്മുടെ മഴവെള്ള പദ്ധതിയ്ക്ക് മുൻകയ്യെടുത്തു. ഏറ്റവും ശുദ്ധമായ ജലം ലഭിക്കുന്നത് മഴയിലൂടെയാണ്. കേരളത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. അത് മുഴുവൻ പാഴായിപ്പോകുന്നു. അത് സംരക്ഷിച്ചാൽ ഇപ്പോൾ ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ ഒരു നല്ല മഴ പെയ്താൽ രണ്ടാഴ്ചത്തേയ്ക്ക് വെള്ളം ശേഖരിയ്ക്കാൻ കഴിയും. ആ റെയിൻ വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

ഹാർവെസ്റ്റിംഗ് പദ്ധതി വ്യാപകമാക്കിയാൽ നമ്മുടെ തീരപ്രദേശത്ത് വലിയ മാറ്റം ഉണ്ടാക്കാൻ കഴിയും. ഏതായാലും ഇതിന് വാട്ടർ അതോറിറ്റി തന്നെ മുൻകയ്യെടുത്തിട്ടുണ്ട്. നമ്മുടെ വാട്ടർ അതോറിറ്റിയെ ഒന്നു ശരിയാക്കി എടുക്കണ്ടേ, പലപ്പോഴും ഇരുപത്തിയഞ്ചു ശതമാനത്തിലധികം വെള്ളം പാഴായിപ്പോകുന്നു. പലപ്പോഴും പണത്തിന്റെ ദൗർലഭ്യം കൊണ്ട് അവർക്ക് മെയിന്റനൻസ് വർക്ക് നടത്താൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ വാട്ടർ അതോറിറ്റിയെ കുറച്ചുകൂടി സാമ്പത്തികമായി സഹായിക്കാനും—നമ്മുടെ പഞ്ചായത്തുകൾ പലതും പണം കൊടുക്കുന്നില്ല, അതാണ് വേറൊരു ബുദ്ധിമുട്ട്. പഞ്ചായത്തിലെ പൊതു ടാപ്പുകൾക്കുവേണ്ടി പണം കൊടുക്കേണ്ടതാണ്. പക്ഷെ പലപ്പോഴും പല കാരണങ്ങൾകൊണ്ട് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയ്ക്ക് കൊടുക്കേണ്ട പണം കൊടുക്കുന്നില്ല. ചിലപ്പോൾ പ്ളാനിലൊക്കെ പെടുത്തി ചില ഡൈവേർഷൻസ് നടക്കുന്നു. എന്നല്ലാതെ ഉണ്ടാക്കുന്ന വെള്ളത്തിൽ അതിന്റെ പത്തിലൊന്നുപോലും വില വാങ്ങാൻ കഴിയാത്ത സാഹചര്യം നമ്മുടെ നാട്ടിലുണ്ട്. എങ്കിൽപ്പോലും വാട്ടർ അതോറിറ്റിക്ക് കൊടുത്ത ഈ ഭാരിച്ച ചെലവ് അല്ലെങ്കിൽ അതിന്റെ ഡെഫിഷ്യൻസി എങ്ങനെ പരിഹരിക്കാമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതാണ് എന്നാണ് എനിക്ക് പറയാനുള്ളത്. അല്ലെങ്കിൽ നമ്മുടെ പദ്ധതികൾക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതി ഉണ്ടാകും. അതുകൊണ്ട് ശുദ്ധജലവിതരണത്തിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്.

ശ്രീ. കെ. ബാബു: സർ, കൊച്ചിയിൽ ഈ സീവറേജ് പദ്ധതി തുടങ്ങിയിടത്തു തന്നെ നിൽക്കുകയാണ്. സീവറേജ് പദ്ധതി ആവിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് കൊച്ചിയിലെ സീവറേജ് പദ്ധതി ആരംഭിക്കണമെന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കൊച്ചി കോർപ്പറേഷൻ എറണാകുളം മുനിസിപ്പാലിറ്റിയായിരുന്ന കാലത്ത് ആരംഭിച്ച എൽ.ഐ.സി.-യുടെ ഫണ്ടഡ് പദ്ധതിയുണ്ട്. സീവറേജ് പദ്ധതി ഇന്ന് എം.ജി. റോഡും അതുപോലെ ഗാന്ധിനഗറിലെ ഒരു ചെറിയ പോർഷനും ജനറൽ ഹോസ്പിറ്റൽ റോഡുമല്ലാതെ ആ പദ്ധതി കവർ ചെയ്യുന്നില്ല. കോടിക്കണക്കിന് രൂപയുടെ പൈപ്പ് അടിയിൽ കുഴിച്ചിട്ടിരിക്കുന്നു. പലതിന്റേയും ലവലിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്ത് ഒരു റിവ്യു നടത്തണം. കൊച്ചി പോലുള്ള നഗരങ്ങളിൽ ആ സീവറേജ് വളരെ അത്യാവശ്യമാണ്. ഒന്ന് സെപ്റ്റിക് ടാങ്കുകളുടെ പൈപ്പ് പലതും വയ്ക്കുന്നത് കാനയിലോട്ടാണ്. സീവറേജ് വന്നാൽ ആ ഒരു ബുദ്ധിമുട്ട് മാറ്റിയെടുക്കാനും കൊതുകുശല്യം മാറ്റിയെടുക്കാനും നമുക്ക് കഴിയും. വെള്ളക്കെട്ട് ഒഴിവാക്കാൻ സാധിക്കും. കൊച്ചിപോലെ അനുനിമിഷം വികസിക്കുന്ന ഒരു നഗരം എന്നുള്ള നിലയ്ക്ക് കൊച്ചിയിലെ നിന്നുപോയ അഴുക്കുചാൽ പദ്ധതി എത്രയുംവേഗം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട ഇറിഗേഷൻ മിനിസ്റ്റർക്ക് കഴിയണം. മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ മൂന്നു കൊല്ലക്കാലംകൊണ്ട് കേരളത്തിലെ കുടിവെള്ള പദ്ധതികളുടെ റിവ്യൂ നടത്തി. നിന്നുപോയതോ, അല്ലെങ്കിൽ ഒരിക്കൽ നടക്കില്ല എന്ന് പ്രതീക്ഷിച്ച പദ്ധതികൾപോലും ആ റിവ്യൂവിലൂടെ അതിനൊരു പുതിയ ജനനം കൊടുക്കാൻ കഴിഞ്ഞു. ആ പദ്ധതി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒ.ഇ.സി.എഫ്. പദ്ധതിയെക്കുറിച്ച് എത്ര ആരോപണം വന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിന്നത്, ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. അതുപോലെതന്നെ എറണാകുളത്തിനുവേണ്ടിയുള്ള ഒരു വലിയ പദ്ധതികൂടി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. ഇന്നുള്ള നിലയ്ക്ക് നഗരം പുരോഗമിക്കുമ്പോൾ ഇപ്പോൾ നാം പൂർത്തിയാക്കുന്ന ഹഡ്കോ പദ്ധതിപോലും എറണാകുളത്തിന് മതിയാകില്ല എന്നതുകൊണ്ട് കൊച്ചി നഗരത്തിലേയ്ക്കുവേണ്ടി പുതിയ ഒരു ജലവിതരണ പദ്ധതി ആരംഭിക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് എനിയ്ക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ തൊഴിലാളി രംഗത്ത് കാര്യമായ പ്രതിസന്ധിയില്ല. അത് പല കാരണങ്ങൾ കൊണ്ടാണ്. തൊഴിലാളികൾ ഇന്ന് സമരത്തിന് എതിരാണ്. ഒരു തൊഴിലാളിയും സമരങ്ങളിലൂടെ ഫാക്ടറി പൂട്ടാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ പരമ്പരാഗത രംഗത്ത് ചിലതൊക്കെ തുടങ്ങിയിട്ടുണ്ട്. അത് കുറച്ചുകൂടി കാര്യക്ഷമമാക്കാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പ്രവാസി മന്ത്രിയെക്കുറിച്ച് ഒരു വാക്ക് പറയാതെ പോയാൽ അത് ശരിയാകുകയില്ല. അദ്ദേഹമാണ് ഈ വകുപ്പിന് ഒരു പേര് ഉണ്ടാക്കിയത്. "വല്ലഭന് പുല്ലും ആയുധമെന്നു" പറഞ്ഞതുപോലെ ഹസന്റെ കയ്യിൽ എന്തു കിട്ടിയാലും മോടിപിടിപ്പിക്കും എന്ന കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല, അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വകുപ്പിന് ബഡ്ജറ്ററി സപ്പോർട്ട് കുറവാണെങ്കിലും അദ്ദേഹം ഈ വകുപ്പ് നന്നായിട്ടുകൊണ്ടു നടക്കുന്നു, അദ്ദേഹത്തെക്കൂടി അഭിനന്ദിച്ചുകൊണ്ട് ഈ മൂന്നു മന്ത്രിമാരുടേയും ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ ഈ മൂന്നു വകുപ്പുകളുടേയും ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. തൊഴിൽ മേഖലയിൽ സമാധാനം കൈവരിയ്ക്കാൻ ഈ മൂന്നു വർഷക്കാലത്തെ ഐക്യജനാധിപത്യ മുന്നണിയുടെ പ്രവർത്തനം മൂലം കഴിഞ്ഞിട്ടുണ്ട്. തോട്ടം കശുവണ്ടി മേഖലകളിൽ സമാധാനാന്തരീക്ഷം കൈവരിക്കാൻ കഴിഞ്ഞു. മുൻ കാലഘട്ടങ്ങളിലെപ്പോലെ ഓണം നാളുകളിൽ ബോണസിന് വേണ്ടിയുള്ള സമരങ്ങൾ നടക്കാത്തതും ഈ തൊഴിലാളികളോടുള്ള സ്നേഹം പ്രകടിപ്പിക്കൽ കൊണ്ടുതന്നെയാണ് അഭ്യസ്തവിദ്യരായിട്ടുള്ള നിരവധി തൊഴിലന്വേഷകർ ഉള്ള നാടാണ് നമ്മുടെ സംസ്ഥാനം. അങ്ങനെയുള്ളവർക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, അതിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വളരെയധികം ആധുനികവൽക്കരിക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. ഡേറ്റാ കളക്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയതുവഴി, ഇന്റർനെറ്റിന്റെ സംവിധാനമുള്ളതുകൊണ്ട് ലോകത്ത് എവിടേയുമുള്ള ആളുകൾക്ക് ഇതിനെ സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. മറ്റ് എംപ്ളോയ്മെൻറ് എക്സ്ചേഞ്ചുകളെക്കൂടി അടിയന്തിരമായി കമ്പ്യൂട്ടറൈസ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് കൊടുത്ത് ഉദ്യോഗസ്ഥരെ എടുക്കുന്ന സമ്പ്രദായത്തിൽ ചില സ്ഥലങ്ങളിൽ അൽപസ്വൽപ പരാതികൾ ഉണ്ടായിട്ടുണ്ട്. അത് പൂർണ്ണമായും പരിഹരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മറ്റൊരു കാര്യം കശുവണ്ടി മേഖലയിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളാണ്. അതിന് ഇപ്പോഴും പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ദു:ഖകരമാണ്. കശുവണ്ടി ഫാക്ടറികൾ പലതും അടഞ്ഞുകിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു കശുവണ്ടി ഫാക്ടറി ഇടക്കാലത്ത് തുറന്നെങ്കിലും വീണ്ടും പൂട്ടുകയുണ്ടായി. വളരെ അടിയന്തിരമായി ഓണത്തിന് മുമ്പെങ്കിലും കശുവണ്ടി ഫാക്ടറികൾ തുറക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മറ്റൊരു വകുപ്പാണ് 'നോർക്ക' വകുപ്പ്. അതിനെ സംബന്ധിച്ചിടത്തോളം വലിയൊരു പ്രതീക്ഷ പ്രവാസികളുടെ ഇടയിൽ ഉണ്ടായിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. വിദേശത്ത് ജോലി ചെയ്യുന്ന കേരളത്തിലെ എത്രയോ ആളുകളെ നമുക്കറിയാം. നമ്മുടെ കേരളത്തിൽനിന്നും പതിനൊന്നര ലക്ഷം ആളുകൾ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നു. അതിൽ 10.85 ലക്ഷം ആളുകൾ ഗൾഫിലാണ്. ബാക്കി 55,600 പേർ മറ്റ് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നു. ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരുള്ള, തൊഴിലവസരങ്ങൾ കുറവുള്ള ഈ നാട്ടിലെ ആളുകൾക്ക് അഭയമെന്ന് പറയുന്നത് വിദേശ രാജ്യങ്ങളാണെന്ന കാര്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അങ്ങനെയുള്ള സന്ദർഭത്തിൽ വിദേശത്തുപോകുന്ന തൊഴിലന്വേഷകർക്ക് നിരവധി പ്രശ്നങ്ങളെ നേരിടേണ്ടി വരുന്നുണ്ട്. പണ്ട് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ജനസംഖ്യയുടെ കാര്യത്തിലും കുറേയധികം പരിമിതികൾ വിദേശ രാജ്യങ്ങളിലുണ്ടായിരുന്നു. ഇപ്പോൾ അതിനൊക്കെ മാറ്റം വന്നു. ഏഷ്യൻ രാജ്യങ്ങളിൽനിന്നും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും നിരവധി തൊഴിലന്വേഷകർ വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ എത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ അവിടെയൊക്കെ മണ്ണിന്റെ വാദം ഇപ്പോൾ ഉയർന്നുവരികയാണ്. വിദേശരാജ്യങ്ങളിൽ ഇന്ത്യയൊഴികെയുള്ള മറ്റ് രാജ്യങ്ങളിൽനിന്നും തൊഴിലന്വേഷകർ വരുന്നതുകൊണ്ട് ഇവിടെനിന്നും പോകുന്ന തൊഴിലന്വേഷകർക്ക് വലിയ ഭീഷണിയുണ്ടായിരിക്കുകയാണ്. അതുകൊണ്ട് അവിടെയുള്ള മലയാളികൾക്ക് കഴിവിന്റെ പരമാവധി സഹായം ചെയ്തുകൊടുക്കാൻ നമ്മുടെ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അതിന് കുറേയെങ്കിലും നല്ല നിലയിലുള്ള സാഹചര്യമൊരുക്കാൻ നമ്മുടെ പ്രവാസി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. എനിക്ക് നേരിട്ടറിയാവുന്ന കുറേ സംഭവങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിലും പരിസരത്തുമുള്ള പല ആളുകളും വിദേശരാജ്യങ്ങളിൽ വച്ച് മരിച്ച സന്ദർഭത്തിൽ, അവരുടെ ഡെഡ്ബോഡി കേരളത്തിൽ കൊണ്ടുവരാൻ ഈ വകുപ്പ് നല്ല നിലയിലുള്ള പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. അതുപോലെ കേസ്സുകളിൽപ്പെട്ട് ഗൾഫ് രാജ്യങ്ങളിൽ കുടുങ്ങിയ നിരവധിയാളുകളെ, കുറ്റവിമുക്തരാക്കി നാട്ടിൽ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ പ്രവാസികൾക്കുവേണ്ടി നിരവധി ക്ഷേമപദ്ധതികളും അവർക്ക് പെൻഷൻ കൊടുക്കുന്ന പദ്ധതികളും അവർ തിരിച്ച് നാട്ടിൽ വരുമ്പോൾ അവർക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ പദ്ധതികളും അതുപോലെ പ്രവാസിയുമായി ബന്ധപ്പെട്ട ഭൂമി സംബന്ധമായ വിഷയങ്ങളിൽ അവർക്ക് സഹായം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് കൊടുക്കുന്ന പദ്ധതികളും ഇലക്ട്രിസിറ്റി സംബന്ധമായ വിഷയങ്ങൾ വരുമ്പോൾ അവരെ സഹായിക്കുന്ന പദ്ധതികളുമടക്കം നിരവധി പദ്ധതികൾ ഈ പ്രവാസികൾക്കുവേണ്ടി ചെയ്യുന്നുണ്ട് എന്നത് അംഗീകരിക്കാതിരിക്കാൻ സാദ്ധ്യമല്ല. ആരെങ്കിലുമൊക്കെ ഞങ്ങളെ നോക്കുന്നുണ്ട്, ഞങ്ങളുടെ കാര്യങ്ങൾ ഗൗരവമായി എടുക്കുന്നുണ്ട് എന്നുള്ള വലിയ ചിന്ത അവർക്ക് നൽകാൻ ഈ പ്രവാസി വകുപ്പ് രൂപീകരിച്ചതിനുശേഷം കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഞാൻ അഭിമാനപൂർവ്വം ഓർക്കുകയാണ്.

ജലസേചന വകുപ്പിനെ സംബന്ധിച്ചിടത്തോളം, കുറേ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് ജപ്പാൻ കുടിവെള്ള പദ്ധതി. അതിന് 150 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. 45 ലക്ഷം ആളുകൾക്ക് കുടിവെള്ളം കൊടുക്കാൻ കഴിയുന്ന ഒരു വലിയ പദ്ധതി നടത്തിപ്പുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ലോക ബാങ്കിന്റെ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടു പോകുകയാണ്. നമ്മുടെ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും ശുചീകരണത്തിന്റെ ഭാഗമായി ഒട്ടേറെ നടപടികളുമായി മുന്നോട്ടു പോകുന്നുണ്ട് എന്നുള്ളത് എടുത്തു പറയേണ്ട കാര്യങ്ങളാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ട് എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. നമുക്ക് പൈതൃകമായി ലഭിച്ച ജലസമ്പത്ത്, അത് നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായാൽ അതിനെ ശക്തമായ നിലയിൽ ചെറുത്തു തോൽപ്പിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. അവനവന്റെ കിണറ്റിൽ വെള്ളം വറ്റുമ്പോൾ മാത്രം ആശങ്കയുണ്ടാകുകയും പൊതുവായി വെള്ളം വറ്റുമ്പോൾ യാതൊരു പ്രശ്നവുമില്ലാത്ത നമ്മുടെ സാധാരണ ജനങ്ങളുടെ മനോഭാവത്തിനും മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ കാലഹരണപ്പെട്ട നിയമത്തിന്റെ ഊരാക്കുടുക്കുകളിൽ നിന്നും രക്ഷിക്കാനും അവയെക്കുറിച്ച് പുനരവലോകനം ചെയ്യാനും നടപടിയുണ്ടാകണം. നമ്മുടെ നദികൾ വരളുന്ന സന്ദർഭത്തിൽ, കുടിവെള്ളത്തിന് രൂക്ഷത അനുഭവപ്പെടുന്ന സന്ദർഭത്തിൽ അഴിക്കാൻ പറ്റാത്ത നിയമമാണെന്നു പറഞ്ഞുകൊണ്ട്, ആ പദ്ധതികളെ സംബന്ധിച്ചിടത്തോളം പുനരവലോകനം ചെയ്യാതെ വരികയും അതിനെ സംബന്ധിച്ചിടത്തോളം മറ്റ് മാർഗ്ഗങ്ങൾ തേടാതിരിക്കുകയും ചെയ്യുന്നത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതുപോലെതന്നെ ഏതെങ്കിലുമൊക്കെ കാരണത്തിന്റെ പേരിൽ നമ്മുടെ ജലസമ്പത്ത് ചൂഷണം ചെയ്യുന്നുണ്ടെങ്കിൽ അതിനെ അതിശക്തമായി നേരിടാനുള്ള സാഹചര്യം ഒരുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പുന്നപ്പുഴയ്ക്ക് കുറുകെ തമിഴ്നാട് അണകെട്ടുന്നതായ ഒരു സംഭവം ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. പന്നിയാർ പുന്നപ്പുഴ കരാറിന്റെ മറവിൽ മലപ്പുറം-കോഴിക്കോട് ജില്ലകളിലൂടെ ഒഴുകുന്ന പ്രധാന പോഷകനദിയായ പുന്നപ്പുഴയ്ക്ക് കുറുകെ തമിഴ്നാട് അണകെട്ടി പുന്നപ്പുഴയിലൂടെ ഒഴുകുന്ന വെള്ളം തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനെക്കുറിച്ച് പല തരത്തിലുള്ള റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അതിനെ വളരെ ഗൗരവത്തോടുകൂടി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിലവിലുള്ള ജലസമ്പത്ത് നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം അതിരൂക്ഷമായ വരൾച്ച ഉണ്ടായ സന്ദർഭത്തിൽ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കുറേയധികം നടപടികൾ സ്വീകരിക്കുകയുണ്ടായി. അത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞു. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പല മേഖലകളിലും നല്ല നിലയിലുള്ള പ്രവർത്തനം കാഴ്ചവച്ചു. ചില മേഖലകളെ സംബന്ധിച്ചിടത്തോളം വർഷകാലം വന്നതോടുകൂടി പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള മേഖലയിലെ ഉദ്യോഗസ്ഥൻമാർക്ക് ശക്തമായ നിർദ്ദേശങ്ങൾ കൊടുക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൈപ്പ് ഇടുന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ അനുവാദം കൊടുക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയപരമായ കാരണങ്ങളാലായിരിക്കാം ഒരു പക്ഷേ അതിന് അനുവാദം കൊടുക്കാതിരുന്നത് എന്ന് ഞാൻ മനസ്സിലാക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പൂമംഗലം പഞ്ചായത്തിൽ വാട്ടർ അതോറിറ്റി പൈപ്പുകളിട്ട് ടാപ്പുകൾ സ്ഥാപിക്കാൻ തയ്യാറായെങ്കിൽപ്പോലും പഞ്ചായത്ത് കൺസെന്റ് കൊടുക്കാത്തതുകൊണ്ട് വാട്ടർ ടാപ്പ് സ്ഥാപിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഇത് പരിഹരിക്കേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിയും വകുപ്പും ഇടപെട്ട് അടിയന്തിരമായി പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

രാഷ്ട്രീയപരമായ കാര്യങ്ങൾ ഇവിടെ പല സുഹൃത്തുക്കളും സൂചിപ്പിക്കുകയുണ്ടായി. വളരെ നല്ല നിലയിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഭരണം നടത്തിക്കൊണ്ടിരുന്ന സന്ദർഭത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ, ചില ആഭ്യന്തരപ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ കഴിഞ്ഞില്ല. ഇവിടെ ഒരിക്കലും ഐക്യജനാധിപത്യമുന്നണിക്ക് ഒരു തകർച്ചയും ഉണ്ടായിട്ടില്ലെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ കണക്കുകൾ പരിശോധിക്കുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. ഇവിടെ ഒരു തരത്തിലുള്ള വിജയവും എൽ.ഡി.എഫ്.-ന് ഉണ്ടായിട്ടില്ല. എൽ.ഡി.എഫ്.-ന് വിജയത്തിൽ പരാജയമുണ്ടായിരിക്കുകയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ. അവർ പൂർണ്ണമായും വിജയത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്. രാഷ്ട്രീയപരമായി തോറ്റിരിക്കുകയാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, മൂവാറ്റുപുഴ എന്നീ പാർലമെന്റ് മണ്ഡലങ്ങളിൽ 1999-നേക്കാൾ 89,892 വോട്ടിന്റെ കുറവ് അവർക്കുണ്ടായിരുന്നു. കേരളത്തിന്റെ വ്യാപകമായ സ്ഥിതി പരിശോധിച്ചാൽ 1999-നേക്കാൾ 36,463 വോട്ടിന്റെ ചോർച്ചയുണ്ടായിട്ടുണ്ട്. അത് എന്തുകൊണ്ടാണെന്ന് പരിശോധിക്കാനുള്ള ധാർമ്മികമായ ബാദ്ധ്യത ഇടതുപക്ഷ മുന്നണിക്കുണ്ട്. അവരത് വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യണം. സി.പി.എം.-ന്റെ പോളിറ്റ് ബ്യൂറോ തന്നെ കൂടിയിരുന്ന് ഇതിനെപ്പറ്റി ചർച്ച നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ വോട്ടിന്റെ കാര്യത്തിൽ ചോർച്ച ഉണ്ടായിട്ടുണ്ട്, മരവിപ്പുണ്ടായിട്ടുണ്ട് എന്ന് പറയുകയുണ്ടായി. പാലായിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ 10,000 വോട്ടിന്റെ കുറവുണ്ടായിട്ടുണ്ട്. ഇരിങ്ങാലക്കുടയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ കാര്യമായ ഒരു നേട്ടവും ഉണ്ടായിട്ടില്ല. യു.ഡി.എഫ്.-ന്റെ ചിലയാളുകൾ മരവിച്ചിരുന്നു, വോട്ടുചെയ്യാൻ പോയില്ല എന്നതൊഴിച്ചാൽ ഒരു കുറവും ഇവിടെ ഉണ്ടായിട്ടില്ല. ഇവിടെ ശക്തമായ UDF മുന്നേറ്റം നടക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങളെ രക്ഷപ്പെടുത്തിയ—വിഭാഗങ്ങൾ, വർഗ്ഗീയ കൂട്ടുകെട്ടുകൾ കൊണ്ട് ഉണ്ടായ വിഭാഗമാണ്, ഇതുകൊണ്ടു മാത്രമാണ് എൽ.ഡി.എഫ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വിജയം നേടിയത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: ശുദ്ധജലവിതരണവും ശുചീകരണവും, ജലസേചനം, തൊഴിലും തൊഴിൽക്ഷേമവും തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. നമ്മുടെ ജലസേചന മേഖലയെയും കുടിവെള്ള മേഖലയെയും കഴിഞ്ഞ മൂന്ന് വർഷക്കാലം കൊണ്ട് വളരെ ശക്തമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം 44 നദികളുണ്ട്. ഈ 44 നദികളുടെ സങ്കല്പത്തിൽ ഏറ്റവും കൂടുതൽ ജലലഭ്യതയുള്ള ഒരു സംസ്ഥാനമായിട്ടാണ് നമ്മുടെ നാടിനെക്കുറിച്ച് അറിയപ്പെടുന്നത്. അതുകൊണ്ടാണ് അടുത്തകാലത്ത് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ്, (എൻ.ഡി.എ. ഗവൺമെന്റ്) നദികളെ തമ്മിൽ സംയോജിപ്പിക്കുന്ന പദ്ധതി, പമ്പാ-വൈപ്പാർ, അച്ചൻകോവിൽ-വൈപ്പാർ പദ്ധതിയുടെ ഭാഗമായിട്ടൊക്കെ തന്നെ കേരളത്തിലെ ജലം ഒഴുക്കികൊണ്ടുപോകാനുള്ള ശ്രമമൊക്കെ നടത്തിയത്. ഈ നദികളിലെ ജലം യഥാർത്ഥത്തിൽ ഉപയോഗിക്കാൻ കഴിയുന്നുണ്ടോ എന്നുള്ള ഒരു പരിശോധന നടത്തേണ്ട ഒരു കാലഘട്ടമാണ്. ഈ 44 നദികളിലെയും ജലമെടുത്ത് പരിശോധിച്ച് നോക്കിയാൽ കാവേരിയും നർമ്മദയും പോലുള്ള നദികളിലെ ജലം പോലും നമുക്ക് മൊത്തം കിട്ടാറില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. എല്ലായിടത്തും ജലമുണ്ടെങ്കിലും ആവശ്യത്തിന് കുടിക്കാൻ ജലമില്ലാത്ത സാഹചര്യത്തിലേയ്ക്ക് എത്തിക്കുന്ന സാഹചര്യമാണ് നമ്മുടെ നാട്ടിലുണ്ടായികൊണ്ടിരിക്കുന്നത് ഇക്കാര്യം വളരെ ഗൗരവമായിട്ട് കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമുക്കുള്ള 44 നദികളെ സംരക്ഷിക്കാൻ വളരെ ഫലപ്രദമായ സംവിധാനം നമുക്ക് ഉണ്ടായേ മതിയാകൂ. ചാലിയാർ, പെരിയാർ, ഭാരതപ്പുഴ, പമ്പ തുടങ്ങിയ നദികളെല്ലാം മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മൾ പലപ്പോഴും ചർച്ച ചെയ്തതാണ് കര ഇടിഞ്ഞ് നദികൾ ഇല്ലാതായികൊണ്ടിരിക്കുകയാണ്. നദികളെ സംരക്ഷിക്കാനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ ഭാഗത്ത് നിന്ന് വളരെ കാര്യക്ഷമമായി ഉണ്ടാകുന്നുണ്ടെങ്കിലും അതിനുള്ള സാമ്പത്തികമായ സൗകര്യങ്ങൾ കിട്ടുന്നില്ലെന്നുള്ള യാഥാർത്ഥ്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഇത് വളരെ ശക്തമായി നമുക്കറിയാം. നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയിൽ പല പ്രാവശ്യം ചർച്ച ചെയ്തതാണ്. പമ്പാ-അച്ചൻകോവിലിൽനിന്നും വെള്ളം ചോർത്തുന്നതിന്റെ ഭാഗമായിട്ട് കാട്ടിലൊക്കെ പോയി പരിശോധിച്ചതാണ്. പക്ഷേ കേരളത്തിന്റെ വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

ചോർത്തുന്നുവെന്ന സങ്കൽപ്പത്തിനപ്പുറത്തായി നമ്മുടെ ജലം നമുക്ക് സംരക്ഷിക്കാൻ കഴിയണം. അതുപോലെ തന്നെ മഴവെള്ളം സംഭരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി വളരെ ശക്തമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ മഴ കിട്ടുന്ന നമ്മുടെ നാട്ടിൽ നദികളെപ്പോലെതന്നെ മഴവെള്ളവും ഒലിച്ച് കടലിലേയ്ക്ക് പോകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇതൊന്നും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. അതുകൊണ്ട് മഴവെള്ളം സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള 'വർഷ' പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനുള്ള നടപടികൾ നമ്മുടെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കുടിവെള്ള മേഖലയിൽ വളരെ ശാസ്ത്രീയമായ പ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരുപാട് പദ്ധതികൾ നമ്മൾ പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് കൊല്ലക്കാലമായി കുടിവെള്ള രംഗത്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും ഒരുപാട് പദ്ധതികൾ പൂർത്തീകരിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ പേഴ്സണലായി മോണിറ്റർ ചെയ്യുന്നുണ്ട്. പലപ്പോഴും വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്ന്, നമുക്കറിയാം ചുവപ്പുനാടയുടെ കുരുക്കുകൾ ഏറ്റവും ശക്തമായി നിൽക്കുന്ന ഒരു ഡിപ്പാർട്ടുമെന്റ് വാട്ടർ അതോറിറ്റിയാണ്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ അങ്ങേയ്ക്കറിയാം, ഹഡ്കോയുടെ സഹായത്തോടെ തുടങ്ങിയ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട പദ്ധതിയൊന്നും എങ്ങും എത്താതെ നിൽക്കുകയാണ്. രണ്ട്-രണ്ടര വർഷക്കാലം കഴിഞ്ഞു. ഇതിന് പലപ്പോഴായി ഉദ്യോഗസ്ഥൻമാരെ കണ്ടാൽ ഇതിന്റെയൊക്കെ സാങ്കേതികത്വത്തിന്റെ നൂലാമാലകളാണ്. ഇതിന്റെ ഓരോ ഘട്ടത്തിലുമുള്ള കാലതാമസങ്ങൾ, ഒരു പദ്ധതി തുടങ്ങി കഴിഞ്ഞാൽ 10 കൊല്ലം കഴിഞ്ഞാലും പൂർത്തിയാകാതെ നാട്ടിലെ ജനങ്ങൾ എത്രകാലം കാത്തിരിക്കും? മാത്രമല്ല ഇതിന്റെ കോസ്റ്റൊക്കെ ഓരോ ഘട്ടത്തിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട അംഗം, നദികൾ സംരക്ഷിക്കണമെന്ന വികാരത്തോട് ഞാനും യോജിക്കുകയാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് തയ്യാറാക്കിയിട്ടുള്ള പുതിയ മണൽവാരൽ നിയമത്തിൽ മണൽ വാരി കൊണ്ടുപോകുന്നതിന്റെ ഭാഗമായി നദികളുടെ തീരം ഇടിയുകയും നദികൾ നാശോൻമുഖമായി മാറുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇത് പരിഹരിക്കാൻ ആ ബില്ലിൽ തന്നെ വ്യവസ്ഥ ചെയ്യുന്നത് ഈ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി നദീതടം സംരക്ഷിക്കാനാവശ്യമായ നടപടി ഉണ്ടാകുമെന്നാണ്. ബഹുമാനപ്പെട്ട അങ്ങേയ്ക്കറിയാം, സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്തതാണ്. 60 കോടിയിൽപരം രൂപ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ഭാഗമായി കെട്ടികിടക്കുകയാണ്. ആ പണം ഇപ്പോൾ വകുപ്പുകൾ തമ്മിലുള്ള തർക്കത്തിന്റെ ഭാഗമായി നദികൾ സംരക്ഷിക്കാൻ കഴിയുന്നില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായിട്ടും അത് നമ്മൾ ചർച്ച ചെയ്തതാണ്. ഞാൻ അത് നേരത്തെ സൂചിപ്പിച്ചതാണ്. നദികൾ സംരക്ഷിക്കാൻ വേണ്ടിയുള്ള ഫണ്ടിന്റെ അപര്യാപ്തത ഇറിഗേഷൻ വകുപ്പിനുള്ളത് പരിഹരിക്കത്തക്ക രീതിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തേണ്ടത് തന്നെയാണ് എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിലുള്ള എന്റെ അഭിപ്രായമെന്നതിൽ സംശയമില്ല. ഞാൻ സൂചിപ്പിക്കുന്നത്, കുടിവെള്ള പദ്ധതിയുടെ കാര്യമാണ്. ഈ പദ്ധതികൾ ഇഴഞ്ഞിഴഞ്ഞ് പോകുന്നത് ഒഴിവാക്കാൻ നടപടിയെടുക്കണം. ബഹുമാനപ്പെട്ട മന്ത്രി ടി. എം. ജേക്കബിനറിയാം, കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്നും, എത്ര വേഗത്തിൽ ചെയ്യണമെന്നും അറിയുന്ന ഒരു മന്ത്രിയാണ്. ശുദ്ധജല വിതരണ പദ്ധതിയുടെ കാര്യത്തിൽ ആലപ്പുഴയുടെ സാഹചര്യം നമുക്കെല്ലാവർക്കുമറിയാം. ഫ്ളൂറൈഡ് കണ്ടന്റ് ഏറ്റവും കൂടുതലുള്ള പ്രദേശമാണ്. അവിടുത്തെ കുടിവെള്ളം മോശമാണെന്ന് വാട്ടർ അതോറിറ്റി തന്നെ അവരുടെ രേഖയിൽ വെളിപ്പെടുത്തിയതാണ്. ഇതിനുവേണ്ടി ദീർഘമായ സമരം നടത്തിയിട്ടാണ് കാര്യങ്ങളൊക്കെ പ്രഖ്യാപിച്ചതും നടപടി തുടങ്ങിയതും. ഇപ്പോൾ അതൊന്നും പൂർത്തീകരിക്കാൻ കഴിയുന്നില്ല, നമ്മുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്നില്ല എന്നുവന്നത് ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്നുവെന്നുമുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഓരോ ശുദ്ധജല വിതരണ പദ്ധതിയെയും ക്ലോസ് മോണിറ്റർ ചെയ്യാൻ ഒരു പ്രത്യേക സംവിധാനമുണ്ടാക്കാൻ തയ്യാറാകണം. എന്താണ് അവിടെ നടക്കുന്നത്; പദ്ധതിയിൽ ചെറിയ ചെറിയ തടസ്സങ്ങളുണ്ടാകുമ്പോൾ അവ പരിഹരിക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് നോക്കാൻ ഒരു ക്ലോസ് മോണിറ്ററിംഗ് സിസ്റ്റം ഓരോ ഡിപ്പാർട്ടുമെന്റ് തലത്തിലും അതുപോലെ മന്ത്രി തന്നെ നേരിട്ട് ഇടപെടുന്ന സ്കീമും ഉണ്ടാകണം. പ്രത്യേകിച്ച് ആലപ്പുഴയിലെ ഹഡ്കോ സ്കീമിന്റെ കാര്യത്തിൽ. ലോണിന്റെ കാര്യത്തിലൊക്കെ മാറ്റമുണ്ടെന്നാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അത് വ്യക്തമാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുളളത്. അതുപോലെതന്നെ നമ്മുടെ കുടിവെള്ള ചോർച്ച, പഴയ ജി.ഐ. പൈപ്പുകളാണ് ഇപ്പോഴും പല സ്ഥലത്തുമുള്ളത്. ഇതൊക്കെ കണ്ടാമിനേറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. കേരള ഹൗസിലെ മഞ്ഞപ്പിത്തത്തെക്കുറിച്ച് പറഞ്ഞു. അവിടെ വെള്ളത്തിലുണ്ടായ കണ്ടാമിനേഷനാണെന്ന് പറയുകയുണ്ടായി. കുടിവെള്ളത്തിലുണ്ടാകുന്ന മാലിന്യങ്ങൾ വളരെ top priority കൊടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റാൻ കഴിയുന്നില്ലെങ്കിൽ ഈ തലമുറയോട് ചെയ്യുന്ന വലിയൊരു ശാപമായിരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പഴയ പൈപ്പുകൾ പലയിടത്തും പൊട്ടിയൊലിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത് മാറ്റിയെടുക്കാൻ, പൈപ്പുകളെ റിവൈവ് ചെയ്യാൻ വേണ്ടിയുള്ള നടപടികളുണ്ടാകണം. ആലപ്പുഴയിലും പണ്ട് ചെയ്തതാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുളളത്, ക്ലീൻ ആലപ്പുഴ പ്രോജക്റ്റ് തുടങ്ങി ജലസേചനവകുപ്പ് ഏറ്റെടുക്കേണ്ട ചില പദ്ധതികൾക്ക് 5 കോടി രൂപ ഗവൺമെന്റ് ഇപ്രാവശ്യം ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. പക്ഷേ ഇത് നടപ്പിലാക്കുന്നതിന് വേണ്ടിയുളള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. അതിന് പ്രത്യേകമായ ഒരു സ്കീമുണ്ടാക്കുകയും അത് ഓരോന്നോരോന്നായി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ആലപ്പുഴയെ സംബന്ധിച്ച് അവിടുത്തെ കനാലുകൾ നന്നാക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പിന്റെ സഹായത്തോടെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അത് പൂർത്തിയാക്കാൻ പോവുകയാണ്. പക്ഷേ ആ കനാലുകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരുപാട് ഉൾനാടൻ ജലാശയങ്ങളും ചെറിയ ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

ഇടത്തോടുകളുമൊക്കെയുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ സംസാരിച്ചു. നമ്മുടെ കുളങ്ങൾ, ഗ്രാമീണ തലത്തിലുളള ചെറിയ ചെറിയ നദികൾ, ചെറിയ ചെറിയ പുഴകൾ ഇതൊക്കെ സംരക്ഷിക്കാനാവശ്യമായ ഫലപ്രദമായ നടപടികൾ ഉണ്ടാക്കുന്നില്ലെങ്കിൽ അതുപോലെ വയൽ നികത്തുന്നതിനുളള നടപടികൾ പരിപൂർണ്ണമായി നിരോധിക്കപ്പെടുന്നില്ലെങ്കിൽ, നമ്മുടെ നാട്ടിലെ വെള്ളത്തിന്റെ പ്രശ്നം, അതുപോലെ വരൾച്ചയുടെയും വെള്ളപ്പൊക്കത്തിന്റെയും പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിലൊക്കെ തന്നെ ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്ന് ഫലപ്രദമായ സഹകരണമുണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുളളത്. ചെറുകിട ജലസേചന പദ്ധതികളും വൻകിട ജലസേചന പദ്ധതികളും പരിശോധിച്ചു നോക്കിയാൽ, കല്ലട പദ്ധതിയായാലും പഴശ്ശി പദ്ധതിയായാലും അത് പൂർത്തിയാക്കാനെടുക്കുന്ന കാലയളവ് പരിശോധിച്ച് നോക്കിയാൽ, അതിന് ചെലവാകുന്ന തുക പരിശോധിച്ചാൽ സത്യത്തിൽ സംസ്ഥാനത്തിന് വലിയ ബാദ്ധ്യത വരുത്തികൊണ്ടിരിക്കുകയാണ്. കല്ലട പദ്ധതിയെക്കുറിച്ച് നമ്മൾ ഒരുപാട് തവണ ചർച്ച ചെയ്തതാണ്. ഉദ്ദേശലക്ഷ്യം ഉണ്ടായില്ലെന്ന് മാത്രമല്ല വമ്പിച്ച കോടികളാണ് ചെലവാക്കുന്നത്. നമ്മുടെ നാട്ടിലെ നെൽകൃഷിയെയും കർഷകരെയും സഹായിക്കാനും മറ്റ് ചെറിയ ജലസേചന പരിപാടികൾക്കുമായി ചെറുകിട ജലസേചന പദ്ധതികൾ വ്യാപകമായി പ്രോത്സാഹിപ്പിക്കാനാവശ്യമായ തുക ബഡ്ജറ്റിൽ ഇല്ലെന്നുളളത് ഖേദകരമായ കാര്യമാണ്. ഒരു ഘട്ടത്തിൽ ലോക്കൽ ബോഡീസിന് കൊടുത്തുകൊണ്ട് അത് എടുത്തു കളഞ്ഞതാണ്. അത് ഏതായാലും ഇറിഗേഷൻ വകുപ്പ് പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്ന് ശക്തമായ നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ജലസേചന വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം തുടരണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ മൂന്ന് കൊല്ലമായി തൊഴിൽ രംഗത്ത് സമാധാനമാണ്. സമാധാനപരമായ കാലഘട്ടത്തിന് നേതൃത്വം കൊടുക്കാൻ തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പക്ഷേ ചില പ്രശ്നങ്ങൾ ഇപ്പോഴുമുണ്ട്. ആലപ്പുഴ സ്പിന്നിംഗ് മിൽസ് അടച്ചുപൂട്ടിയിട്ട് എത്രയോ നാളുകളായി. അവിടുത്തെ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുളള ധിക്കാരപരമായ സമീപനമാണ് നൂറുകണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാക്കിയിരിക്കുന്നത്. പല പ്രാവശ്യം ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അങ്ങ് ഇതിൽ ഇടപെട്ട് പരിഹരിക്കാൻ ശ്രമിച്ചതുമാണ്. പക്ഷേ അവരുടെ മുട്ടാപോക്ക് നയംമൂലം ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടില്ല. അതിന് പരിഹാരമുണ്ടാക്കണം. അതുപോലെതന്നെ ഗൾഫ് മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുളള നടപടിയുണ്ടാകണം. ഒരു ഹെഡ് പോലുമില്ലാതെ ഈ വകുപ്പ് കൊണ്ടുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വളരെ ശാസ്ത്രീയമായി അദ്ദേഹം കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നു. ഗൾഫ് നാടുകളിൽ മരിച്ചുപോകുന്ന ആളുകളുടെ ഡെഡ്ബോഡി കൊണ്ടുവരുന്നതിന് 'നോർക്ക' വകുപ്പ് കാര്യമായി ഇടപെടുന്നുണ്ട്. പക്ഷേ ഇത് കൂടുതൽ ഫലപ്രദമാക്കാൻ ഡെഡ്ബോഡി പത്ത്-പതിനഞ്ച് ദിവസങ്ങൾക്ക് ശേഷം നാട്ടിലെത്തിക്കുന്നതിന് പകരം വളരെവേഗം എത്തിക്കാനുളള നടപടിയുണ്ടാകണം. ഇവിടെ തെരഞ്ഞെടുപ്പിന്റെ കാര്യമൊക്കെ പറഞ്ഞു, ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

വെള്ളപ്പൊക്കം, വരൾച്ച എന്നിവമൂലം കർഷകർ കഷ്ടപ്പെടുമ്പോൾ നമ്മുടെ മുഖ്യമന്ത്രി കർഷകർക്ക് വേണ്ടി മൊറട്ടോറിയം പ്രഖ്യാപിച്ചു. പക്ഷേ ഇപ്പോഴും ചില ബാങ്കുകൾ അത് അനുസരിക്കുന്നില്ല. ചെറുകിട കോ-ഓപ്പറേറ്റീവ് ബാങ്കുകൾ പോലും അനുസരിക്കുന്നില്ല. ബഹുമാനപ്പെട്ട സി.പി.എം. നേതാക്കൻമാർ ഇവിടെയുണ്ടല്ലോ? ഇൻഡ്യൻ എക്സ്പ്രസ്സിലെ ഇന്നലത്തെ വാർത്ത നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് വിശ്വസിക്കുകയാണ്. കണ്ണൂർ ജില്ലയിലെ കൃഷിക്കാരുടെ നേരെ ഇരട്ടത്താപ്പ് നയമാണ് സി.പി.എം. സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് ഇൻഡ്യൻ എക്സ്പ്രസ്സിലെ വാർത്ത. CPM ruled Banks hunting defaulting farmers.......... ഇതാണ് ഇൻഡ്യൻ എക്സ്പ്രസ്സിൽ പറഞ്ഞിരിക്കുന്നത്. ഒരു ഭാഗത്ത് കർഷകർക്ക് വേണ്ടി പറയുകയും മറുഭാഗത്ത് ജപ്തി ചെയ്തുകൊണ്ട് പോകാനും ജയിലിൽ അടയ്ക്കാനും സി.പി.എം. നയിക്കുന്ന കൊട്ടിയൂർ സർവ്വീസ് ബാങ്കും അതുപോലെയുള്ള മറ്റ് ബാങ്കുകളും നേതൃത്വം കൊടുക്കുന്നുവെന്ന വാർത്തയാണ് ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്നിരിക്കുന്നത്. എന്താണിതിന്റെ അർത്ഥം? നിങ്ങൾ കർഷകരുടെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്നു. ഞാൻ പറഞ്ഞുവന്നത് ഒറ്റ കാര്യമേയുള്ളു. സഹകരണ ബാങ്കുകൾ പോലും ഗവൺമെന്റിന്റെ മൊറട്ടോറിയം പ്രഖ്യാപനം പലപ്പോഴും നടപ്പിലാക്കപ്പെടാതെ നിൽക്കുകയാണ്. ഇത് ഗവൺമെന്റ് വ്യക്തമായിട്ട് നടപ്പിലാക്കണം. സി.പി.എം. ഇക്കാര്യത്തിൽ ഇരട്ടത്താപ്പ് നയം സ്വീകരിച്ചുവരികയാണ്. ഒരു ഭാഗത്ത് ഗ്രാമീണ ബാങ്കുകൾ കടം കൊടുക്കുമ്പോൾ മൊറട്ടോറിയം പ്രഖ്യാപിക്കും, കർഷക സംഘത്തിനെ കൊണ്ട് സമരം നടത്തിക്കും. മറുഭാഗത്ത് ഇവർ നയിക്കുന്ന ബാങ്കുകൾ റവന്യൂ റിക്കവറി പ്രൊസീഡിംഗ്സുമായി കോടതിയുടെ മുന്നിൽ പോവുകയാണ്. പാവപ്പെട്ട കർഷകനെ കോടതിയിലേയ്ക്ക് വലിച്ചുകയറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. കർഷകരെ സംരക്ഷിക്കുന്ന നയം ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകണം. മാർക്സിസ്റ്റ് പാർട്ടി നയിക്കുന്ന ബാങ്കുകളും ഇതിന് തയ്യാറാകണം. ഇക്കാര്യത്തിൽ ഏതായാലും നമ്മുടെ നാട്ടിലെ രണ്ട് മൂന്ന് സർവ്വീസ് മേഖലകളെ ബാധിക്കുന്ന ജലസേചനവും കുടിവെള്ള വിതരണവും ഗൾഫ് യാത്രക്കാരുടെ പ്രശ്നങ്ങളും തൊഴിൽ മേഖലയിലെ പ്രശ്നങ്ങളും അങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ നാട്ടിലുണ്ട്. ഞാൻ സമയം കുറവായതുകൊണ്ട് കൂടുതൽ പറയുന്നില്ല. ഗൾഫ് മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൾഫ് നാടുകൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്നുണ്ട്. കേരളത്തിനുവേണ്ടി ഒരുപാട് വിദേശപണം കൊണ്ട് തരുന്ന ആളുകളാണ് അവർ. കേരളത്തിന്റെ പ്രശ്നങ്ങൾക്ക് ഏറ്റവും കൂടുതൽ മുൻഗണന കൊടുത്ത് ശാശ്വതമായ ഒരു പരിഹാരം ഇതിനുണ്ടാക്കണം. യാത്രചാർജ് കുറയ്ക്കുമെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞു. പക്ഷേ ഫലപ്രദമായി നടപ്പിലാക്കിയില്ല. പുതിയ കേന്ദ്ര ഗവൺമെന്റിനെകൊണ്ട് ഇവരുടെ ഗൾഫ് യാത്രാകൂലി വെട്ടിക്കുറയ്ക്കാനുള്ള ശ്രമം നമ്മുടെ ഭാഗത്ത് നിന്നുണ്ടാകണം. എസ്.എസ്.എൽ.സി. ബുക്ക് അറ്റസ്റ്റ് ചെയ്യുന്ന പ്രശ്നം, അതിനുവേണ്ടി നമ്മുടെ നാട്ടിലെ പാവപ്പെട്ടവർ എന്തുമാത്രം കഷ്ടപ്പാടാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിനും സുതാര്യമായ നടപടിയുണ്ടാകണം. ഇക്കാര്യങ്ങളിലൊക്കെതന്നെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന് കഴിയുന്ന രീതിയിൽ പ്രവർത്തിക്കണം. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചു, ഒരു ബഡ്ജറ്റ് ഹെഡ്പോലും ഇല്ലെങ്കിലും ഈ വകുപ്പിനുവേണ്ടി പ്രവർത്തനം നടത്തുകയാണ്. അതിനെ കൂടുതൽ ശക്തിപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഈ മൂന്ന് ധനാഭ്യർത്ഥനകളെയും അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോണിനെല്ലൂർ : സർ, മൂന്ന് പ്രഗൽഭരായ മന്ത്രിമാർ അവരുടെ വകുപ്പുകൾക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. മൂന്ന് വകുപ്പുകളും കേരളത്തിലെ ജനങ്ങളെ മുഴുവൻ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളാണ്. ജലസേചന വകുപ്പ് ഈ കഴിഞ്ഞ മൂന്ന് വർഷക്കാലം വളരെ അഭിമാനകരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച ഒരു സാഹചര്യം നമുക്ക് കാണാൻ കഴിയും. കുടിവെള്ളക്ഷാമം ഏറ്റവും കൂടുതൽ ബാധിക്കുന്ന കേരളത്തിൽ ആ രംഗത്ത് വമ്പിച്ച ഒരു മുന്നേറ്റം കാഴ്ചവയ്ക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണിത്. നഗരപ്രദേശങ്ങളിൽ 79 ശതമാനം പേർക്കും ഗ്രാമ പ്രദേശങ്ങളിൽ 59 ശതമാനം പേർക്കും പൈപ്പിലൂടെ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞു എന്നുള്ള വളരെ അഭിമാനകരമായ ഒരു നേട്ടം കൈവരിച്ച ഗവൺമെന്റാണിത്. അതുപോലെ നമ്മുടെ സംസ്ഥാനത്തെ വാർഡുകൾ എടുത്തുപരിശോധിച്ചാൽ ഏതാണ്ട് 7643 വാർഡുകളിൽ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞു എന്ന ആശ്വാസം നിലനിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് 316 കുടിവെള്ള പദ്ധതികൾ ഇന്ന് നിലവിലുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ അഭിമാനകരമായ പ്രവർത്തനത്തിലൂടെ ഏതാണ്ട് 86 പദ്ധതികൾ പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിഞ്ഞു എന്ന് അഭിമാനത്തോടുകൂടി കാണുവാൻ കഴിയുമെങ്കിലും വളരെ ഗൗരവമായ ഒരു കാര്യം ബഹുമാന്യനായ മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾക്ക് ആവശ്യമായത് കുടിവെള്ളമാണ്. 316 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കണമെങ്കിൽ 2000 കോടി രൂപയിൽ അധികം ഇന്ന് ആവശ്യമായിട്ട് വരും. ഈ വകുപ്പിലേയ്ക്കുവേണ്ടി മാറ്റി വച്ചിരിക്കുന്ന തുക വളരെ കുറച്ചുമാത്രമാണ്. പല കാരണങ്ങളാൽ സാമ്പത്തിക പരാധീനതകളാൽ അത് പലപ്പോഴും ഫലപ്രദമായി നമുക്ക് വിനിയോഗിക്കാൻ കഴിയുന്നില്ല. എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ സംസ്ഥാനത്തെ കുടിവെള്ള പ്രശ്നം ഏറ്റവും മുന്തിയ പരിഗണന കൊടുത്തുകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കണമെന്നാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് റോഡുകളുണ്ടാക്കാൻ അതുപോലെ മറ്റ് പല കാര്യങ്ങൾക്ക് ബാങ്കുകളെ അല്ലെങ്കിൽ ധനകാര്യസ്ഥാപനങ്ങളെ ആശ്രയിച്ച് പണം കടമെടുക്കുന്നുണ്ട്. കുടിവെള്ള പദ്ധതികൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ധനസഹായം ബാങ്കുകളിൽനിന്ന് ലഭ്യമാക്കുന്നതിന് ഒരു പദ്ധതി അങ്ങ് ആവിഷ്ക്കരിക്കണം. ആ പദ്ധതിക്കുവേണ്ടി മുന്തിയ ഒരു പരിഗണന കൊടുത്തുകൊണ്ട് ഏത് ധനകാര്യസ്ഥാപനങ്ങളിൽ നിന്നാണെങ്കിലും അല്ലെങ്കിൽ ബാങ്കുകളിൽ നിന്നുതന്നെ ആണെങ്കിലും പണം ലഭ്യമാക്കിക്കൊണ്ട് ഈ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനം കൈക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാനം മഴയുടെ കാര്യത്തിൽ വളരെ

LIBRARY ARCHIVES Kerala Legislative Assembly

സുലഭമായ ഒരു സംസ്ഥാനമാണ്. ഏതാണ്ട് 3000 മില്ലീമീറ്റർ മഴ ലഭിക്കുന്ന സംസ്ഥാനം. 44 നദികൾ ഉണ്ടെങ്കിൽ പോലും ജല ദൗർലഭ്യം ഏറ്റവും കൂടുതൽ അലട്ടുന്ന ഒരു കാര്യമാണ്, വരൾച്ച വന്നാൽ വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് നമുക്ക് രണ്ടുമൂന്ന് കാര്യങ്ങൾ വളരെ അടിയന്തിരമായി ആലോചിക്കേണ്ടതായിട്ടുണ്ട്. മഴ വെള്ളം പരമാവധി തടഞ്ഞുനിർത്തി ജനങ്ങൾക്കും നാടിനും പ്രയോജനകരമായ രീതിയിൽ ഏതെങ്കിലും ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ കഴിയുമോ; ഇന്ന് നിലവിലുള്ള ഏതാനും പദ്ധതികളുണ്ട്. `വർഷ' പോലെയുള്ള പദ്ധതികൾ. അതിനെക്കാൾ ഉപരിയായി മഴ വെള്ളം സംഭരിച്ച് പിന്നീട് ഉപയോഗിക്കുന്ന വിധത്തിൽ ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാന്യനായ മന്ത്രി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 1992-ലാണ് കേരളത്തിൽ ഒരു ജല നയം രൂപീകരിച്ചത്. അതിനുശേഷം കാലങ്ങൾ എത്രയോ മാറി. അന്നത്തെക്കാൾ വ്യത്യസ്തങ്ങളായ സാഹചര്യങ്ങൾ, ഇന്ന് കൂടുതൽ കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ, വരൾച്ച പോലുള്ള പ്രശ്നങ്ങൾ വളരെയധികം വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് കാലഹരണപ്പെട്ടു കഴിഞ്ഞിരിക്കുന്ന ആ ജലനയം ഒന്നു മാറ്റി ഇന്നത്തെ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഒരു പുതിയ ജലനയം രൂപീകരിച്ച് പ്രഖ്യാപനം നടത്താൻ ഗവൺമെന്റ് തയ്യാറാകണം അതിന് മന്ത്രി തന്നെ നേതൃത്വം കൊടുക്കണം എന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. അന്തർ സംസ്ഥാന നദീ ജല കരാറുകളൊക്കെ നമ്മുടെ സംസ്ഥാനത്തിന് ഹാനികരമാണ്. മുല്ലപ്പെരിയാർ കരാർ 999 വർഷത്തെ കാലാവധി വച്ചുകൊണ്ടുള്ള കരാർ ആണെന്ന് ഈ നിയമസഭാ വേദികളിലും പുറത്തുമെല്ലാം സംസാര വിഷയമാണ്. ആ കരാർ നമ്മുടെ സംസ്ഥാനത്തിന് അങ്ങേയറ്റം ഹാനികരമാണ്. ആ കരാർ എന്ത് ചെയ്യണം, അത് അവസാനിപ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യമൊക്കെ ഗൗരവമായി ആലോചിക്കേണ്ടതാണ്. എനിക്ക് ഒരു കാര്യം മാത്രമാണ് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ നദീ ജല കരാറുകളൊക്കെ സംസ്ഥാനത്തിന് ഹാനികരമാണ്. മുല്ലപ്പെരിയാറിന്റെ കാര്യം ഞാൻ പറഞ്ഞു. പറമ്പിക്കുളം ആളിയാർ പദ്ധതി, പ്രത്യേക കാലാവധി ഒന്നും ഇല്ലെങ്കിൽ പോലും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ 30 വർഷം കൂടുമ്പോൾ വീണ്ടും പുനർ ചിന്തനത്തിന് വിധേയമാക്കാം അല്ലെങ്കിൽ പുതുക്കി വയ്ക്കാമെന്നൊക്കെയാണ്. പക്ഷേ അതൊന്നും ഫലപ്രദമായി നടക്കുന്നില്ല, അതുപോലെ ശിരുവാണി കരാർ 99 വർഷത്തെ കാലാവധി വച്ചുകൊണ്ടുള്ള ഒരു കരാർ ആണ്. ഈ മൂന്ന് കരാറുകളും കേരളത്തിന് വേണമോ? അത് എങ്ങനെ അവസാനിപ്പിക്കാമെന്നുള്ള കാര്യം ഗൗരവമായി ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, പാലക്കാട് ജില്ലയിൽ ഈ കഴിഞ്ഞ വേനൽ കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ടായപ്പോൾ ഭവാനി നദിയിൽ നിന്നുള്ള വെള്ളം നമുക്ക് ലഭ്യമാക്കാൻ വ്യവസ്ഥ യുണ്ടെങ്കിൽ പോലും അത് ലഭിക്കാതെ വന്ന സാഹചര്യങ്ങൾ ഉണ്ട്. മുക്കാലിയിൽ തടയണ ഉണ്ടാക്കുന്ന കാര്യങ്ങളൊക്കെ ഇവിടെ ധാരാളം ചർച്ച ചെയ്തതാണ്. ഒരു കാര്യം ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കട്ടെ. അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ട് പാലക്കാട് ജില്ലയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. അവിടെ കുടിവെള്ളം കൊടുക്കുവാൻ, ഒരു കാലത്ത് ഗവൺമെന്റ് ആലോചിച്ചു പിന്നീട് വേണ്ടെന്നു വച്ചു. അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ട് അടിയന്തിരമായി ഏറ്റെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ട് പോയാൽ പാലക്കാട് ജില്ലയിലെ അതിരൂക്ഷമായ ജല ദൗർലഭ്യം പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധ ആ കാര്യത്തിലേയ്ക്ക് ക്ഷണിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, അങ്ങ് ഒരു പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റാണ്. ഇവിടെ കോൺഗ്രസ് പാർട്ടിയുടെ പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങയുമായി അല്പം മുമ്പൊരു മല്ലയുദ്ധം നടത്തുന്നത് ഞങ്ങളൊക്കെ കാണുകയുണ്ടായി. അതുകൊണ്ട് ഈ മന്ത്രി സഭയുടെ കാലത്ത് അങ്ങയുടെ പാർട്ടി ഉണ്ടാകുമോ സർ?

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ വളരെ ഗൗരവമുള്ള കാര്യങ്ങൾ ഇവിടെ പറയുമ്പോൾ ഏതായാലും ഇതുപോലുള്ള പ്രവണതകൾ ഒന്നും ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ഇവിടെ കാഡയുടെ ഫാം റോഡ് പദ്ധതി എത്രയോ ആളുകൾക്ക് പ്രയോജനകരമായ ഒരു പദ്ധതിയാണ്. അങ്ങേയ്ക്കും അറിയാം. കാഡയിലൂടെ

12.00 Noon]

ഫാം റോഡുകൾ ഏറ്റെടുത്ത് ഒട്ടേറെ കൃഷിക്കാർക്ക് പ്രയോജനം ചെയ്യുന്ന ഒരു പദ്ധതി. കഴിഞ്ഞ വർഷം ഒരു പോരാട്ടത്തിന്റെ ഫല മായിട്ടാണ് ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രി അല്പം തുക ഇതിനുവേണ്ടി മാറ്റി വയ്ക്കാൻ തയ്യാറായത്. ഈ പ്രാവശ്യം ബഡ്ജറ്റിൽ തുക ഒന്നുമില്ല. ആ ഫാം റോഡുകൾ ഏറ്റെടുത്തത് രാമേശ്വരത്തെ ക്ഷൗരം പോലെ പൂർത്തീകരി ക്കാതെ കിടക്കുകയാണ്. അതൊക്കെ നമുക്ക് പൂർത്തീകരിക്കണ്ടേ? അതുകൊണ്ട് കാഡയുടെ ഫാം റോഡ് പദ്ധതിക്ക് ആ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കാനും പുതിയ വളരെ പ്രധാനപ്പെട്ട, കൃഷിക്കാർക്ക് വളരെ പ്രയോജനകരമായ ഫാം റോഡുകൾ ഏറ്റെടുക്കാനും വേണ്ടി അടിയന്തിരമായി കുറെ തുക സപ്ലിമെന്ററി ബഡ്ജറ്റിലെങ്കിലും മാറ്റിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞ മൈനർ ഇറിഗേഷന്റെ കാര്യം. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ധാരാളം ചർച്ചചെയ്തിരുന്നു. പുതിയ നിയമം, മീഡിയം ഇറിഗേഷൻ നിയമം വന്നു എന്നുള്ളതു കൊണ്ടു മാത്രമായോ? അതനുസരിച്ച് പദ്ധതികൾ ഏറ്റെടുക്കണമെങ്കിൽ പണം വേണം. അതുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോടുള്ള അഭ്യർത്ഥന, മീഡിയം ഇറിഗേഷൻ എന്ന പുതിയ നിയമത്തിലൂടെ കൊണ്ടു വന്ന ആ പദ്ധതി ഈ നാട്ടിലെ സാധാരണ കൃഷിക്കാരുടെ ഏറ്റവും പ്രയോജനകരമായ ഒരു പദ്ധതി എന്നുള്ള നിലയിൽ മീഡിയം ഇറിഗേഷന് കുറച്ചു തുക മാറ്റി വച്ചുകൊണ്ട് ഈ നാട്ടിലെ കൃഷിക്കാരെ സംരക്ഷിക്കുവാൻ തയ്യാറാകണമെന്നാണ്. ഇവിടെ തൊഴിൽ വകുപ്പിനെ സംബന്ധിച്ച ധാരാളം കാര്യങ്ങൾ പറയുവാനുണ്ടെങ്കിലും ഒരു കാര്യം മാത്രം പറയട്ടെ. അഭിമാനകരമായ പ്രവർത്തനം കാഴ്ച വച്ച വകുപ്പാണത്. തൊഴിൽ രംഗത്ത് ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്നു. ഈ നിയമസഭ പാസ്സാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമമാണ് ചുമട്ടു തൊഴിലാളി നിയമം. ഇവിടെ നാനാഭാഗത്തു നിന്നും എതിർപ്പുകളും അതുപോലെ ഏറെ ശ്ലാഘനീയമായ അഭിപ്രായ പ്രകടനങ്ങളും ഉണ്ടായ ഒരു നിയമമാണ്. ആ ചുമട്ടു തൊഴിലാളി നിയമം നടപ്പിലാക്കുവാൻ അങ്ങ് തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈ നാട്ടിൽ നിയമം പാസ്സാക്കിയാൽ മാത്രം പോര, ഇവിടെ 'ജിം' നടത്തി ആളുകളെ ആകർഷിക്കാൻ ഒട്ടേറെ പദ്ധതികളുമായി നാം മുന്നോട്ടു പോയി. ചുമട്ടു തൊഴിലാളി നിയമം പാസ്സാക്കിയ സാഹചര്യത്തിൽ അത് നടപ്പിലാക്കുവാൻ ബഹുമാന്യനായ തൊഴിൽ വകുപ്പു മന്ത്രിക്ക് ബാധ്യതയുണ്ട്. ചുമട്ടു തൊഴിലാളി നിയമം നടപ്പിലാക്കി ഈ നാട്ടിൽ സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടെന്നു വ്യവസായികളെയും കേരളത്തിൽ പണം മുടക്കാൻ തയ്യാറായി വരുന്ന ആളുകളെയും ബോധ്യപ്പെടുത്താനുള്ള ചുമതല ഈ ഗവൺമെന്റിനുണ്ട് എന്നു സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം അങ്ങേയറ്റം പുരോഗതിയിലേയ്ക്ക് കൊണ്ടുവരാൻ അങ്ങ് ആത്മാർത്ഥമായി പരിശ്രമിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ കണക്കുകളനുസരിച്ച് ഇന്ന് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം വളരെ വലുതാണ്. അത് ഒന്നു പുനഃപരിശോധിക്കണം. രജിസ്റ്റർ ചെയ്ത പല ആൾക്കാരും ഇന്ന് ഒട്ടേറെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണ്. തൊഴിലില്ലാത്തവരുടെ പട്ടികയിൽ ആ ആളുകൾ ഇപ്പോഴുമുണ്ട്. യഥാർത്ഥത്തിൽ ഇന്ന് തൊഴിലില്ലാത്തവർ എത്രയുണ്ട് എന്ന് കണക്കാക്കുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി അല്ലെങ്കിൽ ഏതെങ്കിലും ഏജൻസി വഴി ഒരു പദ്ധതി അങ്ങ് തയ്യാറാക്കണം. ഇവിടെ പെരുപ്പിച്ചു കാണിച്ച കണക്കുകളാണ് നമ്മൾ എപ്പോഴും എടുത്തു കാണിക്കുന്നത്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത, ജോലി ചെയ്യുന്ന ആളുകളെ എനിക്കറിയാം. മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഒട്ടേറെ ആളുകളുണ്ട്. അവരൊക്കെ തൊഴിലില്ലാത്തവരുടെ പട്ടികയിൽ ഉണ്ടെന്നു മാത്രമല്ല തൊഴിലില്ലായ്മ വേതനം പോലും പറ്റുന്ന ആ ദുഃസ്ഥിതി—ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അങ്ങേയറ്റം പരിചയ സമ്പന്നനാണ്—അങ്ങ് പരിശോധിക്കണം. ഇതുപോലുള്ള കാര്യങ്ങൾ ഇല്ലായ്മ ചെയ്യാൻ പറ്റും. യഥാർത്ഥത്തിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർ എത്രയുണ്ട് എന്നുള്ള കാര്യങ്ങളിൽ ഒന്നു പരിശോധിക്കണം. അങ്ങേയ്ക്കും അറിയാം. ലീവെടുത്ത് ഇവിടെ വന്ന് തൊഴിലില്ലായ്മ വേതനം വാങ്ങി പോകുന്ന ആളുകളുണ്ട്. വിദേശത്ത് പണിയെടുക്കുന്നവർ, രാജ്യത്തിന്റെ പല ഭാഗത്തും പണിയെടുക്കുന്നവർ. ഞാൻ തെളിവു തരാം. ഞാനിത് എല്ലാവർക്കും വേണ്ടി പറയുകയാണ്. അതുകൊണ്ട് വളരെ അടിയന്തിരമായി ഈ കാര്യത്തെ കുറിച്ച് ആലോചിക്കണം. അതുപോലെ ഇവിടെ പ്രവാസി വകുപ്പിനെ കുറിച്ച് ഒരു വാചകം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. പ്രവാസി വകുപ്പിന്റെ ചുമതലയുള്ള ബഹുമാന്യനായ എം.എം. ഹസ്സൻ ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ ഇവിടെ നമ്മുടെ സംസ്ഥാനത്ത് നിരവധി ആളുകൾ വിദേശത്തു ജോലി ചെയ്യുന്നു. പല സന്ദർഭങ്ങളിലും ആളുകൾ മരണപ്പെടുന്ന ദുഃഖകരമായ വാർത്ത കേൾക്കുന്നുണ്ട്. ആ മരണപ്പെടുന്ന ആളുകളുടെ മൃതദേഹം തിരിച്ചു കേരളത്തിൽ കൊണ്ടു വരാൻ നാം അനുഭവിക്കുന്ന കഷ്ടപ്പാട് എത്രയോ വലുതാണ്. അതുപോലെതന്നെ ഏതെങ്കിലും കുറ്റകൃത്യത്തിൽപെട്ട് അവിടെ തടവിൽ കഴിയുന്ന ആളുകൾ, അവരുടെ വിവരങ്ങൾ പോലും കിട്ടാതെ ഇവിടെ വീട്ടിലിരിക്കുന്ന ആളുകൾ വിഷമിക്കുന്ന സ്ഥിതി, ഇതിനൊക്കെ എന്തു ചെയ്യാൻ കഴിയും? ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഒരു വകുപ്പ് എന്നുള്ള നിലയിൽ തീർച്ചയായും

ഈ വകുപ്പിന്റെ പ്രവർത്തനം കുറെക്കൂടി ഊർജ്ജസ്വലമാക്കിക്കൊണ്ട് വിദേശങ്ങളിൽ അപകടങ്ങളിലും അതുപോലെ മറ്റു സാഹചര്യങ്ങളിലും മരണപ്പെടുന്ന ആളുകളുടെ മൃതദേഹം സമയബന്ധിതമായെങ്കിലും കേരളത്തിൽ എത്തിക്കുവാൻ ഇന്നുള്ള നൂലാമാലകൾ ഒരു പരിധിവരെയെങ്കിലും ലഘൂകരിച്ച് ആ ബോഡി ഇവിടെ കൊണ്ടു വരുവാൻ എന്തുനടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് ബഹുമാന്യനായ മന്ത്രി ഒന്ന് ആലോചിക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ മൂന്നു വകുപ്പുകൾക്കുമേൽ വരുന്ന ചെലവിലേക്കു വേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വളരെ പ്രഗത്ഭരായ മൂന്നു മന്ത്രിമാരുടെ നേതൃത്വത്തിൽ കേരളത്തിലെ മഹാ ഭൂരിപക്ഷം ജനങ്ങളെയും അവരുടെ ജീവിതത്തെയും ബാധിക്കുന്ന വളരെ പ്രാധാന്യമുള്ള ധനാഭ്യർത്ഥനകളാണിവ. കേരളത്തിൽ 5900 കി.മീ. ദൈർഘ്യമുള്ള കടലോരത്തെ കടൽഭിത്തികൾ നിർമ്മിക്കേണ്ടത് ജലസേചന വകുപ്പാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി കേരളത്തെ സംബന്ധിച്ച് ഇത്രമാത്രം രൂക്ഷമായ കടലാക്രമണം ഉണ്ടായ കാലഘട്ടം ഉണ്ടായിട്ടില്ല. നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്ത് പല തീരപ്രദേശങ്ങളിലും കടൽഭിത്തി കെട്ടുന്നതിന് വേണ്ടിയുള്ള ഗൗരവപൂർവ്വമായ നടപടികൾ ഉണ്ടായിട്ടില്ല എന്നുള്ളത് ഖേദപൂർവ്വം എടുത്തു പറയട്ടെ. കേരളത്തിന്റെ തീരമെന്നു പറയുന്നത് നമ്മുടെ മാത്രം അതിർത്തിയല്ല. സംസ്ഥാന അതിർത്തിയല്ല, ഇന്ത്യയുടെ അന്താരാഷ്ട്ര അതിർത്തിയാണ് നമ്മുടെ കടൽത്തീരം. അതുകൊണ്ട് ഇന്ത്യയുടെ അന്താരാഷ്ട്ര അതിർത്തിയായ കടൽത്തീരം സംരക്ഷിക്കുന്നതിനു വേണ്ടി ഇവിടെയുള്ള കടലാക്രമണത്തിന്റെ പേരിൽ നമ്മുടെ ദേശത്തിന്റെ ഒരു അതിർത്തി നഷ്ടപ്പെടുന്നു എന്നുള്ളതുകൊണ്ട്, അത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സത്വരമായ സാമ്പത്തിക സഹായം കേന്ദ്രത്തിൽ നിന്നും സംഘടിപ്പിക്കുന്നതിന് ബഹുമാന്യനായ ജലസേചന വകുപ്പു മന്ത്രി അടിയന്തിരമായി കേന്ദ്രത്തിൽ പോയി ശക്തമായി സമ്മർദ്ദം ചെലുത്തി ഈ വർഷം തന്നെ കടൽഭിത്തി കെട്ടുന്നതിനാവശ്യമായ പണം സ്വരൂപിക്കുവാൻ നടപടിയെടുക്കണമെന്ന് പ്രത്യേകം എടുത്തു പറയുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ ടെൻഡർ ചെയ്ത പല കടൽ ഭിത്തികളും നിർമ്മിച്ചിട്ടില്ല. ബഹുമാന്യനായ മന്ത്രി അടിയന്തിരമായി ഇടപെടണം. തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി, ഏങ്ങണ്ടിയൂർ, കൊടുങ്ങല്ലൂർ പ്രദേശങ്ങളിൽ പോലും വളരെ രൂക്ഷമായ കടലാക്രമണം ഉണ്ടായിക്കഴിഞ്ഞിട്ടും രണ്ടു മൂന്നു വർഷമായി ടെൻഡർ നടത്തിയ, കരാർ ഒപ്പിട്ട കടൽഭിത്തി നിർമ്മാണം ഇതുവരെ നടത്താതെ കരാറുകാർ ഒളിച്ചോടിക്കൊണ്ടിരിക്കുകയാണ്. ഇതിനെ കുറിച്ച് ഗൗരവപൂർവ്വമായ ഒരു അന്വേഷണം വേണം. ഉദ്യോഗസ്ഥതലത്തിൽ വരുത്തിയിട്ടുള്ള വീഴ്ചകളാണ് സമയബന്ധിതമായി ടെൻഡർ നടത്തിയ കടൽഭിത്തികൾ നിർമ്മിക്കുന്നതിന് ഉണ്ടായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട പരാജയമെന്നു പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പഴയ പി.എച്ച്.ഡി.-യുടെ കാലത്തുണ്ടായിരുന്ന പല വാട്ടർ ടാങ്കുകളും പമ്പ് ഹൗസുകളും ഇന്ന് കാടുപിടിച്ച് ഉപയോഗശൂന്യമായി കിടക്കുകയാണ്. നാട്ടിക ഫർക്കയിൽ മാത്രം ഇരുപതോളം വാട്ടർ ടാങ്കുകൾ ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അവിടുത്തെ അഡ്വൈസറി കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

റിസലൂഷൻ കൊടുത്തിരുന്നു. വാട്ടർ അതോറിറ്റി എം.ഡി. അത് പരിശോധിക്കുമെന്ന് പറഞ്ഞ് എനിക്ക് മന്ത്രി കത്ത് തന്നു. വർഷങ്ങളായി ഉപയോഗിക്കാത്ത വാട്ടർ ടാങ്കുകൾ, കാടുപിടിച്ച് കിടക്കുന്നത് പഞ്ചായത്തുകൾക്ക് ജല അതോറിറ്റി വിട്ട് കൊടുക്കണം. പഞ്ചായത്തുകളുടെ സ്ഥലമാണ്. നാട്ടിക ഫർക്ക ശുദ്ധജല പദ്ധതി വന്നതിനുശേഷം ഉപയോഗിക്കാത്ത, ഒന്നിനും കൊള്ളാത്ത രീതിയിൽ കിടക്കുന്ന വാട്ടർ ടാങ്കുകളും സ്ഥലവും അതാത് പഞ്ചായത്തുകൾക്ക് തിരിച്ചു കൊടുക്കുവാൻ വേണ്ടിയുള്ള അടിയന്തിര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രവാസി വകുപ്പിനു വേണ്ടിയുള്ള ഈ ചർച്ചയിൽ പ്രവാസികാര്യവകുപ്പിന്റെ ഹെഡ് ഇതിൽ കാണുന്നില്ല. വളരെ താല്പര്യത്തോടുകൂടിയാണ് കഴിഞ്ഞ രണ്ടു മൂന്നു വർഷമായി ഞങ്ങൾ എല്ലാവരും ഈ ചർച്ചയിൽ പ്രത്യേകിച്ചും പ്രവാസി വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുന്നത്. ഇവിടെ തൊഴിലും തൊഴിലാളി ക്ഷേമവും എന്ന ഹെഡിലാണ് അത് ചേർത്തിരിക്കുന്നത് എന്നുപറയുന്നു. ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ നാലിലൊന്നു വരുന്ന ആളുകൾ പ്രവാസികളാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി മുപ്പതു ലക്ഷത്തോളം കേരളീയരുണ്ട്. പതിനാറു ലക്ഷത്തോളം പേർ ഗൾഫിൽ മാത്രമാണ്. എഴുപതു ലക്ഷം പേർ അന്യ സംസ്ഥാനങ്ങളിലായിട്ടുണ്ട്. നമ്മുടെ ജനസംഖ്യയുടെ നാലിലൊന്നു വരുന്ന, ഈ മഹാഭൂരിപക്ഷം വരുന്ന ആളുകൾക്കുവേണ്ടി ഒരു വകുപ്പ് അതും ഇന്ത്യക്കു മാതൃകയായി കേരളത്തിൽ ഒരു മന്ത്രിയും ഉണ്ടായി. കേരളത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ടാണ് കേന്ദ്രത്തിൽ നമ്മുടെ പുതിയ ഗവൺമെന്റ് ഈ വകുപ്പിൽത്തന്നെ ഒരു മന്ത്രിയെ നിയോഗിച്ചിട്ടുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കിയത്. മുഖ്യമന്ത്രി ചെയർമാനായുള്ള പത്താം സബ്ജക്ട് കമ്മിറ്റിയിൽ, ശ്രീ. ജയരാജൻ ഉൾപ്പെടെയുള്ള ആളുകൾ ഗൗരവമായി ഉന്നയിച്ച കാര്യം അതിന് ഒരു ഹെഡ് വേണമെന്നാണ്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ X-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ഐകകണ്ഠ്യേന രണ്ടു തവണ പാസ്സാക്കി കൊടുത്തിട്ടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിക്ക് പൂർണ്ണമായി ബോധ്യമുണ്ടായിരുന്നിട്ടും, അദ്ദേഹത്തിന് ആ കാര്യത്തിൽ താല്പര്യമുണ്ടായിരുന്നിട്ടും ഉദ്യോഗസ്ഥന്മാരുടെ തടസ്സംമൂലം ഇതിന് ഒരു ഹെഡ് അനുവദിക്കുന്നില്ല. ഹെഡ് ഇല്ലാ എന്നുള്ളത് ഒരിക്കലും അംഗീകരിക്കുവാൻ കഴിയുന്ന കാര്യമല്ല. ഇങ്ങനെ ഒരു വകുപ്പില്ലെങ്കിൽ പിന്നെ എന്തിനാണ് ഒരു വകുപ്പും മന്ത്രിയും. ഒന്നുകിൽ നിർബന്ധമായും അതിന് ഹെഡ് വേണം. ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ മന്ത്രി മൂന്നു പോയിന്റുകൾ പറഞ്ഞു. ബഡ്ജറ്റ് പ്രസംഗം ഇവിടെ കൊണ്ടു വന്നിട്ടുണ്ട്. രണ്ടര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ജനസംഖ്യയുടെ നാലിലൊന്നോളം വരുന്ന ജനങ്ങൾക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്ക് ഈ രണ്ടരക്കോടി എന്നു പറയുന്നത് ആനയുടെ പുറത്ത് ഈച്ച ഇരിക്കുന്നതിന് തുല്യമല്ലേ. അതുകൊണ്ട് ഏറ്റവും ചുരുങ്ങിയത് പത്തുകോടി രൂപയെങ്കിലും ഈ വകുപ്പിനുവേണ്ടി അടിയന്തിരമായി മാറ്റി വയ്ക്കാൻ നടപടിയുണ്ടാകണം. ആരെന്തു പറഞ്ഞാലും ഇത്ര നല്ല രീതിയിൽ ഇന്ത്യക്ക് പുറത്തുള്ള പ്രവാസികളായ ആളുകൾക്കുവേണ്ടി ഇത്രമാത്രം പ്രവർത്തിക്കുന്ന അവരുടെ പ്രശ്നങ്ങളിൽ ദൈനംദിനമായ ഇടപെടൽ നടത്തുന്ന ഈ വകുപ്പിനുവേണ്ടി കൂടുതൽ തുക അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നോർക്ക ഡിപ്പാർട്ടുമെന്റ് സംസ്ഥാനത്തെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുള്ള അപൂർവ്വം ഡിപ്പാർട്ടുമെന്റുകളിൽ ഒന്നാണെന്നുള്ളത് എടുത്തു പറയാം. ഇതിന്റെ കീഴിലുള്ള റൂട്സിന്റെ ഓരോ പ്രവർത്തനങ്ങളും നമ്മുടെ സംസ്ഥാനത്തുള്ള ആളുകളിൽ പ്രതീക്ഷ ഉണ്ടാക്കിയിരിക്കുകയാണ്. നമ്മുടെ കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ കീഴിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുവാൻ വേണ്ടിയുള്ള കേന്ദ്രം ഇപ്പോൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. 150 പേർക്കാണ് ഒരു ദിവസം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിക്കൊടുക്കുന്നത്. ഇപ്പോൾ എം.എൽ.എ. മാരെ കാണാൻ വേണ്ടി ഏറ്റവും കൂടുതൽ ആളുകൾ വരുന്നതും ഇതിനുവേണ്ടി കത്ത് വാങ്ങാൻ വേണ്ടിയാണ്. പല എം.എൽ.എ.-മാരുടെ ഓഫീസിലും വീടുകളിലും കാണുന്ന ഏറ്റവും വലിയ തിരക്കുകളിലൊന്ന് ഇതാണ്. 150 പേർക്കുവേണ്ടി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ആയിരക്കണക്കിനാളുകളാണ് തിരുവനന്തപുരത്ത് വരുന്നത്. ഇന്റർനെറ്റ് വഴിയുള്ള ബുക്കിംഗിൽ 2005 ജനുവരി മാസത്തോളം ആയിട്ടുണ്ട്. ഞാൻ എന്റെ നിയോജക മണ്ഡലത്തിൽ ഇന്റർനെറ്റ് ബുക്കിംഗ് സൗജന്യമായി ചെയ്തുകൊടുക്കുന്ന ആളാണ്. അതുകൊണ്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്ന കേന്ദ്രം കേരളത്തിന്റെ മധ്യ ഭാഗമായ തൃശൂരിലും, കോഴിക്കോട്ടും നിർബന്ധമായും ആരംഭിക്കണം. അതിനുവേണ്ടുന്ന നടപടിയുണ്ടാകണം. സ്റ്റാഫിന്റെ എണ്ണം കൂട്ടണം ഒരു ദിവസം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നത് 150 എന്നുള്ളത് 300 ആയി അടിയന്തിരമായി വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിദേശത്തേക്ക് നിരവധി ആളുകൾ പോകുകയാണ്. ഈ വകുപ്പിന്റെ കീഴിൽ അടിയന്തിരമായി വിദഗ്ധ സമിതിയുണ്ടാക്കി ഏതെല്ലാം രീതിയിലുള്ള തൊഴിൽ സാധ്യതകളാണ് വിദേശത്തുള്ളതെന്ന് കണ്ടുപിടിച്ച് സഹായിക്കണം. വെറുതെ നിയമിക്കാനുള്ള വിദഗ്ധ സമിതിയായാൽ പോര, നോർക്ക തന്നെ താൽപ്പര്യമെടുത്തുകൊണ്ട് ഇതിനുവേണ്ടി സബ്ജക്റ്റ് എക്സ്പെർട്ടുകളെ കണ്ടുപിടിച്ച് വിദഗ്ധ സമിതി ഉണ്ടാക്കി പരിശോധിച്ച് ഏതെല്ലാം രീതിയിലുള്ള തൊഴിൽ സാധ്യതകളാണ് ഉള്ളതെന്ന് നോക്കണം. അതനുസരിച്ചുള്ള പുതിയ കോഴ്സുകൾ നടത്താൻ വേണ്ടി റൂട്സ് തന്നെ മുൻകൈ എടുത്തുകൊണ്ട് കോഴ്സുകൾ നിർബന്ധമായും നടത്തണം. ഇന്ന് നമ്മുടെ വിദേശ മലയാളികൾ, അവരുടെ പ്രശ്നങ്ങൾ വന്നു പറയുമ്പോൾ പല ഓഫീസിലും ആളുകൾ മൈന്റ് ചെയ്യുന്നില്ല. രണ്ടുമൂന്ന് കൊല്ലം കൂടുമ്പോഴാണ് ആളുകൾ മടങ്ങി വരുന്നത്. പലപ്പോഴും അവരുടെ കാര്യങ്ങൾ പല ഓഫീസിലും ഗൗരവമായി എടുക്കുന്നില്ല. വിദേശ മലയാളികൾക്ക് നിർബന്ധമായും ഒരു തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തണം. ഇലക്ഷൻ ഐഡന്റിറ്റി കാർഡു പോലെ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് പഞ്ചായത്ത് ഓഫീസുകൾ വഴിയും, അതിന് പ്രത്യേകമായ ഫോമുകൾ അച്ചടിച്ച് വിദേശത്തുള്ള മുഴുവൻ മലയാളികൾക്കും സ്ഥിരമായും ഉപയോഗിക്കാവുന്ന രീതിയിലുള്ള കാർഡ് സംവിധാനം നിർബന്ധമായും ഉണ്ടാക്കണം. ഏതെങ്കിലും ഓഫീസുകളിൽ ചെന്നാൽ ഈ കാർഡ് അവർക്ക് വളരെയേറെ പ്രയോജനപ്പെടും. അതിനു വേണ്ടിയുള്ള നടപടിയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പഞ്ചായത്തുകളിലും ഒരു പഞ്ചായത്ത് ജീവനക്കാരനെങ്കിലും അതിന് ചുമതല വഹിക്കുന്ന ആളായി ഉണ്ടാകാനുള്ള ഉത്തരവ് കൊടുക്കണം. "എന്റെ ഗ്രാമം എന്റെ സ്വപ്നം" എന്ന പദ്ധതി വളരെ മാതൃകയാണ്. 140 നിയോജക മണ്ഡലങ്ങളിലും പരീക്ഷിക്കാവുന്ന ഏറ്റവും നല്ല കാര്യമാണ്. ഈ വരുന്ന 10-ാം തീയതി അതിന്റെ ഔപചാരികമായ തുടക്കം കുറിക്കുന്നു എന്നറിയാൻ കഴിഞ്ഞു. കേരളത്തിൽ തളിക്കുളവും, വെങ്ങാനൂരും അത് ഏറ്റെടുത്തതായി അറിയാൻ കഴിഞ്ഞു. നമ്മുടെ പ്രവാസി മലയാളികൾ നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങളിൽ വളരെ താൽപ്പര്യമുള്ള ആളുകളാണ്. അവരെ കൂട്ടിയോജിപ്പിക്കാൻ വേണ്ടിയുള്ള "എന്റെ ഗ്രാമം എന്റെ സ്വപ്നം" എന്നുള്ള റൂട്സിന്റെ പരിപാടി വിപുലീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. പ്രവാസി ക്ഷേമ വകുപ്പിനോട് ഇന്നു കാണുന്ന ചിറ്റമ്മ നയം അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വിദേശത്തേക്കു പോയി അവരുടെ പ്രയാസം മനസ്സിലാക്കിയിട്ടില്ല അതുകൊണ്ട്, മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ള ആളുകൾ ഗൾഫിൽ പോയി അവരുടെ പ്രയാസം നേരിൽകണ്ട് മനസ്സിലാക്കണം. രണ്ടര കോടി രൂപ മാറ്റി വച്ചതിന് ഞങ്ങൾ ഭരണ പക്ഷത്തും, പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ ഒരുമിച്ച് എതിർക്കുന്നത് എന്തു കൊണ്ടാണെന്നുള്ളത് അപ്പോൾ ബോധ്യമാകും. ഇത് മാറ്റണം. ഈ പ്രവണത നല്ലതല്ല. തെറ്റായുള്ള പ്രവണതകൾ നമുക്ക് തിരുത്തണം. തെറ്റായ പ്രവണത തിരുത്തുക എന്നുള്ളതാണ് സമൂഹത്തിന്റേയും ജനാധിപത്യത്തിന്റേയും ഏറ്റവും വലിയ ആവശ്യം. തെറ്റായ പ്രവണത കാണുമ്പോൾ ചൂണ്ടിക്കാണിക്കേണ്ടിവരും. അങ്ങനെ ചൂണ്ടിക്കാണിക്കുന്ന തെറ്റായ പ്രവണത തിരുത്തുവാൻ വേണ്ടിയുള്ള പ്രക്രിയയാണ് ജനാധിപത്യത്തിലെ ഏറ്റവും വലിയ പ്രവർത്തന ശൈലി. അതുകൊണ്ട് എല്ലാവർക്കും ബോധ്യമാകുന്ന പാഠമാകട്ടെ ഇതെന്നു കൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. നമുക്ക് പാടില്ല എന്നു തോന്നുന്നത് മറ്റു പലരെക്കൊണ്ടും പറ്റാതെ വരുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാകരുത് തിരുത്താനുള്ള ശൈലി എന്നുകൂടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ആത്മാർത്ഥമായി പിൻതാങ്ങുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഇന്നിവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശുദ്ധജല വിതരണവും, ജലസേചനവും, ശുദ്ധജല സ്രോതസ്സുകൾ അടിസ്ഥാനപ്പെടുത്തി നിൽക്കുന്ന കാര്യങ്ങളാണ്. നമ്മുടെ കഴിഞ്ഞ കാല അനുഭവങ്ങൾ പരിശോധിക്കുമ്പോൾ തിരുക്കൊച്ചിയിലും, തിരുവിതാംകൂറിലും മാറി മാറി വന്നിട്ടുള്ള ഭരണകൂടങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിലൊക്കെത്തന്നെ യഥാർത്ഥത്തിൽ നമ്മുടെ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ വീഴ്ചയുണ്ടായി. ജല സ്രോതസ്സുകൾ സംരക്ഷിക്കുക, പുഴകളെ സംരക്ഷിക്കുക, നദികളെ സംരക്ഷിക്കുക, കടലോരത്തെ കായലുകൾ സംരക്ഷിക്കുക, ഇതിന് ആസൂത്രിതമായ പദ്ധതികളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ തന്നെ തിരുവനന്തപുരം ജില്ലയിലെയും കേരളത്തിലെയും പ്രധാന ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണി കായൽ സംരക്ഷിക്കുന്നതിനെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത തലസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

മേഖലാ വികസന ചർച്ചയിലും ഞാനത് പറഞ്ഞതാണ്. വൻപിച്ച തോതിലുള്ള കയ്യേറ്റങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഉയർന്ന ഉദ്യോഗസ്ഥൻമാരടക്കം കയ്യേറ്റക്കാർക്ക് കൂട്ടു നിൽക്കുകയാണ്. അവർ തന്നെ അവിടെ സ്ഥലം വാങ്ങി കയ്യേറ്റം നടത്തുകയാണ്. വെള്ളായണി കായൽ സംരക്ഷിക്കാൻ ഒരു പ്രത്യേക നിയമം തന്നെ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട ജലസേചനവകുപ്പ് മന്ത്രിയോട് ആവശ്യപ്പെടുകയാണ്. അതുപോലെ തന്നെ ശുദ്ധജല വിതരണ പദ്ധതികൾ, വെള്ളം ഉണ്ടോ ഇല്ലയോ, സ്രോതസ് ഉണ്ടോ ഇല്ലയോ എന്നു നോക്കാതെ ആവിഷ്ക്കരിച്ച ശുദ്ധജല പദ്ധതികളാണ് പലതും. അതുകൊണ്ടുതന്നെ പലതും പ്രവർത്തന രഹിതമായിക്കഴിഞ്ഞിട്ടുണ്ട്. വെള്ളം ഉണ്ടോ എന്നു നോക്കി അതിന്റെ അടിസ്ഥാനത്തിൽ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. വെള്ളായണി കായൽ ഒരു ശുദ്ധജല തടാകമായി നിലനിർത്തിക്കൊണ്ട് അതിനെ കേന്ദ്രീകരിച്ച് ബൃഹത് ശുദ്ധജല പദ്ധതികളെക്കുറിച്ചുള്ള പഠനങ്ങൾ നടന്നിട്ടുണ്ട്. പക്ഷെ മുന്നോട്ട് പോകുന്നില്ല. അങ്ങനെയുള്ള വലിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ നമ്മുടെ ഉദ്യോഗസ്ഥൻമാർക്കും വാട്ടർ അതോറിറ്റിക്കും താൽപ്പര്യമില്ല. വെള്ളമില്ലാത്തിടത്ത് പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ അങ്ങനെയുള്ള ചില കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ബൃഹത് ശുദ്ധജല പദ്ധതി നടപ്പിലാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പേപ്പാറ അണക്കെട്ടിന് ഇപ്പോൾ 104.5 മീറ്റർ ഉയരം മാത്രമേയുള്ളൂ. 112 മീറ്റർ ഉയരത്തിൽക്കൂടുതൽ ശുദ്ധജല വിതരണത്തിന് സാധ്യതയുണ്ട്. അത് വളരെ അടിയന്തിരമായി ചെയ്യേണ്ട കാര്യമാണ്. വാമനാപുരം നദിയിലും അതിന്റെ കൈപുഴകളായ ചിറ്റാറിലും, കല്ലാറിലും ചെറിയ അണക്കെട്ടുകൾ നിർമ്മിച്ച് ശുദ്ധജല പദ്ധതികൾ ആരംഭിക്കണമെന്നുമാണ് നിർദ്ദേശിക്കാനുള്ളത്. കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ പലതും ഇപ്പോൾ അവതാളത്തിലായിരിക്കുകയാണ്. അതുകൊണ്ടുതന്നെ ശാസ്ത്രീയമായി കടലാക്രമണം നിരോധിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. അന്തർ സംസ്ഥാന നദീജല കരാറുകളൊക്കെത്തന്നെ പുനഃപരിശോധനക്ക് വിധേയമാക്കണം. പമ്പാ അച്ചൻ കോവിൽ സംയോജന പദ്ധതി നടപ്പിലാക്കിയാൽ കുട്ടനാടൻ മേഖലയാകെ ഭീകരമായ ദുരന്തങ്ങൾക്ക് വഴിയൊരുക്കുമെന്നുള്ളതുകൊണ്ട് ഒരു കാരണവശാലും അത് നടപ്പിലാക്കാൻ പാടില്ല എന്ന ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. തൊഴിലാളി മേഖലയിൽ ഒരു പ്രവർത്തനവും നടക്കുന്നില്ല. ലേബർ വകുപ്പിന്റെ കൺസീലിയേഷൻസ് ഇന്ന് നടക്കുന്നില്ല. അതുപോലെ തന്നെ തോട്ടങ്ങൾ പൂട്ടിയിട്ടിരിക്കുന്നതുകൊണ്ട് പട്ടിണി മരണങ്ങൾക്കും ആത്മഹത്യകൾക്കും കാരണമായിക്കൊണ്ടിരിക്കുകയാണ്. ഇതികർത്തവ്യതാമൂഢമായി നിൽക്കുന്ന ലേബർ വകുപ്പാണ് ഇവിടെയുള്ളത്. തൊഴിലാളി ക്ഷേമ പദ്ധതികളൊക്കെ അവതാളത്തിലായിരിക്കുകയാണ്. സർക്കാർ അടയ്ക്കേണ്ട കാശ് അടയ്ക്കാത്തതു കൊണ്ടാണ് പല പദ്ധതികളും അവതാളത്തിലായിരിക്കുന്നത്. പ്രത്യേകിച്ചും കയർ, കശുവണ്ടി, കൈത്തറി, ബീഡി, മൽസ്യബന്ധനം തുടങ്ങിയ മേഖലകളിലാകെ പദ്ധതികളൊക്കെ തകരാറിലായിരിക്കുകയാണ്. പരമ്പരാഗത തൊഴിൽ മേഖലയിലാകെ പട്ടിണിയും പട്ടിണി മരണങ്ങളും ആത്മഹത്യയും നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ.സി. ജോസഫ്: തൊഴിൽ വകുപ്പിൽ ഭരണവും സമരവും ഒരുപോലെ കൊണ്ടുപോകണമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണെന്നു തോന്നും. ഭരണം ബാബു ദിവാകരനും, സമരം താമരാക്ഷനുമായി വകുപ്പു വിഭജനം നടത്തിയത് അങ്ങേയ്ക്ക് അറിയാമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: അത് അവരുടെ പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങളാണ്. തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളിലും തൊഴിലാളികളെ ബാധിക്കുന്ന പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധിക്കണം. വളരെ താൽപര്യത്തോടുകൂടി തൊഴിൽ വകുപ്പ് ഉണ്ടെന്ന് ബോധ്യപ്പെടുത്താൻ അങ്ങ് തയ്യാറാകണം. ആ ശ്രമങ്ങളൊന്നും നടത്താത്തതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എ.എ. അസീസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജലസേചന വകുപ്പിൽ ധനമില്ല എന്ന കാരണം പറഞ്ഞ് കാര്യമായ പ്രവർത്തനങ്ങൾ യാതൊന്നും നടക്കുന്നില്ല. ശുദ്ധജലം എത്തിക്കുന്ന ജോലി വാട്ടർ അതോറിറ്റിയാണ് നടത്തുന്നത്. ട്യൂബ്വെൽ ഡിഫക്ട് ആയാൽപ്പോലും ഇന്ന് വാട്ടർ അതോറിറ്റിക്ക് കാശില്ല എന്ന കാരണം പറഞ്ഞ് ഒഴിഞ്ഞു മാറുകയാണ്. ട്യൂബ്വെല്ലുകളും ബോർ വെല്ലുകളും ഓവർഹെഡ് ടാങ്കുകളും അതുപോലെ പൈപ് ലൈൻ നീട്ടണമെങ്കിലും പഞ്ചായത്ത് പണം അടയ്ക്കണം. ശമ്പളം കൊടുക്കാൻ കാശില്ലാത്ത പഞ്ചായത്ത് എങ്ങനെയാണ് പൈപ്പ്ലൈൻ നീട്ടുക? അതിനൊന്നും വാട്ടർ അതോറിറ്റിയുടെ കൈവശം കാശില്ല. റിപ്പയർ നടത്താൻ പോലും കാശില്ലാത്ത വാട്ടർ അതോറിറ്റി പിന്നെ എങ്ങനെയാണ് കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ട പുതിയ പദ്ധതികൾ ആവിഷ്കരിക്കുക? പുതിയ ട്യൂബ് വെല്ലുകൾ ഇല്ല. പുതിയ ബോർ വെല്ലുകൾ ഇല്ല. ഓവർഹെഡ് ടാങ്കുകളും ഇല്ല. കൊല്ലം പട്ടണത്തിൽ ശുദ്ധജലം എത്തിച്ചു കൊണ്ടിരിക്കുന്നത് ശാസ്താംകോട്ടയിൽ നിന്നാണ്. ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിക്കുന്നതിന് ഇന്നിപ്പോൾ യാതൊരു പദ്ധതിയും ഇല്ല. മാവേലിസ്റ്റോറിൽ ക്യൂ നിൽക്കുന്നതു പോലെയാണ് ടാപ്പിൽ നിന്നും വെള്ളം എടുക്കുവാൻ കൊല്ലം പട്ടണത്തിലെ ആളുകൾ ക്യൂ നിൽക്കുന്നത്. സമയം തീരുമാനിച്ചിട്ടുണ്ട്. രാവിലെ 6-നും 7-നും മദ്ധ്യേ ക്യൂ നിന്നാൽ മാത്രമേ കൊല്ലം പട്ടണത്തിൽ ടാപ്പുകളിൽനിന്നും വെള്ളം കിട്ടുകയുള്ളു. ശാസ്താംകോട്ട കായലിലെ വെള്ളം ആവശ്യാനുസരണം പമ്പ് ചെയ്യുന്നില്ല, അതിന്റെ കപ്പാസിറ്റി അനുസരിച്ച് പമ്പ് ചെയ്യുന്നില്ല എന്നുള്ളതു കൊണ്ടാണ് യഥാർത്ഥത്തിൽ കൊല്ലം പട്ടണത്തിൽ ഈ കുടിവെള്ള ക്ഷാമത്തിന് ഇടയായത്. അത് പരിഹരിക്കപ്പെടണം. അതോടൊപ്പം തന്നെ കൊല്ലം പട്ടണത്തിൽ ഒരു ജലപാതയുണ്ട്. കൊല്ലംതോട് എന്ന് അറിയപ്പെടുന്ന ജലപാത. ആ ജലപാത ആണ് ഇന്ന് യഥാർത്ഥത്തിൽ കൊല്ലത്ത് ജനജീവിതം ദുസ്സഹം ആക്കിത്തീർത്തിരിക്കുന്നത്. അത് കൊതുകു വളർത്തൽ കേന്ദ്രം ആക്കിയിരിക്കുകയാണ്. ആ ജലപാതയുടെ സംരക്ഷണത്തിനു വേണ്ടി നമ്മുടെ പ്രമുഖ മാധ്യമങ്ങൾ, മാതൃഭൂമിയും മലയാള മനോരമയും ഒന്നിലധികം വികസന സെമിനാറുകൾ കൊല്ലത്ത് നടത്തി. അതോടൊപ്പം തന്നെ കൊല്ലത്തെ രവീന്ദ്രനാഥൻ നായർ, അച്ചാണി രവി ഉൾപ്പെടെയുള്ള പൗര മുഖ്യന്മാർ മുൻകൈയെടുത്ത് ചില സെമിനാറുകൾ എല്ലാം നടത്തി. അതിനുശേഷം അവർ ചില വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച

രൂപരേഖ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചു. കൊല്ലംതോടിന്റെ നവീകരണത്തിന് യാതൊരു പദ്ധതിയും ഇതുവരെ ഉണ്ടായിട്ടില്ല. കൊല്ലംതോടിന്റെ നവീകരണത്തിന് ഇരുവശങ്ങളിലും താമസിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കണം. അതിന് വലിയൊരു തുക വേണ്ടിവരും. ഏതെല്ലാം ഏജൻസികൾവഴി കൊല്ലംതോട് നവീകരിക്കാൻ കഴിയും എന്നത് സംബന്ധിച്ച് സമഗ്രമായ ഒരു പദ്ധതിയാണ് ഉണ്ടാകേണ്ടത്. പക്ഷേ അടിയന്തിരമായി കൊല്ലംതോട് വൃത്തിയാക്കേണ്ടേ? ഇന്നിപ്പോൾ കൊതുകു കേന്ദ്രമായിത്തീർന്നിരിക്കുന്ന കൊല്ലംതോടിന്റെ നവീകരണത്തിനുവേണ്ടി അത് ഡീപ്പെൻ ചെയ്ത് ആ ജലം ഒന്ന് ഒഴുകിപ്പോകുന്നതിനുവേണ്ട പദ്ധതി വേണ്ടേ? ഇരുസൈഡിലുമുള്ള ആൾക്കാർ മലമൂത്ര വിസർജ്ജനം നടത്തുന്നത് ഈ തോട്ടിലാണ്. താൽക്കാലികമായി, അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ അവർ ചെയ്യേണ്ടേ? ഇന്ന് കൊല്ലം പട്ടണത്തിൽ മൂക്കുപൊത്തി മാത്രമേ നടക്കാൻ സാധിക്കുകയുള്ളു എന്ന സ്ഥിതിയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ച തീരദേശത്തിന്റെ കാര്യത്തിൽ എന്റെ നിയോജക മണ്ഡലത്തിൽ, ഇരവിപുരത്ത് കഴിഞ്ഞ അധിവർഷവും ന്യൂനമർദ്ദവും മൂലം നിരവധി കുടുംബങ്ങൾ വീടില്ലാത്തവരായി. കടൽ കരയെ കാർന്നു തിന്നു. രണ്ടു മന്ത്രിമാർ അവിടെ സന്ദർശിച്ചിരുന്നു. വകുപ്പുമന്ത്രി സന്ദർശിക്കണം എന്നു ഞാൻ പറഞ്ഞു. ഇതുവരെ, സമയം കിട്ടാത്തതുകൊണ്ടായിരിക്കും സന്ദർശിച്ചിട്ടില്ല. സന്ദർശിക്കാം എന്നു പറഞ്ഞതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ വരുന്നതുകൊണ്ട് വലിയ വിരോധമൊന്നുമില്ല. അവിടെ വന്നാൽ വലിയ കുഴപ്പമൊന്നുമില്ല. ഏതായാലും അവിടെ അഭയ കേന്ദ്രത്തിൽ കുറേ പാവങ്ങൾ ഇപ്പോൾ താമസിക്കുന്നുണ്ട്. പള്ളിക്കാരാണ് താമസിപ്പിച്ചിരിക്കുന്നത്. അവിടെ ഇലക്ട്രിസിറ്റി ഇല്ല. വാട്ടർ സപ്ളൈ ഇല്ല, ഗതാഗത സൗകര്യം ഇല്ല. വകുപ്പു മന്ത്രി വരണ്ടേ? അതിനാണല്ലോ വകുപ്പു തിരിച്ചു വച്ചിരിക്കുന്നത്. ശ്രീ. ബാബു ദിവാകരന് തൊഴിൽ വകുപ്പാണല്ലോ. അവിടെ സന്ദർശിക്കാനുള്ള സന്മനോഭാവം നിങ്ങൾ കാണിക്കണം എന്നാണ് എനിക്ക് പറയാനുള്ളത് അതോടൊപ്പം തൊഴിൽ വകുപ്പിനെ സംബന്ധിച്ച് വളരെ സൗമ്യമായി പറയാനുള്ളത് മദ്ധ്യ തിരുവിതാംകൂറിലെ 105 കശുവണ്ടി സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുകയാണ്. അതിൽ കോർപ്പറേഷനുണ്ട്. കാപ്പക്സ് ഉണ്ട്. സ്വകാര്യ മുതലാളിമാരുടെ ഫാക്ടറിയുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇരിങ്ങാലക്കുടയിലും ഒരു ഫാക്ടറിയുണ്ട്. പക്ഷേ സ്വകാര്യ മുതലാളിമാരുടെ 65 ഫാക്ടറികൾ അടഞ്ഞു കിടക്കുന്നു. അത് തുറപ്പിക്കുന്നതിനെ സംബന്ധിച്ച് ലേബർ ഡിപ്പാർട്ടുമെന്റ് ഒരു കൺസിലിയേഷൻ കോൺഫറൻസ് എങ്കിലും വിളിക്കണ്ടേ? അത് ലേബർ ഡിപ്പാർട്ടുമെന്റിന്റെ ജോലിയിൽ പെട്ടതാണല്ലോ. നമ്മുടെ രാജ്യത്തെ തൊഴിലാളികളെ ഉദ്ധരിക്കാൻവേണ്ടി, തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. ആ ക്ഷേമനിധി ബോർഡുകളിൽ ജീവനക്കാരുടെ ക്ഷേമമാണ് നടക്കുന്നത്. തൊഴിലാളികളുടെ ക്ഷേമമല്ല. തൊഴിലാളി ക്ഷേമത്തിനുവേണ്ടിയുള്ള തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ അംശാദായം ഉണ്ട്. തൊഴിൽ ഉടമകളുടെ അംശാദായം ഉണ്ട്. ഇപ്പോൾ തൊഴിലുടമകൾ തൊഴിലാളികളുടെ അംശാദായം

LIBRARY ARCHIVES Kerala Legislative Assembly

ഈടാക്കി വ്യവസായം നടത്തുകയാണ്. അവർ തിരിമറി നടത്തുകയാണ്. തൊഴിലാളിക്ക് യാതൊരു ക്ഷേമവും ഇല്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നു. അതുകൊണ്ട് മന്ത്രിക്ക് ചെയ്യാൻ കഴിയുന്നത് എന്താണെന്ന് ചോദിച്ചാൽ ഈ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി അത് പരിശോധിക്കപ്പെടണം. വേറെ വലിയ കാര്യമൊന്നും ചെയ്യാൻ ഒക്കില്ല. പക്ഷേ ഇതൊന്ന് പരിശോധിക്കപ്പെടണ്ടേ? ഓരോ ബോർഡിന്റെയും വയബിലിറ്റി പരിശോധിച്ച് ഓരോ ബോർഡും തൊഴിലാളിക്ക് എങ്ങനെ കൂടുതൽ ഗുണകരമാക്കാം എന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കണം. അതോടൊപ്പം മറ്റൊരു കാര്യമുണ്ട്. 50,000 തൊഴിലാളികൾക്ക് ഇ. എസ്.ഐ. ആനുകൂല്യം ഇല്ല. ചികിത്സാ സൗകര്യമില്ല. അത് തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യേണ്ടതാണ്. 50,000 തൊഴിലാളികൾക്ക് ഇ.എസ്.ഐ. വഴിയുള്ള പ്രാഥമികമായ ചികിത്സ പോലും ഇല്ല. ആ ചികിത്സ ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കേണ്ടത് ലേബർ ഡിപ്പാർട്ടുമെന്റാണ്. അതിനുള്ള നടപടി ഉണ്ടാകണം. ഇത്തരം കാര്യങ്ങൾ കൊണ്ടാണ് ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നത്.

ശ്രീ. വി.സി. കബീർ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വിദേശ മലയാളികൾ പ്രതീക്ഷയോടുകൂടിയാണ് 'നോർക്ക' വകുപ്പിനെ നോക്കുന്നത്. പക്ഷേ അതിന് തലയില്ല എന്ന് ഇപ്പോഴാണ് അറിയുന്നത്. അതിന് ഫണ്ട് ഇല്ല എന്നത് രണ്ടാമത്തെ കാര്യം. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി അതിനൊരു ഹെഡ് കൊടുക്കണം, ഫണ്ട് കൊടുക്കണം. എസ്.എസ്.എൽ.സി. ബുക്ക് അറ്റസ്റ്റ് ചെയ്യാനുള്ള ബുദ്ധിമുട്ടുകൊണ്ട് കുട്ടികൾ പെടാപ്പാട് പെടുകയാണ്. അതുകൊണ്ട് കോഴിക്കോട്ടും തൃശൂരും ഓരോ ഓഫീസുകൾ തുടങ്ങണം. ഗൾഫ് എംബസികളുടെ കോൺസുലേറ്റുകൾ കേരളത്തിൽ തുടങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഒമ്പത് ജില്ലകൾക്കുവേണ്ടി ഒരു എമിഗ്രേഷൻ ഓഫീസ് എറണാകുളത്ത് പ്രവർത്തിക്കുന്നുണ്ട്. രണ്ടു മൂന്നു മാസം കഴിഞ്ഞാണ് എമിഗ്രേഷൻ ക്ളിയറൻസ് കൊടുക്കുന്നത്. അപ്പോഴേയ്ക്ക് വിസയുടെ കാലാവധി കഴിയും. പലരുടേയും ജോലി പോകും. ഇത് സ്ട്രങ്ങ്തൻ ചെയ്യാനുള്ള ഏർപ്പാട് ഡൽഹിയിൽ പറഞ്ഞ് ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. ബജറ്റ് എയർ സർവ്വീസ്, ഞാനൊരു നിർദ്ദേശമാണ് വയ്ക്കുന്നത്. ബജറ്റ് എയർലൈൻസ് തുടങ്ങണം. ഇപ്പോൾ എയർ ഇന്ത്യ പോക്കറ്റടിക്കുകയാണ്. വിദേശ മലയാളികളുടെ സഹായത്തിനുവേണ്ടി അടിയന്തിരമായി ബജറ്റ് എയർലൈൻ ആരംഭിക്കുന്നതിന് ശ്രമിക്കണം. മൃതദേഹങ്ങൾ കൊണ്ടുവരുന്നതിന് വകുപ്പ് ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഞങ്ങളൊക്കെ ഇടപെടുന്നുണ്ട്. എന്നാൽ മൃതദേഹം വരുന്നതും കാത്ത് വീട്ടുകാർ കണ്ണീരുമായി എത്ര ദിവസങ്ങളാണ് ഇരിക്കേണ്ടിവരുന്നത്. മൃതദേഹം കാലതാമസം കൂടാതെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രവാസി സംഘടനകൾ കൂണുപോലെ മുളച്ചുവരികയാണ്. എല്ലാ പാർട്ടികളും പോഷക സംഘടനകളും പ്രവാസികളെ സംഘടിപ്പിച്ച് സംഘങ്ങൾ രജിസ്റ്റർ ചെയ്ത് അത് പെരുകിക്കൊണ്ടിരിക്കുകയാണ്. അത് രജിസ്റ്റർ ചെയ്യാനുള്ള ഏർപ്പാടാക്കണം. തിരുവനന്തപുരം വിമാനത്താവളത്തിൽ കൊള്ളയടിയും കള്ളക്കടത്തും നടക്കുകയാണ്. വിലകൂടിയ സാധനങ്ങൾ കട്ടുകൊണ്ടുപോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്യാമറകൾ, പത്ര പ്രവർത്തകരുടെ ക്യാമറകൾ, പാവപ്പെട്ട ആളുകൾ കൊണ്ടു വരുന്ന വിവാഹ വസ്ത്രങ്ങൾ, ആഭരണങ്ങൾ എല്ലാം കൊള്ളയടിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം ശക്തമായ പരിശോധനയ്ക്ക് വിധേയമാക്കണം എന്നുള്ളതാണ് എന്റെ നിർദ്ദേശം. ഭാരതപ്പുഴ റിവർ അതോറിറ്റി രൂപീകരിക്കണം എന്ന് വളരെ കാലമായി ഞങ്ങൾ പറഞ്ഞു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണം. അവസാനമായി ഒരു പ്രാർത്ഥന എനിക്കുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയും നോർക്ക വകുപ്പു മന്ത്രിയുംകൂടി മുഖ്യമന്ത്രിയെ ഒന്ന് വിദേശ രാജ്യങ്ങളിൽ, ഗൾഫ് രാജ്യങ്ങളിൽ കൊണ്ടുപോയി അവിടുത്തെ ലേബർ ക്യാമ്പുകളൊക്കെ ഒന്നു കാണിച്ച് അവർ കഞ്ഞി കുടിക്കുന്നതും അവിടുത്തെ കിടപ്പും ഡബിൾ ഡക്കറിലെ കിടപ്പുമൊക്കെ ഒന്നു കാണിച്ചുകൊടുക്കണം. അങ്ങനെ അദ്ദേഹം പരിക്കേൽക്കാതെ തിരിച്ചു വരണേ എന്നാണ് എന്റെ പ്രാർത്ഥന.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്. ഈ നിയമസഭയിൽ ഇടതുപക്ഷ സ്വതന്ത്ര മെമ്പറായി വന്ന ആദ്യ ദിവസം എന്റെ സീറ്റ് ശ്രീ. മമ്മൂട്ടി ഇരിക്കുന്ന ഭാഗത്തായിരുന്നു. രണ്ടാമത് ശ്രീ. കുഞ്ഞുമോൻ ഇരിക്കുന്ന സ്ഥലത്തേയ്ക്ക് എന്നെ മാറ്റി. വടക്കാഞ്ചേരിയിൽ ശ്രീ. മൊയ്തീൻ ജയിച്ചുവന്നതു കൊണ്ട് എന്നെ ഇവിടെ നിന്ന് വീണ്ടും പിന്നിലേയ്ക്ക് മാറ്റി. ഇനിയും മാറുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഭരണപക്ഷം ഇപ്പോൾ എവിടെയാണ്, പ്രതിപക്ഷം എവിടെയാണ് എന്ന് മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഭരണപക്ഷത്തുള്ള എം.എൽ.എ.-മാർ പ്രതിപക്ഷത്തിന്റെ സ്വരത്തിലാണ് സംസാരിക്കുന്നത്. 20 മന്ത്രിമാർ മാത്രം ഭരണപക്ഷത്ത്. ബാക്കിയുള്ള എം.എൽ.എ.-മാർ മുഴുവൻ പ്രതിപക്ഷത്ത്. എനിക്ക് ഭരണപക്ഷത്തുള്ള എം.എൽ.എ.-മാരോട് വളരെ സന്തോഷത്തോടുകൂടി ഒരു റിക്വസ്റ്റുണ്ട്. ദയവുചെയ്ത് നിങ്ങൾ ധൃതിവച്ച് ശാഠ്യംപിടിച്ച് പ്രതിപക്ഷത്ത് വന്നിരുന്ന് എന്റെ സീറ്റ് ഇവിടെ നിന്ന് മാറ്റിക്കാനുള്ള ശ്രമം നടത്തരുതേ. 20 മാസംകൂടി കഴിഞ്ഞാൽ ജനങ്ങൾതന്നെ നിങ്ങളെ ആരവത്തോടുകൂടി ഇവിടെ കൊണ്ടുവന്ന് ഇരുത്തും. അന്ന് നിങ്ങൾക്കിരിക്കാം. ഇനി വാട്ടർ സപ്ളൈയെക്കുറിച്ച് ഒരൊറ്റ വാക്ക്. എന്റെ മങ്കട മണ്ഡലത്തിൽ ഒരു വലിയ വാട്ടർ സപ്ളൈ സ്കീമുണ്ടായിരുന്നു. അതിന് ടെന്റർ കിട്ടി. വളരെ സന്തോഷമായി. അതിന്റെ പ്രവൃത്തികൂടെ തുടങ്ങാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രവാസി വകുപ്പിനെപ്പറ്റി പറയട്ടെ. 28 കോടി രൂപയോളം ഒരു വർഷം കേരളത്തിലേയ്ക്ക് അയച്ച് ഇവിടത്തെ ജനങ്ങളെ പട്ടിണി കൂടാതെ നോക്കുന്ന 25 ലക്ഷത്തോളം വരുന്ന പ്രവാസി മലയാളികളെ സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് ഈ പ്രവാസി വകുപ്പ് രൂപീകരിച്ചത്. യുവത്വം മുഴുവനും വിദേശത്ത് ഒരു മെഴുകുതിരിപോലെ കത്തിത്തീർന്ന് മറ്റുള്ളവർക്ക് പ്രകാശം പരത്തി മടങ്ങിവന്ന പ്രവാസികളെ പുനരധിവസിപ്പിക്കുകകൂടി ഈ വകുപ്പിന്റെ ചുമതലയാണ്. എന്നാൽ കഴിഞ്ഞ മൂന്നു വർഷമായി ബഡ്ജറ്റിൽ ഒരു അക്കൗണ്ട് ഹെഡ്പോലും നേടിയെടുക്കാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടില്ല. കുറെ മനോഹരമായ ബ്രോഷർ അച്ചടിച്ച് ഓഫീസുകളിൽ വച്ചുവെന്നുള്ളതല്ലാതെ സാധാരണ പ്രവാസികൾക്ക് എന്തു നേട്ടമാണ് ഈ വകുപ്പിനെക്കൊണ്ട് ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

'നോർക്ക' എന്നും 'റൂട്ട്സ്' എന്നും 'ഫ്രാഞ്ചൈസ്' എന്നുമൊക്കെ അടിപൊളി പേരിട്ട് കുറെ കമ്പനികൾ തുടങ്ങിയെന്നുള്ളതല്ലാതെ ഏതെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ ഈ കമ്പനികൾ തുടങ്ങിയിട്ടുണ്ടോ? കാരണം അവിടെ പണമില്ല. കൊട്ടിഘോഷിച്ച് തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതിയിൽ 5 ലക്ഷംപേരെ ചേർക്കുമെന്നാണ് പറഞ്ഞത്. പക്ഷെ, ആകെ ചേർന്നത് 14 പേരാണ്. പ്രീമിയം അഡ്വാൻസായി എൽ.ഐ.സി.-ക്ക് നൽകിയ 2 കോടി രൂപയുടെ ചെക്ക് മടങ്ങിവന്നു. കുറഞ്ഞ ചെലവിൽ കപ്പൽ സർവ്വീസും ഫ്ളൈറ്റ് സർവ്വീസും നടത്തുമെന്ന് പ്രസ്താവനകളിറക്കിയിട്ട് എന്തെങ്കിലും സംഭവിച്ചോ? ഒന്നും നടന്നില്ല. എനിക്ക് ബഹുമാനപ്പെട്ട പ്രവാസി വകുപ്പ് മന്ത്രിയുടെ മുമ്പാകെ ചില നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. അതിലൊന്ന് കേരളത്തിൽ ഏറ്റവും വലിയ സ്വത്ത് skilled and semi skilled labourers ആണ്. നമ്മുടെ മാൻ പവ്വറാണ് നമ്മുടെ അസറ്റ്. ഇതിനെ ഫിലിപ്പയിൻസ്, ശ്രീലങ്ക തുങ്ങിയ രാജ്യങ്ങൾ ചെയ്യുന്നതുപോലെ വിദേശത്തേയ്ക്ക് പോകാൻ സഹായിക്കുക. അങ്ങനെ സഹായിച്ചാൽ നമ്മുടെ ഇവിടുത്തെ തൊഴിൽ പ്രശ്നം പരിഹരിക്കാൻ കഴിയും. നമ്മുടെ ദാരിദ്ര്യം പരിഹരിക്കാൻ കഴിയും. വിദേശത്ത് പോകാൻ താൽപ്പര്യമുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവർക്ക് ചുരുങ്ങിയത് 1 ലക്ഷം രൂപയെങ്കിലും വിസ അടിക്കാനും മറ്റ് സർവ്വീസുകൾക്കുമായി സർവ്വീസ് ബാങ്കുകൾ വഴിയോ, മറ്റ് ബാങ്കുകൾ വഴിയോ കടമായി സ്വന്തം ജാമ്യത്തിൽ നൽകണം. രണ്ടാമത് ഇന്ന് കേരള ഗവൺമെന്റ് പണത്തിനുവേണ്ടി എ.ഡി.ബി. തുടങ്ങിയ ചിഹ്ന ബ്ളേഡ് കമ്പനികളുടെ പിന്നാലെയാണ് പോകുന്നത്. Non Resident Keralites - ന്റെ വകയായി ഏകദേശം 45,000 കോടി രൂപ നമ്മുടെ ബാങ്കുകളിൽ ഇന്ന് ഡപ്പോസിറ്റായി ഉണ്ട്. അതിന് കിട്ടുന്ന പലിശ വെറും രണ്ടര ശതമാനം. എഫ്.സി.എൽ.ആർ.ഐ.യ്ക്ക് 2 ശതമാനമായി കിട്ടുന്നു. അല്ലെങ്കിലും എഫ്.സി.എൻ.ആർ.ഐ. ആണെങ്കിൽ രണ്ട് ശതമാനം. അത് നോർക്ക വഴി നമ്മൾ എന്തെങ്കിലും ഒരു സ്കീം കൊണ്ടുവരികയാണെങ്കിൽ 6 ശതമാനം പലിശ നമ്മൾ കൊടുക്കുകയാണെങ്കിൽ ഗവൺമെന്റിനും ലാഭം, നോൺ റസിഡന്റ്സിനും ലാഭം. ഇത് ഗൗരവമായി ശ്രദ്ധിക്കണമെന്ന് ബഹുമാനപ്പെട്ട പ്രവാസി വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വേറൊന്ന് മടങ്ങി വന്ന പ്രവാസികളിൽ സാമ്പത്തിക ക്ലേശമനുഭവിക്കുന്ന തൊഴിൽ രഹിതരായവർക്ക് അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനും രോഗികളായവർക്ക് വൈദ്യ സഹായം കൊടുക്കാനും ഗവൺമെന്റ് മുന്നോട്ടുവരണം. വിദേശത്തും കേരളത്തിലുമായി ഏകദേശം 2,500-ഓളം പ്രവാസി സംഘടനകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ തല വച്ച് കുറെ ബ്രോഷറുകൾ അടിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ തലവച്ചും കുറെ ബ്രോഷറുകൾ അടിച്ചിട്ടുണ്ട്. ഈ ആളുകളൊക്കെ നഗരങ്ങളിൽപോയി ഗ്രാമങ്ങളിൽപോയി 300 രൂപ മുതൽ ആയിരം രൂപ വരെ മെമ്പർഷിപ്പ് ഫീ വാങ്ങുന്ന ഏർപ്പാടുണ്ട്. ഇവരെ കൺട്രോൾ ചെയ്യാൻ—ഏത് സംഘടനയാണെന്ന് ഞാൻ പറയുന്നില്ല—ജനുവിനായ സംഘടനകളെ കണ്ടുപിടിക്കാൻ അവർക്ക് സഹായങ്ങൾ നൽകുവാൻ, ശരിയല്ലാത്ത സംഘടനകളെ കണ്ടുപിടിച്ച് ശിക്ഷിക്കാനുള്ള ഒരു നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രിയെ ബഹുമാനപ്പെട്ട പ്രവാസി വകുപ്പുമന്ത്രി ഉടൻതന്നെ ഗൾഫിൽ കൊണ്ടുപോകണം. അദ്ദേഹം സമ്മതിക്കുകയില്ലായെന്ന് എനിക്കറിയാം. . അതുകൊണ്ട് ദയവുചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് നിർബന്ധിച്ച് കൊണ്ടുപോകണം. അവിടത്തെ ലേബർ ക്യാമ്പുകളിൽ കൊണ്ടുപോകുക, അവിടെയുള്ള സാധാരണക്കാരായ ജനങ്ങളെ കാണിച്ചു കൊടുക്കുക, കൺസ്ട്രക്ഷൻ സൈറ്റിൽ കൊണ്ടുപോകണം. മാർക്കറ്റിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ കാണിച്ചുകൊടുക്കണം, എന്നാൽ ഈ വകുപ്പിന് ബഡ്ജറ്റ് അലോക്കേഷൻ കിട്ടും. അർഹിക്കുന്ന പ്രാധാന്യം കിട്ടും. അതൊന്നുംതന്നെ ഈ ധനാഭ്യർത്ഥനകളിൽ ഇല്ലാത്തതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് : നാഴൂരി പാലുകൊണ്ട് നാടാകെ കല്യാണം നടത്താൻ വിധിക്കപ്പെട്ട, പണമില്ലാത്തതുകൊണ്ട് അരത്തുട്ടിൽ കല്യാണം, അതിൽ അൽപ്പം വെടിക്കെട്ട് എന്നു പറഞ്ഞതുപോലെ മൂന്നു വർഷംകൊണ്ട് പ്രവാസി വകുപ്പിന്റെ ചാർജ്ജ് ഏറ്റെടുത്ത് പ്രയാസമനുഭവിച്ചുകൊണ്ട്, കേരളത്തിലെ വിദേശമലയാളികൾക്ക് എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങൾ സംഭാവന ചെയ്ത 'നോർക്ക' വകുപ്പുമന്ത്രി ശ്രീ. എം.എം. ഹസ്സനും, ശുദ്ധജല വിതരണ പദ്ധതികളും, ജലസേചന പദ്ധതികളും ഇന്റൻസീവ് കെയർ യൂണിറ്റിൽ കിടന്ന കേരളത്തിൽ മൂന്നുവർഷം മുമ്പ് മന്ത്രിയായി അധികാരമേറ്റെടുത്ത്, ഊർദ്ധ്വൻ വലിച്ചുകൊണ്ടിരുന്ന അത്തരത്തിലുള്ള പദ്ധതികൾക്ക് ജീവൻ വയ്പിച്ച ജലസേചനവകുപ്പുമന്ത്രിയും, തൊഴിൽ വകുപ്പുമന്ത്രിയെ കുറ്റം പറയുന്ന ചിത്രവധം ചെയ്യുന്ന അനവധി തൊഴിലാളി നേതാക്കന്മാർ അമ്മയുടെ ഗർഭപാത്രത്തിൽ ഭ്രൂണമായിരിക്കുന്ന കാലത്തിനും വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തെ സംഘടിപ്പിച്ച, മഹാനായ ടി. കെ. ദിവാകരന്റെ മകൻ ശ്രീ. ബാബു ദിവാകരനും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. കേരളത്തിലെ വിദേശ മലയാളികളെയും ഈ ഗവൺമെന്റിനേയും അവരുടെ വികാരങ്ങളും വിചാരങ്ങളും കോർത്തിണക്കുന്ന നളദമയന്തി കഥയിലെ ഹംസത്തെപോലെയുള്ള മന്ത്രിയാണ് ശ്രീ. എം.എം. ഹസ്സൻ. ഞാൻ ഗൾഫ് മലയാളികൾ ധാരാളമുള്ള ഒരു പ്രദേശത്തുള്ള ആളാണ്. അനവധി ഗൾഫ് മലയാളികളുള്ള ഒരു കുടുംബത്തിൽ നിന്നാണ് ഞാൻ ഈ നിയമസഭയിലേയ്ക്ക് വരുന്നത്. അതുകൊണ്ട് ഈ കാര്യം മാത്രം എനിക്ക് ഒരു മണിക്കൂർ സംസാരിക്കാനുണ്ട്. പക്ഷെ, സൂചിക്കുഴയിലൂടെ ഒട്ടകത്തെ കടത്തുന്നതുപോലെ പാരാവാരംപോലെ പരന്നു കിടക്കുന്ന ഈ മൂന്നു വകുപ്പുകളെക്കുറിച്ച് സംസാരിക്കുവാൻ 10 മിനിറ്റ് മാത്രമാണ് ഹതഭാഗ്യനായ എനിക്ക് ഇവിടെ അനുവദിച്ചു കിട്ടിയിട്ടുള്ളത്. നളദമയന്തി കഥയിലെ ഹംസം എന്നു പറഞ്ഞതിന്റെ ആലങ്കാരിക പദങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ എന്റെ സ്നേഹിതൻ ശ്രീ. ദേവകുമാറിന് വിവരമില്ല എന്നുള്ളതിൽ ഞാൻ ഖേദിക്കുന്നു. അതിനുള്ള നർമ്മബോധവുമില്ല അതുകൊണ്ടാണ് ചോദ്യം ചോദിച്ച് തടസ്സപ്പെടുത്തുന്നത് എന്നുള്ളതിൽ എനിക്ക് ദുഃഖമുണ്ട്. എന്റെ സമയം അപഹരിക്കുകയാണ്. ഗൾഫ് നാടുകളിൽ വച്ച് മരിക്കുന്ന അനവധി മലയാളികളുടെ മൃതദേഹം കേരളത്തിലെ പാവപ്പെട്ട ബന്ധുക്കളുടെ അടുക്കലേയ്ക്ക് കൊണ്ടുവരാൻ ഈ പ്രവാസി വകുപ്പ് നടത്തിയ പരിശ്രമം അഭിനന്ദനാർഹമാണ്. ഇതിന് കഴിയാത്ത പാവപ്പെട്ട കുടുംബാംഗങ്ങൾക്ക് എന്റെ മണ്ഡലത്തിൽ മാത്രം അനേകം പേരുടെ മൃതദേഹങ്ങൾ ഇങ്ങനെ എത്തിയപ്പോൾ അവസാനമായി അവരെ ഒരുനോക്കു കാണുവാൻ

LIBRARY ARCHIVES Kerala Legislative Assembly

വെമ്പൽകൊണ്ട് കാത്തിരുന്ന പ്രിയപ്പെട്ട കുടുംബാംഗങ്ങളുടെ സന്തോഷം നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ട ആളാണ് ഞാൻ. സ്പോൺസർമാർ തടങ്കലിൽ വച്ചവരെ, കാണാതായവരെ കണ്ടെത്തിയ എത്രയോ ഉദാഹരണങ്ങൾ ഈ വകുപ്പിലുണ്ട്. ഈ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും കുടുംബാംഗങ്ങളുടെ പ്രശ്നങ്ങൾ, അതിർത്തി തർക്കം മുതൽ ഇലക്ട്രിസിറ്റി ബില്ലിന്റേയും ടെലഫോൺ ബില്ലിന്റേയും പരാതിയടക്കം, എല്ലാ പ്രശ്നങ്ങൾക്കും ഈ 'നോർക്ക' വകുപ്പ് വിദേശ മലയാളികൾക്കുവേണ്ടി പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൊടുക്കുന്നുണ്ട്. ഏഷ്യാനെറ്റ്, എയർമെയിലിലൂടെ പരാതി പരിഹാരത്തിനുവേണ്ടി നടത്തിയ ശ്രമം ശ്ലാഘനീയമാണ്. സമവായം, സമാഗമം, സാന്ത്വനം, എന്നീ പരിപാടികളിലൂടെ ഈ വകുപ്പ് ശ്രദ്ധേയമായ കാൽവയ്പ് നടത്തി. സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലിനെക്കുറിച്ച് പലരും ഇവിടെ പറഞ്ഞു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 'എന്റെ ഗ്രാമം എന്റെ സ്വപ്നം', എന്റെ മലയാളം തുടങ്ങിയ ആകർഷണീയങ്ങളായ പരിപാടികൾ ഈ വകുപ്പ് ആരംഭിച്ചുകഴിഞ്ഞു. നിയമ സഹായ സെൽ, തൊഴിൽ പരിശീലനം, ഡാറ്റാ ബാങ്ക് തുടങ്ങിയ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും പ്രവാസി വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിലേയ്ക്ക് പ്രധാനപ്പെട്ട ഒരു കാര്യം ഉന്നയിക്കുകയാണ്. കോഴിക്കോട് നിന്ന് ജിദ്ദയിലേയ്ക്ക് റിട്ടേൺ ടിക്കറ്റ് നാലര മണിക്കൂർ യാത്രയ്ക്ക് ഈടാക്കുന്നത് 30,000 മുതൽ 33,000 രൂപ വരെയാണ്. 12 മണിക്കൂർ യാത്ര ചെയ്യേണ്ട കൊച്ചി, ജോഹന്നാസ്ബർഗിന് 34,000 രൂപയാണ് ഈടാക്കുന്നത്. 10 മണിക്കൂർ തൊട്ട് 18 മണിക്കൂർ വരെ യൂറോപ്പ് യു.എസ്.എ. തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നതിനും ഇതേ ചാർജ്ജാണ്. ഗൾഫുകാർക്ക് 20 മുതൽ 35 കിലോഗ്രാംവരെയാണ് ലഗേജ് അനുവദിക്കുന്നത്. ബാക്കിയുള്ള നാടുകളിൽ പോകുന്നവർക്ക് 30 മുതൽ 45 കിലോഗ്രാംവരെ അനുവദിക്കുന്നുണ്ട്. ഗൾഫ് മലയാളികൾ ഇൻഡ്യൻ എയർലയൻസിന്റെയും അതുപോലെ എയർ ഇൻഡ്യയുടെയും രണ്ടാനമ്മ മക്കളാണോ? സർ, എത്രയോ തവണ എന്റെ സ്നേഹിതൻമാർ ഇത് സഭയിൽ ഉന്നയിച്ച കാര്യമാണ്. ഇൻഡ്യൻ എയർലയൻസിന്റെയും എയർ ഇൻഡ്യയുടേയും ജീവനക്കാർ, ഗൾഫ് എയറിന്റെ അല്ലെങ്കിൽ എമിറേറ്റ്സിന്റെ ജീവനക്കാർ ശുദ്ധമലയാളത്തിൽ സംസാരിക്കുന്ന സ്ഥാനത്ത് അക്ഷരജ്ഞാനം ഇല്ലാത്ത പ്രത്യേകിച്ച് മലബാറിൽനിന്ന് പോകുന്ന മലയാളികളോട് ഗോസായി ഭാഷയിലും ഇംഗ്ളീഷിലുമാണ് സംസാരിക്കുന്നത്. ഈ ഗൾഫുകാർ എല്ലാം വ്യവസായികളല്ല. ഇവിടെ മുഖ്യമന്ത്രി ഗൾഫിലേയ്ക്ക് പോകണമെന്ന് പലരും ആവശ്യപ്പെട്ടു. ഇതിന് മുമ്പ് പോയ ഭരണാധികാരികൾ കോടീശ്വരന്മാരായ മുതലാളിമാരെ പ്രശംസിച്ച് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പഴയ തോട്ടം തൊഴിലാളികളുടെ ലായങ്ങൾപ്പോലുള്ള സ്ഥലത്ത് താമസിച്ച് കെട്ടിടനിർമ്മാണ ജോലികളിലും ഈന്തപ്പന കാടുകളിലും ഷെഡ്ഡുകളിൽ വേദന അനുഭവിച്ച് കേവലം 400 റിയാൽ ശമ്പളം പറ്റിക്കൊണ്ട് 45 ഡിഗ്രി സെൽഷ്യസ് ചൂടിൽ ജീവൻ പണയംവച്ച് പണിയെടുക്കുന്ന പതിനായിരക്കണക്കിന് ഗൾഫുകാർ ആ മണ്ണിലുണ്ടെന്നതാണ് വാസ്തവം. അവരാണ് കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിപ്പടുക്കുന്നത്. ഡിപ്പാർച്ചർ ടൈമിന് അരമണിക്കൂർ മുമ്പ് എയർപ്പോർട്ടിലെ ചുവന്ന പരവതാനിയിലൂടെ കടന്നുവന്നു പാസ്പ്പോർട്ടും ടിക്കറ്റും ഫസ്റ്റ് ക്ലാസ് കൗണ്ടറിലേയ്ക്ക് വലിച്ചെറിഞ്ഞ് അവിടെയുള്ള പഞ്ചനക്ഷത്ര റസ്റ്റാറന്റിൽനിന്ന് പഴംസത്ത് നുണഞ്ഞ് ഫസ്റ്റ് ക്ലാസ്സിലേയ്ക്ക് ഊളിയിട്ടിറങ്ങുന്ന വിരലിൽ എണ്ണാവുന്ന മുതലാളിമാരല്ല ഈ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുത്തത്. അവർ വ്യവസായ സ്ഥാപനങ്ങളുണ്ടാക്കി. കേരളത്തിൽ ആയിരക്കണക്കിന് ആളുകൾക്ക് ജോലി നൽകി എന്നുള്ള കാര്യങ്ങൾ ഒന്നും ഞാൻ നിഷേധിക്കുന്നില്ല. പാവപ്പെട്ട പ്രവാസികൾ വളരെയധികം വഞ്ചിക്കപ്പെട്ടവരാണ്. അവരുടെ ജീവൻ പണയംവച്ച്, അവിടെയൊക്കെ അലഞ്ഞുതിരിഞ്ഞ് ജയിലുകളിൽ, കാരാഗൃഹത്തിനകത്ത് യാതനയും വേദനയും അനുഭവിക്കുന്ന പതിനായിരക്കണക്കിന് ആളുകളുടെ ഹൃദയവികാരത്തോട് ഈ വകുപ്പ് കൂടുതൽ കരുണ കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ ജ്യേഷ്ഠ സ്നേഹിതനെപ്പോലെ കാണുന്ന ശ്രീ. ബാബു ഭരദ്വാജ് അദ്ദേഹത്തിന്റെ പ്രവാസികളുടെ കുറിപ്പിൽ പറഞ്ഞിട്ടുണ്ട്, കേരളത്തിൽ 1980-നുശേഷം ഗൾഫുകാരുടെ കുടുംബങ്ങൾ അയച്ച കത്തുകൾ പ്രസിദ്ധീകരിക്കുകയാണെങ്കിൽ ഒരുപക്ഷേ മലയാള സാഹിത്യത്തിലുണ്ടായ ഏറ്റവും ഉൽകൃഷ്ടമായ കൃതിയായി അത് മാറുമെന്ന്. കണ്ണീരുപ്പ് കലർന്ന വിരലുകളുടെ വിരഹരേഖകളാണ് ആ പുസ്തകത്തിൽ കോറിയിട്ടത്. മനോരോഗികളായ ഭാര്യമാരും പിതാവിന്റെ ശാസനയുടേയും ശ്രദ്ധയുടേയും അഭാവത്തിൽ വഴിതെറ്റിപ്പോയ മക്കളും, മൺമറഞ്ഞ മാതാപിതാക്കളെ കാണാൻ കഴിയാത്ത ഹതഭാഗ്യരും ചോരനനവുകളാൽ കോറിയിട്ട ആ എഴുത്തുകൾപോലും നമ്മുടെ രാജ്യത്ത് കത്തുപാട്ടുകളായി വന്നിട്ടുണ്ട്. അതുപോലും നമ്മുടെ മലയാളി സമൂഹം വിനോദമാക്കി മാറ്റി. സുപ്രസിദ്ധ സാഹിത്യകാരനായ ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന ബഷീർ പറയുകയാണ്, എയ്റോപ്ലെയിൻ നമുക്ക് തിന്നാം ദൈവനാമത്തിൽ അറുത്തുകൊണ്ട്. പക്ഷേ ആ എയ്റോപ്ലെയിൻ വിദേശമലയാളികളെ അറുത്തുകൊണ്ടിരിക്കുകയാണ്. ധാരാളം വിദേശ രാജ്യങ്ങളിൽ കേരളീയർ ജോലിചെയ്യുന്നുണ്ട്. ചെന്നെയിൽ, ഹൈദ്രാബാദിൽ ഒക്കെ കോൺസുലേറ്റുകളുണ്ട്. ഏറ്റവുമധികം വിദേശ മലയാളികളുള്ള കേരളത്തിൽ ഒരു രാജ്യത്തിന്റേയും കോൺസുലേറ്റുകളില്ല. കോൺസുലേറ്റുകൾ ആരംഭിക്കുവാൻ ശ്രമിക്കണമെന്ന് ഞാൻ പറയുകയാണ്. ശ്രീ. മൻമോഹൻസിംഗിന്റെ മന്ത്രിസഭയിൽ ശ്രീ. ജഗദീഷ് ടൈറ്റ്ലർ പ്രവാസി വകുപ്പിന്റെ മന്ത്രിയായി അധികാരമേറ്റെടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്റെ സ്വാധീനം ചെലുത്തി യാത്രാക്കൂലി വർദ്ധനവ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗൾഫിലുള്ള സഹൃദയനായ എന്റെ ഒരു സുഹൃത്ത് എനിക്ക് ഒരു കത്തെഴുതി. ആ കത്തിൽ സുപ്രസിദ്ധ ഗസൽ ചക്രവർത്തിയായ മീർസാഗാലിബിന്റെ രണ്ടുവരികൾ ഉദ്ധരിച്ചിട്ടുണ്ട്. അത് ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്.

"ദേഖോ മുഝേ ജോ ദീദ-എ-ഇബ്റത് നിഗാഹ് ഹോ
മേരീ സുനൊ, ജോ ഗോഷ് ഹേ, നസീഹത് നിയോഷ് ഹൈ"

"തിരിച്ചറിവിന്റെ കണ്ണുകൾ ഉണ്ടെങ്കിൽ എന്നെ കാണൂ". "സത്യം ഹിതമാകുന്ന കാതുകളുണ്ടെങ്കിൽ ഞാൻ പറയുന്നത് കേൾക്കൂ" എന്നാണ്. ഇത് ഗൾഫ് നാടുകളിൽ മുഴുവൻ ജോലിചെയ്യുന്ന മലയാളികളുടെ വികാരമാണെന്ന് ഇവിടെ ബോധ്യപ്പെടുത്താൻ ആഗ്രഹിക്കുന്നു. 7643 വാർഡുകളിൽ കുടിവെള്ളം എത്തിച്ച് 45 ലക്ഷം പേർക്ക് കുടിവെള്ളം നൽകുന്ന ജപ്പാൻ കുടിവെള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യമാക്കിയ, 723 ചെറുകിട പദ്ധതി പൂർത്തിയാക്കിയ സ്വജൽധാരാ പദ്ധതി, 150 യൂണിറ്റുകൾ പൂർത്തിയാക്കിയ, 316 പദ്ധതിയിൽ ആക്ഷൻ പ്ളാനും ഉണ്ടാക്കിയ ഈ ജലവിഭവ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കല്ലടയും പഴശ്ശിയും മൂവാറ്റുപുഴയും കാഞ്ഞിരപ്പുഴയും ദുർവ്യയങ്ങളുടെ കഥപറഞ്ഞ കേരളത്തിൽ അവ പൂർത്തിയാക്കുവാൻ അദ്ദേഹം ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 111 ചെക്ഡാമുകൾ ഈ ഗവൺമെന്റ് പൂർത്തിയാക്കി. ഇതുപറയുമ്പോൾ ഞാൻ ഒരുകാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മൺസൂൺ കാലത്തെ വെള്ളപ്പൊക്കത്തെക്കുറിച്ചും....

മി. ചെയർമാൻ : പ്ളീസ്,..........

ശ്രീ. സി. പി. മുഹമ്മദ് : രണ്ടു മിനിട്ടുകൂടെ. ഞാൻ സമയപരിധിക്കുള്ളിൽ പ്രസംഗിക്കുന്ന ആളാണ്. അങ്ങ് എന്നോട് കരുണ കാണിക്കണം. വേനൽക്കാലത്ത് വരൾച്ചയെക്കുറിച്ചും പരിതപിക്കുന്ന വൈരുദ്ധ്യംകൊണ്ട് വീർപ്പുമുട്ടുന്ന മലയാളി സമൂഹത്തിന്റെ മുന്നിൽ ഇഷ്ടംപോലെ മഴയുണ്ട്. മലയാളമനോരമ പത്രത്തിന്റെ ചീഫ് എഡിറ്റർ ശ്രീ. കെ. എം. മാത്യു പലതുള്ളിയെക്കുറിച്ച് എഴുതിയ ലഘുലേഖ യുടെ ആമുഖത്തിൽ പറയുന്നു, മഴയ്ക്ക് താഴെ കുടം കമഴ്ത്തിയതുപോലെയാണ് കേരളം നിൽക്കുന്നതെന്ന്. നമുക്ക് ധാരാളം നദികളുണ്ട്. ഒരുപക്ഷേ ലോകത്തുതന്നെ ഇതുപോലെ അനുഗൃഹീതമായ ഒരു കാലാവസ്ഥ നമുക്ക് കാണാൻ സാധിക്കില്ല. തോർത്തുകൊണ്ട് വീശിയാൽ മാറുന്ന ചൂടും തോർത്തുകൊണ്ട് പുതച്ചാൽ മാറുന്ന തണുപ്പുമുള്ള ലോകത്തിലെതന്നെ അപൂർവ്വ സ്ഥലമാണ് കേരള സംസ്ഥാനമെന്ന കാര്യത്തിൽ തർക്കമില്ല. ആ കേരളത്തിലെ അനുഗ്രഹമായ 44 നദികൾ ഇന്ന് കാളിന്ദിയായി മാറിക്കൊണ്ടിരിക്കുകയാണ്. കാളിന്ദിയിൽ വിഷംകലക്കിയപ്പോൾ അത് ഇല്ലായ്മ ചെയ്യാൻ കാളിയനെ മർദ്ദിക്കുവാൻ ശ്രീകൃഷ്ണ അവതാരം ഉണ്ടായി. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സഹൃദയനാണ്. അപ്പുറത്തിരിക്കുന്ന പലരുടെയും നേതാവായ ബഹുമാന്യനായ അച്ചുതമേനോൻ പ്രഗൽഭനായ പാർലമെന്റേറിയൻ എന്ന് വിശേഷിപ്പിച്ച ആളാണ്. അദ്ദേഹത്തെപ്പോലുള്ള ഒരു മന്ത്രി കേരളത്തിലെ നദികളെ ശുദ്ധീകരിക്കുവാൻ ശ്രമിക്കണം. നിളയുടെ കണ്ണുനീർചാലുകളെപ്പറ്റി ധാരാളം തവണ ഈ സഭാവേദിയിൽ ഞാൻ ആവശ്യപ്പെട്ടത് മന്ത്രിക്കറിയാം. ആ നിള അടക്കമുള്ള 44 നദികളേയും ശുദ്ധീകരിക്കുവാൻ നമ്മുടെ പരിസ്ഥിതി സംരക്ഷിക്കുവാൻ പൂർവ്വികന്മാർ നമുക്ക് അവശേഷിപ്പിച്ചുപോയ തിരുശേഷിപ്പുകളായ നമ്മുടെ നദികളേയും നമ്മുടെ കായലുകളേയുമൊക്കെ സംരക്ഷിക്കാൻ നമുക്ക് ബാധ്യതയുണ്ട്. അതിനുശേഷമേ രംഗത്തുനിന്ന് വിടവാങ്ങാവൂ. ഈ ലോകം അവസാനിക്കുന്നതുവരെയുള്ള ഭാവി തലമുറയുടെ ഈ അമൂല്യ സമ്പത്ത്, അവയെ സംരക്ഷിക്കണം. ഞാൻ ഇവിടെ വികസനത്തിനെതിരായി സംസാരിക്കുകയല്ല. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനം നമുക്ക് ആവശ്യമില്ലെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രകൃതിയും ഈ നദികളും ഈ കാടും എല്ലാം ഈ മണ്ണിൽ അധിവസിക്കുന്ന മനുഷ്യരുടേത് മാത്രമല്ല. ഇവിടുത്തെ ജന്തുജാലങ്ങളുടേതുകൂടിയാണ്. ആശ്രമമൃഗങ്ങളെ കൊല്ലാൻവന്ന രാജാവിനോട്, മുനികുമാരന്മാർ

"ആശ്രമ മൃഗോടയം ഹന്തവ്യോന : ഹന്തവ്യ"

എന്ന് കൽപ്പിച്ചു. "ആശ്രമ മൃഗങ്ങളെ കൊല്ലാനുള്ളതല്ല". "അത് വളർത്താനുള്ളതാണെന്നു" പറഞ്ഞ മുനികുമാരന്മാരുടെ നാടാണ് നമ്മുടെ രാജ്യം. നമ്മുടെ അനുഗ്രഹീതമായ പ്രകൃതിസമ്പത്ത് നശിപ്പിക്കുന്ന വിധത്തിലുള്ള ജലസേചന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ആവരുതേയെന്ന് മുഖ്യമന്ത്രി, ജലവിഭവ വകുപ്പുമന്ത്രിയടക്കമുള്ളവരോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. തൊഴിൽ വകുപ്പ് ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഞാൻ അത് പറഞ്ഞില്ലെങ്കിൽ പന്തിയിൽ പക്ഷഭേദം കാണിച്ചെന്നുവരും.

മി. ചെയർമാൻ : അങ്ങ് പറഞ്ഞല്ലോ; തുടങ്ങിയതുതന്നെ അതല്ലേ? ധാരാളം പറഞ്ഞു.

ശ്രീ. സി.പി. മുഹമ്മദ് : തോട്ടം മേഖലയിൽ തൊഴിലാളി റിലീഫ് ഫണ്ട് നടപ്പാക്കി. ബാലവേല നിരോധന നിയമം കൊണ്ടുവന്നു. പതിമൂന്ന് തൊഴിൽ ക്ഷേമ പദ്ധതിയുടെ കോൺട്രിബ്യൂഷൻ ഉണ്ടാക്കി. ധാരാളം വിഴുപ്പലക്കുന്ന അലക്ക് തൊഴിലാളികൾക്ക് ഇവിടെ ക്ഷേമപദ്ധതി നടപ്പാക്കിയത് ബഹുമാനപ്പെട്ട മന്ത്രിയാണ്. ബാർബർ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി കൊണ്ടുവന്നു. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുന്നത്.

മി. ചെയർമാൻ : പ്ളീസ്,....

ശ്രീ. സി.പി. മുഹമ്മദ് : ഞാൻ ഒരു വാചകം പറഞ്ഞുനിർത്താം.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സി.പി. മുഹമ്മദ് : ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു, ഞങ്ങൾ അടുത്ത തെരഞ്ഞെടുപ്പിൽ അപ്പുറത്തിരിക്കുമെന്ന്. ശ്രീ. മഞ്ഞളാംകുഴി അലിക്കും എനിക്കും ഒന്നും പ്രവചിക്കുവാൻ കഴിയില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ തോൽവിയെ ഉദ്ദേശിച്ചുകൊണ്ടാണ് അത് പറഞ്ഞതെങ്കിൽ ശ്രീ. മഞ്ഞളാംകുഴി അലിയുടെ നിയോജകമണ്ഡലത്തിൽ 18000 വോട്ടിന് L.D.F. പിന്നിലാണ്. അങ്ങനെ ഞങ്ങൾ അപ്പുറത്തിരിക്കേണ്ടിവന്നാൽ ഇപ്പുറത്തിരിക്കുവാൻ ശ്രീ. മഞ്ഞളാംകുഴി അലിക്ക് അവസരമുണ്ടാവില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ഡിമാന്റുകളെ പിന്താങ്ങുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. നമ്മുടെ വിദേശമലയാളികൾക്കും അവരുടെ ബന്ധുക്കൾക്കും ഒരത്താണിയായി മാറിക്കഴിഞ്ഞ 'നോർക്ക' വകുപ്പിനേയും അതിന്റെ പ്രഗൽഭനായ മന്ത്രിയേയും പ്രശംസിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. ദീർഘകാലമായി ജലവിഭവ വകുപ്പ് കൈകാര്യം ചെയ്ത പരിചയസമ്പന്നനും പ്രാപ്തനുമായ ശ്രീ. ടി.എം. ജേക്കബ്, അദ്ദേഹത്തിന്റെ വകുപ്പിൽ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 86 കുടിവെള്ള പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയത്. ഈ പദ്ധതികൾ ഏറെയും ഗ്രാമീണ മേഖലയ്ക്ക് ഗുണം കിട്ടുന്ന വിധത്തിൽ ഗ്രാമീണമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ്. ലോകബാങ്ക് സഹായത്തോടെ 723 ചെറുകിട പദ്ധതികളുടെ പ്രവർത്തനങ്ങൾ അദ്ദേഹം തുടങ്ങിവച്ചുകഴിഞ്ഞു. അതുതന്നെ ആ വകുപ്പിന്റെ ഏറ്റവും എടുത്തുപറയത്തക്ക

LIBRARY ARCHIVES Kerala Legislative Assembly

നേട്ടമാണ്. നമ്മുടെ സംസ്ഥാനത്ത് വളരെ അപ്രതീക്ഷിതമായിട്ടാണ് മഴയും വരൾച്ചയും വരുന്നത്. ഇത്തവണ വളരെ അപ്രതീക്ഷിതമായാണ് വരൾച്ച വന്നത്. വാസ്തവത്തിൽ നമ്മുടെ ഗവൺമെന്റും ഉദ്യോഗസ്ഥന്മാരുമെല്ലാം അൽപ്പം വെമ്പലോടുകൂടിയാണ് അതിനെ അഭിമുഖീകരിച്ചത് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. അങ്ങനെ അപ്രതീക്ഷിതമായി വരുന്ന വരൾച്ചയെ അഭിമുഖീകരിക്കാനും അതിനെ മറികടക്കാനുമുള്ള ഒരു സംവിധാനം സംസ്ഥാനത്തുണ്ടാകണം. അതിന് യഥാർത്ഥത്തിൽ ഒരു വാട്ടർ മാനേജ്മെന്റ് തന്നെ പ്രത്യേകം ഉണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. വളരെ സന്തോഷത്തോടുകൂടി പറയേണ്ട മറ്റൊരു കാര്യം റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിൽ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള മാറ്റമാണ്. ഒരു കാലത്ത് അതിനെല്ലാമായി സെമിനാറുകളും സിമ്പോസിയങ്ങളുമൊക്കെ നടത്തുന്ന ഒരു പതിവായിരുന്നുവെങ്കിൽ ഇന്ന് അത് യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. മഴവെള്ള സംഭരണത്തെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള മാറ്റം, അത് മുതലാക്കാൻ മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെന്റിന്റെ 'വർഷ' പദ്ധതി പ്രകാരം 300 യൂണിറ്റ് സംസ്ഥാനത്തുണ്ടാക്കാൻ കഴിഞ്ഞു. അതു മാത്രമായില്ല. മലയാളമനോരമയുടെ പലതുള്ളി പദ്ധതി ഈ സംസ്ഥാനത്തുടനീളം ആവിഷ്ക്കരിച്ചു. അതിന് ജനങ്ങൾ നൽകിയ സ്വീകരണം, വരവേൽപ്പ്, ആ പദ്ധതി ജനങ്ങളിലുണ്ടാക്കിയ അവബോധം നമ്മൾ മനസ്സിലാക്കണം. ഒരു വർഷം വരെ മഴവെള്ളം കേടു കൂടാതെ സംരക്ഷിക്കുന്നതിനും അതുപയോഗിക്കുന്നതിനുമുള്ള ടെക്നോളജി മനോരമ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. മനോരമ പോലുള്ള പ്രസ്ഥാനങ്ങളുമായി സഹകരിച്ച് മഴവെള്ള സംരക്ഷണവും അതുപയോഗിക്കാനുമുള്ള പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടു പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വൻ നഗരങ്ങളിലൊന്നായ കൊച്ചി ഗുരുതരമായ കുടിവെള്ള ക്ഷാമം നേരിടുകയാണ്. അത് ഗവൺമെന്റ് വളരെ ഗൗരവമായി കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്. വാസ്തവത്തിൽ 600 എം.എൽ.ഡി. വെള്ളം ആവശ്യമുള്ള കൊച്ചി പട്ടണത്തിൽ, കൊച്ചിയുടേയും സമീപ പ്രദേശങ്ങളിലുമുള്ള പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും ആവശ്യത്തിന് 600 എം.എൽ.ഡി വെള്ളം ആവശ്യമാണ്. അവിടെ 225 എം.എൽ.ഡി. വെള്ളമാണ് ലഭിക്കുന്നത്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതുപോലെ, 1995-ൽ തുടങ്ങിയ ഹഡ്കോ പദ്ധതി ഇന്നും പൂർത്തീകരിച്ചിട്ടില്ല. അതു പൂർത്തിയാക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ഭഗീരഥ പ്രയത്നങ്ങൾ കണ്ടില്ലെന്നു നടിക്കുന്നില്ല. അതേസമയം ഇത്രയധികം താമസം കുടിവെള്ള പദ്ധതിക്ക് വന്നുകൂടാ. അതിനെതിരേ നിൽക്കുന്ന എതു ശക്തികളേയും നേരിടാനുള്ള സന്നദ്ധത ഗവൺമെന്റിനുണ്ടാകണം. 375 എം.എൽ.ഡി. വെള്ളം കൂടി കൊച്ചിയിൽ ഉണ്ടായാൽ മാത്രമേ നമ്മൾ വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, എൽ.എൻ.ജി. ടെർമിനൽ, ബി.എം. ഡബ്ളിയു. കാർ കമ്പനി എന്നീ മൂന്നു വലിയ കമ്പനികൾക്കും വെള്ളം കൊടുക്കാൻ സാധിക്കുകയുള്ളു. അതിന് 375 എം.എൽ.ഡി. വെള്ളം ഇനി കൊച്ചിയിൽ ഉണ്ടായേ മതിയാകൂ. കണ്ടെയ്നർ ബർത്തും എൽ.എൻ.ജി ടെർമിനലും കാർ കമ്പനിയും വളരെ പെട്ടെന്ന് സ്ഥാപിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് നൽകുന്ന ഉറപ്പ്. കുടിവെള്ളമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതികൾ മുടങ്ങിപ്പോകാൻ ഇട വരരുത് എന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ടാംഘട്ട പദ്ധതി നടപ്പാക്കാൻ ഉടൻ ഗവൺമെന്റ് മുൻകൈ എടുക്കണം. അതിനുള്ള സാമ്പത്തികമായ ആവശ്യം, ധനസഹായം എവിടെ നിന്നാണ് കിട്ടുന്നതെന്ന് നോക്കി എത്രയും പെട്ടെന്ന് അത് സമാഹരിച്ച് ആ പദ്ധതിയുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്വീവറേജ് പദ്ധതിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 700 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കിക്കഴിഞ്ഞിരിക്കുന്ന സ്വീവറേജ് പദ്ധതി കൊച്ചിയിലുണ്ട്. അത് കടലാസ്സിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരവസ്ഥയാണുള്ളത്. സ്വീവറേജ് പദ്ധതിയെ സംബന്ധിച്ച് ഹൈക്കോടതി തന്നെ വളരെ ഗൗരവമായി ഇടപെട്ടിട്ടുണ്ട്. സ്വീവറേജ് പദ്ധതി എന്നു പൂർത്തിയാകുമെന്ന് ഉറപ്പു നൽകിയാൽ മാത്രമേ ഇനി വീട് വയ്ക്കാൻ ഞങ്ങൾ അനുവദിക്കുകയുള്ളൂ എന്ന് കേരളാ ഹൈക്കോടതി ഒരിക്കൽ ഒരു വെർഡിക്റ്റ് തന്നെ പറയുകയുണ്ടായി. അത് ഗവൺമെന്റിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമെതിരായിട്ടുള്ള ഒരു വെർഡിക്റ്റ് ആണെന്നാണ് എനിക്കു പറയാനുള്ളത്. 700 കോടി രൂപയുടെ ഈ പദ്ധതി നടപ്പാക്കണം. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന കൊച്ചി പോലുള്ള മഹാനഗരത്തിൽ 700 കോടി രൂപയുടെ സ്വീവറേജ് പദ്ധതി നടപ്പാക്കാൻ ഫണ്ടും മറ്റു കാര്യങ്ങളും ഗവൺമെന്റ് ഉടൻ കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ അവിടെയുള്ള സ്വീവറേജ് പദ്ധതി 4.5 എം.എൽ.ഡി. കപ്പാസിറ്റിയുള്ള ഒരു ചെറിയ പദ്ധതിയാണ്. ആ പദ്ധതികൊണ്ട് മാത്രം നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ഇനി വരുന്ന എല്ലാ വികസനപ്രവർത്തനങ്ങളും സ്വീവറേജ് പദ്ധതി ഇല്ലായ്മമൂലം തടസ്സപ്പെടുമെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കടലാക്രമണം കൊച്ചിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നായി മാറിയിരിക്കുകയാണ്. കൊച്ചി നഗരം കടലിന്റെ സൈഡിലാണ് സ്ഥിതി ചെയ്യുന്നത്. കൊച്ചി നഗരത്തിൽ അടിക്കടി ഉണ്ടാകുന്ന കടലാക്രമണം തടയാനുള്ള ഒരു പ്രത്യേകമായ സംവിധാനം ഉണ്ടാക്കണം.ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ചതുപോലെ, അതിൽ പ്രധാനമായിട്ടുള്ളത് പുലിമുട്ടുകളാണ്. പുലിമുട്ടുകൾ ഇടുകയും കടൽഭിത്തികൾ കെട്ടുകയും കണ്ടൽക്കാടുകൾ നട്ടുവളർത്തുകയും ചെയ്യുന്ന ഒരു സംവിധാനം കൊച്ചി നഗരത്തിനുവേണ്ടി ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവരണം. തൊഴിൽ വകുപ്പിനെ സംബന്ധിച്ച് കാര്യമായ പരാതികൾ ഇല്ലാത്ത ഒരു കാലഘട്ടമാണിത്. അതേ സമയം തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ പുന:സംഘടിപ്പിക്കുകയും അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. പല ക്ഷേമനിധികളും പ്രവർത്തിക്കുന്നില്ല. കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി സ്തംഭിച്ച അവസ്ഥയിലാണ്. ഫണ്ടില്ലാത്തതുകൊണ്ടാണ്. ആ സ്ഥിതിക്ക് മാറ്റം വരണം. ക്ഷേമനിധികളെല്ലാം കാര്യക്ഷമമാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഇ.എം. അഗസ്തി:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും, ശുദ്ധജലവിതരണവും ശുചീകരണവും, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. 80 ശതമാനത്തോളം തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് എന്റെ നിയോജകമണ്ഡലം. ആ തോട്ടം തൊഴിലാളികൾ കഴിഞ്ഞ കുറേക്കാലമായി അനുഭവിക്കുന്ന നിത്യദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കൈക്കൊണ്ട തീരുമാനങ്ങൾ, ആ തീരുമാനങ്ങളിൽ അതീവ നന്ദിയോടുകൂടിയാണ് ഞാൻ സഭയിൽ നിൽക്കുന്നത്. ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങിക്കൊണ്ട് സംസാരിക്കുന്നതിനുമുമ്പായി ബഡ്ജറ്റ് പ്രസംഗത്തിൽ കേരളാ ഗവൺമെന്റിന്റെ നയപരിപാടികളുടെ ഭാഗമായി നടത്തിയ പ്രഖ്യാപനങ്ങളിലേയ്ക്ക് സഭയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 132, 133 എന്നീ പാരഗ്രാഫുകളിൽ പറയുന്ന കാര്യങ്ങൾ, ഒരു ഗവൺമെന്റും തൊഴിലാളികളോട് കാണിക്കാത്ത വിധത്തിൽ, അത്രയേറെ ആശ്വാസനടപടികൾ ഈ ഗവൺമെന്റിന് തൊഴിലാളികളോടുള്ള പ്രത്യേകമായ താൽപ്പര്യത്തിന്റെ പ്രതിഫലനമായി ചെയ്തു എന്നാണ് സഭയിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. പ്രതിസന്ധി നേരിടുന്ന വ്യവസായസ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനുവേണ്ടി ഈ വർഷം ഒരു പുനരധിവാസ നിധി രൂപീകരിക്കുന്നതാണ്. തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ആജീവനാന്തസഹായം നൽകുന്നതോടൊപ്പം ഓണം പോലുള്ള ഉൽസവകാലങ്ങളിൽ ആശ്വാസധനസഹായം നൽകുന്നതിനും ഈ നിധി ഉപയോഗിക്കുന്നതാണ്. കൂടാതെ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിതഃസ്ഥിതികളിൽ പിൻതള്ളപ്പെട്ടുപോകുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഭവനസാമൂഹ്യ പരിരക്ഷ നൽകുന്നതിനും ഈ നിധി വിനിയോഗിക്കാവുന്നതാണ്. ഇതിലേയ്ക്കായി രണ്ടു കോടി രൂപ ഞാൻ മാറ്റി വയ്ക്കുന്നു. ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗമാണ്. 132-ാമത്തെ പാരഗ്രാഫിൽ പറയുന്നത്, തോട്ടം മേഖലകളിലെ തൊഴിലാളികളെ സഹായിക്കുന്നതിന്റെ ഭാഗമായി പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുന്നതാണെന്ന് ഞാൻ സസന്തോഷം പ്രഖ്യാപിക്കുന്നു. ഓരോ കുട്ടിക്കും രണ്ടു സെറ്റ് യൂണിഫോം നൽകുന്നതാണ്. പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ളവയിൽ കുട്ടികളുടെ ഫീസിനങ്ങളിലുള്ള ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു. 3 കോടി രൂപ, ഈ രണ്ട് പ്രഖ്യാപനങ്ങളിലായി സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തുകയും തൊഴിൽ വകുപ്പ് പ്രത്യേകമായും താൽപ്പര്യമെടുത്ത് രൂപീകരിക്കപ്പെട്ട തൊഴിലാളി സഹായ പദ്ധതി, ഡെപ്പോസിറ്റ് റിലീഫ് ഫണ്ടിലേയ്ക്ക് 5 കോടി രൂപ സംസ്ഥാന ഗവൺമെന്റ് നൽകുകയും ചെയ്തിട്ടുണ്ട് എന്നത് തീർച്ചയായും ആശ്വാസകരമായ കാര്യമാണ്. അതുകൊണ്ട് അതീവനന്ദിയോടെ ഈ ഡിമാന്റിനെ പിൻതാങ്ങുകയാണ്. ഞാൻ ആദ്യം പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായിക പ്രതിസന്ധി ഉണ്ടാകുമ്പോൾ രാഷ്ട്രീയ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സമീപനമാണ് നമ്മുടെ നാട്ടിൽ സ്വീകരിച്ചിരിക്കുന്നതെങ്കിൽ ഈ ഗവൺമെന്റ് പാവപ്പെട്ട ആ തൊഴിലാളികളോട് പ്രതിബദ്ധത പൂർണ്ണമായും തെളിയിച്ചു. ബാധ്യത നിർവ്വഹിച്ചു എന്നതിന്റെ തെളിവാണ് ഇതെന്ന് സൂചിപ്പിക്കാനാണ് ഞാൻ ആ കാര്യത്തിലേയ്ക്ക് കടന്നത്.

ഞാനിവിടെ ഒരു കാര്യം ശ്രദ്ധിക്കുകയായിരുന്നു, ഇവിടെ ഇന്ന് രാവിലെ മുതൽ ചർച്ച നടക്കുകയാണ്, ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗങ്ങൾ പ്രത്യേകിച്ചും തൊഴിലാളി വർഗ്ഗത്തിനുവേണ്ടി ഏറെ സംസാരിക്കുന്ന ഇടതുപക്ഷകക്ഷികളുടെ അംഗങ്ങൾ സംസാരിച്ചപ്പോൾ അവരാരും
1.00 p.m.] തൊഴിൽ വകുപ്പിനെപ്പറ്റി സംസാരിച്ചില്ല. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ.കെ.കെ. ജയചന്ദ്രൻ ഇനി സംസാരിക്കുമ്പോഴെങ്കിലും തൊഴിലാളികളെ ഓർക്കുമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. മൂന്നു ദിവസംമുമ്പാണ് സി.ഐ.ടി.യു. സംസ്ഥാന വ്യാപകമായി സമരം ചെയ്തത്. കളക്ടറേറ്റുകളും താലൂക്ക് ഓഫീസുകളും ഉപരോധിക്കുകയും കേരളത്തിലെ ഗവൺമെന്റിന്റെ തൊഴിലാളി ദ്രോഹനടപടികൾക്കെതിരായി നിങ്ങൾ തെരുവിൽ സംസാരിക്കുകയും ചെയ്തപ്പോൾ അതിന്റെ ഒരു പ്രതിഫലനം ഈ സഭയിൽ ഉണ്ടാകാതെപോയതെന്തുകൊണ്ടാണെന്ന് നിങ്ങൾ ആത്മപരിശോധന നടത്തണം. നിങ്ങൾ ആത്മപരിശോധന നടത്തിയില്ലെങ്കിൽ, നിങ്ങൾ പറഞ്ഞാലും കേരളത്തിന്റെ തൊഴിലാളികൾ ചിന്തിക്കുമെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇവിടെ പ്രത്യേകിച്ചും 1960-കളിലും 1970-കളിലും കേരളത്തിലെ തൊഴിൽ വകുപ്പിനെ നമ്മൾ അറിയുന്നത് വ്യവസായ സമാധാന സംരംഭമുണ്ടാക്കുന്ന വകുപ്പെന്നാണ്. ഇവിടെ ഘൊരാവോയും അതുപോലെതന്നെ തടഞ്ഞു വയ്ക്കലുമൊക്കെ ഗവൺമെന്റിന്റെ നയമാണെന്ന് പലരും പ്രസ്താവിച്ചിട്ടുള്ളതാണ്. അതിൽ നിന്നും മാറി വ്യവസായ സമാധാനമുണ്ടാക്കുന്നതിനും കേരളത്തിൽ തൊഴിലവസരങ്ങളുണ്ടാക്കുന്നതിനും മുതൽമുടക്കുന്നതിനും ആകർഷകമായ സാഹചര്യം സൃഷ്ടിക്കുന്നതിനുമുള്ള തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ഒരു വ്യവസായ സമാധാന സംവിധാനം നിലനിർത്തുന്നതിനുവേണ്ടി വ്യവസായ സമാധാനമുണ്ടാക്കുകയും അതിനനുസരിച്ച് പുതിയ മുതൽമുടക്കുണ്ടാക്കുകയും ചെയ്യുന്നതോടൊപ്പംതന്നെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുതകുന്ന മനുഷ്യത്വപരമായ സമാധാനവും കേരളത്തിലെ വികസനോന്മുഖവുമായ സമീപനവും രൂപീകരിക്കാൻ കഴിഞ്ഞുവെന്നതാണ് ഈ വകുപ്പിലെ ഏറ്റവും പ്രധാനമായ കാര്യം. കാലത്തിനനുസരിച്ച് നമ്മൾ മാറണം. ലോകം മാറിക്കൊണ്ടിരിക്കുകയാണ്, പഴയ മുദ്രാവാക്യങ്ങൾക്കൊന്നും വലിയ പ്രസക്തിയില്ല. ആ മുദ്രാവാക്യങ്ങൾക്കൊക്കെ അതാതു കാലഘട്ടത്തിൽ അതിന്റെ പ്രസക്തിയുണ്ടായിരുന്നിരിക്കാം. പക്ഷേ മാറ്റത്തിനനുസരിച്ച് നമ്മൾ മാറണം, മാറ്റത്തിനനുസരിച്ച് നമ്മൾ മാറിയില്ലെങ്കിൽ നമ്മളെ ലോകം തിരസ്ക്കരിക്കുമെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഈ മാറ്റത്തിന്റെ വഴിത്തിരിവിൽ നിൽക്കുന്ന കേരള സംസ്ഥാനത്തെ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് തൊഴിൽ വകുപ്പിന് പുതിയ രൂപം നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം ഞാൻ അനുസ്മരിക്കുകയാണ്. ഇവിടെ തൊഴിൽ മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്, തൊഴിലാളി യൂണിയനുകളുടെ ആധിക്യമാണ്. ഒരു വ്യവസായത്തിൽ ഒരു യൂണിയൻ എന്നൊന്നും ഞാൻ പറയുന്നില്ല, പക്ഷേ നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഭിന്നിക്കുന്നതുപോലെ അതിനനുസരിച്ച് പുതിയ തൊഴിലാളി സംഘടനകളുണ്ടാകുന്നതിന്റെ ഫലമായി പല വ്യവസായങ്ങളിലും നിരവധി യൂണിയനുകളുടെ പ്രാമുഖ്യം കൊണ്ട് എല്ലാ തൊഴിലാളി യൂണിയനുകളുടെയും നടപ്പിലാക്കാൻ കഴിയാത്ത ആവശ്യങ്ങൾ നിരവധിയായി ഉന്നയിക്കുന്നതിനെ തുടർന്ന് കേരളത്തിലെ തൊഴിൽ മേഖലയിലുണ്ടായിരുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തൊഴിലാളി യൂണിയനുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നൊന്നും ഞാൻ പറയുന്നില്ല. ജനാധിപത്യ സംവിധാനത്തിൽ ഏതെങ്കിലും തൊഴിലാളി യൂണിയന് ഗവൺമെന്റ് നിയന്ത്രണമേർപ്പെടുത്തുന്നത് ശരിയാണോയെന്നുള്ള ചർച്ചയൊക്കെയുണ്ടാകട്ടെ, എങ്കിലും അനന്തമായി പെരുകിക്കൊണ്ടിരിക്കുന്ന തൊഴിലാളി യൂണിയനുകൾ കേരളത്തിലെ തൊഴിൽ മേഖലയ്ക്കും തൊഴിലാളികൾക്കും സഹായകരമല്ലെന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റ് ശ്രദ്ധിക്കണം. ആ യാഥാർത്ഥ്യം തൊഴിലാളികളെ ബോധ്യപ്പെടുത്തണം. തൊഴിൽ വകുപ്പ് ഏതു പരിഷ്ക്കാരം നടപ്പിലാക്കിയാലും ശരി, തൊഴിലാളികളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന് പ്രയോജനമുണ്ടാകില്ല. അതുകൊണ്ട് അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ നേതൃത്വത്തിലുള്ള പാർട്ടികളെ അനുകൂലിക്കുന്ന ട്രേഡ്യൂണിയനുകളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട്, (അവർ പെട്ടെന്ന് വിശ്വാസത്തിലേയ്ക്കു വരുമോയെന്നുള്ളത് എനിക്കറിയില്ല) മുന്നോട്ടുപോകാൻ ശ്രമിക്കണം.

ശ്രീ. എം.വി. ജയരാജൻ: സർ, അങ്ങ് 'ഐ' ഗ്രൂപ്പിന്റെ വക്താവാണല്ലോ. കോൺഗ്രസ്സിൽ വളരെ പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ ചർച്ച ചെയ്യുമ്പോൾ ചില അഭിപ്രായങ്ങൾ ആധികാരികമായി അങ്ങുകൂടി പറയുന്നതുകണ്ടു. കോൺഗ്രസ്സിന്റെ നിയമസഭാ പാർലമെന്ററി പാർട്ടിയോഗത്തിൽ അങ്ങുൾപ്പെടെ ചില അഭിപ്രായങ്ങൾ പറഞ്ഞതായി പത്രദ്വാരാ മനസ്സിലാക്കാൻ കഴിഞ്ഞു. പാർലമെന്ററി പാർട്ടിയിൽ പറഞ്ഞ മുഖ്യമന്ത്രിയുടെ നയം മാറ്റണം, ചില മന്ത്രിമാരെ മാറ്റണം, അതുപോലുള്ള അഭിപ്രായങ്ങളിൽ അങ്ങ് ഇപ്പോഴും ഉറച്ച് നിൽക്കുന്നുണ്ടോ?......(ബഹളം)........

ശ്രീ. ബി. വിജയകുമാർ: സർ, ഇതിവിടെ ചർച്ച ചെയ്യേണ്ട കാര്യമുണ്ടോ? ....(ബഹളം)....................

ശ്രീ. ഇ.എം. അഗസ്തി: ഞാൻ ബഹുമാനപ്പെട്ട എം.വി. ജയരാജന് വഴങ്ങിയത് അദ്ദേഹം ഞാനിവിടെ ചർച്ച ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും പറയുമെന്ന് കരുതിയാണ്. ഏതായാലും അദ്ദേഹം ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞില്ലെങ്കിൽ കൂടുതൽ സംശയങ്ങൾക്ക് ഇടയാകുമെന്നുള്ളതു കൊണ്ട് ഞാൻ വിഷയത്തിൽ നിന്നും മാറുന്നില്ലെങ്കിലും ഒരു കാര്യം പറയട്ടെ, ഞാൻ കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗത്തിൽ സംസാരിക്കാറുണ്ട്. പക്ഷേ ഞാൻ ഒരു ഗ്രൂപ്പിന്റെ ഔദ്യോഗിക വക്താവല്ല, പാർലമെന്ററി പാർട്ടി യോഗത്തിൽ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യവും ബ്രീഫ് ചെയ്യുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് പത്രക്കാരോട് ബ്രീഫ് ചെയ്തിട്ടില്ല, അന്നു പറഞ്ഞ എന്റെ അഭിപ്രായങ്ങൾ തന്നെ ഇപ്പോഴും പാർലമെന്ററി പാർട്ടി യോഗത്തിലും പാർട്ടി ഫോറത്തിലും പറയുന്നതിന് എനിക്ക് ദയവായി അങ്ങയുടെ സഹായം ആവശ്യമില്ലെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അങ്ങ് തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ അവതരിപ്പിച്ചപ്പോൾ ട്രേഡ് യൂണിയൻ സംഘടനകളുടെ ബാഹുല്യത്തെ സംബന്ധിച്ച് ഉത്ക്കണ്ഠ പ്രകടിപ്പിക്കുകയുണ്ടായി. എല്ലാ ട്രേഡ് യൂണിയൻ സംഘടനകളിലും ഇതിൽ അഭിപ്രായ സമന്വയമുണ്ടാകണമെന്നുള്ളതു അങ്ങു പറഞ്ഞു. അങ്ങയുടെ നിലപാടിനോട് ഞാൻ യോജിക്കുകയാണ്. ഈ കാര്യം പരിഹരിക്കുന്നതിനുവേണ്ടി ഒരു സ്ഥാപനത്തിൽ ഒരു യൂണിയൻ എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് ട്രേഡ് യൂണിയൻ ബാഹുല്യം ഒഴിവാക്കാനുള്ള ഏക വഴി രഹസ്യ ബാലറ്റ് ഉപയോഗിച്ച് ട്രേഡ് യൂണിയൻ സംഘടനകളെ അംഗീകരിക്കുകയാണ്. ഈ കാര്യത്തിൽ സി.ഐ.ടി.യു. യോജിക്കാൻ തയ്യാറാണ്. ഈ കാര്യത്തിൽ അങ്ങയുടെ നിലപാടെന്താണ്?

ശ്രീ. ഇ. എം. അഗസ്തി: തീർച്ചയായും അങ്ങയുടെ പാർട്ടിയുടെ ഭാഗത്തുനിന്നും ഒരു ചർച്ചയുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഇതുവരെ കാര്യമായി ഇതിനെപ്പറ്റി ചർച്ച നടക്കാത്തതിനെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ട്രേഡ് യൂണിയനുകളുടെ ബാഹുല്യം കുറയേണ്ടതാണ്. അതിനെ സംബന്ധിച്ച് രഹസ്യ ബാലറ്റ് വേണമോ പരസ്യ ബാലറ്റ് വേണമോ എന്നുള്ളതൊക്കെ ഗവൺമെന്റ് ചർച്ച ചെയ്യണമെന്നാണ് ഞാൻ പറഞ്ഞത്. എനിക്ക് അങ്ങയോട് ഒരു ചോദ്യമുണ്ട്, അങ്ങു പറഞ്ഞ രഹസ്യ ബാലറ്റ് കേരളത്തിലും ബംഗാളിലും മാത്രം മതിയോ അതോ രാജ്യമാസകലം രഹസ്യ ബാലറ്റിനോട് അങ്ങ് യോജിക്കുന്നുണ്ടോ എന്ന് ഇതിനുശേഷം സംസാരിക്കുന്ന അങ്ങയുടെ സഹപ്രവർത്തകന്മാർ പറയട്ടെ എന്നാണ് എന്റെ കാഴ്ചപ്പാട്.

ശ്രീ. ഷിബു ബേബിജോൺ: സർ, ഒരു സ്ഥാപനത്തിന് ഒരു ട്രേഡ് യൂണിയൻ എന്ന ശ്രീ. ടി.പി. രാമകൃഷ്ണന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. എന്നാൽ ഞാൻ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞതുപോലെ 1957-ലെ സർക്കാർ അന്ന് ഇതിനൊരു ഫോർമുല ഉണ്ടാക്കിയതാണ്, ടി.വി. ശ്രീകണ്ഠൻ ഫോർമുല. ഒരു വ്യവസായ ശാലയ്ക്ക് ഒരു യൂണിയൻ, എന്നാൽ അന്ന് കൂടുതൽ രാഷ്ട്രീയവൽക്കരിച്ചതിന്റെ ഫലമായി ഇന്ന് അനാവശ്യമായ ഡിമാൻഡുകൾ കൊടുക്കുന്നതിനോടാണ് കൂടുതൽ തൊഴിലാളികൾ നിൽക്കുന്നത്. ആ രീതിയിൽ ഇന്ന് സി.ഐ.ടി.യു. അനാവശ്യമായ ഡിമാൻഡുകൾക്കുവേണ്ടി നിലനിൽക്കുന്നതുകൊണ്ട് പല സ്ഥലങ്ങളിലും കൂടുതൽ തൊഴിലാളികളുണ്ട്, ആ ദുരുദ്ദേശത്തോടുകൂടിയാണ് ഇന്ന് നടപ്പിലാക്കാൻ തയ്യാറാകുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ.എം. അഗസ്തി: ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ ഇവിടെ യൂണിയനുകളുടെ എണ്ണം കൂടുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാര്യം അയഥാർത്ഥവും പ്രായോഗികവുമല്ലാത്ത ഡിമാൻഡുകളുന്നയിക്കുകയും അതിന്റെ കൂടെ കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ പോകുകയും ചെയ്യുന്നതാണ്. സി.ഐ.ടി.യു. ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനകളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ചർച്ച വേണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. ആരെയും വിശ്വാസത്തിലെടുക്കാതെ തൊഴിൽ വകുപ്പിൽ ഇങ്ങനെയൊരു ഗുണപരമായ മാറ്റമുണ്ടാക്കാൻ കഴിയില്ലെന്ന കാര്യം ഞാൻ സമ്മതിക്കുകയാണ്. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും ദീർഘമായി കടക്കുന്നില്ല. നമ്മുടെ വ്യവസായ തർക്കങ്ങളുടെ എണ്ണം 1990-കളിൽ നിന്നും 2000-ലേയ്ക്കു കടന്നപ്പോൾ 50% ആയി കുറഞ്ഞിരിക്കുന്നു എന്നാണ് കണക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. വ്യവസായ മേഖലയിലെ തർക്കങ്ങളും പ്രശ്നങ്ങളും കുറയുന്നു എന്നതാണ് സൂചനയെന്നത് സന്തോഷകരമാണെങ്കിലും എനിക്ക് ഒരു സംശയമുണ്ട്, നമ്മുടെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള adjudication, conciliation എന്നീ സംവിധാനങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിന്റെ കുറവുകൊണ്ടാണോ ഈ നമ്പരിലുള്ള കുറവെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. ഇവിടെ വ്യവസായ സമാധാനം വേണമെന്നു പറയുമ്പോൾ, അതുപോലെതന്നെ തൊഴിൽ മേഖലയിൽ സമാധാനം വേണമെന്നു പറയുമ്പോൾ അതിന്റെ എല്ലാ ത്യാഗവും തൊഴിലാളി സഹിക്കണമെന്നുള്ള നിലയിൽ കാര്യങ്ങൾ പോകരുതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായത്തിൽ നേട്ടങ്ങൾ ഉണ്ടാകുമ്പോൾ, ആ നേട്ടങ്ങളുടെ മുഴുവൻ അവകാശവും വ്യവസായ മാനേജുമെന്റിനും വ്യവസായത്തിൽ പ്രതിസന്ധിയുണ്ടാകുമ്പോൾ ആ പ്രതിസന്ധിയുടെ മുഴുവൻ ബാദ്ധ്യതയും പ്രയാസങ്ങളും സഹിക്കേണ്ടിവരുന്നത് തൊഴിലാളികളും ആണെന്നുള്ള ഒരു ധാരണ എന്തുകൊണ്ടോ വളർന്നു വരുന്നു. തകർന്നുകൊണ്ടിരിക്കുന്ന തോട്ടം മേഖലയിലെ കാര്യങ്ങളെക്കുറിച്ചിവിടെ ഞാൻ സൂചിപ്പിച്ചു. വ്യവസായങ്ങൾക്കൊക്കെ ഒരു നല്ല കാലമുണ്ടായിരുന്നു. നല്ല ലാഭവുമുണ്ടായിരുന്നു. വ്യവസായങ്ങൾക്ക് നല്ല ലാഭമുണ്ടായിരുന്ന അവസരങ്ങളിൽ അധികമായിട്ടൊന്നും തന്നെ തൊഴിലാളികൾക്ക് നൽകിയിരുന്നില്ല. നിയമാനുസൃതമായി തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്നതു മാത്രമല്ലാതെ അതിൽ കൂടുതലൊന്നും നൽകിയിട്ടില്ല. ഇപ്പോൾ വ്യവസായ പ്രതിസന്ധിയെക്കുറിച്ചാണ് സംസാരിക്കുന്നത്. പ്രതിസന്ധിയുടെ കാര്യത്തിലേയ്ക്കൊന്നും തന്നെ ഞാൻ കടക്കുന്നില്ല. പ്രതിസന്ധിയുടെ കാലത്ത് തൊഴിലാളികൾക്ക് അർഹതപ്പെട്ടതൊന്നും കൊടുക്കാതിരുന്നതിന് ഒരു ന്യായം, വ്യവസായത്തിലെ പ്രതിസന്ധിയാണെന്നു പറഞ്ഞ് മാനേജുമെന്റുകളും മുതലാളിമാരും ഒഴിഞ്ഞു മാറുന്നതു ശരിയല്ല. ഇവിടെയാണ് ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തി പ്രകടമാക്കേണ്ടത്. എന്റെ നിയോജകമണ്ഡലത്തിലെ കാര്യം തന്നെ പറയാം. സ്വാതന്ത്ര്യം കിട്ടിയിട്ട് അമ്പതു അറുപതു വർഷമായി. സ്വാതന്ത്ര്യത്തിനുമുമ്പുള്ള കാലഘട്ടത്തിൽ, ഇംഗ്ലീഷുകാർ തോട്ടം ഉടമകളായിരുന്ന കാലത്തുണ്ടാക്കിയ എസ്റ്റേറ്റ് ലയങ്ങളിലാണ് ഇപ്പോഴും തോട്ടം തൊഴിലാളികൾ താമസിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ റബ്ബർ വ്യവസായത്തിൽ വലിയ പ്രതിസന്ധിയൊന്നുമില്ല. പല റബ്ബർ വ്യവസായങ്ങളിലേയും തൊഴിലാളികൾ തലമുറകളായി താമസിക്കുന്ന ആ ലയങ്ങളുടെയും വീടുകളുടെയും സ്ഥിതി പരമദയനീയമാണ്. ചോർന്നൊലിക്കുന്ന കൂരയ്ക്കു കീഴിൽ അധിവസിക്കുന്ന അച്ഛനും അമ്മയും കുട്ടികളും അടങ്ങുന്ന ആ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുടുംബം, സത്യത്തിൽ ഒരു പരിഷ്ക്കൃത സമൂഹമെന്നുള്ള നിലയിൽ കേരളത്തിൽ നമുക്കുള്ള മുഴുവൻ അവകാശവാദങ്ങളേയും തകർക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകണം. പ്രതിസന്ധിയുണ്ടാകുമ്പോൾ മാത്രം നമ്മൾ അവരെ അന്വേഷിച്ചാൽ പോരല്ലോ. കേരളത്തിലെ തോട്ടം വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിലും അവരുടെ വരുമാനവും മാത്രമല്ല പ്രശ്നം, അവർ താമസിക്കുന്ന പരിസരം, അവർക്കാവശ്യമായ ശുദ്ധജലം, വൈദ്യുതി ഇതൊക്കെ കേരളത്തിൽ ഒരു കാലത്തുണ്ടായിരുന്നതാണ്. ഇന്നില്ല. തോട്ടം വ്യവസായത്തിൽ ഇടയ്ക്കിടെ പ്രതിസന്ധിയുണ്ടാകും. ആ പ്രതിസന്ധിയുടെ പേരിൽ ആ ഉത്തരവാദിത്വത്തിൽ നിന്നും മാനേജുമെന്റുകൾ ഒഴിഞ്ഞു മാറുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തേണ്ടതാണ്. അതിനു ഗവൺമെന്റ് ഫലപ്രദമായി ഇടപെടണം എന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് തൊഴിലാളികളുടെ ശമ്പള വർദ്ധനവ്. എത്രയോ കാലമായി തൊഴിലാളികളുടെ ശമ്പള വർദ്ധനവ് നമ്മൾ മരവിപ്പിച്ചിരിക്കുന്നു. തോട്ടം വ്യവസായത്തിൽ പ്രതിസന്ധിയുണ്ടായപ്പോൾ , വ്യവസായത്തെ സംരക്ഷിക്കുന്നതിനു വേണ്ടി ഒരു താൽക്കാലിക നടപടി എന്ന നിലയിൽ സ്വീകരിച്ച ആ നടപടി അനന്തമായി നീണ്ടു പോകുന്നതിൽ ഒരു ന്യായീകരണവുമില്ല. ഇപ്പോൾ റബ്ബർ വ്യവസായത്തിലെ പ്രതിസന്ധി മാറി. എന്തുകൊണ്ട് അവരുടെ ശമ്പള വർദ്ധനവിലുള്ള മരവിപ്പ് മാറ്റുന്നില്ല എന്ന് മന്ത്രി വ്യക്തമാക്കുമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഇൻഡസ്ട്രിയൽ റിലേഷൻഷിപ്പ് കമ്മിറ്റികൾ ഫലപ്രദമാക്കണം. ജലസേചന വകുപ്പിനെ സംബന്ധിച്ച് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ജലസേചന വകുപ്പിനെ സംബന്ധിച്ച സുപ്രധാനങ്ങളായ രണ്ടു നിയമനിർമ്മാണങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുന്നതിനും അതു സഭയുടെ അംഗീകാരത്തോടുകൂടി പാസ്സാക്കി എടുക്കുന്നതിനും കഴിഞ്ഞു എന്നുള്ളത് വലിയൊരു കാര്യമാണ്. സ്വാതന്ത്ര്യത്തിനുമുമ്പുള്ള കാലഹരണപ്പെട്ട പല നിയമങ്ങളും അടങ്ങിയതായിരുന്നു നമ്മുടെ ഇറിഗേഷൻ വകുപ്പിലെ നിയമങ്ങൾ. ആ നിയമങ്ങളെല്ലാം ക്രോഡീകരിച്ചുകൊണ്ട് ഇറിഗേഷൻ ബിൽ പാസ്സാക്കാൻ കഴിഞ്ഞു എന്നതിൽ ഞാൻ അഭിമാനിക്കുന്നു. അതുപോലെ കേരളത്തിലെ ഏറ്റവും വലിയ സമ്പത്താണ് ഭൂഗർഭജലം. നമ്മുടെ ഭൂഗർഭജലം സംരക്ഷിക്കാനുള്ള നടപടികൾ സംബന്ധിച്ച ഭൂഗർഭ വിനിയോഗത്തെക്കുറിച്ചുള്ള ബില്ലും പാസ്സാക്കാൻ കഴിഞ്ഞു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ജല വിനിയോഗത്തിൽ ഒരു പുതിയ അവബോധം കേരളത്തിലെ ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. നമ്മുടെ മാദ്ധ്യമങ്ങൾ, പ്രത്യേകിച്ചും മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ മാദ്ധ്യമങ്ങൾ ഈ രംഗത്തു നടത്തിയ പ്രചരണം, മലയാള മനോരമയുടെ റോഡ്ഷോ ഇവ ശ്രദ്ധിക്കപ്പെടേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിൽ മലയാള മനോരമ റോഡ് ഷോയിൽ നടത്തിയ കാര്യങ്ങളെ സംബന്ധിച്ച ഒരു ഫോട്ടോ എക്സിബിഷൻ ഇപ്പോൾ കുമിളിയിൽ നടക്കുകയാണ്. ജല സംരക്ഷണത്തിനും വാട്ടർ ഹാർവെസ്റ്റിംഗിനുമുള്ള ഒരു പുതിയ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, വയനാട് പോലെയുള്ള മലയോര പ്രദേശങ്ങളിലെ

ജനങ്ങൾ മഴയെ ആശ്രയിച്ചു മാത്രം ജീവിക്കുന്നവരാണ്. അവർക്ക് പൂർണ്ണമായ സാമ്പത്തിക സഹായം കൊടുക്കണം. എത്രയോ കാര്യങ്ങൾക്കു നമ്മൾ സബ്സിഡി കൊടുക്കുന്നു. പൂർണ്ണമായും സാമ്പത്തിക സഹായം നൽകാനുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണമെന്ന് വിനയപൂർവ്വം ഞാൻ അപേക്ഷിക്കുകയാണ്. നമ്മുടെ ജല വിനിയോഗത്തെക്കുറിച്ചുള്ള ഒരു സർവ്വേ ഞാൻ പരിശോധിക്കുകയുണ്ടായി. ജലവിനിയോഗത്തെക്കുറിച്ച് നമ്മുടെ സർവ്വേയിൽ കാണാൻ കഴിഞ്ഞ ഒരു കാര്യം ജലസേചനത്തിനുവേണ്ടി ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കേരളത്തിൽ കുറയുകയാണ് എന്നാണ്. പക്ഷേ വ്യവസായ ആവശ്യത്തിനുവേണ്ടിയും ശുദ്ധജലത്തിനുവേണ്ടിയും കുടിവെള്ളത്തിനു വേണ്ടിയും ഉള്ള ആവശ്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. കേരളം ജലസമ്പന്നമാണ്. ഏറ്റവുമധികം മഴ ലഭിക്കുന്ന വയനാട്, ഇടുക്കി പോലെയുള്ള പ്രദേശങ്ങൾ ജലസമ്പന്നമാണ്. ഈ ജലത്തെ ആശ്രയിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ കേരളത്തിൽ വരുന്നതിനെ നമ്മൾ എന്തുകൊണ്ട് എതിർക്കുന്നു എന്ന കാര്യമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പ്ളാച്ചിമട അതിനൊരു ഉദാഹരണമാണ്. പ്ലാച്ചിമടയിലേയ്ക്ക് ഞാനും അങ്ങും പോയതാണ്. പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി വന്നതുകൊണ്ടാണ് അവിടെ ജലക്ഷാമം ഉണ്ടായത്. ഈ പദ്ധതി തൊടുപുഴയിലോ ഇടുക്കിയിലോ ആയിരുന്നുവെങ്കിൽ ഈ പ്രോജക്ടിൽ നിന്നും വരുന്ന അധികജലം കേരളത്തിലെ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമായിരുന്നു. വ്യവസായങ്ങൾ നിശ്ചയിക്കുമ്പോൾ രാഷ്ട്രീയ പരിഗണനയുണ്ടാകാൻ പാടില്ല. അതുകൊണ്ട് ജലവിനിയോഗത്തെ സംബന്ധിച്ച്, കേരളത്തിലെ ആവശ്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ഒരു ധാരണയുണ്ടാക്കാൻ ഈ വകുപ്പ് തയ്യാറാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട എം. എം. ഹസ്സന്റെ വകുപ്പിനെപ്പറ്റി ഒരു കാര്യം പറയട്ടെ, അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ ഈ സഭയ്ക്കുള്ള പൊതുവായ അഭിപ്രായത്തോട് ഞാനും പങ്കുചേരുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ഇപ്പോൾ യു.പി.എ. ഗവൺമെന്റ്, നിയമനവും സ്വമേധയായുള്ള നിയമനവും പിരിച്ചുവിടലും എന്ന ആശയത്തെ പൂർണ്ണമായും നിരാകരിച്ചിരിക്കുകയാണ്. അതുപോലെതന്നെ ഇൻസ്പെക്ടർ രാജ് നടപ്പിലാക്കുന്ന തൊഴിൽ നിയമങ്ങൾ പുന:പരിശോധിക്കുകയും അവ റദ്ദാക്കുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇൻസ്പെക്ടർ രാജ് നടപ്പിലാക്കുന്ന തൊഴിൽ നിയമമാണ് ചുമട്ടു തൊഴിലാളി നിയമത്തിലൂടെ നിങ്ങൾ ഇവിടെ നടപ്പിലാക്കിയത്. ഈ നിയമം പിൻവലിക്കാൻ നിങ്ങൾ തയ്യാറാകുമോ എന്നാണ് എനിക്ക് പ്രധാനമായും ചോദിക്കാനുള്ളത്. ഇവിടെ ശ്രീ. ജോണി നെല്ലൂരും ശ്രീ. കെ. എൻ. എ. ഖാദറും സംസാരിക്കുമ്പോൾ ചുമട്ടു തൊഴിലാളി നിയമം പാസ്സാക്കിയത് നടപ്പിലാക്കണമെന്നാണ് പറഞ്ഞത്. മൂന്നുവർഷക്കാലം തൊഴിൽ മേഖലയോട് കാണിച്ച നിഷേധാത്മകമായ സമീപനത്തിന്റെ ഫലമായിട്ടു കൂടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് തെരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടി ഏൽക്കേണ്ടി വന്നത് എന്ന കാര്യം തൊഴിൽ വകുപ്പുമന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. തൊഴിലാളിയും മാനേജുമെന്റും തമ്മിലുള്ള ബന്ധങ്ങൾ സംഘട്ടനങ്ങളുടേതല്ലാത്ത, കൂടിയാലോചനകളുടെയും സഹകരണത്തിന്റെയും സമന്വയത്തിന്റെയും രൂപത്തിൽ ആയിരിക്കുമെന്നാണ് പറയുന്നത്. തൊഴിലാളി നേതാക്കന്മാരുമായി കൂടിയാലോചിച്ച് ത്രികക്ഷി ചർച്ച കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് യു.പി.എ. ഗവൺമെന്റ് കോമൺ മിനിമം പ്രോഗ്രാമിൽ പറഞ്ഞിരിക്കുന്നത്. ആ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ കേരളത്തിലെ തൊഴിൽ മേഖലയെ സംബന്ധിച്ചുള്ള ചർച്ചകൾക്ക്, കേരളത്തിലെ പ്രധാനപ്പെട്ട ട്രേഡ് യൂണിയനുകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള നേതാക്കൻമാരുമായും ഏതെങ്കിലും രൂപത്തിലുള്ള ചർച്ച നടത്താൻ ഈ ഗവൺമെന്റും തൊഴിൽ വകുപ്പും തയ്യാറായിട്ടുണ്ടോ? ആഗോളവൽക്കരണനയം തുടങ്ങുന്നതിനുമുമ്പ് മുതലുള്ള തൊഴിൽ സ്വാതന്ത്ര്യം, പണിമുടക്കവകാശമുൾപ്പെടെയുള്ള, തൊഴിലാളികൾ നേടിയെടുത്തിട്ടുള്ള എല്ലാ അവകാശങ്ങളും പരിരക്ഷിക്കുവാനും സംരക്ഷിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. കാരണം അപ്പുറത്തു നിന്നും സംസാരിച്ചവരിൽ പലരും പറഞ്ഞത് ഇവിടെ സമന്വയത്തിന്റെ മാർഗ്ഗം വേണമെന്നാണ്. എന്താണ് സമന്വയത്തിന്റെ മാർഗ്ഗമെന്ന് പറയുന്നതിലൂടെ നിങ്ങൾ ഉദ്ദേശിക്കുന്നത് എന്നു തീരെ മനസ്സിലായിട്ടില്ല. അപ്പുറത്തു നമ്മുടെ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് മീശ പിരിച്ചു നിൽക്കുന്നതുകൊണ്ട് ഇവിടെ പുരോഗതി ഉണ്ടാകുന്നില്ല എന്നാണ്. ഇവിടെ വ്യവസായ പുരോഗതി ഉണ്ടാകാത്തതിനും നിക്ഷേപം നടത്താൻ ആളുകൾ തയ്യാറാകാത്തതിനും എന്താണ് കാരണം? യഥാർത്ഥത്തിൽ മന്ത്രിമാരും നേതാക്കന്മാരും അടക്കമുള്ളവർ തന്നെ ഈ രീതിയിലുള്ള പ്രചരണങ്ങൾ നടത്തിയാൽ ആരാണ് ഇങ്ങോട്ട് നിക്ഷേപം നടത്താൻ വരുന്നത്, പരിശോധിക്കേണ്ടതാണ്. നിക്ഷേപം നടത്തുന്നതിന് പ്രതികൂലമായ പ്രചരണങ്ങൾ സംഘടിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത് വ്യവസായവകുപ്പു മന്ത്രിയും നേതാക്കന്മാരുമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മീശ പിരിച്ചു നിന്നതിന്റെയും സമരം നടത്തിയതിന്റെയുമൊക്കെ ഭാഗമായി ഇന്ന് വ്യവസായങ്ങൾ പൂട്ടേണ്ടിവന്നിട്ടുണ്ട്, അതല്ലെങ്കിൽ ഇന്ന കുഴപ്പം കൊണ്ട് പദ്ധതി നഷ്ടപ്പെടാൻ ഇടയായിട്ടുണ്ടെന്നു പറയുവാൻ നിങ്ങൾക്കു കഴിയുമോ? അതൊന്നുമല്ല നിങ്ങളുടെ പ്രശ്നമെന്നു പറയുന്നത്. ഇവിടെ ചൗധരി കമ്മിറ്റി റിപ്പോർട്ടിനെയും താമരാക്ഷൻ കമ്മിറ്റി റിപ്പോർട്ടിനെയും വ്യവസായ വകുപ്പുമന്ത്രി വിലയിരുത്തിയല്ലോ. അദ്ദേഹം പറഞ്ഞത് ചൗധരി കമ്മിറ്റി ടെക്നിക്കൽ കമ്മിറ്റിയാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ റിപ്പോർട്ട് ടെക്നിക്കൽ റിപ്പോർട്ടാണെന്നും. താമരാക്ഷൻ കമ്മിറ്റി രാഷ്ട്രീയ പ്രേരിതമായതുകൊണ്ട് രാഷ്ട്രീയപ്രേരിതമായ റിപ്പോർട്ടാണെന്നുമാണ്. അങ്ങനെയാണെങ്കിൽ താമരാക്ഷനെ കൺവീനറാക്കിക്കൊണ്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കാനും ആ റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കാനുമിടയായ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യമെന്തെന്ന് വിശദീകരിക്കേണ്ടതുണ്ട്. അപ്പോൾ സ്വാഭാവികമായും അതല്ല. യഥാർത്ഥത്തിൽ ഈ കാര്യങ്ങളെല്ലാം പറഞ്ഞ് ഭീഷണിപ്പെടുത്തി നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളും അതുപോലെ പൊതുസ്വത്തുക്കളും ചുളു വിലയ്ക്ക് ഇവിടത്തെ വ്യാവസായിക പ്രമാണിമാർക്ക് വിറ്റ് കമ്മീഷൻ വാങ്ങിക്കുക യെന്നതിനപ്പുറമുള്ള താൽപര്യങ്ങളൊന്നും നിങ്ങൾക്കില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പരമ്പരാഗത മേഖലയുടെ കാര്യമെടുക്കാം. കേരളത്തിലെ ജനസംഖ്യയുടെ ആറിലൊരു ഭാഗം ജീവിക്കുന്നത് പരമ്പരാഗതമേഖലയിലാണ്. ശ്രീ. ഇ.എം. അഗസ്തി പറയുന്നതുപോലെ എനിക്ക് തോന്നുന്നില്ല. ശ്രീ. ഇ. എം. അഗസ്തി എങ്ങനെയാണ് ട്രേഡ് യൂണിയൻ പ്രശ്നങ്ങളെ കാണുന്നതെന്ന് ഞാൻ മനസ്സിലാക്കിയിട്ടില്ല. ഞങ്ങൾക്ക് തൊഴിലാളി വർഗ്ഗത്തോടുതന്നെ വ്യക്തമായ, പക്ഷപാതിത്വം ഉള്ളവരാണ്. പക്ഷെ കേരളത്തിലെ ജനസംഖ്യയുടെ ആറിലൊന്ന് ആളുകളും ജീവിക്കുന്നത് പരമ്പരാഗത മേഖലയിൽ പണിയെടുത്താണ്. ഇന്ന് പരമ്പരാഗത മേഖലയെന്നു പറയുന്നത് അക്ഷരാർത്ഥത്തിൽ ആന കരിമ്പിൻ കാട്ടിൽ കയറിയതുപോലെയാണ്. ചവിട്ടി മെതിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവിടത്തെ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയല്ലേ കൈത്തറി മേഖല. ഇതിന്റെ നാശത്തിനിടയായ കാരണമെന്താണെന്ന് കണ്ടുപിടിച്ച് അതിന് പരിഹാരം കാണുകയല്ലേ വേണ്ടത്. ഇവിടെ കൈത്തറി മേഖലയിൽ 20 ശതമാനം റിബേറ്റ് ഉണ്ടായിരുന്നു. ആ റിബേറ്റ് യു.ഡി.എഫ്. ഗവൺമെന്റ് നിർത്തലാക്കി. അതുപോലെ തറിക്കാവശ്യമായ കുഴിനൂലിന് കേന്ദ്ര ഗവൺമെന്റ് 9.2 ശതമാനം മൂല്യ വർദ്ധിത നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ സംഘങ്ങൾക്കുണ്ടായിരുന്ന സബ്സിഡി സംസ്ഥാന ഗവൺമെന്റ് നിർത്തലാക്കി. ഇതിന്റെയെല്ലാം ഫലമായി ലക്ഷക്കണക്കിനാളുകൾ ജോലിയെടുക്കുന്ന ആ മേഖല തകർന്നു. അതിനെ രക്ഷിക്കാൻ നിങ്ങളുടെ കൈയിൽ എന്തെങ്കിലും ഒരു നടപടിയുണ്ടോ? തേയിലത്തോട്ടങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. 51,000 തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടങ്ങൾ ഇന്ന് പൂട്ടിയിരിക്കുകയാണ്. ആ തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് യൂണിഫോം കൊടുക്കുന്നതും, അവരെ പുനരധിവസിപ്പിക്കുന്നതുമല്ല പ്രശ്നം തൊഴിലാളികളുടെ വിലപേശാനുള്ള കഴിവിനെ നശിപ്പിച്ചുകൊണ്ട് തൊഴിലാളികളെ marginalise ചെയ്യപ്പെടുകയാണ്. അവിടത്തെ പ്രധാനപ്പെട്ട പ്രശ്നമെന്നു പറയുന്നത് തോട്ടങ്ങൾ തുറപ്പിക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ നടപടിയുണ്ടാകണം. പീരുമേട്ടിലെ തോട്ടം തൊഴിലാളികൾക്ക് കൂലിയും ആനുകൂല്യങ്ങളുമായി 100 കോടി രൂപ ലഭിക്കാനുണ്ട്. നിങ്ങൾ എപ്പോഴും ബംഗാളിലെ കാര്യത്തിൽ ചൂഴ്ന്നിറങ്ങി സംസാരിക്കുന്നവരാണല്ലോ. അവിടെ പ്രതിമാസം 500 രൂപ വീതം പൂട്ടിയിട്ടിരിക്കുന്ന എല്ലാ തോട്ടം തൊഴിലാളികൾക്കും കൊടുക്കുന്നുണ്ട്. മാത്രമല്ല അവർക്ക് സൗജന്യ റേഷനും കൊടുക്കുന്നുണ്ട്. അതുമാത്രമല്ല തേയിലതോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് പോഷകാഹാര ക്കുറവുണ്ടാകാതിരിക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ഇവിടത്തെ തൊഴിൽ വകുപ്പ് തയ്യാറുണ്ടോ? ഇല്ല എന്നുള്ളതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ബാലൻ: ശ്രീ. കെ. കെ. ജയചന്ദ്രൻ പുനരുദ്ധാരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പാലക്കാട് ജില്ലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലമായ മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി industrial belt മാത്രം മൂന്നു വർഷത്തിനിടയിൽ 44 വൻകിട ഇടത്തര വ്യവസായവും 150 ചെറുകിട യൂണിറ്റുകളും അടച്ചുപൂട്ടിയതിന്റെ ഫലമായി 11,000 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഇതിൽ ഒരു തൊഴിലാളി മിനിഞ്ഞാന്ന് ആത്മഹത്യ ചെയ്തു. മൊത്തം 17 പേർ ആത്മഹത്യ ചെയ്തു. ഈ ആത്മഹത്യ ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളെയെങ്കിലും സംരക്ഷിക്കാനുള്ള എന്തെങ്കിലും സാമ്പത്തിക സഹായം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മെമ്പർ മന്ത്രിയോട് അപേക്ഷിക്കുമോ?

ശ്രീ. കെ.കെ. ജയചന്ദ്രൻ : ഈ മന്ത്രിയോട് ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല. കാരണം നേരത്തെയുള്ള ചിത്രംതന്നെ തെളിയിക്കുന്നത് ഈ ഗവൺമെന്റും ഇവിടത്തെ മന്ത്രിയും സമ്പന്നരായ ഒരുകൂട്ടം മുതലാളിമാരേയും അവരുടെ വ്യവസായങ്ങളേയും അവരുടെ സ്വത്തിനേയും, സമ്പത്തിനേയും, പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള എൻ.ഡി.എ. ഗവൺമെന്റിന്റെ തൊഴിൽ നയങ്ങളാണ് ഇവിടെ നടപ്പാക്കി കൊണ്ടിരിക്കുന്നത്. നഗ്നസ്ത്രത്തിൽനിന്നും നൻമ പ്രതീക്ഷിക്കേണ്ട കാര്യമില്ല എന്നു പറയുന്നതുപോലെയാണ്. പരമ്പരാഗത മേഖലയിൽപ്പെടുന്ന മറ്റൊരു മേഖലയാണ് മത്സ്യമേഖല, ആ മത്സ്യമേഖലയിൽ തൊഴിലാളികൾക്ക് ജോലിയുണ്ടോയെന്ന് നോക്കാതെ അവിടത്തെ സമ്പന്ന വിഭാഗങ്ങളെ സംരക്ഷിക്കുന്ന ഒരു സമീപനമെടുത്തതിന്റെ ഫലമായി ഇവിടത്തെ കയറ്റുമതി മുതലാളിമാർക്ക് അനുകൂലമായി തൊഴിലാളികൾക്കെതിരായി ക്ഷേമനിധിയുടെ വിഹിതം അടയ്ക്കേണ്ടെന്ന് സുപ്രീംകോടതി വിധിയുണ്ടായി. ആ സുപ്രീംകോടതി വിധിയുണ്ടായപ്പോൾ ആ വിധിക്കനുകൂലമായ ഒരു സമീപനമല്ലേ ഈ ഗവൺമെന്റ് സ്വീകരിച്ചത്. അത് മറികടക്കാൻ, ഈ തൊഴിലാളികളെ സംരക്ഷിക്കാനുള്ള ഒരു നടപടി സ്വീകരിച്ചില്ലെന്നു മാത്രമല്ല മറ്റു ക്ഷേമനിധി ബോർഡുകൾ കൂടി ഈ കാരണത്തിന്റെ പേരിൽ നശിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് 23 ക്ഷേമനിധി ബോർഡുകളുണ്ട്. ആ ക്ഷേമനിധി ബോർഡുകളിൽ ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇവിടെയെല്ലാം ഇതിന്റെ പ്രവർത്തനങ്ങൾ സജീവമായി കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടോ. ഇതിനുമുൻപ് പലരും സംസാരിച്ചതുകൊണ്ടും, ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ ഈ പ്രശ്നം വളരെ ഭംഗിയായി അവതരിപ്പിച്ചതുകൊണ്ടും ഞാൻ ആ പ്രശ്നത്തിലേയ്ക്ക് കടക്കുന്നില്ല. എന്നാലും ഒരുകാര്യം പറയുവാൻ ആഗ്രഹിക്കുകയാണ്. ഈ 23 ബോർഡുകളിൽ 13 ബോർഡുകൾ 2002-2003 സാമ്പത്തിക വർഷത്തിൽ തൊഴിലാളി ക്ഷേമത്തിനായി ചെലവഴിച്ചത് 71 കോടി 44 ലക്ഷം രൂപയാണ്. ഭരണച്ചെലവിനായി ചെലവഴിച്ചത് 127 കോടി 25 ലക്ഷം രൂപയാണ്. ആ ബോർഡുകളെ കാര്യക്ഷമമാക്കാൻ കഴിയുന്നുണ്ടോ? അപ്പോൾ അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയണ്ടേ? ആകെ വരുമാനത്തിന്റെ 15 ശതമാനത്തിൽ കൂടുതൽ ചെലവഴിക്കാൻ പാടില്ലെന്ന വ്യവസ്ഥകൾ നിലനിൽക്കുമ്പോഴാണ് ഈ സ്ഥിതി തുടരുന്നതെന്ന് കാണാൻ കഴിയും. ഇവിടെ എല്ലാ ക്ഷേമനിധികളേയും തകർക്കുന്നതായി കാണാൻ കഴിയും. കശുവണ്ടിത്തൊഴിലാളികളുടെ പെൻഷൻ, മത്സ്യത്തൊഴിലാളികളുടെ പെൻഷൻ, തൊഴിലില്ലായ്മാ വേതനം, വികലാംഗ പെൻഷൻ, അഗതികൾക്കുള്ള പെൻഷൻ, വിധവകളുടെ പെൺമക്കളെ

LIBRARY ARCHIVES Kerala Legislative Assembly

വിവാഹംചെയ്തുകൊടുക്കാനുള്ള സഹായം, അൻപത് വയസ്സിനു മുകളിലുള്ള വിധവകളായ സ്ത്രീകൾക്കുള്ള സഹായം, നിങ്ങൾതന്നെ കൊണ്ടുവന്ന അവിവാഹിതരായിട്ടുള്ള അമ്മമാരെ സഹായിക്കാൻ വേണ്ടിയുള്ള സഹായം ഇതെല്ലാം കുടിശ്ശികയായി കിടക്കുകയാണ്. പിന്നെയെന്ത് ക്ഷേമനിധിയെക്കുറിച്ചാണ് പറയുന്നത്. വളരെ സുന്ദരമായ നിലയിൽ പ്രവർത്തിക്കുന്നെന്നാണ് പറയുന്നത്. എന്തായാലും ബഹുമാനപ്പെട്ട മന്ത്രിയുടെ അച്ഛന്റെ പ്രാഗൽഭ്യത്തെക്കുറിച്ചൊക്കെ ബഹുമാനപ്പെട്ട ഗണേഷ്കുമാർ ഇവിടെ പറഞ്ഞു. വളരെ നല്ലതുതന്നെ. അദ്ദേഹത്തിന്റെ അച്ഛൻ വളരെ കാര്യക്ഷമമായി തൊഴിലാളികൾക്കുവേണ്ടി നിന്നിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ അച്ഛന്റെ കഴിവുകൾക്കും നടപടികൾക്കും ബദലായി ആ ക്ഷേമനിധികളെ നശിപ്പിക്കുക മാത്രമല്ല തൊഴിലാളികളെ തിന്നുന്ന ഒരു മന്ത്രിയായി അദ്ദേഹം മാറിയിട്ടുണ്ട്. ഇവിടെ എല്ലാം ഭംഗിയായി നടക്കുന്നു എന്നാണ് മുസ്ലീം ലീഗ് നേതാക്കൻമാർ പറഞ്ഞത്. മാറാട് സംഭവത്തെക്കുറിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ വളരെ വിശദമായി പറയുകയുണ്ടായി. അതിനുശേഷം പത്രക്കാർ ചോദിച്ചപ്പോൾ പറഞ്ഞത് മുഖ്യമന്ത്രി നല്ലതുപോലെ പറഞ്ഞിട്ടുണ്ട് അതുകൊണ്ട് നന്നാകുമെന്നാണ്. നിങ്ങളുടെ മൂന്നു വർഷത്തെ ഭരണകാലത്തിനിടയിൽ ഭരണ മുന്നണിയിലെ രണ്ടാമത്തെ പാർട്ടിയാണല്ലോ മുസ്ലീം ലീഗ്. നിങ്ങൾ ഉന്നയിച്ചിട്ടുള്ള ഒരു കാര്യത്തിനെങ്കിലും പരിഹാരമുണ്ടായിട്ടുണ്ടോ? ഒന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്—അതിനെക്കുറിച്ച് നിങ്ങളുടെ നിലപാടെന്താണ്. രണ്ട് ന്യൂനപക്ഷങ്ങൾക്കെതിരായിട്ടുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന അതുസംബന്ധിച്ച് നിങ്ങൾ എന്തെല്ലാം പ്രമേയം പാസ്സാക്കി. മൂന്ന് മാറാട് സംഭവം. ഇതിന്റെ പേരിൽ മരിച്ചവർക്ക് 10 ലക്ഷം രൂപയും പരിക്കുപറ്റിയവർക്ക് അഞ്ചു ലക്ഷം രൂപയും നിസ്സാരമായ പരിക്കു പറ്റിയവർക്ക് മൂന്നു ലക്ഷം രൂപയും RSS-കാർക്ക് കൊടുത്തു. ഒരു ചില്ലിക്കാശ് കൊലചെയ്യപ്പെട്ട മുസ്ലീംങ്ങൾക്ക് വാങ്ങിച്ചുകൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഇപ്പോഴും 60 വയസ്സ് പ്രായമുള്ള ആളുകൾ ജയിലിൽ കിടക്കുകയാണ്. അതുപോലെ കിള്ളി സംഭവം. നിങ്ങൾക്ക് ഒന്നിനും നടപടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾ പഞ്ചപുച്ഛമടക്കി നിൽക്കുകയാണ്. ഇവിടെ പുരോഗതിയുണ്ടാകാത്തതിന്റെ പ്രധാന കാരണമായി പറയുന്നത് പ്രതിപക്ഷത്തിന്റെ സഹകരണമില്ലാത്തതു കൊണ്ടാണെന്നാണ്. നമ്മുടെ നാട്ടിൽ പുരോഗതിയുണ്ടാകാത്തതിന്റെ പ്രധാന കാരണമെന്നു പറയുന്നത് ഐക്യ ജനാധിപത്യ മുന്നണിയും അതിന് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സുമാണ്. കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ നിങ്ങൾ കേരളത്തിൽ നടത്തിയിട്ടുള്ള നാടകങ്ങൾ ജനങ്ങൾക്കറിയാം. അതിലൊന്ന് ശോഭനാ ജോർജ്ജിന്റെ പേരിൽ വ്യാജ രേഖ ചുമത്തുന്ന കേസ് അത് കുറെക്കാലമുണ്ടായി. അതിനുശേഷം രാജ്യസഭാ തെരഞ്ഞെടുപ്പ് വന്നപ്പോൾ രണ്ട് സ്ഥാനാർത്ഥികൾ തമ്മിൽ പരസ്പരം വോട്ടു പിടിക്കൽ. അതിന്റെ ഭാഗമായിട്ടുള്ള വിഴുപ്പലക്കൽ ഇനിയും തീർന്നിട്ടില്ല. പിന്നെ ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ എറണാകുളത്ത് പതിനായിരക്കണക്കിനാളുകളെ വിളിച്ചുകൂട്ടി മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയെ താഴെയിറക്കാനും പുതിയ പാർട്ടിയുടെ പ്രഖ്യാപനവും. കണ്ണൂരിലെ ഡി.സി.സി മെമ്പറുടെ കയ്യും കാലും തല്ലിയൊടിച്ച കേസിലെ പ്രതിയായി മന്ത്രി. ശ്രീ. ശരത്ചന്ദ്ര പ്രസാദിനേയും ശ്രീ. രാജ് മോഹൻ ഉണ്ണിത്താനേയും പാർട്ടിയിൽനിന്ന് പുറത്താക്കി, അതിന്റെ ഭാഗമായിട്ടുള്ള ധർണ്ണ. അതിനുശേഷം കെ.പി.സി.സി. ആസ്ഥാനത്ത് നിരാഹാരം. അതുമാത്രമല്ല നിർവാഹകസമിതി യോഗം ചേരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വാടകഗുണ്ടകളേയും കൊലയാളികളേയും വച്ച് മുൻ ജനറൽ സെക്രട്ടറിമാരെ ശരിപ്പെടുത്തൽ. ഇന്നലെ യൂത്ത് കോൺഗ്രസ് ഓഫീസിന് തീവച്ചിരിക്കുന്നു. ഞാൻ ചോദിക്കട്ടെ ഇങ്ങനെ വിഴുപ്പലക്കി വിഴുപ്പലക്കി ക്രമസമാധാന നില തകർന്നു. അതിന്റെ പ്രതിഫലനമാണ് ഇന്ന് നിയമസഭയിൽ കണ്ടത്. മന്ത്രി ആർ. ബാലകൃഷ്ണപിള്ളയെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചില്ലേ. അപ്പോൾ ഞാൻ പറയുന്നത് അസംബ്ളിക്ക് പുറത്തു നടക്കുന്ന കാര്യങ്ങൾ അസംബ്ളിക്കകത്തോട്ടും വന്നിരിക്കുകയാണ്. ഇങ്ങനെയുള്ള നടപടികൾ നിങ്ങൾ സ്വീകരിക്കുന്നതുകൊണ്ടാണ് കേരളത്തിൽ നിക്ഷേപം നടത്താൻ കേരളത്തിനു പുറത്തു നിന്ന് ആളുകൾ വരാത്തത്. റബ്ബർ അധിഷ്ഠിത വ്യവസായത്തിൽ മുതലാളികളേയും തൊഴിലാളികളേയും വിളിച്ചു വരുത്തി അവരുടെ മൊഴിയെടുത്തതിനുശേഷം അഡ്വൈസറി ബോർഡും തൊഴിൽ വകുപ്പും അംഗീകരിച്ചതിനുശേഷം പ്രിന്റ് ചെയ്യാൻ കൊടുത്ത സമയത്ത് Rubber Manufacturers Association-ന്റെ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രി അത് പ്രിന്റ് ചെയ്യുന്ന സ്ഥലത്തു നിന്നും തിരിച്ചു വാങ്ങി എന്നാണ് പറയുന്നത്. മന്ത്രി മറുപടി പറയേണ്ട ഒരു വിഷയമാണിത്. ഇത് അപമാനകരമായ ഒരു കാര്യമാണ്. നിങ്ങളെപ്പോലുള്ളവരാണ് ഇത്തരത്തിലുള്ള നടപടികൾ തുടരുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, XXIV-ാം നമ്പർ ധനാഭ്യർത്ഥനയിലാണ് നോർക്ക വരുന്നത്. ഈ വകുപ്പിന് ഒരു മേജർ ഹെഡ് വേണമെന്ന് അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ പറഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എന്റെ തൊട്ടടുത്ത് ഇരിക്കുകയാണ്. എന്നോട് വലിയ സ്നേഹവുമാണ്. ഈ വകുപ്പിനോടും കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്നേഹം കാണിക്കണം. ഞങ്ങളൊക്കെ അദ്ദേഹത്തെ തലൈവർ എന്നാണ് വിളിക്കുന്നത്. തലൈവർ ഈ വകുപ്പിന് ഒരു തല നൽകുമെന്നാണ് എന്റെ പൂർണ്ണ വിശ്വാസം. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ ഇതൊരു മേജർ സബ്ജക്ടാണെന്ന് ഇവിടുത്തെ ചർച്ചയിൽ എല്ലാപേർക്കും ബോദ്ധ്യമായിട്ടുണ്ട്. വിദേശ മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മലയാളികൾ നേരിടുന്ന പല പ്രശ്നങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ മുഖ്യമന്ത്രിയുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് കേന്ദ്ര വിദേശകാര്യമന്ത്രി ശ്രീ. നട്വർസിംഗും സഹമന്ത്രി ശ്രീ. അഹമ്മദ് സാഹിബ്ബും ഈ മാസം 10-ാം തീയതി തിരുവനന്തപുരത്ത് വരികയാണ്. വിസ, പാസ്പോർട്ട്, മൃതശരീരം കൊണ്ടുവരുന്ന കാര്യങ്ങൾ, വിദേശ എംബസ്സികളിലെ കോൺസുലർ സർവ്വീസ്, വിദേശ എംബസ്സികളിൽ മലയാളികളെ നിയോഗിക്കുന്നതുൾപ്പെടെ ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ച പല പ്രശ്നങ്ങളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്യുന്നുണ്ട്. വിദേശ മലയാളികളെ സംബന്ധിച്ച് രണ്ട് പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളാണ് നമുക്ക് ചെയ്യാനുള്ളത്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുക, അതിന് ഈ ചർച്ച വളരെയധികം പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുകയാണ്. മറ്റൊന്ന് തൊഴിൽ സാദ്ധ്യതകൾ. ഇപ്പോൾ വിദേശ രാജ്യങ്ങളിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. അവിടെ സ്വദേശിവത്ക്കരണത്തെ സംബന്ധിച്ചുള്ള പുതിയ പുതിയ നിബന്ധനകൾ, വിസ ചട്ടങ്ങൾ കർശനമാക്കൽ എന്നിവയുടെ ഫലമായി നമുക്ക് വളരെയധികം തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. നാണു: മലയാളികളോട് അവിടുത്തെ ഗൾഫ് ഭരണാധികാരികൾ മോശമായി പെരുമാറുന്നു എന്ന ഘട്ടം വന്നപ്പോൾ നമ്മുടെ സംസ്ഥാന നിയമസഭ ആ പ്രശ്നങ്ങൾ അവിടുത്തെ ഭരണാധികാരികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ മന്ത്രിയെ അവിടേയ്ക്ക് അയച്ചതുപോലെ നമ്മുടെ ബഹുമാനപ്പെട്ട തൊഴിൽമന്ത്രിയും അവിടെ പോയി ചർച്ച ചെയ്ത് കാര്യങ്ങൾ പരിഹരിക്കണം.

ശ്രീ. എം. എം. ഹസ്സൻ: കുവൈറ്റ്, യു.എ.ഇ., മസ്ക്കറ്റ് തുടങ്ങി പല ഗൾഫ് രാജ്യങ്ങളിലും പോയി അവിടുത്തെ തൊഴിൽ വകുപ്പുമന്ത്രിമാരുമായി സംസാരിക്കാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. ലോകത്ത് എവിടെയെല്ലാം എന്തെല്ലാം വിധത്തിലുള്ള തൊഴിൽജന്യ മേഖലകളുണ്ടെന്ന് കൃത്യമായ വിവരം ശേഖരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ ഒരു എംപ്ളോയ്മെന്റ് മാപ്പിംഗ് ഉണ്ടാക്കുന്നതിന്, തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് നോർക്ക ഡിപ്പാർട്ടുമെന്റ് വിശദമായ പഠനം നടത്തി അതിനാവശ്യമായ പരിശീലനം നൽകാനുള്ള സംവിധാനം ഉണ്ടാക്കാൻ ആഗ്രഹിക്കുകയാണ്. വിദഗ്ദ്ധ തൊഴിലാളികൾക്ക് ലോകത്ത് എല്ലായിടത്തും പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ വളരെയധികം തൊഴിൽ സാദ്ധ്യതകളുണ്ട്. അതിന് ഗവേഷണ വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്തി എംപ്ലോയ്മെന്റ് മാപ്പിംഗ് ഉണ്ടാക്കി അതിനാവശ്യമായ പരിശീലനം നൽകാനുള്ള സംവിധാനം ഇവിടെ ഉണ്ടാകണം. വിദേശത്തുനിന്ന് മടങ്ങിയെത്തിയവർ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവരുടെ ചികിത്സയ്ക്കുമൊക്കെ വളരെയധികം കഷ്ടപ്പെടുന്നുണ്ട്. അവരെ സഹായിക്കാൻ 'സാന്ത്വന' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിൽ 20 ലക്ഷം രൂപ അതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ആ പദ്ധതിയുടെ ഉദ്ഘാടനം കേന്ദ്ര വിദേശകാര്യ മന്ത്രി നിർവ്വഹിച്ചുകൊണ്ട് പത്തിരുപത് ആളുകളെ തെരഞ്ഞെടുത്ത് അവർക്ക് ധനസഹായം നൽകുകയാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: അങ്ങ് പ്രവാസികൾക്കുവേണ്ടി പുതിയ 'സാന്ത്വന' എന്ന പദ്ധതി ആരംഭിച്ചതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം ഞാൻ എന്റെ സബ്മിഷനിലൂടെ മാളയിലെ ഒരു പ്രവാസി കുടുംബത്തിനേറ്റ ദു:ഖകരമായ ഒരു സംഭവം ഈ സഭയിൽ വിവരിക്കുകയുണ്ടായി. രണ്ടുപേരുടെ മരണത്തിനും അതുവഴി ആ കുടുംബത്തിലെ മറ്റുള്ളവർക്കേറ്റ പരിക്കുകൾ ചികിത്സിക്കുന്നതിനും ഒരുപാട് ബുദ്ധിമുട്ടുന്ന ആ കുടുംബത്തിന് 'സാന്ത്വന' നിധിയിൽനിന്നും സഹായം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: നബീസ, ഫൗസിയ എന്നിവരെ വളരെ പൈശാചികമായി കൊലപ്പെടുത്തിയ സംഭവമാണ്. ഗൾഫ് മലയാളികളിൽ വളരെയധികം ആശങ്കയും പ്രതിഷേധവും ഉണ്ടാക്കിയ സംഭവമാണ്. രണ്ട് കുടുംബങ്ങളിൽപെട്ട അവരുടെ ചികിത്സാ സഹായത്തിന് 'നോർക്ക' വകുപ്പിൽനിന്നും 25,000 രൂപ വീതം ധനസഹായം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. മറ്റ് പല തരത്തിലുള്ള അവശതകൾ അനുഭവിക്കുന്നവരുടെ അപേക്ഷകൾ കിട്ടി. പത്രങ്ങളിൽ ആവശ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ട്. ഇനിയും അപേക്ഷിക്കാം. പരിമിതമായ ഫണ്ടേയുള്ളൂവെങ്കിലും ആവശ്യമായ സഹായം നൽകുന്നതാണ്. ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ച ഒരു കാര്യം, വിദേശത്ത് പോകുന്നവർക്ക് ഒരു ലക്ഷം രൂപവരെ ധനസഹായം നൽകുന്നതിനെ സംബന്ധിച്ച് ദേശവത്കൃത ബാങ്കുകളും സഹകരണ ബാങ്കുകളുമായും ആലോചിച്ച് ഒരു സ്കീം തയ്യാറാക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുന്നതാണെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെ വിദേശത്തുപോയി തൊഴിൽ ചെയ്യുന്ന ആളുകളുടെ ഏറ്റവും വലിയ പ്രശ്നമാണ് ബാങ്ക് പലിശ നിരക്കിൽ ഉണ്ടായിട്ടുള്ള വ്യത്യാസം. ബാങ്ക് ഡെപ്പോസിറ്റിൽ പലിശ നിരക്ക് കുറഞ്ഞതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് വരുന്ന എൻ.ആർ.ഐ. ഡെപ്പോസിറ്റ് വളരെ ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഇത് ഈ സംസ്ഥാനത്തെയാകെ ബാധിക്കുന്ന കാര്യമാണ്. 24,000 കോടി രൂപ കേരളത്തിലെ ബാങ്കുകളിൽ വന്നിരുന്നത് ഇന്ന് മറ്റു പല തരത്തിൽ അത് നിക്ഷേപിക്കാനുള്ള ടെന്റൻസി വളരുകയാണ്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ ഗൗരവമായി കേന്ദ്ര ഗവൺമെന്റിനുമുമ്പിൽ കൊണ്ടുവരും. ഐഡന്റിറ്റി കാർഡ് നൽകുന്ന കാര്യം വിദേശ മലയാളികളുടേയും മറുനാടൻ മലയാളികളുടേയും ഒരു പ്രധാനപ്പെട്ട ആവശ്യമാണ്. ഇത് ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി ഉൾപ്പെടെയുള്ള മെമ്പർമാർ ഇവിടെ നടത്തിയ അഭിപ്രായ പ്രകടനങ്ങളും അവർ നൽകിയ നിർദ്ദേശങ്ങളും ഞാൻ പൂർണ്ണമായി ഉൾക്കൊള്ളുന്നു. ചെറിയ വകുപ്പാണെങ്കിലും വലിയ വിഷയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയുടെ സെൻസ് മനസ്സിലാക്കി ഈ വകുപ്പിന് കൂടുതൽ ധനസഹായം വരുംകാലങ്ങളിൽ നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ): സർ, തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാ പോരായ്മകളും നികത്തുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇവിടെ വന്നിട്ടുള്ള നിർദ്ദേശങ്ങളെ അർഹിക്കുന്ന ഗൗരവത്തോടുകൂടി ഞാൻ സ്വീകരിക്കുകയാണ്. മുമ്പ് തൊഴിൽ വകുപ്പിനെ സംബന്ധിച്ച് ഇവിടെ നടന്നിട്ടുള്ള ഡിമാന്റ് ചർച്ചകൾ ഞാൻ കഴിഞ്ഞ ദിവസങ്ങളിൽ വായിച്ചുനോക്കുകയുണ്ടായി. സാധാരണ തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരുപിടി പരാതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

നിരത്താറുള്ളത്. അത്തരം പരാതികൾ നിരത്താൻ ഉണ്ടായിരുന്നില്ല എന്നുള്ളത് നമ്മുടെയെല്ലാം പ്രവർത്തനങ്ങളുടെ ഫലമാണ്. തൊഴിൽ മേഖല അത്രയ്ക്ക് ശാന്തമാണ്, സമാധാനമാണ് എന്നൊന്നും ഞാൻ പറയുന്നില്ല. വളരെ പ്രതികൂലമായ സാഹചര്യമാണ് തൊഴിൽ മേഖലയിൽ ഇന്ന് നിലനിൽക്കുന്നത്. പ്രശ്നങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. ആ പ്രശ്നങ്ങൾ ഇന്ന് നമ്മുടെയെല്ലാം കൂട്ടായ പരിശ്രമംകൊണ്ടും തൊഴിലാളികൾ നേരിടുന്ന പ്രതികൂലമായ സാഹചര്യത്തിൽ അങ്ങനെ ഒരു നിലപാട് എടുക്കാൻ എല്ലാപേരും നിർബന്ധിതരായിരിക്കുന്ന സാഹചര്യത്തിൽ നമ്മൾ ആ നിലപാട് സ്വീകരിച്ചിരിക്കുന്നു എന്നുള്ളതാണ്. ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട വിഷയങ്ങളിൽ ശ്രീ. ജയചന്ദ്രൻ അവസാനം പറഞ്ഞ കാര്യം തൊട്ട് തന്നെ തുടങ്ങാം. റബ്ബറധിഷ്ഠിത വ്യവസായത്തിന്റെ മിനിമം വേജസ് ഞാൻ ഇടപെട്ട് നിയന്ത്രിച്ചു എന്നാണ് പറയുന്നത്. അത് ചില തെറ്റിദ്ധാരണകൾ കൊണ്ടാണ്. മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി റബ്ബറധിഷ്ഠിത വ്യവസായത്തിന്റെ മിനിമം വേജസ് പുതുക്കി റിപ്പോർട്ട് ചെയ്തു. അത് ഗവൺമെന്റ് സ്വീകരിച്ചു. അതിൽ ഒരു വ്യതിയാനവും വരുത്തിയിട്ടില്ല. പക്ഷേ അങ്ങനെയുള്ള പ്രാഥമികമായ നോട്ടിഫിക്കേഷൻ വന്നതിനുശേഷം ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കിയതിനിടയ്ക്ക് വലിയ വ്യത്യാസം ആ റേറ്റിൽ ഉണ്ടായി. ഈ നോട്ടിഫിക്കേഷൻ പോയ അവസരത്തിലാണ് ശ്രദ്ധയിൽപ്പെട്ടത്. അതുകൊണ്ട് ഞങ്ങൾ അത് പരിശോധിച്ചു. മിനിമം വേജസ് കമ്മിറ്റി ശുപാർശ ചെയ്ത തരത്തിൽ തന്നെ ഒരു മാറ്റവും വരുത്താതെ അത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകത്ത് ദുരുദ്ദേശപരമായി ഒന്നും തന്നെയില്ല എന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. ജയരാജൻ : തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയ്ക്ക് അങ്ങയുടെ പിതാവ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അങ്ങേയറ്റം അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. പക്ഷേ അദ്ദേഹത്തിന്റെ മകനായിട്ടും തൊഴിൽ വകുപ്പുമന്ത്രിയായിരിക്കേ റബ്ബറധിഷ്ഠിത വ്യവസായത്തിലെ മിനിമം കൂലി പുതുക്കിയതിനെക്കുറിച്ച് ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരണം നടന്നു. ആ അഡ്വൈസറി കമ്മിറ്റി മുതലാളിമാരിൽ നിന്നും തൊഴിലാളികളിൽ നിന്നും മൊഴിയെടുത്തശേഷം ശുപാർശ സമർപ്പിക്കുന്നു. കൂലി സംബന്ധിച്ച ശുപാർശ തൊഴിൽ വകുപ്പ് ഗവൺമെന്റിനുവേണ്ടി അംഗീകരിച്ച് ഗവൺമെന്റ് പ്രസ്സിൽ കൊടുത്തതിനുശേഷം തൊഴിൽ വകുപ്പുമന്ത്രി അതിൽ ഇടപെട്ടു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഞാൻ അങ്ങേയ്ക്ക് തന്നെ വ്യക്തിപരമായി ഒരു നിവേദനം നൽകിയിരുന്നു. റബ്ബർ വ്യവസായികളുടെ സംഘങ്ങൾ പറഞ്ഞത് 169 രൂപയായിട്ട് മിനിമം കൂലി വർദ്ധിപ്പിച്ചു എന്നാണ്. അത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. വസ്തുതയ്ക്ക് നിരക്കാത്ത കാര്യം റബ്ബർ മുതലാളിമാരുടെ സംഘടന തൊഴിൽ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് പ്രസ്സിൽ അച്ചടിപ്പിക്കുന്നതിനിടയിൽ മന്ത്രി ഇടപെട്ട് തടഞ്ഞു എന്നത് യാഥാർത്ഥ്യമല്ലേ? അത് നിഷേധിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : ഞാൻ പറഞ്ഞല്ലോ മിനിമം വേജസ് ശുപാർശ ചെയ്ത ആ റിപ്പോർട്ടിൽ ഗവൺമെന്റ് ഒരു മാറ്റവും വരുത്തിയിട്ടില്ല. പക്ഷേ, അതിനിടയ്ക്ക് ഓൾഡ് സീരീസിൽ ആയിരുന്നു ആ ഡി.എ. തീരുമാനിച്ചത്. ഡിപ്പാർട്ടുമെന്റിന്റെ തലത്തിൽ ഓൾഡ് സീരിസിൽ ആയിരുന്ന ഡി.എ. പുതുക്കിയ സീരീസിൽ ആയപ്പോൾ 20 രൂപയുടെ വ്യത്യാസമാണ് വന്നത്. സബ്സ്റ്റാൻഷ്യലായിട്ടുള്ള വ്യത്യാസം വന്നപ്പോൾ ചൂണ്ടിക്കാണിച്ചു. അത് പരിശോധിച്ചു. മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി ശുപാർശ ചെയ്ത ഒരു നയാപൈസ കുറയ്ക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകത്ത് ഒരു ദുരുദ്ദേശപരമായ ഇടപെടലും ഇല്ല. പിന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് മറുപടി എന്ന നിലയിൽ ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. വളരെയധികം തൊഴിലാളികൾ ഇന്ന് ജോലിയില്ലാതെയിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ബാലൻ തന്നെ പാലക്കാട്ടെ കാര്യം ചൂണ്ടിക്കാണിച്ചു. അവിടുന്ന് പിരിഞ്ഞു പോകുന്ന തൊഴിലാളികളുടെ പുനരധിവാസത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ താൽക്കാലികമായി രണ്ട് കോടി രൂപയാണ് നീക്കിവച്ചിരുന്നതെങ്കിലും 5 കോടി രൂപ അനുവദിച്ച് അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഇങ്ങനെ ഒരു പുനരധിവാസനിധിക്ക് രൂപം കൊടുത്തിട്ടുണ്ട്. പാലക്കാട് മേഖലയിലെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട ബാലൻ തന്നെ ചൂണ്ടിക്കാണിച്ചാൽ ഈ ഫണ്ടിൽനിന്നും ആവശ്യമായ സഹായം നൽകാൻ കഴിയും.

ശ്രീ. എ. കെ. ബാലൻ: അടച്ചിട്ട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഓണവുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും സാമ്പത്തികസഹായം ഗവൺമെന്റിൽ നിന്നും ഉണ്ടാകുമോ?

ശ്രീ. ബാബു ദിവാകരൻ : അത് ഞാൻ വിശദമായി പറയാം. കേരളത്തിൽ ആദ്യമായി ഒരു പുനരധിവാസഫണ്ട് ഈ വർഷം പ്രവർത്തനം ആരംഭിക്കുകയാണ്. ഓണക്കാലത്ത് ആയാലും അല്ലെങ്കിലും ശരി, കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്കുവേണ്ടി ഈ ഫണ്ടിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. അതുപോലെ തന്നെ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കും നൽകും.

ശ്രീ. കെ. പി. രാജേന്ദ്രൻ: അടഞ്ഞു കിടക്കുന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ആശ്വാസം കൊടുക്കുന്നത് നല്ല കാര്യമാണ്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് അങ്ങനെ ഒരു ആശ്വാസം കൊടുക്കുന്ന കാര്യം ഞങ്ങൾ മുൻപും ആവശ്യപ്പെട്ടിരുന്നതാണ്. എഴെട്ടു മാസമായി തോട്ടങ്ങൾ പൂട്ടിക്കിടക്കുകയാണ്. അത് ഏറ്റെടുത്ത് തൊഴിൽ കൊടുക്കാനുള്ള നടപടിയുണ്ടാവണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: ഞാൻ അതിലേയ്ക്ക് തന്നെയാണ് വരുന്നത്. ഇവിടെ പ്ലാന്റേഷൻ മേഖലയെ സംബന്ധിച്ച് പറഞ്ഞു. പ്ലാന്റേഷൻ മേഖലയിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ആദ്യമായിട്ടല്ല. പക്ഷേ ഈ ഗവൺമെന്റ് ഈ മേഖലയിലെ പ്രശ്നങ്ങളോട് വളരെ അനുഭാവപൂർവ്വമായിട്ട് രണ്ട് വർഷമായി തുടർച്ചയായി സൗജന്യ റേഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. പത്താം ക്ലാസുവരെയുള്ള സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം, അവർക്ക് ഒരു വർഷത്തേയ്ക്ക് രണ്ട് സെറ്റ് യൂണിഫോം, അവർക്ക് ആവശ്യമുള്ള പുസ്തകങ്ങൾ, പിന്നെ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്കുള്ള മുഴുവൻ ഫീസ്, ഇതിനെല്ലാം ഉപരിയായി ശ്രീ. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഓരോ തോട്ടം ഉടമകളുമായി പ്രത്യേകം പ്രത്യേകം ചർച്ച ചെയ്തതിന്റെ ഫലമായി അവർ ചില ആവശ്യങ്ങൾ മുന്നോട്ടു വച്ചു. കോടിക്കണക്കിന് രൂപയുടെ ഇലക്ട്രിസിറ്റി കുടിശ്ശികയുണ്ട്. അത് അടയ്ക്കാതെ ഈ തോട്ടങ്ങൾ തുറക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വകുപ്പ് കൈകാര്യം ചെയ്തയവസരത്തിൽ പ്രത്യേകമായ നിർദ്ദേശം കൊടുത്ത്, അടച്ചു തീർക്കാനുള്ള കുടിശ്ശികയ്ക്ക് എല്ലാം തവണകൾ അനുവദിച്ച് റീകണക്ഷൻ കൊടുക്കുന്നതിനുള്ള നടപടികൾക്ക് ഒരു പ്രത്യേക സെല്ലിന് ഇലക്ട്രിസിറ്റി ബോർഡ് രൂപം കൊടുത്തു. തേയിലയ്ക്ക് അല്പം വില വർദ്ധിച്ചു വരുന്ന ഒരു ട്രെന്റ് വന്നിട്ടുണ്ട്. തോട്ടങ്ങൾ തുറക്കുന്നതിനെ സംബന്ധിച്ച് തോട്ടം ഉടമകൾ കുറേക്കൂടി താൽപ്പര്യപൂർവ്വമായി മുന്നോട്ട് വന്നിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളി യൂണിയനുകൾ അതിനെ സംബന്ധിച്ചിടത്തോളം വളരെ അനുകൂലമായ ഒരു നിലപാട് എടുത്തിട്ടുണ്ട്. ഡി.എ. മരവിപ്പിച്ചതിനെക്കുറിച്ച് ശ്രീ. അഗസ്തി പറഞ്ഞു. തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വളരെ കൂടുതൽ വിലയിടിവ് വന്നപ്പോൾ നമ്മൾ ചെയ്തത് അവർക്ക് ആശ്വാസം എന്ന നിലയിൽ, ആ പ്രദേശത്തെ പ്രവർത്തനം നിലച്ചുപോകരുത് എന്നുള്ളതുകൊണ്ട് ഡി.എ.-യുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യണമെന്ന് തൊഴിലാളികളോട് അഭ്യർത്ഥിച്ചതിന്റെ ഫലമായി തൊഴിലാളികളുമായി ചേർന്ന് ഡി.എ.-യുടെ വർദ്ധനവ് മരവിപ്പിച്ചു. പക്ഷേ കഴിഞ്ഞ ഒക്ടോബർ മാസം മുതൽ അത് തിരിച്ചുകൊടുക്കണമെന്ന് പറഞ്ഞ് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. തേയിലത്തോട്ടം ഒഴിച്ച് ബാക്കിയുള്ള എല്ലാ മേഖലയിലേയും ഡി.എ. പുന:സ്ഥാപിച്ചിട്ടുണ്ട്. അത് വാങ്ങിയെടുക്കാനായിട്ട് യൂണിയനുകൾ അവരുടേതായ നിലയിലുള്ള സമ്മർദ്ദം ചെലുത്തിയാൽ മതി. ഗവൺമെന്റ് ഉത്തരവുകൾ കൊടുത്തിട്ടുണ്ട്, ആ നിരോധനം എടുത്തു കളഞ്ഞിട്ടുണ്ട്.

ശ്രീ. എ. എൻ. രാജൻബാബു: തൊഴിലാളികളെ പുനരധിവസിപ്പിക്കുക എന്നുള്ള യു.ഡി.എഫ്-ന്റെ പ്രകടനപത്രികയിൽ ഒരു മദ്യനയം ഉണ്ടാക്കി അതനുസരിച്ച് ഡിസ്പോസൽ റോളിൽ പ്രൊവിഷനുണ്ടാക്കി ഏജിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ഗവൺമെന്റിനെ ഏൽപ്പിക്കാൻ അദ്ദേഹം തന്നെ നിർദ്ദേശിച്ചിട്ടുപോലും അബ്കാരി വെൽഫെയർ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഇതേവരെ അത് നടപ്പിലാക്കാതെ തുടരുന്നു എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ബാബു ദിവാകരൻ</u>: ബഹുമാനപ്പെട്ട രാജൻ ബാബുവിന് ഇത് അറിയാവുന്നതാണ്. ആ പ്രശ്നവുമായി ബന്ധപ്പെട്ട് ഇപ്പോൾ 10–12 കേസ്സുകൾ ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആ കേസ്സുകളെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള വിധികളുടെയെല്ലാം വെളിച്ചത്തിൽ നമ്മൾ അവസാനമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് അതിന്റെ നോംസ് തീരുമാനിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രോസസിംഗ് നടന്നുകൊണ്ടിരിക്കുയാണ്. കുറച്ച് കാലതാമസം ഉണ്ടായി. ഈ കാര്യങ്ങളിൽ പരസ്പര വിരുദ്ധങ്ങളായ ഒരുപാട് വിധി ഉണ്ടായിട്ടുണ്ട്. അത് അങ്ങേക്ക് തന്നെ അറിയാവുന്ന കാര്യമാണ്. അവസാനമായി ഏജിന്റെ അടിസ്ഥാനത്തിൽ രണ്ട് ജില്ലകളിൽ മാത്രമേ തർക്കമുള്ളൂ. തിരുവനന്തപുരവും ആലപ്പുഴയും ഫൈനൽ സ്റ്റേജിലാണ്. രണ്ട് ലിസ്റ്റുകളെ സംബന്ധിച്ചിടത്തോളം അത് ഏത് ദിവസം വേണമെങ്കിലും പ്രസിദ്ധീകരിക്കാവുന്ന സ്ഥിതിയിലാണ്. പ്ലാന്റേഷൻ മേഖലതന്നെ 5 കോടി രൂപയുടെ ഫണ്ട് രൂപീകരിച്ചുകൊണ്ട് അവർക്ക് ആരോഗ്യ പരിരക്ഷയ്ക്ക് മൊബൈൽ ഡിസ്പെൻസറി തുടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ ശ്രീ. അഗസ്തി ലയങ്ങളെക്കുറിച്ച് പറഞ്ഞു. അതിന്റെ പ്രസിഡന്റുമാരുമായി ഞങ്ങൾ ചർച്ച നടത്തി. തോട്ടങ്ങളിൽ തന്നെ പ്രത്യേകമായ ഹാബിറ്റാറ്റ്സ് പണിയുന്നതിന് ആദ്യമായി ഞങ്ങൾ പരീക്ഷണം നടത്തുകയാണ്. 100 വീടുകൾ ഹാബിറ്റാറ്റ് ആയിട്ട് പണിയുന്നതിന് പഞ്ചായത്തിന്റേയും ഡിസ്ട്രിക്ട് പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും പ്രസിഡന്റുമാരുമായി ചർച്ച ചെയ്ത് ആ എസ്റ്റേറ്റുകളിൽ തന്നെ ചെറിയ ഹാബിറ്റാറ്റ് ഡെവലപ് ചെയ്യുന്നതിന് ഒരു പൈലറ്റ് പ്രോജക്ട് നമ്മൾ നടപ്പിലാക്കാൻ പോകുന്നു. ഈ മാസം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പീരുമേട് മേഖല സന്ദർശിച്ച് അതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതാണ് എന്ന് അറിയിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്. അതുപോലെ എല്ലാവരും തൊഴിലില്ലായ്മയെ കുറിച്ച് വളരെ ഗൗരവമായി പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ യുടെ പ്രത്യേകത, വിദ്യാഭ്യാസമുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണമാണ് കൂടുതൽ. പക്ഷേ അവർ എല്ലാം ജനറൽ എഡ്യുക്കേഷൻ സ്വീകരിച്ചവരാണ്. അവർ ക്ലർക്കിന്റെ ജോലി ചെയ്യാൻ മാത്രം വിദ്യാഭ്യാസമുള്ളവരാണ്. അവരെ എംപ്ലോയബിൾ ആക്കണമെങ്കിൽ അവരുടെ സ്കിൽ ഡെവലപ് ചെയ്യണം. അവരുടെ സ്കിൽ ഡെവലപ് ചെയ്യുന്നതിന് നമ്മുടെ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ് വളരെ ആസൂത്രിതമായി ചില പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. പുതിയ ട്രേഡുകൾ ഇൻട്രോഡ്യൂസ് ചെയ്തുകൊണ്ട് ഐ.റ്റി.ഐ–യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഒരു ശ്രമം നടത്തുന്നുണ്ട്. അതിന്റെ ഭാഗമായിട്ട് കയ്യൂർ ഐ.റ്റി.ഐ. ഒരു മോഡൽ ഐ.റ്റി.ഐ. ആക്കുന്നതിന് വളരെ വിപുലമായ ഒരു സംവിധാനം ഏർപ്പെടുത്തി അതിന്റെ പ്രവർത്തനവുമായി മുന്നോട്ടു പോവുകയാണ്.

സർ, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ സഹായ ത്തോടുകൂടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിൽഡിംഗ് ടെക്നോളജിയുമായി ബന്ധപ്പെട്ട് ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്നവരെക്കുറിച്ച് പറഞ്ഞു. ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്നത് നിർമ്മാണമേഖലയിലാണ്. അവരുടെ സ്കിൽ ഡെവലപ് ചെയ്തിട്ടില്ല. ഇവിടെനിന്ന് പോകുന്നവർക്ക് അവിടത്തെ സ്കില്ലുമായി താദാത്മ്യം പ്രാപിക്കാൻ കഴിയുന്നില്ല. അതിന് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിൽഡിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ടെക്നോളജി, അതിന്റെ മെഷിനറി തൊട്ട് ഇന്റീരിയർ ഡെക്കറേഷൻ വരെയുള്ള എല്ലാ തലങ്ങളിലുമുള്ള ഏറ്റവും ആധുനികമായിട്ടുള്ള, ലോകത്ത് അവയലബിൾ ആയിട്ടുള്ള ഒരു പുതിയ ടെക്നോളജി പഠിപ്പിക്കുന്നതിന്, ഈ തൊഴിലാളികളെ അതുമായി ബന്ധപ്പെടുത്തുന്നതിന് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിൽഡിംഗ് ടെക്നോളജി എന്ന നിലയിൽ ഞങ്ങൾ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റേയും കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റേയും ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. നമുക്ക് ആരംഭിക്കാൻ കഴിയുന്ന ഒരു ഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. അതുപോലെ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മറ്റ് നടപടികൾ സ്വീകരിക്കുന്നു. ശ്രീ. അസീസ് ഇവിടെ ഇ.എസ്.ഐ.-യുടെ കാര്യം ചൂണ്ടിക്കാണിച്ചു, കഴിഞ്ഞ നിരവധി വർഷങ്ങളായിട്ടുള്ള ഇ.എസ്.ഐ.-യുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളിലായി ഇ.എസ്.ഐ.-യുടെ പ്രവർത്തനങ്ങൾ ഇത്രയും കാര്യക്ഷമമാക്കിയിട്ടുള്ള അവസരങ്ങൾ ഉണ്ടായിട്ടില്ല. സർ, എല്ലാ ആശുപത്രികളുടേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ഡിസ്പെൻസറികളിൽ മരുന്ന് ലഭ്യമായി. ആറരക്കോടി രൂപ കുടിശ്ശിക കൊടുത്തുതീർത്തു. മാസങ്ങളോളം, വർഷങ്ങളോളം തൊഴിലാളികൾ കാത്തിരുന്ന ഈ റീ-ഇമ്പേഴ്സ്മെന്റ് 2003 ഡിസംബർ വരെയുള്ളത് ആയിക്കഴിഞ്ഞു. ഇനി മാർച്ച് മാസമാകുമ്പോൾ 2003 ഡിസംബർ വരെയുള്ളത് പൂർണ്ണമാകും. ഈ വർഷത്തെ ഏതാനും മാസങ്ങളുടേതുകൂടി കൊടുക്കാൻ കഴിയുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. എഴുകോൺ ആശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും. അതുപോലെതന്നെ ആശ്രാമം ഇ.എസ്.ഐ. ആശുപത്രി മോഡൽ ആശുപത്രിയാക്കി മാറ്റി. അവിടെ തൊഴിലാളികൾക്ക് ആവശ്യമായ മുഴുവൻ ചികിൽസാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. എന്നുമാത്രമല്ല കേരളത്തിലെ ഒരു വിഭാഗത്തിനും കിട്ടാത്ത വിദഗ്ദ്ധ ചികിൽസയ്ക്ക് 12 ലക്ഷം രൂപ, ഒരു നോട്ടിന്റെ അടിസ്ഥാനത്തിൽ ചികിൽസാ സഹായം ലഭ്യമാകുന്നില്ലേ, 7 ലക്ഷം രൂപ, 8 ലക്ഷം രൂപ, 10 ലക്ഷം രൂപ വീതം ഒരു തൊഴിലാളിയുടെ ചികിൽസയ്ക്കുവേണ്ടി ഏത് വിഭാഗം തൊഴിലാളിയെന്നു നോക്കാതെ കൊടുത്തിരിക്കുകയാണ്. ഇ.എസ്.ഐ.-യുടെ ഏതെങ്കിലും മേഖലയിൽ പോരായ്മയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കുന്നതിന് ഇ.എസ്.ഐ.-യുടെ റിവോൾവിംഗ് ഫണ്ട്, ആദ്യമായി നമ്മൾ രൂപീകരിച്ചതാണ്. അത് ഇ.എസ്.ഐ.-യുടെ ഡയറക്ടർക്കുതന്നെ കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഈ ചികിൽസയ്ക്ക് അത്യാവശ്യം വേണ്ടുന്ന പണം അനുവദിക്കാൻ കഴിയുന്ന ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ്. അതുപോലെതന്നെ എംപ്ളോയ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. എംപ്ളോയ്മെന്റ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. എംപ്ളോയ്മെന്റ് മുഖേനയുള്ള നിയമനങ്ങളുടെ എണ്ണം പരിശോധിച്ചാൽ അത് വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുപോലെ പ്രൊഫഷണൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളെ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്ത് കേരളത്തിൽ ആദ്യമായി ഒരു വെബ്സൈറ്റ് നമ്മുടെ സംസ്ഥാനത്തെ പ്രൊഫഷണൽ യോഗ്യതയുള്ള, എംപ്ളോയ്മെന്റിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ആളുകളേയും

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിക്കൊണ്ട് ഒരു വെബ്സൈറ്റ്, ലോകത്ത് ഏത് രാജ്യത്ത് ഇരുന്നുകൊണ്ടും ആ വെബ്സൈറ്റിലേയ്ക്ക് വരാനും പ്രൊഫഷണലി ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളെ കണ്ടെത്താനും നിയമനം നൽകാനും, തൊഴിൽ നേടാനും സൗകര്യമുള്ള ഒരു വെബ്സൈറ്റ് ഞങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അത് കേരളത്തിലെ മുഴുവൻ സ്കിൽഡ് ലേബറിന്റെയും ഒരു വെബ്സൈറ്റാക്കി മാറ്റാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. കേരളത്തിൽ സ്കിൽ ലഭിച്ചിട്ടുള്ള മുഴുവൻ ആളുകളുടേയും ഒരു വെബ്സൈറ്റ് ആക്കിമാറ്റാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അതുപോലെതന്നെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചെഞ്ചുകളുടെയും പരാതി പരിഹരിക്കുന്നതിന് അവയോടനുബന്ധിച്ച് ചില കമ്മിറ്റികൾക്ക് രൂപം കൊടുത്തിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തതുകൊണ്ട് അതെല്ലാം പുനഃസംഘടിപ്പിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ ഒന്നുകൂടി പുനരവലോകനം ചെയ്യുന്നതിനായി ഈ നിയമസഭയിലെ ചെറുപ്പക്കാരായ എം.എൽ.എ.-മാരെയെല്ലാം ഉൾപ്പെടുത്തി ഒരു കമ്മിറ്റിയെ നിയോഗിക്കാനും ഈ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാനും വേണ്ട നിർദ്ദേശങ്ങൾ നൽകാനുമുള്ള തീരുമാനം ഞങ്ങളുടെ സജീവ പരിഗണനയിലാണ്. ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ നൽകുന്നതിനുവേണ്ടി ഈ നിയമസഭയിലെ ചെറുപ്പക്കാരായ എം.എൽ.എ.-മാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ഈ വർഷം നടപ്പിലാക്കാൻ പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട കെ. സി. വേണുഗോപാൽ ഇവിടെ ചില പ്രത്യേക സ്ഥാപനങ്ങളുടെ കാര്യം പറഞ്ഞു; പ്രത്യേകിച്ചും ആലപ്പി സ്പിന്നേഴ്സിന്റെ കാര്യം പറഞ്ഞു, ബഹുമാനപ്പെട്ട തോമസ് ഐസക്കിനൊക്കെ അറിയാം. ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പലതവണ ആ മാനേജുമെന്റുകളുമായിട്ട് ചർച്ചകൾ നടത്തിയതാണ്. ഇപ്പോൾ അവസാനമായി ലേബർ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽതന്നെ നടത്തിയ രണ്ടു മൂന്നു ചർച്ചകളുടെ ഫലമായി അത് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് മാനേജുമെന്റ് സന്നദ്ധമായിട്ടുണ്ട്. അവസാനമായി ബോംബെയിൽ വച്ച് ഒരു ചർച്ച ആവശ്യമാണെന്ന നിലയിൽ അവരുടെ റിക്വസ്റ്റ് വന്നിട്ടുണ്ട്. അതിന് തൊഴിലാളി നേതാക്കൻമാരും മന്ത്രിമാരുമടക്കമുള്ള ആളുകളെ ബോംബെയിലേക്ക് ക്ഷണിച്ചിട്ടുണ്ട്. ആലപ്പി സ്പിന്നേഴ്സിന്റെ മാനേജിംഗ് ഡയറക്ടർ ഒരു ഹാൻഡിക്യാപ്പ്ഡ് ആയതുകൊണ്ട് സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഫൈനലായി ഒരു മീറ്റിംഗ് കൂടിക്കഴിഞ്ഞാൽ അത് തുറന്ന് പ്രവർത്തിപ്പാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിലെ ഏതു സ്ഥാപനത്തിലായാലും ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാർക്കും, ട്രേഡ് യൂണിയൻ നേതാക്കൻമാർക്കും നല്ലപോലെ അറിയാം, ഏതു സ്ഥാപനത്തിലെ പ്രശ്നം ചൂണ്ടിക്കാണിച്ചാലും, അപ്പപ്പോൾ ആ സ്ഥാപനത്തിലെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിശോധിക്കുന്നതിന് ലേബർ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇതിന് എല്ലാ ഭാഗത്തുനിന്നുമുള്ള പിൻതുണയും ലഭ്യമാക്കണം. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ലേബർ വെൽഫെയർ ബോർഡുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെപറഞ്ഞു. ലേബർ വെൽഫെയർ ബോർഡുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന ഒരു വാർത്ത ഒരു മാധ്യമത്തിൽ വളരെ പിശക് ആയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വന്നതാണ്. ഇതിനെല്ലാം കാരണമായത് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനമെല്ലാം കുറ്റമറ്റതാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന ക്ഷേമനിധി ബോർഡുകളും ഉണ്ട്. ചില ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ പരാധീനതകൾമൂലം അവയുടെ പ്രവർത്തനം സുഗമമാക്കാൻ കഴിയാതെ പോയിട്ടുണ്ട്. പ്രത്യേകിച്ച് ശ്രീ. രാജൻ ഇവിടെ ചൂണ്ടിക്കാണിച്ച കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നമുക്ക് അതിന്റെ അംശാദായം പിരിച്ചുകിട്ടുന്നതിന് വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അത് റവന്യൂ ഡിപ്പാർട്ടുമെന്റ് പിരിച്ചുതരേണ്ടതാണ്. തൊഴിലാളികൾ അടയ്ക്കുന്നത് കൃത്യമായി കുറേ കിട്ടുന്നുണ്ട്. അത് വളരെ തുച്ഛമായ ഒരു തുകയാണ്. അതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. ശ്രീ. രാജൻ ചൂണ്ടിക്കാണിച്ച ഒരു ആനുകൂല്യം ഒഴിച്ച് ബാക്കിയെല്ലാ ആനുകൂല്യവും കൊടുത്തിട്ടുണ്ട്. ശ്രീ. രാജൻ അതിന്റെ ചെയർമാനായിരുന്ന ആളാണ്. 95,000 അപേക്ഷകൾ കെട്ടിക്കിടക്കുന്നു. ഒരാൾ റിട്ടയർ ചെയ്യുമ്പോൾ ഒരു അയ്യായിരം രൂപ വച്ച് ഒരു ബെനിഫിറ്റ് കൊടുക്കുന്ന ആ പദ്ധതിയിൽ വന്നിരിക്കുന്ന അപാകത, അതിൽ അംഗമായി, 32 രൂപ ബോർഡിൽ അടച്ചാൽ 58-ാമത്തെ വയസ്സിൽ പിരിയുമ്പോൾ അയ്യായിരം രൂപ കൊടുക്കുന്നു. അവർ ആ ബോർഡിൽ അടയ്ക്കേണ്ടത് 32 രൂപയാണെങ്കിൽ കൊടുക്കേണ്ടത് അയ്യായിരം രൂപയാണ്. ആ ഒരു ആനുകൂല്യം കൊടുക്കാൻ കഴിയാത്തത് എന്താണെന്നുവച്ചാൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പെട്ടെന്ന് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് വരികയും റിട്ടയർ ചെയ്യുകയും ചെയ്യുന്ന പ്രതിഭാസമാണ്. എട്ടു ലക്ഷം തൊഴിലാളികൾ ഒറ്റയടിയ്ക്ക് വന്നു. ഇത്രയും പേർക്ക് അയ്യായിരം രൂപയുടെ ആനുകൂല്യം കൊടുക്കാൻ ഫണ്ട് ഇല്ല എന്നതുകൊണ്ടു മാത്രം, ആ ഒരു ആനുകൂല്യം (റിട്ടയർമെന്റ് ആനുകൂല്യം) മാത്രമാണ് അവശേഷിക്കുന്നത്, പിന്നെ തെറ്റിദ്ധാരണ പരത്തുന്ന ഒരു കാര്യം ഇവിടെ പറഞ്ഞു, ക്ഷേമനിധി ബോർഡുകളുടെ എല്ലാം ക്ഷേമം അവിടത്തെ ജീവനക്കാരുടെ ക്ഷേമമായി മാറിയിരിക്കുകയാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ ക്ഷേമനിധി ബോർഡുകളിൽ എല്ലാം തന്നെ ട്രേഡ് യൂണിയന്റെ പ്രതിനിധികളാണ് അതിനെ നിയന്ത്രിക്കുന്നത്. ഭരണമുന്നണിയിലുള്ള ട്രേഡ് യൂണിയൻ മാത്രമല്ല, അതിൽകൂടുതലും പ്രതിപക്ഷത്തിരിക്കുന്ന കക്ഷികളിൽപ്പെട്ട അല്ലെങ്കിൽ അതിനോട് അനുഭാവമുള്ള ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളാണ് ആ ബോർഡുകളുടെയെല്ലാം തലപ്പത്തുള്ളത്. ആ ബോർഡിൽ അംഗങ്ങളായിട്ടുള്ള വരാണ്. അതിനെ നിയന്ത്രിക്കുന്നത്. പക്ഷെ പത്രങ്ങളിൽ വന്ന വാർത്തകളിൽ വന്ന പിശക് ഞാൻ മനസ്സിലാക്കിത്തരാൻ ശ്രമിക്കാം. തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണച്ചെലവ് പത്രത്തിൽ വന്നത് 13.62 കോടി രൂപ എന്നാണ്, അത് തെറ്റിപ്പോയതാണ്. 1.33 കോടി രൂപയേ ചെലവായിട്ടുള്ളൂ. ആ വർഷം നമ്മൾ അവിടെ 133 ലക്ഷം രൂപയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. 2002-2003 വർഷത്തിൽ അവർ ഭരണച്ചെലവായിട്ട് കാണിച്ചത് 16.28 കോടി രൂപയാണ്. സത്യത്തിൽ ചെലവായത് 2.36 കോടി രൂപയാണ്. ഇങ്ങനെ വന്നിട്ടുള്ള പിശകുകളാണ്. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ടോഡി ബോർഡിനെ സംബന്ധിച്ച് വന്ന വാർത്ത യഥാർത്ഥത്തിൽ ഭരണച്ചെലവ് 3.56 കോടി രൂപയാണ്, പത്രത്തിൽ വന്ന വാർത്ത അനുസരിച്ച് 19.16 കോടി രൂപയാണ്. അതുപോലെതന്നെ 2002-2003 വർഷത്തിൽ 3.93 കോടി രൂപയാണ് ചെലവായത്. പത്രത്തിൽ വന്നത് 25 കോടി രൂപ എന്നാണ്. ഇങ്ങനെ വന്ന ഒരു പിശകുകൊണ്ടാണ്. ഇതുപോലെ എല്ലാ ബോർഡുകളെയും സംബന്ധിച്ച് വന്നത് തെറ്റായ കണക്കുകളാണ്. ഈ ബോർഡുകൾക്കെല്ലാം ഭരണച്ചെലവ് നിയന്ത്രിച്ചിട്ടുണ്ട്. 15 ശതമാനത്തിൽ കൂടുതൽ ആകാൻ പാടില്ല. ഈ ബോർഡുകളിലൊന്നിലും കൂടുതൽ ഭരണച്ചെലവ് ഉണ്ടാകുന്നില്ല. ടോഡി ബോർഡിലാണെങ്കിൽ 11 ശതമാനത്തിൽ നിൽക്കുകയാണ്. അതുപോലെ തയ്യൽത്തൊഴിലാളി ക്ഷേമനിധി, ഓരോ ബോർഡിന്റെയും കണക്ക് സമയക്കുറവ് കൊണ്ട് ഞാൻ പറയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധിബോർഡുകളുടെ ഭരണച്ചെലവുകൾ കുറയ്ക്കുന്നതിന് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ കുറച്ചിട്ടുണ്ട്. ഉയർന്ന തസ്തികയിലൊക്കെത്തന്നെ ഡിപ്പാർട്ടുമെന്റിൽ നിന്ന് വരുന്ന മിനിമം പേരെ മാത്രമേ നിയമിക്കുന്നുള്ളൂ. അങ്ങനെ ഭരണച്ചെലവ് കുറച്ചുകൊണ്ടുവരാൻ വളരെ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച പല വിഷയങ്ങളും സമയക്കുറവുകൊണ്ട് വിശദമാക്കുന്നില്ല. കശുവണ്ടിത്തൊഴിലാളികളുടെ കാര്യം പറഞ്ഞു, കശുവണ്ടിവ്യവസായത്തിനും പരമ്പരാഗത വ്യവസായങ്ങൾക്കും ഈ ഗവൺമെന്റ് ഒരു പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഈ വർഷം മുതൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചൊക്കെ വ്യവസായ വകുപ്പുമന്ത്രി ഇവിടെപ്പറഞ്ഞു. ഞാൻ അത് ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ക്ഷേമ പെൻഷൻ ആയാലും ശരി അതുപോലെയുള്ള കുടിശ്ശികകളെക്കുറിച്ച് ഇന്ന് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മാ വേതനവും ഒഴിച്ച് ബാക്കിയെല്ലാം കൊടുത്തുതീർക്കും. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുൻപ് എല്ലാ കുടിശ്ശികയും തീർക്കാൻ കഴിയുമെന്നു തന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഈ വർഷം ഈ ബഡ്ജറ്റ് പാസ്സാകുന്നതിനു മുൻപുതന്നെ ഒരു ഗഡു ഈ പെൻഷനുകളെല്ലാം വിതരണം ചെയ്തുകഴിഞ്ഞു. ഓണത്തിനു മുമ്പായി അടുത്ത ഒരു ഗഡുകൂടി വിതരണം ചെയ്യുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, വിവിധ പെൻഷൻ പദ്ധതികളെക്കുറിച്ച് പറഞ്ഞു. ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത് തൊഴിലില്ലായ്മ വേതന വിതരണത്തിലാണ്. 154 കോടി രൂപ വേണം. 33 മാസത്തെ കുടിശ്ശികയുണ്ട്. അതിനെപ്പറ്റി ഒരക്ഷരം പറയാതെ എങ്ങനെ അങ്ങ് ഇവിടെനിന്നും ഇറങ്ങിപ്പോകും. അങ്ങേയ്ക്ക് അതിന് കഴിയുമോ?

2.00 p.m.]

ശ്രീ. ബാബു ദിവാകരൻ: സർ, തൊഴിലില്ലായ്മ വേതന വിതരണത്തിൽ കാലാകാലങ്ങളായി വന്ന കുടിശ്ശികയുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 24 മാസത്തെ കുടിശ്ശിക കൊടുത്തു. മൂന്ന് മാസത്തെ കുടിശ്ശിക കൊടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഓണത്തിന് മുമ്പ് ഒരു ഗഡു കൂടി കൊടുക്കും. ഇതിനെല്ലാംകൂടി 149 കോടി രൂപ വേണം. 127 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയ്ക്കായി പ്രത്യേകം വകയിരുത്തിട്ടുണ്ട്. ശ്രീ. ജോണി നെല്ലൂർ ചൂണ്ടിക്കാണിച്ചതുപോലെ തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരെ സംബന്ധിച്ചിടത്തോളം ഒരു പരിശോധന ആവശ്യമാണ്. ഇതിപ്പോൾ നടപ്പിലാക്കുന്നത് തൊഴിൽ വകുപ്പല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. ഇക്കാര്യത്തിൽ കൂടുതൽ കാര്യക്ഷമത കാണിച്ചാൽ കുറേക്കൂടി കുടിശ്ശിക കൊടുക്കാൻ കഴിയും. ഗവൺമെന്റ് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ച മറ്റു കാര്യങ്ങൾ അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി കണക്കിലെടുത്ത് ഈ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ജലത്തിന്റെ കാര്യത്തിൽ ഒരു പുതിയ അവബോധം ജനങ്ങൾക്കുണ്ടായിരിക്കുന്ന ഒരു കാലഘട്ടമാണിത്. അത് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ ജലവിഭവ വകുപ്പിന് സാധിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇവിടെ സംസാരിച്ച 17 എം.എൽ.എ.-മാരും ഒട്ടേറെ നിർദ്ദേശങ്ങൾ പറയുകയുണ്ടായി. അതിനെല്ലാം മറുപടി പറയാൻ സമയം ലഭിക്കില്ല. അതുകൊണ്ട് വളരെ സംക്ഷിപ്തമായി മാത്രമേ മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

ശുദ്ധജലവിതരണ രംഗത്ത് വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 86 കുടിവെള്ള പദ്ധതികൾ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കിയതിലൂടെ 7.18 ലക്ഷം ഗ്രാമീണർക്കും 1.70 ലക്ഷം നഗരവാസികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. അതുപോലെ ലോകബാങ്കിന്റെ സഹായത്തോടെ ജലനിധിയുടെ ഭാഗമായി 723 ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കി. അതിലൂടെ അഞ്ചു ലക്ഷം പേർക്ക് കുടിവെള്ളം കൊടുക്കാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ മൊത്തം 13.88 ലക്ഷം പേർക്ക് പുതിയതായി കുടിവെള്ളം കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു എന്നുള്ളത് ശ്രദ്ധേയമായ നേട്ടമാണ്. 2004-05 വർഷത്തിൽ സംസ്ഥാനത്ത് 29 വൻകിട കുടിവെള്ള പദ്ധതികളും 1014 ചെറുകിട കുടിവെള്ള പദ്ധതികളും പുതിയതായി ആരംഭിക്കുന്നുണ്ട്. ഇതിന് മൊത്തം 1202.09 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 30 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം കിട്ടും. അത് ഏതെല്ലാം ജില്ലകളിൽ ആണെന്ന് പറയാം. 29 മേജർ പ്രോജക്ടുകൾ; കൊല്ലം, തൃശൂർ ജില്ലകളിൽ രണ്ടു വീതം, ആലപ്പുഴ, മലപ്പുറം ജില്ലകളിൽ ഒന്നു വീതം, പത്തനംതിട്ടയിൽ അഞ്ച്, ഇടുക്കിയിൽ നാല്, എറണാകുളം, കണ്ണൂർ, വയനാട് മൂന്ന് വീതം, കാസർഗോഡ് അഞ്ച്. അതുപോലെ ചെറുകിട കുടിവെള്ള പദ്ധതികൾ, തിരുവനന്തപുരം 35, കൊല്ലം 36, ആലപ്പുഴ 69, പത്തനംതിട്ട 230, ഇടുക്കി 78, കോട്ടയം 52, എറണാകുളം 34, തൃശ്ശൂർ 45, പാലക്കാട് 54, മലപ്പുറം 156, കോഴിക്കോട് 117, വയനാട് 60, കണ്ണൂർ 45, കാസർഗോഡ് 3. ഇവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കാനുള്ള ആക്ഷൻ പ്ലാൻ ഞങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ വരൾച്ചക്കാലത്ത് ഒട്ടേറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്താൻ ഞങ്ങൾക്ക് സാധിച്ചു. മഴവെള്ളം ശേഖരിച്ച് കുടിക്കുന്നതിനും മറ്റും പ്രയോജനപ്പെടുത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

"വർഷ" പദ്ധതി, rain water harvesting ഈ ഗവൺമെന്റ് ആരംഭിച്ച പുതിയ ഒരു പദ്ധതിയാണ്. പഞ്ചായത്ത് വാർഡ് തലത്തിൽ ജനങ്ങൾതന്നെ തെരഞ്ഞെടുത്ത് അവരുടെ ചുമതലയിൽ നിർമ്മിച്ച് അവർതന്നെ പരിപാലിക്കുന്ന മറ്റൊരു കുടിവെള്ള പദ്ധതിയാണ് "ജലനിധി". ഇവ വളരെ വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. "വർഷ" പദ്ധതി തുടക്കമെന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിച്ചു. ആകെ 1058 വർഷ യൂണിറ്റുകൾ ആരംഭിച്ചതിൽ റെക്കോർഡ് സമയംകൊണ്ട് 300 വർഷ യൂണിറ്റുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയതായി വർഷപദ്ധതിയുടെ 1679 യൂണിറ്റുകൾ കൂടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ കൂടുതൽ പ്രാമുഖ്യം കൊടുക്കുന്നത് തീരപ്രദേശത്തിനായിരിക്കും.

സാമ്പത്തിക ബുദ്ധിമുട്ട് ജലവിഭവ പദ്ധതികളുടെ പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ടെന്ന് പല അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് തരണം ചെയ്യുന്നതിനായി കുടിവെള്ള പദ്ധതികൾക്ക് ബാങ്ക് വായ്പ ഉൾപ്പെടെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും ധനസഹായം നേടാനുള്ള നടപടികൾ ഞങ്ങൾ സ്വീകരിച്ചു. കൊച്ചിയിലെ ഹഡ്കോ പദ്ധതിയെക്കുറിച്ച് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞു. ഇബ്രാഹിംകുഞ്ഞും അതുപോലെ മറ്റ് പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ഹഡ്കോ പദ്ധതിക്ക് 50 കോടി രൂപ ബാങ്കിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇത് ടൈംബൗണ്ടായി പൂർത്തിയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനൊരു ടൈംഷെഡ്യൂളുണ്ടാക്കി. ഇതു സംബന്ധിച്ചും രണ്ട് കോൺഫറൻസുകൾ അടുത്ത ദിവസങ്ങളിൽ നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പറവൂർ പ്രദേശത്ത് എറ്റവും കൂടുതൽ പ്രയോജനം ചെയ്യുന്ന ഒന്നാണ് ചൊവ്വര പദ്ധതി. ചൊവ്വര പദ്ധതിക്ക് ബാങ്ക് വായ്പ ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ തൃപ്പൂണിത്തുറ ഓഗ്മെന്റേഷൻ പദ്ധതി. അതിനും പുതിയതായി 50 കോടി രൂപയുടെ വായ്പ ബാങ്കിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. കെ. സി. വേണുഗോപാൽ സൂചിപ്പിച്ചത് ആലപ്പുഴ മുൻസിപ്പാലിറ്റിക്കുവേണ്ടിയുള്ള വിപുലീകരണ പദ്ധതിയെ പറ്റിയാണ്. ഒരു നിയോജകമണ്ഡലം മുഴുവനും ഒറ്റ മുനിസിപ്പാലിറ്റിയാണ്. നിർഭാഗ്യവശാൽ അതിന് ചില തടസ്സങ്ങൾ വന്നു. അങ്ങനെ അതിന്റെ എസ്റ്റിമേറ്റ് റേറ്റ് വളരെ കൂടി. ഇപ്പോൾ അത് 156.44 കോടി രൂപയായി വർദ്ധിച്ചു. ബാങ്കിൽനിന്നും വായ്പ എടുക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് അദ്ദേഹത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ആലപ്പുഴ ടൗൺ കനാൽ-ക്ലീനിംഗ് പ്രത്യേകിച്ചൊരു പ്രോജക്ടായി നടപ്പാക്കാൻ ഇറിഗേഷൻ വകുപ്പ് ഏറ്റെടുക്കുന്നതാണ്.

1999-നുശേഷം കേരളത്തിൽ കുടിവെള്ളത്തിന്റെ വില വർദ്ധിപ്പിച്ചിട്ടില്ല. 2001-02-ൽ കുടിവെള്ള ചാർജിനത്തിൽ വാട്ടർ അതോറിറ്റിക്ക് കിട്ടിക്കൊണ്ടിരുന്നത് 102 കോടി രൂപയാണ്. 2003-04-ൽ ചാർജ് വർദ്ധിപ്പിക്കാതെ തന്നെ കളക്ഷൻ ഇഫക്ടീവാക്കിക്കൊണ്ട് 115.35 കോടി രൂപ ഞങ്ങൾക്ക് കളക്ട് ചെയ്യാനായിട്ട് സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ നാല് നഗരസഭകളിലും 11 മുനിസിപ്പാലിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കളിലും റവന്യൂ കളക്ഷൻ കേന്ദ്രങ്ങൾ കംപ്യൂട്ടർവൽക്കരിച്ചു. ഇതിനുപുറമേ 59 ഓഫീസുകളിൽ കംപ്യൂട്ടർവൽക്കരണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം നവംബർ ഒന്നുമുതൽ, കേരളപ്പിറവി ദിനം മുതൽ, സംസ്ഥാനത്തൊട്ടാകെ ദ്വൈമാസ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ പോകുകയാണ്. അതിന് ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് കുടുംബശ്രീ യൂണിറ്റുകളെയാണ്. അവിടെയുള്ള സാമാന്യം വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. അങ്ങനെയാകുമ്പോൾ അവർക്കൊരു വരുമാനവും ഉണ്ടാകും, വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയും ചെയ്യും. കുടിവെള്ളത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും മുനിസിപ്പാലിറ്റികളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കംപ്യൂട്ടറൈസ്ഡ് ഉപഭോക്തൃ പരാതി പരിഹാരസെൽ ആരംഭിക്കും. ഓഗസ്റ്റ് ഒന്നുമുതൽ ഇത് തിരുവനന്തപുരം നഗരത്തിൽ തുടക്കം കുറിക്കാനാണ് ഉദ്ദേശിക്കുന്നത്. വാട്ടർ കണക്ഷന് നിരോധനം (ban) ഏർപ്പെടുത്തിയിട്ടില്ലാത്ത പദ്ധതികളുടെ കീഴിൽ അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ ഗാർഹിക കണക്ഷനുകളുടെ കാലതാമസം ഒഴിവാക്കി 72 മണിക്കൂറിനകം കണക്ഷൻ കൊടുക്കുന്നതിനുള്ള നിർദ്ദേശവും അതിനുള്ള ഒരു ഷെഡ്യൂളും ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ബാൻ ഏർപ്പെടുത്തിയിരിക്കുന്ന കുറേ പ്രദേശങ്ങളുണ്ട്. അവിടെ ഇത് ബാധകമല്ല. കുടിവെള്ളത്തിന്റെ ഗുണമേൻമ പരിശോധിക്കാൻ വേണ്ടിയിട്ട് രണ്ട് മൊബൈൽ ലബോറട്ടറികൾ ഏർപ്പെടുത്തുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 328 സ്കൂളുകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കി. ഈ വർഷം 249 സ്കൂളുകളിൽ കൂടി കുടിവെള്ള പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

46.68 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള 8 പുതിയ കുടിവെള്ള പദ്ധതികൾക്ക് 33.24 കോടി രൂപയുടെ നബാർഡ് സഹായം ലഭിച്ചിട്ടുണ്ട്. 2 വർഷം കൊണ്ട് ഈ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കും.

ഏറെ വിവാദമുണ്ടായതിനെ തുടർന്ന് ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടന്നതാണ് ജപ്പാൻ കുടിവെള്ള പദ്ധതി. ഈ സർക്കാർ അതിനെ പുനരുജ്ജീവിപ്പിച്ചു. അതിന്റെ പണികൾ ആരംഭിച്ചുകഴിഞ്ഞു. ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഷെഡ്യൂൾ ചെയ്തിരിക്കുന്നതിൽ 15 ദിവസത്തെ ഡിഫറൻസ് മാത്രമേ ഇപ്പോഴുള്ളൂ. അഞ്ച് ശുദ്ധജല വിതരണ പദ്ധതികളാണ് ഈ പ്രോജക്ടിലുള്ളത്. ഈ 5 പ്രോജക്റ്റുകളും 2006-ന്റെ ആരംഭത്തിൽ തന്നെ ഭാഗികമായിട്ടെങ്കിലും കമ്മീഷൻ ചെയ്യും. അതിനകത്ത് ചില പഞ്ചായത്തുകൾ കൂടി ചേർക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ബഹു. ശ്രീമതി ടീച്ചർ ആവശ്യപ്പെട്ട മടായി പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കൂടി ഈ പ്രോജക്റ്റിന്റെ കീഴിൽ പുതുതായിട്ട് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഈ പ്രോജക്റ്റുകൊണ്ട് വളരെയധികം പ്രദേശങ്ങൾക്ക് പ്രത്യേകിച്ചും തീരദേശ പ്രദേശങ്ങളായ അരൂർ, ചേർത്തല, മാരാരിക്കുളം എന്നീ മൂന്ന് നിയോജകമണ്ഡലങ്ങൾക്ക് വളരെയേറെ പ്രയോജനം ലഭിക്കും. മറ്റ് പ്രദേശങ്ങളിലുമൊക്കെ കോസ്റ്റൽ ബെൽറ്റിൽ വളരെ പ്രയോജനം കിട്ടുന്ന ഒരു സംഗതിയാണ്.

2/934/2012—21

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: വെള്ളായണി ജലപദ്ധതിയെക്കുറിച്ച് പറഞ്ഞിരുന്നു.

ശ്രീ. ടി. എം. ജേക്കബ്: വെള്ളായണിയുടെ കാര്യം ഞാൻ പറയാം, വെള്ളായണി പദ്ധതിയെ സംബന്ധിച്ചും വെള്ളായണി കായൽ സംരക്ഷണത്തെ സംബന്ധിച്ചും രണ്ട് സ്കീമുകൾ ഞങ്ങൾ എടുത്തിട്ടുണ്ട്. അതിനുള്ള നടപടികളുമായി ഞങ്ങൾ മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്.

സ്വീവറേജിനെക്കുറിച്ച് സംസാരിച്ചപ്പോൾ ഹൈക്കോടതി വിധി ഇവിടെ ആരോ സൂചിപ്പിച്ചു. ശരിയാണ്. കൊച്ചിയിൽ വലിയൊരു പ്രശ്നമായിട്ടുണ്ട്. നാമമാത്രമായിട്ടേ നമുക്ക് സ്വീവറേജ് പദ്ധതികളുള്ളു. തിരുവനന്തപുരം സിറ്റിയിലാണ് കുറച്ചെങ്കിലും വ്യാപകമായിട്ട് നമുക്ക് സ്വീവറേജ് സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്. തിരുവനന്തപുരം സിറ്റിയുടെ അവശേഷിക്കുന്ന പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെതന്നെ സംസ്ഥാനത്തെ മറ്റു കോർപ്പറേഷൻ പ്രദേശങ്ങളിലും മുനിസിപ്പാലിറ്റികളിലും ഘട്ടം ഘട്ടമായി സ്വീവറേജ് സംവിധാനമേർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 15 സ്വീവറേജ് പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും പുനലൂർ, പന്തളം, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം, മൂവാറ്റുപുഴ, ആലുവ, ഷൊർണ്ണൂർ, പാലക്കാട്, കണ്ണൂർ, ചാലക്കുടി എന്നീ മുനിസിപ്പാലിറ്റികളിലുമായി 15 പദ്ധതികളാണ് പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. കെ. സി. മമ്മത്കോയ: മടായി പറഞ്ഞ കൂട്ടത്തിൽ ഫറോക്കിന്റെ കാര്യമുണ്ടായിരുന്നു.

ശ്രീ. ടി. എം. ജേക്കബ്: മടായി പറഞ്ഞ കൂട്ടത്തിൽ അതിന്റെ അനുബന്ധമായി തന്നെ പറഞ്ഞു. ഇതും ആ പ്രോജക്റ്റിന്റെ കീഴിൽ വരുന്നതാണ്. പട്ടുവം and adjoining villages-നുവേണ്ടിയുള്ള പ്രോജക്ടിലാണ് മടായി വരുന്നത്. അദ്ദേഹം പറഞ്ഞ ഫറോക്ക് കോഴിക്കോട് ആഗ്മെന്റേഷന്റെ ജെ.ബി.ഐ.സി പ്രോജക്റ്റിലാണ് വരുന്നത്. ജലവിതരണ രംഗത്ത് സംസ്ഥാനത്തെ ജനസംഖ്യയിൽ 62.67 ശതമാനം പേർക്കാണ് നമുക്ക് പൈപ്പിലൂടെ കുടിവെള്ളം എത്തിക്കാൻ സാധിച്ചിരിക്കുന്നത്. ഇത് നഗരമേഖലയിൽ 79 ശതമാനവും ഗ്രാമത്തിൽ 59 ശതമാനവുമാണ്.

ജലനയത്തെക്കുറിച്ച് ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1992-ലാണ് നമ്മൾ ഇവിടെ ഒരു ജലനയം അവതരിപ്പിച്ചത്. അത് അപ്-ഡേറ്റ് ചെയ്യണം. അത് അപ്-ഡേറ്റ് ചെയ്ത് പുതിയ ജലനയം കൊണ്ടുവരുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. എത്രയും പെട്ടെന്ന് പുതിയൊരു ജലനയം ഈ സഭയിൽ തന്നെ അവതരിപ്പിക്കുന്നതാണ്. അതുപോലെതന്നെ മഴവെള്ള സംഭരണത്തിന് പ്രത്യേക പ്രാധാന്യം നൽകാനുള്ള നടപടികൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി, ജലനിധി, ജലസേചന വിഭാഗം, കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി, ഭൂജല ഡിപ്പാർട്ടുമെന്റ് ഇവയെല്ലാം മഴവെള്ള സംഭരണത്തിന് പ്രത്യേക പ്രാമുഖ്യം നൽകാനുള്ള സെപ്പറേറ്റ് സ്കീംസ് ഉണ്ടാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ `വർഷ` എന്ന പേരിൽ ഇക്കൊല്ലം 1679-ഉം ഭൂജല വകുപ്പിൽ 95-ഉം പദ്ധതികൾ ഇതിനായിട്ട് പ്രത്യേകം നടപ്പിലാക്കുന്നുണ്ട്. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള ശേഖരണത്തിനുള്ള സംവിധാനം ഉണ്ടാകണമെന്നുള്ള വ്യവസ്ഥ നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂടി ബാധകമാക്കാനുള്ള കൺസെൻസസ് ഉണ്ടാക്കാനുള്ള ശ്രമം ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള ശേഖരണ സംവിധാനം ഏർപ്പെടുത്തി ഇതിനൊരു മാതൃക കാണിക്കാനുദ്ദേശിക്കുന്നു. എല്ലാ സ്ക്കൂളുകളിലും മഴവെള്ള ശേഖരണത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള നടപടി ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന് നോഡൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് ജലനിധിയെയാണ്. മൂന്ന് കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. നമ്മൾ ഈ സന്ദർഭത്തിൽ മനസ്സിലാക്കാനുള്ള ഒരു സംഗതി, തമിഴ്നാട് ഗവൺമെന്റ് പോലും രണ്ട് കോടി രൂപ മാത്രമേ മാറ്റിവച്ചിട്ടുള്ളു. 10 കോടി രൂപ കൂടി ഇതിനുവേണ്ടി മാറ്റി വയ്ക്കാനുള്ള സന്നദ്ധത ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ പണം കണ്ടെത്തി മഴവെള്ള ശേഖരണം നമുക്ക് വ്യാപകമാക്കാൻ സാധിക്കും. അതിന് ജനപ്രതിനിധികളുടെ എല്ലാവരുടെയും പ്രത്യേകിച്ച് എം.എൽ.എ.മാരുടെ സഹകരണം പ്രത്യേകമായിട്ട് അഭ്യർത്ഥിക്കുകയാണ്.

നദീജല പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒരുകാര്യം ഞാൻ വളരെ സന്തോഷത്തോടുകൂടി സഭയെ അറിയിക്കട്ടെ, ആണ്ടിൽ ഒരു പ്രാവശ്യം എല്ലാ കക്ഷിനേതാക്കൻമാരെയും വിളിച്ച് മുഖ്യമന്ത്രി തന്നെ ഇത് സംബന്ധിച്ച് യോഗം നടത്തി പല കാര്യങ്ങളും ഡിസ്ക്കസ് ചെയ്തതാണ്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് വളരെ നന്നായിട്ട് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ചെക്ക് ഡാമുകളെ കുറിച്ച് ഇവിടെ പറഞ്ഞു. ഈ വർഷം ഞങ്ങൾ ചെക്ക് ഡാമുകളുടെ നിർമ്മാണം ഒരു വലിയ പ്രോജക്റ്റായിട്ട് തന്നെ എടുക്കുകയാണ്. ഈ ഡിപ്പാർട്ടുമെന്റ് തന്നെ 25 സ്ഥിരം ചെക്ക് ഡാമുകളും 49 താൽക്കാലിക ചെക്ക് ഡാമുകളും നിർമ്മിക്കാനുള്ള സ്കീം ഇപ്പോൾ തന്നെ തയ്യാറാക്കി കഴിഞ്ഞു. അതിന് 15 കോടിയിലേറെ രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് പ്രോജക്റ്റുകളെ സംബന്ധിച്ച് ഒന്നുരണ്ട് സെന്റൻസ് പറയാം. നിർമ്മാണത്തി ലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി കമ്മിഷൻ ചെയ്യാനുള്ള ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ഫലമായിട്ട് വൻകിട പദ്ധതികളായ പഴശ്ശി, കാഞ്ഞിരപ്പുഴ എന്നീ രണ്ട് പദ്ധതികളും പൂർത്തിയാക്കി 'കാഡ'യിൽ ഉൾപ്പെടുത്തി കഴിഞ്ഞു. കല്ലട പദ്ധതി പൂർത്തിയായതായി പ്രഖ്യാപിച്ചു. അതിന്റെ അവശേഷിക്കുന്ന പണികൾ ഈ വർഷം തന്നെ പൂർത്തിയാക്കും. മൂവാറ്റുപുഴ പദ്ധതി 2005-ലും ബാണാസുരസാഗർ, കാരാപ്പുഴ പദ്ധതികൾ 2006-ലും പൂർത്തിയാകും.

LIBRARY ARCHIVES Kerala Legislative Assembly

ഇടമലയാർ പദ്ധതി ത്വരിതപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചു. തൃത്താല (റഗുലേറ്റർ-കം-ബ്രിഡ്ജ്) പദ്ധതി 2005-ൽ പൂർത്തീകരിക്കും. ചമ്രവട്ടം പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു. രണ്ട് മാസത്തിനുള്ളിൽ ഇതിന്റെ പണി തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബി.എം. റെഗുലേറ്റർ-കം-ബ്രിഡ്ജിന് എ.എസ്. നൽകി. അതിന്റെ പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ, സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 264 ചെറുകിട ജലസേചന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 171 ചെറുകിട പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഈ വർഷം വിവിധ ജില്ലകളിലായി 98 ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന മൂന്ന് വലിയ സ്കീമുകളിലൊന്നായ പാലക്കാട് ജില്ലയിലെ പലകപാണ്ടി പദ്ധതി ഈ വർഷം തന്നെ ആരംഭിച്ച് ഒരു വർഷം കൊണ്ട് പൂർത്തിയാക്കും. കണ്ണൂർ ജില്ലയിലെ മടമ്പം പദ്ധതി (7.05 കോടി രൂപ), തൃശ്ശൂർ ജില്ലയിലെ തോട്ടുമുഖം എന്നീ മൂന്ന് പ്രോജക്റ്റുകളും ഈ വർഷം തന്നെ ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കും. തോട്ടുമുഖം പദ്ധതിയുടെ മതിപ്പ് ചെലവ് 5 കോടി രൂപയാണ്. അത് ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. Participatory Irrigation Management System ഒരു പൈലറ്റ് പ്രോജക്റ്റായിട്ട് ഈ വർഷം തുടങ്ങും. അതിനകത്ത് കർഷക പങ്കാളിത്തം ഉറപ്പുവരുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കേടായ മുഴുവൻ പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കാനുള്ള നടപടികളെടുക്കും. 50 വർഷം, 55 വർഷം വരെ പഴക്കമുള്ള പമ്പ് സെറ്റുകളുണ്ട്. തൃശ്ശൂർ ജില്ലയിലും എറണാകുളം ജില്ലയിലുമാണ് കൂടുതൽ. അതെല്ലാം മാറ്റാൻ വേണ്ടിയുള്ള തീരുമാനമെടുത്തു. പുതിയ മീറ്റർ സിസ്റ്റം കൊണ്ടുവരാൻ പോവുകയാണ്. അവ കുറേക്കൂടി ഫലപ്രദമായി നമുക്ക് പ്രവർത്തിപ്പിക്കാനും സാധിക്കും. 11 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കൂടി ഈ വർഷം ആരംഭിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ്: വർഷങ്ങളായി പണി നടക്കുന്നതും മാസങ്ങളായി പണി തീർന്നുകിടക്കുന്നതുമായ ചില മൈനർ ഇറിഗേഷൻ വർക്കുകളിൽ ഇലക്ട്രിക് കണക്ഷൻ കൊടുക്കാൻ O.Y.E.C.-ൽ പണം അടയ്ക്കാൻ കഴിയാത്തതു കൊണ്ട് അവയുടെ കമ്മീഷനിംഗ് നീണ്ടുപോകുന്നു. എ.ജി. റിപ്പോർട്ടിൽ ക്യാപിറ്റൽ അക്കൗണ്ടിൽ നിന്ന് മാത്രമേ കൊടുക്കാൻ കഴിയൂ, മെയിന്റനൻസിൽ നിന്ന് കൊടുക്കാൻ കഴിയില്ല എന്നു പറഞ്ഞതുകൊണ്ടാണ് ഈ തടസ്സം ഉണ്ടായത്. അത്തരം സ്ഥലങ്ങളിൽ അടിയന്തിരമായി കണക്ഷൻ കൊടുക്കാനുള്ള പണം കെട്ടിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, അദ്ദേഹത്തിന്റെ നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഈ പ്രശ്നമുണ്ട്. ഞങ്ങൾ കൂട്ടായിട്ട് ഒരു ശ്രമം നടത്തിയിട്ടുണ്ട്. ഗവൺമെന്റ് അതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. എത്രയും പെട്ടെന്ന് അവിടെ കണക്ഷൻ കൊടുക്കാൻ ഏർപ്പാട് ചെയ്യുന്നുണ്ട്. അത് പ്രത്യേകമായിട്ട് ശ്രദ്ധയിൽ വന്ന ഒരു കാര്യമാണ്. നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജലപാതകളുടെ കാര്യത്തെപ്പറ്റി പറയുകയാണെങ്കിൽ 1687 കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിലെ ജലപാതകൾ സംരക്ഷിക്കാൻ, അത് റീവൈവ് ചെയ്യാനും കൂടുതൽ പുരോഗമനപരമായ രീതിയിൽ നടപ്പിലാക്കുന്നതിനുമുള്ള ശ്രമം ഞങ്ങൾ നടത്തിക്കഴിഞ്ഞു. അതിൽ ആലപ്പുഴ, കോട്ടയം ജില്ലകളിലെ 93 കിലോമീറ്റർ ലിങ്ക് കനാലിന്റെ വികസന പരിപാടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിന് 45 കോടി രൂപയുടെ ലോകബാങ്ക് സഹായം കിട്ടിയിട്ടുണ്ട്.

സംസ്ഥാനത്തെ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിന് കേന്ദ്ര അനുമതി നേടി എടുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. തുടക്കം എന്നുള്ള നിലയിൽ തൃശ്ശൂർ ജില്ലയിലെ ഏറിയാട് ബീച്ച് സംരക്ഷിക്കുന്നതിനായി 3 കോടി രൂപ കേന്ദ്രത്തിൽ നിന്ന് അനുവദിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ നദീ തീരം സംരക്ഷിക്കാനുള്ള കേന്ദ്ര പദ്ധതിയിൽ കരമനയാറ്റിനെ ഉൾപ്പെടുത്താൻ നമുക്ക് കഴിഞ്ഞു. കരമനയാറ്റിന്റെ തീര സംരക്ഷണത്തിന് 5 കോടി രൂപയുടെ കേന്ദ്രസഹായം ഉറപ്പാക്കിയിട്ടുണ്ട്. കടൽ ഭിത്തിയെക്കുറിച്ച് ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ പറഞ്ഞു, ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞു, തീരപ്രദേശങ്ങളിൽ നിന്ന് വരുന്ന മറ്റ് എം.എൽ.എ.മാരും ചൂണ്ടിക്കാണിച്ചു. നമുക്ക് ആകെയുള്ള കടൽതീരം എന്നു പറയുന്നത്. 560 കിലോമീറ്ററാണ്. അതിൽ 478 കിലോമീറ്ററിൽ കടലാക്രമണ ഭീഷണിയുണ്ട്. ഇതിനകത്ത് 386 കിലോമീറ്റർ ദൂരം കടൽ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇനി 92 കിലോമീറ്ററിൽകൂടി കെട്ടണം. അതിന് ഏകദേശം 184 കോടി രൂപ വേണ്ടിവരും. 40 കിലോമീറ്റർ കെട്ടിയ ഭിത്തിയുടെ പുനരുദ്ധാരണവും ആവശ്യമുണ്ട്. അതിന് 40 കോടി രൂപ വേണം. മൊത്തം 224 കോടി രൂപയുടെ ആവശ്യം നമുക്കുണ്ട്. കടൽഭിത്തി നിർമ്മാണത്തിന് നമുക്ക് ബഡ്ജററി സപ്പോർട്ട് വളരെ കുറവാണ്. 52 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മാണത്തിനും കെട്ടിയ ഭിത്തിയുടെ പുനരുദ്ധാരണത്തിനുമായി 216.6 കോടി രൂപയുടെ ഒരു പുതിയ പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നമ്മൾ കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റിന്റെ കാലം മുതൽ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രാവശ്യം മുഖ്യമന്ത്രി ഡൽഹിയിൽ പോയപ്പോൾ ഇക്കാര്യം പ്രത്യേകമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എം.പി.-മാരുടെ കോൺഫറൻസിൽ പറഞ്ഞു. ഇവിടെ ശ്രീ. പ്രതാപൻ ആണെന്ന് തോന്നുന്നു ഒരിക്കൽ സൂചിപ്പിച്ചതുപോലെ ഒരു ഇന്റർ നാഷണൽ ബൗണ്ടറിയാണ് ഇത്. നമുക്കിത് ഇല്ലാതെ നിവൃത്തിയില്ല. കടലാക്രമണം വളരെ രൂക്ഷമാണ്. വളരെ വലിയ പ്രതിസന്ധി നമുക്കുണ്ടായിക്കൊണ്ടിരിക്കുന്നു. അത് പരിഹരിക്കാനുള്ള ശ്രമങ്ങൾ ഞങ്ങൾ വളരെ കാര്യമായിട്ട് ആരംഭിച്ചിട്ടുണ്ട്. നമുക്ക് അത് ഏതെങ്കിലും നിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. അതിനുവേണ്ടി ഞാൻ തീരപ്രദേശത്തെ എം.എൽ.എ.മാരെ മുഴുവൻ നാളെ ഒരു പ്രസന്റേഷൻ (സാബിപ്ലാഷ് ടെക്നോളജി) കാണിക്കാൻവേണ്ടി വിളിച്ചിട്ടുണ്ട്. അതൊരു പുതിയ ഫ്രഞ്ച് ടെക്നോളജിയാണ്. പുലിമുട്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞതുപോലെ ഫ്രഞ്ച് ഗവൺമെന്റ് ആവിഷ്ക്കരിച്ച് ലോകത്തിന്റെ പലഭാഗത്തും നടപ്പിലാക്കിയിരിക്കുന്ന ഒരു ടെക്നോളജിയാണ്. കർണ്ണാടക സ്റ്റേറ്റ് അത് എടുത്തു എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കേട്ടത്. എന്താണെങ്കിലും തീരപ്രദേശങ്ങളിലെ എം.എൽ.എ.-മാരെ നാളെ ഇതു സംബന്ധിച്ച ഒരു പ്രസന്റേഷൻ കാണിച്ചുകൊടുക്കാൻ ക്ഷണിച്ചിട്ടുണ്ട്. നാളെ വൈകുന്നേരം 4 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-E കോൺഫറൻസ് ഹാളിൽ വച്ചാണ് നടക്കുന്നത്. തീരദേശ എം.എൽ.എ.-മാരെയാണ് വിളിച്ചിരിക്കുന്നത്. ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെക്കൂടി ക്ഷണിക്കുകയാണ്.

ഞാൻ എന്റെ വാക്കുകൾ ദീർഘിപ്പിക്കുന്നില്ല. പമ്പ ആക്ഷൻ പ്ലാനിനെക്കുറിച്ച് ഇവിടെ പറഞ്ഞു. പമ്പയെപ്പോലെതന്നെ പെരിയാറും ഭാരതപ്പുഴയും ചാലിയാറും സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഞങ്ങൾ ആരംഭിക്കുന്നുണ്ട്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, നദിസംരക്ഷണത്തെക്കുറിച്ച് പറഞ്ഞതിൽ ഇന്നത്തെ ചർച്ചയിലും കഴിഞ്ഞ ദിവസത്തെ ചർച്ചയിലും വളരെ പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു റിവർ മാനേജ്മെന്റ് ഫണ്ടിനെ സംബന്ധിച്ച കാര്യം. ഇന്നും പല മെമ്പർമാരും അത് ചൂണ്ടിക്കാണിച്ചു. സർ, ഇവിടെ പാസ്സാക്കിയ 2001-ലെ നദീതീര സംരക്ഷണ നിയമം അനുസരിച്ച് അതിലെ വകുപ്പ് അനുസരിച്ച് പറഞ്ഞാൽ ഇതിനകത്ത് റവന്യൂ വകുപ്പിന് എവിടെയാണ് അധികാരം. നദിസംരക്ഷണത്തിന്റെ അധികാരം 16-ാം വകുപ്പിൽ വളരെ വ്യക്തമായി നദിസംരക്ഷിക്കേണ്ട അധികാരത്തെക്കുറിച്ച് നിർവചിച്ചിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടാണോ അതോ റവന്യൂവകുപ്പിന്റെ ഫണ്ടാണോ വ്യക്തമാക്കണം ഈ സഭയിൽ?

<u>ശ്രീ. കെ. എം. മാണി</u>: സർ, ഇത് പ്രതിപക്ഷം ചോദ്യം ചോദിക്കുകയും ജേക്കബ് ഉത്തരം പറയുകയും ചെയ്താൽ പോരല്ലോ, വകുപ്പ് എന്റേതാണ്. നിങ്ങൾ നോട്ടീസ് കൊണ്ടുവന്നാൽ നിങ്ങൾ അടിയന്തിര പ്രമേയം കൊണ്ടുവാ, ശ്രദ്ധക്ഷണിക്കൽ കൊണ്ടുവാ, ഞാൻ നല്ലതുപോലെ മറുപടി പറയാം............... ....(ബഹളം).....................

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മിനിസ്റ്റർ മറുപടി പറയൂ.

<u>ശ്രീ. ടി. എം. ജേക്കബ്</u>: അവർ ബഹളം ഉണ്ടാക്കുന്നതുകൊണ്ടാണ് ഞാൻ സംസാരിക്കാത്തത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ ചോദിച്ചത് ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തെ സംബന്ധിച്ചാണ്. നദീജല സംരക്ഷണം എന്നു പറയുന്നത് ഇറിഗേഷൻ വകുപ്പിൽ പെട്ടതാണ്. അതു സംബന്ധിച്ചുള്ള ചോദ്യത്തിന് ഇറിഗേഷൻ വകുപ്പിൽ നിന്നു തന്നെ ഞങ്ങൾക്ക് ഉത്തരം കിട്ടണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: റവന്യൂ എന്ന് പറഞ്ഞതുകൊണ്ട് ചാടിക്കയറി എന്നേയുള്ളൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: അങ്ങനെ ചാടിക്കയറേണ്ട കാര്യമില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ മറുപടി പറയാം. ഞാൻ പറഞ്ഞുകൊണ്ടിരുന്ന കാര്യം പൂർത്തിയാക്കട്ടെ. ശ്രീ. രാജേന്ദ്രന്റെ ചോദ്യത്തിന് മറുപടി പറയാം.

CADA-യെക്കുറിച്ച് ഒരു കാര്യം; കാഡ പ്രോജക്ടിനകത്ത് "സിസ്റ്റം കറക്ഷൻ" എന്നു പറഞ്ഞുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം ഈ പ്രാവശ്യം മുതൽ ഞങ്ങൾ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. അതിന്റെ നടപടികൾ സ്വീകരിച്ചു വരികയാണ്. അതുപോലെതന്നെ കുടിവെള്ളം ലഭ്യമാക്കാനുള്ള പരിപാടികളുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പിനെ കുറെക്കൂടി ഇഫക്ടീവാക്കിക്കൊണ്ട് 200 കുഴൽ കിണറുകൾകൂടി നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനി ഇവിടെ എനിക്ക് രണ്ടു കാര്യം കൂടി പറയാനുണ്ട്......

ഡോ. കെ. സി.ജോസഫ്: സർ, വൻതോതിൽ കൃഷിനാശം ഉണ്ടായ ഒരു സ്ഥലമാണ് കുട്ടനാട്. തോട്ടപ്പള്ളി സ്പിൽവേയുടെയും തണ്ണീർമുക്കം ബണ്ടിന്റെയും ഷട്ടറുകൾ സമയബന്ധിതമായി റിപ്പയർ ചെയ്യാതിരുന്നതുകൊണ്ട് ആയിരക്കണക്കിന് ഏക്കർ കൃഷി നശിക്കുകയും കോടിക്കണക്കിന് രൂപ നഷ്ടം ഉണ്ടാവുകയും ചെയ്തു. ആ സ്ഥിതി ഒഴിവാക്കുന്നതിന് "തോട്ടപ്പള്ളിസ്പിൽവേ"യുടെയും തണ്ണീർമുക്കം ബണ്ടിന്റെയും ഷട്ടറുകൾ റിപ്പയർ ചെയ്യുന്നതിനും അത് സമയബന്ധിതമായി തീർക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട ജോസഫിന് അതിനെക്കുറിച്ച് അറിയാം. 'തോട്ടപ്പള്ളി സ്പിൽവേ'യിലെ കേടായ മുഴുവൻ ഷട്ടറുകളും മാറ്റാനുള്ള ടെൻഡർ വിളിച്ച് വർക്ക് ആവാർഡ് ചെയ്തു. കുറെയെണ്ണം മാറ്റി. ബാക്കിയുള്ളത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു. ഒരു കരാറുകാരനെ ഒരു വർക്ക് ഏല്പിച്ചുകഴിഞ്ഞാൽ ആ കരാറുകാരൻ പണി തീർത്തില്ലെങ്കിൽ നമുക്ക് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളല്ലെ സ്വീകരിക്കാൻ പറ്റൂ. അതുപോലെ തന്നെ തണ്ണീർമുക്കത്തെ സംബന്ധിച്ചും ഈ വിഷയം വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ താൽപര്യമെടുത്ത് അദ്ദേഹം തന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും വ്യക്തിപരമായിട്ട് മുഖ്യമന്ത്രി എടുത്ത താൽപര്യത്തിന്റെ അടിസ്ഥാനത്തിലും തണ്ണീർമുക്കം ഷട്ടറിന്റെ കാര്യത്തിലും നമ്മൾ സ്റ്റെപ്പ്സ് എടുത്തു. എടുത്തില്ല എന്നു പറയുന്നത് ശരിയല്ല. പക്ഷേ കരാറുകാരൻ ഏറ്റ സമയത്തിന് അത് പൂർത്തിയാക്കിയില്ല. ഇത് ശ്രീ. ടി. കെ. ദേവകുമാർ പറയുന്നതും ഡോ. കെ.സി.ജോസഫ് പറയുന്നതും..................ഈ വിഷയം എനിക്ക് നന്നായിട്ട് അറിയാം. ശ്രീമതി ഗൗരിയമ്മയും ഇവിടിരുന്ന് ഇതുതന്നെയാണ് ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. സംഗതി ശരിയാണ്. വർക്കിനുള്ള നടപടി സ്വീകരിച്ചില്ല എങ്കിൽ ആ കുറ്റം ഏൽക്കാൻ ഞാൻ തയ്യാറാണ്. ഞാൻ പരിശോധിക്കാം.

ഡോ. കെ. സി. ജോസഫ്: സർ, അടുത്ത വർഷമെങ്കിലും ഇത്തരം അപാകത ഉണ്ടാവുകയില്ലായെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, തീർച്ചയായിട്ടും ആ കരാറുകാരനോട് പറഞ്ഞിരുന്നതിൽ എന്തെങ്കിലും നിലയിൽ അദ്ദേഹം വീഴ്ചവരുത്തിയാൽ അത് ഡിപ്പാർട്ടുമെന്റലായിട്ട് ഏറ്റെടുത്ത് ആ പണി പൂർത്തിയാക്കിത്തരാം. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട.

ശ്രീ. മത്തായി ചാക്കോ: സർ, കടലിൽ കല്ലിടുന്നതിന് 150 കോടി രൂപ ചെലവാക്കിക്കോ എനിക്ക് വിരോധമില്ല. വടകര-മാഹി കനാലിനുവേണ്ടി 75 കോടി രൂപയുടെ ഒരു പ്രോജക്ട് കൊടുത്തിരിക്കുന്നു എന്ന് ഒരു ചോദ്യത്തിന് മറുപടിയായിട്ട് ഇവിടെ പറഞ്ഞു. വടക്കൻ കേരളത്തിൽ ഏതെങ്കിലും ഒരു പദ്ധതി വേണ്ടേ? വടകര-മാഹി കനാലിന്റെ 75 കോടി രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട് എന്നുള്ള ഒരു വിവരം എന്റെ അടുത്തുണ്ട്. അതിന് സ്റ്റേറ്റ് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, അതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റാണ് ഇതിനകത്ത് ഫണ്ട് തരേണ്ടത്. 90 : 10 റേഷ്യോയിലാണ് ഫണ്ട് തരിക. നമ്മൾ പ്രോജക്ട് കൊടുത്തിട്ടുണ്ട്. ദേശീയ ജലപാതയുമായി ബന്ധപ്പെട്ട് ഇതിന് ലഭിക്കേണ്ട പ്രാധാന്യത്തെക്കുറിച്ച് അതിനുള്ള പ്രൊപ്പോസൽ നമ്മൾ കൊടുത്തു. നമ്മുടെ ജലപാതയെ ദേശീയ ജലപാത നമ്പർ 3 ആയിട്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. നമ്മുടെ പാതയുടെ ദൈർഘ്യം വളരെ കുറവാണ്. കുറച്ചു ദൈർഘ്യം മാത്രമെ കേരളത്തിന്റെ നമ്പർ 3 നാഷണൽ വാട്ടർവേയ്ക്കുള്ളു. നമുക്ക് കൂടുതൽ പണം കിട്ടണമെന്നാവശ്യപ്പെട്ടു. അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് സമയമില്ലാത്തതുകൊണ്ട് ഞാൻ പോകാത്തതാണ്. എന്റെ കൈയിൽ എല്ലാ മെറ്റീരിയൽസും ഇരിപ്പുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ: സർ, ഡോക്ടർ കെ. സി. ജോസഫ് ഇവിടെ തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറിന്റെ കാര്യം പറഞ്ഞു. അതോടൊപ്പംതന്നെ ആ തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ ശരിയാക്കേണ്ടതിനോടൊപ്പം തന്നെ ഏതാനും ഓരുമുട്ടുകൾ ആണ്ടുതോറും ഇടാറുണ്ട്. പ്രത്യേകിച്ച് കരിയാർമുട്ട്. എല്ലാ വർഷവും അതിന്റെ നിർമ്മാണം താമസിച്ചു പോകുന്നതുകൊണ്ടാണ് കോട്ടയം ജില്ലയിലെ പാടശേഖരങ്ങളിൽ ഓരു വെള്ളം കയറി കൃഷിനാശം ഉണ്ടാവുകയും ചെയ്യുന്നത്. ഈ വർഷത്തിലെങ്കിലും അത് സമയത്തിന് പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്താനായിട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, നിർദ്ദേശം കൊടുക്കാം. ഇവിടെ ഇന്റർ സ്റ്റേറ്റ് വാട്ടർ എഗ്രിമെന്റിനെ സംബന്ധിച്ച് പറഞ്ഞു. അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് ഒന്നും ഞാൻ പോകുന്നില്ല. പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച്, നിങ്ങൾക്ക് എല്ലാവർക്കും അറിയാം. ഗവൺമെന്റ് വളരെ ആത്മാർത്ഥമായ ശ്രമം അക്കാര്യത്തിൽ നടത്തിയിട്ടുണ്ട്. ചിലരെല്ലാം കുറ്റപ്പെടുത്തുന്നുണ്ട്. ഇപ്പോൾ ഇവിടെ തന്നെ പറഞ്ഞതല്ലോ 'രണ്ടാം വിളയ്ക്ക് കഴിഞ്ഞ പ്രാവശ്യം വെള്ളം തരാമെന്നു പറഞ്ഞിട്ട് തന്നില്ല'. ശ്രീ. ചെന്താമരാക്ഷൻ ഇവിടെ പറഞ്ഞു, ഞങ്ങൾ ശ്രമിക്കാഞ്ഞിട്ടാണോ, തമിഴ്നാടുമായി അവസാനം

LIBRARY ARCHIVES Kerala Legislative Assembly

ജനുവരി 5-ാം തീയതി തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിൽ ഞാനും ധനകാര്യവകുപ്പു മന്ത്രിയുമാണ് പങ്കെടുത്തത്. ഞങ്ങൾ അന്ന് വളരെ നിർബന്ധമായി അവരോട് പറഞ്ഞതാണ്. "രണ്ടാം വിള ഇറക്കുന്നു വെള്ളം വേണം" എന്ന്. ഫെബ്രുവരി മാസംവരെ വെള്ളം തരാമെന്നു അവർ പറഞ്ഞു. നമുക്ക് ഇതിനകത്ത് കോമൺ ഇന്ററസ്റ്റേയുള്ളു. ഇതിനകത്ത് ഒരു രാഷ്ട്രീയ വുമില്ല. നിങ്ങളാരും കൂടുതലായിട്ട് രാഷ്ടീയം കളിച്ചു എന്ന അഭിപ്രായവുമില്ല. പക്ഷേ അല്പം രാഷ്ട്രീയം അതിനകത്ത് വരികയും ചെയ്തു. അതില്ലെന്ന് പറയാൻ ഒക്കുകയില്ല. നമുക്ക് രാഷ്ട്രീയത്തിന് അതീതമായിട്ട് ഇക്കാര്യം കാണണം. റീസന്റായിട്ട്, കഴിഞ്ഞ മാസം 19-ാം തീയതി ഞാൻ ചെന്നയിൽ പോയിരുന്നു. അന്ന് അവിടെ തമിഴ്നാട് മന്ത്രിയെ കണ്ട് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. "ഞങ്ങൾക്ക് രണ്ട് വിളയ്ക്കും കൃത്യമായിട്ട് വെള്ളം കിട്ടണം; 7.25 ടി.എം.സി വെള്ളം മണക്കടവ് വിയറിൽ അളന്ന് ഞങ്ങൾക്കു തരണം. അത് കിട്ടിയേ പറ്റൂ" എന്ന്. നമുക്ക് അർഹതപ്പെട്ടതാണ്. അത് കിട്ടാനുള്ള ഷെഡ്യൂൾ തയ്യാറാക്കുന്നതാണ്. പക്ഷേ കൃഷിക്കാർ അവിടെ ചെയ്യേണ്ട ഒരു സംഗതി, കൃഷിക്കാർ പല രൂപത്തിലുള്ള വിത്താണ് ഇറക്കുന്നത്. ചിലർ ഡ്യൂറേഷൻ കൂടിയ വിത്ത് ഇറക്കുന്നുണ്ട്. അങ്ങനെയൊക്കെ വരുമ്പോൾ നമുക്ക് പ്രശ്നമുണ്ടാകുന്നു. എന്താണെങ്കിലും പി.എ.പി കരാറിന് ഒരു കാലാവധി ഇല്ല. രണ്ടു സ്റ്റേറ്റുകളുംകൂടി എഗ്രി ചെയ്തുവെങ്കിലേ അത് പുതുക്കുവാൻ പറ്റുകയുള്ളു. എത്ര പ്രാവശ്യം നമ്മൾ ചർച്ച നടത്തി. നമ്മുടെ സ്റ്റേറ്റിന് എന്തെങ്കിലും നഷ്ടം വരണമെന്ന് ഞങ്ങൾക്ക് ആർക്കെങ്കിലും ആഗ്രഹമുണ്ടോ? നമ്മുടെ സ്റ്റേറ്റിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് നമുക്ക് ലഭ്യമാക്കാവുന്നിടത്തോളം വെള്ളം ലഭ്യമാക്കി പി.എ.പി. കരാർ പുതുക്കണം. അതിനുള്ള നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ കരാറിനെ കുറിച്ച് തെറ്റായ ഒരു ധാരണ പരന്നിരിക്കുന്നു. മുല്ലപ്പെരിയാർ കരാർ അനുസരിച്ച് തമിഴ്നാടിന് എത്ര ടി.എം.സി. വെള്ളം അളന്നു കൊടുക്കണമെന്ന് വ്യവസ്ഥയില്ല. തമിഴ്നാട്ടിലേക്കുള്ള കനാൽ ഓപ്പൺ ആണ്. ജലനിരപ്പ് ഉയർന്നാൽ അങ്ങോട്ടേക്ക് ഒഴുകും. അതുപോലെതന്നെ ശിരുവാണി പ്രോജക്ട്. ശിരുവാണി പ്രോജക്ട് പൂർത്തിയായതോടുകൂടി ഭവാനി നദിയിൽ നിന്ന് 2.5 ടി.എം.സി വെള്ളത്തിന് നമുക്ക് അർഹതയുണ്ട്. അത് എടുക്കുവാൻ വേണ്ടിയിട്ടാണ് മുക്കാലിയിൽ വിയർ കെട്ടാൻ പോയത്. മുക്കാലിയിൽ വിയർ കെട്ടാൻ പോയപ്പോൾ ഉണ്ടായ കോലാഹലങ്ങളും മറ്റു പ്രശ്നങ്ങളുമെല്ലാം അറിയാമല്ലോ! ഈ സഭയിൽത്തന്നെ വന്നിട്ടുണ്ട്. കേന്ദ്ര മന്ത്രിയായിരുന്ന ടി. ആർ. ബാലു, അദ്ദേഹത്തിന് അധികാരം ഇല്ലാത്ത കാര്യത്തിൽ അദ്ദേഹം സ്റ്റേ കൊടുത്തു. സ്റ്റേ നമ്മുടെ സ്റ്റേറ്റിന് എതിരായിട്ടാണ്. ഞാൻ നിയമസഭയിൽ പറഞ്ഞതാണ്, പുറത്തും പറഞ്ഞതാണ്. മുക്കാലിയിൽ വിയർ കെട്ടുന്നത് സംബന്ധിച്ച് നമുക്ക് ഒരു കോൺസൻസ് ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. രാഷ്ട്രീയക്കാരുടെ ഇടയിൽ ഒരു കോൺസൻസസ് ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞില്ല. അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ട് ഞങ്ങൾ റീഡിസൈൻ ചെയ്യുകയാണ്. അത് റിവൈവ് ചെയ്തു വരുമ്പോൾ 2.5 ടി.എം.സി. വെള്ളം നമുക്ക് ഇവിടെ എടുക്കുവാൻ സാധിക്കും. അങ്ങനെ കരാറിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി.ജയരാജൻ : തമിഴ്നാട് കേരള മുഖ്യമന്ത്രിമാർ തമ്മിലുള്ള ഗൗരവമായ ഒരു ചർച്ച നടത്താമെന്ന് അങ്ങ് ഈ സഭയിൽ മുമ്പ് പറഞ്ഞതാണ്. അത് ഇതുവരെ നടന്നിട്ടില്ല. അത് നടത്തിയിട്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമം നടത്തുമോ?

ശ്രീ. ടി. എം. ജേക്കബ്: ഒരു കാര്യം ശ്രീ. ജയരാജൻ മനസ്സിലാക്കാനുള്ളത്, മുഖ്യമന്ത്രിമാരെ രണ്ടുപേരെയുംകൂടി കോൺഫറൻസിലേക്ക് കൊണ്ടിരുത്തുന്നതിനു മുമ്പ് അതിനുള്ള ഒരു രൂപമുണ്ടാക്കി, മാർഗ്ഗം ഉണ്ടാക്കി രണ്ടു മുഖ്യമന്ത്രിമാരുടെയും മുമ്പിൽ വയ്ക്കണ്ടേ? അതല്ലാതെ കേരളത്തിന്റെ മുഖ്യമന്ത്രിയും തമിഴ്നാടിന്റെ മുഖ്യ മന്ത്രിയും കൂടി ഒരു മേശയ്ക്ക് അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് അങ്ങോട്ടും ഇങ്ങോട്ടും തർക്കം പറഞ്ഞ് പിരിഞ്ഞാൽ കാര്യം നടക്കുകയില്ലല്ലോ? പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമമാണ് ഞങ്ങൾ നടത്തുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അങ്ങ് അരമണിക്കൂർ നടത്തിയ പ്രസംഗത്തിൽ കാസർകോട് ജില്ലയിലെ വർക്കിനെപ്പറ്റിയോ മൂന്നാംകടവ് പദ്ധതിയെക്കുറിച്ചോ എന്തെങ്കിലും പറഞ്ഞോ? ഞങ്ങൾ എത്രയോ കാലംകൊണ്ട് ആവശ്യപ്പെടുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ് : മൂന്നാം കടവ് പദ്ധതി ഗവൺമെന്റ് ഉപേക്ഷിച്ചിട്ടില്ല. ഇതിന്റെ ഫർതർ ആയിട്ടുള്ള സ്റ്റെപ്പ്സ് എടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ചോദ്യത്തിന് സഭയിൽ ഞാൻ മറുപടി തന്നിട്ടുണ്ട്. മൂന്നാം കടവ് പദ്ധതിക്ക് ഒരു വിഭാഗം ആളുകൾ എതിർപ്പായി വരുന്നുണ്ട്. അതു വരട്ടെ. എന്നാൽ പോലും മൂന്നാം കടവ് പദ്ധതി ആവശ്യമാണെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് ബോധ്യമുണ്ട്. എല്ലാ പ്രോജക്ടിനെ കുറിച്ചും പറയാൻ ഇവിടെ നേരമുണ്ടോ?

ഇനി ശ്രീ. രാജേന്ദ്രൻ ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മണൽ വാരൽ സംബന്ധിച്ച് അതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് നമ്മൾ ഒരു നിയമം പാസ്സാക്കി. ആ നിയമത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് നമുക്ക് എല്ലാവർക്കും പ്രവർത്തിക്കുവാൻ കഴിയും. ആക്ടിലെ സെക്ഷൻ 16, രാജേന്ദ്രൻ ഇവിടെ വായിച്ച ഭാഗം വളരെ റലവന്റാണ്. 40.83 കോടി രൂപ റിവർ മാനേജുമെന്റിന് ഫണ്ട് പിരിഞ്ഞുകിട്ടിയിട്ടുണ്ട്. അത് പൂർണ്ണമായിട്ടും ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു അഡ്മിഷനാണ്. ഞാൻ അത് പൂർണ്ണമായിട്ടും അഡ്മിറ്റ് ചെയ്യുന്നു. വകുപ്പുകൾ തമ്മിലുള്ള തർക്കത്തെ കുറിച്ച്, ബിസിനസ് റൂൾസ് അനുസരിച്ച് ഓരോ ഡിപ്പാർട്ടുമെന്റിന്റെയും കീഴിൽ എന്തെല്ലാം വരുമെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ആ ബിസിനസ് റൂളിൽ പറയുന്ന കാര്യങ്ങൾ ചെയ്യും. അതിനകത്ത് ഒരു വകുപ്പിനും തർക്കമൊന്നുമില്ല. തർക്കമൊന്നും ഉണ്ടാക്കുവാൻ ഒക്കുകയില്ല. ബിസിനസ് റൂളിൽ പറയുന്നതല്ലേ ഒക്കുകയുള്ളു.

ശ്രീ. എം. വി. ജയരാജൻ : ബിസിനസ് റൂൾ അനുസരിച്ച് ഏതു വകുപ്പിന്റെ കീഴിലാണ് വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : നദികളും നദികളുമായി ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളും ജലസേചന വകുപ്പിന്റെ കീഴിലാണ് വരുന്നത്...................... (ബഹളം) ....(ബഹളം) .... ഫണ്ടിനെ സംബന്ധിച്ചൊക്കെ ....(ബഹളം) ....(ബഹളം) .... ഇത് ഒരു തർക്ക വിഷയമാക്കേണ്ട കാര്യം ഇതിനകത്തില്ല. ഇവിടെ കിട്ടിയിരിക്കുന്ന ഫണ്ട് പ്രോപ്പറായിട്ട് യൂട്ടിലൈസ് ചെയ്യാം. ബിസിനസ് റൂൾ അനുസരിച്ച് നമ്മുടെ നിയമം അനുശാസിക്കുന്നതനുസരിച്ച് അത് പ്രോപ്പറായിട്ട് യൂട്ടിലൈസ് ചെയ്യാം. അതിനെക്കുറിച്ച് ഒരു തർക്കവുമില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ : എന്തുകൊണ്ടാണ് മൂന്ന് വർഷമായിട്ടും ഫണ്ട് നിങ്ങളുടെ കയ്യിൽ ലഭ്യമായിട്ടും അനുവദിക്കാതിരിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ബഹുമാനപ്പെട്ട രാധാകൃഷ്ണനോട് പറഞ്ഞില്ലേ? നമ്മുടെ ആക്ട് വന്നിട്ട് അധികം കാലമായിട്ടില്ല. ആക്ട് വന്നതിനു ശേഷമല്ലേ ഫണ്ട് കളക്ട് ചെയ്യാൻ തുടങ്ങിയത്. അതിന് ഇപ്പോൾ സമാഹരിച്ച ഒരു ഫണ്ടുണ്ട്. അത് ലാപ്സായി പോകാതെ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താം. അതിന് തർക്കമൊന്നുമില്ല. ഗവൺമെന്റ് ചെയ്യേണ്ടതാണ്. ഗവൺമെന്റ് ചെയ്യും. വേറെ തർക്കത്തിലേക്കൊന്നും കടക്കുവാൻ ഉദ്ദേശിക്കുന്നില്ല. നിയമസഭാ വേദി ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കം ആക്കേണ്ട സ്ഥലമല്ല. അതിന് ഗവൺമെന്റ് ലവലിൽ മുഖ്യമന്ത്രി ഇവിടെ ഉണ്ട്. മറ്റ് മന്ത്രിമാരുണ്ട്. മന്ത്രിസഭയുണ്ട്. ഞങ്ങൾ നോക്കി നടത്തിക്കൊള്ളാം. ....(ബഹളം) .... (ബഹളം)...... നിയമമനുസരിച്ചല്ലേ ചെയ്യാൻ പറ്റൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മിനിസ്റ്ററോട് ചോദിക്കുവാനുള്ളത്, 40 കോടി രൂപ കളക്ടർമാർ ടെൻഡർ ഒന്നുമില്ലാതെ ചെലവാക്കുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത് അങ്ങ് അറിഞ്ഞു കൊണ്ടാണോ ?

ശ്രീ. ടി. എം. ജേക്കബ് : അല്ല. ഞാൻ പറഞ്ഞതിന്റെ അർത്ഥമൊക്കെ കോടിയേരിക്കും മറ്റെല്ലാവർക്കും മനസ്സിലാകുമല്ലോ? ഈ ഫണ്ട് ലാപ്സായി പോകാതെ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ നിയമപരമായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കും. ഈ സഭയ്ക്ക് അഷ്വറൻസ് നല്കുന്നു. ഗവൺമെന്റിനുവേണ്ടി ആര് അഷ്വറൻസ് നല്കിയാലും അത് അഷ്വറൻസാണ്. ഈ ഗവൺമെന്റിനുവേണ്ടി ഏത് മന്ത്രി കൊടുക്കുന്ന അഷ്വറൻസും അഷ്വറൻസാണ്. ഗവൺമെന്റിനു വേണ്ടിയല്ലാതെ വ്യക്തികൾക്കു വേണ്ടിയല്ലല്ലോ? അതുകൊണ്ട് ഈ ഫണ്ടൊന്നും ലാപ്സായി പോകാതെ ഞങ്ങൾ ഉപയോഗിക്കുന്നതാണ്. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് എല്ലാ അംഗങ്ങളോടും അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, ശ്രീ. എൻ. രാജൻ, ശ്രീ. എം. കുമാരൻ, ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. കെ. പി. സതീശ്ചന്ദ്രൻ, ശ്രീ. സാജു പോൾ, ഡോ. തോമസ് ഐസക്, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. എ. സി. മൊയ്തീൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജ സുരേന്ദ്രൻ, ശ്രീ. ടി. കെ. ദേവകുമാർ, ശ്രീ. വി. കെ. ചന്ദ്രൻ, ശ്രീ. എ. കെ. ബാലൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. കെ. പി. മോഹനൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീ. സി. കെ. നാണു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട് മോഷനുകൾ തള്ളിയിരിക്കുന്നു. ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ ....

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—75

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, എൻ. ഡി. അപ്പച്ചൻ
9. ,, ഇ. എം. അഗസ്തി
10. ,, കെ. ബാബു
11. ,, ബാബു ദിവാകരൻ
12. ,, ആർ. ബാലകൃഷ്ണപിള്ള
13. ,, പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. ടി. വി. ചന്ദ്രമോഹൻ
15. ,, കെ. എ. ചന്ദ്രൻ
16. ,, എം. എ. ചന്ദ്രശേഖരൻ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്
19. ,, പ്രയാർ ഗോപാലകൃഷ്ണൻ
20. ശ്രീമതി കെ. ആർ. ഗൗരിയമ്മ
21. ശ്രീ. എം. എം. ഹസ്സൻ
22. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
23. ,, ടി. എം. ജേക്കബ്
24. ,, ജോണി നെല്ലൂർ
25. ,, കെ. സി. ജോസഫ്
26. ,, ജോസഫ് എം. പുതുശ്ശേരി
27. ,, പി. ജെ. ജോയി
28. ,, കെ. എൻ. എ. ഖാദർ
29. ,, കെ. കെ. നായർ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
33. ,, ലൂഡി ലൂയിസ്
34. ,, സി. മമ്മൂട്ടി
35. ,, കെ. എം. മാണി
36. ,, ഇ. ടി. മുഹമ്മദ് ബഷീർ
37. ,, കെ. മോഹൻ കുമാർ
38. ,, സി. മോയിൻകുട്ടി
39. ,, ആര്യാടൻ മുഹമ്മദ്
40. ,, സി. പി. മുഹമ്മദ്
41. ,, എം. കെ. മുനീർ
42. ,, എം. മുരളി
43. പ്രൊഫ. എ. ഡി. മുസ്തഫ
44. ശ്രീ. കെ. നാരായണക്കുറുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. എഴുകോൺ നാരായണൻ
46. ,, എം. കെ. പോൾസൺ മാസ്റ്റർ
47. ,, അടൂർ പ്രകാശ്
48. ,, ടി. എൻ. പ്രതാപൻ
49. ,, ജി. പ്രതാപവർമ്മ തമ്പാൻ
50. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
51. ,, ടി. യു. രാധാകൃഷ്ണൻ
52. ശ്രീമതി രാധാ രാഘവൻ
53. ശ്രീ. എ. എൻ. രാജൻ ബാബു
54. ,, തേറമ്പിൽ രാമകൃഷ്ണൻ
55. ,, യു. സി. രാമൻ
56. ,, തമ്പാനൂർ രവി
57. ,, ടി. പി. എം. സാഹിർ
58. ,, എൻ. ശക്തൻ
59. ,, പി. ശങ്കരൻ
60. ,, കെ. ശങ്കരനാരായണൻ
61. ശ്രീമതി മാലേത്ത് സരളാദേവി
62. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
63. ശ്രീ. ഷിബു ബേബിജോൺ
64. ശ്രീമതി ശോഭനാ ജോർജ്
65. ശ്രീ. നാലകത്ത് സൂപ്പി
66. ,, ഡി. സുഗതൻ
67. ,, എ. സുജനപാൽ
68. ,, സി. എഫ്. തോമസ്
69. പ്രൊഫ. കെ. വി. തോമസ്
70. ശ്രീ. പി. ടി. തോമസ്
71. ,, തോമസ് ചാഴികാടൻ
72. ,, തോമസ് ഉണ്ണിയാടൻ
73. ,, എം. എ. വാഹീദ്
74. ,, കെ. സി. വേണുഗോപാൽ
75. ,, ബി. വിജയകുമാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—38

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ഡോ. എ. നീലലോഹിതദാസൻ നാടാർ
27. ശ്രീ. കെ. രാധാകൃഷ്ണൻ
28. ,, മാങ്കോട് രാധാകൃഷ്ണൻ
29. ,, എൻ. രാജൻ
30. ,, കെ. പി. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. രാജു എബ്രഹാം
32. ,, ടി. പി. രാമകൃഷ്ണൻ
33. ,, സാജു പോൾ
34. ,, കെ. പി. സതീശ് ചന്ദ്രൻ
35. ,, എ. സി. ഷൺമുഖദാസ്
36. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
37. ശ്രീ. പി. എസ്. സുപാൽ
38. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—75

പ്രതികൂലിക്കുന്നവർ—38

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ പി. എസ്. സുപാൽ, കെ.പി. രാജേന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, എൻ. രാജൻ, കോടിയേരി ബാലകൃഷ്ണൻ, ടി.കെ. ദേവകുമാർ, മഞ്ഞളാംകുഴി അലി, ചെന്താമരാക്ഷൻ, വി.കെ. ചന്ദ്രൻ, എ.കെ. ബാലൻ, കെ. പി. മോഹനൻ, വി.സി. കബീർ, സി.കെ. നാണു, എ. സി. ഷൺമുഖദാസ്, എ. സി. മൊയ്തീൻ, കെ. പി. സതീശ് ചന്ദ്രൻ, സാജു പോൾ, രാജു എബ്രഹാം, വി.കെ.സി. മമ്മത് കോയ, കെ. വി. കുഞ്ഞിരാമൻ, എം.വി. ജയരാജൻ, കെ.കെ. ജയചന്ദ്രൻ, എം.വി. ഗോവിന്ദൻ മാസ്റ്റർ, എ.എ. അസീസ്, വി.സി. കബീർ, ഡോ. തോമസ് ഐസക്ക്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—76

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, എൻ. ഡി. അപ്പച്ചൻ
9. ,, ഇ. എം. അഗസ്തി
10. ,, കെ. ബാബു
11. ,, ബാബു ദിവാകരൻ
12. ,, ആർ. ബാലകൃഷ്ണപിള്ള
13. ,, പി. കെ. കെ. ബാവ
14. ,, ടി. വി. ചന്ദ്രമോഹൻ
15. ,, കെ. എ. ചന്ദ്രൻ
16. ,, എം. എ. ചന്ദ്രശേഖരൻ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്
19. ,, പ്രയാർ ഗോപാലകൃഷ്ണൻ
20. ശ്രീമതി കെ. ആർ. ഗൗരിയമ്മ
21. ശ്രീ. എം. എം. ഹസ്സൻ
22. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
23. ,, ടി. എം. ജേക്കബ്
24. ,, ജോണി നെല്ലൂർ
25. ,, കെ. സി. ജോസഫ്
26. ,, ജോസഫ് എം. പുതുശ്ശേരി
27. ,, പി. ജെ. ജോയി
28. ,, കെ. എൻ. എ. ഖാദർ
29. ,, കെ. കെ. നായർ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

2/934/2012—22

LIBRARY ARCHIVES Kerala Legislative Assembly

33. ശ്രീ. ലൂഡി ലൂയിസ്
34. ,, സി. മമ്മൂട്ടി
35. ,, കെ. എം. മാണി
36. ,, ഇ. ടി. മുഹമ്മദ് ബഷീർ
37. ,, കെ. മോഹൻ കുമാർ
38. ,, എ. കെ. മണി
39. ,, സി. മോയിൻകുട്ടി
40. ,, ആര്യാടൻ മുഹമ്മദ്
41. ,, സി. പി. മുഹമ്മദ്
42. ,, എം. കെ. മുനീർ
43. ,, എം. മുരളി
44. പ്രൊഫ. എ. ഡി. മുസ്തഫ
45. ശ്രീ. കെ. നാരായണക്കുറുപ്പ്
46. ,, എഴുകോൺ നാരായണൻ
47. ,, എം. കെ. പോൾസൺ മാസ്റ്റർ
48. ,, അടൂർ പ്രകാശ്
49. ,, ടി. എൻ. പ്രതാപൻ
50. ,, ജി. പ്രതാപവർമ്മ തമ്പാൻ
51. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
52. ,, ടി. യു. രാധാകൃഷ്ണൻ
53. ശ്രീമതി രാധാ രാഘവൻ
54. ശ്രീ. എ. എൻ. രാജൻ ബാബു
55. ,, തേറമ്പിൽ രാമകൃഷ്ണൻ
56. ,, യു. സി. രാമൻ
57. ,, തമ്പാനൂർ രവി
58. ,, ടി. പി. എം. സാഹിർ
59. ,, എൻ. ശക്തൻ
60. ,, പി. ശങ്കരൻ
61. ,, കെ. ശങ്കരനാരായണൻ
62. ശ്രീമതി മാലേത്ത് സരളാദേവി
63. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
64. ശ്രീ. ഷിബു ബേബിജോൺ
65. ശ്രീമതി ശോഭനാ ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

66. ശ്രീ. നാലകത്ത് സൂപ്പി
67. ,, ഡി. സുഗതൻ
68. ,, എ. സുജനപാൽ
69. ,, സി. എഫ്. തോമസ്
70. പ്രൊഫ. കെ. വി. തോമസ്
71. ശ്രീ. പി. ടി. തോമസ്
72. ,, തോമസ് ചാഴികാടൻ
73. ,, തോമസ് ഉണ്ണിയാടൻ
74. ,, എം. എ. വാഹീദ്
75. ,, കെ. സി. വേണുഗോപാൽ
76. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—38

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ഡോ. എ. നീലലോഹിതദാസൻ നാടാർ
27. ശ്രീ. കെ. രാധാകൃഷ്ണൻ
28. ,, മാങ്കോട് രാധാകൃഷ്ണൻ
29. ,, എൻ. രാജൻ
30. ,, കെ. പി. രാജേന്ദ്രൻ
31. ,, രാജു എബ്രഹാം
32. ,, ടി. പി. രാമകൃഷ്ണൻ
33. ,, സാജു പോൾ
34. ,, കെ. പി. സതീശ് ചന്ദ്രൻ
35. ,, എ. സി. ഷൺമുഖദാസ്
36. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
37. ശ്രീ. പി. എസ്. സുപാൽ
38. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—76

പ്രതികൂലിക്കുന്നവർ—38

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എ: കെ. ബാലൻ, വി. കെ. ചന്ദ്രൻ, കെ. കെ. ജയചന്ദ്രൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, എ. സി. മൊയ്തീൻ, കെ. വി. കുഞ്ഞിരാമൻ, പി. ജയരാജൻ, രാജു എബ്രഹാം, എ. എ. അസീസ്, ടി. കെ. ദേവകുമാർ, സാജു പോൾ, കെ. പി. സതീശ് ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, കോടിയേരി ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, എൻ. രാജൻ, പി. എസ്. സുപാൽ, കെ. പി. രാജേന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, എം. വി. ജയരാജൻ, കെ. പി. മോഹനൻ, വി. സി. കബീർ, സി. കെ. നാണു, എ. സി. ഷൺമുഖദാസ്, ഡോ. തോമസ് ഐസക്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ. സി. ജോസഫ്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർത്ഥനക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ ....

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—76

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, എൻ. ഡി. അപ്പച്ചൻ
9. ,, ഇ. എം. അഗസ്തി
10. ,, കെ. ബാബു
11. ,, ബാബു ദിവാകരൻ
12. ,, ആർ. ബാലകൃഷ്ണപിള്ള
13. ,, പി. കെ. കെ. ബാവ
14. ,, ടി. വി. ചന്ദ്രമോഹൻ
15. ,, കെ. എ. ചന്ദ്രൻ
16. ,, എം. എ. ചന്ദ്രശേഖരൻ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്
19. ,, പ്രയാർ ഗോപാലകൃഷ്ണൻ
20. ശ്രീമതി കെ. ആർ. ഗൗരിയമ്മ
21. ശ്രീ. എം. എം. ഹസ്സൻ
22. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
23. ,, ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. ജോണി നെല്ലൂർ
25. ,, കെ. സി. ജോസഫ്
26. ,, ജോസഫ് എം. പുതുശ്ശേരി
27. ,, പി. ജെ. ജോയി
28. ,, കെ. എൻ. എ. ഖാദർ
29. ,, കെ. കെ. നായർ
30. ,, പി. കെ. കുഞ്ഞാലിക്കുട്ടി
31. ഡോ. എം. എ. കുട്ടപ്പൻ
32. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
33. ,, ലൂഡി ലൂയിസ്
34. ,, സി. മമ്മൂട്ടി
35. ,, കെ. എം. മാണി
36. ,, ഇ. ടി. മുഹമ്മദ് ബഷീർ
37. ,, കെ. മോഹൻ കുമാർ
38. ,, എ. കെ. മണി
39. ,, സി. മോയിൻകുട്ടി
40. ,, ആര്യാടൻ മുഹമ്മദ്
41. ,, സി. പി. മുഹമ്മദ്
42. ,, എം. കെ. മുനീർ
43. ,, എം. മുരളി
44. പ്രൊഫ. എ. ഡി. മുസ്തഫ
45. ,, കെ. നാരായണക്കുറുപ്പ്
46. ,, എഴുകോൺ നാരായണൻ
47. ,, എം. കെ. പോൾസൺ മാസ്റ്റർ
48. ,, അടൂർ പ്രകാശ്
49. ,, ടി. എൻ. പ്രതാപൻ
50. ,, ജി. പ്രതാപവർമ്മ തമ്പാൻ
51. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
52. ,, ടി. യു. രാധാകൃഷ്ണൻ
53. ശ്രീമതി രാധാ രാഘവൻ
54. ശ്രീ. എ. എൻ. രാജൻ ബാബു
55. ,, തേറമ്പിൽ രാമകൃഷ്ണൻ
56. ,, യു. സി. രാമൻ
57. ,, തമ്പാനൂർ രവി
58. ,, ടി. പി. എം. സാഹിർ
59. ,, എൻ. ശക്തൻ

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. പി. ശങ്കരൻ
61. ,, കെ. ശങ്കരനാരായണൻ
62. ശ്രീമതി മാലേത്ത് സരളാദേവി
63. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
64. ശ്രീ. ഷിബു ബേബിജോൺ
65. ശ്രീമതി ശോഭനാ ജോർജ്
66. ശ്രീ. നാലകത്ത് സൂപ്പി
67. ,, ഡി. സുഗതൻ
68. ,, എ. സുജനപാൽ
69. ,, സി. എഫ്. തോമസ്
70. പ്രൊഫ. കെ. വി. തോമസ്
71. ശ്രീ. പി. ടി. തോമസ്
72. ,, തോമസ് ചാഴികാടൻ
73. ,, തോമസ് ഉണ്ണിയാടൻ
74. ,, എം. എ. വാഹീദ്
75. ,, കെ. സി. വേണുഗോപാൽ
76. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—38

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ഡോ. എ. നീലലോഹിതദാസൻ നാടാർ
27. ശ്രീ. കെ. രാധാകൃഷ്ണൻ
28. ,, മാങ്കോട് രാധാകൃഷ്ണൻ
29. ,, എൻ. രാജൻ
30. ,, കെ. പി. രാജേന്ദ്രൻ
31. ,, രാജു എബ്രഹാം
32. ,, ടി. പി. രാമകൃഷ്ണൻ
33. ,, സാജു പോൾ
34. ,, കെ. പി. സതീശ് ചന്ദ്രൻ
35. ,, എ. സി. ഷൺമുഖദാസ്
36. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
37. ശ്രീ. പി. എസ്. സുപാൽ
38. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—76

പ്രതികൂലിക്കുന്നവർ—38

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ഇപ്പോൾ സമയം ഇല്ലാത്തതുകൊണ്ട് ഞാൻ മണൽ വാരൽ നിയന്ത്രണ നിയമത്തെപ്പറ്റി ഒന്നും പറയുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: Thank you. സഭ ഇപ്പോൾ പിരിയുന്നതും ഇന്നു വൈകുന്നേരം 4.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്കുശേഷം 2.45-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അപരാഹ്ന സമ്മേളനം

നിയമസഭ വൈകുന്നേരം 4.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ വീണ്ടും യോഗം ചേർന്നു.

VI. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കുന്നതിനും ഉള്ള നടപടിക്രമവും) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കുന്നതിനും ഉള്ള നടപടിക്രമവും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ആദ്യമായി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനകുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാം. അഞ്ച് മിനിട്ടിൽ തീർക്കണം. അഞ്ച് മിനിട്ടുകൊണ്ട് പറയേണ്ടത് പറയാം. ഏഴരമണിക്കെങ്കിലും തീർക്കേണ്ടതുകൊണ്ടാണ് പറയുന്നത്.

ശ്രീ. മത്തായി ചാക്കോ: വിയോജനകുറിപ്പ് രേഖപ്പെടുത്തുന്നു. സർ, ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും അതിനെ അനുകൂലിച്ചുകൊണ്ട് നിരവധി ഭരണകക്ഷി അംഗങ്ങളും വിശേഷിച്ചും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ മുൻ വിദ്യാഭ്യാസമന്ത്രിയായ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെയുള്ള അംഗങ്ങൾ സംസാരിച്ച കാര്യങ്ങളും അതിനുശേഷം ഗവൺമെന്റ് എടുത്ത നിലപാടും തമ്മിൽ വളരെയേറെ അന്തരമുണ്ട്. പ്രതിപക്ഷത്തിന്റെ കൂടി പിന്തുണയോടെ ഒരു സമവായം ഉണ്ടാക്കിക്കൊണ്ട് ഈ ബിൽ പാസാക്കുകയും അങ്ങനെ പാസാക്കുന്ന ബില്ലിന്റെ മേൽ മറ്റ് നിയമ കുരുക്കുകളൊന്നും വരാതിരിക്കാൻ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ പെടുത്താൻ പാർലമെന്റിൽ അത് അവതരിപ്പിച്ച് പാസ്സാക്കിയെടുക്കുന്നതിനും യോജിച്ച ഒരു നിലപാട് ഉണ്ടാകണമെന്ന നിലപാടാണ് ആദ്യം പറഞ്ഞത്. ആ നിലപാടിൽ നിന്ന് വഞ്ചനാപരമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഭരണകക്ഷി കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകൾക്ക് പൂർണ്ണമായി കീഴടങ്ങിയ ലജ്ജാകരമായ അവസ്ഥയിലാണ് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ ഭേദഗതിയോടുകൂടി ഈ ബിൽ വീണ്ടും വന്നിരിക്കുന്നത്. ഇവിടെ കർണ്ണാടക സംസ്ഥാനത്ത് കോൺഗ്രസ് നേതൃത്വം ഭരിച്ചതും ഇപ്പോൾ മുന്നണിയായിട്ട് ഭരിക്കുന്നതും നാലു മാസം മുമ്പ് ഇവിടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി, ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി വന്നതുപോലെ ജസ്റ്റിസ് എ. വി. മർഗോഡ് ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി അവിടെ വരികയുണ്ടായി. മർഗോഡ് ചെയർമാനായ കമ്മിറ്റി അവിടെ നടത്തിയിട്ടുള്ള ശുപാർശയെങ്കിലും, അവരുടെ പൊതു നിലപാടെങ്കിലും അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. ഞാൻ അങ്ങയോട് ചോദിക്കുകയാണ് അവിടെ മാനേജ്മെന്റുകൾ ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. കോമിഡ് കെ. എന്നാണ് അതിന്റെ പേര്. Consortium of Medical, Engineering and Dental Colleges of Karnataka എന്ന പേരിൽ ഒരു കൺസോർഷ്യം മാനേജ്മെന്റുകൾ കർണ്ണാടകയിൽ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ചെയർമാനായി പ്രവർത്തിക്കുന്നത് ശ്രീ. ആർ. എൽ. ജാലപ്പയാണ്. ആർ.എൽ. ജാലപ്പ കർണ്ണാടകയിലെ ഏറ്റവും മുതിർന്ന കോൺഗ്രസ് (ഐ)-യുടെ നേതാവാണ്. അദ്ദേഹം അവിടെ ഒരു മെഡിക്കൽ കോളേജിന്റെ മാനേജരാണ്. ഈ Commid K എന്നു പറയുന്ന Consortium of Medical, Engineering and Dental Colleges-ന്റെ ചെയർമാനാണ് അദ്ദേഹം. അവർ അവിടെ എടുത്ത നിലപാട് സംബന്ധിച്ച് കർണ്ണാടക ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഫീസ് ഘടനയും മറ്റ് സംഗതികളും ഉണ്ട്. അതിൽ പോലും നിൽക്കാൻ സന്നദ്ധമാകാത്ത രൂപത്തിലേയ്ക്ക് കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകൾക്ക് കീഴടങ്ങിയ നിലപാടാണ് ഇവർ സ്വീകരിച്ചിട്ടുള്ളത്. രണ്ടു മിനിട്ടുകൊണ്ട് ലീഗിന്റെ ഗതികേടിനെപ്പറ്റി പറയാതെ പോകാൻ പറ്റില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് ആദ്യം ചെറിയ തോതിൽ അനുഭാവം ഞങ്ങൾക്ക് ഉണ്ടായിട്ടുള്ളത് അദ്ദേഹം ബിൽ അവതരിപ്പിച്ചുകൊണ്ട് സമവായത്തിന്റെ കാര്യം പറഞ്ഞു. തുടർന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും ഇക്കാര്യം പറഞ്ഞു. അതിനുശേഷം മുസ്ലീം ലീഗിന്റെ ആൾക്കാർക്ക് എന്തു പറ്റി എന്നാണ് ഞാൻ ആലോചിക്കുന്നത്. അവരെടുത്ത നിലപാടിന്റെ മുകളിലെങ്കിലും ഈ പ്രശ്നത്തിൽ ഉറപ്പു നൽകുന്നതിൽ എന്തുകൊണ്ട് കഴിഞ്ഞില്ല? ഇവിടെ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ചെന്നപ്പോൾ അതിലുണ്ടായിരുന്ന പ്രതിപക്ഷ മെമ്പർമാർ അന്തം വിട്ടുപോയി. ആ കമ്മിറ്റിയിൽ ഇല്ലാത്ത, ബഹുമാനപ്പെട്ട സ്പീക്കറുടെ പ്രത്യേക പെർമിഷനോടുകൂടി സ്വകാര്യ മാനേജ്മെന്റുകൾക്കു വേണ്ടി വാദം നടത്താൻ വേണ്ടി ഒരു വക്കീലിനെപ്പോലെ ഒരു മന്ത്രി അവിടെ വന്നു. ഈ സമവായത്തെ അട്ടിമറിച്ചു.

<u>ശ്രീ. പി. ജയരാജൻ</u>: ബഹുമാനപ്പെട്ട മത്തായി ചാക്കോ ലീഗിന്റെ നിസ്സഹായാവസ്ഥയെപ്പറ്റിയാണ് പറഞ്ഞത്. ഇതിനോടകം വളരെ അറിയപ്പെട്ട സംഭവമാണ് മാറാട് സംഭവം. ആ മാറാട് സംഭവ സ്ഥലത്ത് പോകാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയും ബഹുമാനപ്പെട്ട മുനീറും സംഭവ സ്ഥലത്തേയ്ക്ക് പുറപ്പെടാൻ തുടങ്ങിയപ്പോൾ ആർ.എസ്.എസ്-ന്റെ പ്രതിനിധികൾ വന്നിട്ട് കുഞ്ഞാലിക്കുട്ടിയെയും മുനീറിനേയും അങ്ങോട്ട് വിടില്ല എന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറച്ച നിലപാട് എടുത്തു. ഞാൻ മാത്രമേ പോകുന്നുള്ളു എന്ന്. അങ്ങനെ R.S.S.-ന്റെ ആവശ്യങ്ങൾക്ക് വഴങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. . മത്തായി ചാക്കോ : അങ്ങ് പറഞ്ഞത് തീർത്തും ശരിയാണ്. ലീഗിന്റെ ആൾക്കാർക്ക് എന്തുപറ്റിപ്പോയി എന്നാണ് മനസ്സിലാകാത്തത്. ഈ മുഖ്യമന്ത്രിയെ എന്തുകൊണ്ട് നിങ്ങൾ ഇങ്ങനെ ഭയപ്പെടുന്നു എന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞതുൾപ്പെടെ മുഖ്യമന്ത്രിയുടെ ന്യൂനപക്ഷ വിരുദ്ധ പ്രസ്താവന പിൻവലിക്കുന്ന കാര്യത്തിൽ കീഴടങ്ങി. അതുപോലെ മാറാട് പ്രശ്നത്തിൽ കീഴടങ്ങി, തൊഗാഡിയ പ്രശ്നത്തിൽ കീഴടങ്ങി, 2000-ൽ വന്നിട്ടുള്ള നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിനെ സംബന്ധിച്ച പ്രശ്നത്തിൽ നിങ്ങൾ സമ്പൂർണ്ണമായും കീഴടങ്ങി. കിളളി സംഭവത്തിൽ കീഴടങ്ങി. എന്തോ ഒന്ന് മുഖ്യമന്ത്രി നിങ്ങളെ സംബന്ധിച്ച് പിടിച്ചു വച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽ നിങ്ങളുടെ പഴയ വിദ്യാഭ്യാസമന്ത്രിയും ഇപ്പോഴുള്ള വിദ്യാഭ്യാസമന്ത്രിയും പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിൽ നിന്ന് നിങ്ങൾ പുറകോട്ട് പോകുകയാണ്. എനിക്ക് തോന്നുന്നത് കേരളത്തിലെ മുഖ്യമന്ത്രി ഇപ്പോൾ നേരേചൊവ്വേ ഒന്ന് കണ്ണുരുട്ടി നോക്കിയാൽ പ്രബലർ എന്നു പറയുന്ന ലീഗുകാരുടെ പല നേതാക്കളും അവരുടെ അടിവസ്ത്രം നനയുന്ന അവസ്ഥയിലേയ്ക്ക് എത്തിയിട്ടുണ്ട് എന്ന് ഞാൻ ശങ്കിക്കുന്നു. എന്താണ് ഉണ്ടായത് എന്ന് എനിക്കറിയില്ല. എനിക്ക് ബഹുമാനപ്പെട്ട ലീഗിന്റെ പ്രവർത്തകരോട് പറയാനുള്ളത് ഈ മുഖ്യമന്ത്രിയെ നിങ്ങൾ വിശ്വസിക്കരുത്. ഞാൻ കഴിഞ്ഞ ആഴ്ച മുമ്പ് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു മെമ്മോറാണ്ടം കൊടുക്കാൻ പോയി. പുറത്തു വന്നപ്പോൾ ഭരണകക്ഷിയിലെ ബഹുമാനപ്പെട്ട ഒരംഗം എന്നോട് പറഞ്ഞു, വെറുതെ സമയം കളയുന്നതെന്തിനാണ് അതിലും നല്ലത് സെക്രട്ടേറിയറ്റിനു മുന്നിലെ മാധവരായരുടെ പ്രതിമയ്ക്കു മുന്നിൽ പോയി ആ മെമ്മോറാണ്ടം അവിടെ വെച്ചാൽ എന്തെങ്കിലുമൊരു ചലനം ആ പ്രതിമയ്ക്ക് ഉണ്ടാകും. ഇവിടെ വെറുതെ കൊടുക്കേണ്ട എന്ന്. മുഖ്യമന്ത്രിയിൽ നിങ്ങൾ പ്രതീക്ഷ വയ്ക്കേണ്ട എന്നു ഞാൻ സൂചിപ്പിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച് സുപ്രീം കോടതി മൂന്നു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ മൂന്നു കാര്യങ്ങൾ 1. ഫീസ് ഘടനയും മറ്റും നിശ്ചയിക്കുന്ന സമയത്ത് റണ്ണിംഗ് എക്സ്പെന്റീച്ചർ മാത്രമേ കണക്കാക്കാവൂ 2. 10% ലാഭ വിഹിതം എടുക്കാം. മാർജിനൽ പ്രോഫിറ്റ് എന്ന നിലയ്ക്ക് 10% ലാഭമെടുക്കാം. 3. ഫീസ് ഘടന കണക്കാക്കുന്ന സമയത്ത് ഒരു കാരണവശാലും ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് അതിന്റെ കൂടെ കണക്കാക്കിക്കൂടാ എന്നുള്ള കാര്യമാണ് സുപ്രീം കോടതി പറയുന്നത്. ഈ വിധി പുറപ്പെടുവിച്ച സുപ്രീം കോടതിയുടെ അഞ്ചംഗ ബഞ്ച് രണ്ടു കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നു പറഞ്ഞു. ആ രണ്ട് കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിന്റെ ഒരു സൂചനപോലും ഈ ബില്ലിൽ വന്നിട്ടില്ല. ആ രണ്ട് കമ്മിറ്റികളിൽ ഫീസിന്റെ ഘടന തീരുമാനിക്കാൻ ഒരു കമ്മിറ്റി. അഡ്മിഷന്റെ മോഡാലിറ്റീസ് പരിശോധിക്കാൻ ഒരു കമ്മിറ്റി. ഇവിടെ ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയെ വച്ചു. അതിപ്പോൾ കോൾഡ് സ്റ്റോറേജിലായി. ഈ രണ്ടു കമ്മിറ്റികൾ വച്ചുകൊണ്ട് മാനേജ്മെന്റ് ക്വോട്ടയിലും അതുപോലെ തന്നെ അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതിയുടെ നിർദ്ദേശം പോലും ഇവിടെ മറികടന്നിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : അങ്ങ് ഇവിടെ പറഞ്ഞതുപോലെ സുപ്രീം കോടതി പറഞ്ഞ ഫീസിന്റെയും അഡ്മിഷന്റെയും കമ്മിറ്റിയാണ് കേരളത്തിലെ കെ. ടി. തോമസ് കമ്മിറ്റി. വ്യത്യാസമൊന്നുമില്ല. അങ്ങ് ഞങ്ങളോട് കർണ്ണാടകത്തിലെ ജാലപ്പ കമ്മിറ്റിയെ അംഗീകരിക്കാമോ എന്നു ചോദിച്ചു. ഞാൻ ചോദിക്കട്ടെ സുപ്രീം കോടതി പറഞ്ഞ കെ. ടി. തോമസ് കമ്മിറ്റി ശുപാർശ അംഗീകരിക്കാൻ തയ്യാറുണ്ടോ? കേരളത്തിലെ ഭരണഘടനാപരമായ കമ്മിറ്റിയാണ് കെ. ടി. തോമസ് കമ്മിറ്റി. ആ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടെങ്കിൽ നമുക്ക് ഇത് ഇവിടെ വച്ച് അവസാനിപ്പിക്കാം.

ശ്രീ. മത്തായി ചാക്കോ: ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റിയുടെ ശുപാർശകൾ നിങ്ങൾ അംഗീകരിക്കുന്നില്ലല്ലോ? വിചാരിച്ചതുപോലെ അവിടെ നടന്നില്ല. നിങ്ങൾ ആദ്യം പറഞ്ഞ നിലപാടുകളിൽ നിന്നെല്ലാം പുറകോട്ടുപോയി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും യു.ഡി.എഫ്.-ന്റെ ലെയ്സൺ കമ്മിറ്റി കൺവീനറും ഇടപെട്ടതോടുകൂടി ശ്രീ. കെ. സി. ജോസഫ് പറഞ്ഞ നിലപാട് ഉൾപ്പെടെ എല്ലാ നിലപാടിൽ നിന്നും നിങ്ങൾ പിന്നോട്ടു പോയി. നിങ്ങൾ മാനേജ്മെന്റിന് സമ്പൂർണ്ണമായി കീഴടങ്ങി. ഈ ബില്ലിന്റെ ഭാഗമായി കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ, ഏതെങ്കിലും വിദ്യാർത്ഥി സംഘടനയോ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആരെങ്കിലുമോ കേരളത്തിന്റെ വിദ്യാഭ്യാസ പൈതൃകം കണക്കിലെടുത്തുകൊണ്ട് 50 ശതമാനത്തോളം സീറ്റ് മാനേജ്മെന്റുകൾ ഇഷ്ടംപോലെ എടുത്തോട്ടെ എന്നൊരു നിലപാട് സ്വീകരിച്ചിട്ടുണ്ടോ? ആരും സ്വീകരിച്ചിട്ടില്ല. ലീഗുകാർ പോലും അത് പറഞ്ഞിട്ടില്ല. നിങ്ങളുടെ നിലപാടെന്താണ്? ഞാൻ ഒരു കാര്യം വളരെ വ്യക്തതയോടുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ മാറ്റമില്ലാതെ നിയമമായാൽ ആർക്കാണ് പ്രയോജനം. ഈ കാര്യം ഇതിനകം കേരളം ശ്രദ്ധിച്ചു. കാരണം കേരളത്തിൽ നിങ്ങൾ അനുവാദം കൊടുത്ത് ആരംഭിച്ചിട്ടുള്ള സ്വകാര്യ മെഡിക്കൽ കോളേജുകാർ ഈ ബില്ലിനെ എതിർക്കുന്നില്ല. കാരണമെന്താണ്. കാരക്കോണം മെഡിക്കൽ കോളേജുണ്ട്, പുഷ്പഗിരി മെഡിക്കൽ കോളേജുണ്ട്, കോലഞ്ചേരി മെഡിക്കൽ കോളേജുണ്ട്. ഡീംഡ് യൂണിവേഴ്സിറ്റിയുടെ പരിധിയിലുള്ള മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജുണ്ട്. ആ മെഡിക്കൽ കോളേജുകളെല്ലാം ...ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറയുകയാണ്, കഴിഞ്ഞ വർഷത്തെ അവിടത്തെ പ്രവേശനം, അതിനു മുൻപിലത്തെ വർഷത്തെ അവിടത്തെ പ്രവേശനം, അവിടെ വാങ്ങിയിട്ടുള്ള ഫീസുകൾ, ഇതെല്ലാംവച്ച് നോക്കുമ്പോൾ കഴിഞ്ഞ വർഷവും അതിനു മുമ്പും മാതാ അമൃതാനന്ദമയി മെഡിക്കൽ കോളേജിന് ഞാൻ മനസ്സിലാക്കിയിടത്തോളം, ഞാൻ ശേഖരിച്ച വിവര പ്രകാരം 40 ലക്ഷം രൂപവരെ ഒരു സീറ്റിന് അവർ വാങ്ങിയിട്ടുണ്ട്. 25 ലക്ഷം രൂപ മുതൽ 40 ലക്ഷം രൂപ വരെ വാങ്ങിക്കൊണ്ട് 100 സീറ്റും അവർ അവിടെ വിൽപ്പന നടത്തി. പുഷ്പഗിരി മെഡിക്കൽ കോളേജിനോട് 25 സീറ്റ് നിങ്ങൾ എടുത്തോ എന്ന് ഗവണ്മെന്റ് പറഞ്ഞു. അവർ കഴിഞ്ഞ വർഷം 100 സീറ്റിൽ അവിടെ അഡ്മിഷൻ നടത്തി. പുറത്ത് പറഞ്ഞത് 1,36,000 രൂപയെന്നാണ്. കോലഞ്ചേരിയിലും ഇതുപോലെ വിറ്റു. അങ്ങനെ വരുമ്പോൾ ഇപ്പോഴുള്ള ഒരു കണക്ക് പ്രകാരം.................

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): മാതാ അമൃതാനന്ദമയി കോളേജിൽ 85 ശതമാനം മെറിറ്റാണ്. 15 ശതമാനം മാത്രമാണ് അല്ലാതെ അവർ കൊടുക്കുന്നത്.

ശ്രീ. മത്തായി ചാക്കോ : ഈ ബിൽ നിയമമായാൽ 50 ശതമാനം സീറ്റ് മെറിറ്റിൽ പോകും. അപ്പോൾ ഗവണ്മെന്റ് ഫീസ് പ്രകാരം 10,000 രൂപ ഒരു മെഡിക്കൽ വിദ്യാർത്ഥിക്കുള്ള ഫീസ് കണക്കാക്കിക്കഴിഞ്ഞാൽ 50 സീറ്റിന് ഒരു മാനേജ്മെന്റിന് 5 ലക്ഷം രൂപ കിട്ടും. അവശേഷിക്കുന്ന 50 സീറ്റ് ഇന്നത്തെ മാർക്കറ്റ് റേറ്റനുസരിച്ച് നിയമത്തിൽ എഴുതിവച്ചാലും തലവരി പണം വാങ്ങുന്നതിന് ആർക്കും തടസ്സമാകുകയില്ല. ഇന്നത്തെ മാർക്കറ്റ് റേറ്റനുസരിച്ച് 20-നും 40-നും ഇടയ്ക്ക് ലക്ഷമാകും. ആവറേജ് 25 ലക്ഷംരൂപ കിട്ടിയാൽ 50 സീറ്റുകൾ വിൽപ്പന നടത്തുമ്പോൾ 10 കോടി രൂപയാണ് മാനേജ്മെന്റിന്റെ കൈയിലേയ്ക്ക് വരിക. ജസ്റ്റീസ് കെ. ടി. തോമസിന്റെ നിർദ്ദേശം നമ്മളെല്ലാം ഒന്നിച്ച് തള്ളിയല്ലോ. ബഹുമാനപ്പെട്ട കെ. സി. ജോസഫ്, നമ്മളെല്ലാം ഒന്നിച്ച് തള്ളിയ ജസ്റ്റീസ് കെ. ടി. തോമസിന്റെ നിർദ്ദേശം അംഗീകരിച്ചാൽ 100 സീറ്റാണ് മാനേജ്മെന്റുകൾക്ക് ലഭിക്കുക. എല്ലാപേരും ഫീസ് കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ സീറ്റിന് 1,13,000 രൂപയാണ് കെ. ടി. തോമസ് പറഞ്ഞത്. 100 സീറ്റുകളും അങ്ങനെ പേയ്മെന്റായി കൊടുത്താൽതന്നെ അവരുടെ വരുമാനം 1,13,00,000 രൂപയാണ്. ആ 1,13,00,000 രൂപയുടെ സ്ഥാനത്ത് ഇവിടെ സമവായം പറഞ്ഞിട്ട് ഒരക്ഷരം പറയാത്തതിന്റെ കാരണം മാനേജ്മെന്റ് ഇവരെ കണ്ടു. മാനേജ്മെന്റുമായി ഇവർ ചർച്ച നടത്തി. കോട്ടയത്തും തിരുവനന്തപുരത്തും ചർച്ച നടത്തി. പലയാളുകളും അതിൽ പങ്കെടുത്തു. 10 കോടിരൂപ വരുമാനം കിട്ടുന്നവർ എന്തിന് 1,13,00,000 രൂപയുടെ പദ്ധതിയ്ക്ക് നിൽക്കണം. അങ്ങനെ മാനേജ്മെന്റുകൾ പ്രത്യേകിച്ച് കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായിട്ട് രാഷ്ട്രീയമായ ഒത്തുകളി നടത്തി അവിഹിതമായിട്ടുള്ള ഏർപ്പാടുകൾ നടത്തിയിട്ടാണ് പ്രതിപക്ഷത്തോട് നേരത്തെ പറഞ്ഞിട്ടുള്ള സമവായം വിട്ട് കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകൾക്ക് സമ്പൂർണ്ണമായി ഈ ഗവണ്മെന്റ് വഴങ്ങിയതെന്ന് ഞാനിവിടെ ആക്ഷേപിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് 1970-കളുടെ തുടക്കത്തിൽ വിദ്യാഭ്യാസ സമരത്തിന് നേതൃത്വം കൊടുത്ത ആളാണ്. ഞാൻ അതിന്റെ കഥകളിലേയ്ക്കൊന്നും പോകുന്നില്ല. സ്വകാര്യ മാനേജ്മെന്റുകൾക്കെതിരായി വലിയ സമരത്തിന് നേതൃത്വം കൊടുത്ത ആൾ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഇതുപോലെ ലജ്ജാകരമായിട്ടുള്ള സ്ഥിതിയുണ്ടായത്............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. വ്യവസ്ഥാപിതമായ ഒരു നിയമം നമ്മൾ ചർച്ച ചെയ്യുകയാണ്. ഡീംഡ് യൂണിവേഴ്സിറ്റി കൺകറന്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ പാർലമെന്റിൽ വരേണ്ട നിയമത്തിന്റെ ഭാഗമാണ്. നമ്മൾ വ്യവസ്ഥാപിതമായ ഒരു നിയമത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പാർലമെന്റിൽ കൊണ്ടുവരേണ്ട പ്രശ്നം ഇവിടെ കൊണ്ടുവന്ന് ഈ ചുരുങ്ങിയ...............ഇവിടെ സമാന്തര ചെയറുകളൊന്നും ഇല്ലല്ലോ. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറയുന്ന എല്ലാ കാര്യത്തിനും ഞാൻ വിശദീകരണം കൊടുക്കുകയും ചെയ്യുന്നുണ്ട്. ....ഇവിടെ പ്രശ്നം പാർലമെന്റിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവിടെ കൊണ്ടുവരികയും, ഇതിനകത്ത് ദുരാരോപണം ഉണ്ടാക്കുന്നതിനുവേണ്ടി പരിശ്രമം നടത്തുകയും ചെയ്യുകയാണ്. എന്റെ ചോദ്യം അങ്ങനെ പാർലമെന്റിൽ പറയേണ്ട വിഷയമാണെങ്കിൽ, സിൻസിയറായ കാര്യമാണെങ്കിൽ ഇത് സി.എം.പി.-യിൽ ഉൾക്കൊള്ളിച്ച് കേന്ദ്ര ഗവൺമെന്റിൽ ചർച്ച ചെയ്യുന്നതിനുവേണ്ടി നിങ്ങൾക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ സമ്മർദ്ദം ചെലുത്തിയാൽ പോരേ? ഈ സഭയുടെ സമയം അതിൽ കളയേണ്ട കാര്യമുണ്ടോ?

ശ്രീ. മത്തായി ചാക്കോ : ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. മലയാളത്തിൽ ഒരു ചൊല്ലുണ്ട്. ഉള്ളത് പറയുമ്പോൾ കള്ളിക്ക് തുള്ളൽ വരുമെന്ന്. ശ്രീ. തിരുവഞ്ചൂർ തുള്ളുന്നതിന്റെ അടിസ്ഥാനം നമുക്കറിയാം. ഇത് കോട്ടയം കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇടപാടായതുകൊണ്ടാണ്. അതുകൊണ്ട് 50 ശതമാനത്തോളം മാനേജ്മെന്റ് ക്വോട്ടാകൾക്ക് ഗവൺമെന്റ് ഒരു കമ്മിറ്റി വയ്ക്കുകയും ഫീസിനെ സംബന്ധിച്ചിടത്തോളം മാക്സിമം സീലിംഗ് ഏർപ്പെടുത്തുകയും വേണം.

ശ്രീ. എ. കെ. ബാലൻ : സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തതിനപ്പുറം ഇപ്പോൾ സർക്കുലേറ്റ് ചെയ്തിട്ടുള്ള മന്ത്രി അക്സപ്പ് ചെയ്തിട്ടുള്ള 2-ാം വകുപ്പിൽ 636-ൽ ഡീംഡ് യൂണിവേഴ്സിറ്റിയെക്കൂടി ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ ഇത് പെട്ടിട്ടുണ്ടോ. ഇപ്പോൾ സംസാരിച്ചു വരുന്ന കാര്യമാണ്. ഡീംഡ് യൂണിവേഴ്സിറ്റിയിൽ ഇത് വരണമെന്നുള്ളതാണ്. അതുകൂടി ഒഴിവാക്കിയിരിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ : അത് ഞാൻ കണ്ടിട്ടില്ല. വളരെ വിശദമായിത്തന്നെ മന്ത്രി അന്ന് പറഞ്ഞ് സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതാണ്. ഡീംഡ് യൂണിവേഴ്സിറ്റി മാതാ അമൃതാനന്ദമയി യൂണിവേഴ്സിറ്റി മാത്രമല്ല, ഇവിടെ ഒറീസ്സയിലെ യൂണിവേഴ്സിറ്റിയും ക്ലാസ് നടത്തുന്നുണ്ട്. അവരിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് അവരുടെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ സെന്റർ എന്ന പേരിൽ കേരളത്തിലെ വിവിധ നഗരങ്ങളിൽ ഇത്തരം സർവ്വകലാശാലകൾ അവരുടെ കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ആ കേന്ദ്രങ്ങളുൾപ്പെടെ പണം വാങ്ങുന്ന കേന്ദ്രങ്ങളായിട്ട് മാറും. രണ്ടാമത്തെ പ്രശ്നം പൊതു പ്രവേശന ലിസ്റ്റിൽനിന്ന് കുട്ടികൾക്ക് പ്രവേശനം കൊടുക്കണം. പൊതു പ്രവേശന ലിസ്റ്റെടുക്കണം. കൺസോർഷ്യം നടത്തുന്ന ടെസ്റ്റ് എന്നു പറഞ്ഞാൽ ജസ്റ്റിസ് കെ.ടി. തോമസ് തന്നെ അത്തരം ഒരു ടെസ്റ്റ് അംഗീകരിച്ചിട്ടുള്ളതല്ല. മെറിറ്റ് നോക്കണമെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പൊതുപ്രവേശന ടെസ്റ്റ് നടത്തണം. മറ്റ് പ്രൊഫഷണൽ കോഴ്സുകളെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും അംഗീകരിച്ച കാര്യമാണ്. ബി.എഡ്. കോഴ്സും എം.സി.എ. കോഴ്സും ഇതിൽ ഉൾപ്പെടുത്തണം. മറ്റ് പ്രൊഫഷണൽ കോഴ്സുകളെക്കൂടെ ഇതിന്റെ പരിധിയിൽ കൊണ്ടുവരണം.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയുള്ള ക്ലാസ് കൂടി ഇതിൽ ഉൾപ്പെടുത്തിയില്ലായെങ്കിൽ പഠനത്തിന്റെ ഗുണനിലവാരവും പരീക്ഷ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളും അവതാളത്തിലാകും എന്നുള്ളതുകൊണ്ട് കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന ഏറ്റവും പ്രാധാന്യമുള്ള ഒരു ബിൽ എന്ന നിലയിൽ അതൊന്നും പരിഗണിക്കാതെ സ്വകാര്യ മാനേജ്മെന്റിന്റെ ലാഭക്കൊതി മാത്രം ലാക്കാക്കികൊണ്ടുവന്നിരിക്കുന്ന ഈ ബിൽ നിങ്ങൾ അവതരിപ്പിക്കുമ്പോൾ—അതിന്റെ ആമുഖക്കുറിപ്പിൽ ആ കാര്യം പറഞ്ഞിരുന്നു. വലിയ പ്രക്ഷോഭം ഭയന്നിട്ടാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരുന്നതെന്ന്. ഈ അടിസ്ഥാനത്തിൽ സ്വകാര്യ ലാഭക്കൊതിയന്മാർക്ക് കൊള്ള നടത്താൻവേണ്ടിയാണ് ഈ ബിൽ നിങ്ങളുടെ കൃത്രിമ ഭൂരിപക്ഷം വച്ചുകൊണ്ട് കൊണ്ടുവന്നിരിക്കുന്നത്. ഭൂരിപക്ഷം നിങ്ങൾക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. ഭൂരിപക്ഷം ഇപ്പോൾ ഞങ്ങൾക്കാണ്. നിങ്ങളുടെ സാങ്കേതിക ഭൂരിപക്ഷം വച്ചുകൊണ്ടാണ് ഈ ബിൽ പാസ്സാക്കുന്നതെങ്കിൽ അതിശക്തമായിട്ടുള്ള വിദ്യാർത്ഥി ബഹുജനപ്രക്ഷോഭത്തിനെ ഈ ഗവണ്മെന്റിന് നേരിടേണ്ടിവരുമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭിന്നാഭിപ്രായക്കുറിപ്പ് അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ എന്റെ ഡിസന്റ് ഇവിടെ രേഖപ്പെടുത്തുകയാണ്. ഞങ്ങൾ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ സമീപനത്തെ സംബന്ധിച്ചിടത്തോളം ഈ ബിൽ ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽ തന്നെ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള ആളുകൾ സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പമന്ത്രി ഒരു കാര്യം ഈ സഭയോട് പറഞ്ഞിരുന്നു. ഈ ബിൽ കൂടുതൽ ചർച്ച ചെയ്ത് എല്ലാപേർക്കും യോജിക്കാവുന്ന തരത്തിൽ ഒരു സമവായമുണ്ടാക്കാം, അത് ഈ സഭയിൽ ചർച്ച ചെയ്യാം എന്നൊക്കെ. അതിനുശേഷം നമുക്ക് തീരുമാന മെടുക്കാമെന്നെല്ലാം പറഞ്ഞിരുന്നു. അദ്ദേഹം വലിയ പ്രതീക്ഷയോടുകൂടിയാണ് അത് ഈ സഭയെ അറിയിച്ചത്. പക്ഷെ, അദ്ദേഹത്തിന്റെ പ്രതീക്ഷയെയെല്ലാം തകിടം മറിച്ചുകൊണ്ട് ചില ബാഹ്യശക്തികളുടെ ഇടപെടലിന്റെ ഫലമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രതീക്ഷിച്ച രീതിയിലോ പ്രതിപക്ഷം ആഗ്രഹിച്ച രീതിയിലോ ഭരണകക്ഷിയിലെ തന്നെ ചില അംഗങ്ങൾ ആഗ്രഹിച്ച രീതിയിലോ ഈ ബിൽ ഇവിടെ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. നേരത്തെ സഖാവ് മത്തായിചാക്കോ അത് സംബന്ധിച്ച് ഇവിടെ വിശദമായി സംസാരിച്ചു. ഈ ബില്ല് ഇവിടെ അവതരി പ്പിക്കേണ്ടിവന്നതുതന്നെ കോടതിയുടെ വിധിയെ മറികടക്കുവാൻവേണ്ടിയാണ്. പലപ്പോഴും കോടതികളുടെ വിധി ഗവൺമെന്റുകൾക്ക് മറികടക്കേണ്ടിവരുന്നത് ശരിയായ സാമൂഹ്യവീക്ഷണത്തോടുകൂടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സമയത്ത് ചർച്ച ചെയ്ത് നിയമനിർമ്മാണം നടപ്പാക്കാത്തതുകൊണ്ടാണ്. ഇവിടെയും അതുതന്നെയാണ് സംഭവിച്ചത്. സ്വകാര്യ മാനേജുമെന്റുകളുടെ കച്ചവട താൽപര്യ ങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നയരൂപീകരണത്തിൽ നമുക്ക് വിജയിക്കു വാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇത്തരത്തിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടി വന്നു. ആ നിയമനിർമ്മാണം നമ്മുടെ സമൂഹത്തിലെ ആളുകൾക്ക് ഗുണപരമായ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റങ്ങൾക്കുവേണ്ടി ആയിരിക്കണം. ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഈ ബില്ലിനോടുള്ള സമീപനം സംബന്ധിച്ച് അതുതന്നെയാണ് പറഞ്ഞത്. 50 ശതമാനം സീറ്റ് മെരിറ്റിൽ കൊടുക്കുന്നതിനോട് പൂർണ്ണമായി ഞങ്ങൾ യോജിക്കുകയാണ്. ബാക്കിവരുന്ന 50 ശതമാനം പേമെന്റ് സീറ്റ് മാനേജുമെന്റിന് ഇഷ്ടാനുസരണം പ്രവർത്തിക്കുവാനുള്ള അധികാരം കൊടുക്കുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. തോന്ന്യാസം ചെയ്യാനുള്ള അധികാരം മാനേജുമെന്റിന് കൊടുക്കുന്ന ആ സമീപനത്തോടാണ് ഞങ്ങൾ എതിർപ്പ് രേഖപ്പെടുത്തിയത്. ഇതിന്റെ അർത്ഥം സ്വകാര്യ മേഖലയെ ആകെ തകർക്കണമെന്ന താൽപര്യത്തോടുകൂടിയല്ല ഞങ്ങൾ ഇത് പറയുന്നത്.

ശ്രീ. കെ.സി. ജോസഫ് : അങ്ങ് ഇവിടെ പറഞ്ഞു, ഈ നിയമം താമസിച്ചുപോയിയെന്ന്. ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും അവസാനം കേരളത്തിലാണ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉണ്ടാകുന്നത്. കർണ്ണാടകത്തിലും ആന്ധ്രാപ്രദേശിലുമൊക്കെ വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിട്ടുണ്ട്. ടി.എം.എ. പൈ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ ആദ്യമായി നിയമമുണ്ടാക്കുന്ന സംസ്ഥാനം കേരളമാണെന്ന് കണക്കിലെടുത്ത് അതിന് തയ്യാറായ യു.ഡി.എഫ്. ഗവൺമെന്റിനോട് രണ്ട് വാക്ക് നന്ദി പറയുവാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ആദ്യമേ പറഞ്ഞു. നിയമം ഉണ്ടാക്കുന്നതിന് ഞങ്ങൾ എതിരാണെന്ന് പറഞ്ഞില്ലല്ലോ? 50 ശതമാനം സീറ്റ് മെരിറ്റ് അടിസ്ഥാനത്തിൽ കൊടുക്കുന്ന ആ നയത്തോട് ഞങ്ങൾ യോജിക്കുന്നു. 50 ശതമാനം പേമെന്റ് സീറ്റിന് എന്ത് തീരുമാനവും എടുക്കുവാനുള്ള അവകാശം മാനേജുമെന്റിന് കൊടുക്കുന്ന നയത്തോടാണ് ഞങ്ങൾക്ക് വിയോജിപ്പുള്ളത്. സ്വകാര്യ മാനേജുമെന്റുകളെ ഒക്കെ തകർക്കണമെന്ന സമീപനമൊന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ല. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് സാമൂഹ്യനിയന്ത്രണത്തോടുകൂടി പ്രൊഫഷണൽ വിദ്യാഭ്യാസം ഉയർന്നു വരണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. യാതൊരു സാമൂഹ്യ നിയന്ത്രണവുമില്ലാതെ സ്വകാര്യ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ വിദ്യാർത്ഥികളെ ചൂഷണം ചെയ്യാൻ സൗകര്യം ചെയ്തുകൊടുക്കുന്ന നയത്തോടാണ് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം ഇന്ന് വിദ്യാഭ്യാസം എന്നുപറയുന്നത് അപ്രാപ്യമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ നയങ്ങളിലൂടെ ഒരു സമൂഹത്തെ നിയന്ത്രിക്കുവാൻ കഴിയുമെന്നുള്ള തത്വം നമുക്ക് എല്ലാപേർക്കും അറിയാവുന്നതാണ്. പണ്ട് വിദ്യാഭ്യാസം മഹാഭൂരിപക്ഷം ആളുകൾക്കും നിഷേധിക്കപ്പെട്ടിരുന്നു. അറിവിന്റെ ലോകത്തേയ്ക്ക് പാവപ്പെട്ട ആളുകൾക്ക് കടന്നുവരാനുള്ള അവസരം നിഷേധിക്കപ്പെട്ടിരിന്നു. ഈ പുതിയ സാഹചര്യത്തിലും പാവപ്പെട്ടവൻ അറിവിന്റെ കാര്യത്തിൽ അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ പുറംപോക്കുകളിലേയ്ക്ക് പാവപ്പെട്ടവനെ വലിച്ചെറിയുകയാണ്. സമ്പത്തുള്ളവന് മാത്രം വിദ്യാഭ്യാസം മതിയെന്ന സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നത്. ആ സമീപനത്തോട് യോജിക്കുവാൻ ഭരണകക്ഷിയിലെ അംഗങ്ങൾക്ക്പോലും കഴിയുന്നില്ല. പാവപ്പെട്ട ആളുകളുടെ താൽപര്യത്തെക്കുറിച്ചാണല്ലോ നമ്മൾ എല്ലാപേരും സംസാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മഹാഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുനിന്ന് അന്യവൽക്കരിക്കുവാൻ പോകുന്നുവെന്നുള്ളതാണ്. എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കുവാനുള്ളത്, ക്ളാസ് ബൈ ക്ളാസ് ഡിസ്ക്കസ് ചെയ്യാൻ പോവുകയാണ്. ഒട്ടേറെ ഭേദഗതികൾ ഭരണ പ്രതിപക്ഷ കക്ഷികൾ കൊണ്ടുവന്നിട്ടുണ്ട്. ഇവിടെ പണ്ടൊക്കെ കർഷകത്തൊഴിലാളികളുടെ മക്കൾ ഡോക്ടറും എഞ്ചിനീയറും ആയിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ മക്കൾ ഡോക്ടറും എഞ്ചിനീയറും ആയിട്ടുണ്ട്. പാവപ്പെട്ട കർഷകന്റെ മക്കൾ ഡോക്ടറും എഞ്ചിനീയറും ആയിട്ടുണ്ട്. ഇനി കർഷകത്തൊഴിലാളിയുടെയോ മൽസ്യത്തൊഴിലാളിയുടേയോ കർഷകന്റെയോ മക്കൾ ഡോക്ടറോ എഞ്ചിനീയറോ ആകുവാൻ കഴിയുമെന്ന് നമുക്ക് പറയുവാൻ സാധിക്കുമോ? സാധിക്കില്ല. ഈ നിയമം പാസ്സാകുന്നതോടുകൂടി പാവപ്പെട്ടവന്റെ മക്കൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് അന്യവൽക്കരിക്കപ്പെടും. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് പത്ത് ശതമാനം സീറ്റ് ജാതിയോ മതമോ ഒന്നും നോക്കാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏറ്റവും പാവപ്പെട്ട ആളുകളായിട്ടുള്ളവർക്ക് റിസർവ് ചെയ്യണമെന്നാണ്. അതുപോലെ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് മെരിറ്റിൽ റിസർവേഷനുണ്ട്. പേമെന്റ് സീറ്റടക്കം റിസർവേഷൻ വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ആ പേമെന്റ് സീറ്റിൽവരുന്ന റിസർവേഷനുള്ള തുക കൊടുക്കുവാൻ ശേഷിയില്ലാത്ത എസ്.സി./എസ്.റ്റി. കുട്ടികൾക്ക് സർക്കാർതന്നെ നേരിട്ട് പണം കൊടുക്കുവാനുള്ള സംവിധാനമുണ്ടാക്കണം. പാവപ്പെട്ട എസ്.സി./എസ്.റ്റി. കുട്ടികൾക്ക് പേമെന്റ് സീറ്റ് അടക്കം കിട്ടാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ ബില്ലിന്റെ അവതരണ സമയത്തും അതുപോലെ സബ്ജക്ട് കമ്മിറ്റിയിലും അതുപോലെ ക്ളാസ് ബൈ ക്ളാസ് ഡിസ്ക്കഷനിലുമൊക്കെ ഞങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾ അത് ശരിയായ അർത്ഥത്തിൽ മനസ്സിലാക്കിക്കൊണ്ട്,...

<u>ശ്രീ. കെ. ബാബു</u> : ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മന്ത്രിയായിരുന്ന മന്ത്രിസഭ ഇവിടെ സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങൾ ആരംഭിക്കുകയുണ്ടായി. ആ കാലത്ത് എൻ.ഒ.സി. കൊടുക്കുകയുണ്ടായി. ഐ.എച്ച്.ആർ.ഡി. ഉൾപ്പെടെയുള്ളവർ പല പ്രൊഫഷണൽ കോളേജുകളും ആരംഭിച്ചു. അന്ന് പട്ടികജാതിക്കാർക്ക് റിസർവേഷൻ കൊടുത്തില്ല എന്നത് അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : അന്ന് എല്ലാം പൊതുമേഖലയിലാണ് സ്ഥാപിച്ചത്. എസ്.സി./എസ്.റ്റി. റിസർവേഷൻ നിർബന്ധമാക്കിയിരുന്നു. എസ്.സി./എസ്.റ്റി. കുട്ടികൾക്ക് സീറ്റ് ലഭിക്കുന്നതിന് ആവശ്യമായ നിലപാടിനെക്കുറിച്ച് അന്ന് ചർച്ച ചെയ്തിരുന്നു. മാനേജുമെന്റിനെ നിയന്ത്രിക്കണമെന്ന് പറയുന്നത് വെറുതേയല്ല. ബഹുമാനപ്പെട്ട മന്ത്രി മുമ്പ് സഭയിൽ പറഞ്ഞു മെരിറ്റ് സീറ്റിൽ സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് സർക്കാർ ഫീസ് മാത്രമേ ഏർപ്പെടുത്തുവെന്നും അതിനുള്ള ഓർഡർ ഇറക്കിയെന്ന് പറയുകയുണ്ടായി. ആ ഓർഡർ ഇറക്കിയതിനുശേഷവും കുട്ടികളെ ഫീസ് കൊടുക്കാത്തതിന്റെ പേരിൽ പുറത്തുനിർത്തിയ വാർത്തയൊക്കെ നമ്മൾ വായിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മിനിസ്റ്റർ ഇറക്കിയ 2002-03 കാലഘട്ടത്തിലെ ഉത്തരവിൽ മെരിറ്റ് സീറ്റിൽ വിദ്യാഭ്യാസം ലഭിച്ച കുട്ടികൾക്ക് സർക്കാർ ഫീസ് ഏർപ്പെടുത്തിയതുകൊണ്ട് ആ കുട്ടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്തായ സ്ഥിതിയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരോട് കാണിക്കുന്ന ക്രൂരതയെക്കുറിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓർഡറിന് പുല്ലുവില കൽപ്പിക്കുകയാണ് മാനേജുമെന്റുകൾ. അങ്ങനെയുള്ള മാനേജുമെന്റുകളെ നിലക്കുനിർത്തണമെന്നാണ് ഞങ്ങൾ പറയുന്നത്. അതിനോട് ഭരണകക്ഷിയിലെ അംഗങ്ങൾ യോജിക്കുമെന്നാണ് എന്റെ വിശ്വാസം. ഈ ബില്ലിനോടുള്ള സമീപനം ഞാൻ നേരത്തെ വ്യക്തമാക്കിയതുപോലെ, പാവപ്പെട്ട ആളുകളെ വിദ്യാഭ്യാസ രംഗത്തുനിന്ന് മാറ്റപ്പെടുന്ന ഈ നയത്തിന് എതിരായ സമീപനമാണ് ഞങ്ങൾ സ്വീകരിക്കുന്നത്. ഈ ബില്ലിൽ ഒട്ടേറെ ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആ ഭേദഗതികൾ അംഗീകരിച്ചുകൊണ്ട് എല്ലാപേർക്കും യോജിക്കാവുന്ന വിധത്തിൽ ഈ നിയമം പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ</u> : സർ, ഞാൻ എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത് അവതരിപ്പിച്ച ശേഷം ആദ്യ രണ്ട് ദിവസം ഈ ബില്ലിനെ സംബന്ധിച്ച വളരെ വിശദമായ ചർച്ചയാണ് ഇവിടെ നടന്നത്. ഈ ബില്ലിന്മേൽ പ്രതിപക്ഷം ക്രിയാത്മകമായ സമീപനമാണ് സ്വീകരിച്ചത്. ഈ ബില്ലിന്റെ ഒരു ഭാഗത്തോട് ആർക്കുംതന്നെ വിയോജിപ്പുണ്ടാവുകയില്ല. പ്രതിപക്ഷത്തുനിന്ന് സർക്കാർ ക്വാട്ടയിലെ പ്രവേശനത്തെ സംബന്ധിച്ച് നൂറ് ശതമാനം അംഗീകരിച്ചുകൊണ്ടാണ് സംസാരിച്ചത്. എന്നാൽ മാനേജുമെന്റ് ക്വാട്ടയെ സംബന്ധിച്ച് ഈ സഭയിൽ ഇപ്പുറത്തും അപ്പുറത്തുമുള്ളവർ ഒരേ വികാരത്തിൽ ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ബഹുമാന്യനായ മന്ത്രി ചർച്ച അവസാനിപ്പിച്ചുകൊണ്ട് ക്രോഡീകരിച്ചപ്പോൾ ഒരു സമവായത്തിലൂടെ സമന്വയത്തിലൂടെ തീരുമാനം എടുക്കുമെന്ന് പ്രഖ്യാപിച്ചാണ് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടത്. എല്ലാപേരും വലിയ പ്രതീക്ഷയോടുകൂടിയാണ് അദ്ദേഹത്തിന്റെ ആ വാചകങ്ങളെ കേട്ടിരുന്നത്. നിർഭാഗ്യവശാൽ ഈ സഭയുടെ പൊതുവികാരം ഉൾക്കൊണ്ടില്ല. ഇപ്പുറത്തിരിക്കുന്നവർ മാത്രമല്ല അപ്പുറത്തിരിക്കുന്നവരും പറഞ്ഞു. ശ്രീ. കെ. ബാബു ഫീസ് നിർണ്ണയിക്കുന്നതിന് ലിമിറ്റ് വേണമെന്ന് ആവശ്യപ്പെട്ടയാളാണ്.

സർ, മുൻമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ സംസാരിച്ചപ്പോൾ ബില്ലിന്റെ എല്ലാ വശങ്ങളിലേയ്ക്കും സ്പർശിച്ചു.സ്വാശ്രയ ബിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ എല്ലാ ഭാഗങ്ങളേയും സ്പർശിക്കണം. ഇതിൽ എൻജിനീയറിംഗും

5.00 p.m.] എം.ബി.ബി.എസ്സും ആയുർവ്വേദവും ഹോമിയോപ്പതിയും മാത്രം പോരാ, എൽ.എൽ.ബി.-യും ബി.എഡ്.-ഉം എം.സി.എ.-യും എം.ബി.എ.-യും എല്ലാം വേണമെന്ന നല്ല ഒരു നിർദ്ദേശത്തോടുകൂടിയുള്ള ചർച്ചയാണ് നടന്നത്. അതെല്ലാം നിരാകരിക്കുകയാണുണ്ടായത്. ഇതിലെ കാതലായ വിഷയമെന്താണ്? ഇവിടെ മാനേജ്മെന്റ് ക്വാട്ടയെ സംബന്ധിച്ച് ഇത്ര വലിയ തർക്കം ഉണ്ടാകാൻ കാരണം എന്താണ്? കാരണം, കഴിഞ്ഞ കുറേ നാളുകളായി കേരളത്തിൽ നടക്കുന്ന പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എന്തുകൊണ്ട് കണ്ടില്ല എന്നു നടിക്കുന്നു? കേരളത്തിലെ സ്വാശ്രയ മേഖലയിൽ കോളേജുകൾ അനുവദിക്കാൻ തീരുമാനിച്ചപ്പോൾ മാനേജുമെന്റുകളും ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ ധാരണ 50 : 50 എന്നായിരുന്നു. എന്നിട്ട് അവസാനം മാനേജുമെന്റുകൾ ഗവൺമെന്റിനെ പഠിപ്പിച്ചില്ലേ? ഏറ്റവും അവസാനം സംഭവിച്ചത്, വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുകൂട്ടുന്ന യോഗത്തിൽപ്പോലും മാനേജുമെന്റുകൾ വരാൻ തയ്യാറാകുന്നില്ല. വിദ്യാഭ്യാസവകുപ്പുമന്ത്രി വിളിച്ചാൽ ആളില്ല എന്നു പറയുന്ന തരത്തിൽ മാനേജുമെന്റുകൾ പോയി. മാനേജുമെന്റുകളുടെ ലക്ഷ്യം എന്തായിരുന്നു എന്ന് നിങ്ങൾക്കറിയാം. സർക്കാർ പറഞ്ഞാൽ കേൾക്കുകയില്ല. അവരുടെ ലക്ഷ്യം ഒന്നു മാത്രമായിരുന്നു. ഇതിൽ നിന്ന് ലാഭം കൊയ്യുക എന്നുളളതാണ്. ഈ ബില്ലിൽ അതിനുളള അവസരങ്ങളാണ് ഉണ്ടാക്കിക്കൊടുത്തിരിക്കുന്നത്. ഇതിൽ നിയമപരമായിട്ടുള്ള പരിരക്ഷ കൂടി അവർക്ക് കിട്ടിയിട്ടുളളതിനാൽ യാതൊരു നിയന്ത്രണവുമില്ലാതെ, യാതൊരു മാനദണ്ഡവുമില്ലാതെ ഫീസ് നിശ്ചയിക്കാനുള്ള അവകാശം മാനേജുമെന്റുകൾക്ക് നൽകിയാൽ കേരളത്തിലെ സ്ഥിതി എന്തായിരിക്കും? സഭയിൽ എല്ലാവരും പ്രഖ്യാപിച്ച വികാരം അതാണ്. ഇഷ്ടാനുസരണം ഫീസ് നിശ്ചയിക്കുകയും കിട്ടുന്ന 50 ശതമാനം സീറ്റ് ഇഷ്ടംപോലെ ദുർവിനിയോഗം ചെയ്യുകയും ചെയ്യുമെന്നുള്ള കാര്യം കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്ന ആർക്കും അറിയാം. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം സംബന്ധിച്ചാണ് ഇവിടെ പ്രശ്നം. കേരളത്തിലെ അനുഭവം അതാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാവരും എതിർത്ത കാര്യം എന്താണ്? കേരളത്തിന്റെ വിദ്യാഭ്യാസ ഗുണനിലവാരം ഇല്ലാതാകാൻ പോകുകയാണ്. പുഷ്പഗിരി മെഡിക്കൽകോളേജിൽ പരീക്ഷ എഴുതിയ 65 ശതമാനം വിദ്യാർത്ഥികൾ തോറ്റത് ഈ സർക്കാരിന്റെ കണ്ണ് തുറപ്പിക്കണ്ടേ? കേരളത്തിന്റെ ചരിത്രത്തിൽ എം.ബി.ബി.എസ്. വിദ്യാഭ്യാസരംഗത്ത് ഇങ്ങനെയൊരു തോൽവി, ഇങ്ങനെയൊരു അനുഭവം ആദ്യമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമില്ലാതാകാൻ പോകുന്ന വ്യവസ്ഥകളാണ് എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. അതു മാറ്റണം. കേരളത്തിലെ വിദ്യാഭ്യാസ മാനേജുമെന്റുകൾക്ക് ഈ നിയമം പാസ്സായാൽ എങ്കിലും കടിഞ്ഞാണിടാൻ കഴിയുന്ന വകുപ്പുകൾ എഴുതിച്ചേർക്കണമെന്നു പറഞ്ഞാൽ, അതു പറ്റില്ല, ഇതു നടത്തിക്കൊണ്ടുപോകണ്ടേ എന്നാണ് മന്ത്രിമാരെല്ലാം പറയുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ നിയമവശങ്ങൾ പരിശോധിക്കാൻ വന്ന മന്ത്രി ശ്രീ. കെ. എം. മാണി ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വളരെ വ്യക്തതയില്ലെന്നു പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. സ്വാശ്രയ നയത്തിൽ പിഴവ്, മെറിറ്റ് സീറ്റിൽ അമിത ഫീസ് എന്നൊരു വാർത്ത മാതൃഭൂമിയുടെ ഒന്നാമത്തെ പേജിലുണ്ട്. കാരക്കോണം മെഡിക്കൽകോളേജിലെ ആദ്യത്തെ ബാച്ചിൽ ചേർന്ന കുട്ടികൾ മുഴുവൻ മെറിറ്റ് സ്റ്റുഡന്റ്സാണ്. ഇപ്പോൾ ഇറങ്ങിയ ഓർഡറിലെ വ്യക്തതക്കുറവു കാരണം നാൽപ്പത്തിയഞ്ചോളം കുട്ടികൾ 1,76,000 രൂപ കൊടുക്കണമെന്ന് മാനേജ്മെന്റ് നിർബന്ധിപ്പിക്കുകയാണ്. അങ്ങനെ കുട്ടികൾക്ക് കൊടുക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മെറിറ്റ് സീറ്റിൽ ചേർന്ന പകുതിയോളം കുട്ടികൾ പഠനമുപേക്ഷിച്ച് പോകുന്ന സ്ഥിതി ഉണ്ടാകും. അത് നമ്മുടെ വിദ്യാഭ്യാസ നയങ്ങളെപ്പോലും ബാധിക്കുന്ന വിധത്തിലാണ്. ആ ഓർഡർ തിരുത്താൻ ബഹുമാനപ്പെട്ട മന്ത്രി നടപടി എടുക്കേണ്ടതാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. കെ.പി. രാജേന്ദ്രൻ ചോദിച്ച ചോദ്യത്തിന്റെ തുടർച്ചയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലുള്ള ഒരു ദന്തൽ കോളേജിൽ കഴിഞ്ഞ വർഷം ചേർന്നിട്ടുള്ള 9 വിദ്യാർത്ഥികളെ നിരവധി ദിവസങ്ങളായി പുറത്തു നിർത്തി പീഡിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? 2002-03-ൽ പ്രവേശനം നേടിയ കുട്ടികൾക്ക് പുത്തൻ ഫീസ് കൊടുക്കണമെന്നു പറഞ്ഞുകൊണ്ടാണ് പുറത്തു നിർത്തിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഈ പറയുന്ന വിവരങ്ങളെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മാണി സാർ ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്കാണ് കടന്നത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, സ്വകാര്യ മാനേജ്മെന്റിന് 100 ശതമാനം ശമ്പളം കൊടുക്കാൻ 1956 മുതൽ സർക്കാർ തുടങ്ങിയതാണ്. ഇതുവരെ അതിന് മൂക്കു കയറിടാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 100 ശതമാനം സ്വന്തമായി പണം മുടക്കുന്നവരെ മൂക്കുകയറിടാൻ നിൽക്കാതെ ഞങ്ങൾക്ക് ഇതിന് കഴിയില്ല എന്നു പറഞ്ഞാൽ എന്താണ് വേണ്ടത്?

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, അദ്ദേഹം കെ.പി.സി.സി.- യുടെ ജനറൽ സെക്രട്ടറിയാണ്. പാർട്ടിയിൽ വന്ന സ്ഥാനത്തേയ്ക്കുള്ള ഗുണനിലവാരം അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ വന്നിട്ടില്ല. സർ, ഞാൻ സംസാരിച്ചുവന്നത്, കേരളത്തിന്റെ പൊതുവികാരമാണിത്. കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ, സ്വാശ്രയ കോളേജ് കൊണ്ടുവന്നശേഷം അതിരൂക്ഷമായ വിദ്യാർത്ഥിസമരമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട കെ.സി. ജോസഫ് പറഞ്ഞു, ഒറ്റയടിക്ക് നിയമം കൊണ്ടുവന്നതല്ല, സംസ്ഥാനങ്ങളിൽ ആദ്യം ഇവിടെ കൊണ്ടുവന്നു എന്നാണ്. ഇതിന് പ്രേരകശക്തി എന്താണ്? ഈ വിദ്യാഭ്യാസനയത്തെ ചെറുത്തുതോൽപ്പിക്കുന്നതിന് ഇവിടെ ഒരുപാട് ചോര നൽകി. ഒരുപാട് സമരങ്ങൾ നടന്നു, പ്രക്ഷോഭങ്ങൾ നടന്നു. അതിന്റെ കൂടി പശ്ചാത്തലത്തിലാണ് ഗവൺമെന്റിന് അവസാനം ഈ നിയമം കൊണ്ടുവരേണ്ടിവന്നത്. പ്രതിപക്ഷത്തു നിന്നും ക്രിയാത്മകമായി നിർദ്ദേശിച്ച ചില അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ഈ ബിൽ കൈകാര്യം ചെയ്യണം. അല്ലെങ്കിൽ ശ്രീ. മത്തായി ചാക്കോ പറഞ്ഞതുപോലെ വീണ്ടും മാനേജുമെന്റുകൾ തോന്ന്യാസത്തിലേയ്ക്കാണ് പോകുന്നതെങ്കിൽ അതിരൂക്ഷമായ പ്രക്ഷോഭസമരമായിരിക്കും കേരളത്തിൽ അലയടിച്ചുയരാൻ പോകുന്നതെന്നു സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, അപ്പുറത്തു നിന്ന് എന്റെ സ്നേഹിതൻ ശ്രീ. കെ.സി. ജോസഫ് ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. ഈ കാര്യത്തിൽ ഗവൺമെന്റിനെ അനുമോദിക്കണ്ടേ എന്നാണ് ചോദ്യം. എന്തു കാര്യത്തിനാണ് അനുമോദിക്കേണ്ടത്? കഴിഞ്ഞ മൂന്നു വർഷക്കാലമായി എതു

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിലായാലും ആത്മാർത്ഥതയില്ലായ്മയും കാര്യക്ഷമതയില്ലായ്മയും പിടിപ്പുകേടും കാണിച്ചതിനെയാണോ അനുമോദിക്കേണ്ടത്? സ്വാശ്രയസ്വകാര്യ കോളേജ് മാനേജ്മെന്റുകളുടെ പ്രശ്നത്തിൽ എല്ലാ അർത്ഥത്തിലും പിടിപ്പുകേടും കാര്യക്ഷമതയില്ലായ്മയും ആത്മാർത്ഥതയില്ലായ്മയും കാണിച്ച ഒരു ഗവൺമെന്റാണിത്. തുടക്കത്തിൽ തന്നെ ഒരു സന്ദർഭത്തിൽ ഒരു ചോദ്യം ഉന്നയിച്ചുകൊണ്ട് ഒരു അടിയന്തിരപ്രമേയ ചർച്ച അനുവദിക്കാതെ വന്നപ്പോൾ നടത്തിയ വാക്കൗട്ടിൽ പങ്കെടുത്തുകൊണ്ട് ഞാൻ സംസാരിച്ചു. ലാർജ് സ്കെയിലിൽ എൻ.ഒ.സി. കൊടുക്കുന്നതിനു മുമ്പ് ചില നിബന്ധനകൾ സംബന്ധിച്ച്, സർക്കാർ കാലാകാലങ്ങളിൽ മുന്നോട്ടുവച്ച നിബന്ധനകൾ അംഗീകരിക്കാൻ തയ്യാറാണെന്ന് വെള്ള പേപ്പറിൽ ഒപ്പിട്ടുവാങ്ങാൻ ഈ ഗവൺമെന്റ് തയ്യാറായോ എന്ന്. അതിന് കഴിഞ്ഞോ? അതിന് മറുപടിയില്ല. അതുകഴിഞ്ഞ് ഒരു സന്ദർഭത്തിൽ സഭയിൽ ഞാൻ സ്വകാര്യപ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷനേതാവുൾപ്പെടെ ആ ചർച്ചയിൽ പങ്കെടുത്തു. അതിന് മറുപടിയായി ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ പറഞ്ഞു, ഗവൺമെന്റ് ഉടനടി നിയമം കൊണ്ടുവരുമെന്ന്. എത്ര കാലം വീണ്ടും കാത്തിരിക്കേണ്ടിവന്നു. സുപ്രീംകോടതിയിലേയ്ക്ക് ഈ കേസ് പോകുന്നതിനു മുമ്പുതന്നെ നിയമം കൊണ്ടുവരാനുള്ള എല്ലാ സാഹചര്യവും ഗവൺമെന്റിന് ഉണ്ടായിരുന്നു. പക്ഷേ ആത്മാർത്ഥത മാത്രം ഇല്ലായിരുന്നു. സുപ്രീംകോടതി വിധി വന്നു. സുപ്രീംകോടതി വിധിക്കകത്തു നിന്നുകൊണ്ടുതന്നെ ഈ നിയമം കൊണ്ടുവരാനുള്ള എല്ലാ സാധ്യതകളും സാഹചര്യവുമുണ്ടായിരുന്നിട്ടും അത് ഈ ഗവൺമെന്റ് ഉപയോഗിച്ചില്ല. അതുപയോഗിക്കാനുള്ള ആത്മാർത്ഥത ഗവൺമെന്റിനില്ലായിരുന്നു. അതുകഴിഞ്ഞ് നിയമസഭാ സമ്മേളനത്തിന് നോട്ടീസ് പോയിക്കഴിഞ്ഞ ശേഷമാണ് ഒരു ഓർഡിനൻസുമായി ഇവർ വരുന്നത്. സാമാന്യബുദ്ധിയുള്ള ആർക്കും, പാർലമെന്ററി ജനാധിപത്യ നടപടിക്രമങ്ങളെക്കുറിച്ച് അറിയാവുന്ന ആർക്കും മനസ്സിലാകുന്ന ഒരു കാര്യമാണ് പാർലമെന്റ് സമ്മേളനമായാലും നിയമസഭാ സമ്മേളനമായാലും നോട്ടീസ് പോയിക്കഴിഞ്ഞാൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ പാടില്ല എന്നത്. എന്നിട്ടും മന്ത്രിസഭ ഓർഡിനൻസും അംഗീകരിച്ച് ഗവർണ്ണർക്ക് ഒപ്പിടാൻ അയച്ചു.

പഴയ കോൺഗ്രസ് നേതാവാണെങ്കിൽപ്പോലും ഉന്നത പാരമ്പര്യമുള്ള ജനാധിപത്യമര്യാദകളും പാർലമെന്ററി ജനാധിപത്യത്തെ സംബന്ധിച്ചുള്ള അന്തസത്തയും ഉൾക്കൊള്ളുന്ന ഒരാളായതുകൊണ്ട് ഗവർണ്ണർ അത് ഒപ്പിടാതെ തിരിച്ചയച്ചു. അഴകൊഴമ്പൻ രൂപത്തിൽ ഇപ്പോഴും എന്താണ് ഏതാണ് എന്ന് നിശ്ചയമില്ലാതെ, ഇവിടെ ഈ ചർച്ച നടക്കുമ്പോഴും മന്ത്രിയുടെ ഔദ്യോഗിക ഭേദഗതികൾ ഇങ്ങനെ വന്നുകൊണ്ടിരിക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. മത്തായി ചാക്കോ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെക്കുറിച്ചു പറഞ്ഞു, എന്റെ അഭിപ്രായത്തിൽ റവന്യൂ വകുപ്പുമന്ത്രിയെമാത്രം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. അങ്ങയുടെ സ്ഥാനത്ത് ഇവിടെ സ്പീക്കർ ഇരിക്കേണ്ടതായിരുന്നു, അദ്ദേഹത്തിന് ഇത് നേരിട്ടറിയാം. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ സമവായത്തെക്കുറിച്ച് ചർച്ച വന്നപ്പോൾ അവിടെവച്ചുതന്നെ അതിലൊരു തീരുമാനമെടുക്കാമെന്നുള്ള നിലപാടാണ് ബഹുമാന്യനായ സ്പീക്കർ സ്വീകരിച്ചത്. രണ്ടുമൂന്നു വകുപ്പുകളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചാണ് ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നത്. അതവിടെവച്ചുതന്നെ തീരുമാനിക്കാൻ കഴിയുമായിരുന്നു. എന്നാൽ അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇവിടെവച്ച് ഇപ്പോൾ തീരുമാനിക്കാൻ പറ്റില്ല എന്നുപറഞ്ഞ് ഒഴിഞ്ഞുമാറിയത്. ബിസിനസ് അഡൈ്വസറി കമ്മിറ്റിയിൽ മുഖ്യമന്ത്രി സ്വീകരിച്ച അതേ നിലപാടുതന്നെയാണ് സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സ്വീകരിച്ചത്. അപ്പോൾ ഇതിന്റെ അർത്ഥമെന്താണ്? റവന്യൂ വകുപ്പിനെമാത്രം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. മുഖ്യമന്ത്രിയുടെ അഭിപ്രായം തന്നെയാണ് മറ്റൊരു രൂപത്തിൽ റവന്യൂ വകുപ്പുമന്ത്രി പ്രകടിപ്പിച്ചത്. ഇതിലെ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നാമതായി ഈ മാനേജുമെന്റിന് ഒരു കൺസോർഷ്യം ഉണ്ടാക്കാനുള്ള ഔദ്യോഗിക അംഗീകാരമാണ് ഈ ബില്ലിലൂടെ ഗവൺമെന്റിന് വന്നിരിക്കുന്നത്. അടുത്ത കാലത്തായി ഗവൺമെന്റിന്റെ നിലപാടെന്താണ്? വിദ്യാർത്ഥികൾക്ക് സംഘടന പാടില്ല, അദ്ധ്യാപകർക്ക് സംഘടന പാടില്ല അങ്ങനെ പറയുന്ന ഗവൺമെന്റ് മാനേജുമെന്റിനെ സംഘടിപ്പിക്കാൻ നിയമപരമായി ഇവിടെ പാസ്സാക്കുന്ന നിയമത്തിലൂടെ അനുവാദം നൽകുകയാണ്. എന്താണ് മാനേജ്മെന്റിന്റെ കൺസോർഷ്യം? അവർക്ക് പരീക്ഷ നടത്താനാണോ? വളരെ വ്യവസ്ഥാപിതമായി പ്രവേശന പരീക്ഷാ കമ്മിഷണർ നടത്തുന്ന പരീക്ഷയിലൂടെ റാങ്ക് ലിസ്റ്റിൽനിന്നും മെറിറ്റ് ക്വാട്ടയിൽ അല്ലെങ്കിൽ സർക്കാർ ക്വാട്ടയിൽ 50 പേർക്ക് പ്രവേശനം കൊടുക്കും. 51-ാമത്തെ ആൾ മാനേജുമെന്റ് ക്വാട്ടയ്ക്കുവേണ്ടി നിശ്ചയിക്കുന്ന ഫീസ് കൊടുക്കാൻ തയ്യാറുണ്ടെങ്കിൽ അയാൾക്ക് പ്രവേശനം കൊടുക്കണം. അതുകൊണ്ട് എന്ത് ആകാശമാണ് ഇടിഞ്ഞുവീഴാൻ പോകുന്നത്? 51-ാമത്തെ ആൾ തയ്യാറല്ലെങ്കിൽ 52-ാമത്തെ ആൾക്ക് കൊടുക്കണം. പിന്നെ ഒരു മാനേജുമെന്റ് കൺസോർഷ്യം ഉണ്ടാക്കി പ്രത്യേകമൊരു ടെസ്റ്റു നടത്തേണ്ട ആവശ്യമുണ്ടോ? അത് ഏതുസമയത്തും ദുരുപയോഗപ്പെടുത്തുന്നതിനും മാനേജുമെന്റുകൾക്ക് തങ്ങളുടെ ഇഷ്ടമനുസരിച്ച് കൃത്രിമമായ ലിസ്റ്റുണ്ടാക്കുന്നതിനും അവസരമൊരുക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. മാനേജുമെന്റ് ക്വാട്ടയിൽ ഫീസ് വയ്ക്കാം, എന്തും തീരുമാനിക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ ഒന്നുരണ്ട് വർഷങ്ങളായി ഇവിടുത്തെ മാനേജുമെന്റിൽ നിന്നും ഗവൺമെന്റിന് ഉൾപ്പെടെ ലഭിച്ച അനുഭവമെന്താണ്? എന്തും ചെയ്യാം, ചോദ്യം ചെയ്യാൻ പാടില്ല. അങ്ങനെയുള്ള മാനേജുമെന്റിന് ഇഷ്ടംപോലെ മാനേജുമെന്റ് ക്വാട്ടയിൽ ഫീസിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ അവകാശം കൊടുക്കാമോ? കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല, പക്ഷേ ഗവൺമെന്റ് നിയോഗിക്കുന്ന ഒരു ഹൈലവൽ കമ്മിറ്റി ഈ പ്രൊഫഷണൽ കോളേജുകളുടെ നടത്തിപ്പുമായി ഔദ്യോഗികമായി ബന്ധമുള്ള ആളുകൾ, കോളേജുകളുടെ നടത്തിപ്പിലുണ്ടാകുന്ന ചെലവുകളെ സംബന്ധിച്ച് അറിയാവുന്ന ആളുകൾ, അവർ ഉൾക്കൊള്ളുന്ന ഒരു ഹൈലവൽ കമ്മിറ്റിക്ക് മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് സംബന്ധിച്ച് കാലാകാലങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം നൽകുക, അത് മാനേജുമെന്റുകളെ സംബന്ധിച്ചിടത്തോളം binding ആണ്. അവർ ചെലവുകൾ വേറേ കണ്ടെത്തണമെന്ന് ഞാൻ പറയുന്നില്ല, ഇതിൽനിന്നും കണ്ടെത്താം. ആ ചെലവുകൾ അനുസരിച്ചുള്ള ഫീസ്......

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ വളരെ സീരിയസ്സായിട്ടുള്ള ഒരു കാര്യം കൂടി ഇതിന്റെ തുടർച്ചയായി ഞാൻ പെടുത്താം. യഥാർത്ഥത്തിൽ ഇഷ്ടംപോലെ മാനേജുമെന്റിന് ക്യാപിറ്റേഷൻ ഫീസ് വാങ്ങാനുള്ള പ്രൊട്ടക്ഷൻ ഈ നിയമത്തിലുണ്ട്. അത് cash ആയിട്ടോ kind ആയിട്ടോ വാങ്ങാൻ പാടില്ലെന്നും property ആയിട്ടു വാങ്ങാമെന്നുമാണ്. Property എഴുതിക്കൊടുത്താൽ മതി. In cash or in kind. അതുമാത്രമേ ഇതിൽ പറഞ്ഞിട്ടുള്ളൂ, immovable property പറഞ്ഞിട്ടില്ല. അതുകൊണ്ട് എത്ര സ്വത്തും ക്യാപ്പിറ്റേഷൻ ഫീസായി എഴുതിക്കൊടുക്കാം. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: അതിവിടെ വാങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. നേരത്തെ മുൻ ആരോഗ്യവകുപ്പു മന്ത്രി 15% സീറ്റ് മാത്രമേ മാനേജ്മെന്റ് ക്വാട്ടയിലുള്ളൂ എന്നുപറഞ്ഞല്ലോ. ആ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം 40 ലക്ഷം രൂപവരെ വാങ്ങിയിട്ടുണ്ട്. അപ്പോൾ മാനേജുമെന്റ് ക്വാട്ടയിൽ ഫീസ് നിരക്ക് നിശ്ചയിക്കുന്ന കാര്യത്തിൽ ഒരു ഹൈലവൽ കമ്മിറ്റി വേണം. അതുപോലെതന്നെ ഇന്ന് പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷന്റെ കാര്യത്തിൽ സംവരണത്തെ സംബന്ധിച്ച് ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ മെറിറ്റ് ക്വാട്ടയിൽമാത്രം പോരാ, ഗവൺമെന്റ് ക്വാട്ടയിൽമാത്രം പോരാ മാനേജുമെന്റ് ക്വാട്ടയിലെ വിദ്യാർത്ഥി പ്രവേശനത്തിന്റെ കാര്യത്തിലും പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന സംവരണവ്യവസ്ഥ അതുപോലെ നടപ്പിലാക്കണം. അതുപോലെതന്നെ lapsed seats എന്നുപറഞ്ഞ് ഒരു പ്രൊവിഷനുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ അതിനെക്കുറിച്ച് ചർച്ചചെയ്തു. അപ്പോൾ പറഞ്ഞതെന്താണ്? മെറിറ്റ് ക്വാട്ടയിൽ അല്ലെങ്കിൽ ഗവൺമെന്റ് ക്വാട്ടയിൽ ആവശ്യപ്പെട്ട കുട്ടികളില്ലാതെയാകുമ്പോൾ ആ സീറ്റ് മാനേജുമെന്റ് ക്വാട്ടയിലേയ്ക്ക് പോകുമെന്നാണ്. അതൊരു കള്ളക്കളിയാണ്. മെറിറ്റ് ക്വാട്ടയിൽ കുറഞ്ഞ ഫീസ് കൊടുത്ത്, സർക്കാർ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് കൊടുത്ത് പഠിക്കാൻ കുട്ടികളില്ലാതാകുകയും മാനേജുമെന്റ് ക്വോട്ടയിൽ കൂടുതൽ ഫീസ് കൊടുത്ത് പഠിക്കാൻ കുട്ടികളുണ്ടാവുകയും ചെയ്യുമെന്നാണ് പറയുന്നത്. ഇതിന്റെ അർത്ഥമെന്താണ്? സാധാരണ നമ്മുടെ ഗവൺമെന്റ് കോളേജുകളിൽ നടക്കുന്ന സമ്പ്രദായം, അവസാനമാകുമ്പോൾ വെയിറ്റിംഗ് ലിസ്റ്റിലെ മൂന്നാമത്തെ ആൾക്ക് ഒരു കാർഡ് അയയ്ക്കും, ആ കാർഡ് അയാൾക്ക് കിട്ടുന്നത് interview-ന് ഫിക്സ് ചെയ്യുന്ന ഡേറ്റ് കഴിഞ്ഞിട്ടായിരിക്കും. അപ്പോൾ നാലാമത്തെ ആൾക്ക് കൊടുക്കാൻ താല്പര്യമുണ്ടെങ്കിൽ മൂന്നാമത്തെ ആൾക്ക് interview-ന്റെ ഡേറ്റുകഴിഞ്ഞ് കിട്ടാൻ കാർഡയയ്ക്കും. അങ്ങനെ നാലാമത്തെ ആൾക്ക് കൊടുക്കും. മൂന്നാമത്തെയാൾ കാർഡുമായി വരുമ്പോൾ അയാൾക്ക് അഡ്മിഷൻ കിട്ടില്ല. അതുപോലെ കാലാകാലങ്ങളിൽ ചില സ്ഥാനങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ മാനേജുമെന്റുമായി കള്ളക്കളി നടത്തി മെറിറ്റ് ക്വാട്ടയിലെ സീറ്റുകൾ lapsed seats ആയി കൃത്രിമമായി മാറ്റിയിട്ട് മാനേജ്മെന്റ് ക്വോട്ടയിൽ അവിടെ പ്രവേശനം നടത്താനുള്ള അവസരം ഈ നിയമത്തിലൂടെ കൊടുക്കുകയാണ്. അതുപോലെതന്നെ അദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ച്, കമ്മിറ്റിയിൽ ആദ്യം dissent note എഴുതിക്കൊടുത്ത ആളാണ് ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അത്ര ധൃതിപിടിച്ച് പാസ്സാക്കേണ്ട സ്ഥിതിയിലല്ല ഇതിന്റെ കിടപ്പ്. ഒരു മാറ്റവും ബില്ലിനകത്ത് വരുത്താതെ മാനേജുമെന്റ് കൊണ്ടുവന്ന ബില്ലാണിത്. ആ വകുപ്പ് മാറ്റാമെന്നു പറഞ്ഞതുകൊണ്ടാണ് 7 മണിക്ക് ഇത് പാസ്സാക്കിത്തരാമെന്ന് സമ്മതിച്ചത്. ഇത് പാസ്സാക്കുന്നതിന് ഞങ്ങൾ അനുകൂലമല്ല. അതുകൊണ്ട് വിശദമായി ചർച്ച ചെയ്തിട്ടേ ഇത് പാസ്സാക്കാൻ അനുവദിക്കുകയുള്ളൂ.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ): സർ, ഇവിടെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് വന്ന് ഈ സഭ അഡോപ്റ്റ് ചെയ്തതാണ്. അവിടെവച്ച് ആലോചിക്കാമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഗവൺമെന്റ് ഈ നിർദ്ദേശങ്ങളൊക്കെ കേട്ടു, ഇപ്പോൾ സൗകര്യംപോലെ, സമയം നമ്മൾ തീരുമാനിച്ചു, ബിസിനസ് അഡ്വൈസറി കമ്മിറ്റി റിപ്പോർട്ട് അഡോപ്റ്റു ചെയ്തുകഴിഞ്ഞിട്ട് പിന്നെ അതിനെതിരായി പറയുന്നത് സഭാ തീരുമാനത്തിന് എതിരായിട്ടുള്ള ഒരു കാര്യമല്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായിട്ടല്ലേ ഇവിടെ റിപ്പോർട്ട് വന്നത്? ഒരു സമവായമുണ്ടാക്കി ചർച്ച ചെയ്യാമെന്നൊക്കെ തീരുമാനിച്ചു, അതിനു വിരുദ്ധമായിട്ടാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് വന്നത്. അതിൽ പിന്നീട് വീണ്ടും മാറ്റം വരുത്തി, സബ്ജക്ട് കമ്മിറ്റി പിന്നേയും കൂടി ഇപ്പോൾ മന്ത്രി ഇവിടെ ഒഫിഷ്യലായി അവതരിപ്പിച്ച ഭേദഗതികളെല്ലാം ഈ നിയമത്തിന്റെ അടിസ്ഥാനത്തെതന്നെ ചോദ്യം ചെയ്യുന്നതല്ലേ? ഇതൊന്നും ചർച്ച ചെയ്യാൻ അവസരമില്ലാതെ ചുടപ്പംപോലെ ഇവിടെ പാസ്സാക്കിത്തരുമെന്ന് വിചാരിച്ചോ? അതിലൊക്കെ അഭിപ്രായം പറയണ്ടേ? ഇതിൽ പ്രധാനപ്പെട്ട വളരെയധികം ഭേദഗതികളുണ്ട്, ഇതിന്റെ അടിസ്ഥാനംപോലും ചോദ്യം ചെയ്യുന്നതാണത്. ഇതിവിടെ ചർച്ച ചെയ്യണ്ടേ, പാസ്സാക്കിയാൽ മതിയോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: അധ്യാപകരുടെ നിയമനത്തിന്റെ കാര്യത്തിൽ, നിലവിലുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിബന്ധനകളിലും നിലവിലുള്ള സർവ്വകലാശാലാ നിയമങ്ങളുടെ അടിസ്ഥാനത്തിലും എ.ഐ.സി.ടി.ഇ.-യുടെ നിബന്ധനകളുടെ അടിസ്ഥാനത്തിലും മാത്രമേ സ്വകാര്യ സാശ്രയകോളേജുകളിലായാലും നിയമനങ്ങൾ നടത്താൻ പാടുള്ളൂ. അല്ലെങ്കിൽ അതിന്റെ ഗുണനിലവാരം എങ്ങനെ ഉറപ്പു വരുത്തും? സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളുടെ കാര്യത്തിൽ, അധ്യാപകരുടെ നിയമനങ്ങളിലും മറ്റു ജീവനക്കാരുടെ നിയമനങ്ങളിലും സംവരണം പാലിക്കണം. ശ്രീ. എം. എം. ഹസ്സന്റെ പാർട്ടിയുടെ നേതൃത്വത്തിലുള്ള കേന്ദ്രത്തിലെ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കോമൺ മിനിമം പ്രോഗ്രാമിൽപ്പോലും സ്വകാര്യ സ്ഥാപനങ്ങളിൽ സംവരണം നടപ്പാക്കണമെന്ന് നിർദ്ദേശം വന്നിട്ടുണ്ട്. ഇവിടെയൊരു നിയമം അവതരിപ്പിച്ചാൽ, ശ്രീ. എം.എം. ഹസ്സൻ പറയുന്നതുപോലെ പെട്ടെന്നു പാസ്സാക്കിക്കൊടുത്ത്, നിലവിലുള്ള സംവരണവ്യവസ്ഥയെ അട്ടിമറിക്കാൻ പറ്റുമോ? കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനങ്ങളിൽ നിലനിൽക്കുന്ന സംവരണവ്യവസ്ഥ, അധ്യാപക നിയമനത്തിന്റെ കാര്യത്തിലും മറ്റു ജീവനക്കാരുടെ കാര്യത്തിലും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കണം. ബഹുമാന്യനായ നാലകത്തു സൂപ്പി പിന്നോക്ക സമുദായ മുന്നണിക്ക് നേതൃത്വം നൽകിയ ആളാണ്, കേരള നിയമസഭയുടെ പിന്നോക്ക സമിതിയുടെ ചെയർമാനായിരുന്ന ആളാണ്. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യമില്ല. അതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം എന്നു ശുപാർശ ചെയ്ത ആളാണ്. ഐക്യജനാധിപത്യമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അവതരിപ്പിച്ച പ്രകടന പത്രികയിൽ പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തുമെന്ന് ഉറപ്പു തന്നിട്ടുള്ളതാണ്, വാഗ്ദാനം തന്നിട്ടുള്ളതാണ്. ഈ നിയമസഭയിൽ അതുസംബന്ധിച്ച് ഞാൻ ഒരു ചോദ്യം ഉന്നയിച്ചപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതു നരേന്ദ്രൻ കമ്മിഷനെ നിയോഗിച്ചിരിക്കുന്നു എന്നാണ്. ആ നരേന്ദ്രൻ കമ്മിഷന്റെ റിപ്പോർട്ടു ലഭിച്ചു കഴിഞ്ഞാൽ, ആ കമ്മിഷന്റെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നു പറഞ്ഞു. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശ എന്താണ്? ഏറ്റവും കൂടുതൽ പ്രാതിനിധ്യക്കുറവുണ്ടായിട്ടുള്ളത് എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലീം സമുദായത്തിനാണ്. സംവരണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് പ്രാതിനിധ്യം ഉണ്ടായിട്ടുള്ളത് ലത്തീൻ കത്തോലിക്കർക്കാണ്. അതുപോലെ അങ്ങു പ്രതിനിദാനം ചെയ്യുന്ന നാടാർ സമുദായം, ധീവര സമുദായം, അവശ ക്രൈസ്തവ വിഭാഗം ഇവർക്കൊക്കെ തന്നെ പ്രാതിനിധ്യക്കുറവുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ഇവർക്ക് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം. അതിനുവേണ്ടി വാദഗതികൾ നടക്കുമ്പോൾ, സ്വകാര്യ സ്വാശ്രയകോളേജുകൾ വഴി ഇഷ്ടം പോലെ നിയമനം നടത്തിക്കോട്ടെ എന്നാണോ? അങ്ങേയ്ക്ക് അതു അംഗീകരിക്കാൻ പറ്റുമോ? ശ്രീ. എം. എം. ഹസ്സന് അംഗീകരിക്കാൻ പറ്റുമോ? വിദ്യാഭ്യാസ മന്ത്രിക്ക് അംഗീകരിക്കാൻ പറ്റുമോ? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനു അംഗീകരിക്കാൻ പറ്റുമോ? പാണക്കാട് ശിഹാബ് തങ്ങൾക്ക് അംഗീകരിക്കാൻ പറ്റുമോ? പറ്റില്ല എന്നുള്ളതാണ് സത്യം. അതിനു ഭേദഗതികൾ വേണം. അതുപോലെ നിയമനങ്ങളുടെ കാര്യത്തിൽ വളരെ ശക്തമായ നിലപാട് ഞങ്ങൾ സ്വീകരിക്കുകയാണ്. മാറ്റം ആവശ്യമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ വാദഗതികൾ ഇവിടെ അംഗീകരിക്കും. പക്ഷേ അദ്ദേഹം ഇപ്പോൾ ശ്രീ .കെ.എം. മാണിയുടെയും ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും തടവറയിൽ നിൽക്കുകയാണ്. 1960 കളിലും 1970 കളിലും എന്താണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നടന്നത്? രണ്ടു ദിവസം മുമ്പ് ഇവിടെയൊരു ചർച്ച നടന്നു. എന്തിനെക്കുറിച്ചായിരുന്നു? പുതിയ ഗ്രേഡിംഗ് സമ്പ്രദായത്തെക്കുറിച്ചായിരുന്നു ചർച്ച. 1960 കളിലെ സെഷണൽ മാർക്ക്സ് വീണ്ടും ഏർപ്പെടുത്തണമെന്ന്. അധ്യാപകരുടെ ഇഷ്ടംപോലെ വിദ്യാർത്ഥികൾക്ക് മാർക്കു കൊടുക്കുന്ന ഒരു ഏർപ്പാടു വരും. ഈ സെഷണൽ മാർക്ക് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ മേഖല സമരത്തിലാണ്. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയുമൊക്കെ മുമ്പ് ഇതിനു നേതൃത്വം നല്കിയ ആൾക്കാരാണ്. അന്നു ശ്രീ. എ. കെ. ആന്റണി കെ.പി.സി.സി.യുടെ ജനറൽ സെക്രട്ടറിയായിരുന്നു. അതുപോലെ അന്നത്തെ ഭരണകക്ഷിയുടെ ഏകോപനസമിതി കൺവീനറുമായിരുന്നു. സ്വകാര്യ മാനേജുമെന്റുകളെ മൂക്കു കയറിടുകയാണ് ഇപ്പോഴത്തെ ആവശ്യമെന്നു

അന്നു ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ചു. ഇപ്പോഴോ അതിൽ നിന്നും തികച്ചും വിപരീതമായി പെരുമാറുകയാണ്. ഓരോ സമയത്തും ഓരോ രീതിയിലാണ് പോക്ക്. എന്നിട്ട് അതാണ് ശരിയെന്നു പറയുക. കഴിഞ്ഞ മൂന്നു വർഷക്കാലമായി ഈ രാജ്യത്തെ പരമ്പരാഗത തൊഴിലാളികൾക്കും കൃഷിക്കാർക്കുമൊക്കെ എതിരായ നിലപാടുകൾ സ്വീകരിച്ച ഗവൺമെന്റ്, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ, ശ്രീ. എ. കെ. ആന്റണി പറഞ്ഞതെന്താണ്? ഞങ്ങൾക്ക് ഒരുപാടു തെറ്റുപറ്റി എന്നാണ്. അതുപോലെ സ്വകാര്യ സ്വാശ്രയ കോളേജുകൾ പൂട്ടാൻ അനുവദിക്കുകയില്ലെന്നാണ് പറയുന്നത്. ആര് അനുവദിച്ചാലും ഇല്ലെങ്കിലും കുറെ എണ്ണം പൂട്ടാൻ പോകുകയാണ്. ഏതെങ്കിലുമൊരു ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലാണോ ഇതു നടപ്പിലാക്കിയത്? എല്ലാവർക്കും എൻ.ഒ.സി. കൊടുത്തല്ലോ? അതിനെക്കുറിച്ചു വല്ല പഠനവും നടത്തിയിട്ടുണ്ടോ? ഞാൻ വളരെ പ്രധാനപ്പെട്ട ഒരു പോയിന്റ് പറയുകയാണ്. പണ്ട് കൊക്കോ കൃഷി നടത്തിയിരുന്നു നമ്മുടെ കേരളത്തിൽ. ആരാണ് നേതൃത്വം നൽകിയത്? നമ്മുടെ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അന്നു കൃഷിവകുപ്പുമന്ത്രിയായിരുന്നു. 1977-79 കാലഘട്ടത്തിൽ കൊക്കോ കൃഷി പ്രചരിപ്പിച്ചു. ഇപ്പോൾ വാനിലക്കൃഷി നടത്തുന്നതുപോലെ എല്ലാവരും കൊക്കോകൃഷി തുടങ്ങി. ഇപ്പോൾ കൊക്കോ ചെടി മുറിച്ചു മാറ്റി തെങ്ങിൻ ചുവട്ടിൽ മൂടുകയാണ്. അതു പോലെ തന്നെയാണ് ഇപ്പോൾ എൻജിനീയറിംഗ് കോളേജ് തുടങ്ങിയിരിക്കുന്നത്. എവിടെ തുടങ്ങി, എന്നു തുടങ്ങി എന്ന് ആർക്കും അറിയില്ല. ആരു വിചാരിച്ചാലും രക്ഷിക്കാൻ കഴിയില്ല. അങ്ങനെ കൊക്കോ കൃഷി നടത്തുന്ന ലാഘവബുദ്ധിയോടുകൂടി സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാൻ അനുവാദം കൊടുത്തു. ഈ ഗവൺമെന്റ് അതിനുത്തരം പറയണം. ഇപ്പോൾ കൃഷിക്കാരുടെ ആത്മഹത്യകളാണ് കൂടുതലും നടക്കുന്നത്. ഇനി സംഭവിക്കാൻ പോകുന്നത് എന്താണ്? ഈ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ നടത്താൻ പോകുന്ന മാനേജുമെന്റുകളുടെ ആത്മഹത്യ, ലക്ഷങ്ങൾ കൊടുത്ത അധ്യാപകരുടെ ആത്മഹത്യ. ഇതൊക്കെയാണ് ഭാവിയിൽ കേരളം ദർശിക്കാൻ പോകുന്നത്. ഇതൊക്കെ മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ ഒരു നിയമം കൊണ്ടു വരണം. ശ്രീ. കെ.എം. മാണിയുടെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും തടവറയിൽ നിന്നും കേരളത്തിലെ ജനങ്ങളെ മോചിപ്പിക്കണം.

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടി ക്രമവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, . ഇവിടെ ഈ നിയമത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കഴിഞ്ഞ രണ്ടു ദിവസമായി പലരും

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

സംസാരിക്കുകയുണ്ടായി. ഇന്നു മൂന്നാമത്തെ ദിവസമാണ്. സത്യത്തിൽ ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള പഠന സൗകര്യമൊരുക്കാൻ കഴിയുമെന്നുള്ള കാര്യം മനസ്സിലാക്കിയപ്പോൾ ഏതോ ഒരു ആജ്ഞാശക്തിയുടെ പ്രവർത്തനത്തിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം ഒറ്റക്കെട്ടായി ഈ നിയമത്തെ എതിർക്കുന്ന അവസ്ഥ വന്നിരിക്കുകയാണ്. ഞാൻ ഇതിനെക്കുറിച്ച് ചർവ്വിത ചർവ്വണം നടത്താൻ ആഗ്രഹിക്കുന്നില്ല. ഇതിനകത്തു നിങ്ങൾ ആവർത്തിക്കുന്ന സമീപനം, സ്വാശ്രയകോളേജുകൾ എന്നു പറയുന്ന സങ്കല്പം, അതു അപകടകാരിയാണ്, അതു കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നു വരുത്തിത്തീർക്കുകയാണ്. യാഥാർത്ഥ്യങ്ങൾ നിങ്ങൾ മനസ്സിലാക്കണം. ഈ ബില്ല് ഇവിടെ വരുന്നതിനുമുമ്പുള്ള അവസ്ഥ, സ്വാശ്രയകോളേജുകൾ നിലവിൽ വരുന്നതിനുമുമ്പുള്ള അവസ്ഥ നമ്മൾ കണ്ടതാണ്. വളരെ പരിമിതമായ, എഴുന്നൂറോളം വരുന്ന മെഡിക്കൽ സീറ്റുകൾ, വളരെ പരിമിതമായ എൻജിനീയറിംഗ് സീറ്റുകൾ. ഒരു മെഡിക്കൽ സീറ്റിനുവേണ്ടി, എൻജിനീയറിംഗ് സീറ്റിനുവേണ്ടി തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും സ്വകാര്യ മാനേജുമെന്റുകളുടെ പീഡനത്തിനു വശംവദരായി എല്ലാ ത്യാഗങ്ങളും കഷ്ടപ്പാടുകളും സഹിച്ചു പോകുന്ന ഒരു ശരാശരി കേരളീയന്റെ ചിത്രം നമ്മൾ കേരളത്തിൽ കണ്ടതാണ്. തങ്ങളുടെ കുട്ടിയെ ഉന്നത വിദ്യാഭ്യാസം ചെയ്യിപ്പിക്കണമെന്ന രക്ഷകർത്താക്കളുടെ ആഗ്രഹം ഒരു സ്ഥലത്ത്, പതിനായിരക്കണക്കിനു ആളുകൾ ആഗ്രഹിക്കുന്ന ഒരു മെഡിസിൻ സീറ്റിനുവേണ്ടി, 700 പേർക്കു മാത്രം അഡ്മിഷൻ കിട്ടുന്ന ഒരു സാഹചര്യം വന്നപ്പോൾ, ഇവിടെ എന്താണ് സംഭവിച്ചത്? രണ്ടു കാര്യങ്ങൾ സംഭവിച്ചു. ഒന്ന്, നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകി. രണ്ട്, അവിടത്തെ കോളേജുകളിൽ കുറച്ചു മാർക്കുള്ള ആളുകൾപോലും പ്രവേശനം വാങ്ങി ഡോക്ടർമാരും എൻജിനീയർമാരുമായി തിരിച്ചു വരുമ്പോൾ ഉയർന്ന മാർക്കു വാങ്ങിയ കുട്ടികൾക്കു പഠിക്കാൻ സാധിക്കാതെ പോകുന്ന ഒരു അവസ്ഥ സമൂഹത്തിൽ നിൽക്കുന്നു. ഇതിനൊന്നും ആർക്കും കുഴപ്പമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> കേരള സംസ്ഥാനത്ത് ആരംഭിക്കുന്ന ഈ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അതിശക്തമായി എതിർക്കാൻ, അതിനെ തകർക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുന്ന ആളുകൾ, കേരളത്തിലെ വിദ്യാർത്ഥികളെ ലൂട്ടു ചെയ്ത് കോടിക്കണക്കിനു രൂപയുണ്ടാക്കുന്ന സൗത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ ഏജൻസികളെക്കുറിച്ച് ഒരു വാക്കുപോലും വിമർശിക്കാത്തത് എന്തുകൊണ്ടാണെന്ന് അങ്ങു ശ്രദ്ധിച്ചോ?

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> അതാണ് ഞാൻ പറഞ്ഞത് എന്തോ ചില ഗൂഢാലോചനകൾ ഇതിന്റെ പുറകിലുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു എന്ന്. നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ മഴയ്ക്കുവേണ്ടി കാക്കുന്ന വേഴാമ്പലിനെപ്പോലെ, ഒരു അധ്യയനത്തിനുവേണ്ടി, ഒരു അവസരത്തിനുവേണ്ടി കാത്തിരിക്കുമ്പോൾ, ഇവിടെ ഇതാ അവർക്കുവേണ്ടി ഒരു വാതിൽ തുറന്നു കൊടുത്തിരിക്കുന്നു. മെരിറ്റു സീറ്റുകൾ. നേരത്തെ ഒരു വാദം ഇവിടെ ഉന്നയിക്കുന്നതു കേട്ടു. മെരിറ്റു സീറ്റിൽ വരുന്നവരെല്ലാം പണക്കാരാണെന്ന്. ഇതാരുടെ സങ്കല്പമാണ്? ശ്രീ. കെ.പി. രാജേന്ദ്രന്റെ മകൾക്കും എസ്.എസ്.എൽ.സി.ക്കു നല്ല മാർക്കു കിട്ടിയില്ലേ? ഇപ്പോൾ എസ്.എസ്.എൽ.സി.ക്കു ഒന്നാം റാങ്കു കിട്ടിയത് നമ്മുടെ ബഹുമാന്യനായ സ്പീക്കറുടെ പി.എസ്.-ന്റെ മകൾക്കാണ്. ഇവരെല്ലാം പണക്കാരാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മെരിറ്റു സീറ്റിൽ പ്രവേശനം കിട്ടുന്ന കുട്ടികളൊന്നും സമ്പന്ന വിഭാഗത്തിൽപ്പെട്ട കുട്ടികളല്ല. പാവപ്പെട്ടവന്റെയും ഇടത്തരക്കാരന്റെയും എൻ.ജി.ഒ. മാരുടെയും മക്കളാണ് മെരിറ്റ് സീറ്റിൽ കടന്നു കൂടുന്ന ഭൂരിപക്ഷം കുട്ടികളും. ഞങ്ങൾ പറയുന്ന കാര്യം, ഈ 50 ശതമാനം സീറ്റുകളിലെ വിദ്യാർത്ഥി പ്രവേശനം മെരിറ്റടിസ്ഥാനത്തിൽ ആയിരിക്കണം എന്നതും ഗവൺമെന്റ് കോളേജിലെ ഫീസ് എന്നതും നിങ്ങൾ തത്വത്തിൽ അംഗീകരിച്ചു നടപ്പാക്കണം. ഇതു നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലം മുതൽ നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അതിനു നിങ്ങൾ തയ്യാറായില്ല എന്നുള്ളതിനു തെളിവാണ് കാരക്കോണം മെഡിക്കൽ കോളേജിൽ 2002-ൽ ചേർന്ന വിദ്യാർത്ഥികളിൽ നിന്ന് ഒരു ലക്ഷത്തി എഴുപത്തി ആറായിരം രൂപയാണ് ഫീസായി ഇപ്പോൾ വാങ്ങുന്നത്. ഇപ്പോൾ ഇതു കൊണ്ടുവരാൻ നിങ്ങൾ നിർബന്ധിക്കപ്പെട്ടതാണ്. നിങ്ങൾക്ക് ഇതിൽ ആത്മാർത്ഥതയില്ല. അതുകൊണ്ടാണ് നിങ്ങൾ 50 ശതമാനം സീറ്റിൽ മാനേജുമെന്റിന് ഇഷ്ടം പോലെ കാശു വാങ്ങാൻ വേണ്ടി അനുവാദം കൊടുക്കുന്നത്.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ചോദ്യം മാത്രം ചോദിക്കണം.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിന്റെ പേരിൽ തമ്മിൽ തമ്മിൽ തർക്കം വന്നാൽ, ആ തർക്കത്തിന്റെ പേരിൽ ബഹുമാനപ്പെട്ട ഒരു മെമ്പറോടു ചോദ്യം ചോദിക്കുമ്പോൾ, ആ മെമ്പർക്കു കൂടി മനസ്സിലാകുന്ന വിധത്തിൽ ചോദിച്ചാലല്ലേ ഉത്തരം കിട്ടൂ. കാരക്കോണം കോളേജുകാർ ഇപ്പോഴും 2002-ലെ ഫീസാണ് വാങ്ങുന്നത്. ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഇതു ഉൾപ്പെടുത്തുന്നില്ലെങ്കിൽ ഇതു നിലനിൽക്കാൻ പോകുന്നില്ല. ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താതെ പോയിക്കഴിഞ്ഞാൽ മാനേജുമെന്റിനു നൂറു ശതമാനം സീറ്റുകൾക്കും കാശുവാങ്ങാനുള്ള സഹായം ചെയ്തു കൊടുക്കുന്നതിനുവേണ്ടിയാണോ ഞങ്ങൾ വച്ച ഈ പ്രൊപ്പോസൽ നിങ്ങൾ അംഗീകരിക്കാതെ ഉരുണ്ടു കളിക്കുന്നത്?

ശ്രീ. കെ. സി വേണുഗോപാൽ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്ന ആദ്യത്തെ ഭാഗം ഞങ്ങൾ അംഗീകരിച്ചല്ലോ. 50 ശതമാനം മെറിറ്റിൽ സാധാരണക്കാരായ ആളുകളുടെ കുട്ടികൾക്ക് അവസരം കിട്ടുന്നു. 700 മെഡിക്കൽ സീറ്റുണ്ടെങ്കിൽ 350 സീറ്റ് മെറിറ്റടിസ്ഥാനത്തിൽ സാധാരണക്കാരുടെ കുട്ടികൾക്കാണ് കിട്ടാൻ പോകുന്നത്. എഞ്ചിനീയറിംഗിന്റേയും ആയുർവേദ കോളേജിന്റെയും കാര്യമൊക്കെ എടുത്ത് പരിശോധിച്ചാലും ഇതുതന്നെയാണ് കാണാൻ കഴിയുന്നത്. എഞ്ചിനീയറിംഗിനൊക്കെ ഏഴായിരത്തോളം സീറ്റുകളാണ് കൂടാൻ പോകുന്നത്. അങ്ങനെ സീറ്റുകൾ കൂടുമ്പോൾ സാധാരണക്കാരായ കുട്ടികൾക്ക് അഡ്മിഷൻ കിട്ടുകയാണ്. കോടിയേരി പറഞ്ഞ രണ്ടാമത്തെ ഭാഗം ശരിയാണ്. സാധാരണക്കാരായ ആളുകളുടെ കുട്ടികൾക്ക് അവസരം കിട്ടണമെങ്കിൽ കുറച്ചൊക്കെ ഫ്രീഡം അവർക്ക് കൊടുക്കേണ്ടി വരും. നിങ്ങൾ വരച്ച ലക്ഷ്മണ രേഖ കടക്കരുതെന്നു പറഞ്ഞാൽ അവർ സ്ഥാപനം തുടങ്ങില്ല. അപ്പോൾ അവസരം കിട്ടാത്ത കുട്ടികൾ വീണ്ടും കർണ്ണാടകയിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കുമാണ് പോകേണ്ടി വരുന്നത്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് യാതൊരു പ്രശ്നവുമില്ലേ? ഞാൻ ശ്രീ. എം.വി. ജയരാജനോട് ചോദിച്ചോട്ടെ അങ്ങ് കണ്ണൂർകാരനാണല്ലോ. നിങ്ങൾ എ.കെ.ജി ആശുപത്രി തലശ്ശേരിയിലും കണ്ണൂരും നടത്തുന്നുണ്ടല്ലോ അവിടെയൊക്കെ സർക്കാർ ആശുപത്രിയിലെ ഫീസാണോ നിങ്ങൾ വാങ്ങിക്കുന്നത്. സർക്കാർ ആശുപത്രിയിലും ഫീസുണ്ട്. നിങ്ങൾ വാങ്ങുന്ന ഫീസ് ഏതാണ്?

ശ്രീ. കെ. സി. ജോസഫ് : സർക്കാർ സ്ഥാപനങ്ങളിലും അൺ-എയിഡഡ് കോളേജുകളിലും ഒരേ ഫീസുവേണമെന്ന് പറയുന്ന പ്രതിപക്ഷ എം.എൽ.എ. മാരോട് ഞാൻ ചോദിക്കുകയാണ് കണ്ണൂർ ജില്ലയിലെ എന്റെ മണ്ഡലമായ പയ്യാവൂരിൽ ആരംഭിച്ച സ്വാശ്രയ സ്കൂളുണ്ട്, ആ സ്കൂളിലെ എൽ.കെ.ജി-ക്ക് ഒരുമാസത്തെ ഫീസ് 100 രൂപ, യു.കെ.ജി-ക്ക് 150 രൂപയാണ്. അപ്പോൾ അവിടെ നിങ്ങൾക്ക് ഈ നിയമം ബാധകമല്ലേ. അവർ ആരംഭിക്കുന്ന സ്കൂളുകളിൽ ഇഷ്ടംപോലെ ഫീസ് വാങ്ങിക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ : നിങ്ങളുടെ ധാർമ്മിക രോഷം ആളിക്കത്തുന്നുണ്ടല്ലോ. കേരളത്തിലെ നിരവധി സ്കൂളുകളിൽ അവർ വാങ്ങിക്കുന്ന ഫീസ് നമുക്കറിയാം. നിങ്ങൾ ഒരു ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. ഇവിടെ എൽ.കെ.ജി-ക്കും യു.കെ.ജി-ക്കും ഇത്രയുമധികം ഫീസുവാങ്ങുന്നതിൽ പ്രശ്നമില്ലേ? ഞാൻ ഒറ്റ കാര്യം കൂടി ചോദിച്ചോട്ടെ കേരള യൂണിവേഴ്സിറ്റി നടത്തുന്ന ബി.എഡ് കോഴ്സിന് വിദ്യാർത്ഥിയിൽ നിന്നും വാങ്ങിക്കുന്നത് 1750 രൂപയാണ്. കേരള സർവ്വകലാശാല എന്നുപറയുന്നത് സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം കൊണ്ടുമാത്രം പ്രവർത്തിക്കുന്ന ഒരു സർവ്വകലാശാലയാണ്. ഒരു കൊല്ലത്തേയ്ക്ക് ഒരു വിദ്യാർത്ഥിയിൽ നിന്നും വാങ്ങുന്നത് 1750 രൂപയാണ്. ഇവിടെ ഒറ്റ പ്രശ്നമേയുള്ളു കുട്ടികൾക്ക് പ്രൊഫഷണൽ മേഖലയിൽ പഠിക്കാനുള്ള അവസരം കൊടുക്കണം. നിങ്ങൾക്ക് സ്വകാര്യ മാനേജുമെന്റുകളെ കയറൂരി വിടുന്ന സമ്പ്രദായം ഉപേക്ഷിക്കണമെന്ന ആശങ്കയുണ്ടെങ്കിൽ അതിനെ അംഗീകരിക്കാം. ഈ ബില്ലിൽ അതിനുള്ള പ്രൊവിഷൻ ഉണ്ട്. അഫിലിയേഷൻ കാൻസൽ ചെയ്യാനുള്ള പ്രൊവിഷനൊക്കെ ഇതിനകത്തുണ്ട്. ഇതിൽ രാഷ്ട്രീയ പാർട്ടികൾ പ്രതിനിധികളില്ല. ഒരു മാനേജുമെന്റ് തോന്ന്യാസം കാണിച്ചെന്ന് ബോദ്ധ്യപ്പെട്ടാൽ അഫിലിയേഷൻ റദ്ദാക്കാനുള്ള വ്യവസ്ഥ ഈ നിയമത്തിലുണ്ട്. ഇത്രയും ചെയ്യാനേ കഴിയൂ.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി) : പ്ളീസ്.......എല്ലാപേരും ഇങ്ങനെ പറഞ്ഞാൽ പറ്റുകയില്ല, എല്ലാപേരും സഹകരിക്കണം. രണ്ട് ദിവസംകൊണ്ട് ആറു മണിക്കൂർ വരെ ചർച്ച ചെയ്തതല്ലേ. വളരെ വിശദമായ ചർച്ച നടന്നു. വിയോജനക്കുറിപ്പിൽ സംസാരിക്കാൻ വേണ്ടത്ര സമയം തന്നു. എല്ലാപേരും സഹകരിക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ : എല്ലാ നിയമങ്ങളുണ്ടാക്കുമ്പോഴും ആശങ്കകളുണ്ടാകാറുണ്ട്. എല്ലാ നിയമത്തിലും ലൂപ്ഹോൾസ് ഉണ്ടാകാറുണ്ട്. ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമുണ്ട് ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ട് രണ്ടുപേരും വേണ്ടെന്നു വച്ചു. കാരണമെന്താണ്? മെറിറ്റ് സീറ്റിൽ ഫീസ് കൂടുന്നു. അത് പ്രധാന കാര്യമല്ലേ? പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റ് സീറ്റിൽ ഫീസ് കൂടുന്നു. അതിനുവേണ്ടിയുണ്ടാക്കിയ ഒരു കോമൺ ക്ളാസ്സാണ്. ആ ക്ളാസിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എതിർത്തുകൊണ്ട് പറഞ്ഞത് നിങ്ങളെല്ലാം മാനേജുമെന്റുകാരുടെ ഭാഗമാണെന്നാണ്. എനിക്ക് നിങ്ങളോടു പറയുവാനുള്ളത് കേരളത്തിൽ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കാൻ കിട്ടുന്ന അവസരം നഷ്ടപ്പെടുത്തരുത്. ആ വിദ്യാർത്ഥികളുടെ മനസ്സ് വേദനിപ്പിക്കരുത്. ഞാൻ വെല്ലുവിളിച്ചുകൊണ്ട് ഡോ. കെ.സി. ജോസഫിനോട് ചോദിക്കുകയാണ് ശ്രീ. പി.ജെ. ജോസഫ് മന്ത്രിയായിരുന്നപ്പോഴുണ്ടാക്കിയ സ്വാശ്രയകോളേജുണ്ട്. അങ്ങ് ഉൾക്കൊള്ളുന്ന അങ്ങയുടെ നേതാവ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് ഒരു സൗകര്യവുമില്ലാത്തിടത്ത് പ്ളസ് ടു സ്കൂളുകൾ അനുവദിച്ചില്ലേ. അങ്ങനെ പ്ളസ് ടു സ്കൂളുകൾ അനുവദിച്ച് സ്വകാര്യ മേഖലയെ കയറൂരി വിട്ടത് നിങ്ങളായിരുന്നില്ലേ? നിങ്ങൾ നടപ്പിലാക്കിയാൽ എല്ലാം പുരോഗമനം ഞങ്ങൾ നടപ്പിലാക്കിയാൽ അത് പിൻതിരിപ്പൻ. ഏതെങ്കിലും കാരണവശാൽ നിങ്ങൾ അധികാരത്തിൽ വന്നാൽ ഈ നിയമത്തെ നിങ്ങൾ തലയിൽവച്ചുകൊണ്ടു നടക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിങ്ങൾ പ്രീഡിഗ്രി ബോർഡ് വേണ്ടെന്നു പറഞ്ഞു. പിന്നെന്തുണ്ടായി പത്തു കൊല്ലം വിദ്യാർത്ഥികളുടെ ഭാവിയെല്ലാം കളഞ്ഞിട്ട് പ്രീഡിഗ്രി ബോർഡ് ഹയർ സെക്കന്ററിയായിട്ട് കൊണ്ടുവന്നവരാണ്. നിങ്ങൾക്കൊരു കാര്യമേയുള്ളൂ യു.ഡി.എഫ്. ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ തുറന്നയവസരം കൊടുത്താൽ അത് ശരിയാകുകയില്ല. ഞങ്ങൾ കൊടുത്താൽ മതി നിങ്ങൾ കൊടുക്കണ്ട എന്നുള്ളതാണ്. അതുകൊണ്ട് ഇവിടെയുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കത്തക്ക വിധത്തിൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് ശക്തമായി പ്രവർത്തിക്കണം. അതുപോലെ നിരവധി വിദ്യാർത്ഥികൾക്ക് അവസരം കൊടുക്കുന്ന ഈ ബിൽ നിയമമാക്കണമന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി.കെ.ദേവകുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടിക്രമവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

5.30 p.m.]

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു അന്തരീക്ഷത്തിൽ ചർച്ച ചെയ്യേണ്ടി വരുമെന്ന ധാരണയിലല്ല നമ്മൾ കഴിഞ്ഞ പ്രാവശ്യം ചർച്ച ചെയ്ത് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചത്. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയ്ക്ക് നൽകിയ ഒരു ഉറപ്പുണ്ട്. ആ ഉറപ്പെന്നു പറയുന്നത് ഇവിടെ ചില ആളുകൾ പറഞ്ഞു. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പാർലമെന്റിൽ 61 എം.പി.-മാരുണ്ടെന്നു സൂചിപ്പിച്ചത് ഒരു ഭീഷണിയുടെ സ്വരമാണെന്നു വരെ ഭരണകക്ഷി എം.എൽ.എ.മാർ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. അതിന്റെയൊക്കെ അടിസ്ഥാനത്തിലായിരിക്കും ഒരു സമവായത്തിൽ ഈ ബിൽ പാസ്സാക്കിയെടുത്ത് എത്രയും വേഗം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കയച്ച് ഭരണഘടനയുടെ ഭാഗമാക്കി മാറ്റണമെന്ന് നിർദ്ദേശം വച്ചത്. ഞാൻ ബഹുമാന്യനായ ജോസഫ് മുണ്ടശ്ശേരിയെ ഓർമ്മിപ്പിക്കുന്നില്ല. ഓർമ്മിപ്പിച്ചിട്ട് കാര്യവുമില്ല. അങ്ങയുടെ

നേതാവ് സി.എച്ച്. ഇരുന്ന കസേരയിലാണ് അങ്ങ് ഇരിക്കുന്നത്. ആത്മാഭിമാനമുണ്ടെങ്കിൽ ഇന്ന് ബിൽ പൈലറ്റ് ചെയ്യാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കസേരയിൽ ബഹുമാനപ്പെട്ട നാലകത്ത് സൂപ്പി ഇരിക്കരുത്. കാരണം സബ്ജക്ട് കമ്മിറ്റിയിൽവച്ച് സൃഷ്ടിപരമായ ഭേദഗതികൾ ബോദ്ധ്യപ്പെട്ടുകൊണ്ട്, ആ ഭേദഗതികൾ ചർച്ചചെയ്തുകൊണ്ട് നമുക്ക് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരു സമവായത്തിലൂടെ ബിൽ പാസ്സാക്കണമെന്ന് നിർദ്ദേശിച്ച ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും നാഴികയ്ക്ക് നാല്പതുവട്ടം സമവായത്തിനുവേണ്ടി നിർദ്ദേശിക്കുന്ന അങ്ങയുടെ പാർട്ടിതന്നെയാണല്ലോ സമവായത്തിനുവേണ്ടി പിരിഞ്ഞിട്ട് സബ്ജക്ട് കമ്മിറ്റിയിൽ അംഗമല്ലാത്ത നിയമവകുപ്പുമന്ത്രിയെ നിയമോപദേശം സ്വീകരിക്കാനെന്നു പറഞ്ഞ് സ്പീക്കറുടെ പ്രത്യേക അനുമതി മേടിച്ച് ക്ഷണിച്ചുവരുത്തി പങ്കെടുപ്പിച്ച് ഈ ബില്ലിന്റെ അന്തസ്സത്തയെ തകർക്കാൻ അവസരം ഉണ്ടാക്കിക്കൊടുത്തത്? ഇതാണല്ലോ സമവായം? ഇതിനാണല്ലോ ഞങ്ങളോട് ആവശ്യപ്പെട്ടത്? നാഴികയ്ക്ക് നാല്പതുവട്ടം സമവായം ആവശ്യപ്പെടുന്ന വ്യവസായവകുപ്പുമന്ത്രിയുടെ പാർട്ടി ഇതാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമവായമെന്ന് ഉദാഹരണസഹിതം ബോദ്ധ്യപ്പെടുത്തുകയാണ്. നിങ്ങളുടെ ഇന്നത്തെ ബുദ്ധിമുട്ട് ഞങ്ങൾ മനസ്സിലാക്കുന്നു. ഭരണകക്ഷിയിലെ ഒരു വിഭാഗം ചങ്ങലയില്ലാത്ത ആനയ്ക്ക് മദം പൊട്ടിയതുപോലെ ഇന്ന് പാഞ്ഞുനടക്കുകയാണ്.അതിൽ സീനിയറായ ചില ആളുകൾപോലും നാളെ മന്ത്രിമാരാകാൻ ചിലപ്പോൾ കഴിഞ്ഞേക്കുമെന്ന ധാരണ പരത്തിക്കൊണ്ട് മദംപൊട്ടിയ ആനയുടെ മട്ടിൽ ക്യാന്റീൻ ഉൾപ്പെടെയുള്ള വേദി ഉപയോഗിച്ചത് ഞങ്ങൾ കണ്ടതാണ്. ജൂനിയറായ ചില മെമ്പർമാർപോലും ജനിക്കുന്നതിനുമുമ്പ്, ഞാൻ ജനിക്കുന്നതിനുമുമ്പ് നിയമസഭയിൽ അംഗമായ സീനിയറായ മന്ത്രിയുടെ കോളറിൽ പിടിച്ച് വർത്തമാനം പറയുന്ന സ്ഥിതി ഈ സഭയിൽ നേരിട്ട് കാണേണ്ടിവന്നു. ഈ സാഹചര്യങ്ങളൊക്കെ സൃഷ്ടിയാണ്. ഈ ബില്ലിനെ ഈ പരുവത്തിൽ ആക്കിയതിനെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. കെ.എസ്.യു. വിദ്യാർത്ഥി സംഘടന ഉൾപ്പെടെ കേരളത്തിലെ ഭരണ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകൾക്ക് ഒരു സ്വാധീനവും ഈ ഗവൺമെന്റിൽ ചെലുത്താൻ കഴിയുന്നില്ല. പ്രതിപക്ഷം ഒന്നാകെയും ഭരണകക്ഷിയിലെ നല്ലൊരു വിഭാഗം ആളുകളും നടത്തിയ അഭിപ്രായ പ്രകടനത്തെ ഈ ബില്ലിന്റെ ഒരു വകുപ്പിലും സ്വാധീനിക്കാൻ കഴിഞ്ഞില്ല. വളരെ വാദമുഖങ്ങൾ നിരത്താൻ വഴങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറി ജാഗ്രതയോടുകൂടി അപ്പുറത്ത് ഇരിപ്പുണ്ട്. പക്ഷേ ഒരു കാര്യം അങ്ങ് മനസ്സിലാക്കണം. നിങ്ങളുടെ ഗവൺമെന്റിനുമേൽ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു ശക്തിയേ കേരളത്തിൽ ഉള്ളൂ. അത് കേരളത്തിലെ സമ്പന്ന വർഗ്ഗമാണെന്ന് ഈ ബില്ലിലൂടെ നിങ്ങൾ തെളിയിച്ചിരിക്കുകയാണ്. കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, അധ്യാപക സംഘടനകൾ, സാമൂഹ്യ പ്രതിബദ്ധതയുള്ള രാഷ്ട്രീയ പ്രവർത്തകർ, ഞാൻ ആ വാക്ക് ഉപയോഗിക്കുന്നു, പ്രതിപക്ഷമെന്ന് ഞാൻ ചുരുക്കുന്നില്ല. അവരുടെയൊന്നും അഭിപ്രായം മാനിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. നിയമവകുപ്പുമന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ വന്ന് എന്താണ് ചെയ്തത് എന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പരസ്യമാണ്, അങ്ങാടിയിൽ പാട്ടാണ്. ആ നിയമവകുപ്പുമന്ത്രിയും യു.ഡി.എഫ്. കൺവീനറുംകൂടി ഈ ബില്ലിനെ ഹൈജാക്ക് ചെയ്തു എന്നുപറഞ്ഞാൽ ഒരുപക്ഷേ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുകയില്ല. എന്തുകൊണ്ട് ഈ കാര്യത്തിൽ നിങ്ങൾ ഇത്തരം ആളുകൾക്ക് വഴങ്ങുന്നുവെന്ന് ചോദിച്ചാൽ നിങ്ങളുടെ താല്പര്യം അതാണ്. സ്വാശ്രയ കോളേജ് ഇവിടെ വന്നതുകൊണ്ടുള്ള മഹത്തായ ചില നടപടികളെ സംബന്ധിച്ച് ഇവിടെ ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഒറ്റ കാര്യം മാത്രം പറയാം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഒരു വർഷം ആയിരം പേരാണ് എം.ബി.ബി.എസ്. ഡിഗ്രി എടുക്കുന്നത്. അതിൽ 800 പേർ ഗവൺമെന്റ് കോളേജിലും 200 പേർ സംസ്ഥാനത്തിന് പുറത്തുമാണ്. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ഇപ്പോഴത്തെ രജിസ്റ്റേർഡ് ഡോക്ടർമാരുടെ എണ്ണം 33,136 ആണ്. ഈ 33,136 എം.ബി.ബി.എസ്. ഡോക്ടർമാർ കേരളത്തിലെ 3,18,00,000 വരുന്ന കേരളീയർക്കു വേണ്ടിയുള്ളതാണ്. അതായത് 956 ആളിന് ഒരു എം.ബി.ബി.എസ്. ഡോക്ടർ എന്ന കണക്കിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ പത്തു ശതമാനത്തിലേറെ കേരളം വിട്ടുപോകുന്നില്ല. ഇത് എന്റെ കണക്കല്ല. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുന്ന കണക്കുമല്ല. പത്തു ശതമാനത്തിലേറെ ആളുകൾ കേരളം വിട്ടുപോകുന്നില്ല. അപ്പോഴാണ്. നിങ്ങൾ സ്വാശ്രയ മെഡിക്കൽ കോളേജ് കൊണ്ടുവന്നിട്ട് അതിന്റെ മഹനീയത വിശദീകരിക്കാൻ എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട ആലപ്പുഴ എം.എൽ.എ. ഉൾപ്പെടെ ഇവിടെ വലിയ പരിശ്രമം നടത്തിയത്. ഇതിൽ 50 ലക്ഷം രൂപ മുടക്കി പഠിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ അവർ പാസ്സായിവന്നുകഴിഞ്ഞാൽ മുടക്കിയ തുക തിരിച്ചുകിട്ടണ്ടേ? അത് കേരളത്തിലെ വൈദ്യചികിത്സാരംഗത്ത് എന്ത് പ്രതിബന്ധമുണ്ടാക്കുമെന്ന് ഈ വാദഗതികൾ ഉന്നയിക്കുന്നവർ സമർത്ഥമായി പരിശോധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എങ്ങനെയിരിക്കുമെന്ന് ചോദിച്ചാൽ, രണ്ട് കിഡ്നി എന്തിനാണെന്ന് ചോദിച്ച ഒരു മഹാനായ ഗാന്ധിയൻ അപ്പുറത്ത് ഇരിപ്പുണ്ട് നിങ്ങളുടെ മന്ത്രിസഭയിൽ. ഇക്കാര്യം ആരോഗ്യ വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ രേഖാമൂലം ഞാൻ സംസാരിക്കാം. ഇപ്പോൾ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. വൈദ്യശാസ്ത്ര പ്രകാരം ഒരാൾക്ക് ഒരു കിഡ്നി മതിയെന്നാണ് ഒരു മഹാനായ ഗാന്ധിയന്റെ 21-ാം നൂറ്റാണ്ടിലെ കണ്ടുപിടുത്തം. അദ്ദേഹവും ഒരു ഉദ്യോഗസ്ഥനുംകൂടി ചേർന്നുകൊണ്ട് ചെയ്ത ഒരു മഹാപാതകമാണ് കേരളത്തിൽ സ്വാശ്രയ മാനേജുമെന്റിനെ ഇങ്ങനെ അനിയന്ത്രിതമായി ഫീസ് ഈടാക്കുന്നതിന് പ്രചോദനം തോന്നിയത്. കേരള ഹൈക്കോടതിയിൽ ഒരു കേസ്സിൽ അദ്ദേഹവും കേരളത്തിലെ ഒരു ഐ.എ.എസ്. ആഫീസറുംകൂടി ചേർന്ന് ഒരു സത്യവാങ്മൂലം കൊടുത്തു. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് അനുവദിക്കുന്ന ബഡ്ജറ്റ് അലോക്കേഷനെ മെഡിക്കൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വച്ച് ഹരിച്ചു ഈ മാന്യൻമാർ. എന്നിട്ട് ആശുപത്രിക്ക് അനുവദിച്ചിരിക്കുന്ന അലോക്കേഷൻ ഒരു വിദ്യാർത്ഥിയുടെ ചെലവ് എന്ന തരത്തിൽ കോടതിയിൽ സ്റ്റേറ്റ്മെന്റ് കൊടുത്തു. മന്ത്രി പറഞ്ഞു ഞാൻ അറിഞ്ഞില്ലായെന്ന്. അത് അറിഞ്ഞു എന്നു പറഞ്ഞതിന്റെ തെളിവാണ് ഇപ്പോൾ അത്യാവേശത്തോടുകൂടി ചാടിയെണീറ്റ് ഒരു ഡീംഡ് യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ന്യായീകരിക്കാൻ ശ്രമിച്ചത്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ കൂടുതൽ വശങ്ങളിലേയ്ക്ക് പോകുന്നില്ല. തെളിവുസഹിതം സഭയിൽ കൊണ്ടുവരാം. ഇതാണ് ഇന്ന് സ്വകാര്യ ആശുപത്രിക്ക് മാനേജുമെന്റുകൾ കൊടുത്തിരിക്കുന്ന മാനദണ്ഡം. വേറെ മാനദണ്ഡമൊന്നുമില്ല. തിരക്കി പോകണ്ട. ഈ ഐ.എ.എസ്. ഉദ്യോഗസ്ഥനും ഈ മന്ത്രിയുംകൂടിയാണ് ഈ വാദഗതി ഉണ്ടാക്കിയത്. സർക്കാർ മെഡിക്കൽ കോളേജിലെ ചികിത്സ സൗജന്യമാണ്. നമ്മൾ അംഗീകരിക്കുന്നു. പക്ഷേ സ്വാശ്രയ മെഡിക്കൽ കോളേജിലെ ചികിത്സയോ? പനിയായിട്ട് ചെല്ലുന്നവനെ സ്കാൻ ചെയ്യും. ആവശ്യമുള്ളതും ഇല്ലാത്തുമായ മുഴുവൻ ടെസ്റ്റും അവർ നടത്തിക്കും. മാത്രമല്ല ചികിത്സയ്ക്ക് അവർ തീരുമാനിക്കുന്ന ഫീസ് ഈടാക്കും. ആ ആശുപത്രിക്ക് മുടക്കിയിരിക്കുന്ന മുതലും ഈ കുട്ടികളുടെ കയ്യിൽനിന്ന് ഫീസായി കിട്ടണമെന്ന ആവശ്യം ഉണ്ടാക്കാൻ അവകാശം ഉണ്ടാക്കിക്കൊടുത്ത മന്ത്രിയടങ്ങുന്ന മന്ത്രിസഭയാണ് ഇപ്പോഴത്തെ ഐക്യജനാധിപത്യ മുന്നണിയുടെ മന്ത്രിസഭ. അവിടെയാണ് ഈ താല്പര്യം നിങ്ങൾ മനസ്സിലാക്കേണ്ടത്. ഇത് പറയാതെ വെറുതേ ബില്ലിലേയ്ക്ക് വന്നിട്ട് കാര്യമില്ലല്ലോ. താല്പര്യം എവിടെ നിൽക്കുന്നു? ഏതുതരത്തിലും സ്വാശ്രയ മാനേജുമെന്റുകളെ സംരക്ഷിച്ച് അവർക്ക് പണമുണ്ടാക്കി കൊടുക്കാൻ നിൽക്കുന്നു. എൻ.എസ്.എസ്സ്.-ന്റെ ജനറൽ സെക്രട്ടറി അവരുടെ ബഡ്ജറ്റ് സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ ഉൾപ്പെടെയുള്ള ഭരണകക്ഷി അംഗങ്ങളോട് ഞാൻ ചോദിക്കുന്നു, നായർ സർവ്വീസ് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറി ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തിയ അഭിപ്രായത്തോട് ഐക്യജനാധിപത്യമുന്നണിയുടെ അഭിപ്രായം എന്താണ്? നിങ്ങൾ പറയാൻ തയ്യാറാകണം. 50% സീറ്റിന്റെ കാര്യത്തിൽ മാത്രം തർക്കമില്ല. ബാക്കി 50% സീറ്റിന്റെ കാര്യത്തിലാണ് തർക്കമുള്ളത്. സ്വാശ്രയ കോളേജിലെ അഡ്മിഷനേയും ഫീസിനേയും സംബന്ധിച്ച് ഒരു സംവിധാനം ഉണ്ടാക്കുക. അങ്ങനെ ഉണ്ടാക്കുമ്പോൾ അഡ്മിഷന്റെ കാര്യത്തിലും ഫീസിന്റെ കാര്യത്തിലും 50%-ൽ നമ്മൾ ധാരണയിലെത്തി. 50%-ൽ നമ്മൾ ധാരണയിലെത്തിയതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉപ നേതാവും ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 50% ധാരണയിലെത്തി. 50% ആണ് അവശേഷിക്കുന്നത്. അതിനെക്കുറിച്ച് ധാരണയിലെത്താമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. എന്തുകൊണ്ട് ധാരണയിലെത്താൻ കഴിയുന്നില്ല. അതിന് മറുപടി പറയണ്ടേ? കഴിഞ്ഞ ദിവസം സബ്ജക്ട് കമ്മിറ്റിയിൽവച്ച് ധാരണയിലെത്താമെന്ന് പറഞ്ഞിരുന്നു. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാൻ ഒരക്ഷരവുമില്ല. കഷ്ടമല്ലേ? ആരെങ്കിലും വന്ന് പുറകിൽനിന്ന് കോളറിൽ പിടിക്കുമെന്ന് വിചാരിച്ചായിരിക്കും. ബിൽ അവതരിപ്പിച്ചുകൊണ്ട് ഒരക്ഷരവും പറയാനില്ലായെന്നാണ് പറഞ്ഞത്. ഈ നിയമസഭയിൽ അങ്ങ് നൽകിയ ഉറപ്പ് എന്തുകൊണ്ട് പാലിക്കാൻ കഴിയുന്നില്ലായെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയണ്ടേ? എനിക്ക് ഒരക്ഷരവും പറയാനില്ലെന്നാണ് ചോദിച്ചപ്പോൾ പറഞ്ഞത്. അങ്ങേയ്ക്ക് പറയാൻ കഴിയുകയില്ല. കാര്യകാരണസഹിതം ഞങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഇതിനോട് സഹകരിക്കണമെന്നു പറയാനുള്ള ബാദ്ധ്യത ബിൽ അവതരിപ്പിച്ച മന്ത്രിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലേ? എന്തുകൊണ്ട് ആ ബാദ്ധ്യത നിങ്ങൾ ഏറ്റെടുത്തില്ല? ഏറ്റെടുക്കാൻ കഴിയുകയില്ല. ഏറ്റെടുത്താൽ ഇൻഡ്യൻ കോഫി ഹൗസിൽ നടന്ന രംഗം ഒരുപക്ഷേ നിയമസഭയ്ക്കകത്ത് വീണ്ടും ആവർത്തിച്ചേക്കും. അവിടെയാണ് പ്രശ്നം. ഒരു ഘടകകക്ഷി ചെയർമാന്റെ പിടലിക്ക് പിടിക്കാൻ ചെന്നതിനെ സംബന്ധിച്ച് സായാഹ്ന പത്രത്തിൽ അച്ചടിച്ചുവന്നിരിക്കുന്നു. ഞാൻ അത് ആവർത്തിക്കണോ? കേരള കോൺഗ്രസ്സ് പാർട്ടിയുടെ ചെയർമാനായ ശ്രീ. ജോണി നെല്ലൂരിനെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറി പിടലിക്ക് പിടിക്കാൻ ചെന്നപ്പോൾ ആളുകൾ പിടിച്ചുമാറ്റിയെന്നാണ് അച്ചടിച്ചു വന്നിരിക്കുന്നത്. ഞാൻ ചെന്നപ്പോൾ രണ്ടു മിനിട്ട് താമസിച്ചുപോയി. അത്രയും ഭാഗ്യം. എനിക്ക് നേരിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് സായാഹ്ന പത്രത്തിൽ അച്ചടിച്ചുവച്ചിരിക്കുന്ന കാര്യം പറഞ്ഞത്. ഇവിടെ ഘടകകക്ഷി മന്ത്രിമാർ എന്ന് പറയുന്ന കുറെ പാവപ്പെട്ട മനുഷ്യ ജീവികളെ കൈകാര്യം ചെയ്യുന്ന ഒരു രീതിയുണ്ടല്ലോ. ആ രീതിയല്ല സഭയെ ഈ പരുവത്തിൽ കൊണ്ട് എത്തിച്ചത്.

ശ്രീ. തമ്പാനൂർ രവി: ഘടകകക്ഷികളായ മന്ത്രിമാരെ കൈകാര്യം ചെയ്തു എന്ന് പറഞ്ഞല്ലോ. കേരളത്തിലെ മുന്നണി സംവിധാനത്തിൽ ഘടകകക്ഷി മന്ത്രിമാരെ ഏറ്റവും കൂടുതൽ കൈകാര്യം ചെയ്തിട്ടുള്ള ആളുകൾ എൽ.ഡി.എഫ്. ആണെന്ന കാര്യം അങ്ങ് വിസ്മരിക്കുമോ?

ശ്രീ. ടി. കെ. ദേവകുമാർ: കേരളത്തിൽ ഭരണ മുന്നണിയ്ക്കകത്ത് ഒരുപാട് രാഷ്ട്രീയ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. പക്ഷേ, അങ്ങ് മനസ്സിലാക്കണം, ബഹുമാന്യനായ ആർ. ബാലകൃഷ്ണപിള്ളയുടെ അടുത്തു വന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിക്കുന്നത് എനിക്ക് മനസ്സിലാകും. ശ്രീ. ബാലകൃഷ്ണപിള്ള എന്ന് പറയുന്ന മനുഷ്യൻ പാർലമെന്റ് പ്രവർത്തനം തുടങ്ങുമ്പോൾ ജനിച്ചിട്ടില്ലാത്ത ഒരു മെമ്പർ വന്ന് കോളറിൽ പിടിച്ചാൽ......... ഇതിനു മുമ്പ് ഭരണകക്ഷി നേതാക്കൻമാർ തെരുവിൽ തല്ലുന്ന സ്ഥിതി ഉണ്ടായിരുന്നോ?

മി. ചെയർമാൻ: അങ്ങ് ബില്ലിലേയ്ക്ക് വരു.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ബില്ലിലേയ്ക്ക് വരുകയാണ്.

ശ്രീ. എ. കെ. ബാലൻ: മാനേജുമെന്റിന് ഇഷ്ടം പോലെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാനുള്ള സംരക്ഷണം ഈ ബില്ലിന്റെ ക്ലാസ് 2- ലും ക്ലാസ് -4 ലും കൊടുക്കുന്നുണ്ട് എന്ന കാര്യം മെമ്പർ മനസ്സിലാക്കിയോ?

ശ്രീ. ടി. കെ. ദേവകുമാർ: അത് മനസ്സിലാക്കുന്നുണ്ട്. കള്ളൻ കപ്പലിൽ തന്നെയാണ്. സദുദ്ദേശപരമായി 50% സീറ്റിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് ഒരു യോജിപ്പിലെത്താം എന്ന് ഞങ്ങളുടെ നേതാക്കൻമാർ പറഞ്ഞതനുസരിച്ച് ഞങ്ങൾ കാത്തിരിക്കുകയാണ് ഇപ്പോൾ വിദ്യാഭ്യാസ മന്ത്രിയുടെ വായിൽ പ്ലാസ്റ്റർ ഒട്ടിച്ച് വിട്ടിരിക്കുകയാണ്. ഒരു കാര്യം വിദ്യാഭ്യാസ മന്ത്രി മനസ്സിലാക്കണം. സബ്ജക്ട് കമ്മിറ്റിയിൽ നിയമാവകാശം തന്ന ബഹുമാന്യനായ നിയമ വകുപ്പുമന്ത്രിക്ക് ഇത് 9-ാം പട്ടികയിൽ ഉൾപ്പെടുത്താൻവേണ്ടി കൈപൊക്കാൻ പാർലമെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരൊറ്റയാളുണ്ടോ? കേരളത്തിലെ താൽപ്പര്യം സംരക്ഷിക്കാൻ ഈ നിയമം സംവിധാനം ചെയ്യുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മാണി സാറിന് പാർലമെന്റിൽ ചെന്ന് പൊക്കിക്കാൻ അര കയ്യ് ഇല്ല. അത് മനസ്സിലാക്കുന്നത് നിങ്ങൾക്കും കേരളത്തിനും നല്ലതാണ്. 50% സീറ്റ് എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ളതാണ് പ്രശ്നം. ട്രോജൻ കുതിരയാണ് എന്ന് പറഞ്ഞ ആളുകൾ ഞങ്ങളുടെ പിന്തുണയോടുകൂടി പ്രധാനമന്ത്രി കസേരയിൽ ഇരിക്കുന്നല്ലോ. അത് സന്തോഷമുള്ള കാര്യം തന്നെ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്............

ശ്രീ. ടി. കെ. ദേവകുമാർ: സർവ്വതന്ത്ര സ്വതന്ത്രമായി സ്വാശ്രയ മാനേജുമെന്റിനെ വിടണമെന്നും സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നിയന്ത്രണം സ്വാശ്രയ മാനേജുമെന്റ് സീറ്റിൽ ഉണ്ടാകണമെന്നുമുള്ള രണ്ട് അഭിപ്രായമാണ് കേരളീയ ജനസമൂഹത്തിൽ നിലനിൽക്കുന്നത്. അതാണ് നിയമസഭയിൽ പ്രതിപക്ഷത്തും അത്യപൂർവ്വമായി ഭരണകക്ഷി അംഗങ്ങളിലും ഇന്ന് ഉണ്ടായിരിക്കുന്ന ചേരിതിരിവ്. ഒരു കാര്യം ബഹുമാനപ്പെട്ട ചെയർ മനസ്സിലാക്കണം പറയാനുള്ളത് മുഴുവൻ പറയാനുള്ള അവസരം കിട്ടണം. അതിനുശേഷമേ ഈ ബിൽ പാസ്സാക്കാൻ പറ്റുകയുള്ളൂ. ഞങ്ങൾ സഹകരിക്കാൻ തയ്യാറാണ്. കാരണം, ഇത് കേരളത്തിലെ ജനങ്ങൾ അറിയേണ്ട പ്രശ്നമാണ്. കേരളത്തിലെ മതേതര ജനാധിപത്യ സംവിധാനത്തിന് നിരക്കാത്ത തീരുമാനങ്ങൾ എടുത്തിട്ടുള്ള മാനേജുമെന്റിനെ ഞാൻ ഓർക്കുന്നു. എന്റെ ഏറ്റവും മൂത്ത സഹോദരി ബി.എഡ്. പാസായപ്പോൾ എൻ.എസ്.എസ്. മാനേജുമെന്റ് പത്ത് പൈസപോലും വാങ്ങിക്കാതെ അവർക്ക് ജോലി കൊടുത്തു. അതേസമയം കേരളത്തിലെ ചില സഹകരണ മാനേജുമെന്റുകൾ മതേതര ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു മാനേജുമെന്റിനും എടുക്കാൻ പറ്റാത്ത തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. എൻ.എസ്.എസ്.-ഉം എസ്.എൻ.ഡി.പി.-യും ക്രിസ്ത്യൻ മിഷനറിമാരും എം.ഇ.എസും അടക്കമുള്ള മാനേജുമെന്റുകൾ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ സംഭാവനകൾ ചെയ്യാനാണോ വന്നിരിക്കുന്നത്? ആണെന്ന ധാരണ എനിക്കില്ല. കഴിഞ്ഞ ദിവസം ആരോ ഇവിടെ ഒരു പാതിരിയുടെ പേര് പറയുന്നത് കേട്ടു. അതുപോലെ ആരും വരുന്നില്ല. അതിന്റെ അർത്ഥമെന്താണ്? ഇമ്മിണി കാശ് മുടക്കി ഒത്തിരി കാശ് ഉണ്ടാക്കുക എന്നതാണ്. അത് മാത്രമല്ല, സർവ്വതന്ത്ര സ്വതന്ത്രമായി സ്വാശ്രയ മാനേജുമെന്റുകളെ വിടണോ അതോ സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ ഈ മാനേജുമെന്റുകളുടെമേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകണോ? ഈ ചോദ്യത്തിന് നിയമസഭ ഉത്തരം കണ്ടെത്തേണ്ടതാണ്. ബഹുമാന്യനായ ഇ.ടി. മുഹമ്മദ് ബഷീർ ജനങ്ങളുടെ പക്ഷത്തുനിന്നു എന്നുള്ള അഭിപ്രായം എനിക്കുണ്ട്. അതുപോലും പരിഗണിക്കാൻ അപ്പുറത്തുള്ള മഹാഭൂരിപക്ഷം ആളുകളും തയ്യാറല്ല. സ്വാശ്രയ മാനേജുമെന്റിന്റെമേൽ നിയന്ത്രണം വേണം 50% സീറ്റ് എന്ന് പറയുന്നത് സംവരണത്തിന്റേയും മെരിറ്റിന്റേയും അടിസ്ഥാനത്തിൽ കിട്ടുന്ന സ്ഥാപനം എന്ന തരത്തിൽ.................

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ബില്ലിന്റെ കാര്യത്തിൽ ഒരു സമയനിഷ്ഠ പാലിക്കണം. ഇതിനുമുമ്പ് ഈ നിയമസഭയിൽ ഒട്ടേറെ ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്. വകുപ്പു തിരിച്ചുള്ള ചർച്ചയ്ക്ക് ഇതിനു മുമ്പ് ഇത്രയും കൂടുതൽ സമയം എടുത്തിട്ടില്ല. അതുകൊണ്ട് എല്ലാവരും ഒന്ന് സഹകരിക്കണം.

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങനെയാണെങ്കിൽ ഞങ്ങൾ പോയിത്തരാം. നിങ്ങൾ 10 മിനിട്ട് കൊണ്ട് പാസാക്കിക്കോളു.

മി. ചെയർമാൻ : അതിന്റെ അർത്ഥം അങ്ങനെയാണോ? പറയാനുള്ള അവസരം ഒരുപാട് കിട്ടിയില്ലേ?

ശ്രീ. ടി. കെ. ദേവകുമാർ: ബില്ലിന് പുറത്തു പോയി സംസാരിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ചെയറിന് അധികാരം ഉപയോഗിച്ച് ഇടപെടാം. ബില്ലിനെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത് അതിനുള്ള സമയം അനുവദിക്കണം. ഞാൻ പറഞ്ഞു വരുന്നത്, സ്വാശ്രയ മാനേജുമെന്റിലെ സീറ്റ്, ഫീസ്, അഡ്മിഷൻ ഈ കാര്യങ്ങൾ തീരുമാനിക്കാൻ എന്ത് സംവിധാനമാണുള്ളത് എന്നാണ്. അഡ്മിഷന്റെ കാര്യത്തിൽ സ്വന്തം സമുദായത്തിൽപ്പെട്ടവർക്ക് മാത്രമേ കൊടുക്കുകയുള്ളു എന്ന് തീരുമാനിക്കാൻ ഒരു മാനേജുമെന്റിനും അവസരം ഉണ്ടാക്കാൻ പാടില്ല. ഈ കേരളത്തിൽ മാനേജുമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന ആളുകൾക്ക് മാത്രമേ തങ്ങൾ ചോദിക്കുന്ന പൈസ തരുകയും അത് പുറത്ത് പറയാതിരിക്കുന്നവർക്ക് മാത്രമേ ഈ സീറ്റ് കിട്ടുകയുള്ളു എന്ന സ്ഥിതിവിശേഷം ഒരിക്കലെങ്കിലും ഉണ്ടാകാൻ പാടില്ല. സ്വാശ്രയമാനേജുമെന്റിനെ സംബന്ധിച്ചിടത്തോളം അഡ്മിഷന്റെ കാര്യത്തിൽ പൊതുമാനദണ്ഡ പരീക്ഷയിൽ നിന്നും ആളുകളെ റിക്രൂട്ട് ചെയ്യാനുള്ള സ്ഥിതിവിശേഷം ഉണ്ടാകണം.

സർ, അഡ്മിഷന്റെ കാര്യത്തിൽ ഒരു പൊതുവായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ എടുക്കാനുള്ള അവസരം ഉണ്ടാകണം. കാരണം

6.00 p.m.]

മാനേജുമെന്റുകളുടെ സങ്കുചിത താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ആളെ തെരഞ്ഞെടുക്കുകയെന്ന സമീപനം കേരളത്തിൽ ഉണ്ടാകുന്നത് കേരളത്തിന്റെ മതേതര ജനാധിപത്യത്തിനുതന്നെ അപകടം സംഭവിക്കുന്നതാണ്. അത് ഉണ്ടാകാതിരിക്കാനുള്ള സംവിധാനം ഈ ബില്ലിൽ ഉണ്ടാകണം. രണ്ട്, ഈ ഫീസിനെ സംബന്ധിച്ച് കാലാകാലങ്ങളിൽ പ്രവർത്തിച്ചുവന്ന സ്വകാര്യ ആശുപത്രികൾക്ക് കാശ് കൊടുക്കുന്ന സ്ഥിതിവിശേഷം......., സ്വകാര്യ മാനേജുമെന്റുകളുടെ ആശുപത്രികളിൽ ഉണ്ടാകുന്ന ചെലവ് കുട്ടികളിൽ നിന്ന് ഈടാക്കുകയില്ലെന്ന് ഉറപ്പുവരുത്താൻ കഴിയണം. ഇതിനകത്ത് പറഞ്ഞിരിക്കുന്ന ഒരു ക്ളോസ് എന്താണെന്നറിയാമോ, ക്യാപ്പിറ്റേഷൻ ഫീസ് കൊടുത്തു എന്ന് പരാതിയുണ്ടായാൽ അത് പരിശോധിക്കാൻ ഒരു കമ്മിറ്റി, എന്നുപറഞ്ഞാൽ സർക്കാർ കാശ് കൊടുത്ത് ഒരു റിട്ടയേർഡ് ജഡ്ജിയെവച്ച്, കമ്മിറ്റിയ്ക്ക് വേറെ ഒരു ജോലിയുമില്ല, എന്താണ് ഉള്ള ജോലി, ആരെങ്കിലും എന്റെ കയ്യിൽ നിന്ന് ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയെന്ന് പരാതി കൊടുത്താൽ അന്വേഷിക്കാനുള്ള ജോലിയേയുള്ളൂ. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ, ഇക്കാര്യത്തിന് വിദ്യാഭ്യാസ മന്ത്രി മറുപടി പറയണ്ടേ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: സഹകരിക്കൂ, പ്ലീസ് ദേവകുമാർ ....

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഇതൊന്ന് പറഞ്ഞു തീർത്തോട്ടെ. ഫീസിനെ സംബന്ധിച്ചിടത്തോളം വ്യക്തതയുണ്ടാക്കാൻ സംവിധാനമുണ്ടാകണം. ആരും ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയെന്ന് പറഞ്ഞ് കോളേജിൽ പഠിക്കുന്ന ഒരു കുട്ടിയുടേയും രക്ഷകർത്താവ് ഈ കമ്മിറ്റിയിൽ ചെല്ലില്ല, .അഡ്മിഷൻ കൊടുത്തതിൽ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയിട്ടുണ്ടോയെന്ന് ഈ കമ്മിറ്റിയ്ക്ക് സ്വയമേവ പരിശോധിക്കാനുള്ള അധികാരം കൊടുക്കണം. അതല്ലാതെ ആരെങ്കിലും കൊടുത്താൽ ഒക്കില്ല. വിദ്യാഭ്യാസത്തെ വിൽപ്പനച്ചരക്കാക്കി മാറ്റുകയെന്നത് അപമാനകരമാണ്. സർക്കാർ ഇടപാടുകളിൽ ഉണ്ടാകുന്നത് മഹാ അപരാധമാണെന്ന് പറയുന്ന സ്ഥിതിവിശേഷം, ആ വാദഗതി ഒഴിവാക്കാൻ കഴിയണം. ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. വസ്തുതാപരമായി പരിശോധിച്ച് ഫീസ് നിശ്ചയിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനാണ് നമ്മൾ സഹകരിക്കേണ്ടത്. അങ്ങനെ ചെയ്യുമ്പോൾ ഇന്ന് കൊണ്ടുവന്നിരിക്കുന്ന ഓരോ ഭേദഗതിയും മാനേജുമെന്റിന് സർവതന്ത്ര സ്വതന്ത്രമായി അധികാരങ്ങൾ കൊടുക്കാൻ മാത്രം സഹായകരമാണ്. അതേ സമയം ഈ മാനേജുമെന്റിന്റെ പേരിൽ സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ ഇടപെടൽ ഉണ്ടാക്കാൻ, ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ആറാം വകുപ്പിന്റെ ഭേദഗതി ഉൾപ്പെടെ അഭിപ്രായമുണ്ട്. അത് ക്ളാസ് ബൈ ക്ളാസ് ഡിസ്കഷനിൽ അറിയാം. പക്ഷെ ഈ സമീപനമാണ് ഗവൺമെന്റ് വച്ചു പുലർത്തുന്നതെങ്കിൽ കേരളത്തിലെ ജനങ്ങളുടെ മുൻപിൽ ഈ ഗവൺമെന്റിന് മറുപടി പറയേണ്ടിവരും. കേരളത്തിൽ വലിയ ജനകീയ പ്രക്ഷോഭത്തിനെ ഗവൺമെന്റ് നേരിടേണ്ടിവരും. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം കുറേ മുതലാളിമാർക്ക് എഴുതിക്കൊടുക്കാൻ ഒരു നിയമം തട്ടിപ്പടച്ച് ഉണ്ടാക്കിയാൽ അതിനെ കയ്യുംകെട്ടി കേരളത്തിലെ വിദ്യാർത്ഥി, അദ്ധ്യാപക സാമൂഹ്യ പ്രതിബദ്ധതയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നോക്കിനിൽക്കുമെന്നുള്ള ധാരണയുണ്ടാകരുത്. അതുകൊണ്ടുതന്നെ ഞാൻ ആവശ്യപ്പെടുന്നു, വിദ്യാഭ്യാസ മന്ത്രി കഴിഞ്ഞ ചർച്ചയിൽ അവസാനം കൺക്ലൂഡ് ചെയ്തു പറഞ്ഞപോലെ, വീണ്ടും ഇത് സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ച് മാന്യമായി കേരളത്തിലെ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാത്ത സാമൂഹ്യപ്രതിബദ്ധതയുള്ള നിയമം ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്ന ജനങ്ങളുടെ പക്ഷത്തുനിന്ന് സബ്ജക്ട് കമ്മിറ്റി ചർച്ച് ചെയ്ത് ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുവരാൻ ഈ ബിൽ വീണ്ടും കൊണ്ടുവരാൻ തയ്യാറാകണം. ഇത് സബ്ജക്ട് കമ്മിറ്റിയ്ക്ക് തിരിച്ചയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ഈ ബില്ലിനെ സംബന്ധിച്ച് ഇതിനു മുൻപും ഞാൻ ഇവിടെ സംസാരിച്ചതാണ്. അതുപോലെ ബിൽ കൊണ്ടുവരാൻ സമ്മർദ്ദങ്ങളുണ്ടായി എന്ന കാര്യം ആർക്കും നിഷേധിക്കാൻ ആകില്ല. ഈ ബിൽ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള അഡ്മിഷൻ ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽപ്പെട്ടതാണ്. ഏതായാലും ഈ ബിൽ നിയമമായി വരുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്ത് എൻജിനീയറിംഗ് കോളേജിലും മെഡിക്കൽ

കോളേജിലും 50 ശതമാനം അഡ്മിഷനുള്ള സാധ്യത തെളിഞ്ഞുവരുന്നു. അതല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ പറഞ്ഞതുപോലെ ശക്തിമായ സമരം നേരിടേണ്ടിവരുമെന്നുള്ള രീതിയിലാണെങ്കിൽ അത് ബുദ്ധിമുട്ടാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും 7250 പേർക്ക് എൻജിനീയറിംഗ് കോളേജിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടാൻ സാധിക്കും. അതുപോലെ 400 പേർക്ക് മെഡിക്കൽ കോളേജിൽ പ്രവേശനം നേടാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്തുനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പോകുന്ന കുട്ടികളെ നമുക്ക് പിടിച്ചുനിർത്താൻ സാധിക്കും. സുപ്രീം കോടതി വിധി മൂലമുണ്ടായ ആ പ്രയാസത്തിൽ നിന്ന് ഉടലെടുത്തതാണ് ബില്ലിന്റെ കാതലായ വശം അതിനെ സംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല, ഈ സർക്കാരിന് കാലാകാലങ്ങളിൽ ഒരു വിജ്ഞാപനത്തിലൂടെ ഏത് ഡിസിപ്ളീനും ഈ നിയമത്തിൽ കൊണ്ടുവരാമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഗവൺമെന്റിന്റെ പോളിസി വ്യക്തമായ പോളിസിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 50 ശതമാനം സീറ്റ് മാനേജുമെന്റ് ക്വാട്ട. ഗവൺമെന്റ് ക്വാട്ട 50 ശതമാനമായി ഫിക്സ് ചെയ്യുന്നു എന്ന ഒരു കാര്യം കൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്ത് നിരവധി കുട്ടികൾക്ക് ഇന്ന് പ്രവേശനം കിട്ടിയിരിക്കുകയാണ്. മാനേജുമെന്റിന്റെ ഫ്ളെക്സിബിലിറ്റി, അത് അനുവദിക്കാൻ പാടില്ലായെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ ആവശ്യപ്പെടുന്നത്. ഒരുസംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ സ്വാശ്രയ കോളേജുകൾ എന്ന ധാരണ വന്ന്, അതുമായി ബന്ധപ്പെട്ട് ഒരു corporate ഉണ്ടാക്കി, ഈ ഗവൺമെന്റ് അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ ചർച്ച ചെയ്യുന്നത്. അത് 9-ാം ഷെഡ്യൂളിൽപ്പെടുത്തണം. ഇപ്പുറത്തും അപ്പുറത്തും ഇരിക്കുന്ന ആളുകൾ ആഗ്രഹിക്കുന്നു. അതിന് വിരുദ്ധമായി പ്രക്ഷോഭം നടത്തുകയെന്ന രീതി സ്വീകരിക്കരുത് എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാരോട് ആവശ്യപ്പെടാനുള്ളത്. ഈ ബിൽ ക്ളാസ് ബൈ ക്ളാസ് ആയി ഇനിയും ചർച്ച ചെയ്യാം, ഞാൻ അവസാനം മറുപടി പറയാം. മാനേജുമെന്റ് ക്വാട്ടയിൽ തോന്നിയ മാതിരി ഫീസ് നിശ്ചയിക്കാനുള്ള അധികാരം കൊടുത്തു എന്ന വാദം ശരിയല്ല. ക്യാപ്പിറ്റേഷൻ ഫീസ് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. അതിനുവേണ്ടി ഒരു കമ്മിറ്റി തന്നെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി പരിശോധിക്കും. കമ്മിറ്റിക്ക് അതിന് അധികാരമുണ്ട്. അനിവാര്യമായ ചെലവുകൾക്ക്, അനിവാര്യമായ ചെലവുകളെന്നേ സുപ്രീം കോടതി പറഞ്ഞിട്ടുള്ളൂ. ആ ചെലവുകൾക്കുവേണ്ടി മാനേജുമെന്റിന് ഡെവലപ്മെന്റ് ഫീസ് എന്ന നിലയ്ക്ക് വാങ്ങിക്കാനുള്ള സൗകര്യമുണ്ട്. നമ്മൾ ഇന്ന് പ്ളസ് ടു സ്കൂളുകളിലും അതുപോലെ എൽ. കെ. ജി. മുതൽ.......മാനേജുമെന്റ് സ്കൂളുകളടക്കം പൈസ പിരിക്കുന്ന ഏർപ്പാട് ഉണ്ട്. അത് നമ്മൾ കാണാതിരുന്നിട്ട് കാര്യമില്ല. മാനേജുമെന്റിന് തന്നിഷ്ടപ്രകാരം പ്രവർത്തിക്കാനുള്ള അനുമതി നൽകുന്നു എന്നത് ശരിയല്ല, ഒരു കമ്മിറ്റിയുണ്ട്, ആ കമ്മിറ്റിയിൽ പരാതി കൊടുത്താൽ അത് പരിശോധിക്കുന്നതാണ്. ഏതായാലും വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് 5 ലക്ഷം രൂപവരെ ഫൈനും, ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയത് forfeit ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ യൂണിവേഴ്സിറ്റിയുടെ അംഗീകാരം എടുത്തുകളയാമെന്നുള്ള ഒരു പീനൽ പ്രൊവിഷൻ ഇതിലുണ്ട്. അതുകൊണ്ട് ഈ ബിൽ കുറ്റമറ്റതാണെന്ന് ഞാൻ പറയുന്നില്ല, എന്തായാലും പ്രായോഗികതലത്തിൽ നോക്കുമ്പോൾ ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതാണ് നല്ലത്. ഈ ബിൽ പ്രയോഗവൽക്കരിക്കണ്ടേ? നമ്മുടെ എന്തു ഡിമാൻഡു പറഞ്ഞാലും അത് പ്രയോഗത്തിൽ വരണം, അതല്ലെങ്കിൽ ഈ ഏർപ്പാടിനൊന്നും അവസാനമുണ്ടാകില്ല. അതുകൊണ്ടാണ് ഈ ബിൽ ഞാൻ സഭയുടെ മുമ്പാകെ വച്ചത്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇപ്പോൾ ഈ ബിൽ പാസ്സാക്കി നിയമസഭാ സമ്മേളനം പിരിയും. ഇവിടെ ഒരു സമരം ആരംഭിക്കുന്നുണ്ട്, ആ സമരത്തിന്റെ ഭാഗമായി 50% മെറിറ്റ് സീറ്റിൽ കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്ന കോളേജ് എന്നുള്ള നിലയിൽ ഇവർക്ക് ഭാഗീകമായി പേമെന്റ് കൊടുക്കാൻ സർക്കാർ അവരുമായി ഒത്തുതീർപ്പ് ഉണ്ടാക്കില്ല എന്ന് അങ്ങേയ്ക്ക് ഈ സഭയിൽ ഉറപ്പു നൽകാൻ കഴിയുമോ?

ശ്രീ. നാലകത്തു സൂപ്പി: ഗവൺമെന്റ് അതിന് ഓർഡർ ഇറക്കിയിട്ടുണ്ട്. ആ ഓർഡർ പ്രായോഗികമാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ ഓർഡർ 2003-2004 വർഷത്തെ കുട്ടികൾക്കുമാത്രമേ ബാധകമായിട്ടുള്ളൂ. 2002 -2003 മുതലാണ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ആരംഭിച്ചത്. 2002-2003 മുതൽ ഈ ഓർഡറിന് പ്രാബല്യം കൊടുക്കുന്നില്ല എങ്കിൽ കാരക്കോണം മെഡിക്കൽ കോളേജിലെ അബൂബക്കറിനു കൊടുത്ത ഒരു കടലാസാണിത്. 2,12,000 രൂപ അടച്ചില്ലെങ്കിൽ ക്ലാസ്സിൽ നിന്നും പുറത്താക്കുമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതുപോലെ 44 കുട്ടികൾ കാരക്കോണം മെഡിക്കൽ കോളേജിൽ പഠിക്കുന്നുണ്ട്. പരിയാരം മെഡിക്കൽ കോളേജിലുള്ള ഒരു മനുമാത്യു ബഹുമാനപ്പെട്ട കെ. സി. ജോസഫിന്റെ നാട്ടിലെ ശ്രീകണ്ഠാപുരത്താണ്, ഒരു കൃഷിക്കാരന്റെ മകനാണ്, 4,55,000 രൂപ ക്യാപ്പിറ്റേഷൻ ഫീസ് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

Mr. Chairman: Mr. Jayarajan, put your question.

ശ്രീ. എം. വി. ജയരാജൻ: നിങ്ങൾ യഥാർത്ഥത്തിൽ 13,000 രൂപ ഫീസ് കൊടുക്കുക എന്നുപറയുന്നു, സർക്കാർ ഫീസ് എന്നുപറയുന്ന തത്വം ഇവർക്കുകൂടി ബാധകമാകുന്നില്ലെങ്കിൽ ഏതാണ്ട് നൂറിലേറെ കുട്ടികൾ വഴിയാധാരമാകും. ആ പ്രശ്നത്തിന് പരിഹാരം കാണാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്തു സൂപ്പി: ഇപ്പോൾ ഇറക്കിയിരിക്കുന്ന ഓർഡർ അനുസരിച്ച് ഇനിമുതൽ ഈ നിയമം പാസ്സായാൽ ഗവൺമെന്റ് ക്വാട്ടയിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നാണ്.

മി. ചെയർമാൻ: മി. കെ. സി. വേണുഗോപാൽ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: മി. ടി. കെ. ദേവകുമാർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടിക്രമവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, 633, 634, 635, 636 എന്നീ ഔദ്യോഗിക ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(633) In sub-clause (a) of Clause 2, after the word "collected", the words "or received" shall be inserted.

(634) In sub-clause (c) of Clause 2, the words "in the State" in between the words "particular type" and "such as" shall be deleted.

(635) In sub-clause (i) of Clause 2 for the words "by the Government" the words "under the Act" shall be substituted.

(636) In sub-clause (j) (iii) of Clause 2 the words "and includes a deemed university or an institution thereunder functioning in the State" shall be omitted.

ശ്രീ. പി. പി. ജോർജ്ജ്: സർ, സമാനമായ ഭേദഗതികൾ ബഹുമാനപ്പെട്ട മെമ്പർ മൂവ് ചെയ്തിട്ടുവേണ്ടേ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>മി. ചെയർമാൻ:</u> ഓരോ വകുപ്പും എടുക്കുമ്പോൾ അങ്ങനെ സമാനമായ ഭേദഗതികൾ മെമ്പർമാർ അവതരിപ്പിച്ചതുണ്ടെങ്കിൽ അതിന് മുൻഗണന കൊടുക്കണം, അതിന് റൂളിംഗ് ഉള്ളതാണ്.

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, ഞാൻ 128, 150, 191, 273 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(128) In Clause 2 (a) for the word "any" substitute the word "fixed".

(150) Clause 2 (c) shall be deleted and reletter the remaining.

(191) Clause 2 (f) shall be deleted and the remaining shall be relettered.

(273) In Clause 2 (1) after "Cochin University of Science and Technology" add the words "or Agricultural University".

Any amount എന്നതിനുപകരം സർക്കാർ തീരുമാനിക്കുന്ന ഒരു നിശ്ചിത സംഖ്യ എന്നാക്കണം.

<u>ശ്രീ. എ.കെ. ബാലൻ:</u> സർ, 130, 152, 214 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുകയാണ്.

(130) In Clause 2(a) for the words "cash or in kind" substitute the words "cash or in kind for movable and immovable property of any nature".

(152) In Clause 2(c) before the words "self financing" insert the words "unaided and".

(214) In Clause 2(g) insert the word "unaided" before the words "self financing".

ഇതിൽ 130-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല എന്നാണ് എനിക്ക് തോന്നുന്നത്. കാരണം "capitation fees" means any amount, by whatever name called, whether in cash or in kind paid or collected directly or indirectly in addition to the fees determined under Section 4. ഇതിൽ movable or immovable property വരുന്നില്ല. നാളെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നതിനുപകരം, ഒരാൾ 5 ഏക്കർ സ്വത്തായിരിക്കും എഴുതിക്കൊടുക്കുന്നത്. അപ്പോൾ സുഗമമായി ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാതെതന്നെ, പണം വാങ്ങാതെതന്നെ സ്വത്ത് വാങ്ങാം. അതുകൊണ്ട് സ്വാഭാവികമായും സ്വത്തുകൂടി ഇതിന്റെ പരിധിയിൽ വരണം. Movable or immovable property വരണം. ഇതൊരു നിരുപദ്രവകരമായിട്ടുള്ള ഭേദഗതിയാണ്, അത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതിൽ cash or in kind എന്നു പറയുമ്പോൾ പണമായോ സ്വത്തായോ എന്നുമാത്രമേ വരികയുള്ളൂ. പണത്തിനകത്തോ സ്വത്തിനകത്തോ വരുന്നതല്ല immovable property. അപ്പോൾ സ്വാഭാവികമായും ക്യാപ്പിറ്റേഷൻ ഫീസിന്റെ ഭാഗമായി immovable property കൊടുക്കാൻ നിർബന്ധിക്കപ്പെടും, മാനേജുമെന്റ് വാങ്ങുകയും ചെയ്യും. അതുകൊണ്ട് അതിനൊരു safeguard കൊടുക്കുന്നത് നന്നായിരിക്കും. ക്യാപ്പിറ്റേഷൻ ഫീസ്

വാങ്ങരുതെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ അതിൽ വരാൻ സാധ്യതയുള്ള സ്വത്ത് ഇതിൽ നിന്നും ഒഴിവാക്കണം. അതുകൊണ്ട് movable or immovable property എന്നുള്ളത് സ്വീകരിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല എന്നാണ് എനിക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ Subject Committee-ക്ക് അയയ്ക്കുമ്പോൾ സ്വാശ്രയ കോളേജിന്റെ പരിധിയിൽ deemed University വന്നതാണ്. ആ deemed University ഇപ്പോൾ ഒഴിവാക്കേണ്ട യാതൊരാവശ്യവുമില്ല. Deemed University-യുടെ എല്ലാ നിയന്ത്രണങ്ങളും യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. എവിടെനിന്നാണോ അഫിലിയേഷൻ കൊടുക്കുന്നത് ആ യൂണിവേഴ്സിറ്റിയുടെ പക്കൽ നമുക്ക് നിയന്ത്രണം വേണം. അതുകൊണ്ട് അവിടെ നിന്നും ഫീസായാലും അവിടെയുണ്ടാകുന്ന കുട്ടികളുടെ സാങ്ഷനായാലും കേരള ഗവൺമെന്റിന് ഒരു നിയന്ത്രണം വേണ്ടതാണ്. അപ്പോൾ ഒരു പരിതസ്ഥിതിയിലും 636 മന്ത്രി ഒരു ഭേദഗതിയായി അവതരിപ്പിക്കേണ്ടതില്ല, ആദ്യമുള്ള രൂപത്തിൽ തന്നെ അത് 2 (j) (iii) എന്ന രീതിയിൽ retrain ചെയ്യണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. തമ്പാന്നൂർ രവി: സർ, 133, 143, 168, 205, 234, 240,258, 267, 272 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(133) In Clause 2 (a) the words 'from the students or from the parents' shall be added between the words 'directly or indirectly' and 'in addition to'.

(143) In Clause 2 (b) the words "by Government" shall be added between the words "constituted" and "under Section 7".

(168) In Clause 2 (e) the words "reserved for admission by Government", may be inserted between the words "those seats" and "against which".

(205) In Clause 2 (g) the word "trustee" may be inserted between the words "means the" and "trustees".

(234) In Clause 2 (j) the words "or Government Agencies" shall be inserted between the words "from Government" and "for running".

(240) In Clause 2 (j) (i) the words "M.C.A.", "M.B.A." shall be added after the word "technology".

(258) In Clause 2 (j) (iii) the words "from time to time" may be added between the words "Government" and "includes".

(267) In Clause 2 (j) (iii) the following shall be added as (j) (iii) "Law, Teacher Education". The existing (j) (iii) shall be renumbered as (j) (iv).

(272) In Clause 2 (I) insert the word "or Agricultural University" in between the words "Science and Technology" and "or any other".

LIBRARY ARCHIVES Kerala Legislative Assembly

Definitions അഥവാ നിർവ്വചനം എന്ന 2-ാം വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. ഇനി വരാൻ പോകുന്ന തർക്കങ്ങൾക്കും കേസുകൾക്കുമൊക്കെ ഈ നിർവ്വചനങ്ങൾ എന്ന രണ്ടാം വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ് എന്നുള്ള നിലയിൽ ഇത് വളരെ കൂലംകഷമായും, വളരെ സീരിയസ്സായും ചർച്ച നടത്തേണ്ടതുണ്ട്. അതാണ് എന്റെ ഭേദഗതി. "capitation fees" means any amount, by whatever name called, whether in cash or in kind paid or collected........... അതിനകത്ത് വേണ്ടത് from the students or from the parents ....അതിനകത്ത് വേണ്ടതാണ്, അത് വളരെ സ്പെസിഫിക്കാണ്. ....ആരാണ് ഫീസ് കൊടുക്കുന്നത്? From the students or from the parents .... എന്നുകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ 133-ാം നമ്പർ ഭേദഗതി. 143 2 (ബി)-യിൽ committee means the committee constituted by Government under Section 7 എന്ന് ആക്കണം. ആരാണ് കമ്മിറ്റി constitute ചെയ്തത്? The committee constituted by the Government.

മി. ചെയർമാൻ: അതൊക്കെ self explanatory ആണ്. എല്ലാം വേണമെന്നില്ല.

ശ്രീ. തമ്പാനൂർ രവി: 168-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് 2(ഇ)-യിൽ the seats reserved for admission by Government എന്നാക്കണം. 205-ാം നമ്പർ ഭേദഗതി 2(ജി)-ൽ management trustee എന്നുകൂടി ചേർക്കണമെന്നുള്ളതാണ്. 234-ാം നമ്പർ ഭേദഗതി 2 (ജെ)-യിൽ from Government or Government Agencies എന്നുകൂടി വരണമെന്നുള്ളതാണ്. 240-ാം നമ്പർ ഭേദഗതി 2(j) (i)-ൽ engineering and technology എന്നതിനുശേഷം M.C.A. and M.B.A. എന്നുകൂടി add ചെയ്യണം. 258-ാം നമ്പർ ഭേദഗതി 2(j) (iii)-ൽ from time to time എന്നുകൂടി ചേർക്കണമെന്നുള്ളതാണ്. 267-ാം നമ്പർ ഭേദഗതി 2 (ജെ)-യിൽ new clause ആയി renumber ചെയ്യണമെന്നുള്ളതാണ്. Law, Teacher Education എന്നുചേർത്തിട്ട് ഈ ക്ലാസ് renumber ചെയ്യണമെന്നുള്ളതാണ്. 272-ാമത്തെ ഭേദഗതി 2(എൽ)-ൽ ആ യൂണിവേഴ്സിറ്റിയുടെ കൂട്ടത്തിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കൂടിവന്നാൽ കൊള്ളാമെന്നുള്ളതാണ് എന്റെ നിർദ്ദേശം. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വിട്ടുപോയി.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ 131, 132 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(131) In Clause 2(a) in between the words 'kind' and 'paid' add the following:

"or in valuable property of any nature".

(132) In Clause 2 (a) after the word "collected", and before the word "directly" add the following words "or received".

Cash or in kind or in valuable property of any nature അത് മൂവ് ചെയ്തു കഴിഞ്ഞാൽ പിന്നെ 132 "or received" ഈ രണ്ട് ഭേദഗതികളാണ്. പിന്നെയുള്ളത് 284 ആണ്. അതിൽ ആണ് ഈ ഡീംഡ് യൂണിവേഴ്സിറ്റി ഒഴിവാക്കണമെന്ന് പറഞ്ഞിരിക്കുന്നത്. കാരണം ഭരണഘടനയുടെ 246-ാം വകുപ്പ് അനുസരിച്ച് യൂണിയൻ ലിസ്റ്റിലുള്ള ഐറ്റത്തെ സംബന്ധിച്ചിടത്തോളം പാർലമെന്റിന് മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷൻ എന്നുള്ളത്. 42-ാം ഭേദഗതിവരെ സെക്കന്റ് ലിസ്റ്റിൽ ഐറ്റം 11 ആയിട്ടായിരുന്നു. 42-ാം ഭേദഗതിയോടുകൂടി കൺകറന്റ് ലിസ്റ്റിന്റെ 25-ാം എൻട്രിയാക്കി ചേർക്കുകയായിരുന്നു. എന്നാൽ എഡ്യൂക്കേഷൻ പൂർണ്ണമായും കൺകറന്റ് ലിസ്റ്റിൽ കൊടുത്തിട്ടില്ല. എഡ്യൂക്കേഷൻ പൂർണ്ണമായും കൊടുക്കാതെ അത് subject to entry 63, 64, 65 and 66 in list I ....

മി. ചെയർമാൻ: 284 ക്രമാനുസരണമല്ല. വകുപ്പുമായി യോജിക്കുന്നില്ല. എങ്കിലും you can speak.

ശ്രീ. എ. എൻ. രാജൻബാബു: സർ, അത് typographical error ആണ്. ബില്ലിലുള്ള വകുപ്പാണ് എഴുതിയത്. ഇത് കാർവ് ചെയ്തുകൊണ്ട് യൂണിയൻ ലിസ്റ്റിൽ പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് ഡീംഡ് യൂണിവേഴ്സിറ്റി ലിസ്റ്റ് I -ലെ 66 എന്നുള്ള എൻട്രിയിൽ വരുന്നതാണ്. അതിൽ ഇതു സംബന്ധിച്ച് മഹാരാഷ്ട്ര കേസിൽ സുപ്രീംകോടതി സ്പെസിഫിക്കായിട്ട് പറയുകയുണ്ടായി സിവിൽ അപ്പീൽ നമ്പർ 7660/2002. അതിൽ സുപ്രീംകോടതി പറഞ്ഞത് ഇപ്രകാരമാണ്. This further goes to show that admission procedure to a Deemed University is fully occupied by Entry 66 of List I and State cannot exercise any powers over admission procedure—The University or the State Government has no role to play either in the matter of recognition, affiliation or making any financial grants to exercise powers either as condition thereto or in exercise of Entry 25 of List II . Respondents restrained from enforcing their instructions for bringing the institutions of the appellants within the Stream of the Common Entrance Test Examinations. So by virtue of Entry 66 in List I, which is upheld by and also in view of the Supreme Court decision, the State Legislature has no legislative competency in respect of Deemed University. So that, in Clause (j) sub-clause 3 from that clause includes Deemed University, it should be deleted. Consequently in Section 3 sub-clause 4, second proviso is also provided there, where it is provided that with regard to the deemed University, they can have their own test or the consortium test or the Common Entrance Examination. So that the second proviso to sub-clause 4 of Clause 3 also to be deleted.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ എന്റെ 134, 212, 233, 263, 264, 278 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(134) In Clause 2 (a) substitute the words "under Section 4" by the words 'fixed by the Government'.

(212) Delete the word "private" from sub-clause (g) of Clause 2.

(233) In Clause 2 (j) for the words "any financial assistance" substitute the words "any financial assistance or budgetary support".

LIBRARY ARCHIVES Kerala Legislative Assembly

(263) Clause 2 (j) (iii) shall be recast as follows:

"(iii) any other discipline such as Professional Courses including B.Ed., L.L.B., M.B.A., M.C.A and includes a Deemed University or an institution thereunder functioning in the State and off campus centres of other Universities outside the State functioning as branches in the State of Kerala."

(264) In Clause 2(j) (iii) add the following words at the end "and off campus centres of other universities operating in the State".

(278) In sub-clause (1) of Clause 2 add the following words at the end.

"and off campus centers of other Universities established outside Kerala and operating in the State as Centres or Branches."

190 ഇല്ലേ?

മി. ചെയർമാൻ: 190, 191-ന് തുല്യമാണ്.

ശ്രീ. മത്തായി ചാക്കോ: (134) In Clause 2 (a) substitute the words "under Section 4" by the words 'fixed by the Government'. അതിൽ ഞാൻ സംസാരിക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതാണ്. 190-ൽ ഉദ്ദേശിച്ചത് ലാപ്സ്ഡ് സീറ്റിനെ സംബന്ധിച്ചാണ്. ലാപ്സ്ഡ് സീറ്റിൽ മാനേജുമെന്റുകൾക്ക് യഥാർത്ഥത്തിൽ കോമൺ എൻട്രൻസ് ടെസ്റ്റിന് ആളെ എടുക്കുന്ന സമയത്ത് ഏതെങ്കിലും മാനേജുമെന്റുകൾക്ക് അവിടെ സീറ്റ് ഫില്ല് ചെയ്യാതെ വന്നുകഴിഞ്ഞാൽ കോമൺ എൻട്രൻസ് ലിസ്റ്റിൽ നിന്നും മെറിറ്റിൽ നിന്നുവരുന്ന സീറ്റ് ഫില്ല് ചെയ്യാത്ത ഒരു അവസ്ഥ വന്നു കഴിഞ്ഞാൽ മാനേജുമെന്റുകൾക്ക് അവരുടെ ഇഷ്ടം പോലെ അവരുടെ കുട്ടികളെ പ്രവേശിപ്പിക്കാമെന്ന ഒരു വകുപ്പാണ്. യഥാർത്ഥത്തിൽ അത് പല മാനേജുമെന്റുകളും കൃത്രിമം നടത്തുമെന്നുള്ള കാര്യം ഉറപ്പാണ്. മാനേജുമെന്റുകളുടെ സീറ്റുകളിൽ മെറിറ്റിൽ നിന്നും വരുന്ന കുട്ടികൾ, മെറിറ്റിൽ കുട്ടികൾ ചേരാത്ത ഒരവസ്ഥ ഏതെങ്കിലും കോളേജുകളിൽ ഉണ്ടാകുമോ? മെറിറ്റിൽ ഗവൺമെന്റ് പറഞ്ഞിട്ടുള്ള ഫീസ് പ്രകാരം ഏതെങ്കിലും ഒരു കോളേജിൽ കുട്ടികൾ ചേരാതിരിക്കുമോ? അങ്ങനെ ഉണ്ടാവുകയില്ലല്ലോ? സാധാരണ ഗതിയിൽ ഉണ്ടാകാൻ പോകുന്നില്ല. ഇങ്ങനെ ഒരു വകുപ്പ് വച്ചു കൊടുക്കുന്നത് പല സ്ഥലത്തും കോളേജ് മാനേജുമെന്റുകൾക്ക് കൃത്രിമം കാണിക്കാൻ കഴിയും. ഇപ്പോൾ ഉദാഹരണമായിട്ട് കേരളത്തിൽ അഫിലിയേറ്റ് കോളേജുകളിൽ നടക്കുന്നത് എന്താണ്? എസ്.സി./എസ്.ടി. സീറ്റിൽ പലസ്ഥലത്തും കുട്ടികൾ ഉണ്ടാവുകയില്ല. അങ്ങനെ കുട്ടികൾ ഇല്ലാതെ വന്നുകഴിഞ്ഞാൽ ആദ്യം ഒ.ബി.സി. പിന്നെ ഒ.ഇ.സി. വിഭാഗങ്ങളെ പരിഗണിക്കണമെന്നാണ് നിയമം. അത് മറികടന്നുകൊണ്ട് പല കോളേജുകളും എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ലിസ്റ്റ് പോലും പ്രസിദ്ധീകരിക്കാതെ ആ കോളേജുകളിൽ പ്രവേശനം നടത്തുകയാണ്. അതുപോലുള്ള ഒരു അവസരം മാനേജുമെന്റുകൾക്ക് ഉണ്ടാക്കി കൊടുക്കുമെന്നുള്ളതുകൊണ്ട് ലാപ്സ്ഡ് സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്ന വകുപ്പ് ഇതിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. പിന്നെ (212) delete the word "private" അങ്ങനെ ഒരു വാക്ക് ആവശ്യമില്ല എന്നുള്ളതുകൊണ്ടാണ്. അനാവശ്യമായിട്ടുള്ള ഒരു പ്രൈവറ്റാണ്. "private" from sub-clause (g) of clause 2. (263) ആണ് എനിക്ക് കാര്യമായിട്ട് പറയാനുള്ളത്. പ്രൊഫഷണൽ കോളേജിന്റെ പരിധിയിൽ നമ്മുടെ സംസ്ഥാനത്തുള്ള ബി.എഡ്. കോളേജുകളും അതുപോലെതന്നെ എൽ.എൽ.ബി., എം.ബി.എ., എം.സി.എ., കോളേജുകളുണ്ട്. ഗവൺമെന്റിന് ഈ പ്രശ്നം സംബന്ധിച്ച് ആത്മാർത്ഥത ഉണ്ടെങ്കിൽ ഏറ്റവും കൂടുതൽ കോഴയും ഏർപ്പാടും നടക്കുന്നത് ബി.എഡ്. കോളേജുകളുടെ പ്രവേശനത്തിലാണ്. തലവരിപ്പണം വാങ്ങാനാണ്. അപൂർവ്വം ചില കോളേജുകളിൽ മാത്രമെ ഫീസ് വാങ്ങുന്നുള്ളൂ. 50,000 രൂപ മുതൽ 70,000 രൂപ വരെയാണ് തലവരി പണം. തലവരി പണം അവസാനിപ്പിക്കാനുള്ള ന്യായമായ ആഗ്രഹം ഉണ്ടെങ്കിൽ ഗവൺമെന്റ് ചെയ്യേണ്ടത് ഈ പ്രൊഫഷണൽ കോളേജുകളുടെ പട്ടികയിലേയ്ക്ക് ബിഎഡ് കോളേജുകളെയും ലോ കോളേജുകളും എം.ബി.എ., എം.സി.എ., തുടങ്ങിയ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. ഞാൻ നേരത്തെ സംസാരിക്കുമ്പോൾ ഇവിടെ പറഞ്ഞു 264-ലെ 2(j) (iii) add the following words at the end "and off campus centres of other universities operating in the State". സർ, ഇപ്പോൾ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചതിനുശേഷം മന്ത്രി കൊണ്ടുവന്നിട്ടുള്ള മൗലികമായിട്ടുള്ള ഒരു ഭേദഗതി ഈ 636-ാം നമ്പർ ഭേദഗതിയുടെ ഭാഗമായി ഇവിടെ ഒരു സബ് ക്ലാസ് തന്നെ ഡിലീറ്റ് ചെയ്തിരിക്കുകയാണ്. ആ ഡിലീറ്റ് ചെയ്തതിൽ പറഞ്ഞിരിക്കുന്നത് "and includes a Deemed University or an institution thereunder functioning in the State" shall be omitted എന്നാണ്. എന്താണ് ഇതിൽ ഉദ്ദേശമുള്ളത്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട മാജൻ ബാബു പറഞ്ഞതുപോലെ ഡീംഡ് യൂണിവേഴ്സിറ്റി യു.ജി.സി.-യുടെ ഭാഗമായിട്ട് വരുന്നതുകൊണ്ടും ആ യു.ജി.സി. നിയമം കേന്ദ്ര ലെജിസ്ലേഷന്റെ ഭാഗമായി വരുന്നതുകൊണ്ടും ഈ നിയമത്തെ ചോദ്യം ചെയ്യും എന്നുള്ള നിലയ്ക്കാണോ ഇത് ഒഴിവാക്കിയിട്ടുള്ളത്. അങ്ങനെ ചോദ്യം ചെയ്യുകയാണെങ്കിൽ , ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിലെ പല വകുപ്പും യഥാർത്ഥത്തിൽ സുപ്രീംകോടതിയുടെ വിധിക്ക് എതിരായിട്ട് വരുന്നതാണ്. സുപ്രീംകോടതിയുടെ ഒരു നിലപാടിന് എതിരായിട്ടാണ് വരുന്നത്. സുപ്രീംകോടതിക്ക് എതിരായിട്ടുള്ള നിയമം പാർലമെന്റാണ് കൊണ്ടുവരേണ്ടത്. അപ്പോൾ പല ഘടകങ്ങളും യഥാർത്ഥത്തിൽ നിയമപരമായിട്ട് നിലനിൽക്കാത്ത ഒരു സംവിധാനമുണ്ടെങ്കിൽ ഡീംഡ് യൂണിവേഴ്സിറ്റിയെ മാത്രം എന്തിന് ഒഴിവാക്കണം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം കൂടി പറയുകയാണ്. മാതാഅമൃതാനന്ദമയിയുടെ മെഡിക്കൽ കോളേജ് മാത്രമല്ല എറണാകുളത്തുള്ളത്. റോയി യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ ഉണ്ട്. ഒറീസയിലെ റോയി യൂണിവേഴ്സിറ്റിയുടെ സെന്റർ എറണാകുളത്തും കോഴിക്കോടും എല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഛത്തീസ്ഗഢ് സംസ്ഥാനത്തിലെ റായ്പൂർ യൂണിവേഴ്സിറ്റിയുടെ നിരവധി കേന്ദ്രങ്ങൾ ഓഫ് കാമ്പസ് സെന്റേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയ്ക്ക് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവിടെയെല്ലാം കൊള്ളനടക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതുപോലെ ഈ ഡീംഡ് യൂണിവേഴ്സിറ്റിയുടെ സംവിധാനം കൂടി ഈ ബില്ലിന്റെ ഭാഗമായിട്ട് ഉൾപ്പെടുത്തണം. തികച്ചും ദുരുദ്ദേശപരമായി അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. അങ്ങയെ പിന്നെ ആരും സഹായിക്കാൻ ഉണ്ടാവുകയില്ല. പുറത്ത് ഞങ്ങൾ നാളെ പ്രക്ഷോഭം തുടങ്ങും. അതിന്റെ മുഴുവൻ പഴിയും അങ്ങും അങ്ങയുടെ പാർട്ടിയും ഏറ്റെടുക്കേണ്ടിവരും. അതുകൊണ്ട് ഡീംഡ് യൂണിവേഴ്സിറ്റികളെയും ഈ റോയി യൂണിവേഴ്സിറ്റിയുടെയും റായ്പ്പൂർ യൂണിവേഴ്സിറ്റിയുടെയും ഓഫ് ക്യാമ്പസ് സെന്ററുകളെയും കൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ 264-ഉം 278-ഉം ഭേദഗതികൾ. അതുകൊണ്ട് അത് ഇതിന്റെ കൂടെ ഉൾപ്പെടുത്താൻവേണ്ടി ദയവുണ്ടാകണം.

ശ്രീ. എം. വി. ജയരാജൻ : സർ, 135, 136, 144, 166, 200, 218, 231, 259, 281 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(135) In Clause 2 (a) after the words 'section 4' the following words shall be added "and those amounts not recommended by the committee constituted under clause 4 (b)".

(136) In Clause 2 add the following as (a) and the remaining shall be renumbered.

"(a) 'Board of Directors' means the Director Board or governing bodies of Autonomous bodies, Co-operative Sector, Public Sector by whatever name called, under whose administration a self financing college is functioning and which are controlled and financed by Government".

(144) In Clause 2 (b) after the word "section" the words "4(b) and section" shall be inserted.

(166) In Clause 2 (c) after the word `Sidha' the words "and nursing" shall be deleted and the words "Nursing/Law/Business Management/ Chartered Accountancy and B. Ed." shall be added.

(200) In Clause 2 (f) after the words "such quota", the following shall be added.

"provided that no extra fees shall be collected from the students admitted against such quota other than the fees prescribed by the government".

(218) In Clause 2 (h) after the word "management" the words "from common entrance list" shall be added.

(231) In Clause 2 (j) after the word "university" the words "in the State" shall be inserted.

(259) In Clause 2 (j) (iii) after the word 'and' the words "does not" shall be inserted.

(281) After Clause 2(l) add a new sub-clause as follows:

"(m) Dependent" means son, daughter or adopted children of a non-resident Indian as described in clause 3 (4).

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഏത് മൂവ് ചെയ്തിട്ടും കാര്യമില്ലല്ലോ? എന്നാൽ പറയാതിരിക്കാൻ പറ്റില്ലല്ലോ, പക്ഷ ലോകമാകെ ഇന്ന് ഉറ്റുനോക്കുകയല്ലേ, നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റുമായി നടത്തിയ കച്ചവടം എന്താണെന്ന് നാടാകെ നോക്കുകയാണ്. അതുകൊണ്ട് പാവപ്പെട്ടവർക്കുവേണ്ടി പറയാൻ നമ്മൾ ആരെങ്കിലും ഉണ്ടാകണ്ടേ? ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ചെയ്യുമെന്നു വിചാരിച്ചതാണ്. ചെയ്യുന്നില്ല. കാരക്കോണം മെഡിക്കൽ കോളേജിലെ കുട്ടികൾ, ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുടെ അടുക്കലല്ലേ വന്നത്, എന്റെ അടുത്തല്ലല്ലോ, അവർ നിരാശപ്പെട്ടല്ലോ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി അവരെ ഉപേക്ഷിച്ചല്ലോ, അവർ നാളെമുതൽ നിരാഹാരം കിടക്കാൻ പോവുകയാണ്. ക്ലാസ് 2 എന്നു പറയുന്നത് ഡെഫനിഷനാണ്. അത് നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗവുമാണ്. ഫീസ് നിശ്ചയിക്കുന്നതു ഇപ്പോൾ പറഞ്ഞതുപോലെ വ്യവസ്ഥപ്രകാരം മാനേജുമെന്റാണ്. അപ്പോൾ അത് മാറ്റണം. സർക്കാർ നിയോഗിക്കുന്ന ഒരു കമ്മിറ്റിയേ ഫീസ് നിശ്ചയിക്കാൻ പാടുള്ളു എന്നതാണ് 135-ാം നമ്പർ ഭേദഗതി. അങ്ങനെ കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് ഒഴികെ മറ്റ് എന്ത് വാങ്ങിയാലും ഇതിൽ വരണം. ബഹുമാനപ്പെട്ട ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാശായി വാങ്ങാം അല്ലെങ്കിൽ മറ്റ് രീതിയിൽ വാങ്ങാനുള്ള സാധ്യതയുണ്ട്. പരിയാരം മെഡിക്കൽ കോളേജിലെ മാനേജുമെന്റിനെ പഠിപ്പിക്കേണ്ടതേയില്ല. പരിയാരം മെഡിക്കൽ കോളേജ് ഇപ്പോൾ പ്രസിദ്ധീകരിച്ച പ്രോസ്പെക്റ്റസിൽ അവർ പറയുന്നത് development fees for management quota will be decided by the institution before admission എന്നാണ്. എത്ര സമർത്ഥമായിട്ടാണ് പറയുന്നത്. വിദ്യാർത്ഥികളെ ഇവിടെ പ്രവേശിപ്പിക്കുന്നതിനു മുമ്പായി ഞങ്ങൾ തീരുമാനിക്കും അത് 20 ലക്ഷം രൂപ നിശ്ചയിച്ചവരുണ്ട്, 25 ലക്ഷം രൂപ നിശ്ചയിച്ചവരുണ്ട്, 40 ലക്ഷം രൂപ നിശ്ചയിച്ചവരുണ്ട്, അത് ഒഴിവാക്കാൻ കഴിയും വിധത്തിൽ ഇപ്പോൾത്തന്നെ വ്യക്തമായ നിർവ്വചനം ഉണ്ടാകണം. 136-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഇപ്പോൾ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രധാനപ്പെട്ട ഒരു വിഭാഗം ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. അത് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., കെ.എസ്.ആർ.ടി.സി., കേപ്പ്, പരിയാരം മെഡിക്കൽ കോളേജ്, ഇതിലൊക്കെ ഗവൺമെന്റിന്റെ നിയന്ത്രണമുള്ളതാണ്. ഗവൺമെന്റിന്റെ നിയന്ത്രണം എങ്ങനെയാണ്. ഒന്നുകിൽ ഭൂമിയായി കൊടുത്തിട്ടുണ്ട്. അല്ലെങ്കിൽ പണമായി കൊടുത്തിട്ടുണ്ട്. അല്ലെങ്കിൽ ഗവൺമെന്റിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ ഓഹരിയുണ്ട്. അപ്പോൾ ഒന്നുകിൽ കോ-ഓപ്പറേറ്റീവ് സെക്ടറാണ്. അല്ലെങ്കിൽ പബ്ലിക്ക് സെക്ടറാണ്, അല്ലെങ്കിൽ ഓട്ടോണമസ് ബോഡിയാണ്. അത്തരം സ്ഥാപനങ്ങൾ ഏതെങ്കിലും ഒരു നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നില്ലെങ്കിൽ അവിടെ പ്രവേശിപ്പിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് യാതൊരു വ്യവസ്ഥയും ഉണ്ടാവുകയില്ല. ഇഷ്ടംപോലെ അവർ ഫീസ് ഈടാക്കും. അതാണ് പരിയാരം മെഡിക്കൽകോളേജിൽ കണ്ടിട്ടുള്ളത്. 4,53,000 രൂപ ഒരു വർഷത്തേയ്ക്കുള്ള ഫീസ് കണക്കാക്കി 12 ലക്ഷം രൂപയാണ് വാങ്ങിയത്. അതാണ് നമ്മുടെ കാരക്കോണത്ത് ഇപ്പോൾ കണ്ടിട്ടുള്ളത്. അത് ഒഴിവാക്കാൻ കഴിയത്തക്കനിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായ വ്യവസ്ഥതന്നെ വേണം. അങ്ങയുടെ പാറശ്ശാല ഉൾപ്പെടെ കേരളത്തിലെ കാസർഗോഡ് വരെയുള്ള വിദ്യാർത്ഥികളുടെ പ്രവേശനം ഗൗരവമായ പ്രശ്നമാണ്. ഗവൺമെന്റ് നിശ്ചയിച്ച ഒരു ഫീസ് വേണം. ഫീസ് നിശ്ചയിക്കാൻ ഒരു കമ്മിറ്റി വേണം. അപ്പോൾ ആ കമ്മിറ്റിയെക്കുറിച്ച് ഡിഫൈൻ ചെയ്യണമെന്നുള്ളതാണ് 144-ാം നമ്പർ ഭേദഗതിയിൽ പറയുന്നത്. ആ കമ്മിറ്റിയിൽ റിട്ടയേർഡ് ജഡ്ജിയുണ്ടാകണം. കേരള സർവ്വകലാശാലയിലെ ഏതെങ്കിലും ഒരു വൈസ് ചാൻസ്‌ലർ ഉണ്ടാകണം. അതുപോലെതന്നെ മെഡിക്കൽ എഡ്യൂക്കേഷന്റെ ഡയറക്ടർ ഉണ്ടാകണം. ടെക്നിക്കൽ എഡ്യൂക്കേഷന്റെ ഡയറക്ടർ ഉണ്ടാകണം. ഏതായാലും മാനേജുമെന്റിന്റെയും പി.ടി.എ.-യുടേയും പ്രതിനിധിയുണ്ടാകണം. അങ്ങനെ വന്നാൽ അവരുടെകൂടി അഭിപ്രായം എടുക്കാമല്ലോ, ഭേദഗതി നമ്പർ 166-ൽ ഇവിടെ മറ്റ് ചിലർ പറഞ്ഞതുപോലെ മറ്റ് കോഴ്സുകൾകൂടി ഉൾപ്പെടുത്തണം. നേഴ്സിംഗിനുശേഷം ലാ, ബിസിനസ്സ് മാനേജുമെന്റ് , ചാർട്ടേഡ് അക്കൗണ്ടൻസി, ബി.എഡ്. ഉൾപ്പെടെയുള്ള മറ്റ് കോഴ്സുകൾകൂടി ഉൾപ്പെടുത്തണം. ഭേദഗതി നമ്പർ 200-ൽ ക്യാപ്പിറ്റേഷൻ ഫീയുടെ കാര്യത്തിൽ ഗവൺമെന്റ് നിശ്ചയിക്കാത്ത യാതൊരു ഫീസും വാങ്ങാൻ പാടില്ല എന്ന നിലയിൽ മെറിറ്റ് ക്വാട്ടയിലെ ഫീസിനെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള വ്യവസ്ഥ വേണം. അതിപ്പോൾ തിരുവനന്തപുരം മെഡിക്കൽകോളേജിൽ ട്യൂഷൻ ഫീസ് -9650, വാൻ ഫീസ്- 1100, ലബോറട്ടറി ഫീസ്- 1100, യൂണിവേഴ്സിറ്റി ഫീസ് - 450, കോഷൻ ഡിപ്പോസിറ്റ് - 1000 ഉൾപ്പെടെ 13,300 രൂപയാണ്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ട്യൂഷൻ ഫീസ്-4000, സ്പെഷ്യൽ ഫീസ് - 1215, അഡ്മിഷൻ ഫീസ് - 150, കോഷൻ ഡിപ്പോസിറ്റ്-1000, .യൂണിവേഴ്സിറ്റി ഫീസ്- 435, ഇത് ഉൾപ്പെടെ 7,000 രൂപയാണ്. ഇങ്ങനെ വ്യക്തമായ ഈ ഫീസ് ഒഴിച്ച് ബാക്കിയുള്ളത് വാങ്ങാൻ പാടില്ല എന്ന് വ്യവസ്ഥ ഉണ്ടാകണം. ഭേദഗതി നമ്പർ 218-ൽ പറയുന്നത് കോമൺ എൻട്രൻസ് ടെസ്റ്റിൽ വിദ്യാർത്ഥി പ്രവേശനം നടത്തണമെന്നുള്ളതാണ്. മാനേജുമെന്റ് ക്വാട്ടയിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള മാനദണ്ഡം ഡിഫൈൻ ചെയ്യണമെന്നുള്ളതാണ്. ഭേദഗതി നമ്പർ 231 കൊണ്ട് ഉദ്ദേശിക്കുന്നത്. യൂണിവേഴ്സിറ്റി എന്ന് പറയുമ്പോൾ കേവലം യൂണിവേഴ്സിറ്റി എന്ന് മാത്രം പറഞ്ഞാൽ പോര, നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ എന്ന നിലയിൽ അത് കൃത്യമായിട്ട് ഡിഫൈൻ ചെയ്യണം. ഇന്ന് നിലവിലുള്ളത് കേരളത്തിന് വെളിയിലുള്ള യൂണിവേഴ്സിറ്റിക്ക് കൂടി ബാധകമാകുന്ന വിധത്തിലാണ്, അത് മാറ്റണം, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടു വന്നിട്ടുള്ള ഭേദഗതി ഞങ്ങൾ നേരത്തെ ഇവിടെ 3-ാം തീയതി തന്നെ എഴുതിക്കൊടുത്ത 259-ാം നമ്പർ ഭേദഗതിക്ക് സമാനമാണ്. ഇത് ശരിയല്ല. അത് ഞങ്ങളോട് കാണിക്കുന്ന അനാദരവായിട്ട് ഞങ്ങൾ കാണുന്നില്ല. അങ്ങയോട് തന്നെ കാണിക്കുന്ന അനാദരവാണ്. ബഹുമാനപ്പെട്ട സ്പീക്കറോട് കാണിക്കുന്ന അനാദരവാണ്. സ്പീക്കർ ഇവിടെ നടത്തിയ റൂളിംഗിന് എതിരാണ്. അത് ഭരണ കക്ഷിയംഗമായിട്ടുള്ള ബഹുമാനപ്പെട്ട പി. പി. ജോർജ്ജും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ടൊന്നും നിങ്ങൾ അംഗീകരിക്കുകയില്ല എന്ന മനോഭാവമാണ് സ്വീകരിച്ചത് എന്ന് വ്യക്തമാണ്. ഭരണ പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ പോലും ഭേദഗതിയായി വന്നപ്പോൾ സ്വീകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റു തന്നെ ഭേദഗതി കൊണ്ടുവരുമെന്നുള്ളത് അനാവശ്യമായ പിടിവാശിയാണ്. അതാണ് സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റിന് നിങ്ങൾ കീഴടങ്ങി ചെയ്യുന്നത്. സ്പീക്കറുടെ റൂളിംഗിന് എതിരാണ്. 281-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് എൻ.ആർ.ഐ ഡിപ്പെൻഡന്റിനെപ്പറ്റിയാണ്. ഇതിൽ പറയുന്നത് കൃത്യമായി ഡിഫൈൻ ചെയ്യണം. അതിന്റെ ഡെഫനിഷൻ സംബന്ധിച്ച് ഇതിൽ കൊടുക്കുന്നില്ലെങ്കിൽ ഒരുപാട് വ്യാഖ്യാനങ്ങൾ വരും. ഒരു എൻ.ആർ.ഐ. എഴുതി കൊടുക്കുന്ന ആളെ ഇവർ എടുക്കും. അതുകൊണ്ട് മകൻ-മകൾ, or adopted children of a non-resident Indian എന്നു പറയുന്ന വിധത്തിൽ അത് കൃത്യമായിട്ട് ഡിഫൈൻ ചെയ്യണം. അതൊരു പുതിയ ക്ലാസായി ഇതിനകത്ത് ചേർക്കണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(137) In Clause 2 (a) add the following at the end namely: "for consideration of admission to or offer of future admission of a student".

(138) For Clause 2 (a) substitute the following namely:

"capitation fee" means any amount by whatever name called whether in cash or in kind paid or collected directly or indirectly in addition to the tuition fee determined under section (4) and includes development fee.

(158) In Clause 2 (c) after the words "total number of institutions of that particular type in the State" add the words "including self-financing colleges established under an autonomous body controlled by the Government or established by a Co-operative Society or Trust registered under the Kerala Co-operative Societies Act, 1969 or the Societies Registration Act, 1860 (XXI of 1860).

(162) In Clause 2 (c) after the words "Sidha and nursing" add the words "Teacher education, Law and management".

(175) Clause 2(e) shall be recast as follows:

"Government Quota" means fifty per cent of the total sanctioned strength of students in each branch of the course of study in a self-financing professional college which the Commissioner for Entrance Examination makes allotment for admission.

(196) In Clause 2 (f) for the words "if and when the Commissioner for Entrance Examination informs the management that he would not be advising any more candidates against such quota" substitute the words, "after the expiry of the period of validity of the rank list for common Entrance Examination conducted by the Commissioner for Entrance Examinations".

LIBRARY ARCHIVES Kerala Legislative Assembly

(215) In Clause 2 (g) for the words "is functioning" substitute the words "is established or functioning".

(222) Clause 2(h) shall be recast as follows:

(h) "Management Quota" means fifty per cent of the total sanctioned strength of students in each branch of the course of study in self-financing colleges earmarked to be filled up by the management from the rank list published by the Commissioner for Entrance Examination.

(229) In Clause 2 (j) after the words "or recognised by a university" the words "or a deemed university" shall be inserted.

(230) In Clause 2 (j) after the words "recognised by a university" and before the words "not receiving" insert the word "and".

(232) In Clause 2 (j) for the words "financial assistance from Government for running" substitute the words "financial assistance or grant or infrastructural facilities whether in the nature of land, building etc. from Government for establishment and or for running".

(239) In Clause 2 (j) add the following explanation, namely:

"*Explanation.*— for the removal of doubt it is hereby clarified that the Pariyaram Medical College under the Medical Science Academy shall be deemed to be a self-financing professional college for the purpose of admissions and levy or collection of fees under Government quota.

(270) After item (ii) of Clause 2 (i) add the following as item (iii) and (iv) and renumber the existing item as item (v).

(iii) Teacher Education including B. Ed. and M. Ed.

(iv) Law, Management Studies, including MBA and MCA.

(275) In Clause 2 (1) after the words "the Cochin University of Science and Technology" add the words "or the Kerala Agricultural University".

ഇതിന്റെ രണ്ടാം വകുപ്പ് നിർവ്വചനത്തിന്റെ വകുപ്പാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പാണ്. ഇതിൽ ക്യാപ്പിറ്റേഷൻ ഫീ എന്നതിന്റെ നിർവ്വചനം നല്കിയിട്ടുണ്ട്. നിശ്ചയിച്ച ഫീസിന് കൂടുതലായി വാങ്ങുന്ന ക്യാഷും കൈന്റും ആയിട്ടുള്ള എന്തും ക്യാപ്പിറ്റേഷൻ ഫീസിന്റെ നിർവ്വചനത്തിൽ വരും. നേരിട്ടോ അല്ലാതെ നല്കിയതോ സ്വീകരിച്ചതോ ആയതാണ് ക്യാപ്പിറ്റേഷൻ ഫീസ്. ഇത് എന്തിനു വേണ്ടിയാണെന്ന് ഇതിൽ പറയുന്നില്ല. അങ്ങനെ പറയാതിരുന്നാൽ ലോൺ ആയി വാങ്ങിയതാണെന്നും വാദം ഉയർത്താം. മാനേജുമെന്റിന് രക്ഷപ്പെടാൻ പറ്റും.

LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ കൺസിഡറേഷൻ എന്ന ഘടകംകൂടി വേണ്ടതായിട്ടുണ്ട്. ആ കൺസിഡറേഷൻ അഡ്മിഷൻ നല്കുന്നതിനായോ അല്ലെങ്കിൽ ജനിക്കാത്ത കുട്ടിക്കുപോലും ഭാവിയിൽ ഒരു മെഡിക്കൽ സീറ്റ് ഉറപ്പാക്കുന്നതിനു വേണ്ടിയോ ആയിരിക്കും. ഞാൻ പറയാൻ കാരണം ഇപ്പോൾ ഭാവിയിലുള്ള ഫീസ് കൊടുത്തു തീർക്കുന്ന സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയ കുട്ടി ആ വർഷം കോളേജിൽ പ്രവേശനം കിട്ടിയ കുട്ടി ആയിരിക്കണമെന്നില്ല. ഭാവിയിൽ ഒരു സീറ്റിനുവേണ്ടി തുക അഡ്വാൻസായി നല്കുന്ന സമ്പ്രദായം വർദ്ധിച്ചു വരുന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ ഉള്ളത്. അങ്ങനെ വരുന്ന അഡ്വാൻസുംകൂടി ക്യാപിറ്റേഷൻ ഫീസിന്റെ നിർവ്വചനത്തിൽ വരണമെന്നുള്ളതാണ് എന്റെ 137-ാം ഭേദഗതി കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. അതു പറയാൻ കാരണം പുഷ്പഗിരി അഞ്ചു വർഷത്തേയ്ക്ക് മുൻകൂട്ടി ഫീസ് വാങ്ങിയിരിക്കുകയാണ്. ഭേദഗതി നമ്പർ 138 അനുസരിച്ച് നേരിട്ടോ അല്ലാതെയോ സ്വീകരിക്കുന്ന തുകയും ക്യാപിറ്റേഷൻ ഫീസായി കണക്കാക്കണമെന്നാണ് അനുശാസിക്കുന്നത്. അതുപോലെതന്നെ ഡെവലപ്മെന്റ് ഫീസിന്റെ കാര്യം. ഇപ്പോൾ ട്യൂഷൻ ഫീസിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ അത് ക്യാപ്പിറ്റേഷൻ ഫീസായി കണക്കാക്കാൻ സാധിക്കുകയില്ല. വൻ തുകയാണ് ഡെവലപ്മെന്റ് ഫീസ് എന്ന പേരു പറഞ്ഞുകൊണ്ട് വാങ്ങിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഡെവലപ്മെന്റ് ഫീസ് ട്യൂഷൻ ഫീസിന്റെ നിർവചനത്തിൽ നിന്നും എടുത്തു മാറ്റുകയും ഡെവലപ്മെന്റ് ഫീസ് അത് ക്യാപ്പിറ്റേഷൻ ഫീസായി കണക്കാക്കി നടപടി എടുക്കുവാനും വേണ്ടിയാണ്. 158-ാമത്തെ എന്റെ ഭേദഗതി കൺസോർഷ്യത്തിന്റെ നിർവചനം സംബന്ധിച്ചാണ്. സബ്ക്ലാസ് 3, അതിൽ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് ഇരുപത്തിയേഴോളം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ പൊതുമേഖലയിലും കോ-ഓപ്പറേറ്റീവ് മേഖലയിലുമായി തന്നിരുന്നു. കൂടാതെ പരിയാരം മെഡിക്കൽ കോളേജ് അന്ന് സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഇപ്പോൾ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങൾ അൺ എയിഡഡ് മേഖലയിലാണോ ഗവൺമെന്റ് മേഖലയിലാണോ എന്നത് ഗവൺമെന്റ് വ്യക്തമാക്കേണ്ടതുണ്ട്. കോളേജുകളെല്ലാംകൂടി മാനേജുമെന്റ് കൺസോർഷ്യത്തിൽ വരണം. അങ്ങനെ വരുമ്പോൾ അതിനകത്ത് മാനേജുമെന്റ് ഇടപെടുന്നതിനുവേണ്ടി കുറേക്കൂടി മുൻകയ്യെടുക്കും. അതുകൂടി ഇതിനകത്ത് ഉൾപ്പെടുത്തുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. പരിയാരം മെഡിക്കൽ കോളേജിന്റെ വാർഷിക ഫീസ് പുഷ്പഗിരി കോളേജിന് തുല്യമായിട്ട് ഫീസ് വാങ്ങിയാൽ അമ്പതു ശതമാനം മാനേജുമെന്റ് സീറ്റ് വില്ക്കുവാനുള്ള അവസരംകൂടി ഈ ബില്ലിൽകൂടി ലഭിക്കുന്ന സ്ഥിതി വന്നാൽ അത് അപകടമുണ്ടാക്കും. അതുകൊണ്ട് കൺസോർഷ്യത്തിൽ ഈ കോളേജുകളെയും ഉൾപ്പെടുത്തി ഈ കോളേജുകളുടെ നൂറ് ശതമാനം സീറ്റും എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽനിന്നും എടുക്കാമെന്ന് വ്യവസ്ഥ ചെയ്യണം. ഇത്തരം കോളേജുകൾകൂടി കൺസോർഷ്യത്തിൽ വന്നാൽ സർക്കാരിന് ഭൂരിപക്ഷമുള്ള കൺസോർഷ്യം ഉണ്ടാക്കുവാനും അതുവഴി കൂടുതൽ നിയന്ത്രണം സർക്കാരിന് ലഭിക്കുകയും ചെയ്യും. അതുകൊണ്ട് സർക്കാർ താല്പര്യം

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഭേദഗതി ഗവൺമെന്റ് അംഗീകരിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. എന്റെ 162-ാം ഭേദഗതി സെൽഫ് ഫിനാൻസിംഗ് കോളേജുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ചാണ്. എഞ്ചിനീയറിംഗ്, മെഡിക്കൽ, ദന്തൽ, ഫാർമസി, ആയുർവേദം , ഹോമിയോ, സിദ്ധ, നേഴ്സിംഗ് എന്നിവയാണ്. ഇന്ന് കൂണുപോലെ മുളച്ചു പൊങ്ങുകയാണ് ബി.എഡ് കോളേജുകൾ. ഞാൻ കഴിഞ്ഞ തവണ അത് അവതരിപ്പിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട ബാബു ദിവാകരൻ പറഞ്ഞു, അത് ഇതിനകത്തു വരും. പക്ഷേ വന്നിട്ടില്ല. അൺ എയ്ഡഡ് മേഖലയിൽ വ്യാപകമായിട്ട് വർദ്ധിച്ചു വരികയാണ്. നിയമ വിദ്യാഭ്യാസം, എം.ബി.എ., എം.സി.എ. തുടങ്ങിയ മാനേജുമെന്റ് സ്റ്റഡീസ് ബില്ലുണ്ട്. അതുകൊണ്ട് ഇവയെല്ലാംതന്നെ ഇതിനകത്ത് ഉൾപ്പെടത്തക്കവിധത്തിൽ, കൺസോർഷ്യം നിർവചനത്തിന്റേതുകൂടി വരത്തക്കവിധത്തിൽ ഉള്ളതാണ് എന്റെ 162-ാമത്തെ ഭേദഗതി. 175-ാമത്തെ ഭേദഗതി ഗവൺമെന്റ് ക്വാട്ടയുടെ നിർവചനമാണ്. ഇത് സബ്ക്ളാസ് ഇ-യിൽ കൊടുത്തിരിക്കുന്നത് എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ പ്രവേശനം നല്കുന്ന അമ്പതു ശതമാനം സീറ്റെന്നാണ്. ഗവൺമെന്റ് ക്വാട്ട എന്നാണ് പറയുന്നത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏറ്റവും ഡിമാന്റ് ഉള്ളത് ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ തുടങ്ങിയ വിഷയങ്ങളാണ്. അതുകൊണ്ട് എഞ്ചിനീയറിംഗിന് ഓരോ വിഭാഗത്തിലും അമ്പതു ശതമാനം സീറ്റ് ഗവൺമെന്റ് ക്വാട്ടയായിരിക്കുമെന്ന് വ്യക്തമായി പറയാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. എന്റെ ഭേദഗതി അംഗീകരിക്കുന്നതായിരിക്കും കുറച്ചുകൂടി നല്ലതെന്നാണ് തോന്നുന്നത്. ഒരു കോളേജിൽ 320 സീറ്റ് ഉണ്ടെങ്കിൽ അതിന്റെ പകുതി 160 ഏതെങ്കിലും വിഷയത്തിന് നല്കിയാലും ഈ പകുതി സീറ്റ് കൊടുത്തു എന്നു പറഞ്ഞ് രക്ഷപ്പെടാൻ ഈ മാനേജുമെന്റിന് പ്രത്യേകിച്ച് എഞ്ചിനീയറിംഗ് കോളേജുകൾക്ക് അവസരം ലഭിക്കും. അതുണ്ടാകുവാൻ പാടില്ലായെന്നാണ് ആ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 196-ാമത്തെ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ലാപ്സ്ഡ് സീറ്റിന്റെ നിർവചനമാണ് അതിൽ പറയുന്നത്. (എഫ്) ക്ളാസ് ഈ ക്ളാസ് തന്നെ യഥാർത്ഥത്തിൽ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. മാനേജുമെന്റിനെ സഹായിക്കുവാൻ വേണ്ടിയാണ് ഇത്തരത്തിൽ ഒരു ക്ളാസ് ഇതിനകത്ത് എഴുതിച്ചേർത്തിരിക്കുന്നത്. ജോയിൻ ചെയ്യേണ്ട വ്യക്തി ജോയിൻ ചെയ്തില്ല എങ്കിൽ ആ സീറ്റ് ലാപ്സായ സീറ്റായി കണക്കാക്കും. എൻട്രൻസ് കമ്മീഷണർ ആ സീറ്റിലേക്ക് പുതിയ ആളെ അഡ്വൈസ് ചെയ്യും. ആളില്ല എന്നറിഞ്ഞാൽ ആ സീറ്റ് മാനേജുമെന്റ് സീറ്റായി. പിന്നെ ആ സീറ്റ് വില്ക്കാൻ കഴിയും. ഇത് അപകടകരമായ ഒരു വകുപ്പാണ്. മാനേജുമെന്റിന് സഹായം നല്കുന്ന ഈ വകുപ്പു മാറ്റണം. അതിനു പകരം എൻട്രൻസ് ലിസ്റ്റിന്റെ കാലാവധി കഴിയുന്നതുവരെ വിദ്യാർത്ഥികളെ അലോട്ട് ചെയ്യാനുള്ള ഒരു വകുപ്പ് ഇതിനകത്തു വേണം. കോഴ്സ് മാറ്റത്തിനായി കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് റീ-അലോട്ട്മെന്റ് കിട്ടാൻ അതുകൊണ്ട് സാധിക്കും. ഇങ്ങനെ ലിസ്റ്റിന്റെ കാലാവധി സർക്കാരിന് നീട്ടിക്കൊടുക്കുവാനും കഴിയും. ഇതുകൊണ്ട് ലാപ്സ്ഡ് സീറ്റെന്നു പറയുന്നത് എടുത്തു കളയുകയോ കുറഞ്ഞപക്ഷം എന്റെ ഭേദഗതി അംഗീകരിക്കുകയോ വേണമെന്നാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുന്നത്. 215-ാം ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ഇപ്പോഴത്തെ `ജി' വകുപ്പനുസരിച്ച് ഒരു സെൽഫ് ഫിനാൻസിംഗ് കോളേജിന്റെ കീഴിലാണ് ദൈനംദിന ഭരണം നടത്തുന്നത്. ആ ബോഡിയാണ് മാനേജുമെന്റെന്നു പറയുന്നത്. ഒരു കോളേജ് സ്ഥാപിച്ച വ്യക്തിയോ അല്ലെങ്കിൽ സ്ഥാപനമോ ആയിരിക്കുകയില്ല ഇതിന്റെ ഭരണം യഥാർത്ഥത്തിൽ നടത്തുന്നത്. ഉദാഹരണമായി പരിയാരം മെഡിക്കൽ കോളേജ് സ്ഥാപിച്ചത് അക്കാഡമി ഓഫ് മെഡിക്കൽ സയൻസാണ്. അതുപോലെതന്നെ `കേപ്' -ന്റെ കീഴിലുള്ള കോളേജുകളുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ കോളേജുകളുണ്ട്. യഥാർത്ഥത്തിൽ ഭരണം നടത്തുന്നതിന് അതാത് കോളേജുകളിൽ പ്രത്യേക സമിതികളും ഉണ്ട്. കോളേജിന്റെ മാനേജർ ആരെന്ന് വ്യക്തമാക്കുവാൻ വേണ്ടി കോളേജ് സ്ഥാപിച്ച സ്ഥാപനമോ നടത്തുന്ന സ്ഥാപനമോ രണ്ടും മാനേജുമെന്റിന്റെ നിർവചനത്തിൽ വരണം. അതിനാണ് ഞാൻ ഇത്തരത്തിലുള്ള ഭേദഗതി നല്കിയിരിക്കുന്നത്. 'അതല്ലെങ്കിൽ ഈ വ്യവസ്ഥ ലംഘിക്കുന്ന മാനേജുമെന്റുകാരെ കണ്ടുപിടിക്കുവാൻ സാധിക്കാതെ വരും. പഴുതു കൊടുത്താൽ അവർ രക്ഷപ്പെടും. 222-ാമത്തെ ഭേദഗതി മാനേജുമെന്റ് ക്വാട്ടയുടെ നിർവചനമാണ്. ഇതിനകത്തു പറയുന്നത് (ബി) "Management Quota" means those seats earmarked to be filled up by the management"എന്നാണ്. സർക്കാർ ക്വാട്ട അമ്പതു ശതമാനം എന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ മാനേജുമെന്റ് ക്വാട്ട ശേഷിക്കുന്ന അമ്പതു ശതമാനം എന്നു വ്യക്തമായി പറയേണ്ടതല്ലേ. അത് പറയാതിരുന്നത് എന്തിനാണ് എന്നുള്ളത് അവ്യക്തതയാണ്. മാനേജുമെന്റ് അമ്പതു ശതമാനത്തിൽ കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചാലും പിന്നീട് പകരം നല്കി മാനേജുമെന്റ് ക്വാട്ടയായി കണക്കാക്കാനാണ് ഇങ്ങനെയൊരു ലൂപ്ഹോൾ ഇതിൽ വച്ചിരിക്കുന്നത്. പുഷ്പഗിരിയിലും മറ്റും നടന്നതിന്റെ അനുഭവത്തിൽ നാം ശ്രദ്ധിക്കേണ്ടതാണ്. പുഷ്പഗിരി മാനേജുമെന്റ് ആദ്യത്തെ വർഷം നൂറു ശതമാനം എടുത്തു. രണ്ടാമത്തെ വർഷം എടുത്തു. കോഴഞ്ചേരി കോളേജുകാർ എഴുപത്തിയഞ്ചു ശതമാനം എടുത്തു. കാരക്കോണം കോളേജുകാർ അമ്പതു ശതമാനം എടുക്കുമെന്നു പറഞ്ഞു, നാല്പത്തിയെട്ടു ശതമാനമേ എടുത്തിട്ടുള്ളു. ഇത്തരത്തിൽ വരുന്നതിന് തടയാനായി ഒരു വകുപ്പ് ശക്തമായി വേണം. അത്തരം നടപടികൾ വർദ്ധിക്കുവാൻ നാം ഇനി കൂട്ടു നിന്നുകൂട. ഇവിടെയെല്ലാം മാനേജുമെന്റ് താല്പര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ഈ വകുപ്പ് എഴുതിച്ചേർത്തതുകൊണ്ടാണ് ഞാൻ ഇത്തരത്തിൽ ഒരു കാര്യം പറയുന്നത്.

മറ്റൊന്ന് 229-ാമത്തെ ഭേദഗതിയാണ്. 636-ാമത്തെ ഭേദഗതിയായിട്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. മന്ത്രി ഉദ്ദേശിക്കുന്നത് ആദ്യത്തെ ബില്ലിനകത്ത് ഉണ്ടായിരുന്ന ഡീംഡ് യൂണിവേഴ്സിറ്റി എന്നുള്ളതുപോലും ഇപ്പോൾ എടുത്തു കളയാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് ആരെ സഹായിക്കാനാണ് ഇങ്ങനെ ഒരു തീരുമാനമെടുത്തത്. ഇപ്പോൾത്തന്നെ ഡീംഡ് യൂണിവേഴ്സിറ്റിയായിട്ടുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ 85% സീറ്റ് മെറിറ്റ് എന്ന് ഒരു മന്ത്രി പറയുകയുണ്ടായി. 85% സീറ്റും അവരുടെ ടെസ്റ്റ് നടത്തിയിട്ടാണ് എടുത്തിട്ടുള്ളത്. അല്ലാതെ മെറിറ്റിൽ നിന്നല്ല വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് എന്റെ 229-ാമത്തെ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. 270-ാമത്തെ ഭേദഗതി സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജിന്റെ ഡെഫനിഷൻ മാറ്റിയെഴുതണം എന്നുള്ളതാണ് . ബി.എഡ്., എം.എഡ്, എൽ.എൽ.ബി., എം.ബി.എ., എം.സി.എ. തുടങ്ങിയ മേഖലകളിൽ സ്വാശ്രയക്കാർ ഇപ്പോൾ കടന്നു വരുന്നുണ്ട്. ബി.എഡ്. കോളേജുകൾ കൊടുത്തതിൽ വലിയ വിവാദം തന്നെ ഉണ്ടായതായി ഈ സന്ദർഭത്തിൽ ഞാൻ പറയാൻ ഉദ്ദേശിക്കുന്നു. അത് ഇപ്പോൾ വീണ്ടും മാറ്റിക്കൊടുത്തു. അതുകൊണ്ട് ബി.എഡ്. കോളേജുകൾ, എൽ.എൽ.ബി. കോഴ്സുകൾ സ്വാശ്രയ മേഖലയിൽ വരാൻ പോകുന്നു. അതിനുവേണ്ട വകുപ്പ് ഇതിനകത്ത് ഇല്ലെന്ന് ഞാൻ നിഷേധിക്കുന്നില്ല. സർക്കാരിന് പിന്നീട് തീരുമാനിക്കാൻ വേണ്ടി ഇതിനകത്ത് ക്ലാസ് വച്ചിട്ടുണ്ട്. അതിന്റെ ആവശ്യമില്ല. ഇപ്പോൾത്തന്നെ നിയമത്തിനകത്ത് വ്യക്തത വരുത്തുന്നതാണ് നല്ലത്. ഈ ഗവൺമെന്റ് ഇത് പിന്നീട് നോട്ടിഫൈ ചെയ്യും എന്നെനിക്ക് തോന്നുന്നില്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. 230-ാം നമ്പർ ഭേദഗതി ഡ്രാഫ്റ്റിംഗ് മിസ്റ്റേക്കാണെന്നാണ് എനിക്ക് തോന്നുന്നത്. By a university എന്നുള്ളതിനും not received എന്നുള്ളതിനും ഇടയ്ക്ക് 'and' എന്ന വാക്കുകൂടി ചേർക്കുന്നതാണ് അതിന്റെ ഭംഗി. വേണമെങ്കിൽ ചേർത്താൽ മതി. താത്വികമായിട്ടുള്ള പ്രശ്നമല്ല. 238-ാം നമ്പർ ഭേദഗതിയിൽ സെൽഫ് ഫിനാൻസിംഗ് കോളേജിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തണമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അതിൽ പറയുന്നത് നടത്തിപ്പിന് സർക്കാരിന്റെ സഹായം നൽകാത്തത് സ്വാശ്രയമായിരിക്കുമെന്നാണ്. അടച്ചു പൂട്ടുന്ന സ്കൂളുകളും കെട്ടിടങ്ങളും സർക്കാർ നൽകിക്കൊണ്ടാണ് ഇവിടെ സ്വാശ്രയ മേഖലയിൽ ഗവൺമെന്റ് സ്പോൺസേർഡ് ആയിട്ടായിരുന്നു ചില സ്ഥാപനങ്ങൾ തുടങ്ങിയത്. ഐ.എച്ച്.ആർ.ഡി.-യുടെയും എൽ.ബി.എസ്.-ന്റെയും കുറേ സ്ഥാപനങ്ങൾ ഗവൺമെന്റ് കൊടുത്തിട്ടുള്ള കെട്ടിടങ്ങളാണ് ഉപയോഗിക്കുന്നത്. കെ.എസ്.ആർ.ടി.സി. വക സ്ഥലം നൽകിയും കോളേജ് ഉണ്ടാക്കിയിട്ടുണ്ട്. പരിയാരത്തിന്റെ കാര്യം ഞാൻ നേരത്തെ പറഞ്ഞു. അത്തരത്തിലുള്ള കാര്യങ്ങൾക്കു കൂടി സംരക്ഷണം കൊടുക്കാനുള്ള വിധത്തിൽ ഈ കോളേജുകളിൽ 100 ശതമാനം സീറ്റും പ്രവേശന കമ്മീഷണറുടെ നിരീക്ഷണത്തിൽ വേണം എടുക്കാനെന്ന് വ്യക്തമായി പറയുന്നില്ലെങ്കിൽ എൽ.ബി.എസ്.-ൽ നിന്ന് 50% മാനേജ്മെന്റ് ക്വാട്ടയിൽ ശ്രീ. നാലകത്ത് സൂപ്പിക്ക് ഇഷ്ടമുള്ള ആളെ പ്രവേശിപ്പിക്കും. CAPE -ൽ ശ്രീ. എം.വി. രാഘവന് ഇഷ്ടമുള്ള ആളെ പ്രവേശിപ്പിക്കും. ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്ക് കെ.എസ്.ആർ.ടി.സി.-യിൽ 50% ആളുകളെ പ്രവേശിപ്പിക്കാൻ കഴിയും. ഈ വകുപ്പ് പ്രകാരം ചെയ്യാം. നിങ്ങൾ ചെയ്യില്ലായിരിക്കും. അതിനുള്ള പഴുത് എന്തിന് ഇട്ടുകൊടുക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നത്. അതുപോലെതന്നെ 229-ഉം, 239-ഉം ഇവിടെ നടക്കുന്ന കോഴ്സുകൾക്ക് ഡീംഡ് യൂണിവേഴ്സിറ്റിയെ വ്യക്തമായി ഈ ബില്ലിൽ കൊണ്ടുവരണം. വിദ്യാർത്ഥി പ്രവേശനവും ഫീസും വ്യക്തമായി ഈ ബില്ലിൽ കൊണ്ടുവരണം. ഫീസും വിദ്യാർത്ഥി പ്രവേശനവും ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചുതന്നെ ആയിരിക്കണം. നമ്മുടെ സംസ്ഥാനത്ത് രണ്ടു തരത്തിലുള്ള സംവിധാനം വന്നുകൂട. ഇന്നു നടക്കുന്ന പല സ്ഥാപനങ്ങൾക്കും നാളെ ഡീംഡ് പദവി കിട്ടിയേക്കും. നമ്മുടെ സംസ്ഥാനത്തിന് ആ നിയമത്തിൽനിന്ന് രക്ഷപ്പെടാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കേന്ദ്ര ഗവൺമെന്റിൽ സ്വാധീനം ചെലുത്തി ആരെങ്കിലും ഡീംഡ് വാങ്ങി വരുമോ എന്ന് ഇപ്പോൾ പറയാൻ പറ്റില്ല. നമ്മുടെ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങൾക്കും ഒരേ മാനദണ്ഡം ആകത്തക്കവിധത്തിൽ ഇത് ബാധകമാകണമെന്നാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 275-ാമത്തെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് ഇപ്പോൾ കാർഷിക സർവ്വകലാശാല ഇതിനകത്ത് ഉൾപ്പെട്ടിട്ടില്ല. കാർഷിക സർവ്വകലാശാലയിലും നാളെ ഇത് ആരംഭിക്കാം. അങ്ങനെ വരുമ്പോൾ ഇത് അവിടെ ബാധകമല്ലാത്ത സ്ഥിതി വരാനിടയുണ്ട് എന്നുള്ളതുകൊണ്ടാണ് അവിടത്തെ യൂണിവേഴ്സിറ്റിയെക്കൂടി ഇതിന്റെ പരിധിയിൽപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നത്. ഇത്രയും ഭേദഗതികളാണ് ഈ വകുപ്പിൽ നിർദ്ദേശിക്കാനുള്ളത്.

Shri P. P. George: Sir, I move the following amendments:

(139) Clause 2(a) shall be recast as follows:

(a) "capitation fees" means any amount whether in cash or in kind paid or collected directly or indirectly in addition to the fees determined under section 4.

(145) 2(b) shall be recast as follows:

(b) "Commission" means the Commission constituted under section 7.

(167) Clause 2(c) shall be recast as follows:

"(c) 'Consortium' means an association of self-financing professional colleges consisting of more than fifty per cent of the total number of institutions of that particular type in the State."

(203) Clause 2(f) shall be recast as follows:

"(f) unfilled seats means those seats in the Government quota that may be filled up by the management if and when the commissioner for entrance examinations informs the management that he would not be advising any more candidates against such quota."

സർ, ഞാൻ എന്റെ നാല് ഭേദഗതികളും മൂവ് ചെയ്യുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഡെഫനിഷൻസ് എന്ന സുപ്രധാനമായ ക്ലോസിൽ വരുന്നു. ഇതിൽ ആദ്യത്തെ ക്യാപ്പിറ്റേഷൻ ഫീസിനെപ്പറ്റി പറയുമ്പോൾ അത് വളരെ വ്യക്തമായിട്ടുതന്നെ ആ ക്ലോസിൽ പറയുന്നുണ്ട്. By whatever name called എന്നില്ലാതെതന്നെ ഏത് പേരിൽ അറിയപ്പെട്ടിരുന്നാലും എന്നുള്ള വാക്ക് ഇതിൽ ചേർക്കേണ്ടതായിട്ടുള്ള ആവശ്യമില്ല. അത് അല്ലാതെ തന്നെ ക്ലിയറാണ്. അമിതമായാൽ അമൃത് അതിനെപ്പറ്റി പറയാറുള്ളതുപോലെ പാകപ്പെടുത്തിയെടുക്കുമ്പോൾ പദപ്രയോഗങ്ങളാണ് ആവശ്യമായിട്ടുള്ളത്. ഇതിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ കുറവ് ചെയ്തിട്ടുള്ള ഒരു ഭേദഗതി വളരെ നന്നായിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാവുന്നതാണ്. കാരണം collected or received എന്നു പറയുമ്പോൾ അത് പൂർത്തിയായ ക്ലാസ് എന്ന ഉദ്ദേശം വച്ചുകൊണ്ടാണ് ക്യാപ്പിറ്റേഷൻ ഫീസിന്റെ നിർവ്വചനം പറഞ്ഞിരിക്കുന്നത് എന്നുള്ളത് വളരെ സ്പഷ്ടമായിട്ട് വന്നുകഴിഞ്ഞു. അതുകൊണ്ട് by whatever name called എന്നുള്ള ഭാഗം നീക്കം ചെയ്യണം. എന്നുള്ളതാണ് ഈ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 145-ാം ഭേദഗതി പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ്. 7-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന അന്വേഷണത്തിനായി ഒരു കമ്മിറ്റി. അത് എൻക്വയറി കമ്മിറ്റി എന്നു പറഞ്ഞാൽ പോര. കാര്യങ്ങൾ അന്വേഷിക്കാനുള്ള ഐ.എ.എസ്. ഓഫീസേഴ്സ് ഇരിക്കുന്ന, ഹെൽത്ത് സെക്രട്ടറി, എഡ്യൂക്കേഷൻ സെക്രട്ടറിയെല്ലാം ഇരിക്കുന്ന അന്വേഷണത്തിനു വേണ്ടിയുള്ള, ഇതിന്റെ പേര് കമ്മിറ്റി എന്നുള്ളത് മാറ്റിയിട്ട് കമ്മീഷൻ എന്നാക്കണം. എൻക്വയറി കമ്മീഷൻ പോലെയാണ്. 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിരിക്കുന്ന കമ്മീഷൻ എന്നാക്കുന്നത് അതിനുള്ള പ്രാധാന്യം കൊടുക്കാൻ അത് പ്രയോജനപ്പെടും. പിന്നെ വരുന്നത് കൺസോർഷ്യമാണ്. ഫാർമസി, ആയുർവ്വേദം, സിദ്ധവൈദ്യം, നേഴ്സിംഗ് എല്ലാം ചേർത്തുള്ള കൺസോർഷ്യം. അത് ശരിയല്ല. അതിന് ഓരോന്നിനും വെവ്വേറെ കൺസോർഷ്യം എന്നുള്ളത് വരണം. വെവ്വേറെ കൺസോർഷ്യം എന്നുള്ളത് വരുന്നതിനുവേണ്ടി such as എന്നുള്ള ഭാഗം മാറ്റം ചെയ്യണം. അതുകൊണ്ട് ഇതിന്റെ വെവ്വേറെ കൺസോർഷ്യം എന്നു വന്നെങ്കിൽ മാത്രമേ അതിന്റെ പ്രവർത്തനം നടക്കുന്നതിന് പ്രയോജനപ്പെടുകയുള്ളൂ. 203-മത്തെ എന്റെ ഭേദഗതി ലാപ്സ്ഡ് സീറ്റിനെപ്പറ്റിയാണ്. ഇതിൽ ഉദ്ദേശിക്കുന്നത് വാസ്തവത്തിൽ നഷ്ടമായ സീറ്റുകളല്ല. എന്തുകൊണ്ടാണ് ലാപ്സ്ഡ് സീറ്റ്സ് എന്നുപറഞ്ഞത് എന്നുള്ളത് എനിക്ക് മനസ്സിലാകുന്നില്ല. അത് തെറ്റാണ്. സീറ്റുകളിൽ ആളുകളെ വയ്ക്കുന്നില്ല എന്നുള്ളതിനുപകരം ആളുകളെ എടുക്കുന്നുണ്ട് എന്നാക്കിയാൽ അൺ ഫിൽഡ് സീറ്റ്സ് എന്നുള്ളത് ശരി. അത് ഫില്ല് ചെയ്യാത്ത സീറ്റുകളായിട്ടാണ് വരുന്നത്. അതുകൊണ്ട് ലാപ്സ്ഡ് സീറ്റ്സ് എന്നുള്ളത് മാറ്റിയിട്ട് അൺഫിൽഡ് സീറ്റ്സ് എന്നുപറഞ്ഞാൽ പിന്നീട് ഫിൽ ചെയ്യാവുന്ന പ്രൊസീഡ്യൂവറാണ് ക്ലാസിൽ പറയുന്നത്. അതുകൊണ്ട് എന്റെ നാല് ഭേദഗതികളും ഞാൻ അവതരിപ്പിക്കുകയാണ്.

Shri T. N. Prathapan : Sir, I move the following amendments:

(141) In clause 2 (a) add the following explanation namely:

"*Explanation.*—For the purposes of this clause capitation fees includes any amount in cash or kind or service estimable in money proposed to be paid or collected in future or any deferred payment or any donation in cash or kind or service estimable in money paid or collected or rendered instantly or proposed to be paid or collected or rendered in future to any other person or institution in lieu of obtaining a seat in a self-financing college.

(161) In clause 2 (c) for the words 'and nursing' substitute the words 'nursing, teachers training, computer application, business administration' and the like.

LIBRARY ARCHIVES Kerala Legislative Assembly

(253) In clause 2(j) (ii) for the word "Nursing" substitute "teachers training, business administration, computer application and the like".

(280) In Clause 2(1) add the following explanations at the end.

"*Explanation I.*—For the removal of doubts it is hereby clarified that any course conducted in the State in any of the disciplines mentioned in clause (j) by any person or authority purporting to be recognised by or under any University established by law outside the State shall also be treated as a University.

Explanation II.—Any institution conducting any course referred to in Explanation I shall register with the Commissioner of Entrance Examination, in the manner prescribed and from the date of such registration it shall be treated as a Self-financing college under this Act."

Shri P. T. Thomas: Sir, I move the following amendments:

(142) After clause 2 (a) add the following as sub-clause (aa) namely:

"(aa) Commissioner of Entrance Examination means the Commissioner of Government Examination appointed by the Government or any person exercising the duties and performing the functions of the Commissioner of Entrance Examinations."

(170) In clause 2 (e) after "those seats" add "not more than fifty per cent seats of a self-financing professional college".

(220) In clause 2 (h) add the following at the end namely:

"and includes any lapsed seat".

Shri M. A. Vaheed: Sir, I move the following amendment:

(156) In clause 2 (c) substitute the words "seventy-five" instead of "fifty".

Shri Thomas Unniyadan : Sir, I move the following amendments:

(157) In clause 2 (c) for the words "of Institutions of that particular type in the State such as Engineering/ Technology/ Medical/ Dental/ Pharmacy/ Ayurveda/ Homoeopathy/ Sidha and Nursing" the words "of such self-financing Professional Colleges" shall be substituted.

(174) Clause 2(e) shall be recast as follows, namely:

"Government Quota means fifty percentage of the total seats in any disciplines of a self-financing Professional College against which the Commissioner for Entrance Examinations makes allotments for admission for such seats".

LIBRARY ARCHIVES Kerala Legislative Assembly

(199) In clause 2 (f) for the words "would not be advising" the words "Could not be allotting" shall be substituted.

(221) Clause 2(h) shall recast as follows:

(h) "Management Quota" means fifty per cent of the total seats in any discipline including sectorised for non-resident Indians in a self-financing professional college against which the management is entitled to admit students under section 3.

(224) In clause 2 (i) for the words "by the Government" the words "under this act" shall be substituted.

(238) In clause 2 (j) the opening sentence shall be substituted with the following "self-financing professional college" means a college maintained by a management which is affiliated to or recognised by a University or a Deemed University or any institutions run by a Deemed University not receiving any financial assistance or aid from Government for running of such college or Deemed University or an institution run by a deemed university and conducting courses in any of the following disciplines, namely:

Shri Johny Nelloor: Sir, I move the following amendments:

(159) In clause 2 (c) after the words "engineering/technology" the words 'management, Law' shall be inserted.

(223) In Clause 2 after (h) the following words shall be inserted as (i) "(i) development fee amount that is to be spend for constructions of buildings and laboratory in the current academic year itself other items shall be relettered accordingly."

(254) In clause 2 (j) after sub item (i) the following words shall be inserted "(ii) 'Management and Law' and other sub items shall be renumbered accordingly".

സർ, ഞാൻ എന്റെ മൂന്ന് ഭേദഗതികളും മൂവ് ചെയ്യുന്നു. ബഹുമാന്യനായ മന്ത്രിക്ക് സ്വീകരിക്കാവുന്നതാണെന്ന് മാത്രമേ പറയുന്നുള്ളൂ.

Shri Adoor Prakash: Sir, I move the following amendments:

(160) In clause 2 (c) for the words "and nursing" substitute "nursing and the like".

(208) In clause 2 (g) for the words "under whose administration" substitute the words "under whose unit administration or any person or authority whether situated outside the state or not under whose ultimate administrative control".

LIBRARY ARCHIVES Kerala Legislative Assembly

7.00 p.m.] **ശ്രീ. കെ. പി. രാജേന്ദ്രൻ:** സർ, ഞാൻ 163, 271 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(163) In Item (c) of Clause 2 after the word "Nursing" add "MBA, MCA, Agriculture, Veterinary, Forestry, LL.B., LL.M., B.Ed., M.Ed. and T.T.C.".

(271) In item (j) of Clause 2 the following new sub-clauses shall be added and numbered accordingly:

Sub-clause (iii) BBA, MBA
Sub-clause (iv) MCA
Sub-clause (v) LL.B., LL.M.
Sub-clause (vi) B.Ed., M.Ed.
Sub-clause (vii) Agriculture, Horticulture and Veterinary
Sub-clause (viii) Forestry.

നാലെണ്ണം ഉണ്ട്. അതിൽ രണ്ടെണ്ണം അവതരിപ്പിച്ച് നേരത്തെ ഇവിടെ സംസാരിച്ചു. ജോർജ്ജ് മാഷ് സംസാരിച്ചപ്പോൾ പല കോഴ്സുകളുമാണ് വരുന്നത്. ഒരേ സ്വഭാവത്തിലുള്ളതല്ല കോഴ്സുകളും മാനേജ്മെന്റുകളും അതിൽ കുറച്ചുകൂടി വ്യക്തത വേണം. നമ്മൾ ഇവിടെ പറഞ്ഞതിനേക്കാൾ കൂടുതൽ കോഴ്സുകൾ ഇവിടെയിപ്പോൾ അനുവദിക്കുന്നുണ്ട്. പല മേഖലകളിലായി, പല സബ്ജക്ടിന്റെയും. അതിൽ ബി.എഡ്. ഉണ്ട്, എം.സി.എ. ഉണ്ട്, അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഹോർട്ടികൾച്ചർ തുടങ്ങിയ പലതും വരുന്നുണ്ട്. ഈ കൺസോർഷ്യം കുറച്ചുകൂടി വ്യക്തതയിലുണ്ടാകണമെന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ലാപ്സ്ഡ് സീറ്റ് എന്ന് നേരത്തെ ഇവിടെ പറഞ്ഞു. മാനേജ്മെന്റ് ഏറ്റവും കൂടുതൽ പഴുതുകൊടുക്കുന്ന മെറിറ്റിൽ വരുന്ന ഒരു കുട്ടിയുടെ സീറ്റ് ഏതെങ്കിലും കാരണവശാൽ ചേരാൻ കഴിയാത്ത സാഹചര്യം വന്നാൽ ആ മെറിറ്റ് ലിസ്റ്റിലുള്ള അടുത്ത കുട്ടിക്ക് ആ ചാൻസ് കൊടുക്കുക എന്നല്ലാതെ അത് നേരേ മാനേജ്മെന്റ് ക്വോട്ടയിൽ ഉയർന്ന ഫീസ് കൊടുത്ത് വലിയ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന വിധത്തിൽ മാനേജ്മെന്റിന് ഒരു പഴുത് നമ്മുടെ നിയമത്തിൽ ഉണ്ടാക്കിക്കൊടുക്കുക എന്നു പറഞ്ഞാൽ അത് നിയമത്തിന്റെ അന്തഃസത്തയ്ക്ക് തന്നെ എതിരല്ലേ. അതുകൊണ്ട് ഈ ക്ലാസ് എടുത്തുകളയണമെന്ന് നേരത്തേ സംസാരിച്ചതുകൊണ്ട് ഞാൻ കൂടുതൽ ആവർത്തിക്കുന്നില്ല. പിന്നെ ഇവിടെ 271-ൽ കൊടുത്തിരുന്നത് മന്ത്രി ഒഫീഷ്യലായി കൊണ്ടു വന്ന 636-ാം ഭേദഗതിയിലുള്ളതാണ്. ഡീംഡ് യൂണിവേഴ്സിറ്റി മന്ത്രി മറുപടി പറയുമ്പോൾ വിശദീകരിക്കണം. കാരണം നമ്മൾ നടത്തിയ പല ചർച്ചകളിൽ ഗവൺമെന്റ് ഭാഗത്തു നിന്ന് വ്യത്യസ്തമായി പറയുന്നു. ഡീംഡ് യൂണിവേഴ്സിറ്റി ആക്കാൻ തീരുമാനിക്കുന്നത് യു.ജി.സി. യുടെ തീരുമാനം കേന്ദ്ര നിയമത്തിന്റെ ഭാഗമായി തീരുമാനിച്ചുവരുന്നത് സംസ്ഥാന ഗവൺമെന്റിന് ഡീംഡ് യൂണിവേഴ്സിറ്റി തീരുമാനിക്കാനുള്ള അധികാരം എത്രയാണ്? അധികാരം ഉണ്ടോ? ഈ സന്ദർഭത്തിൽ ഗവൺമെന്റിന്റെ പല ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട ഉയർന്ന സെക്രട്ടറിമാർ പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഗവൺമെന്റിന് ഒരു അധികാരവുമില്ല എന്നാണ്. മറ്റൊരു അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഫ്ളോറിൽ ഞാൻ ചോദ്യം ചോദിച്ചപ്പോൾ പറഞ്ഞു ഡീംഡ് യൂണിവേഴ്സിറ്റി തീരുമാനിക്കുന്ന കാര്യത്തിൽ നമ്മുടെ സ്റ്റേറ്റിന് അധികാരമുണ്ടെന്നാണ്. വ്യത്യസ്തമായി പറയുന്നു. ഡീംഡ് യൂണിവേഴ്സിറ്റിയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ വേണ്ടി പറയുകയാണ്. എൻട്രൻസ് പരീക്ഷ എഴുതിക്കഴിഞ്ഞ കുട്ടികളുടെ പ്രവേശനത്തിന്റെ സമയത്ത് കമ്മീഷണറുടെ ഓഫീസിൽ നിരവധി കോളേജുകാർ വന്ന് അവരുടെ ബൂത്ത് തുറക്കുകയാണ്. അവിടെ ഓരോ കോളേജുകളും അവരുടെ മനോഹരങ്ങളായ ബ്രോഷറുകൾ അച്ചടിച്ച് ഇറക്കുകയാണ്. ശരിയായ രീതിയിൽ കച്ചവട മത്സരത്തിന്റെ അടിസ്ഥാനത്തിൽ. അതിൽ നല്ല പരസ്യം കൊടുക്കുന്നുണ്ട്. ദിവസേന രാത്രിയിൽ ടി.വി.യിൽ നിരവധി കോളേജുകളുടെ പരസ്യങ്ങൾ വരുന്നുണ്ട്. പത്രങ്ങളിലും വരുന്നുണ്ട്. അവരെല്ലാം പരസ്യത്തിൽ പറയുന്നത് ഇത് ഡീംഡ് യൂണിവേഴ്സിറ്റിയായിരിക്കും. അങ്ങനെ നിരവധി കോളേജുകളുടെ പരസ്യം വന്നു കഴിഞ്ഞു. ഈ കോളേജുകളൊക്കെ ഡീംഡ് യൂണിവേഴ്സിറ്റിയായാൽ നമ്മുടെ ഗവൺമെന്റിന് ഒരു നിയന്ത്രണവുമില്ല. ചിലതിലെങ്കിലും ഒരു നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്ന വകുപ്പുകൂടി അതിൽ നിന്ന് എടുത്തു കളഞ്ഞാൽ പിന്നെ കേരളത്തിലെ എല്ലാ കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റിയായാൽ ഇതിൽ കേരളാ ഗവൺമെന്റിന് എന്താണ് ഒരു പങ്കുള്ളത്? നമ്മുടെ ഗവൺമെന്റിന് എങ്ങനെ അതിൽ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും? അമൃതാ കോളേജിന് മാത്രമല്ലല്ലോ ഡീംഡ് യൂണിവേഴ്സിറ്റി പദവി. ഇവിടെ ശ്രീ. മത്തായി ചാക്കോ പറഞ്ഞു, പുറത്തെ സ്റ്റേറ്റിലുള്ള പല കോളേജുകളും കേരളത്തിൽ സെന്റർ വയ്ക്കുകയാണ്. പരീക്ഷ ഒരുപക്ഷേ ഇവിടെ നടത്തും അല്ലെങ്കിൽ പുറത്ത് നടത്തും. എല്ലാം ഡീംഡ് യൂണിവേഴ്സിറ്റിയാണ്. പിന്നെ എവിടെയാണ് നമുക്ക് കൺട്രോൾ? അപ്പോൾ പരിമിതമായ തോതിലെങ്കിലും ആ ഡീംഡ് യൂണിവേഴ്സിറ്റിയിൽ ഗവൺമെന്റിന് കൺട്രോൾ കൊണ്ടുവരുന്നതിന് തീരുമാനിച്ച ഒരു വകുപ്പാണ് ഇവിടെ 63-ാം ഭേദഗതിയായി കൊണ്ടു വന്നത്. അത് രണ്ടു ദിവസം സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ നിയമവകുപ്പുമന്ത്രി കൂടി പങ്കെടുത്ത സബ്ജക്ട് കമ്മിറ്റിയല്ലേ? എന്തുകൊണ്ട് നിങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ അത് അവതരിപ്പിച്ചില്ല? ഈ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് അത്. സബ്ജക്ട് കമ്മിറ്റിയിൽ നിങ്ങളത് അവതരിപ്പിച്ചിരുന്നെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലുള്ള ഞങ്ങളുടെ മെമ്പർമാർക്ക് അവിടെ വ്യക്തമായ അഭിപ്രായം പറയാൻ കഴിയുമായിരുന്നു. വ്യക്തമായി ഞങ്ങളുടെ വാദഗതികൾ ഉന്നയിക്കാമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഇവിടെ സമർപ്പിച്ച ബില്ലിൽ നിങ്ങൾ ഇത് ചേർത്തിരുന്നു എങ്കിൽ ഞങ്ങളുടെ മെമ്പേഴ്സിനെല്ലാം അതു സംബന്ധിച്ച് ഭേദഗതികൾ കൊടുക്കാൻ കഴിയുമായിരുന്നു. അതൊന്നും ഇല്ലാതെ ഈ സഭയെ കബളിപ്പിക്കുകയായിരുന്നു. ഈ സഭയിൽ ഈ ബില്ല് നമ്മൾ മണിക്കൂറുകളോളം ചർച്ച ചെയ്തു. ഞങ്ങൾ സഹകരിച്ച് രാത്രിയിലും ഇരുന്നു. ഇത്രയും ഗൗരവമായ ചർച്ച നടക്കുമ്പോൾ നിങ്ങൾ കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് മാനേജ്മെന്റുകൾക്കും കോളേജുകൾക്കുമൊക്കെ നാളെ ഡീംഡ് യൂണിവേഴ്സിറ്റി എന്ന

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് വച്ച് കേന്ദ്രത്തിൽ പോയി സ്വാധീനം ചെലുത്തി ഡീംഡ് യൂണിവേഴ്സിറ്റിയാക്കി വന്നാൽ പിന്നെ ഈ നിയമം ഇവിടെ പാസാക്കി 9-ാം പട്ടികയിലാക്കി വച്ച് ഇവിടെ നിയമം ഉണ്ട് എന്നു പറഞ്ഞാൽ ആർക്ക് ആരെ കൺട്രോൾ ചെയ്യാൻ പറ്റും? അതുകൊണ്ട് ഈ ഭേദഗതി അവതരിപ്പിച്ച രീതിയിൽ ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഞങ്ങൾ ഇവിടെ അവതരിപ്പിക്കുമ്പോൾ വോട്ട് ചെയ്യാം. അതല്ല ഈ രീതിയിൽ ഈ നിയമത്തിന്റെ അന്തസ്സിന് എതിരായില്ലേ. ഇതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്തില്ലേ? ആ നടപടി തെറ്റാണെന്നാണ് ഞാൻ പറയുന്നത്. എന്തുകൊണ്ടാണ് കാർഷിക യൂണിവേഴ്സിറ്റിയെ ഇതിൽ ഒഴിവാക്കിയത്? ജോർജ്ജ് മാഷ് ഇവിടെ സൂചിപ്പിച്ചു, കേരളത്തിൽ ഏറ്റവും കൂടുതൽ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നത് കാർഷിക യൂണിവേഴ്സിറ്റിയാണ്. ജോർജ്ജ് മാഷും അനിൽ കുമാറുമൊക്കെ അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളല്ലേ. അഗ്രിക്കൾച്ചർ, വെറ്റിറിനറി, ഫോറസ്ട്രി. ഹോർട്ടി കൾച്ചർ തുടങ്ങി എത്രയോ കോഴ്സുകൾ ആ യൂണിവേഴ്സിറ്റിയിലുണ്ട്. നിങ്ങൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളെ ഇതിൽ അനുവദിക്കില്ല എന്നുള്ളതിന് എന്താണ് ഗ്യാരന്റി? ഇപ്പോൾ കേരളത്തിലെ ഒരു പ്രധാനപ്പെട്ട മേഖലയെ ഒഴിവാക്കിയാൽ നാളെ ആ യൂണിവേഴ്സിറ്റിയുടെ ആക്ടിൽ ആ ഭേദഗതി കൊണ്ടുവന്നാൽ പിന്നെ ഈ നിയമത്തിന്റെ പരിധിയിൽ അവർ ഇല്ല. അതുകൊണ്ട് കാർഷിക യൂണിവേഴ്സിറ്റിയെക്കൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതികൂടി ഞാൻ അവതരിപ്പിക്കുന്നു.

Shri P. Jayarajan : Sir, I move the following amendments :

(164) Add the following words at the end of the item (c) of Clause 2 "Teachers training, Law and Business Management".

(251) In Clause 2 (j) (ii) substitute the words "Nursing, Teacher education, Law, Business Management and Courses like MCA" for the words "and Nursing".

(276) In Clause 2 add the following as item (m) dependants means sons, daughters, grand sons, grand daughters, brothers and sisters of the concerned person who are dependant on the person.

276-നെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്. അതിൽ മാനേജ്മെന്റ് ക്വോട്ടയിൽ 15% സീറ്റുകൾ എൻ.ആർ.ഐ.-യുടെ ഡിപ്പെന്റന്റ്സിനാണ് നിശ്ചയിച്ചിട്ടുള്ളത്. ഡിപ്പെന്റന്റ്സിനെ നിർവചിക്കേണ്ടതുണ്ട്. എന്നുള്ളതാണ് 276 -ാം ഭേദഗതി. അതനുസരിച്ച് Dependants means sons, daughters, grand sons, grand daughters, brothers and sisters of the concerned person who are dependent on the person എന്ന കണക്ക് ആ ഡിപ്പെന്റന്റ്സിനെ കൃത്യമായി നിയമത്തിൽ നിർവചിക്കണം. അല്ലെങ്കിൽ ദുർവ്യാഖ്യാനം നടത്തുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ഈ നിർവചനം (എം) ആയിട്ട് ഇവിടെ കൂട്ടിച്ചേർക്കണം എന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Shri P.J. Joy: Sir, I move the following amendments:

(169) In Clause 2(e) after "those seats" add "in a self-financing professional college".

(260) In Clause 2 (j) (iii) after the words "thereunder" add "conducting courses in any discipline mentioned in this clause".

Dr. A. Neelalohithadasan Nadar : Sir, I move the following amendment:

(173) In Clause 2 (e) add the following at the end of "allotment for admission".

"On the basis of rank list published considering the principle of reservation prevailing for admission to the professional colleges".

സർ, ഞാനെന്റെ 173-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്. അതിൽ Clause 2 (e) - ൽ at the end "allotment for admission" അതിനുശേഷം "On the basis of rank list published considering the principle of reservation prevailing for admission to the professional colleges". ആ ലിസ്റ്റിൽ തന്നെ വേണമെന്നുള്ളതിനെക്കുറിച്ച് ഒന്ന് emphasize ചെയ്യാൻ വേണ്ടിയാണ്.

Shri T. K. Balan : Sir, I move the following amendment:

(201) In Clause 2 (f) add the following words at the end "or institutions conducting any Professional Course".

Shri T. K. Devakumar : Sir, I move the following amendment:

(216) Clause 2 (g) shall be recast as follows : "(g) 'Management' means Person, Persons, body of Persons, Trustees, Committees, governing bodies or any such other body or Committee by whatsoever name called, under whose administration any self-financing Professional College is functioning".

അതിൽ പ്രൈവറ്റ് മാനേജ്മെന്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. ....unaided self-financing professional college is functioning അതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്ന ഒരു കാര്യമാണ് പറയുന്നത്. കാരണം നാളെ ഒരു പ്രൈവറ്റ് അൺ എയ്ഡഡ് self-financing professional college അതിൽ പ്രൈവറ്റ് അൺ എയ്ഡഡ് അങ്ങ് ഒഴിവാക്കിയാൽ നാളത്തേയ്ക്ക് ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

ഗുണകരമായിരിക്കും. മറ്റുള്ള അൺ എയ്ഡഡ് കോഴ്സുകൾക്ക് അത് സഹായകരമായിരിക്കും. അതുപോലെ പ്രൈവറ്റ് സ്ഥാപനങ്ങൾ മാത്രമേ വരുന്നുള്ളു. മറ്റ് സ്ഥാപനങ്ങൾ വരുന്നില്ല. അപ്പോൾ പിന്നെ നിയമം ഭേദഗതി ചെയ്യേണ്ടി വരില്ല. വളരെ സദുദ്ദേശപരമാണ് അത് മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്.

Shri A. A. Azeez: Sir, I move the following amendment.

(219) In Clause 2 (h) between the words "those" and "seats" insert the following words "fifty per cent".

Dr. Thomas Issac: Sir, I move the following amendments :

(225) In Clause 2 (j) after the words "college maintained by" insert the words "University or"

(243) After Clause 2 (j) (ii) insert the following namely: "(iii) Education, Law, Business Administration, Business Management, Computer Science and Computer Applications" and re-number the remaining clauses.

Shri V. K. C. Mammed Koya : Sir, I move the following amendments:

(226) In Clause 2 (j) after the word "Persons" the following words may be inserted "or a Co-opertive Society on any other institutions";

(255) In Clause 2 (j) the following shall be inserted as (iia) after item (ii) "(iia) B.Ed., M.Ed., LL.B., LL.M., MBA and MCA".

Shri T. P. Ramakrishnan : Sir, I move the following amendment :

(227) In Clause 2 (j) insert the word "and" in between the words "Person or body of Persons" and "affiliated to or recognized by"

Shri C. Mammutty : Sir, I move the following amendments :

(235) In Clause 2(j)—(1) insert the words "Degree or Post-graduate Degree" after the word "courses" and before the words "in any of the".

(2) Insert the words "and all professional Degree or Post-graduate courses approved by All India Associations and Councils" in between the words "disciplines" and "namely".

(244) In clause 2 (j) (ii) insert the word "Unani" after the words "Sidha" and "and nursing".

LIBRARY ARCHIVES Kerala Legislative Assembly

Shri A. C. Shanmugha Das: Sir, I move the following amendments:

(241) After clause 2 (j)—(i) add the following: "(ii) Bio Medical".

(249) After clause 2 (j)—(ii) add the following : "Naturopathy".

ഒറ്റ വാചകം മാത്രമേ പറയുന്നുള്ളൂ. ഇത് സ്വീകരിക്കാവുന്നതേയുള്ളൂ. 241-ൽ ബയോ മെഡിക്കൽ എൻജിനീയറിംഗ്, ഇന്ത്യൻ ടെക്നോളജിയിൽ വരുന്നുണ്ട്. അതിൽ നിന്നും വ്യത്യസ്തമായി മനുഷ്യ ശരീര ശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് ആലോചിക്കാവുന്നതാണ്. 249-നെ സംബന്ധിച്ച് ഇവിടെ നാച്ചുറോപ്പതി, ഗവണ്മെന്റ് ഒരു ഡിപ്പാർട്ടുമെന്റായിതന്നെ സ്വീകരിച്ചിട്ടുണ്ട്. മോഡേൺ മെഡിസിൻ, ആയുർവേദ, ഹോമിയോ, നഴ്സിംഗ് ഇതൊക്കെ പറഞ്ഞപ്പോൾ നാച്ചുറോപ്പതി വിട്ടുപോയിരിക്കുന്നു. അത് ഉൾപ്പെടുത്താവുന്നതാണ്.

Shri P. K. K. Bava: Sir, I move the following amendment:

(242) In Clause 2 (j) (ii) the words "Sidha and Nursing" shall be deleted and following words shall be added "Nursing/Law/Business Management/ Chartered Accountancy and B.Ed."

Shri K. Radhakrishnan: Sir, I move the following amendment:

(261) Clause 2 (j) (iii) shall be recast as follows: "(iii) courses such as B.Ed., M.Ed., LL.B, LL.M., M.B.A., M.C.A., B.B.A. and any other discipline as may be declared by the Government; and includes a deemed university or an institution thereunder functioning in the State".

Shri K.V. Kunhiraman: Sir, I move the following amendments:

(262) Clause 2(j) (iii) shall be recast as follows: "(iii) Teacher education, Law, Business Management and any Course or discipline as may be declared by the Government".

Shri Mangode Radhakrishnan: Sir, I move the following amendment:

(266) In Clause 2 (j) (iii) the following shall be added. "B.Ed. Colleges, L.L.B, M.B.A., M.C.A., Colleges and any other discipline as may be declared by the Government from time to time".

LIBRARY ARCHIVES Kerala Legislative Assembly

Shri V. Chenthamarakshan: Sir, I move the following amendment:

(279) After Clause 2 (1) add a new clause as item (m) as follows:

"(m) 'Dependents of non-Resident Indians' means the Spouses and children of the non-Resident Indians".

Shri K.C. Joseph: Sir, I move the following amendment:

(282) In Clause 2 (a) for the words "in excess of the rate of" substitute the words "other than the".

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ അവതരിപ്പിച്ച ഭേദഗതികളൊക്കെ ശ്രദ്ധിച്ചു. ഭേദഗതി ലിസ്റ്റിലുള്ള ശ്രീ. ആര്യാടൻ മുഹമ്മദിന്റെ 207, 256 എന്നീ ഭേദഗതികൾ ഓറലായിട്ട് ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ 206-ാം നമ്പർ ഭേദഗതിയും ഓറലായിട്ട് ഞാൻ അവതരിപ്പിക്കുന്നു.

(207) In Clause 2 (g) for the words "governing bodies" substitute the words "Governing body".

(256) In Clause 2 (j) (iii) after the words "declared by the Government", add the words "by notification in the Gazette".

(206) In Clause 2 (g) for the words "the trustees or" substitute "any person or trustees or" ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതിയും ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതിയും ശ്രീ. ടി.പി.രാമകൃഷ്ണൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ശ്രീ. എ. കെ. ബാലനും നിർദ്ദേശിച്ച ഭേദഗതി സ്വീകാര്യമല്ല. അതുപോലെ ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിന്മേലല്ല. അതുകൊണ്ടാണ് ഒഫീഷ്യൽ അമെന്റ്മെന്റ് കൊണ്ടുവന്നത്. ഏതായാലും ഇവിടെ lapsed seats-നെക്കുറിച്ച് പറഞ്ഞു. അത് ഗവണ്മെന്റ് സീറ്റിൽ ബാക്കിയുള്ളതാണ്. അത് ലാപ്സായി കിടക്കണ്ട, ഫിൽ ചെയ്യണമെന്ന് നോട്ടിഫിക്കേഷന്റെ അവസാനം എൻട്രൻസ് കമ്മീഷണർ ഉത്തരവ് കൊടുത്തുവെങ്കിൽ മാത്രമേ ഫിൽ ചെയ്യാൻ പറ്റൂ. അതാണ് ഭേദഗതി. സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളുടെ നിർവ്വചനത്തിലുള്ള എൻജിനീയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് പുറമെ B.Ed., LL.B., M.B.A. തുടങ്ങിയ കോഴ്സുകൾ ചേർക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പലരും നിർദ്ദേശിച്ചിരുന്നു. എന്നാൽ അത്തരം കോഴ്സുകളും കാലാകാലങ്ങളിൽ ആവശ്യാനുസരണം ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഡിക്ളയർ ചെയ്യാൻ ഇപ്പോൾതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ആ ഭേദഗതികൾ അംഗീകരിക്കുന്നില്ല. നാച്ച്വറോപ്പതി ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്. 130-ാം ഭേദഗതിയുടെ ആവശ്യമില്ല. അതിപ്പോൾത്തന്നെ വ്യക്തമാണ്. യൂണിവേഴ്സിറ്റി ആക്ടിൽ അതുതന്നെയാണ് പറയുന്നത്. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ.....................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മന്ത്രി അവതരിപ്പിച്ച 636-ാം നമ്പർ ഭേദഗതിയെ ഞങ്ങൾ എതിർക്കുന്നു. പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—71

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്യുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, എൻ. ഡി. അപ്പച്ചൻ
9. ,, ഇ. എം. അഗസ്തി
10. ,, കെ. ബാബു
11. ,, ബാബു ദിവാകരൻ
12. ,, ആർ. ബാലകൃഷ്ണപിള്ള
13. ,, പി. കെ. കെ. ബാവ
14. ,, ടി. വി. ചന്ദ്രമോഹൻ
15. ,, കെ. എ. ചന്ദ്രൻ
16. ,, എം. എ. ചന്ദ്രശേഖരൻ
17. ,, കെ. ബി. ഗണേഷ് കുമാർ
18. ,, എം. പി. ഗംഗാധരൻ
19. ,, പി. പി. ജോർജ്
20. ,, എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
22. ,, ഇസ്ഹാക്ക് കുരിക്കൾ
23. ,, ഉമ്മൻ ചാണ്ടി
24. ,, ടി. എം. ജേക്കബ്
25. ,, ജോണി നെല്ലൂർ
26. ,, കെ. സി. ജോസഫ്
27. ,, ജോസഫ് എം. പുതുശ്ശേരി
28. ,, പി. ജെ. ജോയി
29. ,, കെ. എൻ. എ. ഖാദർ
30. ,, കെ. കെ. നായർ
31. ,, ലൂഡി ലൂയിസ്
32. ,, സി. മമ്മൂട്ടി
33. ,, കെ. എം. മാണി
34. ,, കെ. മുഹമ്മദാലി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, കെ. മോഹൻ കുമാർ
37. ,, എ. കെ. മണി
38. ,, സി. മോയിൻകുട്ടി
39. ,, സി. പി. മുഹമ്മദ്
40. ,, എം. മുരളി
41. പ്രൊഫ. എ. ഡി. മുസ്തഫ
42. ശ്രീ. എഴുകോൺ നാരായണൻ
43. ,, എം. കെ. പോൾസൺ മാസ്റ്റർ
44. ,, വി. ജെ. പൗലോസ്
45. ,, അടൂർ പ്രകാശ്
46. ,, ടി. എൻ. പ്രതാപൻ
47. ,, ജി. പ്രതാപവർമ്മ തമ്പാൻ
48. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ,, ടി. യു. രാധാകൃഷ്ണൻ
50. ശ്രീമതി രാധാ രാഘവൻ
51. ശ്രീ. എ. എൻ. രാജൻ ബാബു
52. ,, യു. സി. രാമൻ

LIBRARY ARCHIVES Kerala Legislative Assembly

53. ശ്രീ. തമ്പാനൂർ രവി
54. ,, ടി. പി. എം. സാഹിർ
55. ,, എൻ. ശക്തൻ
56. ,, പി. ശങ്കരൻ
57. ,, കെ. ശങ്കരനാരായണൻ
58. ശ്രീമതി മാലേത്ത് സരളാദേവി
59. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
60. ശ്രീ. ഷിബു ബേബിജോൺ
61. ശ്രീമതി ശോഭനാ ജോർജ്
62. ശ്രീ. നാലകത്ത് സൂപ്പി
63. ,, ഡി. സുഗതൻ
64. ,, എ. സുജനപാൽ
65. ,, പി. ടി. തോമസ്
66. ,, തോമസ് ചാഴികാടൻ
67. ,, തോമസ് ഉണ്ണിയാടൻ
68. ,, ഉമേഷ് ചള്ളിയിൽ
69. ,, എം. എ. വാഹീദ്
70. ,, കെ. സി. വേണുഗോപാൽ
71. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—38

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ എം. വി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ
22. ,, എ. സി. മൊയ്തീൻ
23. ,, പിരപ്പൻകോട് മുരളി
24. ,, സി. കെ. നാണു
25. ,, പി. നാരായണൻ
26. ഡോ. എ. നീലലോഹിതദാസൻ നാടാർ
27. ശ്രീ കെ. രാധാകൃഷ്ണൻ
28. ,, മാങ്കോട് രാധാകൃഷ്ണൻ
29. ,, എൻ. രാജൻ
30. ,, കെ. പി. രാജേന്ദ്രൻ
31. ,, രാജു എബ്രഹാം
32. ,, ടി. പി. രാമകൃഷ്ണൻ
33. ,, സാജു പോൾ
34. ,, കെ. പി. സതീശ് ചന്ദ്രൻ
35. ,, എ. സി. ഷൺമുഖദാസ്
36. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
37. ശ്രീ പി. എസ്. സുപാൽ
38. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—71

പ്രതികൂലിക്കുന്നവർ—38

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി അവതരിപ്പിച്ച 636-ാം നമ്പർ ഭേദഗതി 38-നെതിരെ 71 വോട്ടുകളോടെ സഭ അംഗീകരിച്ചു.

മന്ത്രി അവതരിപ്പിച്ച മറ്റ് ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതിയും ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 130, 136, 137, 138, 200, 214, 216, 218, 222, 229, 263, 264, 276, 281 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..

പ്രതികൂലിക്കുന്നവർ..

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—38

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്ജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. ,, എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ

LIBRARY ARCHIVES Kerala Legislative Assembly

19.	ശ്രീ.	വി. കെ. സി. മമ്മത്കോയ
20.	,,	മത്തായി ചാക്കോ
21.	,,	കെ. പി. മോഹനൻ
22.	,,	എ. സി. മൊയ്തീൻ
23.	,,	പിരപ്പൻകോട് മുരളി
24.	,,	സി. കെ. നാണു
25.	,,	പി. നാരായണൻ
26.	ഡോ.	എ. നീലലോഹിതദാസൻ നാടാർ
27.	ശ്രീ.	കെ. രാധാകൃഷ്ണൻ
28.	,,	മാങ്കോട് രാധാകൃഷ്ണൻ
29.	,,	എൻ. രാജൻ
30.	,,	കെ. പി. രാജേന്ദ്രൻ
31.	,,	രാജു എബ്രഹാം
32.	,,	ടി. പി. രാമകൃഷ്ണൻ
33.	,,	സാജു പോൾ
34.	,,	കെ. പി. സതീശ് ചന്ദ്രൻ
35.	,,	എ. സി. ഷൺമുഖദാസ്
36.	ശ്രീമതി	പി. കെ. ശ്രീമതി ടീച്ചർ
37.	ശ്രീ.	പി. എസ്. സുപാൽ
38.	ഡോ.	തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ—74

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	സി. ടി. അഹമ്മദ് അലി
5.	,,	എ. പി. അനിൽകുമാർ
6.	,,	എ. കെ. ആന്റണി
7.	,,	എൻ. ഡി. അപ്പച്ചൻ
8.	,,	ഇ. എം. അഗസ്തി
9.	,,	കെ. ബാബു
10.	,,	ബാബു ദിവാകരൻ
11.	,,	ആർ. ബാലകൃഷ്ണപിള്ള
12.	,,	പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. ടി. വി. ചന്ദ്രമോഹൻ
14. ,, കെ. എ. ചന്ദ്രൻ
15. ,, എം. എ. ചന്ദ്രശേഖരൻ
16. ,, കെ. ബി. ഗണേഷ് കുമാർ
17. ,, എം. പി. ഗംഗാധരൻ
18. ,, പി. പി. ജോർജ്
19. ,, എം. എം. ഹസ്സൻ
20. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
22. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
23. ,, ഉമ്മൻ ചാണ്ടി
24. ,, ടി. എം. ജേക്കബ്
25. ,, ജോണി നെല്ലൂർ
26. ,, കെ. സി. ജോസഫ്
27. ,, ജോസഫ് എം. പുതുശ്ശേരി
28. ,, പി. ജെ. ജോയി
29. ,, കെ. എൻ. എ. ഖാദർ
30. ,, കെ. കെ. നായർ
31. ,, ലൂഡി ലൂയിസ്
32. ,, സി. മമ്മൂട്ടി
33. ,, കെ. എം. മാണി
34. ,, കെ. മുഹമ്മദാലി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, കെ. മോഹൻ കുമാർ
37. ,, എ. കെ. മണി
38. ,, സി. മോയിൻകുട്ടി
39. ,, സി. പി. മുഹമ്മദ്
40. ,, എം. മുരളി
41. പ്രൊഫ. എ. ഡി. മുസ്തഫ
42. ശ്രീ. എഴുകോൺ നാരായണൻ
43. ,, എം. കെ. പോൾസൺ മാസ്റ്റർ
44. ,, വി. ജെ. പൗലോസ്
45. ,, അടൂർ പ്രകാശ്

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. ടി. എൻ. പ്രതാപൻ
47. ,, ജി. പ്രതാപവർമ്മ തമ്പാൻ
48. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ,, ടി. യു. രാധാകൃഷ്ണൻ
50. ശ്രീമതി രാധാ രാഘവൻ
51. ശ്രീ. എ. എൻ. രാജൻ ബാബു
52. ,, തേറമ്പിൽ രാമകൃഷ്ണൻ
53. ,, യു. സി. രാമൻ
54. ,, തമ്പാനൂർ രവി
55. ,, ടി. പി. എം. സാഹിർ
56. ,, എൻ. ശക്തൻ
57. ,, പി. ശങ്കരൻ
58. ,, കെ. ശങ്കരനാരായണൻ
59. ശ്രീമതി മാലേത്ത് സരളാദേവി
60. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
61. ശ്രീ. ഷിബു ബേബിജോൺ
62. ശ്രീമതി ശോഭനാ ജോർജ്
63. ശ്രീ. നാലകത്ത് സൂപ്പി
64. ,, ഡി. സുഗതൻ
65. ,, എ. സുജനപാൽ
66. ,, സി. എഫ്. തോമസ്
67. പ്രൊഫ. കെ. വി. തോമസ്
68. ശ്രീ. പി. ടി. തോമസ്
69. ,, തോമസ് ചാഴികാടൻ
70. ,, തോമസ് ഉണ്ണിയാടൻ
71. ,, ഉമ്മേഷ് ചള്ളിയിൽ
72. ,, എം. എ. വാഹീദ്
73. ,, കെ. സി. വേണുഗോപാൽ
74. ,, ബി. വിജയകുമാർ

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>—ആരുമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അനുകൂലിക്കുന്നവർ—38

പ്രതികൂലിക്കുന്നവർ—74

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 128, 150, 191, 273 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 133, 143, 168, 205, 234, 240, 258, 267, 272 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. എൻ. രാജൻബാബു അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 134, 233, 278 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 135, 144, 166, 231, 259 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 158, 162, 175, 196, 215, 232, 239, 270, 275 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച 139, 145, 167, 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 141, 161, 253, 280 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 142, 170, 220 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 157, 174, 199, 221, 224, 238 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 159, 223, 254 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 160, 208 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 163, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 164, 251 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 225, 243 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 226, 255 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 235, 244 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 241, 249 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, 637, 638 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(637) In sub-clause (2) of Clause 3, after the words "total seats" the words "in each branch" shall be inserted.

(638) In sub-clause (4) of Clause 3 the second proviso shall be omitted.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(286) In clause 3(1) in the 2nd line after the words "or in" the word 'any' shall be deleted the word 'the' shall be inserted and after the word "judgement", the words "decree or order of any Court or any other authority" shall be deleted and the following shall be inserted:

"No. 2002 (8) SCC 481 and 2003 (6) SCC 697 of the Supreme Court.

(333) Clause 3(4) shall be recast as follows:

"(4) Seats in the Management Quota shall be filled up from the list prepared on the basis of Commom Entrance Examination conducted by the State, observing the principles of reservation."

(342) In the first proviso to Clause 3 (4) instead of "15%" "10%" shall be substituted.

(356) Second proviso to Clause 3 (4) shall be deleted.

(400) In Clause 3, the following shall be added as a new sub-clause:

"(7) The Teaching Staff, Paramedical Staff and the Technical Staff shall be selected by a committee consisting of the representatives each of any universities of the State, the Government and the Management."

(401) The following shall be added as a new sub-clause:

"(7) the educational qualification of the Teaching and Non-Teaching staff in the self-financing professional colleges shall be the same as are fixed by the Universities and concerned departments of the Government."

(402) The existing clause 3 (6) shall be re-numbered as 3 (8).

ഇത്തരം ഒരു നിയമനിർമ്മാണത്തിന് ഇടയായതുതന്നെ സുപ്രീംകോടതി റ്റി.എം.എ. പൈ കേസ്സിലും ഇസ്ലാമിക് അക്കാഡമിക് കേസ്സിലും സമീപകാലത്തു കൊണ്ടുവന്ന വിധിയാണ്. ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഏതെങ്കിലും ഒരു വിധിയും ഓർഡറും എന്ന നിലയിലാണ്. അതിന് പകരം ഇത്തരം ഒരു നിയമ നിർമ്മാണത്തിന് ഇടയാക്കിയ സുപ്രീംകോടതി വിധിതന്നെ, സുപ്രീംകോടതിയിൽ വന്ന കേസ് തന്നെ പരാമർശിക്കുന്നതായിരിക്കും നല്ലത് എന്നാണ് തോന്നുന്നത്. മാത്രമല്ല ഇതിന് മുമ്പ് വയനാട് ജില്ലയിൽ വിവിധ പ്രദേശങ്ങളിൽനിന്ന് മരങ്ങൾ മുറിക്കുവാൻ പാടില്ലെന്ന സുപ്രീംകോടതി വിധി വന്ന പശ്ചാത്തലത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി യാതൊരു നിയന്ത്രണവും ഇല്ലാത്ത മരംമുറി വരാത്തവിധത്തിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ആ ബില്ലിൽ പ്രസ്തുത ഹൈക്കോടതി ഒ.പി. നമ്പറും വിധിയും പറഞ്ഞിട്ടുണ്ട്. അതുപറയുവാനാണ് ഞാൻ ഇവിടെ 286-ാം നമ്പർ ഭേദഗതി കൊണ്ടുവന്നത്. അതുകൊണ്ട് സുപ്രീംകോടതി വിധി യെതന്നെ ഇതിൽ വ്യക്തമായി പറയേണ്ടതുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്റെ 286-ാം നമ്പർ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് 3 എന്നുപറയുന്നത് വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച മാനദണ്ഡം വ്യക്തമായിട്ട് വിവരിക്കുന്നതാണ്. അതനുസരിച്ച് 50 ശതമാനം സീറ്റിൽ എൻട്രൻസ് കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽനിന്ന് മുൻഗണനാക്രമം അനുസരിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുമെന്ന് പറയുമ്പോൾ മാനേജുമെന്റ് ക്വാട്ടയിലെ 50 ശതമാനം ഇഷ്ടമുള്ള രീതിയിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്താൻ സാധ്യതയുണ്ട്. അതിൽ യാതൊരു സംവരണതത്വവും പാലിക്കുന്നില്ല. നമ്മുടെ നാട്ടിൽ ഇപ്പോൾതന്നെ ചില സംഭവങ്ങളുണ്ട്. ആ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ പരിശോധനാവിധേയമാക്കണമെന്നാണ് എന്റെ 333-ാം നമ്പർ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചിൻ, അവിടെപോലും പത്ത് ശതമാനം സംവരണം എസ്.സി./എസ്.റ്റി.-ക്ക് എന്നുപറഞ്ഞു കൊണ്ട് വ്യക്തമായിട്ടുള്ള മാനദണ്ഡം നിശ്ചയിച്ചിരിക്കുകയാണ്. അവർ തീരുമാനിച്ച കാര്യംപോലും ബില്ലിൽ ഉൾപ്പെടുത്താൻ നമുക്ക് കഴിയുന്നില്ലായെന്ന് പറഞ്ഞാൽ പിന്നെ സംവരണത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എങ്ങനെ ജനങ്ങളെ അഭിമുഖീകരിക്കുവാൻ കഴിയും? സംവരണ തത്വമാകെ അട്ടിമറിക്കുന്ന വിധത്തിൽ വിദ്യാർത്ഥി പ്രവേശനം അനുവദിക്കുന്ന നിലപാടാണ് ഇപ്പോഴത്തെ വ്യവസ്ഥ. അതുകൊണ്ട് സംവരണതത്വം പൂർണ്ണമായി പാലിച്ചുകൊണ്ടായിരിക്കണം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടത്. അത് കഴിയണമെങ്കിൽ കോമൺ എൻട്രൻസ് എക്സാമിനേഷൻ ടെസ്റ്റിൽനിന്ന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുവാൻ കഴിയണം. ഇവിടെ വിവിധ കോളേജുകളിൽ വിവിധ രൂപത്തിലാണ് പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ചില കോളേജുകൾ സംവരണതത്വം അംഗീകരിച്ചുകൊണ്ടാണ് പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചതെങ്കിൽ മറ്റ് ചില കോളേജുകളിൽ മാനേജുമെന്റ് ക്വാട്ടയിൽ മാത്രമല്ല മെരിറ്റ് സീറ്റിലും യാതൊന്നുംതന്നെ ചെയ്യുന്നില്ല. 50 ശതമാനം മെരിറ്റ് വരുമ്പോൾ കോമൺ എൻട്രൻസ് ടെസ്റ്റിൽനിന്ന് ലിസ്റ്റ് കൊടുക്കുന്ന സമയത്ത് റിസർവേഷൻ പാലിക്കുമെന്ന് നമുക്ക് അറിയാമെങ്കിലും അതിനെ അട്ടിമറിച്ചുകൊണ്ട് പ്രവേശനം നടത്തുകയാണ്. അതുകൊണ്ട് കൃത്യമായിട്ടുള്ള വ്യവസ്ഥ വേണം. പുഷ്പഗിരി അതിന് ഒരു ഉദാഹരണമാണ്. കഴിഞ്ഞ തവണ അവിടത്തെ വിദ്യാർത്ഥി പ്രവേശനത്തിൽ യാതൊരു സംവരണവും പാലിച്ചിരുന്നില്ല. ഇതിന് വ്യക്തമായിട്ടുള്ള വ്യവസ്ഥ ഇതിൽ വരണം. സംവരണം പാലിക്കണമെന്നതാണ് ഞാൻ 333-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

എൻ.ആർ.ഐ. സീറ്റുകളിലേയ്ക്ക് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത് 15 ശതമാനമാണ്. 15 ശതമാനം എന്തിനാണ്? പരിയാരം മെഡിക്കൽ കോളേജ് കഴിഞ്ഞതവണ എൻ.ആർ.ഐ. സീറ്റിലേയ്ക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുവേണ്ടി അവരുടെ പ്രോസ്പെക്ടസിൽതന്നെ ഭേദഗതി വരുത്തേണ്ടിവന്നു. പതിനഞ്ച് സീറ്റാണ് നീക്കിവച്ചതെങ്കിൽ എട്ട് സീറ്റിൽ ചേരാൻ ആൾ ഉണ്ടായിരുന്നില്ല. 25 ലക്ഷം രൂപയ്ക്ക് ആരു ചേരാനാണ്? ധാരാളം സ്ഥാപനങ്ങളിൽ എൻ.ആർ.ഐ. സീറ്റുകൾ ഒഴിഞ്ഞുകിടന്നു. ഇപ്പോൾ പതിനഞ്ച് ശതമാനം യഥാർത്ഥത്തിൽ ആവശ്യമില്ല, മാത്രമല്ല പരിയാരം മെഡിക്കൽകോളേജ് അതിന്റെ പ്രോസ്പെക്ടസിൽ ഒരു ഭേദഗതി വരുത്തി. എൻ.ആർ.ഐ. എന്നുപറയുന്നതിന്റെ നിർവ്വചനമായി

LIBRARY ARCHIVES Kerala Legislative Assembly

NRI seats are defined as those seats set apart for the son, daughter, brother, sister, niece, nephew, first cousin, or dependant of NRI. എല്ലാം വരുകയാണ്. ഇത്രയും വിപുലമായി ഡിഫൈൻ ചെയ്തിട്ടുള്ള മറ്റൊന്നും കാണാനില്ല. ഇതെല്ലാം പറഞ്ഞിട്ടുപോലും ആളുകൾ വന്നില്ല. 20 ലക്ഷം, 25 ലക്ഷം, 40 ലക്ഷം എന്ന നിലയിൽ ഫീസ് ഏർപ്പെടുത്തിയാൽ ആരുവരാൻ? എട്ട് സീറ്റ് ഒഴിഞ്ഞുകിടക്കുന്നു. ആ എട്ട് സീറ്റിലേയ്ക്ക് പ്രവേശനം നടത്താൻ കഴിയാതെവരും ഇങ്ങനെയൊരു വ്യവസ്ഥ നമ്മൾ കൊണ്ടുവന്നാൽ ഒഴിഞ്ഞുകിടക്കുന്നത് ഒഴിഞ്ഞുകിടക്കും. അതുകൊണ്ട് പത്ത് ശതമാനം മതി എൻ.ആർ.ഐ. എന്നുള്ളതാണ് ഞാൻ 342-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

വിദ്യാർത്ഥി പ്രവേശനത്തിനു മാത്രമേ ക്ളാസ് 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. അദ്ധ്യാപകർ വേണം. പാരാമെഡിക്കൽ സ്റ്റാഫ് വേണം, എഞ്ചിനീയറിംഗ് കോളേജാണെങ്കിൽ ടെക്നിക്കൽ സ്റ്റാഫ് വേണം. അങ്ങനെ ധാരാളം അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലേക്ക് നമുക്ക് നിയമനം നടത്തേണ്ടതുണ്ട്. അതിന് ഒരു വ്യവസ്ഥയും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. അവരെ എങ്ങനെ നിയമിക്കും?

അതുകൊണ്ട് വ്യക്തമായിട്ടുള്ള ഒരു സെലക്ഷൻ കമ്മിറ്റി വേണമെന്നുള്ളതാണ്. 400-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ജീവനക്കാരെയാകെ നിയമിക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ പ്രതിനിധിയും ഗവൺമെന്റിന്റെ പ്രതിനിധിയും മാനേജ്മെന്റിന്റെ പ്രതിനിധിയും ഉൾക്കൊള്ളുന്ന ഒരു സെലക്ഷൻ കമ്മിറ്റി നിശ്ചിത യോഗ്യതയുടെ മാനദണ്ഡമനുസരിച്ച് ആളുകളെ നിയമിക്കണമെന്ന വ്യവസ്ഥയാണ് കൊണ്ടുവരുന്നത്. അല്ലാതിരുന്നാൽ നിയമനം നടത്തുന്നത് യോഗ്യരായ ആളുകളെയല്ലാതെയാകും. നിയമനം നടത്തുന്നതിലും വ്യാപകമായ അഴിമതി നടക്കുകയാണ്. എയ്ഡഡ് കോളേജുകളിലെ നിയമനത്തിന്റെ കാര്യം നമുക്കറിയാം. എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന്റെ കാര്യം നമുക്കറിയാം. പ്ളസ് ടു എയ്ഡഡ് സ്കൂളുകളിലേയ്ക്ക് അദ്ധ്യാപകരെ നിയമിക്കുമ്പോൾ 12 ലക്ഷവും 16 ലക്ഷവും രൂപയാണ് മാനേജുമെന്റുകൾ ചില സ്ഥലങ്ങളിൽ വാങ്ങുന്നത്. നിയമനത്തിന് വ്യക്തമായിട്ടുള്ള സംവിധാനം നമ്മളുണ്ടാക്കുന്നില്ലെങ്കിൽ ഇത് സമ്പൂർണ്ണമായിട്ടുള്ള നിയമമല്ലാതായി മാറും. അതുകൊണ്ട് 400-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ വ്യക്തമായിട്ടുള്ള വ്യവസ്ഥ വേണമെന്നതാണ്. . ഒരു സെലക്ഷൻ കമ്മിറ്റി വേണം. 401-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയ്ക്കുമുള്ള യോഗ്യത നിശ്ചയിക്കണം. വിദ്യാർത്ഥി പ്രവേശനത്തിന് വ്യകത്മായിട്ടുള്ള യോഗ്യതയുണ്ട്. വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ട അദ്ധ്യാപകരുടേയും അവരെ സഹായിക്കേണ്ട അനദ്ധ്യാപകരുടെയും യോഗ്യത നിർണ്ണയിക്കണം. യൂണിവേഴ്സിറ്റികളും ഗവൺമെന്റും അതാത് കാലത്തിൽ നിശ്ചയിക്കുന്ന വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഈ സെലക്ഷൻ കമ്മിറ്റിക്ക് നിയമനം നടത്താൻ കഴിയും വിധത്തിൽ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ നിയമനരീതി ഉണ്ടാക്കണമെന്നുള്ളതാണ്. ഈ രണ്ടു പുതിയ പ്രൊവിഷൻ ക്ളാസ് 3-ൽ ചേർത്താൽ നിലവിലുള്ളത് റീ-നമ്പർ ചെയ്യണമെന്നുള്ളതാണ് ഞാൻ എന്റെ 402-ാം നമ്പർ ഭേദഗതിയിൽ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതികൾ മൂവ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(287) In sub-clause (1) of Clause 3, for the words "any other authority" substitute the words "any other authority or commission appointed under any judgment of any Court".

(289) In sub-clause (1) of Clause 3 for the words "an self financing" substitute the words "a self financing".

(298) In sub-clause (2) of Clause 3 for the words "fifty per cent of the total seats" substitute the words "fifty per cent of total seats in each branch of Engineering Courses in Engineering Colleges and in other self financing Colleges".

(317) In sub-clause (4) of Clause 3, for the word "State" substitute the words "the Commissioner of Entrance Examinations".

(327) In sub-clause (4) of Clause 3, for the words "a consortium of a particular type" substitute the words "consortium of a particular type of institution".

(330) For sub-clause (4) of Clause 3 (excluding the provisos) substitute the following:

(4) Seats in the management quota shall also be filled up on the basis of the rank in the Common Entrance Examination conducted by the Commissioner for Entrance Examination.

(344) In the first proviso to sub-clause (4) of Clause 3 for the words "Marks they have obtained" substitute the words "merit based on the marks they have obtained".

(382) (1) In sub-clause (5) of Clause 3 for the words "the same as are applicable" substitute the words "the same as those applicable".

(383) In sub-clause (5) of Clause 3, for the words "notified by the Government" substitute the words "notified by the Universities in the State".

(393) In sub-clause (6) of Clause 3, add the following at the end namely: "after the expiry of the period of validity of the rank list published by the Commissioner for Entrance Examination".

സർ ഞാൻ മൂന്നാം വകുപ്പിന് 10 ഭേദഗതികളാണ് നിർദ്ദേശിക്കുന്നത്. 287, 298 എന്നിവയിൽ മറ്റു നിയമങ്ങളിലോ ഏതെങ്കിലും കോടതിയോ മറ്റു അധികാര സ്ഥാനങ്ങളുടെയോ വിധികളിലോ ഏതെങ്കിലും കരാറിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ നിയമമനുസരിച്ച് ആയിരിക്കും പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം എന്നാണ് 3 (1)-ൽ പറഞ്ഞിരിക്കുന്നത്. ഇതിൽ അതോറിറ്റി എന്നതുകൊണ്ടുദ്ദേശിക്കുന്നത് കെ. ടി. തോമസ് കമ്മീഷനെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണെന്നാണ് തോന്നുന്നത്. എങ്കിൽ അത് വ്യക്തമായി തന്നെ കമ്മീഷൻ എന്നു പറയുന്നതാണ് നല്ലത്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ട് സംസ്ഥാന നിയമസഭയ്ക്ക് ഈ നിയമനിർമ്മാണം നടത്താൻ അധികാരമുണ്ട്. അതു പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി വിധി മറികടക്കാനാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതെന്ന് വ്യക്തമായി പറയുന്നതാണ് നല്ലത്. ഒളിച്ചുകളിയുടെ ആവശ്യമില്ല. അത് വ്യക്തമായി തന്നെ പറയണം. 50 ശതമാനം സീറ്റ് ഗവൺമെന്റ് ക്വാട്ടയിലും 50 ശതമാനം സീറ്റ് മാനേജ്മെന്റ് ക്വാട്ടയിലും വേണം. എൻജിനീയറിംഗിന്റെ ഓരോ ബ്രാഞ്ചിലും 50 ശതമാനം വീതം സീറ്റ് എന്ന് വ്യക്തമായി തന്നെ ഇവിടെ പ്രതിപാദിക്കണം. അതാണ് ഞാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 289, സബ് ക്ലാസ് 1-ൽ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജ് എന്നതിനു മുമ്പുള്ള "an" എന്നത് "a" ആക്കുന്നതാണ് നല്ലത്. അതു ബഹുമാനപ്പെട്ട മന്ത്രിക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ളതായിരിക്കുകയില്ല. ഗ്രാമർ നോക്കാതെ എഴുതിപ്പോയതായിരിക്കും. 330-ാം നമ്പർ ഭേദഗതി, മാനേജ്മെന്റ് കോളേജുകൾ ഉൾപ്പെടെയുള്ള 100 ശതമാനം സീറ്റിലേയ്ക്കും എൻട്രൻസ് എക്സാമിനേഷൻ നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും നടത്തണമെന്നതാണ് എന്റെ അഭിപ്രായം. 317-ൽ നാലാം ഉപവകുപ്പിൽ സ്റ്റേറ്റ് എന്ന വാക്കിനു പകരം "the Commissioner for Entrance Examinations" എന്നു ചേർക്കണം. അതിനാണ് എന്റെ 317-ാമത്തെ ഭേദഗതി. കാരണം സ്റ്റേറ്റ് നേരിട്ട് പരീക്ഷ നടത്തുന്നില്ല. അതുകൊണ്ട് ഈ കാര്യം വ്യക്തമാക്കത്തക്ക വിധത്തിൽ എഴുതണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്. 327-ൽ സബ്ക്ലാസിൽ 4-ൽ പറഞ്ഞിരിക്കുന്നത് "consortium of a particular type in the State" എന്നാണ് പറഞ്ഞിരിക്കുന്നത്. "Particular type of institution in the State" എന്നാണ് വേണ്ടത്. നിയമത്തിന് കുറേക്കൂടി ക്ളാരിറ്റി വരാൻ ഇത് ആവശ്യമാണ്. അതുകൊണ്ട് ഇൻസ്റ്റിറ്റ്യൂഷൻ എന്നു ചേർക്കുന്നതായിരിക്കും നല്ലത്. 344-ൽ മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് പ്രവേശനത്തിന് മെറിറ്റ് പ്രധാനപ്പെട്ട ഘടകമായിരിക്കണം. സുപ്രീംകോടതി വിധിയിൽ മെറിറ്റ് പ്രധാനമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതു നടപ്പാക്കണമെങ്കിൽ എന്റെ ഭേദഗതി അംഗീകരിക്കുന്നതായിരിക്കും നല്ലത്. 289-ലും ഒരു ഡ്രാഫ്റ്റിംഗിൽ വന്ന പിശകാണെന്നാണ് എനിക്ക് തോന്നുന്നത്. "Shall be the same as are applicable" എന്നതിനു പകരം "shall be the same those applicable" എന്നാക്കുന്നതായിരിക്കും നല്ലതെന്നാണ് തോന്നുന്നത്. 383-ൽ മാനേജ്മെന്റ് ക്വാട്ടയിലേയ്ക്കുള്ള പ്രവേശനത്തിന് വേണ്ട വിദ്യാഭ്യാസ യോഗ്യത സർക്കാർ നോട്ടിഫൈ ചെയ്യുന്നതായിരിക്കുമെന്നാണ് 5-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത്. എൻജിനീയറിംഗ് മെഡിക്കൽ തുടങ്ങിയ കോഴ്സുകൾക്ക് വേണ്ടി വിദ്യാഭ്യാസ യോഗ്യത യൂണിവേഴ്സിറ്റികളാണ് നിശ്ചയിക്കുന്നത്. അത് സർക്കാരല്ല നിശ്ചയിക്കേണ്ടത്. "As may be notified by the Government" എന്നതിനു പകരം "as may be notified by the Universities in the State" എന്നു ചേർക്കുന്നതായിരിക്കും നല്ലത്. 393-ൽ ഞാൻ നേരത്തേ പറഞ്ഞതിന്റെ തുടർച്ചയാണ്. Lapsed seats എന്ന വകുപ്പ് നിയമത്തിൽ നിന്ന് നീക്കണമെന്നാണ്. അതില്ലെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുമാനിക്കുന്നതിനുപകരം കുട്ടികളെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം കമ്മീഷന് നൽകണം. ഞാൻ നേരത്തേ പറഞ്ഞതിന് സമാനമായിട്ടുള്ള കാര്യം ഇതിൽ വേണമെന്നതുകൊണ്ടാണ് അത്തരത്തിലുള്ള ഒരു ഭേദഗതി കൊടുക്കാൻ ഇടയായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(288) In Clause 3 (1) after the words "or in any agreement" insert the words "or in any report of any Commission".

(297) In Clause 3 (2) insert the word "unaided" before the words "self financing".

(301) In Clause 3 (2) for the words "shall be Management Quota" substitute the words "Management Quota to be filled from the Rank list prepared by the Commissioner for the Entrance Examinations" following the reservation to SC/ST and other backward communities as may be determined by the Government from time to time.

(316) In Clause 3 sub-clause (4) delete the words "either" and "or from the list prepared on the basis of the Common Entrance Test conducted by a consortium of a particular type in the State".

(381) In Clause 3 (5) add the word "unaided" before the words "Self Financing".

(396) Clause 3 (6) shall be recast as follows: "notwithstanding" in sub-section (1) lapse seat if any may be filled up by the Commission for the Entrance Examination merit list.

സർ, ക്ലാസ് 3-ൽ "Procedure for admission into self financing professional colleges", അതിൽ നേരത്തേ പറഞ്ഞതുപോലെ "in any judgment, decree or order of any court or any other authority or in any agreement...." കഴിഞ്ഞതിനുശേഷം "or any commission report" എന്നുകൂടി എഴുതിച്ചേർക്കണം. കാരണം, കമ്മിഷൻ റിപ്പോർട്ട് ഒഴിവാക്കേണ്ട ആവശ്യമില്ല. Commission report കൂടി എഴുതിവച്ചുകഴിഞ്ഞാലേ നിങ്ങൾ ഉദ്ദേശിക്കുന്ന കാര്യം നിറവേറ്റാൻ പറ്റൂ. 297-ൽ ഞാൻ നേരത്തേ പറയണമെന്നു കരുതിയ പ്രശ്നം ഇതിൽ വരുകയാണ്. അൺ-എയ്ഡഡ് എന്നതുകൂടി ചേർക്കണം. The Kerala Unaided Professional Colleges (Prohibition of Capitation fees and procedure for admission and fixation of fees) Bill, 2004 എന്നാണ് നമ്മുടെ നിയമം. സബ്ജക്ട് കമ്മിറ്റിയിൽ പോയിട്ട് തിരിച്ചുവന്നതിൽ "Self financing professional college" എന്നു മാത്രമാണ്. ഇതിൽ വലിയ അപകടം ഉണ്ട്. ബഹുമാനപ്പെട്ട മാണി പറഞ്ഞതുകൊണ്ടായിരിക്കും ഇങ്ങനെ വന്നതെന്ന കാര്യം വളരെ വ്യക്തമാണ്. ഇപ്പോൾ എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫൈനാൻസിംഗ് കോഴ്സുകളുണ്ട്. അവിടെയൊക്കെ ഇത് ബാധിക്കാൻ പോകുകയാണ്. എയ്ഡഡ് കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾ കൂടാൻ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നിലവിലുള്ള ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച്, നിലവിലുള്ള അദ്ധ്യാപകരെ ഉപയോഗിച്ച്, കെട്ടിടങ്ങൾ ഒന്നും വേണ്ട. അവിടെ അനുവദിക്കുന്ന എല്ലാ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾക്കും ബാധകമാണ്. ആ രൂപത്തിൽ എയ്ഡഡ് കോളേജുകളിലെ കോഴ്സുകൾ ഇന്നല്ലെങ്കിൽ നാളെ നഷ്ടമാണെന്ന് പറഞ്ഞുകൊണ്ട് സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോഴ്സുകൾ എയ്ഡഡ് സ്ഥാപനങ്ങളിൽ വളരെ സമർത്ഥമായി കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഗൂഢനീക്കമാണ് ഈ പേരുമാറ്റംകൊണ്ട് ഉണ്ടാകുന്നതെന്നത് വളരെ വ്യക്തമാണ്. അതുകൊണ്ട് ഈ ബില്ലിൽ ആദ്യം നിങ്ങൾ സൂചിപ്പിച്ച Unaided then self-financing professional colleges-ന്റെ കൂടെ അൺഎയ്ഡഡ് എന്നുകൂടി ചേർക്കണം. സുപ്രീം കോടതി വിധിയിലൊക്കെ അങ്ങനെയാണ്. ശ്രീ. കെ.എം. മാണി സാറിന്റെ ബുദ്ധിയാണ് ഇതിന്റെ പിന്നിലെന്നത് വളരെ വ്യക്തമാണ്. എല്ലാ aided സ്ഥാപനങ്ങളിലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ വരാൻ പോകുകയാണ്. നമ്മൾ കൊടുക്കുന്നത്, സംസ്ഥാനത്ത് ഇപ്പോൾ 20 ശതമാനമാണ്. Beating the same bush ഇതൊന്നും തന്നെ ഇവരുടെ തലയിൽ പോകില്ല. കേസിന്റേയും ക്ലയന്റിന്റേയും കൂടെ immovable property വേണമെന്ന് പറഞ്ഞിട്ട് വേണ്ട എന്നല്ലേ പറഞ്ഞത്. പ്രോപ്പർട്ടി വാങ്ങാം, ക്യാപ്പിറ്റേഷൻ ഫീസിന് പകരം. 301 ക്ലാസ് 3 (2) മാനേജുമെന്റ് ക്വാട്ടയിൽ എൻട്രൻസ് എക്സാമിനർ നടത്തുന്ന ലിസ്റ്റിൽനിന്നും തന്നെ എടുക്കണം. അത് നിർബന്ധമാണ്. അതിനുംപുറമേ റിസർവേഷൻ കംപ്ലൈ ചെയ്യണം. ഇനി എല്ലാ ഗവണ്മെന്റ് സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുമെല്ലാം ഗവൺമെന്റ് നിയന്ത്രണത്തിൽനിന്നും പോകുകയാണ്. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ സ്വകാര്യവൽക്കരണത്തിൽപ്പെടുകയാണ്. ഈ സ്വകാര്യ വൽക്കരിക്കപ്പെടുന്ന സാഹചര്യത്തിൽ social justice ലഭിക്കണമെങ്കിൽ പിന്നോക്ക പട്ടികവിഭാഗങ്ങൾക്ക് സംവരണം ലഭ്യമാക്കണം. നിലവിലുള്ള സംവരണതത്വം പാലിക്കാൻ പറ്റാത്ത വിധത്തിലാണ്. കാര്യങ്ങളെല്ലാം ആ മേഖലയിലേയ്ക്കാണ് നീങ്ങുന്നത് സേവനതുറ എന്ന നിലയിൽ നിലവിലുള്ള വിദ്യാഭ്യാസ രംഗത്ത്, സ്വകാര്യ രംഗത്ത് നിർബന്ധമായും സംവരണതത്വം പാലിക്കണം. അതുകൊണ്ട് SC/ST പിന്നോക്ക വിഭാഗങ്ങൾക്ക്കൂടി സംവരണം ഉറപ്പാക്കണം എന്നുള്ളതാണ് ഇതിന്റെ ഉള്ളടക്കം. 314 മാനേജുമെന്റ് കൺസോർഷ്യം നടത്തുന്ന എക്സാമിനേഷൻ ടെസ്റ്റ് ഒഴിവാക്കണമെന്നുള്ളതാണ്. വിശദീകരിക്കേണ്ട ആവശ്യമില്ല. 381 ക്ലാസ് 3 (5) അതിന്റെ കൂടെ അൺ എയ്ഡഡ് എന്നുകൂടി ചേർക്കണം. 396 ക്ലാസ് 3 (6) ലാപ്സ്ഡ് സീറ്റ് മാനേജുമെന്റ് നികത്തുന്നതിനുപകരം എൻട്രൻസ് കമ്മിഷണർ നടത്തുന്ന പരീക്ഷയിൽ നിന്നുതന്നെ എടുക്കണം.

<u>മി. ചെയർമാൻ:</u> 285-ാം നമ്പർ ഭേദഗതി വകുപ്പിന്റെ ശീർഷകത്തിലുള്ള ഭേദഗതി ആയതിനാൽ ക്രമാനുസൃതമല്ല.

Shri P. J. Joy ; Sir, I move the following amendments:

(294) In Clause 3(1), for the words "for admission of students into an self financing Professional College" substitute "admission to a self financing Professional College".

LIBRARY ARCHIVES Kerala Legislative Assembly

(311) In Clause 3 (4), for "from the list" appearing in the first line substitute "from the rank list".

(362) In the last proviso to clause 3 (4) for "from the list prepared" substitute "in accordance with the rank obtained in the rank list prepared and published".

(378) In Clause 3 (5) after the words "admission to the" add "any course in the".

Shri A. Sujanapal: Sir, I move the following amendments:

(295) In Clause 3 (1) for "sub-sections (2) to (6)" substitute "sub-sections (2) to (7)".

(329) In Clause 3 (4) add the following at the end "in accordance with the rank shown in that list".

(341) In the first proviso to Clause 3 (4) for "managements will have the option" substitute "managements shall have the option".

(343) In the first proviso to Clause 3 (4) for "admission of the candidates would be made" substitute "the admission of the candidates shall be made".

(399) In Clause 3 add the following as sub-clause (7)

The fee to be collected from a candidate admitted to any course under sub-section (5) shall be equal to the fee to be collected from a student admitted to that course under the Government quota.

Shri Thomas Unniyadan: Sir, I move the following amendment:

(299) In Clause 3 (2) for the words "total seats" the words "total seats in each discipline" shall be substituted.

സർ, ഞാൻ 299 ക്ലാരിറ്റിക്കുവേണ്ടി, shall be എന്നുള്ളത് shall belong to Government എന്നാക്കുന്നത് നന്നായിരിക്കും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ എന്റെ 302-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(302) Sub-clause (2) of Clause 3 shall be recast as follows:

"(2) In every self financing Professional College at least fifty per cent of the total seats shall be Government Quota and the remaining shall be Management Quota."

ശ്രീ. ടി.പി. രാമകൃഷ്ണൻ: സർ, ഞാൻ എന്റെ 303 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(303) Clause 3 (2) shall be recast as follows:

"In every self financing Professional Colleges Management Quota shall not exceed fifty per cent."

നിയമനിർമ്മാണം നടത്തുമ്പോൾ ഭരണഘടന അനുശാസിക്കുന്ന സാമൂഹ്യനീതി ഉറപ്പുവരുത്തേണ്ടതുണ്ട്. എന്റെ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത് ഗവൺമെന്റ് സീറ്റ് 50 ശതമാനം എന്നുള്ളത് ഉറപ്പു വരുത്തുക, ബാക്കിയുള്ളത് മാനേജുമെന്റുമായി ബന്ധപ്പെടുത്തി ഒരു വ്യക്തത വേണമെന്നതാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: ഞാൻ എന്റെ 306, 338, 372 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(306) A new proviso shall be added to the sub-clause (2) of Clause (3) "provided that ten per cent of the seats in the Government quota shall be reserved for economically backward sections".

(338) Sub-clause (4) of Clause 3 shall be recast as follows:

"(4) Seats in the Management Quota shall be filled up on the basis of the ranks in the Common Entrance Examination conducted by him."

(372) Clause 3 (4) shall be recast as follows:

Seats in the management quota shall be filled up from the list prepared by the Commissioner of Entrance Examination on the basis of the ranks following the principles of reservation as ordered by the Government from time to time.

306-ൽ 10 ശതമാനം സീറ്റ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് റിസർവേഷൻ കൊടുക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് പാവപ്പെട്ട ആളുകളോട് അൽപമെങ്കിലും സ്നേഹം അവശേഷിക്കുന്നുണ്ടെങ്കിൽ 10 ശതമാനം സീറ്റ് പാവപ്പെട്ടവർക്ക് വയ്ക്കണം. കോമൺ എൻട്രൻസ് റാങ്കുലിസ്റ്റിൽ നിന്നും മാനേജുമെന്റ് ക്വാട്ട ഫിൽ ചെയ്യണമെന്നതാണ് 338-ാം നമ്പർ ഭേദഗതി. സർക്കാർ സ്ഥാപനങ്ങൾപോലും റിസർവേഷൻ കൃത്യമായി പാലിക്കുന്നില്ല. സ്വാഭാവികമായും സ്വകാര്യ സ്ഥാപനങ്ങൾ റിസർവേഷൻ പാലിക്കുമെന്നുറപ്പില്ല. അതുകൊണ്ടുതന്നെ കൃത്യമായും പേമെന്റ് സീറ്റിലടക്കം റിസർവേഷൻ വേണം എന്നുള്ളതാണ് 372-ാം നമ്പർ ഭേദഗതി. അത് പിന്നോക്ക/പട്ടിക വിഭാഗത്തിനോട് കാണിക്കുന്ന നീതിയായിരിക്കും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ എന്റെ 307, 360, 370 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(307) In Clause 3 (3) after the words "conducted by him" add the words "taking into account the individual choices of the candidates".

(360) In Second proviso of clause 3(4) substitute the words "Professional Institutions" for "Professional Colleges".

LIBRARY ARCHIVES Kerala Legislative Assembly

(370) Clause 3 (4) shall be recast as follows:

"Seats in the management quota shall be filled up as follows:

(1) 15% of the seats to be filled by the management from candidates having minimum educational qualifications prescribed for admission by the university.

(2) 15% of the seats to be filled by the management from candidates who are dependents of Non-Resident Indians having minimum educational qualification prescribed for admission by the university and

(3) 20% of seats shall be filled up from the list prepared on the basis of common entrance test conducted by the State or from the list prepared on the basis of common entrance test conducted by the consortium in sub-section 5.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ഞാൻ എന്റെ 308, 322 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(308) In Clause 3 (3) after "principles of reservation" add the following: "to SC, ST and OBC".

(322) In sub-clause (4) of Clause 3 delete the following words "or from the list prepared on the basis of the Common Entrance Test conducted by a consortium of a particular type in the State".

സംവരണതത്വം പാലിക്കണമെന്നതാണ് ഇവിടെ പറഞ്ഞത്. Ordered by the Government from time to time. അത് സ്പെസിഫിക്കായിട്ട് എസ്.സി./എസ്.ടി., ഒ.ബി.സി. എന്ന് പറയണം.

<u>ശ്രീ. തമ്പാനൂർ രവി</u>: സർ, ഞാൻ എന്റെ 309, 325, 377 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(309) In Clause 3 (3) the word "communal" shall be inserted between the words "principles of " and "reservation".

(325) In Clause 3 (4) the word "Government" shall be inserted between the words "State" and "or from".

(377) In Clause 3 (5)

The words "for various courses" shall be inserted between the words "qualification" and "for admission".

(377) Educational qualifications for admission എന്ന സ്ഥലത്ത്, പല കോളേജുകളും ഇത് നടത്തുന്നത്, Educational qualification for various courses എന്ന് കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ എന്റെ 310, 320 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(310) In Clause 3 (3) after the words "as ordered by the Government" add "by publication in the Government Gazette".

(320) In clause 3 (4) for "conducted by the State" substitute "conducted by the Commissioner of Entrance Examinations".

ശ്രീ. ടി.കെ. ബാലൻ: സർ, ഞാൻ എന്റെ 318, 386 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(318) In sub-clause (4) of Clause 3 delete the words after "conducted by the State".

(386) Delete Clause 3 (6).

318-നെപ്പറ്റി ഇവിടെ പറഞ്ഞത്, മാനേജുമെന്റിന്റെ കൺസോർഷ്യം നടത്തുന്ന എൻട്രൻസ് ടെസ്റ്റിനെ സംബന്ധിച്ചുള്ള വിപത്താണ്. അത് നമ്മൾ ആവേശത്തിൽ മറക്കരുത് എന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്. ഏതാനും വർഷം മുമ്പ് കർണ്ണാടകയിൽ എൻട്രൻസ് എക്സാമല്ല, ബേസിക് മിനിമം ക്വാളിഫിക്കേഷൻ പ്രൊഫഷണൽ കോഴ്സുകൾക്ക്, ഉദാഹരണത്തിന്, എഞ്ചിനീയറിംഗിന് 50 ശതമാനം മാർക്കാണ് പ്രീ-ഡിഗ്രിക്ക് വേണ്ടത്. നമ്മുടെ സംസ്ഥാനത്തുനിന്നും 45 ശതമാനം അല്ലെങ്കിൽ 40 ശതമാനം മാർക്കുള്ള കുട്ടി പോയാൽ പതിനായിരം രൂപ ക്വാളിഫൈയിംഗ് എക്സാമിന് എന്നുപറഞ്ഞ് വാങ്ങും. എന്നിട്ട് പ്ലസ് ടുവിൽ പ്രീ-ഡിഗ്രിക്ക് 40 ശതമാനം മാർക്കുള്ള കുട്ടിയെ 50 ശതമാനം മാർക്ക് വാങ്ങുന്നതിന് യൂണിവേഴ്സിറ്റിയിൽ നിന്നും റാറ്റിഫിക്കേഷൻ വാങ്ങി പരീക്ഷ എഴുതിക്കും. അതെന്ത് അൽഭുതമായിരിക്കുന്നു. പുഷ്പഗിരിയിൽ ഫസ്റ്റ് ഇയറിൽ എം.ബി.ബി.എസ്.-ന് അഡ്മിഷൻ കൊടുക്കുന്നതിന് 50 ശതമാനം മാർക്കില്ലാത്ത കുട്ടിയെ എം.ജി. യൂണിവേഴ്സിറ്റിയിൽ പണം വാങ്ങിയിട്ട് പരീക്ഷയ്ക്കിരുത്തുന്നു. എന്നിട്ട് പ്രൊഫഷണൽ കോളേജിൽ അഡ്മിഷൻ കിട്ടി എന്നും പറയുന്നു. അങ്ങനെ മാനേജുമെന്റിന് എൻട്രൻസിന് അവകാശം കൊടുക്കുക, പേപ്പർ അവർതന്നെ നോക്കുക, വാല്യുവേഷൻ അവർ തന്നെ നടത്തുക, എന്തൊരു അരാജകത്വമാണ്. നമ്മുടെ കേരളത്തിൽ യൂണിവേഴ്സിറ്റി പരീക്ഷയിൽ അരാജകത്വം നടക്കുന്നുണ്ട്. മറ്റ് ഗവൺമെന്റ് ഏജൻസികൾ നടത്തുന്ന പരീക്ഷയിൽ നടക്കുന്നുണ്ട്. എക്സാമിനേഷൻ പേപ്പർ, ക്വസ്റ്റ്യൻ ഇവ ചോരുന്നു. വാല്യുവേഷനിൽ തട്ടിപ്പ് നടക്കുന്നില്ലേ? വിജിലൻസ്പോലും ഇപ്പോൾ പലതും ബുക്ക് ചെയ്യുന്നില്ലേ? മാനേജുമെന്റുതന്നെ ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കുകയും വാല്യുവേഷൻ നടത്തുകയും, റിസൽട്ട് പബ്ലിഷ് ചെയ്യുകയും റാങ്കുലിസ്റ്റ് തയ്യാറാക്കുകയുമാണെങ്കിൽ അവർ കാശ് മേടിക്കും. കേരളത്തിലെ ഗവണ്മെന്റ് എക്സാമിനേഷന് ഇങ്ങനെയുള്ള തിരിമറികൾ നടക്കുന്നുണ്ടെന്ന് ബോദ്ധ്യമുള്ളവരല്ലേ ഇവിടെ ഇരിക്കുന്നവർ. എന്തായാലും എൻട്രൻസ് എക്സാമിനേഷൻ അവർക്ക് വിട്ടുകൊടുക്കുന്ന പ്രശ്നമില്ല. മറ്റ് തരത്തിലുള്ള ഇളവുകൾ കൊടുത്തോട്ടെ. എൻട്രൻസ് കമ്മീഷണർ നടത്തുന്ന കോമൺലിസ്റ്റിൽനിന്നു തന്നെ വേണമെന്ന നിബന്ധന വയ്ക്കണം. ബാക്കിയെല്ലാം ഞാൻ ഫോർമലായി മൂവ് ചെയ്യുകയാണ്.

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. ജോണി നെല്ലൂർ]

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(312) In sub-clause (4) of clause 3 after the words "filled up" delete the word "either" and insert "only" and delete all the words after the words "by the State".

(345) First proviso to sub-clause (4) of clause 3 shall be recast as follows:

"Provided that the Managements which conduct courses in Engineering, MBBS will have the option to earmark not more than 10% of the seats in the Management Quota to dependants of Non-Resident Indians and in that case the admission of candidates would be made on the basis of the criteria prescribed by the Common Entrance Examination conducted by the Commissioner for Entrance Examinations."

(365) The second proviso to the sub clause (4) of clause 3 shall be recast as follows:

"Provided further that in the case of Self financing Professional Colleges under a deemed university, the management would be at liberty to fill up the seats under management quota from the list prepared on the basis of the examination conducted by the Commissioner for Entrance Examinations."

നമ്മൾ ഒരു പരീക്ഷ നടത്തുമ്പോൾ അതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ വിശ്വാസം നഷ്ടപ്പെട്ടു പോയാൽപ്പിന്നെ ഈ കോഴ്സ് നടത്തിയതുകൊണ്ട് യാതൊരു അർത്ഥവുമില്ല. അതുകൊണ്ട് സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആ റാങ്ക് ലിസ്റ്റിൽ നിന്ന് വിദ്യാർത്ഥികളെ എടുക്കുകയും വേണം. അല്ലാതെ അതിൽ വെള്ളം ചേർക്കുന്ന വിധത്തിൽ മാനേജുമെന്റുകൾക്ക് റാങ്ക് ലിസ്റ്റുണ്ടാക്കാനും പ്രത്യേകം പ്രത്യേകം പരീക്ഷ നടത്താനും കഴിഞ്ഞാൽ നമ്മുടെ പരീക്ഷാ കമ്മീഷണർ നടത്തുന്ന റാങ്ക് ലിസ്റ്റിന്റെ വിശ്വാസ്യത നഷ്ടപ്പെടും. അതുകൊണ്ട് എൻ.ആർ.ഐ. സീറ്റിലായാലും എൻട്രൻസ് കമ്മീഷണർ നടത്തുന്ന ലിസ്റ്റിൽ നിന്നുവേണം എടുക്കേണ്ടത്. രണ്ടാമത്തെ കാര്യം എൻ.ആർ.ഐ.-സീറ്റൊക്കെ നിശ്ചയിക്കുന്നതിന് ഒരു മാനദണ്ഡം വേണ്ടേ. എൻ.ആർ.ഐ. എന്നുള്ള നിർവ്വചനത്തിൽ എൻ.ആർ.ഐ.-സീറ്റ് എത്ര ശതമാനം വരെയാകാം, എൻ.ആർ.ഐ. സീറ്റ് നിശ്ചയിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് നിയന്ത്രിതമായ രൂപമുണ്ടോ? ഇതൊക്കെ മാനേജുമെന്റിന്റെ അധികാരത്തിൽ കൈകടത്തുകയാണെന്ന് ധരിക്കരുത്. അല്ലെങ്കിൽ കോളേജു നടത്താൻ വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മാനേജുമെന്റുകൾക്കെതിരായി പറയുന്നതുമല്ല. ഈ പരീക്ഷ നടത്തുന്ന രീതിയായാലും, പ്രവേശനം കൊടുക്കുന്ന രീതിയായാലും നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകണമെന്നുള്ളതാണ് ഞാൻ ഈ ഭേദഗതികൾ അവതരിപ്പിച്ചു കൊണ്ട് പറയുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(332) Sub-clause (4) of clause 3 shall be recast as follows:

"(4) Seats in the Management Quota should be filled up only from the list prepared on the basis of the Common Entrance Examination conducted by the Commissioner of Entrance Examinations."

അതിൽ ഒരു കാര്യം പറയുവാനുള്ളത് പൊതുപരീക്ഷ നടത്തി കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുന്ന സംവിധാനത്തിൽ മാനേജുമെന്റ് ക്വാട്ട പൊതുപരീക്ഷാ ലിസ്റ്റിൽ നിന്നു തയ്യാറാക്കി അതിലെ മെറിറ്റടിസ്ഥാനത്തിൽ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കണമെന്നുള്ളതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(334) Sub-clause (4) of Clause (3) shall be recast as follows:

"(4) Seats in the management quota shall be filled up from the list prepared by the Commissioner of Entrance Examinations on the basis of ranks in the Common Entrance Examination conducted by him following the principles of reservations as ordered by the Government from time to time."

സർ, മാനേജുമെന്റ് ക്വാട്ടയിലും കുട്ടികളെ എടുക്കുന്ന അവസരത്തിൽ സർക്കാർ തയ്യാറാക്കിയ എൻട്രൻസ് ലിസ്റ്റിൽ നിന്നുതന്നെ എടുക്കുകയും സംവരണതത്വം പാലിച്ചുകൊണ്ടുതന്നെ അത് ഫിൽ ചെയ്യുകയും വേണം. കാരണമെന്താണെന്നു വച്ചാൽ ഇപ്പോൾ പുഷ്പഗിരി കോളേജിന്റെ പ്രശ്നത്തിൽ ഒരു കൂട്ട തോൽവിയുണ്ടായി. ഈ കുട്ടികളുടെ തോൽവിക്ക് പ്രധാന കാരണമായി പറയുന്നത് എൻട്രൻസ് എക്സാമിനേഷൻ എഴുതിയ അവസാനത്തെ ആൾക്കുവരെ പഠിക്കാനുള്ള അവസരമുണ്ടാക്കി കൊടുത്തു. അപ്പോൾ മാനേജുമെന്റിന് സ്ഥിരമായി ഒരു പരീക്ഷ നടത്തി കുട്ടികളെ എടുക്കാനുള്ള ഒരവസരമുണ്ടാക്കി കൊടുത്താൽ ഒരു നിലവാരവുമില്ലാത്ത കുട്ടികളായിരിക്കും കടന്നുവരാൻ പോകുന്നത്. അങ്ങനെ വന്നാൽ കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെ അങ്ങേയറ്റം ദോഷകരമായി ബാധിക്കുന്ന ഒരു സ്ഥിതിയുണ്ടാകും അതുകൊണ്ട് അത് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(335) Recast sub-clause (4) of clause 3 as follows:

"(4) Seats in the Management Quota shall be filled from the rank list prepared by the Commissioner of Entrance Examination on the basis of the Common Entrance Examination conducted by him, following the principles of reservation as ordered by the Government from time to time."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(336) Clause 3 (4) shall be recast as follows:

"(4) Seats in Management Quota shall be filled up from the list prepared on the basis of Common Entrance Examination conducted by the State."

(363) In the second proviso to Clause 3 (4), the words "or the consortium" shall be omitted.

ഒരു ചെറിയ കാര്യം മാത്രമേ പറയുന്നുള്ളു. നിശ്ചിത യോഗ്യതയുള്ളവരെ മാത്രം പ്രവേശിപ്പിക്കുക. ആർക്കും എന്തും ചെയ്യാവുന്ന ഒരവസ്ഥ കേരളത്തിലെ പ്രൊഫഷണൽ രംഗത്ത് വരാതിരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(337) Sub-clause (4) of Clause 3 shall be recast as follows:

"(4) Seats in the Management Quota shall be filled up from the rank list prepared by the Commissioner of Entrance Examination based on the Entrance Examination conducted by him."

(346) In Clause 3 (4) after the first proviso insert the following further proviso – "Provided further that in conducting the Common Entrance Test by the consortium, the candidates shall be given ample opportunity to select a college of their choice for admission:

ഭേദഗതി 337-ൽ പറഞ്ഞിരിക്കുന്നത് എൻട്രൻസ് ലിസ്റ്റിൽ നിന്നും കുട്ടികളെ എടുക്കണമെന്നുള്ളതാണ്. ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷനെയാണ് ഗവൺമെന്റ് വച്ചത്. മാനേജുമെന്റ് നടത്തിയ ടെസ്റ്റിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ കമന്റ് ഉണ്ട്. കൺസോർഷ്യം ടെസ്റ്റ് അവർ നടത്തിക്കഴിഞ്ഞാൽ ബാലചന്ദ്രമേനോന്റെ സിനിമപോലെയാകും. കഥ, തിരക്കഥ, സംഭാഷണം, സംവിധാനം, പ്രധാനനടനും മൂപ്പർ ആയിരിക്കും. അപ്പോൾ ആ രീതിയിൽ അവർക്ക് ഇഷ്ടംപോലെ കോഴ കൊടുക്കുന്ന കുട്ടികളെ ലിസ്റ്റിൽപ്പെടുത്താൻ കഴിയുന്ന രൂപത്തിലുള്ള ടെസ്റ്റ് നടത്തുമെന്നുള്ളത് ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ള ഒരു കാര്യമാണ്. ഇത് മാനേജുമെന്റിന്റെ കൺസോർഷ്യത്തെ ഏൽപ്പിക്കുന്നതിനു പകരം എൻട്രൻസ് ലിസ്റ്റിൽ നിന്നും എടുക്കണമെന്നുള്ളതാണ്.

ഭേദഗതി 346-നെക്കുറിച്ച് പറയുവാനുള്ളത് എന്ത് പ്രധാനപ്പെട്ട കാര്യം ഞങ്ങൾ പറഞ്ഞാലും നിങ്ങൾ കേൾക്കില്ലെന്ന് ധരിക്കുകയാണ്. നിങ്ങളുടെ മനസ് അങ്ങനെയായിപ്പോയി. കൺസോർഷ്യം നടത്തുന്ന ലിസ്റ്റിൽ നിന്ന് എടുക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ ബ്രാഞ്ചുകളിലെ കൺസോർഷ്യം നടത്തുന്ന ടെസ്റ്റിൽ നിന്ന് സെലക്ഷനുവേണ്ടിയുള്ള ചോയിസ് കൊടുക്കണം. ഏത് സ്ഥലത്ത് പോകാമെന്നുള്ള ചോയിസ് അവർക്ക് കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. വി. കെ. സി. മമ്മത്കോയ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(339) Clause 3 (4) shall be recast as follows:

"(4) Seats in the Management Quota shall be filled up from the list prepared on the basis of the rank list of the Common Entrance Examination conducted by the State."

(366) In Clause 3 (4) the second proviso shall be recast as follows:

"Provided further that in the case of Self-financing Professional Colleges under a deemed university, the seats under the management quota shall be filled from the list prepared by the commissioner of entrance examinations on the basis of the common Entrance Examination conducted by him."

<u>ശ്രീ. എ. എൻ. രാജൻ ബാബു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(340) In the first Proviso to sub-clause (4) of Clause (3) the word "total" shall be inserted in between the words "the" and "seats"; and delete the words "in the management quota".

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(347) In Clause 3 (4) add the following as the first proviso – "Provided that the management shall follow only one of the lists mentioned in this sub-section for filling the seats in the management quota".

(392) In Clause 3(6) add the following after sub-section (i), "subject to the provisions of Clause (a) of sub-section (1) of Section 4".

<u>ശ്രീ. കെ. ബാബു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(348) In Clause 3(4) after the first proviso add the following further proviso – "Provided further that where the seats earmarked for the Non-resident Indians are not fully filled the management shall be at liberty to fill the remaining seat or seats to any other candidate or candidates as the case may be".

അതിനെക്കുറിച്ച് ഒരു വാക്കു പറയുവാനുള്ളത് 15 ശതമാനത്തിൽ കൂടാതെ എൻ.ആർ.ഐ. ക്വാട്ട ഫിൽ ചെയ്യാൻ മാനേജുമെന്റിന് അധികാരമുണ്ട്. അപ്പോൾ 15 ശതമാനം എൻ.ആർ.ഐ. സീറ്റ് ഫിൽ ചെയ്തില്ലെങ്കിൽ ആ സീറ്റ് വേക്കന്റാകും. അതുകൊണ്ട് മറ്റുതരത്തിലെടുക്കാൻ വേണ്ടി ഒരു പ്രൊവിസൊ എഴുതിച്ചേർക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(359) In the last proviso to clause 3(4) for "Self financing Professional Colleges under a deemed university" substitute "Self financing Professional Colleges conducted by or under a deemed university".

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(368) Clause 3(4) shall be recast as follows:

"(4) Seats in the management quota shall be filled up from the list prepared on the basis of the common entrance examination conducted by the State."

"Provided that any management conducting courses in medicine will have the option to earmark not more than 10% of seats in the management quota to children of non-resident Indians."

"Provided further that in the case of unaided Professional Colleges under a deemed university, the management would fill up the seats under management quota from the list prepared on the basis of the examination conducted by the Commissioner for Entrance Examinations."

(395) Clause 3(6) shall be recast as follows: Notwithstanding anything contained in sub-section (1), lapsed seats, if any may be filled up by Government in accordance with sub-section (3)."

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(373) Clause 3(4) shall be recast as follows:

"Seats in the management quota also shall be filled up from the list prepared on the basis of the common entrance examination conducted by the State Government, following the principles of reservation as ordered by the Government from time to time."

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(375) After sub-clause (4) of clause (3) add the following as sub-clause (5).

"(5) From the management quota seat, 15% may be selected from the entrance exams commissioners list as merit and the 35% may be selected from common entrance test conducted by a consortium of a particular type in the state."

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(398) For sub-clause (6) of clause 3 the following shall be substituted.

"Seats in the Management Quota shall be filled up on the basis of the principle of reservations prevailing the existing Government Professional colleges."

മാനേജുമെന്റ് ക്വാട്ടയിൽ principle of reservation prevailing in the existing Government Professional colleges and aided colleges should be followed that merit quota എന്നാണ്. ഇത് സെലക്ഷൻ കിട്ടാതെ നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സഹായകരമായിരിക്കും. ഈ ഭേദഗതി മന്ത്രി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതിയും 317-ാം നമ്പർ ഭേദഗതിയും ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതിയും 343-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

ശ്രീ. ടി. കെ. ദേവകുമാറിന്റെ 380-ാം നമ്പർ ഭേദഗതി ഞാൻ ഓറൽ അമെന്റുമെന്റായി അവതരിപ്പിക്കുന്നു.

(380) In Clause 3 (5) delete the words "to the management quota".

മി. ചെയർമാൻ: ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കാമോയെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 289, 317 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 341, 343 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

8.00 p.m.] ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 287, 288, 297, 298, 301, 306, 318, 333, 346, 372, 398, 400, 401 എന്നീ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ (ശ്രീ. ജോണിനെല്ലൂർ): ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, പി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. എം. കുമാരൻ
14. ,, കോവൂർ കുഞ്ഞുമോൻ
15. ,, വി. കെ. സി. മമ്മത്കോയ
16. ,, മത്തായി ചാക്കോ
17. ,, എ. സി. മൊയ്തീൻ
18. ,, പിരപ്പൻകോട് മുരളി
19. ,, പി. നാരായണൻ
20. ഡോ. എ. നീലലോഹിതദാസൻ നാടാർ
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ,, മാങ്കോട് രാധാകൃഷ്ണൻ
23. ,, എൻ. രാജൻ
24. ,, ടി. പി. രാമകൃഷ്ണൻ
25. ,, സാജു പോൾ
26. ,, എ. സി. ഷൺമുഖദാസ്
27. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
28. ഡോ. തോമസ് ഐസക്ക്

LIBRARY ARCHIVES Kerala Legislative Assembly

<u>പ്രതികൂലിക്കുന്നവർ</u>—66

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, എ. പി. അനിൽകുമാർ
5. ,, എ. കെ. ആന്റണി
6. ,, എൻ. ഡി. അപ്പച്ചൻ
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, എം. പി. ഗംഗാധരൻ
16. ,, പി. പി. ജോർജ്
17. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ,, ഇസ്ഹാക്ക് കുരിക്കൾ
19. ,, ഉമ്മൻ ചാണ്ടി
20. ,, ടി. എം. ജേക്കബ്
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. എൻ. എ. ഖാദർ
25. ,, പി. കെ. കുഞ്ഞാലിക്കുട്ടി
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ,, കെ. മുഹമ്മദാലി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻ കുമാർ
33. ,, ആര്യാടൻ മുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. എം. മുരളി
35. പ്രൊഫ. എ. ഡി. മുസ്തഫ
36. ശ്രീ. എഴുകോൺ നാരായണൻ
37. ,, എം. കെ. പോൾസൺ മാസ്റ്റർ
38. ,, വി. ജെ. പൗലോസ്
39. ,, അടൂർ പ്രകാശ്
40. ,, ടി. എൻ. പ്രതാപൻ
41. ,, ജി. പ്രതാപവർമ്മ തമ്പാൻ
42. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
43. ,, ടി. യു. രാധാകൃഷ്ണൻ
44. ശ്രീമതി രാധാ രാഘവൻ
45. ശ്രീ. എ. എൻ. രാജൻ ബാബു
46. ,, തേറമ്പിൽ രാമകൃഷ്ണൻ
47. ,, യു. സി. രാമൻ
48. ,, തമ്പാനൂർ രവി
49. ,, ടി. പി. എം. സാഹിർ
50. ,, എൻ. ശക്തൻ
51. ,, പി. ശങ്കരൻ
52. ,, കെ. ശങ്കരനാരായണൻ
53. ശ്രീമതി മാലേത്ത് സരളാദേവി
54. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
55. ശ്രീ. കെ. കെ. ഷാജു
56. ,, നാലകത്ത് സൂപ്പി
57. ,, ഡി. സുഗതൻ
58. ,, എ. സുജനപാൽ
59. ,, സി. എഫ്. തോമസ്
60. ,, പി. ടി. തോമസ്
61. ,, തോമസ് ചാഴികാടൻ
62. ,, തോമസ് ഉണ്ണിയാടൻ
63. ,, ഉമേഷ് ചള്ളിയിൽ
64. ,, എം. എ. വാഹീദ്
65. ,, കെ. സി. വേണുഗോപാൽ
66. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: അനുകൂലിക്കുന്നവർ—28

പ്രതികൂലിക്കുന്നവർ—66

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 286, 342, 356, 402 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 327, 330, 344, 382, 383, 393 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 316, 381, 396 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 294, 311, 362, 378 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. സുജനപാൽ അവതരിപ്പിച്ച 295, 329, 399 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 307, 360, 370 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 308, 322 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 309, 325, 377 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 310, 320 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2/934/2012—28

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 312, 345, 365 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 336, 363 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 339, 366 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 347, 392 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 368, 395 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹിദ് അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

മി. ചെയർമാൻ: ഇനിപറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(403) In Clause 4(1) for the words "or in any agreement" substitute the words "or in any agreement or in any report of any commission".

(461) In Clause 4(2) delete item "(e) Development fees and".

(482) In Clause 4(3) after the words "fees structure" add the words "and in fixing such fees and structure regard shall be given to see that the fees so fixed shall not exceed the amount required for providing facilities necessary benefit of the students".

ഇത് ക്ളാസ് 4(1)-ൽ നേരത്തെ സൂചിപ്പിച്ചതുപോലെ എഗ്രിമെന്റിന് അപ്പുറം "any commission report" എന്നുകൂടി ചേർക്കണം. മറ്റൊന്ന് 4(2) ഇത് ഫീസ് സ്ട്രക്ച്ചറുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ഡെവലപ്മെന്റ് ഫീ പറയുന്നുണ്ട്. ഇത് മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ ഫീസ് വാങ്ങിക്കാൻ സൗകര്യമുള്ളതാണ്. അതായത് ട്യൂഷൻ ഫീസ്, ലൈബ്രറി ഫീസ്, ലബോറട്ടറീസ് ഫീസ്, കോഷൻ ഡിപ്പോസിറ്റ്, ഡെവലപ്മെന്റ് ഫീസ്, റീ-ഫണ്ടബിൾ ഡെപ്പോസിറ്റ് മുതലായവ. ഡെവലപ്മെന്റ് ഫീസിന് എന്തെങ്കിലുമൊരു സീലിംഗ് വേണം. ഇല്ലെങ്കിൽ മാനേജുമെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ നിന്ന് എത്ര രൂപ വേണമെങ്കിലും വാങ്ങാം. ഇവിടെ നേരത്തെ ക്യാപ്പിറ്റേഷൻ ഫീസ് നിർത്തിയെന്നു പറഞ്ഞല്ലോ അപ്പോൾ ക്യാപ്പിറ്റേഷൻ ഫീസിന് സമാനമായിട്ടുള്ള ഫീസ് ഡെവലപ്മെന്റ് ഫീസ് എന്ന രൂപത്തിൽ വാങ്ങിയാൽ ഒരു രൂപത്തിലും ഇതിനെ എതിർക്കാൻ പറ്റുകയില്ല. ഡെവലപ്മെന്റ് ഫീസെന്നു പറഞ്ഞുകൊണ്ട് യാതൊരു തത്വദീക്ഷിതയുമില്ലാത്ത രൂപത്തിലുള്ള ഫീസ് വസൂലാക്കാൻ അവർക്ക് നിയമത്തിന്റെ പരിരക്ഷ കിട്ടുകയാണ്, ഈ നാട്ടിലെ വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും കൊള്ളയടിക്കാൻ ഒരു ക്ളാസ് ഈ രൂപത്തിൽ വച്ചുകൊടുക്കുന്നത് ശരിയല്ല. അതുകൊണ്ട് development fee upto Rs. 5000 എന്നോ അല്ലെങ്കിൽ ട്യൂഷൻ ഫീസിന്റെ പത്തു ശതമാനമെന്നോ ആക്കി മാറ്റണം. മറ്റൊന്ന് ക്ളാസ് 4(3) ഇത് ഫീസ് സ്ട്രക്ച്ചറുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. അതിൽ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും സ്ഥാപനത്തിന്റെ നിലനിൽപ്പിനുമാവശ്യമായിട്ടുള്ള റീസണബിൾ ഫീസ് സ്ട്രക്ച്ചർ ആവശ്യമാണ്. റീസണബിൾ ഫീസ് അതിനപ്പുറം ഫീസ് നിശ്ചയിക്കുന്നത് ഒരു കാരണവശാലും താങ്ങാൻ പറ്റുന്നതല്ല. 482 -ാം ഭേദഗതി ഫീസ് സ്ട്രക്ച്ചറുമായി ബന്ധപ്പെട്ടുകൊണ്ട് ഈ രൂപത്തിൽ മാറ്റണം "and in fixing such fees and structure regard shall be given to see that the fees so fixed shall not exceed the amount required for providing facilities necessary benefit of the students".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(404) In Clause 4(1) in the second line after the words "in force or in" the word "any" shall be deleted and the word "the" shall be inserted and after the word "judgment" the words "No. 2002(8) SCC-481 and No. 2003(6) SCC-697 of the Supreme Court" shall be inserted.

(422) In Clause 4(1)(b) in the 2nd line the word "management" occurring before the word "taking" shall be replaced by the word "Government".

(439) Clause 4(1)(b) shall be recast as follows:

"The fee to be collected from the candidates admitted in the Management quota shall be determined by a Committee constituted by the Government taking into consideration of the inevitable expenses for running the institution.

The member of the Committee will be a retired judge, a Vice-Chancellor of any of the Universities in the State, Director of Medical Education, Director of Technical Education, representatives of Management and PTA".

(480) Clause 4(2) shall be recast as follows:

The fees to be determined under clause (b) of sub-section (1) shall include the following items, namely:

(a) Tuition fees on yearly basis;

(b) Laboratory fee;

(c) Caution deposit;

(d) University fee.

(487) In Clause (4) add the following sub clause "(4) the students belonging to S.C., S.T. and O.E.C. who have been admitted under the Government quota, will receive free education".

(488) The following shall be added as sub clause 4 (5):

"(5) The Government will reimburse fully the fees of the students belonging to S.C./S.T. and O.E.C. who have been admitted in the self-financing Colleges under the management quota as per section 3 (4) of this bill".

(404)-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത്, T.M.A. Pai case, Islamic Academy case, ഈ രണ്ട് കേസുകളും വ്യക്തമായി പറയണം എന്നുള്ളതാണ്. (402)-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് ഫീസ് നിശ്ചയിക്കാനുള്ള അവകാശം ഇപ്പോൾ മാനേജുമെന്റുകൾക്കാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചൊക്കെ പല അംഗങ്ങളും ഇവിടെ പറഞ്ഞു. അതു മാറ്റി ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു കമ്മിറ്റി, ആ കമ്മിറ്റിയിൽ ആരൊക്കെ വേണമെന്നുള്ളത് തൊട്ടടുത്ത അമെന്റുമെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുണ്ട്. മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് നിശ്ചയിക്കുന്ന സമയത്ത് ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനു വേണ്ടി വരുന്ന ചെലവുകൾ കൂടി കണക്കാക്കിയിട്ട് നിശ്ചയിച്ചോട്ടെ അതിന് തർക്കമില്ല. പ്രോഫിറ്റ് ഉണ്ടാക്കാൻ പാടില്ലെന്നുള്ളത് കോടതി വിധിയിൽ പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും പ്രോഫിറ്റുണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല എന്നാണ് പറഞ്ഞത്. അതുകൊണ്ട് ഈ കമ്മിറ്റിയിൽ റിട്ടയേർഡ് ജഡ്ജി, കേരളത്തിലെ ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ റപ്രസെന്റേറ്റീവ്സ് ഓഫ് മാനേജ്മെന്റ് അതുപോലെ തന്നെ പി.റ്റി.എ.-യിലെ ആളുകൾ എന്നിവർ ഉൾക്കൊള്ളണം.

(480)-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത് മെറിറ്റ് ക്വാട്ടയിലെ ഫീസിനെക്കുറിച്ചാണ്. ആ ഫീസ് വ്യക്തമായി പറയണം. ഇപ്പോൾ ഫീസെന്നു മാത്രമേ പറയുന്നുള്ളൂ. ഇതിൽ ഏത് ഫീസും വരും. ട്യൂഷൻ ഫീസ് വരും, സ്പെഷ്യൽ ഫീസ് വരും, ലബോറട്ടറി ഫീസ് വരും, ഡെവലപ്മെന്റ് ഫീസ് വരും അങ്ങനെ പറയുന്നതിനു പകരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലുമൊക്കെ കൃത്യമായ ഒരു ഫീസുണ്ട്. സമാനസ്വഭാവ ത്തിലുള്ള ഫീസ് പാറ്റേൺ ഉണ്ട്. അങ്ങനെ വ്യക്തമായി പറയുന്നതായിരിക്കും നല്ലത്. അങ്ങനെ പറയുന്നില്ലെങ്കിൽ ഡെവലപ്മെന്റ് ഫീ എന്നുപറഞ്ഞു കൊണ്ട് ക്യാപ്പിറ്റേഷൻ ഫീസ് കൊണ്ടു വരുന്നയവസ്ഥയുണ്ടാകും. കോഴ കൊണ്ടുവരാൻ കഴിയത്തക്ക നിലയിൽ ഇതിനെ നിർവചിച്ചു കൂടാ, വ്യക്തമായി സ്റ്റാറ്റ്യൂട്ടറിയായി ഇതിനകത്ത് പറയണം.

487-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് മെറിറ്റ് ക്വാട്ടയിൽ മന്ത്രി സംവരണം അംഗീകരിച്ചിട്ടുണ്ട്. അതിൽ എസ്.സി./എസ്.ടി., ഒ.ഇ.സി. തുടങ്ങി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ഫ്രീയായി പഠിക്കാൻ കഴിയണം. അവർക്ക് സ്റ്റൈപ്പെന്റ് കൊടുക്കണം.

മാനേജ്മെന്റ് ക്വോട്ടയിൽ സംവരണം എന്നുള്ളത് അംഗീകരിച്ചിട്ടില്ല. സംവരണം കൊടുക്കണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. അതിൽ ഫീസ് ആനുകൂല്യം വേണം. ഫീസ് ആനുകൂല്യം കൊടുക്കുമ്പോൾ മാനേജ്മെന്റിന് ഫീസ് കിട്ടണം. പക്ഷേ സർക്കാർ റീഇംപേഴ്സ് ചെയ്യണം. മാനേജുമെന്റിന് ഫീസ് കൊടുക്കാം. പക്ഷേ സർക്കാർ ഇത്ര കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തുമ്പോൾ സർക്കാർ റീഇമ്പേഴ്സ് ചെയ്യുന്ന വിധത്തിൽ മാറണം എന്നുള്ളതാണ്488-ാം നമ്പർ ഭേദഗതി.

Shri Kodiyeri Balakrishnan: Sir, I move the following amendments:

(405) In Clause 4(1) for the words "or other authority" substitute the words "or authority or Commission appointed under a judgement or decree of any court".

(411) In Clause 4(1)(a) for the words "fees prevailing" substitute the words "fee collected or to be collected".

LIBRARY ARCHIVES Kerala Legislative Assembly

(444) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management Quota shall be determined by Government, on the recommendations of the Expert Committee constituted of the following persons:

(i) One of the Vice Chancellor of the Universities in Kerala to be nominated by Government—Chairman.

(ii) The Director of Medical Education, Government of Kerala—Member.

(iii) The Director of Technical Education, Government of Kerala—Member.

(iv) The University Appellate Tribunal constituted under the Kerala—Member.

(v) One of the Registrars of the Universities of Kerala to be nominated by the Government—Member Secretary.

(c) The Committee shall determine the tuition fee or any other fee that may be levied or collected by the self-financing colleges for admission to and to persue the course of study in any class or course of study of each college in Management quota.

(d) The Committee shall while fixing the fees under sub-section (c) take into consideration the expenditure for the casual running of the institution, excluding any expenditure on land and building or any other items as may be prescribed by the All India Medical Council, the All India Council for Technical Education or the State Government;

Provided that different fees may be determined in relation to different institution of different courses of study or different areas and colleges.

(e) The Government shall consider the recommendation of the Expert Committee and may approve the same with or without modification as they may deem fit and it shall be notified".

ഈ ബില്ലിലെ ഏറ്റവും വിവാദപരമായ വകുപ്പാണ് നാലാംവകുപ്പ്. മാനേജ്മെന്റിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു വകുപ്പാണ്. ഈ ബില്ലിനെക്കൊണ്ട് യഥാർത്ഥത്തിൽ എന്താണ് ഉദ്ദേശിക്കുന്നത് അതിനെ തകർക്കത്തക്കവിധത്തിൽ മാനേജ്മെന്റിന് അനുകൂലമായിട്ടാണ് ഈ വകുപ്പ് ഇവിടെ എഴുതിച്ചേർത്തിട്ടുള്ളത്. ഇഷ്ടാനുസരണം മാനേജ്മെന്റിന് ഫീസ് വാങ്ങാമെന്നുള്ളതാണ് ഇതിന്റെ കാതലായിട്ടുള്ള ഘടന. സ്വാശ്രയ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്ന മാനേജ്മെന്റിനെ ഇത് നടത്തിക്കൊണ്ടുപോകാൻ അനുവദിക്കണ്ടേയെന്നാണ് അപ്പുറത്തിരിക്കുന്ന പലരും ചോദിക്കുന്നത്. അവർക്ക് നടത്തിക്കൊണ്ടുപോകാൻ 50% സീറ്റ് മാനേജ്മെന്റിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചു. 50% സീറ്റിലേയ്ക്ക് ഉയർന്ന

LIBRARY ARCHIVES Kerala Legislative Assembly

ഫീസ് എത്രയാണെന്ന് നിജപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നത്. അതിന് ഒരു വ്യവസ്ഥപോലും എഴുതിവയ്ക്കാത്തതുകൊണ്ട് ഇൻഡ്യാ രാജ്യത്ത് ഏറ്റവും കൂടുതൽ പൈസ കൊടുത്ത് സീറ്റ് വാങ്ങിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറും. ലേലം വിളി നടത്തുന്ന സ്ഥിതിയാണ് അവിടെ വരാൻ പോകുന്നത്. മെഡിക്കൽ സീറ്റിനുവേണ്ടി ലേലം വിളി നടത്തുന്ന ഒരു സംസ്ഥാനമായി കേരളം മാറും. കേരളത്തിലെ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്കുവേണ്ടിയാണ് ഈ വകുപ്പ് ഇവിടെ എഴുതിച്ചേർത്തിട്ടുള്ളത്. കഴിഞ്ഞ തവണ ഇതിന്റെ ഘടന നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള സമിതി വേണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ നിർദ്ദേശിക്കുകയുണ്ടായി. അതിനനുസരിച്ചുള്ള ഭേദഗതിയാണ് ഞാൻ ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിപോലും അന്ന് ഇതിനെ തത്വത്തിൽ അംഗീകരിച്ചു. എനിക്ക് ആ മന്ത്രിയുടെ സ്ഥിതി ആലോചിക്കുമ്പോൾ ദയനീയമായി തോന്നുകയാണ്. മന്ത്രിമാർക്കുപോലും നടപ്പിലാക്കാൻ പറ്റാത്ത സ്ഥിതിയിൽ അദ്ദേഹത്തെ കയ്യും കാലും കെട്ടിവച്ചിരിക്കുകയാണ്. കേരളത്തിലെ അക്ഷര വ്യാപാരികൾക്കുള്ള ശക്തി എത്ര വലുതാണെന്ന് ഇതുകൊണ്ട് വ്യക്തമാണ്. ശ്രീ. ഉമ്മൻചാണ്ടിക്കും ശ്രീ. കെ.എം. മാണിക്കുംവേണ്ടി സമ്മർദ്ദത്തിനു വഴങ്ങിയാണ് മന്ത്രി ഇത് ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഞാൻ നിർദ്ദേശിക്കുന്നു ഇത് മാനേജ്മെന്റിന് വിട്ടുകൊടുക്കാതെ ഒരു കമ്മിറ്റിക്ക് വിട്ടുകൊടുക്കണം. ആ കമ്മിറ്റിയുടെ ഘടന എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. അത് സ്വയം സംസാരിക്കുന്നതുകൊണ്ട് ഞാൻ സമയം എടുക്കുന്നില്ല. കമ്മിറ്റി രൂപീകരിച്ചുകൊണ്ടായിരിക്കണം ഇത് ചെയ്യേണ്ടത് എന്നാണ് എന്റെ പ്രധാന ഉദ്ദേശ്യം.

Shri K. C. Joseph: Sir, I move the following amendments:

(406) Clause 4(1) shall be recast as follows:

Fee Structure: (1) Notwithstanding anything contained in any law for the time being in force or in any judgement-decree or order of any court or other authority or in any agreement:

(a) a fee to be collected from the candidates admitted in the Government quota shall be fixed by a committee appointed by the Government taking into account of the fees in State Government colleges, IHRD institutions and colleges owned by Government of India and other State Governments.

(b) the fee to be collected from candidates admitted in the management quota shall be determined by a Committee appointed by the consortium as per section 5 in consultation with the individual colleges.

(416) Clause 4(1) sub clause (a) and (b) shall be substituted by the following: "the fee to be collected from the candidates admitted in the Government and management quota shall be the amount prescribed by Justice K.T. Thomas Committee for fixation of fees in self-financing institutions".

LIBRARY ARCHIVES Kerala Legislative Assembly

(491) Clause 4 shall be recast as follows:

"(1) Notwithstanding anything contained in any law for the time being in force or in any judgement, decree or order of any court or other authority or in any agreement.

(a) the fee to be collected in the Government quota shall be the same as fees prevailing for the corresponding course in the State Government colleges.

(b) The upper limit of fee to be collected from the candidates admitted in the management quota shall be determined by a committee appointed by the consortium under section 5, in consultation with the individual management which can be different in different colleges".

ഫീസിന്റെ തർക്കമാണ് ബഹുമാനപ്പെട്ട കോടിയേരി ഇവിടെ പറഞ്ഞത്. രണ്ടു തരം ഫീസ് പാടില്ലായെന്ന് പറയുന്നു. നമ്മുടെ മുമ്പിൽ ഏറ്റവും നല്ല ഓപ്ഷനുണ്ട്. അതാണ് 16-ാം നമ്പർ ഭേദഗതി. ഭരണഘടനാപരമായി സംസ്ഥാനത്ത് നിയമിച്ച കെ.ടി. തോമസ് കമ്മിറ്റിയുടെ ശുപാർശയിൽ വ്യക്തമായി പറയുന്നുണ്ട്. നിങ്ങൾ ആ നയം അംഗീകരിക്കുന്നില്ല. ഇവിടെ രണ്ടു നയം പറഞ്ഞിട്ടില്ല. ഒന്നുകിൽ ഭരണഘടനാപരമായ കമ്മിറ്റിയെ അംഗീകരിക്കുക. അംഗീകരിക്കുകയാണെങ്കിൽ ഒരു തർക്കവുമില്ല. സുപ്രീം കോടതി വിധിയെ ആധാരമാക്കി ഗവൺമെന്റ് നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ ഇവിടെ യാതൊരു പ്രശ്നവുമില്ല. നിങ്ങൾ അംഗീകരിക്കാത്തതുകൊണ്ടാണ് ഗവൺമെന്റ് കോംപ്രമൈസിനുപോയത്. ഈ ബില്ലിൽ പറയുന്ന ഫീസ് സ്ട്രക്ച്ചറും അഡ്മിഷൻ കാര്യങ്ങളുമെല്ലാം ഒരു കോമ്പ്രമൈസ് ആണ്. അതുകൊണ്ട് ദയവായി നിങ്ങൾ രണ്ടു നയം സ്വീകരിക്കരുത്.

Shri C. Mammutty: Sir, I move the following amendments:

(408) In item (a) of sub clause (1) of clause (4) after the word "fee" and before the word "prevailing" insert the words "and fee at concessional rate".

(483) Insert the following Explanation under clause 4(3) "*Explanation*: For the purpose of finding out of the expenditure in running the colleges' expenditure incurred by Government and Aided Professional Colleges conducting corresponding courses shall be the criteria."

ഫീസിന്റെ കാര്യത്തിൽ 50%-ൽ ഗവൺമെന്റ് ഫീസ് വാങ്ങിക്കണമെന്നു പറയുന്നിടത്ത് കുമാരപിള്ള കമ്മിഷന്റെ അടിസ്ഥാനത്തിൽ കിട്ടുന്ന കൺസഷൻ ഗവൺമെന്റ് റീഇമ്പേഴ്സ് ചെയ്തുകൊണ്ട്, മാനേജ്മെന്റ് കൊടുത്താലും ആ കൺസഷൻ 50% ഉള്ളവർക്ക് കിട്ടണം. അതിനാവശ്യമായ നടപടി സ്വീകരിക്കണം.

Shri P. P. George: Sir, I move the following amendments:

(414) Clause 4(1)(a) shall be recast as follows:

"(a) the fee to be collected from economically weaker candidates admitted in the Government quota shall be the same as fee prevailing for corresponding course in the State Government college from this year onwards."

LIBRARY ARCHIVES Kerala Legislative Assembly

(479) Clause 4(2) shall be recast as follows:

"(2) the fees to be determined under clause(b) of sub-section (1) shall include the following items, namely:

(a) Tuition fees on yearly basis

(b) Library and laboratory fees

(c) Caution deposit

(d) Development fee subject to a maximum of 10% of the tuition fees

(e) Interest free refundable deposit".

Dr. A. Neelalohithadasan Nadar: Sir, I move the following amendment:

(418) In Clause 4(1)(b) for the words "by the Management taking into consideration the inevitable expenses for running the institutions" substitute the following: "by a high level committee appointed by the State Government for the purpose of taking into consideration the inevitable expenses for running the institution".

യഥേഷ്ടം മാനേജ്മെന്റിന് ഫീസ് ഈടാക്കുന്നതിനുള്ള അവസരം നൽകുന്നതിനു പകരം വസ്തുതകൾ കണക്കിലെടുത്ത് ഗവൺമെന്റ് ഓരോ സന്ദർഭങ്ങളിലും കോളേജ് നടത്തിക്കൊണ്ടുപോകുന്നതിനുള്ള എക്സ്പെൻസസ് എന്താണെന്ന് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ അത് ശാസ്ത്രീയമായി ഫിക്സ് ചെയ്യുന്നതിന് ഒരു ഹൈലെവൽ കമ്മിറ്റിയെ നിയോഗിക്കണം.

Shri Adoor Prakash: Sir, I move the following amendment:

(419) In Clause 4(1)(b) after "determined by the management" add "subject to the maximum fixed by the Government in consultation with it and".

ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഫീസ് സ്ട്രക്ച്ചറിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാകണം. അതുകൊണ്ടാണ് ഫീസ് സ്ട്രക്ച്ചർ 4(1)(ബി)-യിൽ the fee to be collected from the candidate admitted in the management quota shall be determined by the management. അതു കഴിഞ്ഞിട്ട് subject to the maximum fixed by the Government in consultation with it and taking into consideration the inevitable expenses. ഇത് ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri K.V. Kunhiraman: Sir, I move the following amendment:

(420) In Clause 4(1)(b) for the words "determined by the management" substitute the words "determined by a Committee constituted by the Government under section7".

LIBRARY ARCHIVES Kerala Legislative Assembly

കേരളം പൊതു വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന ഒരു സംസ്ഥാനമാണ്. അതുകൊണ്ട് മാനേജ്മെന്റുകൾക്കായാലും നമ്മൾ ഒരു സൗകര്യം ചെയ്തുകൊടുക്കുന്ന അവസരത്തിൽ ഫീസ് നിയന്ത്രണത്തിൽ ഉൾപ്പെടെ അനിയന്ത്രിതമായ ഒരു അധികാരം അവർക്ക് കൊടുത്തുകൊണ്ടുള്ള ഒരു ഭേദഗതിക്ക് നമുക്ക് എങ്ങനെയാണ് കൂട്ടുനിൽക്കാൻ കഴിയുക? അതുകൊണ്ട് ഫീസ് നിർണ്ണയത്തെ സംബന്ധിച്ച് അതിൽ പറഞ്ഞിട്ടുള്ള എല്ലാ ഇനത്തിലും കൃത്യമായ സീലിംഗ് ഉണ്ടാകണം. അമിതമായ ചൂഷണം ഗുണഭോക്താക്കളിൽനിന്ന് ഉണ്ടാകുന്നില്ല എന്നുള്ള ഉറപ്പ് ഉണ്ടാകണം. ആ ഉറപ്പുണ്ടാകണമെങ്കിൽ ഈ വകുപ്പ് അതിനകത്ത് വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

Shri Thampanoor Ravi: Sir, I move the following amendments:

(421) In Clause 4(1)(b) the words "by the management" shall be substituted by the words "by a Committee consisting of the representatives of the management and a nominee from Government".

(458) In Clause 4(2)(b) after the words "Library fee" the following shall be added: "(once for a course)".

(459) In Clause 4(2)(d) the words "(Once for a course)" shall be added after the word "deposit".

ഇവിടെ ചൂണ്ടിക്കാണിച്ചത് ഫീസിന്റെ ഘടനയാണ്. ശ്രീ.കോടിയേരി ബാലകൃഷ്ണനും ഡോ. എ. നീലലോഹിതദാസൻ നാടാരും ഇല്ലാത്ത പൂച്ചയെ ഇരുട്ടിൽ തപ്പുന്നതു മാതിരിയാണ് സംസാരിക്കുന്നത്. സ്വാശ്രയ കോളേജ് വേണോംതാനും ഫീസൊട്ട് കൊടുക്കാനും മേല. ആ സമീപനം ശരിയല്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനം നന്നാകണമെങ്കിൽ ഫീസ് കൊടുത്തേ പറ്റൂ. ഏറ്റവും പ്രധാനം മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ ഒരു ഗവൺമെന്റ് നോമിനി കൂടി ഉണ്ടാകണം. കമ്മിറ്റി വന്നോട്ടെ. അതാണ് എന്റെ ഭേദഗതി.

Shri K.P. Mohanan: Sir, I move the following amendment:

(424) In clause 4(1)(b) for the words "determined by the Management" substitute with the words "a Committee constituted by the Government".

മാനേജുമെന്റ് ക്വാട്ടയിലെ ഫീസിന്റെ കാര്യമാണ്. സർക്കാർ നിശ്ചയിക്കുന്ന ഒരു കമ്മിറ്റിയായിരിക്കണം ഇത് തീരുമാനിക്കേണ്ടത്. മാനേജ്മെന്റിന് വിട്ടുകൊടുക്കാൻ പാടില്ല.

Shri A.C. Shanmughadas: Sir, I move the following amendment:

(425) In Clause 4(1)(b) "by the Management" add "by an expert Committee appointed by the Government".

Shri P. S. Supal: Sir, I move the following amendments:

(428) In Clause 4(1)(b) the words "taking into consideration the inevitable expenses for running the institution", shall be substituted by "as in the Government Institution".

LIBRARY ARCHIVES Kerala Legislative Assembly

(489) A new sub clause shall be added after the sub clause 3:

"(4) the fees fixed now, shall be applicable to the students admitted in the periods from 2002 onwards".

സ്വകാര്യ മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം അവർക്ക് 50% സീറ്റുകളിൽ തോന്നിയ ഫീസ് ഈടാക്കാവുന്ന ഒരു നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഇത് വെള്ളരിക്കാപട്ടണമാണോ? ഇത്തരം സ്ഥാപനങ്ങളെ വഴിവിട്ട്, യാതൊരു മാനദണ്ഡവുമില്ലാതെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിയമമാണിത്. അത് യഥാർത്ഥത്തിൽ രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും എതിരാണ്. കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിന് എതിരാണ്. കേരളത്തിലെ വിദ്യാഭ്യാസത്തിന് അപമാനകരമായിട്ടുള്ള ഒരു നിർദ്ദേശമാണ്. അതുകൊണ്ട് ഈ നിർദ്ദേശം ഒഴിവാക്കണം. ഗവൺമെന്റ് സ്ഥാപനങ്ങളിലുള്ള ഫീസ് എന്ന രീതിയിൽ ക്രമീകരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri Kovoor Kunjumon: Sir, I move the following amendments:

(429) In clause 4 sub clause (1)(b):

1. for the word "Management" after the words "determined by the" substitute the words "Committee constituted under clause c".

2. add as the following sub clause (c) "(c) in order to determine the fee to be collected from the candidates admitted in the Management Quota, the Government shall constitute a Committee with the following members, namely:

(a) Director, Higher Education Department—Chairman

(b) Director, Medical Education—Member

(c) Director, Technical Education—Member

(d) The Commissioner for Entrance Examination—Member

(e) One nominee of consortium, Kerala—Member

(478) Delete Clause 4 (f)

Shri P. Jayarajan: Sir, I move the following amendments:

(430) In Clause 4(1)(b) insert the word "recurring" in between the words "inevitable" and "expenses".

(443) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management Quota shall be determined by a Committee constituted by the Government consisting of

(1) Vice Chancellor of any one of the Universities in Kerala.

(2) Secretary to Government, Higher Education Department.

(3) Director of Medical Education in the concerned system/Director of Technical Education as the case may be.

LIBRARY ARCHIVES Kerala Legislative Assembly

The Committee shall determine the maximum of fees to be collected taking into consideration of the inevitable recurring expenses for running the institution".

അതിൽ 4 (1) (b) inevitable expenses എന്നത് inevitable-ന് ശേഷം recurring എന്നുകൂടി ചേർക്കണം.

433-ൽ മാനേജുമെന്റ് ക്വോട്ടയിലുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള ഫീസ് നിശ്ചയിക്കുന്നതിന് ഒരു ഗവൺമെന്റ് കമ്മിറ്റിയെ വയ്ക്കണം. ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർ, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ നിലകളിലുള്ള ഒരു കമ്മിറ്റി നിശ്ചയിച്ചുകൊണ്ട് ആ കമ്മിറ്റി എത്രയാണോ recurring expense വരുക എന്നുള്ളത് കണക്കാക്കി ഫീസ് നിശ്ചയിക്കണം.

Shri A. A. Azees: Sir , I move the following amendment:

(432) In Clause 4(1)(b) the following shall be added after the words "running the institution" "but the same is not exceed 10 times of that of the fees fixed by the Government in Government quota".

Shri K. C. Venugopal: Sir, I move the following amendments:

(433) After Clause 4(1)(b) add the following "and the maximum prescribed by the Government from time to time in consultation with the consortium".

(481) After Clause 4(2) add the following sub clause at the end as "(3) the terms and conditions governing the collection and refund of caution deposit and refundable deposit shall be such as may be decided at the meeting of the management, two representatives of the Government and two representatives of the parents association of the respective self financing professional college".

Shri N. Sakthan: Sir, I move the following amendment:

(434) In clause 4(1)(b) the word "only" shall be added at the end.

Shri A. N. Rajan Babu: Sir, I move the following amendments:

(435) The following shall be added at the end of clause 4(1)(b):

"Including the need to generate funds to be utilised for the betterment and growth of the education institution, the betterment of education in that institution and provide facilities necessary for the benefit of the students".

(436) The following shall be added at the end of clause 4(1)(b):

"Including the need to generate funds to be utilised for the betterment and growth of the education institution and provide facilities necessary for the benefit of the students".

LIBRARY ARCHIVES Kerala Legislative Assembly

(486) After sub-clause (3) of clause 4 add the following as sub clause 4 (i) "any person aggrieved by the fee determined by the management under clause (b) of sub clause (i) may within 30 days from the date of publication of the fee determined may appeal to a Committee Constituted under Clause (7) hereinafter referred to as the appellate authority.

(ii) on receipt of an appeal under sub clause (I) the appellate authority shall after giving an opportunity to the appellant to be heard, if he so decides and after making such further enquiry as may be necessary, Pass such order as the appellate authority deems fit, confirming, modifying the amount of fees determined under sub clause I (b) of clause (4).

(iii) An order of the appellate authority under sub clause (2) shall be final and shall not be called in question in any court.

എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇവിടെ ഫീസ് സ്ട്രക്ച്ചറിനെ സംബന്ധിച്ചാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ അത് കോടതിയിൽ നിലനിൽക്കുന്ന തരത്തിൽ വേണം പാസ്സാക്കാൻ. ഇവിടെ സുപ്രീം കോടതി പറഞ്ഞിരിക്കുന്നത് the fixing of a rigid fee structure would not be acceptable എന്നാണ്. അങ്ങനെ വരുന്നത് നമ്മുടെ ഭരണഘടനയിൽ 19, 26, 30 എന്നീ വകുപ്പുകൾ ഉണ്ട്. ഇതിൽ പല മൗലികാവകാശങ്ങളും കൊടുക്കുന്നുണ്ട്. അത് കവർന്നെടുക്കുന്ന രീതിയിലുള്ള ഒരു നിയമം കൊണ്ടുവരാൻ സാദ്ധ്യമല്ല. അതുകൊണ്ട് സുപ്രീം കോടതി തന്നെ പറഞ്ഞിരിക്കുന്ന ഗൈഡ്‌ലൈൻ ഇതാണ്. The fee structure must take into consideration the need to generate funds to be utilised for the betterment of the educational institution, betterment of education in that institution and provide facility necessary for the benefit of the students. ഇത് സുപ്രീം കോടതിയുടെ വിധിയാണ്. അതുകൊണ്ട് ഇതിൽ ഉൾപ്പെടുത്തിയാൽ വിധിക്ക് വിധേയമായിരിക്കും എന്നുള്ളതുകൊണ്ടാണ് ഞാൻ മൂവ് ചെയ്യുന്നത്.

Shri V. K. Chandran: Sir, I move the following amendment:

(437) Clause 4(1)(b) shall be recast as follows:

"the fee to be collected from the candidates admitted in the Management quota shall be determined by the Government, taking into consideration the inevitable expenses for running the institution.

അതിൽ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് ഫീസ് എത്ര വാങ്ങണം എന്നുള്ള ധാരണ ഉണ്ടായിട്ടില്ല. അതുകൊണ്ട് എത്ര ഫീസ് വേണമെങ്കിലും മാനേജ്മെന്റിന് കുട്ടികളിൽ നിന്നും വാങ്ങാൻ കഴിയും. കനത്ത പ്രത്യാഘാതം സൃഷ്ടിക്കുന്ന ഒരു സമീപനമാണ്. അതുകൊണ്ട് ഇത് ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു കമ്മിറ്റി തീരുമാനിക്കണം എന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

Shri K. P. Rajendran: Sir, I move the following amendments:

(438) Clause 4(1)(b) shall be recast as follows:

"the fee to be collected from the candidates admitted in the Management Quota shall be determined, taking into consideration of the actual inevitable expenses for running the institution, by the Government from time to time, taking into account the view of the Management in this respect.

(460) In Clause 4 sub-clause (2) item (d)(e) and (f) shall be deleted.

ഇതിനകത്ത് സുപ്രീം കോടതി വിധിയാണ് എല്ലാവരും എടുത്തു പറയുന്നത്. സുപ്രീം കോടതി വിധിയിലെ ഏതെങ്കിലും ഒരു ഭാഗത്തെ രണ്ട് വരി എടുത്തു വായിച്ചാൽ പോര. സുപ്രീം കോടതി വിധിയിൽ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞിട്ടുണ്ട്. ലാഭകരമായി കച്ചവട അടിസ്ഥാനത്തിൽ നടത്തുന്നതിനെതിരായും പറഞ്ഞിട്ടുണ്ട്. മൂന്ന് കോടതി വിധിയും എടുത്തു പരിശോധിച്ചാൽ അതിന് നമ്മുടെ സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായി വരുന്ന ആ ഭാഗങ്ങൾ എടുക്കുക. അല്ലാതെ നമുക്ക് ദോഷമായിട്ടുള്ളതും നമ്മുടെ വിദ്യാർത്ഥികൾക്ക് ദോഷമായിട്ടുള്ളതും രക്ഷകർത്താക്കൾക്ക് ദോഷമായിട്ടുള്ളതുമായ ഒന്നും തന്നെ എടുക്കരുത്. അതിൽ പറയുന്ന inevitable ആയ actual ആയ, അത് നടത്തി കൊണ്ടു പോകാനുള്ള ചെലവ് ആരാണ് എത്തിക്കുന്നത്. ഒരു മാനേജുമെന്റ് കോളേജ് ഗവൺമെന്റ് സഹായം ഇല്ലാതെ നടത്തിക്കൊണ്ടുപോകാൻ വരുന്ന ചെലവ് എങ്ങനെ നിർണ്ണയിക്കുന്നു; ആരാണ് നിർണ്ണയിക്കുന്നത്; അവിടെയല്ലേ തർക്കം ഉള്ളൂ. കോളേജ് നടത്തിക്കൊണ്ടുപോകാൻ ആക്ചലായിട്ട് എന്ത് വരുന്നു. നേരത്തേ ശ്രീ. ജയരാജൻ പറഞ്ഞു. സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുള്ളതല്ലേ എടുക്കേണ്ടതുള്ളൂ. അത് നിശ്ചയിക്കാനുള്ള അധികാരം നമ്മുടെ നിയമസഭയ്ക്ക് എടുക്കാമല്ലോ. അത് നിശ്ചയിക്കാനുള്ള അതോറിറ്റി ഗവൺമെന്റ്. അല്ലെങ്കിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന കമ്മിറ്റിക്കാണ്. ആ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ വേണം നിശ്ചയിക്കാൻ. രണ്ടാമത്, മാനേജുമെന്റ് ക്വാട്ടയിൽ ചെല്ലുന്ന കുട്ടികളുടെ ഫീസ് ആക്ചലായിട്ട് എത്ര ചെലവ് വരുന്നു എന്ന് തീരുമാനിച്ചു കഴിഞ്ഞ്, പിന്നെ ഫീസിൽ ഉൾപ്പെടുത്താൻ ട്യൂഷൻ ഫീസും ലാബ് ഫീസും ലൈബ്രറി ഫീസും ഒക്കെ മനസ്സിലാക്കാം. Development fees-ഉം refundable deposit fees-ഉം, ഏതൊക്കെ എന്നു വച്ചാൽ അതിന് ഒരു ലിമിറ്റു വേണം. അതെല്ലാം ഏത് വിധത്തിലും ദുരുപയോഗം ചെയ്യാനുള്ള അധികാരം കിട്ടില്ലേ? നല്ല രീതിയിൽ നടത്തുന്ന കോളേജുകളും കൃത്യമായി മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് വാങ്ങി നടത്തിക്കൊണ്ട് പോകുന്നവരുണ്ട്. ഫീസിന്റെ കാര്യത്തിലും നമ്മൾ തമ്മിലുള്ള ഏറ്റവും വലിയ അഭിപ്രായ വ്യത്യാസം അതാണ്. അതുകൊണ്ട് ഞങ്ങൾ കേരളത്തിലെ കുട്ടികളുടെ താൽപ്പര്യം ഉദ്ദേശിച്ചുകൊണ്ട് അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതികൾ അംഗീകരിക്കണമെന്ന് ഈ വൈകിയ സന്ദർഭത്തിൽ ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Shri M. Kumaran: Sir, I move the following amendment:

(441) The Clause 4 (1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management quota shall be determined by the Committee appointed by Government".

Smt. P. K. Sreemathi Teacher: Sir, I move the following amendment:

(446) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management Quota shall be determined on the basis of the recommendation of the High level committee appointed by the Government, to decide on the fee structure, from time to time.

Shri K. Radhakrishnan: Sir, I move the following amendment:

(449) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidate admitted in the Management Quota shall be determined by the Government taking into consideration of the inevitable recurring expenditure for running the institution".

Shri P. Narayanan: Sir, I move the following amendments:

(450) Clause 4(1)(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the management quota shall be determined by the Committee appointed by Government by notification in the Gazette taking into consideration the inevitable expenses for running the institution".

(452) After Clause 4(1)(b) add the following as (c):

"(c) The Committee appointed by Government shall consist of,—

(i) The Secretary to Government, Higher Education Department who shall be the Chairman of the Committee

(ii) The Director of Technical Education.

(iii) The Director of Medical Education.

(iv) The representatives of Managements.

(v) The representatives of students.

Shri T. K. Balan: Sir, I move the following amendment:

(451) Clause 4(b) shall be recast as follows:

"(b) the fee to be collected from the candidates admitted in the Management quota shall be determined by a Committee constituted by the Government for this purpose. The Committee shall consist the following members, namely:

1. A retired High Court Judge—Chairman
2. Secretary, Public Works Department—Member
3. Secretary, Health and Family Welfare Department—Member
4. Secretary, Higher Education Department—Member
5. Chief Engineer, Public Works Department—Member

Provided that the Committee shall determine the fees taking into consideration the inevitable recurring expenses for running the institution."

ഇവിടെ മാനേജുമെന്റിന് തോന്നുന്ന ഫീസ് വാങ്ങിക്കാനുള്ള അവകാശമുണ്ട്. എന്ന് പറഞ്ഞ് ജസ്റ്റിസ് കെ.ടി. തോമസിന്റെ റിപ്പോർട്ട് എടുത്തുകൊണ്ട് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. കെ.സി. ജോസഫ് സുപ്രീം കോടതിയിലെ കാര്യങ്ങളും ബേസിക് റൈറ്റും ഒക്കെ എടുത്തു പറഞ്ഞു. അപ്പുറത്തെ ഭാഗത്തു നിന്നായാലും ഇപ്പുറത്തെ ഭാഗത്തു നിന്നായാലും നമ്മുടെ രാഷ്ട്രീയവും സാമൂഹികവുമായിട്ടുള്ള സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്തുകൊണ്ട്, ജസ്റ്റിസ് കെ.ടി. തോമസിന്റെ റിപ്പോർട്ട് ഒരു ഭാഗത്ത് വച്ചിട്ട് എങ്ങനെയാണ് ഒരു നിയമനിർമ്മാണത്തിന് തയ്യാറായത്. ഈ പ്രധാനപ്പെട്ട വകുപ്പുകളും നമ്മുടെ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രതിബദ്ധതയിൽ വന്നു കൂടരുത് എന്നുള്ളതു കൊണ്ടാണ് 9-ാം വകുപ്പിലേയ്ക്ക് പോകുന്നത്. ഇത് നമ്മുടെ വക്കീലൻമാർ കാണാതെ ശ്രീ. കെ. സി ജോസഫ് ഇപ്പോഴും കെ.ടി. തോമസ് കമ്മിറ്റി എന്ന് പറയുന്നതിൽ എന്താണ് അർത്ഥം ഉള്ളത്? അതുകൊണ്ട് അനിയന്ത്രിതമായ, വ്യക്തിനിഷ്ഠമായ ഒരു അധികാരവും കൊടുക്കരുത്. അവർ പ്രത്യേകമായിട്ട് കോളേജ് നടത്തുക. അവർക്ക് റീസണബിൾ ആയിട്ടുള്ള ലാഭം വേണം. അതിന് നിങ്ങൾ ഒരു മിഷനറി ഉണ്ടാക്കിക്കൊടുക്കരുത്. പഴയ മിഷനറിമാരോ, എസ്.എൻ.ഡി.പി.യോ, എൻ.എസ്.എസോ, എം.ഇ.എസോ നടത്തുന്നതല്ല. വിദ്യാഭ്യാസ പ്രതിഫലന മാനേജുമെന്റെല്ലാം തികച്ചും കച്ചവടാധിഷ്ടിതമായിട്ടുള്ള ലാഭം കൊയ്യുന്ന പുതിയ മാനേജുമെന്റായി വന്നിരിക്കുകയാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കണം. അപ്പുറത്തുനിന്നും ഇപ്പുറത്തും നിന്നും കാണിച്ച ഈ സാമൂഹ്യ പ്രതിബദ്ധത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കാണിക്കണം. അതിന് ഒരു കമ്മിറ്റി ഉണ്ടാക്കണം. ഗവൺമെന്റിന് അധികാരം കിട്ടുമല്ലോ? റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി, പി.ഡബ്ലിയു.ഡി. സെക്രട്ടറി, ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി, കൺസ്ട്രക്ഷനും കാര്യങ്ങളുമൊക്കെ നോക്കാനായി ചീഫ് എഞ്ചിനിയർ തുടങ്ങിയവർ ഉണ്ടായിരിക്കണം. അവർക്ക് ഒരു റീസണബിളായിട്ടുള്ള ലാഭം കൊടുക്കണം. അതൊന്നും കൊടുക്കണ്ട എന്നുള്ള യാഥാർത്ഥ്യ ബോധമില്ലാതെയല്ല പ്രതിപക്ഷം പറയുന്നത്. അവർക്ക് ഒരു റീസണബിൾ ലാഭം കൊടുക്കാൻ ഒരു കമ്മിറ്റിയെ വയ്ക്കണം. അതിന് മാക്സിമം ലിമിറ്റ് വേണം. ഇതാണ് എന്റെ ഭേദഗതി.

Shri P. J. Joy: Sir, I move the following amendment:

(455) In Clause 4(2) for "shall include" substitute "may include all or any of".

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഫീസ് പിരിക്കാനാണ് ഈ നിയമം മൂലം വ്യവസ്ഥ ചെയ്യുന്നത്. ഇവിടെ പലരും പറയുന്നതുപോലെ ഒരു ക്രമത്തിൽ ഫീസ് പിരിക്കാൻ മാനേജുമെന്റിന് കഴിയില്ല. കാരണം, ഇത് മറ്റ് സംസ്ഥാനങ്ങളുമായിട്ടുള്ള മത്സരമാണ് ഉണ്ടാകാൻ പോകുന്നത്. സ്വാഭാവികമായും ഒട്ടേറെ മാനേജുമെന്റുകൾ പുറം സംസ്ഥാനങ്ങളിൽ റിക്രൂട്ട്മെന്റിനുവേണ്ടി പോവുകയാണ്. അപ്പോൾ സ്വാഭാവികമായിട്ടു അങ്ങനെ ഒരുമിച്ച് പിരിക്കാൻ കഴിയില്ല. എന്റെ ഭേദഗതി ഈ ആറ് ഇനത്തിൽ എല്ലാം പിരിക്കാൻ അനുവാദം കൊടുക്കുന്നതോടൊപ്പം ഈ മത്സരത്തിൽപ്പെട്ട് ഏതെങ്കിലും ഫീസ് ഒഴിവാക്കാൻ മാനേജുമെന്റിന് കഴിയുമെങ്കിൽ അതിനുകൂടി വ്യവസ്ഥ ചെയ്യാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri Thomas Unniyadan: Sir, I move the following amendment:

(457) In Clause 4(2)(a) for the words "an yearly basis" the words "on semester basis" shall be substituted.

4 (2) (എ) യിൽ ഫീസിന്റെ ഘടനയെ സംബന്ധിച്ചാണ്. അതിൽ വാർഷികാടിസ്ഥാനത്തിലുള്ള ട്യൂഷൻ ഫീസായിട്ടാണ് എഴുതിയിരിക്കുന്നത്. വാർഷികാടിസ്ഥാനത്തിലല്ല ഫീസ് പിരിക്കുന്നത് സെമസ്റ്റർ സിസ്റ്റത്തിൽ ആക്കണമെന്നുള്ളതാണ് എന്റെ അമന്റുമെന്റ്.

മി. ചെയർമാൻ: മറ്റ് ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല. 445, 441-ന് തുല്യമായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല, 448, 437-ന് തുല്യമായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിൽ പറഞ്ഞാൽ ഈ വകുപ്പാണ് പ്രധാനപ്പെട്ടത്. ഫീസ് ഏർപ്പെടുത്താവുന്ന വകുപ്പുകളാണ് ഡവലപ്മെന്റ് ഫീസ്, അതുപോലെതന്നെ റീഫണ്ടബിൾ ഡെപ്പോസിറ്റ്, ഇതുസംബന്ധിച്ച് പ്രതിപക്ഷത്തുനിന്നും വിമർശനമുണ്ടായി എന്ന് പറയുന്നില്ല. എതിർപ്പുണ്ടായി. എന്നാൽ അത്തരം കോളേജുകളുടെ നടത്തിപ്പിന് അനിവാര്യമായ ചെലവിന്റെ അടിസ്ഥാനത്തിലായിരിക്കണം ഫീസ് നിശ്ചയിക്കേണ്ടത് എന്ന വ്യവസ്ഥയുണ്ട്. ഏതെങ്കിലുമോ, എല്ലാമോ ചുമത്തുന്നതിന് അവകാശം നൽകാവുന്ന ഭേദഗതി ഇപ്പോൾ അംഗീകരിച്ചു. അതിനാൽ ഇതിൽ ഏതെങ്കിലും നിയമത്തിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട് എന്നു തോന്നുന്നില്ല. പൊതുവേ പറഞ്ഞാൽ ഈ സഭയുടെ രണ്ടു ഭാഗത്തും നിന്നും പറഞ്ഞവർ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. അത് തൽക്കാലം സ്വീകരിക്കാൻ ഇപ്പോൾ നിവൃത്തിയില്ല. ഈ സ്ഥാപനങ്ങളെല്ലാം ഇനിഷ്യൽ സ്റ്റേജിലാണ്. അവർക്ക് ഡെവലപ്മെന്റ് ആക്ടിവിറ്റീസ് നടത്തേണ്ടതുണ്ട്. അതുകൊണ്ട് ഇപ്പോൾ നിവൃത്തിയില്ല. പിന്നീട് തീരുമാനിക്കാം. .... (ബഹളം) .... നിങ്ങൾ തീരുമാനിക്കുമോ, ഈ സ്ഥാനത്ത് നിങ്ങളുടെ ഗവൺമെന്റാണെങ്കിൽ നിങ്ങൾ തീരുമാനിക്കുമോ? ഏതായാലും ഈ വികാരത്തോടു യോജിച്ചുകൊണ്ട് 4-ാം വകുപ്പ് പാസ്സാക്കിത്തരണമെന്ന് ആവശ്യപ്പെടുന്നു.

2/934/2012—29

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: 4-ാം വകുപ്പിൽ പി. ജെ. ജോയിയുടെ 455-ാം ഭേദഗതി അംഗീകരിക്കാമോയെന്ന പ്രശ്നത്തെ..................

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ 403, 428, 437, 439, 444, 449, 451, 452, 460 480, 487, 488 എന്നീ നമ്പർ ഭേദഗതികൾ ഞാൻ പ്രസ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: മേൽപ്പറഞ്ഞ ഭേദഗതികളെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്ജ്
8. ,, എം. വി. ഗോവിന്ദൻ മാസ്റ്റർ
9. ,, കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, പി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. വി. സി. കബീർ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത്കോയ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ,, പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ—68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, പി. പി. ജോർജ്
16. ,, എം. എം. ഹസ്സൻ
17. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
18. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
19. ,, ഉമ്മൻ ചാണ്ടി
20. ,, ടി. എം. ജേക്കബ്
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. എൻ. എ. ഖാദർ
25. ,, കെ. കെ. നായർ
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ,, കെ. മുഹമ്മദാലി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻ കുമാർ
33. ,, എ. കെ. മണി
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. കെ. മുനീർ
38. ,, എം. മുരളി
39. പ്രൊഫ. എ. ഡി. മുസ്തഫ
40. ശ്രീ. എഴുകോൺ നാരായണൻ
41. ,, വി. ജെ. പൗലോസ്
42. ,, അടൂർ പ്രകാശ്
43. ,, ജി. പ്രതാപവർമ്മ തമ്പാൻ
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീമതി രാധാ രാഘവൻ
46. ശ്രീ. എ. എൻ. രാജൻ ബാബു
47. ,, തേറമ്പിൽ രാമകൃഷ്ണൻ
48. ,, തമ്പാനൂർ രവി
49. ,, ടി. പി. എം. സാഹിർ
50. ,, പി. ശങ്കരൻ
51. ,, കെ. ശങ്കരനാരായണൻ
52. ശ്രീമതി മാലേത്ത് സരളാദേവി
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. ശ്രീമതി ശോഭനാ ജോർജ്
56. ശ്രീ. ഡി. സുഗതൻ
57. ,, എ. സുജനപാൽ
58. ,, സി. എഫ്. തോമസ്
59. പ്രൊഫ. കെ. വി. തോമസ്
60. ശ്രീ. പി. ടി. തോമസ്
61. ,, തോമസ് ചാഴികാടൻ
62. ,, തോമസ് ഉണ്ണിയാടൻ
63. ,, ഉമേഷ് ചള്ളിയിൽ
64. ,, എം. എ. വാഹീദ്
65. ,, ബി. വിജയകുമാർ
66. ,, എം. കെ. പോൾസൺ മാസ്റ്റർ
67. ,, എൻ. ഡി. അപ്പച്ചൻ
68. ,, നാലകത്ത് സൂപ്പി

മി. ചെയർമാൻ: അനുകൂലിക്കുന്നവർ—35

പ്രതികൂലിക്കുന്നവർ—68

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ 35-നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 461, 482 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 404, 422 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 405, 411 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 406, 416, 491 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 408, 483 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച 414, 479 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 419-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 421, 458, 459 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 489-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 429, 478 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 430, 443 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. വേണുഗോപാൽ അവതരിപ്പിച്ച 433, 481 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. എൻ. രാജൻ ബാബു അവതരിപ്പിച്ച 435, 436, 486 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. കുമാരൻ അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 450-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, ഞാൻ 493-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(493) After clause 4, new clause 5 shall added and subsequent clauses shall be re-numbered accordingly:

"5. *Service conditions of Staff:*—The conditions of service of the teaching and non-teaching staff in the matter of qualifications, appointment, salary shll be governed by the provision laid down by the UGC and the University respectively."

493-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാൻ കാരണം ഈ കോളേജുകളിൽ ഇപ്പോൾ നമ്മൾ ഫീസ് പിരിക്കുന്നതും പ്രവേശനം നൽകുന്നതിനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും പറയുമ്പോൾ, ഇവിടത്തെ സ്റ്റാഫിനെ സംബന്ധിച്ച് ഒന്നും ഈ ബില്ലിൽ ഒരു ഭാഗത്തും വ്യവസ്ഥ ചെയ്തിട്ടില്ല. അദ്ധ്യാപകരുടെയും, അനദ്ധ്യാപകരുടെയും കാര്യ ഒന്നും പറയുന്നില്ല. ഇതിനകത്ത് വരുന്ന മെഡിക്കൽ കോളേജുകളിൽ, എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രത്യേകിച്ചും ക്വാളിഫൈഡ് ആയിട്ടുള്ള അദ്ധ്യാപകരെ നിയമിക്കണം. ആ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ക്വാളിഫിക്കേഷൻ, അവരുടെ സർവീസ് കണ്ടീഷൻസ്, സേവന-വേതന വ്യവസ്ഥകൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഒരു സ്ഥലത്തും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തതായിട്ട് കാണുന്നില്ല. അപ്പോൾ എവിടെയെങ്കിലും അത് വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നുള്ളതു കൊണ്ടാണ് ഞാൻ ഈ പുതിയ വകുപ്പ് പറയുന്നത്. അതുപോലെതന്നെ പ്രധാനപ്പെട്ട കാര്യം അനദ്ധ്യാപകർ, മറ്റ് സ്റ്റാഫുകൾ, പാരാ മെഡിക്കൽ ആയിട്ടും മറ്റ് ലാബറട്ടറികളിൽ അതുപോലെ മറ്റ് പല തരത്തിലുള്ള, ടീച്ചേഴ്സിനെപ്പോലെ തന്നെ പ്രധാനപ്പെട്ടതാണ്. അങ്ങനെ വരുന്ന ടെക്നിക്കൽ ആയിട്ടുമൊക്കെ വളരെ ക്വാളിഫൈഡ് ആയിട്ടുള്ള ആൾക്കാർ ഇത്തരം കോളേജുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം. അത് കോളേജുകളിൽ ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ പത്തു മുന്നൂറ് സ്ഥാപനങ്ങൾ വരുമ്പോൾ ഈ ടീച്ചേഴ്സും നോൺ ടീച്ചിംഗ് സ്റ്റാഫുമായിട്ട് ഏകദേശം ഒരു പതിനയ്യായിരത്തോളം പേരെങ്കിലും ഏറ്റവും ചുരുങ്ങിയത് നമുക്ക് കണക്കാക്കേണ്ടിവരും. അപ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകളും, ക്വാളിഫിക്കേഷൻ, അവരുടെ അപ്പോയിന്റ്മെന്റ് ഓഫ് മെത്തേഡ് മാനേജുമെന്റ് നിശ്ചയിക്കുകയാണെങ്കിൽ അതിന് ഒരു വ്യവസ്ഥ വയ്ക്കണമെന്നാണ് ഞാൻ ഈ 493-ാം നമ്പർ ഭേദഗതിയിൽ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മി. ചെയർമാൻ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ ഞാൻ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു,

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—35

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്ജ്
8. ,, എം. വി. ഗോവിന്ദൻ മാസ്റ്റർ
9. ,, കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ,, പി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. വി. സി. കബീർ
14. ,, എം. കുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത്കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ,, പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്ക്

<u>പ്രതികൂലിക്കുന്നവർ</u>—69

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ
13. ,, ടി. വി. ചന്ദ്രമോഹൻ

14. ശ്രീ. കെ. എ. ചന്ദ്രൻ
15. ,, പി. പി. ജോർജ്
16. ,, എം. എം. ഹസ്സൻ
17. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
18. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
19. ,, ഉമ്മൻ ചാണ്ടി
20. ,, ടി. എം. ജേക്കബ്
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. എൻ. എ. ഖാദർ
25. ,, കെ. കെ. നായർ
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ,, കെ. മുഹമ്മദാലി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻ കുമാർ
33. ,, എ. കെ. മണി
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. കെ. മുനീർ
38. ,, എം. മുരളി
39. പ്രൊഫ. എ. ഡി. മുസ്തഫ
40. ശ്രീ. എഴുകോൺ നാരായണൻ
41. ,, എം. കെ. പോൾസൺ മാസ്റ്റർ
42. ,, വി. ജെ. പൗലോസ്
43. ,, അടൂർ പ്രകാശ്
44. ,, ജി. പ്രതാപവർമ്മ തമ്പാൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എ. എൻ. രാജൻ ബാബു
48. ,, തേറമ്പിൽ രാമകൃഷ്ണൻ
49. ,, യു. സി. രാമൻ
50. ,, തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. ടി. പി. എം. സാഹിർ
52. ,, എൻ ശക്തൻ
53. ,, പി. ശങ്കരൻ
54. ,, കെ. ശങ്കരനാരായണൻ
55. ശ്രീമതി മാലേത്ത് സരളാദേവി
56. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
57. ശ്രീ. കെ. കെ. ഷാജു
58. ശ്രീമതി ശോഭനാ ജോർജ്ജ്
59. ശ്രീ. നാലകത്ത് സൂപ്പി
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, തോമസ് ഉണ്ണിയാടൻ
67. ,, ഉമേഷ് ചള്ളിയിൽ
68. ,, എം. എ. വാഹിദ്
69. ,, ബി. വിജയകുമാർ

മി. ചെയർമാൻ: അനുകൂലിക്കുന്നവർ—35

പ്രതികൂലിക്കുന്നവർ—69

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 505-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(505) In Clause 5 (1) between the words "body corporate" and "having" insert the words "of more than 50% of the total number of Managements of self-financing institution",

സർ, ഒറ്റ വാക്കേ പറയുന്നുള്ളൂ, ഈ കൺസോർഷ്യം ഡിലീറ്റ് ചെയ്യാനുള്ള ഭേദഗതി ധാരാളം വന്നിട്ടുണ്ട്. പക്ഷെ അങ്ങനെയുണ്ടാകുകയാണെങ്കിൽ അതിലൊരു 50 ശതമാനത്തിന്റെ കൂടുതൽ സ്ഥാപനങ്ങളെ റെപ്രസന്റ് ചെയ്യുന്ന, അതല്ലാതെ കുറച്ച് കുറച്ച് ആൾക്കാർ മാത്രം കൂടിയ ഒരു കൺസോർഷ്യം ഉണ്ടാക്കുന്നത് ശരിയല്ല. ഒരു 50 ശതമാനത്തിൽ കൂടുതൽ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന അത്തരമൊരു കൺസോർഷ്യം അംഗീകരിക്കാൻ നിയമപരമായിട്ട് ഒരു ഭേദഗതി വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ 506-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(506) In Clause 5 (2) the following words shall be added after the words "by the consortium" "with the prior approval of the Government".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ 507, 511 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(507) In Clause 5 (2) add the following at the end namely: "and approved by the Government".

(511) After Clause 5 (3) add the following as sub-clause (4) namely:

"(4) Any management of a self-financing professional college who has been denied membership in the consortium may make an appeal to the Government and the decision of the Government shall be binding on the consortium and the self-financing college."

സർ, നമ്മുടെ മാനേജുമെന്റിന് 50 ശതമാനം സീറ്റിലേയ്ക്കുള്ള ഫീസ് നിശ്ചയിക്കാൻ അധികാരം കൊടുത്തപ്പോൾ അവർ എത്രയാണ് നിശ്ചയിക്കുന്ന ഫീസ് എന്ന് ഗവൺമെന്റിനെ അറിയിക്കുകപോലും വേണ്ട, അവർ എത്രയാണ് ഫീസ് വാങ്ങുന്നതെന്ന് ഗവൺമെന്റിനെ അറിയിക്കുകയെങ്കിലും വേണ്ടേ? അതുപോലും വേണ്ട എന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റിന്റെ സമീപനം. അതിന് ഒരു വ്യവസ്ഥ വേണമെന്നാണ് ഞാൻ പറയുന്നത്. ആ ഘട്ടത്തിൽ ഗവൺമെന്റിന് വേണമെങ്കിൽ ഇടപെടാനും സാധിക്കും. അങ്ങനെ ഒരു ഇടപെടൽ പോലും വേണ്ട എന്നുള്ള സമീപനം എന്തിനാണ് സർ, ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീ. സൂപ്പി നേരത്തെ പറഞ്ഞു, നിങ്ങളുടെ ഗവൺമെന്റാണ് ഭരിക്കുന്നതെങ്കിൽ നിങ്ങൾ ഒരു കമ്മിറ്റി വയ്ക്കുമോയെന്ന്, ഞാൻ ഈ സന്ദർഭത്തിൽ പറയുന്നു നിങ്ങൾക്ക് മാനേജുമെന്റിനെ നിയന്ത്രിക്കാൻ കഴിയുകയില്ലായെങ്കിൽ നിങ്ങൾ ഇന്ന് രാജി വയ്ക്കൂ, ഇടതുപക്ഷത്തിനെ ഏൽപ്പിച്ചാൽ ഞങ്ങൾ ഒരു നിയമമുണ്ടാക്കി കാണിച്ചുതരാം. എങ്ങനെയാണ് മാനേജുമെന്റിനെ നിയന്ത്രിക്കേണ്ടതെന്ന് ഞങ്ങൾ നിങ്ങൾക്ക് കാണിച്ചുതരാം. അതിനു കഴിയുന്നില്ലെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോകുന്നതാണ് നല്ലത്. 50 ശതമാനം മാനേജുമെന്റ് ക്വാട്ടയിൽ മാനേജുമെന്റിനെ നിഷ്ക്കർഷിക്കാനുള്ള, ശ്രീ. കെ.സി. ജോസഫ് നേരത്തെ ചോദിച്ചു, കെ.ടി. തോമസ് കമ്മീഷന്റെ നിർദ്ദേശം നിങ്ങൾ എന്തുകൊണ്ടാണ് അംഗീകരിക്കാത്തത്? മാനേജുമെന്റ് ക്വാട്ടയിലുള്ള 50 ശതമാനം സീറ്റിൽ എന്ത് ഫീസാണ് നിശ്ചയിച്ചുകൊടുക്കാൻ കെ.ടി. തോമസ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്, അതിനെ അനുകൂലിക്കാൻ ഞങ്ങൾ തയ്യാറാണ്. 50 ശതമാനം മാനേജ്മെന്റ് ക്വോട്ടയിലെ സീറ്റ് കെ. ടി. തോമസ് കമ്മീഷൻ തീരുമാനിച്ചോട്ടെ. അതിനെ അനുകൂലിക്കാൻ ഞങ്ങൾ തയ്യാറാണ്. അത്തരം ഒരു ഭേദഗതി അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? അതുപോലെ കൺസോർഷ്യത്തിന്റെ അംഗത്വത്തിനുള്ള അപേക്ഷ നിരസിച്ചാൽ അതിനെതിരെ സർക്കാറിന് അപ്പീൽ നൽകാനുള്ള വകുപ്പുകൂടി വേണമെന്നുള്ളതാണ് എന്റെ 511-ാമത്തെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. എ.കെ. ബാലൻ, അങ്ങയുടെ 508-ാം നമ്പർ ഭേദഗതി മൂവ് ചെയ്യണ്ട. ഓർഡറിലല്ല. സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: ഏറ്റവും അപകടകരമായ ഒരു സ്ഥിതിയിലേയ്ക്കാണ് ഇപ്പോൾ നമ്മൾ പോയിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട കൺവീനറുടെ, ഉമ്മൻചാണ്ടിയുടെ മുഖം ചുവന്ന് വരികയാണ്. അതിന്റെ ലാസ്റ്റ് സ്റ്റേജിൽ എത്തിയിരിക്കുകയാണ്. ഇപ്പോൾ ഇവിടെ ഉണ്ടാകാൻ പോകുന്നത് എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങി. അവിടെയും കൺസോർഷ്യം വരാൻ പോകുകയാണ്. അതുകൊണ്ട് സമർത്ഥമായി ഈ നിയമത്തിന്റെ പേരുമാറ്റി സെൽഫ് ഫിനാൻസിംഗ് എന്നാക്കിയിരിക്കുകയാണ്. അതിന്റെ തണലിൽ ഉണ്ടാകാൻ പോകുന്നത്, എല്ലാ എയ്ഡഡ് കോളേജുകളിലും സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങും. അതിന് ഒരു കൺസോർഷ്യം ഉണ്ടാക്കും. കൺസോർഷ്യമെന്ന സങ്കൽപമുണ്ടായത് എവിടെ നിന്നാണ്. ഇസ്ലാമിക് അക്കാദമിയുടെ കേസുമായി ബന്ധപ്പെട്ടാണ് വന്നത്. വക്കീലൻമാർ എന്തെല്ലാം കളികളാണ് കളിച്ചത്. ബഹുമാനപ്പെട്ട മെമ്പർക്കറിയാമല്ലോ? ഇവിടെ പുഷ്പഗിരിക്കുവേണ്ടി ആദ്യം ഹാജരായത് ആരിഫ് ധവാൻ. സുപ്രീം കോടതിയിൽനിന്നും കൊണ്ടുവന്നു, നമ്മുടെ ഗവൺമെന്റിനുവേണ്ടി ഹാജരായി. അയാൾ നേരെ സുപ്രീംകോടതിയിൽ പോയി പുഷ്പഗിരിക്കുവേണ്ടി ഹാജരായി. ഉണ്ണികൃഷ്ണൻ കേസ്സിനുവേണ്ടി ഹാജരായ വേണുഗോപാൽ ടി.എം.എ. പൈക്കുവേണ്ടി ഹാജരായി. സുപ്രീം കോടതിയിലൊക്കെ വന്ന സമയത്ത് സുപ്രീം കോടതി പറഞ്ഞു, സമവായമൊക്കെ ഉണ്ടാക്കി സബൂറാകാൻ പറഞ്ഞു. എന്താ സുപ്രീംകോടതിയിൽ നടന്നത്. അതിലേയ്ക്കൊന്നും കടക്കുന്നില്ല. വാദിക്കും പ്രതിക്കുംവേണ്ടി ഒരേ വക്കീൽ ഹാജരായി കുളം തോണ്ടിയ നമ്മുടെ രാജ്യത്തെ, അതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ നിയമം. കൺസോർഷ്യത്തെ ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു ബോഡി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് ഈ കമ്മിറ്റി ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, എന്റെ 509-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(509) In Clause 5 (3) substitute the word "the" by the words "that particular type of".

ഡോ. തോമസ് ഐസക്: സർ, എന്റെ 512-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(512) Clause 5 shall be recast as follows:

" 5. *Teaching and Non-Teaching Staff.*—Teaching and Non-Teaching Staff members in self-financing professional colleges shall have the same qualifications prescribed for appointment in Government colleges or Universities from time to time."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, എന്റെ 513-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(513) Clause 5 shall be recast as follows:

"5. *Appointments.*—The teachers appointed in the self-financing professional colleges must fulfill the qualifications prescribed by the concerned University, U.G.C., A.I.C.T.E. or All India Medical Council or N.C.T.E. as the case may be."

ഇതൊരു പ്രധാനപ്പെട്ട സംഗതിയാണ്. ബില്ലിൽ അദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ച വകുപ്പില്ല. അതുകൊണ്ട് ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ യു.ജി.സി. നിഷ്ക്കർഷിക്കുന്ന, എഞ്ചിനീയറിംഗിനെ സംബന്ധിച്ച് എ.ഐ.സി.ടി.ഇ. നിഷ്ക്കർഷിക്കുന്ന, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിക്കുന്ന മിനിമം യോഗ്യതയുള്ളവരെ മാത്രമേ ഇത്തരം സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നിയമിക്കാവൂ എന്നൊരു വ്യവസ്ഥ കൊണ്ടുവരണം. ഗുണനിലവാരവും മേന്മയും ഉറപ്പുവരുത്താൻ അത് മാത്രമേ മാർഗ്ഗമുള്ളൂ.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ 514-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(514) Clause 5 shall be recast as follows:

"5. *Appointments.*—The teachers appointed in the self-financing professional colleges must fulfill the qualifications prescribed by the concerned University, U.G.C., A.I.C.T.E or All India Medical Council or N.C.T.E as the case may be."

ശ്രീ. മത്തായി ചാക്കോ പറഞ്ഞതുപോലെ തന്നെയാണ്. എ.ഐ.സി.ടി.ഇ-യും ഏതെങ്കിലും യൂണിവേഴ്സിറ്റിയും അംഗീകരിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, എന്റെ 516-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(516) In Clause 5, after sub-clause (3) the following shall be added, namely:

"(4) All disputes regarding the formation of consortium shall be decided by the Government and the distribution of the Government shall be final;

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(5) The executive head of the consortium shall immediately, after its formation, file a copy of its regulations to the Government;

(6) Any modification of the regulation made by the consortium shall be reported to the Government."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ഈ വകുപ്പുകൊണ്ട് ഉദ്ദേശിക്കുന്നത്, മാനേജുമെന്റ് ക്വാട്ടയിൽ അഡ്മിഷൻ നടത്തുന്നതിനുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കലാണ്. കൺസോർഷ്യം എന്ന് പറയുന്നതും ലിസ്റ്റ് തയ്യാറാക്കാനുള്ളതാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഈ പാറ്റേണുണ്ട്.

ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല. ശ്രീ. മത്തായി ചാക്കോ പറഞ്ഞ കാര്യം, എ.ഐ.സി.ടി.ഇ.-യുടേയും ആൾ ഇന്ത്യ മെഡിക്കൽ കൗൺസിലിന്റേയും അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും എന്നാണറിയുന്നത്. ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 507, 512, 513 എന്നീ ഭേദഗതികൾ പ്രസ്റ്റ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 507, 512, 513 എന്നീ ഭേദഗതികളെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—34

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്
8. ,, എം. വി. ഗോവിന്ദൻ മാസ്റ്റർ
9. ,, കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ഡോ. കെ. സി. ജോസഫ്
12. ശ്രീ. വി. സി. കബീർ
13. ,, എം. കുമാരൻ
14. ,, കെ. വി. കുഞ്ഞിരാമൻ
15. ,, കോവൂർ കുഞ്ഞുമോൻ
16. ,, വി. കെ. സി. മമ്മത്കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, സി. കെ. നാണു
22. ,, പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. കെ. രാധാകൃഷ്ണൻ
25. ,, മാങ്കോട് രാധാകൃഷ്ണൻ
26. ,, എൻ. രാജൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ,, പി. എസ്. സുപാൽ
34. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ—59

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ
13. ,, ടി. വി. ചന്ദ്രമോഹൻ
14. ,, കെ. എ. ചന്ദ്രൻ
15. ,, എം. എ. ചന്ദ്രശേഖരൻ
16. ,, പി. പി. ജോർജ്
17. ,, എം. എം. ഹസ്സൻ
18. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ,, ടി. എം. ജേക്കബ്
22. ,, ജോണി നെല്ലൂർ
23. ,, കെ. സി. ജോസഫ്
24. ,, ജോസഫ് എം. പുതുശ്ശേരി
25. ,, കെ. എൻ. എ. ഖാദർ

LIBRARY ARCHIVES Kerala Legislative Assembly

26. ശ്രീ. കെ. കെ. നായർ
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ,, കെ. എം. മാണി
30. ,, ഇ. ടി. മുഹമ്മദ് ബഷീർ
31. ,, എ. കെ. മണി
32. ,, സി. മോയിൻകുട്ടി
33. ,, ആര്യാടൻ മുഹമ്മദ്
34. ,, സി. പി. മുഹമ്മദ്
35. ,, എം. കെ. മുനീർ
36. ,, എഴുകോൺ നാരായണൻ
37. ,, എം. കെ. പോൾസൺ മാസ്റ്റർ
38. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
39. ,, ടി. യു. രാധാകൃഷ്ണൻ
40. ശ്രീമതി രാധാ രാഘവൻ
41. ശ്രീ. എ. എൻ. രാജൻ ബാബു
42. ,, യു. സി. രാമൻ
43. ,, തമ്പാനൂർ രവി
44. ,, എൻ. ശക്തൻ
45. ,, പി. ശങ്കരൻ
46. ,, കെ. ശങ്കരനാരായണൻ
47. ശ്രീമതി മാലേത്ത് സരളാദേവി
48. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
49. ശ്രീ. കെ. കെ. ഷാജു
50. ശ്രീമതി ശോഭനാ ജോർജ്
51. ശ്രീ. നാലകത്ത് സൂപ്പി
52. ,, ഡി. സുഗതൻ
53. ,, സി. എഫ്. തോമസ്
54. പ്രൊഫ. കെ. വി. തോമസ്
55. ശ്രീ. പി. ടി. തോമസ്
56. ,, തോമസ് ഉണ്ണിയാടൻ
57. ,, ഉമേഷ് ചള്ളിയിൽ
58. ,, എം. എ. വാഹീദ്
59. ,, ബി. വിജയകുമാർ

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—34

പ്രതികൂലിക്കുന്നവർ—59

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 509-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 516-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): 639-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(639) For sub-clause (3) of Clause 6, the following sub-clause shall be substituted, namely:

"(3) The Government, on receipt of the report under sub-section (2), may, in addition to any prosecution that may be instituted under this Act, after giving a reasonable opportunity of being heard to the management and to the person from whom the capitation fee was collected or received, direct the person who collected or received the capitation fee to remit the same to the Government and on his failure to do so, the amount together with interest thereon shall be recovered as if it were an arrear of public revenue due on land, and the same when so remitted or recovered, as the case may be, shall be forfeited to the Government."

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, എന്റെ 517, 523 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(517) In Clause 6 sub-clause (1) between the words "fee" and "shall" in the first line, insert the words "under any name".

(523) In Clause 6 (2) insert the words "or suo motu" between the words "complaint" and "or".

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഫ്ളോറിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് സർക്കുലേറ്റ് ചെയ്ത ഒഫീഷ്യൽ ഭേദഗതി ഞങ്ങൾക്ക് വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല. ഞങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ടിയിട്ട് ഒന്ന് വിശദീകരിച്ച് തരണം. രണ്ടു വാക്കു പറഞ്ഞാൽ മതി. 639 എന്താണെന്ന് ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. അംഗങ്ങൾ ആവശ്യപ്പെട്ടാൽ അത് വിശദീകരിക്കേണ്ട ബാദ്ധ്യത ബഹുമാനപ്പെട്ട മന്ത്രിക്കുണ്ട്. ഞങ്ങൾക്കിത് വായിച്ചിട്ട് മനസ്സിലാകുന്നില്ല. നിങ്ങൾ ഇത് നേരത്തെ തന്നിരുന്നുവെങ്കിൽ ഞങ്ങൾക്ക് ചോദിച്ച് മനസ്സിലാക്കാമായിരുന്നു. ഇത് ഫ്ളോറിൽ വന്നിട്ടാണ് തന്നത്. 517, 523 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു. ക്യാപ്പിറ്റേഷൻ ഫീസിന്റെ കാര്യമാണ്. ശ്രീ. ബാലൻ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു. അത് പണമായോ സാധനമായോ കൊടുക്കുന്നതോ, അപ്പോൾ പറഞ്ഞു, ഇമ്മുവബിൾ പ്രോപ്പർട്ടി ഏതായാലും അതിൽ വരും. അത്തരത്തിലുള്ള ഒരു സംഖ്യ കിട്ടാൻ, സംഭാവന വാങ്ങാൻ, ക്യാപ്പിറ്റേഷൻ ഫീസ് പല രൂപത്തിലായി വാങ്ങാൻ ഇടവരുന്നതുകൊണ്ടാണ് അത് വാങ്ങാൻ അനുവാദം കൊടുക്കരുതെന്ന ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചത്. അത്തരത്തിലുള്ള ഒരു കേസ് കിട്ടിയാൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഒരു കമ്മിറ്റിക്ക് കൂടി അധികാരമുണ്ടായിരിക്കണം. കേസ് എടുക്കാനും അതിൽ നടപടികളെടുത്ത് മുന്നോട്ട് പോകാനും അധികാരം വേണം. ഈ രണ്ട് ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, 518, 531 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(518) In Clause 6 (1) for the words "any self-financing" substitute the words "any unaided self-financing" and for the words "any candidate/student" substitute the words "any candidate/student or his relatives".

(531) In Clause 6(3) for the words "shall be forfeited to the Government" substitute the words "shall be refunded to the candidate or his legal heirs from whom the capitation fee was collected".

Collection of capitation fee prohibited എന്നാണ് പറഞ്ഞത്. ആരുടെ അടുത്ത് നിന്നാണ് വാങ്ങുന്നത്, കുട്ടികളുടെ അടുത്ത് നിന്ന് വാങ്ങുന്നത് കുട്ടിക്ക് പകരം അച്ഛൻ കൊടുത്താലോ, അതുകൊണ്ട് എന്റെ ഭേദഗതി കാൻഡിഡേറ്റ് സ്റ്റുഡൻസ് എന്നതിന്റെ കൂടെ അവരുടെ ബന്ധുക്കളിൽ നിന്ന് ഇത് വാങ്ങുന്നത് കൂടി ഇതിനകത്ത് വരണം. ഇത് വാങ്ങാനുള്ള എല്ലാ വകുപ്പും ഉണ്ടാക്കുകയാണ്. ഇങ്ങനെ കിട്ടുന്ന കാശ് തിരിച്ച് ആരിൽ നിന്നാണോ വാങ്ങിയത് അവർക്ക് തിരിച്ചു കൊടുക്കണം. ക്യാപിറ്റേഷൻ ഫീസ് വാങ്ങുമ്പോൾ ഗവൺമെൻറ് കണ്ടുപിടിക്കുന്ന, അങ്ങനെ forfeit ചെയ്ത ഈ തുക aggrieved ആയിട്ടുള്ള ആൾക്കാർക്ക് തന്നെ തിരിച്ച് കൊടുക്കണം. ഗവൺമെന്റിന്റെ പൊതു ഖജനാവിലേയ്ക്കല്ല വരേണ്ടത്. കൊടുക്കുന്നത് തെറ്റ്, നിങ്ങളുടെ അഭിപ്രായത്തിൻ കീഴിൽ ഇത് കൊടുത്തിട്ടെങ്കിലും ആവുമല്ലോ, കൊടുക്കുന്നതും തെറ്റ്, വാങ്ങുന്നതും തെറ്റ്. വാങ്ങുന്നത് തെറ്റാണെ ങ്കിൽ ഗവൺമെന്റിലേയ്ക്കല്ല മാറ്റിവിടുന്നത്. കൃത്യമായിട്ട് പറഞ്ഞത്.....recovered as if it were an arrear of revenue due on land, and the same when so recovered shall be forfeited to the Government. ഗവൺമെന്റ് ആരിൽ നിന്നാണോ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയത്, ഗവൺമെന്റ് എടുത്താൽ അഗ്രീവ്ഡായിട്ടുള്ള ആൾക്കാർക്ക് കൊടുക്കണം. നിങ്ങളുടെ ഖജനാവിൽ കൂട്ടാൻ പറ്റില്ല. അതാണ് പറയുന്നത്, തിരിച്ചു കൊടുക്കണം. ബഹുമാനപ്പെട്ട സൂപ്പിയോട് പറയുന്നു, അദ്ദേഹം പരലോകത്ത് വിശ്വസിക്കുന്നയാളാണ്. ഖുറാൻ പ്രകാരം അവസാനം ഒരു മഹസർ വിചാരണ യുണ്ട്. നരകം എന്നു പറയുന്ന ഒരു സാധനമുണ്ട്. മുടിനാരിഴയായിട്ട് കീറി അതിലെ നടക്കണം. 70,000 ഡിഗ്രി സെന്റിഗ്രേഡിലുള്ള ചൂടുവെള്ളവും അതുപോലെതന്നെ തേളും പാമ്പും മറ്റുമൊക്കെയുണ്ട്. നമ്മൾ എല്ലാവരും മരിക്കുന്നതാണ്. നിങ്ങൾ നരകത്തിലേയ്ക്ക് പോകുന്ന ആ കാഴ്ച, നിങ്ങൾ മനുഷ്യനാണ്. അതുകൊണ്ടാണ് പറയുന്നത് ആ കാഴ്ച കണ്ടു നിൽക്കാൻ എനിക്ക് കഴിയുകയില്ല. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ ഏതെങ്കിലും നല്ല ഒരു ഭേദഗതി ഒന്ന് സ്വീകരിക്കണം.

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, ഞാൻ 519-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(519) In Clause 6 (1) insert the words "including the Colleges run by the autonomous bodies, Co-operative Sector, Public Sector etc." after the words "professional college".

ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കുന്ന വ്യവസ്ഥ ഈ 6 - ാം വകുപ്പിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഇപ്പോൾ ഉൾപ്പെടുത്തിയ വ്യവസ്ഥയനുസരിച്ചാണെങ്കിൽ സ്വാശ്രയ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ക്യാപ്പിറ്റേഷൻ ഫീസ് മാത്രമെ നിരോധിച്ചിട്ടുള്ളൂ. അത് മാത്രം പോര, സ്വകാര്യ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് പുറമെ കോ-ഓപ്പറേറ്റീവ് സെക്ടറിലും പബ്ലിക് സെക്ടറിലും ഓട്ടോണമസ് ബോഡീസായിട്ട് ഒരുപാട് പ്രൊഫഷണൽ കോളേജുകൾ ഉണ്ട്. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., പരിയാരം മെഡിക്കൽ കോളേജ്, കേപ്പ്, കെ.എസ്.ആർ.ടി.സി. ഇത് ഉൾപ്പെടെ അവിടെയും ക്യാപിറ്റേഷൻ ഫീസ് എന്ന പേരിലല്ലെങ്കിലും മറ്റ് രീതിയിൽ ഫീസ് വാങ്ങാൻ ഇടയുണ്ട്. അതാണ് പരിയാരം മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഇവിടെ പറഞ്ഞ ഡെവലപ്മെന്റ് ഫീസ്. ഞങ്ങളെല്ലാം പലതും പറഞ്ഞിട്ടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിക്കാൻ തയ്യാറായില്ല. അങ്ങയുടെ ശ്രദ്ധയിൽ ഞാൻ ഒരു കാര്യം പറയുകയാണ്. ബഹുമാനപ്പെട്ട ജോയി ഇവിടെ ഒരു കാര്യം പറഞ്ഞു. ഇവിടെ ഫീസ് മാനേജുമെന്റുതന്നെ തീരുമാനിച്ചാൽമതി. അത് ഏത് ഇനത്തിൽപ്പെടുന്ന ഫീസും ആകാം. ഇവിടെ ഉൾപ്പെടുത്തിയ ഡെവലപ്മെന്റ് ഫീസ് ഉൾപ്പെടുത്തിയതിൽ തെറ്റില്ല എന്ന ബഹുമാനപ്പെട്ട ജോയി പറഞ്ഞപ്പോൾ ഞാൻ നമ്മുടെ തൊട്ട് അയൽസംസ്ഥാനത്തിലെ ഫീസിന്റെ ചില കാര്യങ്ങൾ പരിശോധിക്കാൻ നിർബന്ധിക്കപ്പെട്ടു. ക്രിസ്ത്യൻ മെഡിക്കൽ കോളേജ് വെല്ലൂർ, അവരുടെ ആനുവൽ ഫീസ് The Mission of Christian Medical College is to provide quality education on affordable rates so that the beneficiaries of this education will go out with the spirit of service. The present cost of education in the MBBS Course is over ₹ 1,71,600 per year per student. However,

LIBRARY ARCHIVES Kerala Legislative Assembly

the Christian Medical College has made a conscious decision to charge only a nominal amount from each student which is summarized as follows: Tuition Fees – ₹ 3,000, Other Fees – ₹ 1862, One time payment on admission ₹ 1,160 One time payment to University is ₹ 5,241 ഇതെല്ലാം ചേർന്നാൽ 11,763. കാരക്കോണം കോളേജ് 2,53,000, പുഷ്പഗിരി മെഡിക്കൽകോളേജ് 3 ലക്ഷം. പരിയാരം മെഡിക്കൽ കോളേജ് 12 ലക്ഷം. ഇങ്ങനെ പോവുകയാണ്. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിലെ ആ ഫീസ് നിരക്കെങ്കിലും കൊണ്ടുവരാൻ കഴിയത്തക്ക നിലയിൽ ഒരു വ്യക്തമായിട്ടുള്ള സംവിധാനം വേണം. അതാണ് ഞങ്ങൾ പറഞ്ഞത് ഇവർ ഒന്നും പരിഗണിക്കുന്നില്ല. ബധിര കർണ്ണങ്ങളാണ്. എന്ത് ചെയ്യാം.

Smt. Girija Surendran: Sir, I move the following amendment:

(520) In Clause 6 (2), for the words "on receipt of any complaint or otherwise" substitute "after enquiry on any complaint or suo motu".

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 522-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(522) In Clause 6 (2) the words "or information" shall be inserted between "complaint" and "or otherwise".

ഇവിടെ പറയുന്നത് കമ്മിറ്റിക്ക് പരാതി കിട്ടിയാലെ അന്വേഷിക്കാവു എന്നാണ്. പരാതിയോ ഇൻഫർമേഷനോ വിവരമോ കിട്ടിയാൽ ഇത് അന്വേഷിക്കണമെന്നുള്ള താണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ എന്റെ 524, 530 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(524) In Section 6, for the words "any college" the words "any self-financing college" and for the words "such college" the words "such self-financing college" shall respectively be substituted.

(530) In Clause 6(3) for the words "arrear of revenue due on land" the words "arrear of public revenue due on land" shall be substituted.

ഈ ഭേദഗതികൾ സ്വീകരിക്കാവുന്നതേയുള്ളു. Any college എന്നുള്ള സ്ഥാനത്ത് any self-financing college എന്നും such college എന്നുള്ളത് such self-financing college എന്നാക്കണമെന്നുള്ളതാണ് എന്റെ 524-ാമത്തെ ഭേദഗതി. അതുപോലെ 530 arrear of public revenue due on land എന്നാക്കണം. അതു രണ്ടും അംഗീകരിക്കാവുന്ന ഭേദഗതികളാണ്.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ എന്റെ 525-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(525) In Clause 6 substitute the word "Government" by the words "the concerned university" wherever it occurs.

LIBRARY ARCHIVES Kerala Legislative Assembly

Mr. Deputy Speaker: Shri P. P. George,.............not in the seat.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ എന്റെ. 528-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(528) In Clause 6 (3) for the words "to remit the same" substitute the words "to remit double the amount of capitation fee collected".

ഞാൻ ആദ്യമായി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 639-ാം നമ്പർ ഭേദഗതിക്ക് ചില ഭേദഗതി നിർദ്ദേശിക്കുന്നു.

In sub-clause 3 of Clause 6 proposed to be amended by the official amendment No. 639, in line 7, for the words "the same", substitute the words "double the amount of capitation fee collected", and in line 8 for the words "amount together" substitute the words "double the amount".

ഇത് ഞാൻ പ്രത്യേകം നിർദ്ദേശിക്കുകയാണ്. ഇവിടെ ഈ നിയമസഭയെ ഒരു mockery-യാക്കി മാറ്റി കൊണ്ടിരിക്കുകയാണ്. ഒരു ഗൗരവവും അപ്പുറത്തില്ല. ഇങ്ങനെ ഒരു ഭേദഗതി മന്ത്രി എന്തിന് കൊണ്ടു വന്നു എന്ന് വിശദീകരിക്കാൻ പറഞ്ഞപ്പോൾ അതുപോലും മന്ത്രി വിശദീകരിക്കുന്നില്ല. ഞങ്ങൾ വിചാരിച്ചു ആരോഗ്യകരമായ ഒരു ചർച്ചയായിരിക്കും ഇവിടെ നടക്കുകയെന്ന്. പ്രതിപക്ഷത്തിന് പറയാനുള്ളതുകൂടി കേട്ട് മാറ്റം വരുത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. പക്ഷേ കല്ലിനോട് പറഞ്ഞിട്ട് ഒരു കാര്യവുമില്ല. അവർ തീരുമാനം എടുത്തു വന്നിരിക്കുകയാണ്. Yes – No എന്ന് പറഞ്ഞ് പാസ്സാക്കി എടുക്കുന്ന ഒരു സിസ്റ്റമാണ് ഇവിടെ കാണുന്നത്. ഇവിടെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങി എന്ന് തെളിഞ്ഞാൽ അത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടാനാണ് ഈ വകുപ്പ് അധികാരം നൽകുന്നത്. അത് ഒരു ശിക്ഷ എന്നുള്ള നിലയിൽ ക്യാപ്പിറ്റേഷൻ ഫീസിന്റെ ഇരട്ടിയെങ്കിലും ഈടാക്കണമെന്നാണ് എന്റെ നിർദ്ദേശം. അതിനുള്ളതാണ് എന്റെ ഭേദഗതി.

Shri P. S. Supal: Sir, I move the following amendment.

(529) In Clause 6(3) the following shall be added after the words "same to the Government"—"Then the management of that Institution shall be black listed, and a governing body appointed by the Government shall take over the charges of that Institution".

9.00 a.m.]

ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്ന സ്ഥാപനങ്ങളെ ശിക്ഷിക്കാനുള്ള നിയമമല്ല. ഇത് കൂടുതൽ കൂടുതൽ രക്ഷിക്കാനുള്ള നിയമമാണ്. ഈ നിയമം തന്നെ ഒരു വല്ലാത്ത രീതിയിൽ കിടക്കുകയാണ്. കള്ളു ചെത്തുന്നതും കൊടുക്കുന്നതും കുടിക്കുന്നതും തെറ്റാണെന്നു പറയുന്നതുപോലെ, ഒരു വ്യക്തവും വ്യക്തതയും ഇല്ലാതെ ഒരു ധാരണയുമില്ലാതെ മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിയമമാണ്. അതുകൊണ്ട് എന്റെ നിർദ്ദേശം ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ക്യാപ്പിറ്റേഷൻ ഫീസ്, സുപ്രീംകോടതി തന്നെ വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു തരത്തിലുള്ള ക്യാപിറ്റേഷൻ ഫീസും വാങ്ങാൻ പാടില്ല. അങ്ങനെയുള്ള സ്ഥാപനങ്ങളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി നിരോധിക്കണമെന്ന് സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അംഗീകാരം റദ്ദാക്കുന്നതുമാത്രമല്ല ഭാവിയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഒരു തരത്തിലും അംഗീകാരം കിട്ടാത്ത ഒരു സമീപനം കൂടിയുണ്ടാകണം. അതാണ് ഞാൻ ഉദ്ദേശിച്ചത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) സർ, ഞാൻ ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 524 - ാം നമ്പർ ഭേദഗതി അംഗീകരിക്കുകയാണ്. .... (ബഹളം)........,അത് മൂവ് ചെയ്തതാണ്. ....

...........(ബഹളം)............ റിക്കാർഡുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് മൂവ് ചെയ്തു.

ശ്രീ. നാലകത്ത് സൂപ്പി. സർ, പ്രതിപക്ഷത്ത് നിന്ന് സംസാരിച്ച നേതാക്കന്മാർ ഞാൻ അവതരിപ്പിച്ച ഭേദഗതി ക്ലീയറല്ല എന്നു പറഞ്ഞു. ക്ലീയറാണ്. ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ക്യാപ്പിറ്റേഷൻ ഫീസ് .സർക്കാരിലേയ്ക്ക് കണ്ടുകെട്ടുമെന്നു പറഞ്ഞിരിക്കുന്നു. അതിനാൽ ബന്ധപ്പെട്ട മാനേജുമെന്റിൽ നിന്ന് ആരാണോ ക്യാപ്പിറ്റേഷൻ ഫീസ് നൽകിയത് അയാൾക്കും പറയാനുള്ള അവസരം കൊടുക്കണമെന്നാണ് ഭേദഗതി. 639 ഞാൻ അവതരിപ്പിച്ച ഭേദഗതിയാണ്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന് ഭേദഗതി കൊണ്ടുവന്നു. ഏതായാലും അത് സ്വീകാര്യമല്ല. ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ക്യാപ്പിറ്റേഷൻ ഫീസ് സംബന്ധിച്ച് capitation for forfeiture-ൽ forfeit ചെയ്യുകയാണ്. അതുപോലെ ഗവൺമെന്റിലേയ്ക്ക് മുതൽ കൂട്ടുകയാണ്. 5 ലക്ഷം രൂപ ഫൈനോ ഡിസ്അഫിലിയേഷനോ ഇതുകൊണ്ടുള്ള പീനൽ ഭേദഗതിയാണ്. അത് അംഗീകരിക്കണം എന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയെയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതിയേയും അനുകൂലിക്കുന്നവർ.....................പ്രതികൂലിക്കുന്നവർ.......................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 518, 519, 529, 523, 531, ഈ ഭേദഗതികൾ ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മേൽപ്പറഞ്ഞ ഭേദഗതികളെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ.......................

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—36

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, വി. കെ. ചന്ദ്രൻ
8. ,, വി. ചെന്താമരാക്ഷൻ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. വി. സി. കബീർ
17. ,, എം. കുമാരൻ
18. ,, കെ. വി. കുഞ്ഞിരാമൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, കെ. പി. മോഹനൻ
21. ,, എ. സി. മൊയ്തീൻ
22. ,, പിരപ്പൻകോട് മുരളി
23. ,, സി. കെ. നാണു
24. ,, പി. നാരായണൻ
25. ഡോ. എ. നീലലോഹിതദാസൻ നാടാർ
26. ശ്രീ. കെ. രാധാകൃഷ്ണൻ
27. ,, മാങ്കോട് രാധാകൃഷ്ണൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, ടി. പി. രാമകൃഷ്ണൻ
31. ,, സാജു പോൾ
32. ,, കെ. പി. സതീശ്ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ശ്രീ. പി. എസ്. സുപാൽ
36. ഡോ. തോമസ് ഐസക്ക്

LIBRARY ARCHIVES Kerala Legislative Assembly

<u>പ്രതികൂലിക്കുന്നവർ—63</u>

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, കെ. അച്ചുതൻ
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. കെ. ആന്റണി
6. ,, എൻ. ഡി. അപ്പച്ചൻ
7. ,, ഇ. എം. അഗസ്തി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, ആർ. ബാലകൃഷ്ണപിള്ള
11. ,, പി. കെ. കെ. ബാവ
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, എം. എ. ചന്ദ്രശേഖരൻ
15. ,, പി. പി. ജോർജ്
16. ,, എം. എം. ഹസ്സൻ
17. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ,, ടി. എം. ജേക്കബ്
21. ,, കെ. സി. ജോസഫ്
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, കെ. എൻ. എ. ഖാദർ
25. ,, കെ. കെ. നായർ
26. ,, പി. കെ. കുഞ്ഞാലിക്കുട്ടി
27. ,, ലൂഡി ലൂയിസ്
28. ,, കെ. എം. മാണി
29. ,, ഇ. ടി. മുഹമ്മദ് ബഷീർ
30. ,, കെ. മോഹൻ കുമാർ
31. ,, സി. മോയിൻകുട്ടി
32. ,, ആര്യാടൻ മുഹമ്മദ്
33. ,, സി. പി. മുഹമ്മദ്
34. ,, എം. കെ. മുനീർ
35. ,, എം. മുരളി

LIBRARY ARCHIVES Kerala Legislative Assembly

36. പ്രൊഫ. എ. ഡി. മുസ്തഫ
37. ശ്രീ. എഴുകോൺ നാരായണൻ
38. ,, എം. കെ. പോൾസൺ മാസ്റ്റർ
39. ,, വി. ജെ. പൗലോസ്
40. ,, ടി. യു. രാധാകൃഷ്ണൻ
41. ശ്രീമതി രാധാ രാഘവൻ
42. ശ്രീ. എ. എൻ. രാജൻ ബാബു
43. ,, യു. സി. രാമൻ
44. ,, തമ്പാനൂർ രവി
45. ,, ടി. പി. എം. സാഹിർ
46. ,, എൻ. ശക്തൻ
47. ,, പി. ശങ്കരൻ
48. ,, കെ. ശങ്കരനാരായണൻ
49. ശ്രീമതി മാലേത്ത് സരളാദേവി
50. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
51. ശ്രീ. കെ. കെ. ഷാജു
52. ശ്രീമതി ശോഭനാ ജോർജ്
53. ശ്രീ. നാലകത്ത് സൂപ്പി
54. ,, ഡി. സുഗതൻ
55. ,, എ. സുജനപാൽ
56. ,, സി. എഫ്. തോമസ്
57. പ്രൊഫ. കെ. വി. തോമസ്
58. ശ്രീ. പി. ടി. തോമസ്
59. ,, തോമസ് ചാഴികാടൻ
60. ,, തോമസ് ഉണ്ണിയാടൻ
61. ,, ഉമേഷ് ചള്ളിയിൽ
62. ,, എം. എ. വാഹീദ്
63. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—36

പ്രതികൂലിക്കുന്നവർ—63

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ 36-ന് എതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 520-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 522-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 525-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

Shri Thampanoor Ravi: Sir, I move the following amendment.

(534) The following may be inserted as Clause 7 and the existing clauses shall be re-numbered.

7(1) The qualifications of the teaching staff of the Self-Financing Professional Colleges shall be that of their counterparts in Government Professional Colleges.

7(2) The qualifications of the non-teaching staff of the Self-Financing Professional Colleges shall be that of their counterparts in Government Colleges.

The existing Clauses 7 to 13 shall be re-numbered.

സർ, ഈ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളുടെ ടീച്ചിംഗ് സ്റ്റാഫിനും നോൺ ടീച്ചിംഗ് സ്റ്റാഫിനും ഒരു ക്വാളിഫിക്കേഷൻ ഫിക്സ് ചെയ്തിട്ടില്ല. എന്റെ ഭേദഗതി എന്നു പറയുന്നത് ഗവൺമെന്റ് കോളേജുകളിലുള്ള മാതിരി ക്വാളി ഫിക്കേഷൻസ് ടീച്ചിംഗ് സ്റ്റാഫിനും നോൺ ടീച്ചിംഗ് സ്റ്റാഫിനും ഉൾക്കൊള്ളിക്കണ മെന്ന ഒരു പുതിയ വകുപ്പ് ചേർക്കണം എന്നതാണ് എന്റെ ഭേദഗതി. ഞാൻ അത് മൂവ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ഭേദഗതി സ്വീകാര്യ മല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

7-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ 535-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(535) Clause 7(e) may be deleted.

(536) In Clause 7(i) item (a) delete the words "Supreme Court or the".

(557) After item (c) of sub-clause (1) of Clause 7 add the following:

(f) The Director of Medical Education—Member

(g) The Director of Technical Education—Member

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. സർ, ഇവിടെ 534-ാം നമ്പർ ഭേദഗതി ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ചത് ഞങ്ങൾക്ക് കൂടി സ്വീകാര്യമായ ഒരു വകുപ്പാണ്. അതുകൊണ്ട് ഞങ്ങൾകൂടി അത് പിന്താങ്ങി 534 ഈ ബില്ലിന്റെ ഭാഗമാക്കി മാറ്റേണ്ടതായിരുന്നു. അത് എന്താണെന്നറിയാത്തതാണ് മെമ്പർമാർ ഉന്നയിക്കുന്ന പ്രശ്നം. ആ ഭേദഗതി എന്തായി എന്ന് സഭ അറിയില്ല. ഇവിടെ ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. മാനേജുമെന്റിനെ ഇത്ര നഗ്നമായി സഹായിക്കുന്ന ഒരു ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഇവിടെ സംസാരിക്കുന്നില്ല.

ശ്രീ. പി. ജയരാജൻ : സർ, ഞാൻ 537-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

537. In Clause 7(1) for the words "to conduct any enquiry into complaints regarding capitation fee" substitute the following words, namely:

"Examine where any self-financing professional colleges has violated the provisions of sub-section (i) of the Section (6)".

ഇതിൽ Constitution of the Committee-യാണ്. അപ്പോൾ ഈ ക്യാപിറ്റേഷൻ ഫീസിനെ സംബന്ധിച്ച് പരാതിയുണ്ടായാൽ അത് അന്വേഷിക്കുന്നതിനുവേണ്ടിയിട്ടുള്ള കമ്മിറ്റിയായിട്ടാണ് ഈ കമ്മിറ്റിയെ നിശ്ചയിച്ചിട്ടുള്ളത്. എന്റെ ഭേദഗതി "to conduct any enquiry into complaints regarding capitation fee" എന്നുള്ളതിനു പകരമായി "Examine where any self-financing professional colleges has violated the provisions of sub-section (i) of the Section (6)". സർ, ആറാം വകുപ്പിൽ ഈ ക്യാപിറ്റേഷൻ ഫീസ് നിരോധിച്ചിട്ടുണ്ട്. ആ നിരോധിച്ച കാര്യം സംബന്ധിച്ച് പരാതിവന്നാൽ അന്വേഷിക്കാനാണ് ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്. പരാതി വന്നാൽ അന്വേഷിക്കുകയല്ല. ഇതിനകത്ത് ലാ സെക്രട്ടറിയും അതുപോലെതന്നെ ഗവൺമെന്റ് ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് സെക്രട്ടറിയും സുപ്രീംകോടതി റിട്ടയേർഡ് ജഡ്ജ് അടക്കമുള്ള കമ്മിറ്റിയാണ്. ആ കമ്മിറ്റിക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എവിടെയെങ്കിലും ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നുണ്ടോ എന്നുള്ളത് പരിശോധിക്കാനുള്ള അധികാരം കൊടുക്കണമെന്നതാണ് എന്റെ ഭേദഗതിയുടെ സാരം.

LIBRARY ARCHIVES Kerala Legislative Assembly

<u>ഡോ. തോമസ് ഐസക്ക്</u> : സർ, ഞാൻ എന്റെ 538, 552എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(538) In Clause 7(1) insert the following words between the words "to" and "conduct" "fix fees to be paid by students admitted in management quota seats and to".

(552) In Clause 7 insert the following after item (a) in sub-clause (1) of Clause 7 and re-number the rest.

"(b) Vice Chancellor of the University—Vice Chairman".

<u>ശ്രീ. ടി.കെ. ദേവകുമാർ</u> : ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(539) In sub-clause (1) of clause 7 for the words "to conduct any enquiry in to complaints regarding capitation fee" by the following shall be substituted, namely:

"Examine whether any self-financing professional college has violated the provisions of sub-section (i) of Section (6)".

(561) In Clause 7(1) add the following as item (f):

"(f) Vice Chancellor of all Universities in the State—Member".

539-ാമത്തെ ഭേദഗതി എന്നുപറയുന്നത് റിട്ടയേർഡ് സുപ്രീം കോർട്ട് ജഡ്ജ് ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി, ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് സെക്രട്ടറി മെമ്പർ സെക്രട്ടറി ആയിട്ടുള്ള ഈ കമ്മിറ്റി ഏതെങ്കിലും പരാതി കിട്ടുന്നില്ല എങ്കിൽ സർക്കാരിന്റെ ശമ്പളവും അലവൻസും വാങ്ങി സ്വസ്ഥമായിട്ടിരിക്കും എന്നുള്ളതാണ്. പ്രായോഗികമായിട്ട് ചോദിച്ചാൽ ഒരു വിദ്യാർത്ഥിയോ ആ വിദ്യാർത്ഥിയുടെ രക്ഷകർത്താവോ എന്റെ മകൻ ഇത്രയും രൂപ ക്യാപിറ്റേഷൻ ഫീസ് കൊടുത്തെന്നു പറയത്തില്ല. കാരണം ചാത്തന്നൂർ മുൻ എം.എൽ.എ. സഖാവ് അനിരുദ്ധന്റെ മകന്റെ അനുഭവം നമ്മുടെ മുമ്പിലുള്ളതാണ്. അതുകൊണ്ടുതന്നെ ഈ കാര്യത്തിൽ എന്താണ് വേണ്ടതെന്നു ചോദിച്ചാൽ പരാതി ഇല്ലെങ്കിലും ഈ നിയമത്തെ ലംഘിച്ചുകൊണ്ട് ഏതെങ്കിലും സ്വാശ്രയ മാനേജുമെന്റ് കുട്ടികളിൽനിന്ന് പണം വാങ്ങിയിട്ടുണ്ടോ എന്ന് അന്വേഷിക്കുവാനുള്ള അധികാരം ഈ കമ്മിറ്റിക്ക് ഉണ്ടാകണം. അതല്ല എങ്കിൽ ആടിന്റെ കഴുത്തേൽ തൂങ്ങുന്ന.................. അതുപോലുള്ള ഒരു സ്ഥിതി വരും. മനസ്സിലായോ? അത് വരാതിരിക്കാനും ഇതുപോലുള്ള ഒരു ഭേദഗതി ഇപ്പോൾ കൊണ്ടുവരുന്നത് നന്നായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

<u>ശ്രീ. തമ്പാനൂർ രവി</u> : ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(540) In Clause 7(1) the words "collection of " shall be inserted between the words "regarding" and "capitation fee".

LIBRARY ARCHIVES Kerala Legislative Assembly

(558) In Clause 7(1) the following shall be inserted:

(f) Director of Medical Education

(g) Director of Technical Education

(h) Secretary to Government, Finance Department.

(568) In Clause 7(2) the words "in consultation with Government" shall be inserted between the words "may" and "adopt".

(570) In Clause 7(3) the words "the period of service" shall be inserted between the words "The" and "terms and conditions".

ഇതിൽ 558, കമ്മിറ്റി, ഇതിനകത്ത് Director of Medical Education, Director of Technical Education, ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ആരുമില്ല. Secretary to Government, Finance Department ഇവരെക്കൂടി ആ കമ്മിറ്റിയിൽ ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. കെ. സി. ജോസഫ്:</u> ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(541) In Clause 7(1) after the words 'complaint regarding' for the words "capitation fee" substitute with the following words:

"the collection of capitation fee, procedure for admission of students and fixation of fee structure."

(547) In Clause 7(1) (a) after the words High Court of Kerala add the following "nominated by the Government".

(551) Clause 7(1)(a) shall be recast as follows:

A Retired Judge of the Supreme Court or the High Court—Chairman

(554) Clause 7(1)(d) shall be modified as follows:

Secretary to Government—Law Department—Member.

(567) Clause 7(1) shall be recast as follows:

"7. The Government shall constitute a committee with the following members, to supervise and control the affairs of the self-financing institutions.

(a) A Retired Judge of the Supreme Court or the High Court—Chairman.

(b) Secretary to Government—Member Secretary.

(c) Secretary to Government—Health and Family Welfare Department—Member.

(d) Secretary to Government—Law Department—Member.

(e) Commissioner for Entrance Examination, Kerala—Member".

LIBRARY ARCHIVES Kerala Legislative Assembly

ഒരു വാക്ക് പറയാനുള്ളത്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു കെ. ടി. തോമസ് കമ്മിറ്റി ശുപാർശചെയ്ത ആ ഫീസ് സ്ട്രക്ചർ, അവർ മാനേജുമെന്റ് ക്വോട്ടയിൽ അംഗീകരിക്കുമെന്ന്. ഒരു അർദ്ധ മനസ്സോടുകൂടി അത് ചെയ്യണ്ട. ഞങ്ങൾ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ആരംഭിക്കുന്ന സമയത്ത് ഇവിടെ മുഖ്യമന്ത്രി സഭയിൽ പറഞ്ഞതും പുറത്തു പറഞ്ഞതും എന്താണ്? രണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജെന്നു പറഞ്ഞാൽ ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. ആ തീരുമാനത്തിൽ ഒരു തുള്ളി വെള്ളം ചേർക്കാതെ അക്ഷരാർത്ഥത്തിൽ സർക്കാർ കോളേജിലെ ഫീസ് സ്ട്രക്ചറും സർക്കാർ കോളേജിലെ പ്രവേശന മാനദണ്ഡവും പൂർണ്ണമായി നടപ്പിലാക്കിക്കൊണ്ട് രണ്ട് സെൽഫ് ഫിനാൻസിംഗ് കോളേജ് എന്നു പറഞ്ഞാൽ ഒരു സർക്കാർ കോളേജെന്ന് നിർവ്വചിച്ചിരിക്കുകയാണ്. നിങ്ങളും പറഞ്ഞു. ഈ ബില്ലിനകത്ത് ഗുണകരമായ നിയന്ത്രണങ്ങളുണ്ട്. കേരളത്തിനു പുറത്തേയ്ക്കു പോലും പോയ ഒരു വലിയ വിഭാഗം വിദ്യാർത്ഥികളെ കേരളത്തിലേക്ക് മടക്കികൊണ്ടുവന്ന് , കർണ്ണാടകത്തിലുണ്ടാക്കിയ സൗകര്യം , കേരളത്തിൽ ഉണ്ടാക്കുന്ന നടപടിയെ ദയവായി നിങ്ങൾ കർണ്ണാടക ലോബിക്കു വേണ്ടി വാദിച്ച് കേരളത്തിലെ കോളേജുകളെ പൂട്ടിക്കരുത്. ഈ ബില്ല് പാസ്സാക്കി പാർലമെന്റിൽ കൊണ്ടുപോയി നമുക്ക് ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്താൻ നിങ്ങൾ സഹകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ ഞാൻ എന്റെ 546, 571 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(546) In Clause 7 (1)(a) for words "or the High Court of Kerala" the words "or a retired Chief Justice of the High Court of Kerala" shall be substituted.

(571) In Clause 7(3) for the words "and other members of the Committee and the powers and functions thereof" the words, "and the powers and functions of the Committee" shall be substituted.

അത് സെൽഫ് ഫിനാൻസിംഗ് കമ്മിറ്റിയിൽ 1(എ)-യിൽ A Retired Judge of the Supreme Court or the High Court of Kerala എന്നേയുള്ളൂ. അതിൽ A Retired Judge of Supreme Court or a Retired Judge of High Court രണ്ടുപേരെയും ഒരുപോലെ കാണുന്നത് ശരിയല്ല. A Retired Judge of the Supreme Court എന്നുള്ളപ്പോൾ തീർച്ചയായിട്ടും A Retired Chief Justice of the High Court of Kerala എന്നത് നന്നായിരിക്കും എന്നുള്ളതാണ് എന്റെ 546-ാം നമ്പർ ഭേദഗതി. അതുപോലെ തന്നെ 571 ഞാൻ മൂവ് ചെയ്യുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ എന്റെ 548-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(548) In Clause 7(1) (a) add the following:

"belonging to a backward class community".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ 553, 575 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(553) Clause 7(1)(d) shall be deleted and the following shall be added.

(d) The Commissioner for Entrance Examination, Kerala.

(e) Director of Medical Education.

(f) Director of Technical Education.

(g) Representative of Management.

(h) Representative of PTA.

(575) In Clause 7 add a new sub-clause as follows:

"(4) the appeal if any, against the decision of the committee, shall be submitted by the concerned authorities within 15 days, to the Government".

ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. കർണ്ണാടക ലോബിക്കുവേണ്ടി ഞങ്ങൾ നിൽക്കുന്നില്ല, നിങ്ങൾ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് വെല്ലൂർ, ആ ഫീസ് സ്ട്രക്ചർ നടപ്പിലാക്കുവാൻ തയ്യാറുണ്ടോ? ഇപ്പോൾ ഈ ബില്ലിനു വേണ്ട എല്ലാ പിന്തുണയും തരാം. ധൈര്യമുണ്ടോ. നിങ്ങൾ ആ തന്റേടം കാണിക്കുമോ? ശ്രീകണ്ഠാപുരത്തെ കൃഷിക്കാരനായ ജോസഫിന്റെ മകൻ മനു മാത്യുവിനെ പുറത്താക്കിയിരിക്കുകയാണ്. 7,53,000 രൂപ കൊടുക്കാത്തതുകൊണ്ട്. ഇതിനെതിരായിട്ട് പറയുന്ന നിങ്ങൾ ആരുടെ കൂടെയാണ്. നിങ്ങൾ സമ്പന്നൻമാരുടെ കൂടെയാണ്. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ ഈ ഫീസ് സ്ട്രക്ചർ നടപ്പിലാക്കുവാൻ നിങ്ങളുണ്ടോ? കർണ്ണാടക ലോബിയുടെ കാര്യം പറഞ്ഞു.

ശ്രീ. എൻ. ശക്തൻ: ഞാൻ എന്റെ 555, 574 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(555) In Clause 7 a new sub-clause (f) shall be inserted as follows:

"(f) an Eminent Educationalist in the State—Member".

(574) In Clause 7 a new sub-clause (4) shall be added:

"(4) the tenure of the committee shall be a period of 3 years".

സർ, അതിൽ, ഒരു കാര്യം ഈ പരാതിയെപ്പറ്റി അന്വേഷിക്കുന്നതിന് കേരളത്തിൽ അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസ വിചക്ഷണനെകൂടി ആ കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ 555-ാം നമ്പർ ഭേദഗതി. ഈ പരാതികൾ അന്വേഷിക്കുന്നതിനു വേണ്ടിയുള്ള സർക്കാർ രൂപീകരിച്ചിരിക്കുന്ന കമ്മിറ്റിയുടെ കാലാവധി പറഞ്ഞിട്ടില്ല. മൂന്നു വർഷമായി അതിന്റെ കാലാവധി നിജപ്പെടുത്തണമെന്നാണ് എന്റെ 574-ാം നമ്പർ ഭേദഗതി.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : ഞാൻ എന്റെ 556-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(556) In Clause 7(1) after (e) the following shall be added:

"(f) a Vice Chancellor of any one of the Universities of Kerala".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : ഞാൻ എന്റെ 559-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(559) In Clause 7 (i) after item (1) add the following items:

"(f) a Chartered Accountant of repute—Member.

(g) a member of the Medical Council of India.

(h) a member of the All India Council of the Technical Education.

(i) Secretary, Health Department.

(j) Secretary to Government, Higher Education—Member Secretary.

ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധിക്കുന്നതിനുവേണ്ടിയാണ്. യഥാർത്ഥത്തിൽ ഇസ്ലാമിക അക്കാദമി കോളേജിലെ കുട്ടികളുടെ പ്രവേശനവും ഫീസുമായി ബന്ധപ്പെട്ടു കൊണ്ടുള്ള കമ്മിറ്റിയാണ് ഉദ്ദേശിക്കുന്നത്. സുപ്രീംകോടതി വിധിക്ക് എതിരായിട്ടുള്ള കമ്മിറ്റി. ഈ ഒരു കമ്മിറ്റിയുടെ ആവശ്യമില്ല. കമ്മിറ്റി വാങ്ങിയിരിക്കുന്നത് കുട്ടികളുടെ പ്രവേശനത്തെ സംബന്ധിച്ചും ഫീസുമായും ബന്ധപ്പെട്ടുകൊണ്ടുള്ള പരാതിയെ സംബന്ധിച്ച് അന്വേഷിക്കുന്നതിനുള്ള കമ്മിറ്റിയാണ്. ആ കമ്മിറ്റിയിൽ വളരെ വ്യക്തമായി ഇസ്ലാമിക അക്കാദമി കേസിൽ പറഞ്ഞിട്ടുള്ളത്, Chartered Accountant, Member of the Medical Council, All India Council of the Technical Education, Secretary Health, Secretary Higher Education, Member Secretary. അതാണ് കമ്മിറ്റി. ഈ കമ്മിറ്റിയുടെ ആവശ്യമെന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആർക്കു വേണ്ടിയാണ് ഈ കമ്മിറ്റി?

ശ്രീ. കെ. പി. മോഹനൻ: ഞാൻ എന്റെ 562-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(562) After Clause 7 (1) (e) add the following:

"(d) A member representing the Teachers Association of Professional Colleges".

ശ്രീ. വി. കെ. സി. മമ്മത്കോയ : ഞാൻ എന്റെ 563-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(563) The following item shall be added at the end of Clause 7(1):

(f) Three members elected by the members of the Kerala Legislative Assembly from among themselves.

(g) Two members elected by the members of Lok Sabha representing any Constituency in the State of Kerala from among themselves.

പരാതി പരിഹരിക്കുവാനുള്ള ഈ കമ്മിറ്റിയിൽ നിയമസഭയിൽ നിന്നും മൂന്നു സാമാജികരെയും അതുപോലെ രണ്ട് എം. പി.-മാരെയുംകൂടി ഉൾപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ എന്റെ 564-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(564) In Clause 7(1) add the following item as item (f):

(f) An educational expert who belongs to the Scheduled Caste or Scheduled Tribe Community—Member.

ഈ കമ്മിറ്റി രൂപീകരിക്കപ്പെടുമ്പോൾ എസ്.സി./എസ്.ടി. പ്രാതിനിധ്യം മറ്റു കാര്യങ്ങളെ കുറിച്ചൊക്കെ പരിശോധിക്കണമെന്നുണ്ടെങ്കിൽ എസ്.സി./എസ്.ടി. ഭാഗത്തുനിന്നുള്ള നല്ല എക്സ്പേർട്ട് ആയിട്ടുള്ള മെമ്പറെ ചേർക്കണമെന്നാണ്. അത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞാൻ എന്റെ 566-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(566) Clause 7(1) shall be recast as follows:

"a committee consisting of Cheif Minister, Opposition Leader and Chief Justice of the High Court of Kerala shall be constituted for the purpose of selecting a retired Judge of the Supreme Court or High Court of Kerala as Chairman and a member from the list of the following officials, namely:

Secretary to Government, Higher Education Department, Secretary to Government, Health and Family Welfare, Law Secretary and the Commissioner of Entrance Examination. A Vice-Chancellor from one of the Universities of Kerala shall also be a member."

കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമ്പോൾ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നിവരുമായി ആലോചിച്ച് ഒരു പുതിയ പാനൽ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. ആ കമ്മിറ്റി ഏറ്റവും പ്രധാനപ്പെട്ട കമ്മിറ്റിയാണ് നമ്മൾ രൂപീകരിക്കുന്നത്. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ നിർദ്ദേശിച്ചത് കേരളത്തിലുള്ള ഏതെങ്കിലും ഒരു വൈസ് ചാൻസ്‌ലർ ആ കമ്മിറ്റിയിൽ അംഗമായിരിക്കണം. ആ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ : ഞാൻ എന്റെ 573-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(573) After Clause 7(3) a new sub clause shall be added:

"(4) The tenure of the committee shall be for a period of three years and re-constituted thereafter."

ക്യാപിറ്റേഷൻ വാങ്ങുന്ന കോളേജുകൾക്ക് കൂടുതൽ പഴുതുകൾ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഈ ബില്ലിലുള്ളത്. ഇവിടെ ശ്രീ. കെ. സി. ജോസഫ് പറയുകയുണ്ടായി. ഗവൺമെന്റിന്റെ ഔദാര്യംകൊണ്ടാണ് രണ്ടു സ്വാശ്രയ കോളേജിനോടൊപ്പം ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള നിലയ്ക്ക് തീരുമാനിക്കുവാൻ ഇടയായിട്ടുള്ളത് എന്ന്. ആരുടെയും ഔദാര്യം കൊണ്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പ്രതിപക്ഷം, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇവിടുത്തെ വിദ്യാർത്ഥികളും അതുപോലെ തന്നെ ചെറുപ്പക്കാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും സമരം നടത്തി. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നിർബന്ധിതരായി തീർന്നതാണ്. അല്ലാതെ നിങ്ങളുടെ ഔദാര്യമല്ല. മറ്റു സംസ്ഥാനങ്ങളിലെ ലോബിയെ സഹായിക്കുന്ന കാര്യം ഇവിടെ പറഞ്ഞു. ഈ നിയമം രണ്ടു മൂന്നു വർഷക്കാലമായി താമസിപ്പിച്ചുകൊണ്ട് ഇവിടത്തെ വിദ്യാർത്ഥികളെ മറ്റു സംസ്ഥാനങ്ങളിലേക്കു പോകുവാൻ അവസരം ഉണ്ടാക്കിയ നിങ്ങൾ ഈ ആരോപണം ഉന്നയിക്കുന്നത് മലർന്നു കിടന്ന് തുപ്പുന്നതിനു തുല്യമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ശ്രീ കെ. സി. ജോസഫ് അവതരിപ്പിച്ച 551, 554 എന്നീ ഭേദഗതികൾ സ്വീകാര്യമാണ്. അതിന്റെകൂടെ കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി An educational expert who belongs to the Scheduled Caste or Scheduled Tribe Community Member എന്നതും സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 551, 554 എന്നീ ഭേദഗതികളെയും ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതിയെയും

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ......................

(ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.)

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 535-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 536, 557 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 538, 552 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 539, 561 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 540, 558, 568, 570 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 541, 547, 567 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 546, 571 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി നമ്പർ അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 553, 575 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 555, 574 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 559-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 566-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.എസ്. സുപാൽ അവതരിപ്പിച്ച 573-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

Shri Thomas Unniyadan: Sir, I move the following amendment.

(578) In Clause 8, for the word, "college", wherever it occurs, the words, "self financing Professional College" shall respectively be substituted.

സർ, ഞാൻ 6-ാം വകുപ്പിലെ 524-ാം ഭേദഗതിയിൽ ആവശ്യപ്പെട്ട കാര്യം തന്നെയാണ്. അതായത് "any college" എന്നുള്ളതിന്റെ സ്ഥാനത്ത് Self Financing Professional College എന്നാക്കണമെന്നുള്ളതാണ്.

Shri K. P. Rajendran: Sir, I move the following amendments.

(579) In Clause 8 for the words "recommend to" substitute the word "direct" and insert the word "for" after the word "Government".

(597) In Clause 8 a new proviso shall be added as follows:

"Provided the Government and the University shall provide necessary facilities for the students to continue their education in the case of disaffiliation of any college by the University".

LIBRARY ARCHIVES Kerala Legislative Assembly

അഫിലിയേഷൻ പിൻവലിക്കൽ അതാണ് ഏറ്റവും വലിയ പീനൽ ക്ളാസായിട്ട് വരുന്നത്. അഫിലിയേഷൻ പിൻവലിക്കുന്നത് റെക്കമെന്റേഷൻ എന്നുപറഞ്ഞാൽ പോരാ, ഡയറക്ട് ചെയ്യണം. 597 - അഫിലിയേഷൻ പിൻവലിച്ചു കഴിഞ്ഞാൽ ആ കോളേജിൽ പഠിക്കുന്ന കുട്ടികളുടെ future ഒരു പ്രധാനപ്പെട്ട കാര്യമാണ്. അഫിലിയേഷൻ പിൻവലിച്ചു കമ്മിറ്റി പരിശോധിച്ച് അവർക്ക് പറയാനുള്ള അവസരം മാനേജ്മെന്റ് കൊടുത്ത് കമ്മിറ്റിക്ക് ഉത്തമ ബോധ്യം വരുന്നു. കമ്മിറ്റി ഗവൺമെന്റിലേക്ക് റെക്കമെന്റ് ചെയ്തു. ഗവൺമെന്റ് തീരുമാനം എടുത്തു അവരുടെ അഫിലിയേഷൻ വിത്ഡ്രോ ചെയ്തു. ആ കോളേജിൽ പഠിക്കുന്ന കുട്ടികളുടെ തുടർന്നുള്ള പഠനത്തെ സംബന്ധിച്ച് വ്യക്തത വേണം. കോട്ടയത്തെ എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ച് ശ്രീമതി മേഴ്സി രവി കഴിഞ്ഞദിവസം ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചു. ഞാൻ കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിച്ചു, രണ്ടാം വർഷം വന്ന വിദ്യാർത്ഥികൾ നല്ല മെറിറ്റിൽ ഓപ്റ്റ് ചെയ്ത് കോളേജിൽ പോയി ചേർന്നാൽ സെക്കന്റ് ഇയർ വന്നപ്പോഴാണ് കോളേജിന്റെ അഫിലിയേഷനെ സംബന്ധിച്ച് പ്രശ്നം വന്നത്. അവരുടെ തുടർന്നുള്ള പഠനത്തെ സംബന്ധിച്ച് യൂണിവേഴ്സിറ്റിയിലും ഗവൺമെന്റിലും മന്ത്രിമാരുടെ ഓഫീസിലും ഞങ്ങളുടെയൊക്കെയെടുത്തും കുട്ടികളുടെ രക്ഷകർത്താക്കൾ നിരവധി തവണ വന്നിട്ടുണ്ട്. അതുകൊണ്ട് അങ്ങനെയൊരവസ്ഥ ഉണ്ടാകരുത്. കുറേ കോളേജുകളുടെ അഫിലിയേഷൻ വിത്ഡ്രോ ചെയ്യേണ്ടി വരുമല്ലോ. അങ്ങനെ വരുമ്പോൾ ഇവിടെ മെറിറ്റിലൊക്കെ വന്നുചേർന്ന കുട്ടികളുടെയൊക്കെ ഭാവി പോകരുത്. അതുകൊണ്ട് ഈ ഭേദഗതി തള്ളിക്കളയരുത്.

Shri Thampanoor Ravi: Sir, I move the following amendment.

(580) In Clause 8 the word "immediately" shall be added between the words "in force the University" and shall disaffiliated.

സർ, ഞാൻ സംസാരിക്കുന്നില്ല.

Shri Kodiyeri Balakrishnan: Sir, I move the following amendment.

(584) In Clause 8, add the following at the end, namely:

"and the university shall make alternative arrangements for the continuance of the course of study of the students of the disaffiliated colleges."

അഫിലിയേഷൻ പിൻവലിച്ച് കോളേജ് ഏറ്റെടുക്കുകയോ പഠിക്കുന്ന കുട്ടികൾക്ക് പകരം സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക എന്നുള്ളതാണ് എന്റെ ഭേദഗതി.

Shri K. V. Kunhiraman: Sir, I move the following amendment.

(585) Delete the proviso to Clause 8

Shri P. S. Supal: Sir, I move the following amendment.

(591) In the proviso to Clause 8 delete the words "other than the receipt of capitation fee".

സർ, ഞാൻ പറഞ്ഞിട്ട് കാര്യമില്ല.

Shri K. P. Satheesh Chandran: Sir, I move the following amendment.

LIBRARY ARCHIVES Kerala Legislative Assembly

(592) The proviso to Clause 8 shall be recast as follows:

"provided that if the Government is satisfied that the provisions of this Act are not complied by the Management of any Self Financing Professional Colleges the Government may take over the management of that college for a period as decided by the Government."

ഈ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന മാനേജ്മെന്റുകൾക്കെതിരായി സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ച ഭാഗങ്ങൾ പലതും അവ്യക്തമാണ്. പഴുതുകളുണ്ട്. അതുകൊണ്ട് മാനേജ്മെന്റുകൾ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം. വ്യവസ്ഥകൾ ലംഘിക്കുന്ന സാഹചര്യത്തിൽ ഒരു നിശ്ചിത കാലയളവിൽ സർക്കാർ ഏറ്റെടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri K. Radhakrishnan: Sir, I move the following amendment.

(598) Clause 8 shall be recast as follows:

Withdrawal of affiliation.— If the Committee is satisfied that any college has contravened or failed to comply with any provision contained in this Act. It may without prejudice to any other penalty under this Act recommend to the concerned University the disaffiliation of the College from the University and the University may after giving the management an opportunity of being heard, disaffiliate the college concerned forthwith notwithstanding anything contained in any other law for the time-being in force.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 578-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ......................

(ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.)

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 579, 597 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 580-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 584-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 585-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.എസ്. സുപാൽ അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 598-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

Shri N. Sakthan: Sir, I move the following amendment.

(600) In Clause 9 after the words "provisions of this Act" shall the following words shall be inserted "other than receipt of capitation fee".

ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്നവർക്ക് 5 ലക്ഷം രൂപയാണ് പിഴ പറഞ്ഞിരിക്കുന്നത്. അതിൽ നിന്ന് ക്യാപ്പിറ്റേഷൻ ഫീ ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ക്യാപ്പിറ്റേഷൻ ഫീ അടയ്ക്കുന്നവർക്ക് അതിനെപ്പറ്റി പരാതി അന്വേഷിക്കുന്നതിന് പ്രത്യേകം സംവിധാനവും പ്രത്യേക ശിക്ഷയും ഉള്ളതുകൊണ്ട് ഇതിൽ നിന്ന് ക്യാപ്പിറ്റേഷൻ ഫീ ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri A. C. Shanmugha Das: Sir, I move the following amendment.

(602) In Clause 9 after the words "be punished" the following shall be substituted:

"with imprisonment upto 5 years with a fine upto five lakhs rupees".

അഞ്ചു കൊല്ലം എന്നു പറയുമ്പോൾ അങ്ങനെ പറയാമോ എന്ന് തോന്നിപ്പോകും. ഈ ബില്ല് മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ ഒത്തുകളിച്ച ദുർമുഖ സന്തതിയാണ്. ഈ ബില്ല് മാനേജ്മെന്റിനു വേണ്ടിയുള്ള ബില്ലാണ്. ഇതിലെ വ്യവസ്ഥകൾ ആരെങ്കിലും ലംഘിക്കുന്നുവെങ്കിൽ അതിന് ക്രൂരവും കഠിനവുമായ ശിക്ഷ കൊടുത്തേ മതിയാകൂ എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

Shri Kodiyeri Balakrishnan: Sir, I move the following amendment.

(603) In Clause 9, for the words "which may extend to five lakhs rupees" substitute the following:

"which may not be less than five lakhs rupees and which may extend to twenty lakh rupees; and imprisonment for a period which may extend to one year or with both".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത് ലംഘിക്കുന്ന ആളുകൾക്കുള്ള ശിക്ഷ സംബന്ധിച്ചാണ് ഇതിനകത്ത് പറയുന്നത്. 5 ലക്ഷം രൂപയാണ് പിഴ. 50 ലക്ഷം രൂപ വാങ്ങുന്നവർക്ക് 5 ലക്ഷം പിഴ ഏർപ്പെടുത്തിയിട്ടെന്തു കാര്യം? അതുകൊണ്ട് അവരെ നിയന്ത്രിക്കണമെങ്കിൽ ഒരു വർഷത്തെ തടവ് കൊടുക്കണമെന്നാണ് പറയാനുള്ളത്. അപ്പുറത്ത് ഇരിക്കുന്നവർ പറഞ്ഞു 2 സ്വാശ്രയ കോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വം നടപ്പാക്കാനാണ് എന്ന്. 3 കൊല്ലമായിട്ട് നടപ്പാക്കാത്തവരാണ് ഇത് പറയുന്നത്. കാരക്കോണം കോളേജിലെ മെറിറ്റ് സീറ്റിലുള്ള വിദ്യാർത്ഥികൾ ഇപ്പോഴും ഗവൺമെന്റ് ഫീസല്ല കൊടുക്കുന്നത്. അതുപോലും മാറ്റാൻ കഴിയാത്ത ആളുകൾ ഇവിടെ മേഞ്ഞ് നടക്കുകയാണ്.

Shri K. P. Rajendran: Sir, I move the following amendment.

(604) In Clause 9 for the words "may extend to 5 lakhs" substitute the words "shall be 25 lakhs rupees or above".

ഫൈൻ കുറച്ച് വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri Thampanoor Ravi: Sir, I move the following amendment.

(605) In Clause 9 for the words "five lakhs" the words "three lakhs" shall be substituted.

Shri N. Rajan: Sir, I move the following amendment.

(606) In Clause 9 for the words "five lakhs rupees" the words "fifteen lakhs rupees" shall be substituted.

Shri Mankodu Radhakrishnan: Sir, I move the following amendment.

(607) In Clause 9, for the words "rupees 5 lakhs" the words "rupees 10 lakhs" shall be substituted.

Shri T. K. Balan: Sir, I move the following amendment.

(609) In Clause 9 substitute the words "25 lakhs" for the words "five lakhs".

ഒരു കാര്യം ശപിച്ചുകൊണ്ട് പറയുകയാണ്. മാനേജ്മെന്റിന്റെ മൂക്കിൽ കയറിടാൻ 5 ലക്ഷം എന്നുള്ളത് 25 ലക്ഷമെങ്കിലും ഫൈൻ.ചെയ്യണം.

Shri T. P. M. Sahir: Sir, I move the following amendment.

(617) In Clause 9 substitute the words "Fifty lakhs" for the words "Five lakhs".

Shri M. V. Jayarajan: Sir, I move the following amendment:

(621) In Clause 9 in the 2nd line after the words "extend to" the word 'five' shall be deleted and the word "fifteen" shall be inserted and after the word "rupees" the words "and imprisonment for one year".

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ പറയുംപോലെ അഞ്ചു ലക്ഷം രൂപ പിഴ ഈടാക്കിയാൽ ഇവരെ എങ്ങനെ പിടിക്കാനാണ്? ശ്രീ. കോടിയേരി പറഞ്ഞതുപോലെ 40 ലക്ഷം രൂപ വാങ്ങുന്നവരെ ഈ അഞ്ചു ലക്ഷം കൊണ്ട് എന്തു ചെയ്യാനാണ്? അതുകൊണ്ട് ഒരു വർഷത്തെ കഠിന തടവ് വേണം. ഈ ഫൈൻ വർദ്ധിപ്പിക്കുകയും വേണം. ആരൊക്കെയാണ് ഇവരെന്ന് അറിയുമോ? യൂനുസ് കുഞ്ഞ്, കശുവണ്ടി മുതലാളി. ബഹുമാനപ്പെട്ട ശ്രീ. ബാബു ദിവാകരന് അറിയാമല്ലോ അവരാണിന്ന് കോളേജ് തുടങ്ങുന്നത്. ലീഗിന്റെ നേതാവ്. കശുവണ്ടി ഫാക്ടറിയിലാണ് കോളേജ് തുടങ്ങുന്നത്. സി.ബി.ഐ. കേസ് ഇപ്പോൾ ഹൈക്കോടതി ജാമ്യം നിഷേധിച്ചു. അവരെ ഈ അഞ്ച് ലക്ഷം കൊണ്ട് എന്താക്കാനാണ്? ഇന്നത്തെ രാഷ്ട്രദീപികയിൽ ഒരു വാർത്തയുണ്ട്. വിവാഹിതരായി. കർണ്ണാടകയിലെ മുൻ മന്ത്രി ജോണിന്റെ മകന്റെ വിവാഹമാണ്. പങ്കെടുത്തത് ബഹുമാനപ്പെട്ട മന്ത്രി കെ. വി. തോമസും ബഹുമാനപ്പെട്ട യു.ഡി.എഫ്. കൺവീനർ ഉമ്മൻ ചാണ്ടിയും. അവർ പങ്കെടുക്കണം. കോൺഗ്രസിന്റെ നേതാക്കൻമാരാണല്ലോ അവർ. അവർ പോകണം. ആരാണ് ടി. ജോൺ. ടി. ജോൺ അവിടുത്തെ മദ്യ വ്യാപാരി മാത്രമല്ല പ്രൊഫഷണൽ വിദ്യാഭ്യാസ വ്യാപാരി. ഈ പ്രൊഫഷണൽ വിദ്യാഭ്യാസ വ്യാപാരിയായിട്ടുള്ള ജോണിന് അഞ്ചു ലക്ഷം മൂക്കിൽ വലിക്കാനില്ല. അതുകൊണ്ട് അഞ്ചു ലക്ഷമൊക്കെ പിഴ അടപ്പിക്കുക എന്നു പറഞ്ഞാൽ തന്നെ നിങ്ങൾ ആരുടെ കൂടെയാണ് നിൽക്കുന്നത് എന്ന് വ്യക്തമാണ്. ഞാനിവിടെ ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി വായിച്ചു നോക്കി. 605-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് അഞ്ചു ലക്ഷം മൂന്നു ലക്ഷമായി കുറയ്ക്കണമെന്നാണ്. യൂനുസ് കുഞ്ഞുമാർ കച്ചവടം നടത്തുമ്പോൾ ആ കച്ചവടത്തിന് കൂടുതൽ ലാഭമുണ്ടാക്കണമെന്ന ഭേദഗതിയാണ്. അപ്പോൾ കശുവണ്ടി ഫാക്ടറി എൻജിനീയറിംഗ് കോളേജായി കൂടുതൽ വ്യാപാരം നടത്തി പാവപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ഇത്തരത്തിൽ കച്ചവടം നടത്തി ലാഭമുണ്ടാക്കാൻ പോകുന്നവർക്ക് മൂക്കുകയർ ഇടണം. ഞങ്ങൾ പാവപ്പെട്ട വിദ്യാർത്ഥികളുടെ കൂടെയാണ്. അവർ വ്യാപാരികളാണ്. ഞങ്ങളും അവരും തമ്മിലുള്ള വ്യത്യാസം അതാണ്. അതുകൊണ്ട് അങ്ങേയറ്റം പ്രതിഷേധത്തോടുകൂടി ഈ ഭേദഗതി മൂവ് ചെയ്യുന്നു.

Shri Kovoor Kunjumon: Sir, I move the following amendment:

(622) In Clause 9 for the words "be punished with fine which may extend to five lakhs rupees" shall be substituted with the following words:

"be punished with imprisonment for a term which may extend to three years and shall also be liable to fine which may extend to five lakhs rupees".

ഈ താപ്പാനകൾക്ക് നൽകിയ അഞ്ചു ലക്ഷം ഒന്ന് ശ്വാസം വിടാൻ പോലും ഇല്ല. ഇവിടെ ശ്രീ. കോടിയേരി പറഞ്ഞതുപോലെ 10 വർഷം കഠിന തടവു തന്നെ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Shri A. K. Balan: Sir, I move the following amendment:

(624) Recast Clause 9 as follows:

"whoever contravenes any of the provisions of this act shall, on conviction be punished with fine which may extend to 10 lakhs rupees and with imprisonment for three years or with both".

എന്റെ ഭേദഗതിക്ക് അടിസ്ഥാനം ബഹുമാനപ്പെട്ട രാജൻ ബാബുവിന്റെ 601-ാം ഭേദഗതിയാണ്. അദ്ദേഹം അത് പിൻവലിച്ചു. അദ്ദേഹത്തിന്റെ ഭേദഗതി ഒരു വർഷം കഠിന തടവാണ്. ഇവിടെ പ്രതിപക്ഷം പോലും പറയാത്തതാണ്. സാധാ ഇംപ്രിസൺമെന്റാണ് ഞങ്ങൾ പറഞ്ഞത്. ഒരു വർഷം കഠിന തടവും പിഴയും or with both ആണ് പറഞ്ഞിരുന്നത്. ശ്രീ. രാജൻ ബാബു അൽപ്പമെങ്കിലും അതിൽ ഉറച്ചു നിൽക്കണം. ഞങ്ങൾ പിന്താങ്ങാം. ഈ താപ്പാനകളെ നിയന്ത്രിക്കുന്നതിന് ആനയുടെ വായിൽ അമ്പഴങ്ങ എറിഞ്ഞതുപോലെയാണ്. ഒരു കോടി കൈക്കൂലി വാങ്ങി അഞ്ചു ലക്ഷം കൊടുത്താൽ എന്താണ് വരാൻ പോകുന്നത്? അതുകൊണ്ട് എന്റെ ഭേദഗതി three years imprisonment, then, 10 lakhs fine or with both. ഈ അഞ്ചു ലക്ഷം കൊണ്ടുമാത്രം അതിനെ മീറ്റ് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഇംപ്രിസൺമെന്റ് വേണം. Imprisonment, fine or with both അല്ലെങ്കിൽ ബഹുമാനപ്പെട്ട രാജൻ ബാബുവിന്റെ ഭേദഗതി ഞങ്ങൾ അംഗീകരിക്കാം.

Shri M. A. Waheed: Sir, I move the following amendment:

(625) Clause 9 shall be recast as follows:

"9 penalties whoever contravenes any of the provisions of this act shall on conviction, be punished with a fine of ₹ 10 lakhs".

ഒരു വർഷം മുതൽ 10 വർഷം വരെ കഠിന തടവിന് ഈ മാനേജ്മെന്റുകളെ ശിക്ഷിക്കണമെന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായം. എന്നു പറഞ്ഞാൽ അവരിവിടെ സെൽഫ് ഫിനാൻസിംഗ് കോളേജ് നടത്തരുത്. രണ്ട് സ്വാശ്രയ കോളേജ് എന്നത് ഒരു ഗവൺമെന്റ് കോളേജ് എന്ന തത്വം പോലും അട്ടിമറിക്കാൻ തന്നെയുള്ള പ്രതിപക്ഷത്തിന്റെ ശ്രമത്തിൽ ഞാൻ പ്രതിഷേധിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : അഞ്ചു ലക്ഷമെന്നുള്ളത് ഇപ്പോൾ മതി. ഒരു തുടക്കമാണല്ലോ. ആ തുടക്കത്തിൽ അതു മതി. നമുക്ക് വെയ്റ്റ് ചെയ്യാം. മാനേജ്മെന്റുകൾ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നുവെങ്കിൽ കൂടുതൽ ഇംപോസ് ചെയ്യാം. അതാണ് സർക്കാരിന്റെ നിലപാട്.

(ഭേദഗതികൾ സ്വീകാര്യമല്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 603-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 604-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 605-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എൻ. രാജൻ അവതരിപ്പിച്ച 606-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 609-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. എം. സാഹിർ അവതരിപ്പിച്ച 617-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 622-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 624-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 625-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എ. നീലലോഹിതദാസൻ നാടാർക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

Dr. A. Neelalohithadasan Nadar: Sir, I move the following amendment:

(626) After Clause 9 a new clause shall be added as clause '10' and re-number the remaining clauses.

"(10) the principle of reservations followed by the Kerala Public Service Commission shall be implemented in letter and spirit in the matter of appointment of Lecturers and other Employees in the Self Financing Professional Colleges."

9-ാം വകുപ്പിനു ശേഷം ഒരു പുതിയ വകുപ്പായി ചേർക്കണമെന്നാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ പിന്നോക്ക സമുദായ മുന്നണിയുടെ നേതാവായിരുന്ന ആളാണ്. പിന്നോക്ക സമുദായ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നിയമസഭാ കമ്മിറ്റിയുടെ ചെയർമാനായിരുന്ന ആളാണ്. ഈ കാലഘട്ടത്തിലെ സംവരണത്തിന് വാദിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാകട്ടെ കേന്ദ്രത്തിൽ ഭരണത്തെ നിലനിർത്തുന്ന പാർട്ടിയുടെ വർക്കിംഗ് കമ്മിറ്റി മെമ്പറാണ്. കേന്ദ്ര ഭരണം ഇപ്പോൾ അംഗീകരിക്കുന്ന പൊതു മിനിമം പരിപാടിയിൽ സ്വകാര്യ മേഖലയിലും സംവരണം വ്യാപകമാക്കണം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ഈ നിയമം പാസാക്കി അതിന് നിയമപരമായ പരിരക്ഷ ഭരണഘടനയിൽ തന്നെ നൽകാൻ നീങ്ങുമ്പോൾ സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനത്തിലും മറ്റ് ജീവനക്കാരുടെ നിയമനത്തിലും റിസർവേഷൻ പാലിക്കണം. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി ശക്തിയായി പ്രസ്സ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സംവരണം എയ്ഡഡ് കോളേജിനും എയ്ഡഡ് സ്കൂളിനും നടപ്പാക്കിയിട്ടില്ല. ഗവൺമെന്റിന് മാത്രമേയുള്ളു. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ നടപ്പാക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതിയിൽ ഉന്നയിച്ചത്. അത് സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : 626-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

10-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

Shri A. C. Shanmugha Das: Sir, I move the following amendment:

(627) In Clause 10 after the words "published in the Gazette" add the following:

"or on the complaint of any person aggrieved by the violation of the provisions of this Act".

വലിയ തർക്കമുള്ള ഭേദഗതിയല്ല. ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ അധികാരം നൽകുന്നതാണ്.

Shri Kovoor Kunjumon: Sir, I move the following amendment:

(628) In Clause 10 after the words "in the Gazette" the following shall be added "or on a private complaint by the person who filed the complaint referred under sub-clause (2) of Clause 6, after giving sixty days notice to the officer authorized by the Government in this behalf, regarding his intention to file the private complaint.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 628-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതിയില്ല.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

Shri K. V. Kunhiraman: Sir, I move the following amendment:

(629) In Clause 12 (1) delete the words "but not later than two years from the date of commencement of this Act".

Shri Kodiyeri Balakrishnan: Sir, I move the following amendment:

(630) In Clause 12 (1) add the following proviso:

"Provided any order affecting the fee structure or seats earmarked for Government or management quota shall be issued only on the recommendation of the expert committee constituted under sub-clause (1) (b) of Clause 4".

ഗവൺമെന്റ് സ്വമേധയാ ചെയ്യാതെ എക്സ്പെർട്ട് കമ്മിറ്റിയുമായി ആലോചിച്ച് ചെയ്യണമെന്നതാണ് എന്റെ ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

13-ാം വകുപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

Shri Kodiyeri Balakrishnan: Sir, I move the following amendment:

(631) In Clause 13, for the words "the Government may" substitute the following:

"The Government may after obtaining the prior approval of concerned Subject Committee."

Shri Thomas Unniyadan: Sir, I move the following amendment:

(632) In Clause 13(2) for the words "under this section" the words "under this act" shall be substituted.

'Under this section' എന്നുള്ളതിന് പകരം 'under this Act' എന്ന് ആക്കണം.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : 13-ാം വകുപ്പിലെ ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 631-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 632-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

Shri K. C. Joseph: Sir, I move the following amendments:

(91) In the title for the words "Fixation of Fees" substitute the words "Fixation of Fees structure".

(103) In the long title between the words "professional colleges" and "in the State of Kerala" insert the following words: "and institutions coming under deemed universities functioning".

(114) In the preamble between the words "Professional Colleges" and "in the State of Kerala", insert the following words: "and institutions coming under deemed universities functioning".

(120) In Clause 1(1) For the words "Fixation of Fees" substitute the words:

'Fixation of Fees structure'

LIBRARY ARCHIVES Kerala Legislative Assembly

Shri V. Chenthamarakshan: Sir, I move the following amendment:

(94) The title of the Bill shall be amended as follows:

"THE KERALA UNAIDED PROFESSIONAL COLLEGES (PROHIBITION OF CAPITATION FEES AND GOVERNMENT REGULATIONS FOR ADMISSION AND FIXATION OF FEES) BILL, 2004"

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇതിലേയ്ക്ക് കടക്കുന്നതിനുമുമ്പ് 12-ാം വകുപ്പിന് വന്നിരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിർദ്ദേശിച്ച ഒരു ഭേദഗതിയെ സംബന്ധിച്ച് പറയുകയാണ്. അത് ആ clause - ന് suit ചെയ്യുന്നതല്ല. ശ്രീ. കോടിയേരിയുടെ അമെന്റ്മെന്റ് 630.........................(ബഹളം) വകുപ്പുമായി ബന്ധപ്പെട്ട് പോകുന്നില്ലായെങ്കിൽ മാറ്റാവുന്നതേയുള്ളൂ.................(ബഹളം) ....ശ്രീ. ജയരാജൻ ശാന്തമായി കേൾക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് കറക്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : ശാന്തമായി കേൾക്കൂ. ....(ബഹളം)............. ശ്രീ. എം. വി. ജയരാജൻ ഇതൊന്ന് കേൾക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് കറക്ട് ചെയ്തു.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ജയരാജൻ ഇതിൽ ക്ഷോഭിക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട കോടിയേരി അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കാമെന്നു തോന്നിയതുകൊണ്ടാണ് മന്ത്രി പറഞ്ഞത്. ....(ബഹളം)............ മറ്റൊന്ന്............ഇതൊന്ന് കേൾക്ക്..........പറയട്ടെ......... ഒരു വാക്ക് പറയാൻ അനുവദിക്കൂ................ അത് സ്വീകരിക്കാമെന്ന് കരുതിയപ്പോൾ.....................അത് Clause 12 (1)-ന് സ്യൂട്ട് ചെയ്യുന്ന അമെന്റ്മെന്റല്ല. പിന്നെ എങ്ങനെ ചേർക്കാൻ കഴിയും. അതുകൊണ്ടാണ് അത് റികാസ്റ്റ് ചെയ്തത്. അത് റീ-ഓപ്പൺ ചെയ്ത അനുഭവങ്ങൾ നമ്മുടെ നിയമസഭയിലുണ്ട്.

Shri P. Narayanan: Sir, I move the following amendment:

(95) The title of the Bill shall be amended as follows:

"The Kerala Unaided and Self Financing Professional Colleges (Prohibition of Capitation Fees and Procedure for Admission and Fixation of Fees) Bill, 2004".

(118) In Clause 1 (1) after the words "the Kerala" and before the words "Self financing" the words "Unaided and" shall be added

Shri N. Sakthan: Sir, I move the following amendment:

(96) The title of the Bill shall be recast as follows:

"The Kerala Unaided Professional Colleges (Prohibition of Capitation Fee and Procedure for Admission) Bill, 2004".

LIBRARY ARCHIVES Kerala Legislative Assembly

Shri M. V. Jayarajan: Sir, I move the following amendments:

(97) The title of the Bill shall be amended as follows:

"The Kerala Unaided and Government Controlled Professional Colleges (Prohibition of Capitation Fees and Procedure for Admission and Fixation of Fees) Bill, 2004."

(113) In the Preamble after the words "Self financing" the words "and government controlled" shall be inserted.

(119) In Clause 1 (1) After the words 'Self financing' the words "and Government controlled" shall be inserted.

(127) Clause 1 (2) shall be substituted as follows:

"(2) This Act will have a retrospective effect from 2002-2003 onwards."

ഞങ്ങൾക്കും കുറച്ച് വിഷമമുണ്ട് സർ. അവിടെ നിന്ന് പറഞ്ഞത് എന്തെന്ന് കേട്ടില്ല എന്നു പറഞ്ഞപ്പോൾ അതൊന്ന് റിപ്പീറ്റ് ചെയ്യണമെന്ന് പറഞ്ഞപ്പോൾ അതിന് ചെവി കൊടുക്കാൻ, പ്രതിപക്ഷത്തോട് ലവലേശം ബഹുമാനമുണ്ടായിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു. എന്നിട്ട് ചൂടപ്പംപോലെ അതങ്ങ് പാസ്സാക്കിപ്പോയി. എന്നിട്ട് ഇപ്പോൾ നിങ്ങൾ സഹകരിക്കണമെന്ന് പറയുന്നു. മനസ്സില്ല. അതുതന്നെ. അതാണ് മറുപടി. അതുകൊണ്ട് നിങ്ങൾക്ക് കുറെ ഭൂരിപക്ഷമുണ്ടെന്നു കരുതി പ്രതിപക്ഷത്തെ ചവിട്ടി അരയ്ക്കരുത്. നിയമനിർമ്മാണത്തിൽ ഞങ്ങൾ കുറച്ച് കാര്യം ചെയ്തു കൊണ്ടിരിക്കുകയാണ്. നിയമനിർമ്മാണത്തെക്കുറിച്ച് പഠിച്ചിട്ടാണ് വരുന്നത്. ഈ സമയത്ത് ചവിട്ടി അരയ്ക്കുമ്പോൾ ഒന്നിടങ്ങോട്ട് പ്രതിപക്ഷത്തോട് ബഹുമാനം കാണിക്കണം. സർ 97-ാം നമ്പർ ഭേദഗതിയിൽ ഗവണ്മെന്റ് നിയന്ത്രണമുള്ള പ്രൊഫഷണൽ കോളേജുകൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ അമന്റ്മെന്റ്. എൽ.ബി.എസ്., പരിയാരം, 'കേപ്പ്', ഐ.എച്ച്.ആർ.ഡി. തുടങ്ങിയവയെ ഇതിൽ കൊണ്ടുവരണം. 113 അതിനനുസരിച്ചുള്ള ഭേദഗതി തന്നെയാണ്. 119-ഉം അതിന്റെ തുടർച്ചയായിട്ടുള്ള ഭേദഗതിയാണ്. 127-ൽ ഈ നിയമം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന ക്ലോസാണ്. സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ വ്യാപകമായ രീതിയിൽ ആരംഭിച്ചത് 2002-2003 വർഷം മുതലാണ്. എന്നുമുതലാണോ സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിച്ചത് അന്നു മുതൽ ഇതിന് പൂർവ്വകാല പ്രാബല്യം നൽകുന്നില്ലായെങ്കിൽ പരിയാരം മെഡിക്കൽ കോളേജിലെയും കാരക്കോണം മെഡിക്കൽ കോളേജിലെയും പുഷ്പഗിരി മെഡിക്കൽ കോളേജിലെയും പി.എം.എസ്. ഡന്റൽ കോളേജിലെയും ആ സമയത്ത് ആരംഭിച്ച മറ്റ് എൻജിനീയറിംഗ് കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് ഫീസ് കൊടുക്കേണ്ടിവരും. മെറിറ്റ് സീറ്റിൽ ചേർന്ന കുട്ടികൾ ഇനി മാനേജ്മെന്റ് തീരുമാനിക്കുന്ന ഫീസ് എത്രയാണോ അത്രയും കൊടുക്കേണ്ടിവരും. അത് ഇത്തരം ഒരു നിയമനിർമ്മാണം നടത്തുന്ന പരിതസ്ഥിതിയിൽ നമ്മൾ ഗൗരവമായി പരിഗണിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇത് ഗൗരവമായി പരിഗണിച്ചിട്ടില്ല. ധാരാളം കുട്ടികൾ ഇത്തരം സ്ഥാപനങ്ങളിൽ മെറിറ്റ് ക്വോട്ടായിൽ പ്രവേശനം ലഭിച്ചപ്പോൾ പോയത് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഹയർ ഓപ്ഷൻ വാങ്ങിയവരാണ്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഫീസ് കൊടുത്തു പഠിക്കാനുള്ള അവസരം ഉണ്ടാക്കേണ്ട ബാധ്യത നമുക്കുണ്ട്. ചില വിദ്യാർത്ഥികളാണെങ്കിൽ ബാങ്കുകളിൽ നിന്ന് കടമെടുത്തിട്ടുണ്ട്. ചില വിദ്യാർത്ഥികൾ അവരുടെ കൈവശമുള്ള വീടും പറമ്പും പണയപ്പെടുത്തി യിട്ടുണ്ട്. അതുകൊണ്ട് അത്തരം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്., എൻജിനീയറിംഗ്, എന്നിവ പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് എത്തും. അതുകൊണ്ട് ഇത് ഗൗരവമായി കണക്കിലെടുക്കണം. 127-ാം നമ്പർ ഭേദഗതി എന്നു പറയുന്നത് എന്നു മുതൽ ആണോ, സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിച്ചത് അന്നുമുതൽ ഇതിന് മുൻകാല പ്രാബല്യം കൊടുക്കണ മെന്നാണ്.

Shri V. K. C. Mammed Koya: Sir, I move the following amendment:

(98) The title of the Bill shall be amended as follows:

"THE KERALA SELF FINANCING PROFESSIONAL COLLEGES (PROHIBITION OF CAPITATION FEES AND PROCEDURE FOR ADMISSION AND FIXATION OF FEES) BILL, 2004."

തലവാചകത്തിൽ The Kerala Unaided Professional Colleges എന്നതിനു പകരം The Kerala Self financing Professional Colleges എന്നാക്കണം. ബില്ലിൽ ബാക്കിയുള്ള ഭാഗങ്ങളിലെല്ലാം അങ്ങനെയാണ് വരുന്നത്.

Shri P. P. George: Sir, I move the following amendments:

(99) The title shall be amended as follows:

"The Kerala Unaided Professional Colleges (Procedure for Admission) Bill, 2004."

(116) Preamble shall be recast as follows: "Preamble:—

whereas, it is necessary and expedient to lay down the procedure for admission of students in the self financing professional colleges in the State of Kerala and for matters incidental thereto".

(122) Clause 1 (1) shall be recast as follows:

"(1) This Act may be called the Kerala Self financing Professional Colleges (Procedure for Admission) Act, 2004."

ഇതിൽ Prohibition of Capitation Fees and Procedure for Admission and Fixation of Fees എന്ന് പറഞ്ഞിരിക്കുകയാണ്. Prohibition of Capitation Fees എന്നു പറയുന്നത് കേട്ടാൽ തോന്നും നമ്മുടെ നാട്ടിൽ ക്യാപ്പിറ്റേഷൻ ഫീസും അഴിമതിയും ധാരാളമായി നടക്കുന്നു എന്ന്. മുമ്പൊരിക്കൽ Prevention of Corruption എന്ന് ബില്ലിന് പേരിട്ടതുപോലെ ഒരു കാര്യവുമില്ല. വേറൊരാൾ ഇത് വായിക്കാൻ ഇടവന്നാൽ ഇതിന്റെ എല്ലാ അർത്ഥത്തിലും procedure for admission വരും. ഫീസ് ഫിക്സ് ചെയ്യുന്ന കാര്യം വരും. ക്യാപ്പിറ്റേഷൻ ഫീസ് അടയ്ക്കുന്ന കാര്യം വരും.

LIBRARY ARCHIVES Kerala Legislative Assembly

ആ ഒറ്റ വാക്ക് വേണ്ടു. ഇത്ര വലിയ ടൈറ്റിൽ കൊടുത്ത് അപമാനിക്കുന്ന പേര് ഇതിന് കൊടുക്കേണ്ട ആവശ്യം സത്യത്തിലില്ല. അതുകൊണ്ട് ഇത് സ്വീകരിക്കണം. ഇതിനോട് corresponding ആയിട്ടുള്ള changes ആണ് 116-ലും 122-ലും വരുന്നത്, അതും ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri T. N. Prathapan: Sir, I move the following amendment:

(100) In the long title for the words "to prohibit capitation fee" substitute the words "to prohibit the payment and collection of capitation fee".

Shri Kovoor Kunjumon: Sir, I move the following amendments:

(101) In the long title, between the words "and" and "fixation" insert the words "control and".

(109) In the preamble between the words "of students and" and "fixation of fee" insert the words "control and".

Shri E. M. Augusthy: Sir, I move the following amendments:

(104) In the long title after "incidental" add "ancilliary".

(115) In the Preamble after "incidental" add "ancilliary"

Shri K. P. Rajendran: Sir, I move the following amendment:

(111) In the Preamble after the word "students" insert the word "reservation".

സർ, വിദ്യാർത്ഥികളുടെ പ്രവേശനവും ഫീസ് നിശ്ചയിക്കലും അതുപോലെ ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലുമെല്ലാം ഉൾപ്പെടുത്തുന്നതോടൊപ്പംതന്നെ വളരെ പ്രധാനപ്പെട്ടതാണ് എസ്.സി., അതുപോലെ മറ്റ് പിന്നോക്കവിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെയൊക്കെ റിസർവേഷൻ. അത്തരം കാര്യങ്ങളിൽ ഒരു വ്യക്തത ഇതിന്റെ പ്രിയാമ്പിളിൽ ഉണ്ടാകണം. ഞങ്ങൾ ഇവിടെ നിന്ന് അവതരിപ്പിച്ച പ്രധാനപ്പെട്ട രണ്ടുമൂന്നു പോയിന്റിൽ നമ്മൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം നിങ്ങൾ പറയുന്നത് മനസ്സിലാക്കാം. പക്ഷേ, ഈ ബില്ലിനകത്തു നിന്നുകൊണ്ട് ഇത് കുറ്റമറ്റതാക്കാൻ ഞങ്ങൾ അമെന്റ്മെന്റ്സൊക്കെ നല്ലവണ്ണം വായിച്ച് പഠിച്ചതാണ്, നല്ലവണ്ണം ഹോംവർക്ക് ചെയ്തിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഞങ്ങൾ പറഞ്ഞ ഒരു കാര്യംപോലും കേൾക്കാനുള്ള സന്മനസ്സ് നിങ്ങൾ കാണിച്ചില്ല. അതുകൊണ്ടാണ് ഞങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചത്. അതിൽ പ്രത്യേകിച്ച് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതി, ഇത് ക്യാപ്പിറ്റേഷൻ ഫീ വാങ്ങിയതിന്റെ പേരിൽ നിയമപരമായി അഫിലിയേഷൻ പിൻവലിച്ചുകഴിഞ്ഞാൽ ആ വിദ്യാർത്ഥികൾ എവിടെ പഠിക്കണമെന്ന കാര്യത്തിൽപോലും നിങ്ങൾ കൈമലർത്തി. അങ്ങനെയാണോ ഒരു ബില്ലിന്റെ ചർച്ചയിൽ ചെയ്യേണ്ടത്. ഈ നിയമം പാസ്സാക്കി വച്ചാൽ ഇതിലൊരു ഭേദഗതി വരണമെങ്കിൽ എത്രകാലം കഴിയണം. എത്ര ബുദ്ധിമുട്ടുണ്ട്. ഈ സഭയുടെ എത്ര സമയം അതിനുവേണ്ടിവരും. എത്ര ദിവസത്തെ സിറ്റിംഗ് വേണ്ടിവരും. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പ്രതിപക്ഷത്തുള്ള ഞങ്ങൾ പറഞ്ഞാൽ പ്രതിപക്ഷം പറഞ്ഞതുകൊണ്ട് സ്വീകരിക്കാൻ പറ്റില്ല എന്ന നിലപാടെടുക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

കാരക്കോണം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ പ്രശ്നം ഞങ്ങൾ പലതവണ ഉന്നയിച്ചു. നിങ്ങളെടുക്കുന്ന തീരുമാനത്തിന്റെ ഫലമായി ഒന്നിൽ ചില്വാനം കോടിരൂപ മെറിറ്റ് പ്രവേശനം തേടി ആയിരത്തിനുതാഴെ റാങ്ക് ലിസ്റ്റിൽ വന്ന കുട്ടികൾ കൊടുക്കണം. ഒന്നിൽ ചില്വാനം കോടി രൂപ അധികമായി അടച്ചില്ലായെങ്കിൽ അടുത്തയാഴ്ച കുട്ടികളെ കോളേജിൽ നിന്ന് പുറത്താക്കുകയില്ലേ. അത്തരം കാര്യങ്ങൾ ഉന്നയിച്ചാൽ വളരെ പാവപ്പെട്ട വീടുകളിൽ ഉള്ള കുട്ടികളാണ്. അവർ അവരുടെ നിവൃത്തികേട് ഞങ്ങളുടെ അടുത്തുവന്ന് കരഞ്ഞു പറഞ്ഞു. അതൊന്ന് പറഞ്ഞാൽ കേൾക്കാൻ ആ തെറ്റ് തിരുത്താൻ, ഇത്തരത്തിൽ ഒരു ഭേദഗതി വരണമെന്നു പറഞ്ഞാൽ എന്താണ് ഇത്ര നിർദ്ദയമായി പെരുമാറുന്നത്? കഴിഞ്ഞ കൊല്ലം എൻജിനീയറിംഗ് കോളേജിലെ കുട്ടികളുടെ മെറിറ്റിന്റെ കാര്യത്തിൽ നിങ്ങളെടുത്ത ഒരു തീരുമാനത്തിന്റെ ഫലമായി ആ കുട്ടികൾ മുഴുവൻ മാനേജ്മെന്റ് സീറ്റിലെ ഫീസ് കൊടുക്കേണ്ടി വന്നു. പതിമൂന്നര കോടി രൂപ ഞങ്ങൾ കണക്കുവച്ച് പറഞ്ഞില്ലേ? നിങ്ങളുടെ തീരുമാനത്തിന്റെ ഫലമായി പതിമൂന്നരക്കോടി രൂപയല്ലേ മെറിറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ മാനേജ്മെന്റിൽ അടയ്ക്കേണ്ടിവന്നത്? ഇത്തരം കാര്യങ്ങൾ സഭയിൽ ഉന്നയിച്ചാൽ അത് കേൾക്കാൻ, ചിലത് ഉൾക്കൊള്ളാൻ തയ്യാറാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ശ്രദ്ധിക്കുന്നതുകൊണ്ടാണ് പറയുന്നത്. അതിനുള്ള പ്രതിഷേധമാണ് ഇവിടെ മെമ്പർമാർ പ്രകടിപ്പിച്ചത്.

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(112) In Preamble after "Fixation of fee structure" add the following: "and conducting the course".

<u>ശ്രീ. തമ്പാനൂർ രവി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(117) In Clause (1) The Word "State" shall be inserted between the words "Kerala" and "Self financing".

നമ്മുടെ കേരള നിയമസഭ ഇൻഡ്യയ്ക്കാകെ മാതൃകയായി നിരവധി നിയമ നിർമ്മാണം നടത്തിയ സഭയാണ്. ഇപ്പോൾ ഒരുപടി മുന്നോട്ട് പോയിരിക്കുകയാണ്. ഇൻഡ്യയിൽ ആദ്യമായി സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഒരു നിയമം പാസ്സാക്കുന്ന ആദ്യത്തെ സഭ കേരള നിയമസഭയാണ്. ശ്രീ. ജയരാജന്റെ പ്രസംഗം കേട്ടാൽ ഇവിടെ ഇത് ആരംഭിക്കുവാൻ പോകുന്ന ആളുകൾ ഒളിച്ചോടുന്ന സ്ഥിതിയാണുള്ളതെന്നു തോന്നും. നിങ്ങളുടെ സമീപനം മാറ്റണമെന്ന് പറയുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(121) For Clause 1 Sub-clause 1 Substitute the following:

"This act may be a called 'The Kerala Unaided Self financing Professional College' (Prohibition of Capitation Fees and Procedure for Admission and Fixation of Fees) 2004."

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഉന്നത വിദ്യാഭ്യാസം പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസം പരിപൂർണ്ണമായി വരേണ്യവർഗ്ഗത്തിന് കീഴ്പ്പെടുകയാണ്. കേരളത്തിൽ കൊള്ളലാഭത്തിനുപറ്റിയ ഏറ്റവും നല്ല മേഖല വിദ്യാഭ്യാസ മേഖലയെന്ന് തെളിയിക്കുകയാണ് ഗവൺമെന്റ്. ഇതിൽ—

'The Kerala Unaided Self financing Professional College' (Prohibition of Capitation Fees and Procedure for Admission and Fixation of Fees) 2004 എന്നുള്ളതാണ് എന്റെ ഭേദഗതി. ഈ ഹെഡ്ഡിംഗ് വരാൻ കാരണം ഇതിന്റെ പിന്നിൽ ശ്രീ. കെ. എം. മാണിയാണുള്ളത്. അത് വളരെ വ്യക്തമായി അറിയാം. നാളെ കേരളത്തിൽ എല്ലാ എയ്ഡഡ് കോളേജുകൾക്കും അനുബന്ധമായി സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജുകൾ വരാൻ പോവുകയാണ്. നിലവിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഉപയോഗപ്പെടുത്തികൊണ്ട് ഇതായിരിക്കും എല്ലായിടത്തും വരുക. അതുകൊണ്ടാണ് അൺ എയ്ഡഡ് സെൽഫ് ഫിനാൻസിംഗ് എന്നുതന്നെയാക്കണമെന്ന് ഞാൻ പറഞ്ഞത്. എന്റെ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഡോ: തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(123) Recast sub-clause (1) of clause 1 as follows:

"(1) Short title and commencement.—(1) This Act may be called Kerala Self Financing Professional Colleges (Ensuring equity and excellence in admission and prohibiting capitation fees Act, 2004."

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(124) Clause 1 (1) shall be recast as follows:

"1. Short title and commencement:—This Act may be called the Kerala State Self financing Professional Colleges (Prohibition of Capitation fees and Procedure for Admission and Fixation of Fees) Act, 2004."

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(125) For sub-clause (1) of Clause (1), substitute the following;

"(1) This Act may be called the Kerala Self financing Professional Colleges (Abolition of Capitation fees and regulating the admission and fees) Act, 2004."

(126) For Clause 1, sub-clause 2, substitute the following:

"(2) It shall be deemed to have come into force from the 1st day of April 2004."

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണം വളരെയേറെ അവധാനതയോടുകൂടി നടത്തേണ്ട ഒരു പ്രക്രിയയാണ്. ഇപ്പോൾ ഇവിടെ 12 വകുപ്പുകളുടെ ചർച്ച കഴിഞ്ഞു. 13-ാം വകുപ്പിൽ കടന്നു. ഇതുവരെ നടന്ന നടപടിക്രമം നോക്കിയാൽ ഈ ഗവൺമെന്റ് ഈ പ്രശ്നം സീരിയസ്സായിട്ട് എടുത്തിട്ടില്ല. ഏറ്റവും ഒടുവിൽ മാനേജുമെന്റിന് എന്തെങ്കിലും ബുദ്ധിമുട്ട് കടന്നുകൂടിയ ഏതെങ്കിലും വകുപ്പ് ഉണ്ടോയെന്ന് പരിശോധിക്കുവാൻ കണ്ണാടിവച്ച് ആൾ ഇരിക്കുന്നുണ്ട്. എന്റെ 630-ാം നമ്പർ ഭേദഗതി അംഗീകരിച്ചുവെന്ന് ആദ്യം മന്ത്രി പറഞ്ഞു. മാനേജ്മെന്റിന് കുറച്ച് പ്രയാസമുണ്ടാകുന്ന വകുപ്പാണെന്ന് മനസ്സിലായതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി കുറിപ്പ് കൊടുത്ത് അത് അംഗീകരിക്കണ്ടായെന്ന്. ഒറ്റ മിനിട്ടുകൊണ്ട് അത് പിൻവലിച്ചു. ഈ ബില്ല് ഇങ്ങനെയാണ് തകരുന്നത്. ഇതിന് മുമ്പ് ഇവിടെ തയ്യാറാക്കിയ ബില്ലുകളെ സംബന്ധിച്ച് അറിയാമോ? വാറ്റ് (VAT) ബിൽ പാസ്സാക്കിയെടുത്തു. ഇതുവരെ വെളിച്ചം കണ്ടില്ല. വനസംരക്ഷണ ബിൽ പാസ്സാക്കിയെടുത്തു. വെളിച്ചം കണ്ടില്ല. ഇതാണ് ഇവിടെ പാസ്സാക്കിയ പഴയ ബില്ലുകളിലൊക്കെ സംഭവിച്ചത്. ഒരുതരത്തിലുമുള്ള ധാരണയുമില്ലാതെ തട്ടിക്കൂട്ടി നിയമനിർമ്മാണം നടത്തുന്ന ഈ ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ കൂടുതലൊന്നും സംസാരിക്കുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 1-ാം വകുപ്പും പീഠികയും ഇപ്പോഴുള്ളതുപോലെ മതി. അതിൽക്കൂടുതൽ വേണ്ട. ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല. ബഹുമാനപ്പെട്ട എ. കെ. ബാലൻ നാലുവട്ടം പറഞ്ഞു അൺ എയ്ഡഡ് കോളേജുകളിൽ എയ്ഡഡ് കോഴ്സ് കൊടുക്കണമെന്ന്. നാലുവട്ടം അങ്ങോട്ടു പറയുകയാണ് കൊടുക്കില്ലായെന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: 111, 121, 127 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മേൽപ്പറഞ്ഞ ഭേദഗതികളെ അനുകൂലിക്കുന്നവർ.... പ്രതികൂലിക്കുന്നവർ....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ— 39

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, വി. ചെന്താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. ടി. കെ. ദേവകുമാർ
9. ,, പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ,, കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, പി. ജയരാജൻ
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. വി. സി. കബീർ
17. ,, എം. കുമാരൻ
18. ,, കെ. വി. കുഞ്ഞിരാമൻ
19. ,, കോവൂർ കുഞ്ഞുമോൻ
20. ,, വി. കെ. സി. മമ്മത്കോയ
21. ,, മത്തായി ചാക്കോ
22. ,, കെ. പി. മോഹനൻ
23. ,, എ. സി. മൊയ്തീൻ
24. ,, പിരപ്പൻകോട് മുരളി
25. ,, സി. കെ. നാണു
26. ,, പി. നാരായണൻ
27. ഡോ. എ. നീലലോഹിതദാസൻ നാടാർ
28. ശ്രീ. കെ. രാധാകൃഷ്ണൻ
29. ,, മാങ്കോട് രാധാകൃഷ്ണൻ
30. ,, ശ്രീ. എൻ. രാജൻ
31. ,, കെ. പി. രാജേന്ദ്രൻ
32. ,, രാജു എബ്രഹാം
33. ,, ടി. പി. രാമകൃഷ്ണൻ
34. ,, സാജു പോൾ
35. ,, കെ. പി. സതീശ് ചന്ദ്രൻ
36. ,, എ. സി. ഷൺമുഖദാസ്
37. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
38. ശ്രീ. പി. എസ്. സുപാൽ
39. ഡോ. തോമസ് ഐസക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—67

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, പി. കെ. കെ. ബാവ
13. ,, ടി. വി. ചന്ദ്രമോഹൻ
14. ,, കെ. എ. ചന്ദ്രൻ
15. ,, എം. എ. ചന്ദ്രശേഖരൻ
16. ,, പി. പി. ജോർജ്
17. ,, എം. എം. ഹസ്സൻ
18. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ,, ടി. എം. ജേക്കബ്
22. ,, ജോണി നെല്ലൂർ
23. ,, കെ. സി. ജോസഫ്
24. ,, ജോസഫ് എം. പുതുശ്ശേരി
25. ,, പി. ജെ. ജോയി
26. ,, വർക്കല കഹാർ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ,, ലൂഡി ലൂയിസ്
31. ,, കെ. എം. മാണി
32. ,, ഇ. ടി. മുഹമ്മദ് ബഷീർ
33. ,, കെ. മോഹൻ കുമാർ
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, സി. പി. മുഹമ്മദ്
37. ,, എം. കെ. മുനീർ

38. ശ്രീ. എം. മുരളി
39. പ്രൊഫ. എ. ഡി. മുസ്തഫ
40. ശ്രീ. എഴുകോൺ നാരായണൻ
41. ,, എം. കെ. പോൾസൺ മാസ്റ്റർ
42. ,, വി. ജെ. പൗലോസ്
43. ,, അടൂർ പ്രകാശ്
44. ,, ടി. എൻ. പ്രതാപൻ
45. ,, ജി. പ്രതാപവർമ്മ തമ്പാൻ
46. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ,, ടി. യു. രാധാകൃഷ്ണൻ
48. ശ്രീമതി രാധാ രാഘവൻ
49. ശ്രീ. എ. എൻ. രാജൻ ബാബു
50. ,, യു. സി. രാമൻ
51. ,, തമ്പാനൂർ രവി
52. ,, ടി. പി. എം. സാഹിർ
53. ,, എൻ. ശക്തൻ
54. ,, കെ. ശങ്കരനാരായണൻ
55. ശ്രീമതി മാലേത്ത് സരളാദേവി
56. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
57. ശ്രീ. കെ. കെ. ഷാജു
58. ശ്രീമതി ശോഭനാ ജോർജ്
59. ശ്രീ. നാലകത്ത് സൂപ്പി
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. പ്രൊഫ. കെ. വി. തോമസ്
63. ശ്രീ. പി. ടി. തോമസ്
64. ,, തോമസ് ചാഴികാടൻ
65. ,, എം. എ. വാഹിദ്
66. ,, കെ. സി. വേണുഗോപാൽ
67. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—39

പ്രതികൂലിക്കുന്നവർ—67

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 91, 103, 114, 120 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 94-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 95, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 97, 113, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച 99, 116, 122 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 101, 109 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 104, 115 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഡോ. തോമസ് ഐസക് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 125, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷം പറഞ്ഞതുകൂടെ പരിഗണിച്ചുകൊണ്ട് എല്ലാപേർക്കും കൂടി യോജിക്കാവുന്ന വിധത്തിൽ ഒന്നാക്കിമാറ്റുക എന്നായിരുന്നു സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുമുൻപ് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായം. എന്നാൽ സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം ആ പ്രകടിപ്പിക്കപ്പെട്ട മനോഭാവം അട്ടിമറിക്കപ്പെട്ടതായിട്ടാണ് കാണുന്നത്. അതിനുപിന്നിൽ പ്രവർത്തിച്ച ആളുകളെയും അതിനോട് ഗവൺമെന്റിന് അഭിപ്രായ വ്യത്യാസമില്ലാത്ത മനോഭാവവും ഇവിടെ കാണുകയുണ്ടായി. സ്വാഭാവികമായിട്ടും 50 സീറ്റുകളെ സംബന്ധിച്ച് യാതൊരു നിയന്ത്രണവുമില്ലാതെ മാനേജ്മെന്റിന് കോഴ വാങ്ങാവുന്ന സമീപനം സംബന്ധിച്ചാണ് പ്രതിപക്ഷം ശക്തമായി ഇവിടെ എതിർപ്പ് പ്രകടിപ്പിച്ചത്. ആദ്യത്തെ ചർച്ചയിൽ നിങ്ങൾക്ക് തോന്നി ഒരു പരിധിവരെ അതുശരിയാണെന്ന്. പിന്നെ എന്തോ മാനേജുമെന്റിന്റെ ഭാഗത്തുനിന്നുള്ള ആളുകളുടെ സമ്മർദ്ദത്തിന് വിധേയമായി നിങ്ങൾ അതിൽ നിന്ന് മാറിയെന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞത്. ചുരുക്കത്തിൽ 50 ശതമാനം സീറ്റിൽ സ്വാശ്രയ മാനേജുമെന്റിന് ഏത് വലിയ തുകയും ലേലം വിളിക്കുവാനുള്ള അവസരം നിങ്ങൾ നൽകിയിരിക്കുകയാണ്. സുപ്രീംകോടതി വിധിച്ചത് ക്യാപ്പിറ്റേഷൻഫീ വാങ്ങാൻ പാടില്ലെന്നാണ്. നിങ്ങൾ ഡെവലപ്മെന്റ് ഫീസ് എന്ന പേരിൽ വാങ്ങുവാൻ അവർക്ക് സൗകര്യം ചെയ്തുകൊടുത്തിരിക്കുകയാണ്.

സർ, ഡീംഡ് യൂണിവേഴ്സിറ്റിയെ നിങ്ങൾ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. ഇതിന്റെ ചർച്ച നടക്കുന്ന അവസരത്തിൽ ആരെല്ലാം ഇവിടെ തമ്പടിക്കുന്നു എന്നുള്ളത് ഓരോന്നിലായിട്ടുള്ള മാറ്റങ്ങളിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയും. ചുരുക്കത്തിൽ നിങ്ങൾ സ്വാശ്രയ മാനേജുമെന്റിനു വേണ്ടി സംസ്ഥാനത്തെ കുട്ടികളെയും രക്ഷകർത്താക്കളെയും പ്രൊഫഷണൽ വിദ്യാഭ്യാസത്തെ നല്ല നിലയിൽ നടക്കണമെന്ന് ആഗ്രഹിക്കുന്നവരേയുമെല്ലാം തന്നെ അവഹേളിക്കുന്ന നിലയിൽ അവരെ ഒരു പ്രക്ഷോഭത്തിലേയ്ക്ക് തള്ളിവിടാൻ വേണ്ടി നീങ്ങുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. നിങ്ങളുടെ ഈ നാണംകെട്ട സമീപനത്തിന് കൂട്ടു നിൽക്കാൻ ഞങ്ങൾക്കു കഴിയുന്നില്ല. അതുകൊണ്ട് നിങ്ങളുടെ ഇത്തരത്തിലുള്ള സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് തുടർന്നുള്ള സഭാ നടപടികൾ ഞങ്ങൾ ബഹിഷ്ക്കരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ തുടർ നടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സുപ്രധാനമായ ഒരു നിയമ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഇങ്ങനെയൊരു പ്രകടനം കാഴ്ച വച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. ഈ

10.00 p.m.] നിയമനിർമ്മാണം കൊണ്ട് കേരളത്തിൽ എന്തോ വലിയൊരു ആപത്ത് സംഭവിച്ചിരിക്കുന്നു എന്നൊരു പുകമറ സൃഷ്ടിക്കാനാണ് ഇവർ ശ്രമിച്ചത്. കാൽ നൂറ്റാണ്ടു കാലമായി കേരളത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ തുടർന്നു വന്ന സിദ്ധാന്തപരമായ കടുംപിടിത്തം, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ഉണ്ടാക്കിവച്ച തകർച്ചയ്ക്ക്, കേരളത്തിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ വർഷംതോറും കോടിക്കണക്കിന് രൂപ കോഴപ്പണമായി അയൽ സംസ്ഥാനങ്ങളിൽ കൊടുക്കേണ്ടി വരുന്ന ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്ന ഒരു പുതിയ നിലപാടാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ആണ് ഇതിന് തുടക്കം കുറിച്ചത്. കുറ്റിപ്പുറം എൻജിനീയറിംഗ് കോളേജും ഐ.എച്ച്.ആർ.ഡി. പോലുള്ള സ്ഥാപനങ്ങളുമാണ് ആദ്യം തുടങ്ങിയത്. അതിന്റെ ചുവടു പിടിച്ച് യു.ഡി.എഫ്. ഗവൺമെന്റ് ഇത്തവണ വ്യാപകമായ തോതിൽ പ്രൊഫഷണൽ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങാൻ അനുമതി നൽകി. ഇതിന്റെ ഫലമായി കോടിക്കണക്കിന് രൂപ, വർഷം തോറും 300 മുതൽ 500 കോടിരൂപ വരെ നഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നമ്മുടെ അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ പ്രൊഫഷണൽ മാനേജുമെന്റുകൾക്ക് മാത്രമാണ്. കേരളത്തിലെ വളരെ ജനസ്വാധീനമുള്ള വ്യക്തികൾ പോലും മാനേജ്മെന്റ് ചോദിക്കുന്ന കോഴപ്പണവുമായി അയൽ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ മാനേജുമെന്റുകളുടെ വാതിൽക്കൽ മുട്ടുമ്പോൾ ഈ വർഷത്തെ അഡ്മിഷൻ കഴിഞ്ഞുപോയി, അടുത്ത വർഷത്തേയും പൂർത്തീകരിച്ചു, വേണമെങ്കിൽ രണ്ടു-മൂന്നു വർഷം കഴിഞ്ഞ് നിങ്ങളുടെ കുട്ടിക്ക് സീറ്റു തരാം എന്ന് പറഞ്ഞ് രക്ഷകർത്താക്കളേയും കുട്ടികളേയും ക്യൂവിൽ നിർത്തി അപമാനിക്കുന്ന സാഹചര്യം ആയിരുന്നു ഈ പുതിയ നയം യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നതുവരെ ഉണ്ടായിരുന്നത്. ചോദിക്കുന്ന കോഴപ്പണം വാങ്ങി രണ്ടും മൂന്നും വർഷം നമ്മുടെ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് വേണ്ടി കാത്തു കിടക്കേണ്ട സ്ഥിതി ഉണ്ടാക്കിയിരുന്ന മാനേജ്മെന്റുകൾ ഓരോന്നും കേരളത്തിലെ സ്വാശ്രയ മേഖല തുറന്നുകൊടുത്തശേഷം കഴിഞ്ഞ വർഷം മുതൽ കേരളത്തിലെ ലോഡ്ജുകളിൽ കാത്തുകിടന്ന് കേരളത്തിൽ വിദ്യാർത്ഥികളെ ക്യാൻവാസ് ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് ഈ രംഗം മാറ്റിയത് യു.ഡി.എഫ്. സർക്കാരിന്റെ നയം വന്നശേഷമാണ്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. സർക്കാർ എടുത്ത നയത്തിന്റെ ഫലമായി തുടങ്ങിയ പ്രൊഫഷണൽ സ്ഥാപനങ്ങൾ പൂട്ടിച്ചാൽ വീണ്ടും പഴയപടി കേരളത്തിലെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും അയൽ സംസ്ഥാനങ്ങളിലോ പ്രൊഫഷണൽ മാനേജുമെന്റുകളുടെയോ വീട്ടുപടിക്കൽ പോയി കാത്തുകിടക്കേണ്ട ദുരവസ്ഥയുണ്ടാകും. പ്രതിപക്ഷം അറിഞ്ഞോ അറിയാതെയോ അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ വിദ്യാഭ്യാസ ലോബിയെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇവിടെ പല സുഹൃത്തുക്കളും അക്കാര്യം പറഞ്ഞു. ഈ ബിൽ പാസ്സാകുന്നതോടുകൂടി സ്വാശ്രയ സ്ഥാപനങ്ങൾ വന്നതോടുകൂടി നാളെ റിസർവേഷൻ എന്താകും, പാവപ്പെട്ട പട്ടികജാതിക്കാരുടെ സ്ഥിതി എന്താകും എന്നൊക്കെ പലരും അപ്പുറത്തു നിന്ന് ഉൽക്കണ്ഠപ്പെടുന്നത് കണ്ടു. ഉറങ്ങുന്നവനെ വിളിച്ചുണർത്താം. ഉറക്കം നടിക്കുന്നവനെ എത്ര കുടം വെള്ളമൊഴിച്ചാലും വിളിച്ചുണർത്താൻ സാധ്യമല്ല. സ്വാശ്രയസ്ഥാപനങ്ങൾ വരുന്നതിന്റെ ഫലമായി കേരളം ഭരിച്ച മാറിമാറി വന്ന ഗവൺമെന്റുകൾ കഷ്ടപ്പെട്ട് പടുത്തുയർത്തിയ എൻജിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ആയുർവ്വേദ കോളേജുകൾ, ദന്തൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ എന്നിവയ്ക്കൊന്നും ഒരു കോട്ടവുമില്ല. ആ കോളേജുകളെല്ലാം അതേപടി കേരളത്തിൽ നിലനിൽക്കുന്നു. ഈ സർക്കാർ വന്ന ശേഷം ആ കോളേജുകളിൽ കുറേയെങ്കിലും സീറ്റ് വർദ്ധിപ്പിച്ചതല്ലാതെ ഒരു സീറ്റ് പോലും കുറഞ്ഞില്ല. നിലവിലുള്ള സർക്കാർ കോളേജിലെല്ലാം സർക്കാർ വക മെഡിക്കൽ കോളേജിൽ, എൻജിനീയറിംഗ് കോളേജിൽ, ആയുർവ്വേദ കോളേജിൽ, ദന്തൽ കോളേജിൽ, നഴ്സിംഗ് കോളേജിൽ എന്നിവയിലെല്ലാം മുഴുവൻ സീറ്റുകളും പ്രൊട്ടക്റ്റ് ചെയ്തിരിക്കുകാണ്. ആ സീറ്റുകളിലൊക്കെ സാമ്പത്തികപരിമിതി ഉള്ളപ്പോഴും ഗവൺമെന്റ് കോളേജുകളിലേയ്ക്ക് അദ്ധ്യാപകരെ നിയമിക്കുന്നു, പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നു, മറ്റു സ്റ്റാഫുകളെ നിയമിക്കുന്നു. എല്ലാ ഗവൺമെന്റ് കോളേജുകളുടേയും സ്റ്റാൻഡേർഡ് ഉയർത്താൻ ഗവൺമെന്റ് ശ്രമിക്കുന്നു. നേരത്തേ പാവപ്പെട്ടവർക്ക് കിട്ടിക്കൊണ്ടിരുന്ന എല്ലാ സീറ്റുകളും, കേരളത്തിലെ പ്രൊഫഷണൽ കോളേജിൽ ഗവൺമെന്റ് കോളേജിൽ കിട്ടിയിരുന്ന മുഴുവൻ സീറ്റുകളും അതേപടി നിൽക്കുകയാണ്. ആ സീറ്റിന് പുറമേയാണ് ഗവൺമെന്റ് സ്ഥാപിച്ച, ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഫലമായി പതിനായിരക്കണക്കിന് സീറ്റുകൾ സ്വാശ്രയ കോളേജുകളിൽ ഉണ്ടായത്. അതുണ്ടായപ്പോൾ ഗവൺമെന്റ് ഒരു കാര്യം തീരുമാനിച്ചു. നേരത്തേയുള്ള സീറ്റുകൾ നിലനിൽക്കുന്നതിന്റെ കൂടെ പതിനായിരക്കണക്കിന് പുതിയ സീറ്റുകൾ ഉണ്ടാകുമ്പോൾ അതിന്റെ ഒരു ഭാഗം കേരളത്തിലെ സാധാരണക്കാരായ കുട്ടികൾക്കു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ലഭിക്കണം. അതുകൊണ്ട് ഗവൺമെന്റ് പറഞ്ഞു, സ്വാശ്രയ കോളേജുകൾ വരട്ടെ. വിദ്യാഭ്യാസ മേഖല തുറന്നുകൊടുക്കാം. പക്ഷേ അങ്ങനെ തുറന്നു കൊടുക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥാപനങ്ങളിൽ പഠിക്കാൻ ഇവിടെ സാമ്പത്തികമായി ശക്തിയുള്ളവർക്ക് മാത്രം പോരാ, സമ്പന്നവിഭാഗത്തിന് മാത്രം പോരാ, പുതിയ അവസരങ്ങളുടെ നേർപകുതി ഇവിടത്തെ സാധാരണക്കാരുടെ കുട്ടികൾക്കും ഉണ്ടാകണം. അതുകൊണ്ട് എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലും പകുതി സീറ്റ് ഗവൺമെന്റിന്, പകുതി മാനേജ്മെന്റിന്. രണ്ട് സ്വാശ്രയ കോളേജുകൾ ഉണ്ടാകുമ്പോൾ ഒരു ഗവൺമെന്റ് കോളേജിന്റെ ഫലമുണ്ടാകണം. 50 ശതമാനം ഗവൺമെന്റ് സീറ്റിൽ റിസർവേഷൻ വ്യവസ്ഥയോടുകൂടി മെറിറ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ തെരഞ്ഞെടുക്കും. 50 ശതമാനം മാനേജ്മെന്റിന് ഇത് തുടങ്ങിയപ്പോഴുള്ള നിലപാടാണ്. സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി. കൊടുത്തപ്പോൾ തന്നെ ഈ സർക്കാരിന്റെ നിലപാട് അതാണ്. അന്ന് പ്രതിപക്ഷത്തിന് തർക്കമില്ലായിരുന്നു, വിദ്യാർത്ഥി സംഘടനകൾക്ക് തർക്കമില്ലായിരുന്നു, മാനേജുമെന്റിനും തർക്കമില്ലായിരുന്നു. ഇല്ലാത്ത സ്ഥലത്ത് പുതിയ സ്ഥാപനങ്ങൾ വരട്ടെയെന്ന് എല്ലാവരും അനുകൂലിച്ചു, മാനേജുമെന്റുകളും രാഷ്ട്രീയ കക്ഷികളും അധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളുമെല്ലാം അനുകൂലിച്ചു. കോളേജുകൾ യാഥാർത്ഥ്യമായി കഴിഞ്ഞപ്പോൾ എല്ലാവരുടേയും നിലപാടുകളിൽ വ്യത്യാസമുണ്ടായി. കോളേജുകൾ യാഥാർത്ഥ്യമായിക്കഴിഞ്ഞപ്പോൾ ചില മാനേജുമെന്റുകൾ 50% സീറ്റ് ഗവൺമെന്റിൽ നിലനിർത്തുന്ന കാര്യത്തിൽ മടി കാണിച്ചു, അഥവാ ഗവൺമെന്റിനു തന്നാൽത്തന്നെ അവിടുത്തെ ഫീസിന്റെ കാര്യം മാനേജുമെന്റ് നിശ്ചയിക്കുമെന്നുള്ള നിലപാടുവന്നു. അതിന്റെപേരിലാണ് തർക്കമുണ്ടായത്, അതിന്റെ ഫലമായി കേസുകളുണ്ടായി. ഗവൺമെന്റ് അന്നും ആ നിലപാടിൽ നിന്നു. കഴിഞ്ഞ വിദ്യാലയ വർഷത്തിൽ കേരളമാകെ സംഘർഷമായിരുന്നു. അന്ന് വിദ്യാർത്ഥികൾ മുഴക്കിയ മുദ്രാവാക്യം 50% ഗവൺമെന്റ് സീറ്റിൽ ഗവൺമെന്റ് കോളേജുകളിലെ ഫീസ് നിശ്ചയിക്കണമെന്നായിരുന്നു, അതിനായിരുന്നു സമരം. അതിന് ചില മാനേജുമെന്റുകൾ സമ്മതിച്ചില്ല. കോടതിയിൽ പോയി കേസുണ്ടായി, അതിനെത്തുടർന്ന് പ്രത്യാഘാതങ്ങളെല്ലാമുണ്ടായി. ഈ നിയമത്തിൽ എന്താണ് പറയുന്നത്? 50% സീറ്റ് ഗവൺമെന്റ് പറയുന്നതുപോലെ merit cum reservation, അത് ആദ്യകാലം മുതൽ വിദ്യാർത്ഥി സംഘടനകൾ പറഞ്ഞ ഡിമാൻഡാണ്. 50% മാനേജുമെന്റിന്. ഒരു ഘട്ടത്തിൽപ്പോലും 50% മാനേജുമെന്റ് സീറ്റിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പറഞ്ഞിട്ടില്ല, എൻ.ഒ.സി. കൊടുത്തപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടില്ല, കഴിഞ്ഞ വർഷവും പറഞ്ഞിട്ടില്ല. നേർപകുതി ഗവൺമെന്റ് സീറ്റ് എന്നുള്ള നിലപാട് ആദ്യം മുതലുള്ളതാണ്. എൻ.ഒ.സി. കൊടുക്കുന്ന ഒരു ഘട്ടത്തിലും കഴിഞ്ഞ വർഷംവരെ പ്രതിപക്ഷവും പറഞ്ഞിട്ടില്ല. കഴിഞ്ഞവർഷം കേരളമൊട്ടാകെ വിദ്യാർത്ഥി പ്രക്ഷോഭണം ആളിപ്പടർന്ന് ഇവിടെ രക്തച്ചൊരിച്ചിലുണ്ടായപ്പോഴും അന്ന് ഒരു പ്രതിപക്ഷ പാർട്ടിയും ഒരു വിദ്യാർത്ഥി സംഘടനയും മാനേജുമെന്റ് സീറ്റിന്റെ പേരിൽ നിയന്ത്രണമേർപ്പെടുത്തണമെന്നു പറഞ്ഞിട്ടില്ല. അന്നത്തെ തർക്ക വിഷയം ഗവൺമെന്റിനു കിട്ടുന്ന 50% സീറ്റിന്റെ ഫീസിനെക്കുറിച്ചായിരുന്നു, അതിന്റെ നിയന്ത്രണത്തെക്കുറിച്ചായിരുന്നു. അതേക്കുറിച്ചുള്ള സംശയമെല്ലാം മാറി പരിപൂർണ്ണമായി 50% സീറ്റിൽ ഗവൺമെന്റ് ഫീസ് എന്നായിക്കഴിഞ്ഞപ്പോൾ അത് ഞങ്ങൾ സമ്മതിച്ചിരിക്കുന്നു, ഞങ്ങൾ എന്തോ വിട്ടുവീഴ്ച ചെയ്തിരിക്കുന്നു എന്നാണ് പ്രതിപക്ഷം. ഈ സർക്കാരിന് ഈ കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ട്. കേരളം ഇന്ത്യയുടെ ഭാഗമാണ്. അയൽ സംസ്ഥാനങ്ങളിൽ മുഴുവൻ നൂറുകണക്കിന് പ്രൊഫഷണൽ സ്ഥാപനങ്ങൾ വരികയും നമ്മുടെ കുട്ടികൾ ഇവിടെ സ്ഥാപനമില്ലാത്തതിന്റെ പേരിൽ അയൽ സംസ്ഥാനങ്ങളിൽ പഠിക്കുകയും ചെയ്യുന്ന സ്ഥിതി തുടരാൻ സാധ്യമല്ല. അങ്ങനെ ഒരു സിദ്ധാന്തപരമായ കടുംപിടിത്തം കേരളം മാത്രം സ്വീകരിച്ചുകൊണ്ടിരുന്നാൽ കേരളത്തിന്റെ ഭാവിക്ക് അത് അപകടമാണ്. കോടിക്കണക്കിന് രൂപ ആണ്ടുതോറും അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. അതുകൊണ്ട് അയൽ സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന നിലപാട് കേരളത്തിലുമാകാം. കർണാടകയിലും ആന്ധ്രയിലും തമിഴ്നാട്ടിലും മാത്രമല്ല പശ്ചിമബംഗാളിൽ വരെ self-financing കോളേജുകളുണ്ട്. പശ്ചിമ ബംഗാളിലെ ഗവൺമെന്റ് കോളേജിൽപ്പോലും കേരളത്തിലെ ഗവൺമെന്റ് കോളേജിൽ കൊടുക്കുന്ന ഫീസിന്റെ നാലിരട്ടിയോ അഞ്ചിരട്ടിയോ ഫീസ് ഈടാക്കുന്നു. അപ്പോൾ ബംഗാളിലും മറ്റെല്ലാ സംസ്ഥാനങ്ങളിലും self-financing കോളേജുകൾ വരുമ്പോൾ കേരളം മാത്രം ഇതിൽനിന്നെല്ലാം വ്യത്യസ്തമായി ഒരു സിദ്ധാന്തപരമായ കടുംപിടിത്തം പിടിച്ച് ഇവിടെ പ്രൊഫഷണൽ സ്ഥാപനങ്ങൾ പുതുതായി വരണ്ട, പണമുള്ളവരുടെ കുട്ടികൾ പുറത്തുപോയി പഠിക്കട്ടെ എന്നുള്ള നിലപാട് സ്വീകാര്യമല്ല. അയൽ സംസ്ഥാനങ്ങൾക്ക് സ്വീകാര്യമായ നിലയിൽ കേരളത്തിലും മാറ്റം വരണം. അങ്ങനെ സ്വാശ്രയ സ്ഥാപനങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചു. ഗവൺമെന്റ് വരുത്തിയ മാറ്റമാണത്, ആ മാറ്റത്തിന്റെ ഗുണഫലങ്ങൾ ഇന്ന് ഈ സംസ്ഥാനത്തുമുണ്ടായിട്ടുണ്ട്. അപ്പോൾ അതിന്റെ പ്രയോജനം സമ്പത്തുള്ളവർക്കും സാധാരണക്കാർക്കും കിട്ടണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് 50% സീറ്റ് നിർബന്ധമായും ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നവർക്കായിരിക്കണം, Entrance Commissioner നടത്തുന്ന പരീക്ഷയിൽ ജയിക്കുന്നവർക്കായിരിക്കണം, അവരുടെ ഫീസ് സർക്കാർ പറയുന്നതു പോലെയായിരിക്കണം എന്നു തീരുമാനിച്ചത്. അതു സാധിച്ചു കഴിഞ്ഞാൽ ഇനി തർക്കം പറഞ്ഞ് ഈ സ്ഥാപനങ്ങൾ അടച്ചു പൂട്ടിക്കണമെന്നുള്ള ആഗ്രഹം ഗവൺമെന്റിനില്ല. ഇവിടെ വിദ്യാഭ്യാസ മേഖല തുറന്നുകൊടുത്ത് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിയിരുന്ന കോടിക്കണക്കിന് പണത്തിന്റെ ഒഴുക്ക് നിർത്തി, പതിനായിരക്കണക്കിന് കുട്ടികൾക്ക് കേരളത്തിൽ പഠിക്കാൻ അവസരം നൽകിയ ഈ സർക്കാർ കേരളത്തിൽ തുടങ്ങിയ ഒരു മെഡിക്കൽ കോളേജും ഒരു എഞ്ചിനീയറിംഗ് കോളേജും ഒരു ഡെന്റൽ കോളേജും, ഒരു ആയുർവേദ കോളേജും, ഒരു സിദ്ധ കോളേജും, ഒരു നഴ്സിംഗ് കോളേജും പൂട്ടാൻ ആഗ്രഹിക്കുന്നില്ല, പൂട്ടാൻ ഞങ്ങൾ സമ്മതിക്കില്ല. അക്രമത്തിൽക്കൂടി അത്തരം സ്ഥാപനങ്ങളെ അടിച്ചു തകർക്കാൻ ശ്രമിച്ചാൽ, നിയമം കൈയിലെടുക്കുന്നവരെ ശക്തമായി ഈ സർക്കാർ നേരിടും. സാധാരണക്കാരുടെ കുട്ടികളുടെ താല്പര്യങ്ങൾ സംരക്ഷിക്കും. അതോടൊപ്പം ഈ സ്ഥാപനങ്ങൾ കേരളത്തിൽ നിലനിൽക്കണം, ഇനിയും ധാരാളമായി സ്വാശ്രയ സ്ഥാപനങ്ങൾ പുതിയ മേഖലയിലുണ്ടാകണം, ആ സ്ഥാപനങ്ങളെ അന്തർദ്ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളായി വളർത്തിക്കൊണ്ടുവരണം, അതാണ് ഈ സർക്കാരിന്റെ ആഗ്രഹം. അതിനെ അനുകൂലിക്കുന്നതിനുപകരം 50% എന്നുള്ള നിലപാട് അംഗീകരിച്ചതിനുശേഷം സ്വാശ്രയ സ്ഥാപനങ്ങളെയെല്ലാം തകർക്കുന്നതിനുപറ്റിയ ഒരു നിലപാട് പ്രതിപക്ഷം സ്വീകരിച്ചത് ആർക്കുവേണ്ടിയാണ്? കേരളത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടിയല്ല, കേരളത്തിലെ രക്ഷാകർത്താക്കൾക്കുവേണ്ടിയല്ല, അറിഞ്ഞായാലും ഇല്ലെങ്കിലും ഈ നിലപാടിന്റെ പ്രയോജനം കിട്ടാൻ പോകുന്നത് അയൽ സംസ്ഥാനങ്ങളിലെ സ്വകാര്യ വിദ്യാഭ്യാസ ലോബിക്കുമാത്രമാണ്. അവരെ സഹായിക്കുന്ന, ആത്മഹത്യാപരമായ കേരളത്തിന്റെ താല്പര്യത്തിനെതിരായ നടപടിയാണത്. കേരളത്തിലെ വിദ്യാർത്ഥികളുടെ താല്പര്യത്തിനെതിരായ, കേരളം ഉന്നത വിദ്യാഭ്യാസത്തിന് destination point ആയി അടുത്ത 5-10 കൊല്ലം കഴിയുമ്പോൾ ആകണമെന്ന് ആഗ്രഹിക്കുന്ന താല്പര്യത്തിനെതിരായ ഒരു നിലപാട് ഈ ഘട്ടത്തിൽ പ്രതിപക്ഷങ്ങൾ എടുത്തത് നിർഭാഗ്യകരമായിപ്പോയി. അവർ ഇത് ആലോചിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു, തെറ്റുതിരുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഏതായാലും വളരെ ആലോചനകൾക്കുശേഷം ഏറ്റവും സുപ്രധാനമായ ഒരു നിയമം ഇവിടെ നമുക്ക് പാസ്സാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇനിയും തർക്കിക്കാതെ, ബഹളം വയ്ക്കാതെ, സംഘർഷമുണ്ടാക്കാതെ, രക്തച്ചൊരിച്ചിലില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം യാഥാർത്ഥ്യമാക്കുവാൻ എല്ലാവരും, വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയ പാർട്ടികളും മാനേജുമെന്റുകളും യാഥാർത്ഥ്യബോധം ഉൾക്കൊള്ളണം, കേരളത്തിലെ അന്തരീക്ഷത്തിൽ മാനേജുമെന്റുകൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുള്ള സ്വാശ്രയ കോളേജുകൾ എന്തുകൊണ്ട് കഴിഞ്ഞ 30 വർഷമായി കേരളത്തിലുണ്ടായില്ല. കേരളത്തിലെ അന്തരീക്ഷം അതായിരുന്നു, ആ അന്തരീക്ഷം മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് യാഥാർത്ഥ്യബോധമുള്ള നിലപാട് സ്വീകരിച്ചത്. ഈ നിലപാടുമായി സഹകരിക്കുവാൻ മാനേജുമെന്റും തയ്യാറാകണം, മാനേജുമെന്റുകൾക്കും യാഥാർത്ഥ്യബോധം വേണം, പ്രതിപക്ഷത്തിനുമാത്രമല്ല മാനേജുമെന്റുകൾക്കും വിദ്യാർത്ഥി സംഘടനകൾക്കും രാഷ്ട്രീയ പാർട്ടികൾക്കുമെല്ലാവർക്കും യാഥാർത്ഥ്യ ബോധം വേണം. ഗവൺമെന്റ് എടുത്ത നിലപാട് കേരളത്തിന്റെ നന്മയ്ക്കാണ്, കേരളത്തിലെ വിദ്യാർത്ഥികളുടെ നന്മയ്ക്കാണ്, രക്ഷാകർത്താക്കളുടെ നന്മയ്ക്കാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്. അപ്പോൾ എല്ലാ വിഭാഗങ്ങളും മാനേജുമെന്റും രാഷ്ട്രീയ പാർട്ടികളും വിദ്യാർത്ഥി സംഘടനകളും അധ്യാപക സംഘടനകളും എല്ലാവരും ഗവൺമെന്റുമായി സഹകരിച്ചുകൊണ്ട് ഈ വർഷമെങ്കിലും രക്തച്ചൊരിച്ചിലില്ലാതെ സമാധാനപരമായി ഉന്നത വിദ്യാഭ്യാസ രംഗം പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനും ഫീസ് നിശ്ചയിക്കലിനും ഉള്ള നടപടിക്രമവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലായ് 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്ന തിലേയ്ക്കായി സഭ രാത്രി 10.19-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[5-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം *3 (153) നമ്പറായി കാണുക]

ENQUIRY REPORT

D.H.S. constituted a team comprising Addl. D.H.S. Dr. T. K. Kuttamani, Dr. V. Ravivarma & Dr. D. Srijinan to enquire and report about alleged forcible sterilization conducted in Wayanad District, reported in electronic and print media (as per his Order No. FWA2/105268/03 dt. 29-11-2003.

Details of Team:

1. Dr. T. K. Kuttamani, Addl. D.H.S. (FW).
2. Dr. Srijinan, Physician, Beach Hospital, Kozhikode.
3. Dr. V. Ravivarma, NSV Surgeon, CHC, Coyalmannam.
4. Sri P. R. Mohanan, T. A. Grade I, DMOH, Kozhikode.

Team visited Wayanad District and conducted enquiry on following issues.

1. Whether any forcible sterilization taken place in the district targeting any section especially tribes.
2. Reason for higher number tribes attending the sterilization camps.
3. Complications of sterilization and remedial measures taken.
4. Specific role of DMOH.
5. Exposure of doctors to sterilization procedures.
6. Reason for sensitisation.

Team conducted detailed enquiry on 4th & 5th of December 2003. Team taken statements from medical officers, field staff and acceptors of sterilization procedures, verified the relevant records, visited the adivasis colonies, taken statements from acceptors of sterilization. We also interviewed tribes in the colonies for any alleged compulsion for sterilization.

Block PHC, Meppadi: (on 4th December)

Minilap	.. 3 camps
Total cases	.. 31
ST	.. 16 cases
NSV	.. 2 camps
Total cases	.. 26
ST	.. 20 cases

LIBRARY ARCHIVES Kerala Legislative Assembly

Medical Officers Statement—(Dr. Umesh):

Dr. Umesh, Medical Officer stated that there was not any compulsive sterilization either by field staff or by him. More number of tribes attended camps because of no hospital stay and they can return home on the same day and resume their work. Most of the tribes unlike other section of people have home delivery; hence the sterilisation procedure like PPS is not available to them. So they came for Minilap, NSV or Laproscopy camps on a later day.

Visited—Chembothara Tribal Colony under CHC, Meppady to interview Mr. Babu, 27 Year, NSV accepter. He was away for work; hence team interviewed his wife Bindhu, 24 Years, (5th Std.) having 2 female children. Last child having aged 1½ year. Decision for sterilisation was not on compulsion but on information about camp was from the JPHN, they decided to undergo sterilisation (NSV) voluntarily to complete their family. After the camps he is not having any health or physical problems, and doing his routine manual labour.

Santhi, 29 years another inmate of colony, interviewed who had under gone Laproscopic sterilisation on 23-10-2003 (Husband Sreedharan, manual labour, 4 male children). She went for Laproscopic sterilisation to complete her family, as she is very poor and not able to afford more number of children. She is not going to work, as there was no work available and nobody to look after her children. We also asked other tribal people around if there was compulsion or temptation for undergoing any sterilisation procedures. They replied that there was no compulsion or temptation from any body.

Block CHC—Meenangadi-Medical Officer i/c Dr. Geetha:

Minilap
Laproscopy } 196—51

NSV—

Total cases	20
ST	18

Medical Officers' Statement:

Dr. Geetha said that during the District Medical Officers' Conference there was a general direction to achieve the CNA target. There was no compulsion from any corner.

LIBRARY ARCHIVES Kerala Legislative Assembly

There was no camp since 1992 in this hospital. People other than tribes have hospital delivery and do sterilisation in hospitals at their own expenses but tribes cannot afford such expenses. Hence they prefer the Government institutions due to their financial constraints.

Then the team visited the residence of Mr. Narayanan NSV acceptor, done on 19-9-2003 under PHC, Vazhavatta about 5.30 pm. on 4-12-2003 Surya TV and India Vision and Print Media People accompanied us. Narayanan had gone to Meenangadi for some personnel work, hence we could interview only his wife.

Narayanan undergone NSV on 19-9-2003 at CHC, Meenangadi by Dr. A. G. Unnikrishnan. He developed a painful scrotal swelling for which he was seen again by Dr. A. G. Unnikrishnan and was admitted at Taluk Headquarters Hospital, Sultan Bathery for observation on 19-9-2003 at 4.45 p.m. on 20-9-2003 as his condition did not improve he was referred to near by Vinayaka Hospital for evacuation of a Scrotal Haematoma as the theatre at THQ Hospital, Sultan Bathery was not available due to Lapro Camp. Haematoma was evacuated and was readmitted to THQ Hospital, Sultan Bathery on 21-9-2003 and was given treatment till 27-9-2003. He was discharge on 27-9-2003 after curing his illness.

Narayanan is a manual labour and is attending his work for the last 2 weeks. There is no health problem as told by his wife Sindhu (24 Years, 10th Standard) to the enquiry team. He was having little weakness and giddiness for some time.

They have 3 children (2 male, 1 female) and they themselves have decided to undergo NSV to avoid further childbirth. As there is financial constraints and nobody to look after the children, they decided to undergo sterilisation. There was no compulsion for anybody (Her statement was taken in the presence of Electronic and Print Media People).

All the expenses incurred for the treatment of Narayanan was met by the Health Staff. Health Staff took responsibility to accompany with him to hospital, and stay at hospital. After discharge he was brought back home by the health staff. They are also doing regular follow-ups since then and there is no lapse on the part of Surgeon or Field Staff.

LIBRARY ARCHIVES Kerala Legislative Assembly

Block PHC Porunnannur—Medical Officer i/c Dr. Moidu:

Minilap:

Total cases	..	35
Tribes	..	24

Laproscopy:

Total cases	..	44
Tribes	..	36

NSV:

Total cases	..	11
Tribes	..	9

Medical Officer:

Medical Officer, Dr. Moidu said that there was no complication for any sterilisation procedure. There was no compulsion from Health Staff for sterilisation. A general direction from District Medical Officer to achieve the CNA target was given. Unlike other section of people, tribes do not have the knowledge or finance to undergo sterilisation procedures. Hence there is more demand for such free sterilisation camps for tribal section.

Team visited PHC Appapara, Begur and enquired for any compulsion. Nobody complained of any such pressure for District Medical Officer. Dr. Usman, NSV Surgeon was interviewed.

Team visited the Panaveli Adivasi Colony to see Meenakshi, 23 years (Kattunaykar) w/o Sasi (28 yrs.) who had undergone Laproscopy on 28-10-2003 at District Hospital, Manathawady. She is having 2 male children (twins) 2½ years old. Her elder child died at 3 years due to Gasstro Enteritis. She decided to undergo sterilization after taking a joint decision by her husband, father, mother and herself. She enquired about the camp 2 months prior to the camp; hence when the camp was announced, JPHN informed her about it, even though she was not encouraged to attened the

LIBRARY ARCHIVES Kerala Legislative Assembly

camp she was insisiting on attending the sterilization camp due to small children of same age. She underwent Laproscopy on 28-10-2003 of her on decision and her family and not having any complication till today. She started going for work after 2 weeks.

She was examined by the Physician in the team and found to have features of hyperthyroidism and advised medical consultation were issued and no complaints regarding any forcible sterilization for any quarter was received.

Complaints of one case of NSV complication was obtained and that was enquired. Enquiry report has already sent to the D.H.S.

Training of NSV was given to the doctors as per decision of SMO's Conference.

Taluk Headquarters Hospital, Sultan Bathery:

Team visited THQH, Sultan Battery and enquired about the treatment given to Mr. Narayanan and inspected the relevant record. Facts detected earlier were confirmed. Dr. A. G. Unnikrishnan, NSV Surgeon also interviewed.

Block PHC Polpully:

Minilap:

Laproscopy:

Total cases	..	67
Tribes	..	47

Non Scalpel Vasectomy:

Total cases	..	19
Tribes	..	13

Medical Officer i/c Dr. T. P. Mohanan

Medical Officer reported that a case of Haematoma occurred in a case of Non Scalpel Vasectomy (Camp on 13-10-2003). Mr. Soman 24 years was admitted to the District Hospital, Mannanthavady. Dr. Dinesh Babu Surgeon evacuated the Haematoma. He was sent home after his illness cured.

LIBRARY ARCHIVES Kerala Legislative Assembly

Explanation for tribes attending the camp is that unlike other people tribes have home delivery and not willing to stay in hospital. Other people have hospital delivery and will go after sterilisation once they complete their family. Whereas the tribes prefer Laproscopy and NSV as it does not require any hospital stay and they can go back to their work at the earliest. There was no compulsion for accepting sterilisation from any quarter.

Summery:

The team observed from the visit that there was no evidence to show compulsion from either Health Staff or Dist. Medical Officer from any quarter to undergo sterilisation. District Medical Officer has not issued any specific orders (Orders of Dist. Medical Officer attached).

During the Non Scalpel Vasectomy Camp conducted there were 2 case of Haematoma occurred which were attended promptly. They were admitted to Taluk Headquarters, Sultan Bathery and Dist. Hospital Mananthavady, respectively. Patient was given care and was discharged cured after treatment. Health Staff did necessary follow up. All the expenses incurred were met by the Health Dept.

Meenakshi underwent Laproscopy only by decision of herself and her family and not any compulsion.

During the District Medical Officer conference DMOH has only given the general direction to complete the respective CAN achievements.

As a part of UN-FPA-IPD programme 9 doctors were given NSV training (List attached).

As per direction in SMOs Conference Dist. Medical Officer ordered to give further training to 16 other doctors by the trained doctor as per Order No. B5/8050/03/DMO dtd. 7-7-2003 (Order attached).

Conclusion:

Wayanad District is having a population of 7,86,627 of which more than 30% is of tribal people. Only State Health Service is available and affordable to there people due to their financial constraints and illiteracy. So more tribal people were attracted to Health Services activities. As per

LIBRARY ARCHIVES Kerala Legislative Assembly

records of District Medical Officer of Health, Wayand total number of cases done up to 30-11-2003 is 4622 out of which tribes are about 985 (21.31%). There was no compulsion or temptation from any quarter on acceptors to undergo sterilisation. Lapro Sterilisation done on Meenakshi was due to demand from her, even after discouraged by the Health Staff. It is observed by the team that she was having the features of hypothyroidism, which she might have thought further pregnancy will deteriorate her health and ability to do work. It is also noted that several women in the same area, had gone to other States and underwent Laproscopic sterilisation.

Doctors were trained in NSV as part of UNFPA-IPD programme and as per the decision of Senior Medical Officer conference (list and orders attached).

Complication occurred in NSV acceptor is only 2 Haematoma cases, which is negligible as compared to the number of cases done (203 cases).

It is presumed that some group of Medical Officer are vehemently objecting the conduct of NSV and other National Programme which may adversely affect the interest of Government. The whole issue become sensitive due to the involvement of tribal population in the camps. Tribal were already a subject of interest for political mileage and media propaganda.

അനുബന്ധം I (എ)

[5-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം * 3 (153) ദയവായി കാണുക.]

(1) ദമ്പതികൾ പൂർണ്ണ ആരോഗ്യമുള്ളവരും, ഭാര്യയ്ക്ക് 22 വയസ്സ് പൂർത്തിയായവരും ആയിരിക്കണം.

(2) ദമ്പതികൾക്ക് ഏറ്റവും ചുരുങ്ങിയത് രണ്ട് കുട്ടികളെങ്കിലും ഉണ്ടായിരിക്കുകയും കുട്ടികൾ പൂർണ്ണ ആരോഗ്യമുള്ളവർ ആയിരിക്കുകയും വേണം.

(3) ദമ്പതികൾ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിന് പൂർണ്ണ സമ്മതമുള്ളവരും, അത്തരത്തിൽ പൂർണ്ണ സമ്മതമാണെന്ന സത്യപ്രസ്താവന ഒപ്പിട്ട് സമർപ്പിക്കേണ്ടുന്നതും, ഇത്തരത്തിൽ ഒപ്പിട്ട് സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ജീവനക്കാരും (ജെ.പി.എച്ച്.എൻ./ജെ.എച്ച്.ഐ. അവരുടെ സൂപ്പർവൈസറും, എൽ.എച്ച്.ഐ./എച്ച്. ഐ./എൽ.എച്ച്.എസ്./എച്ച്.എസ്.എച്ച്.എസ്./ഡി.പി.എച്ച്.എൻ./എം.സി.എച്ച്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (എ)—(തുടർച്ച)

ആഫീസർ) പി. എച്ച്.സി. ബ്ലോക്ക്, പി.എച്ച്.സി., സി.എച്ച്.സി. മെഡിക്കൽ ആഫീസർമാരും, സർജറി നടത്തുന്ന മെഡിക്കൽ ആഫീസർമാരും പരിശോധിച്ച് ബോധ്യപ്പെടുകയും, ദമ്പതികളുമായി സംസാരിച്ച് സത്യപ്രസ്താവനയിലെ കാര്യങ്ങൾ ശരിയാണെന്നും, ഇക്കാര്യത്തിൽ യാതൊരുവിധ പ്രലോഭനങ്ങളോ, നിർബന്ധമോ ഉണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

അനുബന്ധം I (ബി)

[5-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം *3 (153) ദയവായി കാണുക]

വയനാട് ജില്ലാ കലക്ടറുടെ 15-12-2003 തീയതിയിലെ എം6-31687/03 നമ്പർ കത്തിന്റെ ശരിപകർപ്പ്.

<u>വിഷയം</u>:—ആദിവാസി—വന്ധ്യംകരണ ശസ്ത്രക്രിയയെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—താങ്കളുടെ 4-12-2003-ലെ റിപ്പോർട്ട്.

വയനാട്ടിലെ ആദിവാസികളെ കൂട്ടമായി വന്ധ്യംകരണം നടത്തി എന്നും ശസ്ത്രക്രിയയെ തുടർന്ന് ആവശ്യമായ പരിചരണം ലഭിക്കാത്തതിനാൽ ദുരിതം അനുഭവിക്കുന്നവർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നില്ലാ എന്നും നിരന്തരം പരാതി ലഭിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഈ പരാതികളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതുവരെ ആദിവാസികൾക്കിടയിലുള്ള വന്ധ്യംകരണം താൽക്കാലികമായി നിർത്തി വെക്കേണ്ടതുമാണ്. കൂടാതെ ശസ്ത്രക്രിയയെ തുടർന്ന് അവശതയനുഭവിക്കുന്നവർക്ക് ആവശ്യമായ ചികിത്സാ സംവിധാനം ഏർപ്പെടുത്തി വിവരം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ താൽപ്പര്യപ്പെടുന്നു.

(ഒപ്പ്)

ഡെ. കളക്ടർ

(കളക്ടർക്കുവേണ്ടി)

ശരിപ്പകർപ്പ്

(ഒപ്പ്)

ജില്ലാ മെഡിക്കൽ ഓഫീസർ

(ആരോഗ്യം) വയനാട്.

ശരിപ്പകർപ്പ്

(Sd.)

District Medical Officer (Health)

Wayanad, Mananthavady.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 8(803) ദയവായി കാണുക]

31-12-2003 വരെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

നമ്പർ	വകുപ്പ്	തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം
(1)	(2)	(3)
1	കൃഷി ..	4949
2	മൃഗസംരക്ഷണം ..	1190
3	സഹകരണം ..	1801
4	സാംസ്കാരികകാര്യം ..	1106
5	ധനകാര്യം ..	4903
6	വനംവന്യജീവി ..	3715
7	മത്സ്യബന്ധന തുറമുഖം ..	1705
8	ഭക്ഷ്യ സിവിൽ സപ്ലൈസ് ..	958
9	പൊതുഭരണം ..	4945
10	പൊതുവിദ്യാഭ്യാസം ..	11566
11	ഉന്നത വിദ്യാഭ്യാസം ..	4972
12	ആഭ്യന്തരം ..	9264
13	ഭവന നിർമ്മാണം ..	591
14	ആരോഗ്യകുടുംബക്ഷേമം ..	8248
15	ജലസേചനം ..	7045
16	വ്യവസായം ..	4369
17	തൊഴിൽ ..	4371
18	നിയമം ..	2288
19	തദ്ദേശസ്വയംഭരണം ..	10667
20	ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് ..	929
21	ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔ.ഭാ.) വകുപ്പ് ..	35
22	ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് ..	638
23	ഊർജ്ജം ..	1663
24	പബ്ലിക് റിലേഷൻസ് ..	697
25	പൊതുമരാമത്ത് ..	3922

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

(1)	(2)		(3)
26	റവന്യൂ	..	9483
27	ഗ്രാമവികസനം	..	1257
28	പട്ടികജാതി/പട്ടികവർഗ്ഗ വികസനം	..	4013
29	ശാസ്ത്രസാങ്കേതിക പരിസ്ഥിതി	..	120
30	സാമൂഹ്യക്ഷേമം	..	1214
31	സ്റ്റോഴ്സ്പർച്ചേസ്	..	443
32	നികുതി	..	4594
33	ഗതാഗതം	..	2200
34	വിജിലൻസ്	..	1649
35	കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ	..	655
36	വിവരസാങ്കേതിക കാര്യം	..	428
37	പാർലമെന്ററികാര്യം	..	158
38	പ്രവാസികേരളീയകാര്യ വകുപ്പ്	..	855

അനുബന്ധം II (എ)

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 8 (803) ദയവായി കാണുക]

31-12-2003 വരെ വകുപ്പ് തലവൻമാരുടെ ഓഫീസുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

നമ്പർ	*വകുപ്പ്*		*തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം*
1	കൃഷി	..	15113
2	മൃഗസംരക്ഷണം	..	5580
3	ആർക്കൈവ്സ്	..	520
4	കെമിക്കൽ എക്സാമിനേഴ്സ്	..	84
5	ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	..	4511
6	കയർ വികസനം	..	4785
7	കോളേജ് വിദ്യാഭ്യാസം	..	5344
8	കമ്മീഷനറേറ്റ് ഓഫ് സിവിൽ സപ്ലൈസ്	..	3387
9	കമ്മീഷനറേറ്റ് ഓഫ് കൊമേഴ്സ്യൽ ടാക്സസ്	..	23137

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (എ)—(തുടർച്ച)

നമ്പർ	വകുപ്പ്		തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം
(1)	(2)		(3)
10	സഹകരണം	..	9410
11	സാംസ്കാരികം	..	255
12	ഡയറി വികസനം	..	1304
13	സർവെ ഡയറക്ടറേറ്റ്	..	3001
14	വിദ്യാഭ്യാസം	..	16903
15	എംപ്ലോയ്മെന്റ്	..	1642
16	ഫിഷറീസ്	..	6034
17	ഹാർബർ എഞ്ചിനീയറിംഗ്	..	1613
18	ആരോഗ്യം	..	25023
19	ഹോമിയോപ്പതി	..	2017
20	ഹിന്ദുമത ധർമ്മ സ്ഥാപനം (ഭരണം)	..	2473
21	ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ	..	3676
22	വ്യവസായ പരിശീലനം	..	3435
23	ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ (ആലപ്പുഴ)	..	21
24	ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ (കോഴിക്കോട്)	..	27
25	ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ (കൊല്ലം)	..	29
26	വ്യവസായ വാണിജ്യം	..	3927
27	ലേബർ	..	2635
28	ലേബർ കോടതി (കൊല്ലം)	..	32
29	ലാന്റ് ബോർഡ്	..	4981
30	ലീഗൽ മെട്രോളജി	..	1464
31	ലോക്കൽ ഫണ്ട് ഓഡിറ്റ്	..	792
32	മെഡിക്കൽ വിദ്യാഭ്യാസം	..	1973
33	മോട്ടോർ വാഹനം	..	3845
34	മ്യൂസിയംസ് ആന്റ് സൂസ്	..	604
35	തുറമുഖം	..	1057
36	പ്രിന്റിംഗ്	..	2391
37	പൊതുമരാമത്ത് (ഭരണം)	..	11615

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (എ)—(തുടർച്ച)

(1)	(2)		(3)
38	പൊതുമരാമത്ത് (നാഷണൽ ഹൈവേ)	..	1655
39	രജിസ്ട്രേഷൻ	..	2106
40	ഗ്രാമവികസനം	..	3705
41	സൈനികക്ഷേമം	..	295
42	പട്ടികജാതി വികസനം	..	9184
43	സാമൂഹ്യക്ഷേമം	..	4048
44	സ്പോർട്സും യുവജനകാര്യവും	..	339
45	പട്ടികവർഗ്ഗ വികസനം	..	6693
46	സ്റ്റേഷനറി	..	1931
47	ടൗൺ പ്ലാനിംഗ്	..	3752
48	ട്രഷറി	..	1152
49	നഗരകാര്യം	..	6148
50	ജലഗതാഗതം	..	1920

അനുബന്ധം IV

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 15 (813) ദയവായി കാണുക]

Sl. No.	*Name of Guest*	*Nationality*	*Purpose of Visit*
(1)	(2)	(3)	(4)
1	Mr. Jan Hoevenaars	Not Known	ADB Mission
2	Ms. Jok Muylwick	"	do.
3	Ms. Ellen Van Reesch	"	do.
4	H.E. Mr. Koch	"	do.
5	Ln. Kay K. Fukushima & his wife	"	In connection with Lions' Meeting at Kochi
6	Mr. S. M. Abdulla Al Hameli	UAE	Study Tour of NDC, Ministry of Defence, New Delhi
7	Col. Nordin Bin Rahok	Malaysia	do.
8	Col. M. S. Saleh	Nigeria	do.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

(1)	(2)	(3)	(4)
9	Brig. Gen. Thakur Subba	Nepal	Study Tour of NDC, Ministry of Defence, New Delhi
10	Most. Rev. Mr. Peter Steinaiker	The Anglican Bishop of Leister	In connection with a function at Hossana Mount Bharananganam
11	Mr. William Mc Carten	Not Known	ADB Mission
12	Dr. Edward Horton	USA	Official
13	Dr. Robert Rizza	USA	Official
14	Dr. Robert Campbell	USA	Official
15	Dr. David Powell	Ireland	Official
16	Mr. Dato, Seri S. Samy Vellu & His Spl. PS	Malaysia	Meeting with CM
17	Mr. Walter Stottmann	USA	Meeting with Govt. Officials
18	Mr. Klaus Gerhaeusser	Not Known	ADB
19	Ms. Asha Newsum	"	ADB
20	Mr. Louis de Jonghe	"	ADB
21	Mr. Joaquim Celestino Jr.	Brazil	Meeting with Govt. Officials
22	Mr. Manasses Claudino Fonteles	"	do.
23	Dr. Jair Do Amaral	"	do.
24	Mr. Ronaldo Brandao	"	do.
25	Mrs. Saroia Thomaz Dias Victor	"	do.
26	Mr. Ricardo Liebermann	"	do.
27	Dr. Frank J. Polmen	Not Known	ADB

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

(1)	(2)	(3)	(4)
28	Dr. Jan Paulson	USA	Visit sponsored by 7th Day Adventist Church Foundation
29	H.E. Prof Senake Bandaranayake	Sri Lanka	Official
30	Mr. Cees Roels	Not Known	ADB
31	Dato Azmi Khalid	Malaysia	Visit to Akshaya Project
32	Dr. Walter A. M. Kolma	Not Known	ADB
33	H.E. Mr. Dai Bingguo	China	State Visit
34	H.E. Mr. Hua Junduo	"	"
35	Mme. Fu ing	"	"
36	Mr. Cui Tiankai	"	"
37	Mr. Huang Xilian	"	"
38	Mr. Wang Lutong	"	"
39	Mr. Wang Jinfeng	"	"
40	Ms. Sun Ying	"	"
41	Most Rev. Pedro Lopez Quintana	Not Known	Vatican Ambassador to India
42	Mr. Gamini Lokuge (Minister, Tourism)	Sri Lanka	Official
43	Mr. Mohammed Ali Alabbar	UAE	GIM
44	H.H. Sheik Majid Saeed Rashid Al Noaimi	"	"
45	Dr. Carlos A. Magarinos (UNIDO Dir. Genl.)	Not Known	Official

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

(1)	(2)	(3)	(4)
46	Mr. Joaquim Alberto Chissano (President, Republic of Mozambique)	Mozambique	State Visit
47	Mr. Leonardo Q. Montemayor	Philippines	Official Visit
48	Mr. William McKapa	Tanzania	State Visit

അനുബന്ധം V

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 17 (815) ദയവായി കാണുക]

പട്ടിക

വാർഷിക പദ്ധതി 2003-2004—2004-2005 (രൂപ കോടി)

ക്രമ നമ്പർ	വികസന മേഖല	വാർഷിക പദ്ധതി 2003-2004			2004-2005
		വിഹിതം	ചെലവ്	ശതമാനം	വിഹിതം
(1)	(2)	(3)	(4)	(5)	(6)
I	കൃഷിയും അനുബന്ധ മേഖലകളും	189.53	167.76	89	195.8
II	ഗ്രാമ വികസനം	227.89	143.13	63	379.37
III	സഹകരണം	12.8	10.5	82	15
IV	ജലസേചനവും വെള്ളപ്പൊക്ക നിവാരണവും	128.08	156.63	122	142.95
V	ഊർജ്ജം	551.45	302.18	55	704
VI	വ്യവസായവും ധാതുക്കളും	210.88	249.2	118	284.34
VII	ഗതാഗതവും വാർത്താവിനിമയവും	371.63	435.24	117	359.99
VIII	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	31.88	31.04	97	50
IX	സാമൂഹ്യവും സാമൂഹ്യപരമായ സർവ്വീസുകളും	759.2	518.71	68	1022.34
X	സാമ്പത്തിക സർവ്വീസുകൾ	164.42	73.01	44	257.49
XI	പൊതു സർവ്വീസുകൾ	29.02	21.3	73	38.72
XII	തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ഗ്രാന്റ്	1119.45	1448.72	129	13.50
	ആകെ	3796.23	3557.42	94	4800.00

LIBRARY ARCHIVES Kerala Legislative Assembly